ജി. ചേടിയത്ത്

# സൈറസിലെ തിയഡൊറേറ്റ് സഭാചരിത്രം

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
2020

ജി. ചേടിയത്ത്

# സൈറസിലെ തിയഡൊറേറ്റ് സഭാചരിത്രം

**OIRSI NO. 453**

**പൗരസ്ത്യവിദ്യാപീഠം**
**കോട്ടയം**
**2020**

**G.Chediath, Cyrusile Theodoret, Sabhacharitram**
(The Ecclesiastical History of Theodoret of Cyrus)
A Publication of the Oriental Institute of Religious Studies, India
Paurastya Vidyapitham, Vadavathoor, Kottayam-686010
Kerala, India.

© G.Chediath, 2020

ISBN : 978-93-82762-78-2

Printing : Bethany Offset Printers, Kottayam - 686010
Ph: 0481-2571355
e-mail: bethanyktm@ gmail.com

Price : Rs. 150/-

# വിഷയവിവരം

## പുസ്തകം 1


| | | | |
|---|---|---|---|
| ആമുഖം | | | 13 |
| അധ്യായം | 1. | ആരിയനിസത്തിന്റെ ഉത്ഭവം | 14 |
| ,, | 2. | പ്രധാന സ്ഥലങ്ങളിലെ മെത്രാന്മാർ | 16 |
| ,, | 3. | അലക്സാണ്ഡറിന്റെ ലേഖനം | 16 |
| ,, | 4. | നിക്കോമേദിയായിലെ എവുസേബിയസിന് ആരിയസിന്റെ കത്ത് | 29 |
| ,, | 5. | പൗളീനൂസിന് നിക്കോമേദിയായിലെ എവുസേബിയസിന്റെ കത്ത് | 31 |
| ,, | 6. | നിഖ്യാസൂനഹദോസ് | 33 |
| ,, | 7. | ആരിയസിനുള്ള മറുപടി | 36 |
| ,, | 8. | മെലീഷ്യൻ ശീശ്മ | 39 |
| ,, | 9. | സഭകൾക്ക് കോൺസ്റ്റൻടൈന്റെ കത്ത് | 42 |
| ,, | 10. | ചക്രവർത്തി സഭകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നു | 45 |
| ,, | 11. | കേസറിയായിലെ സഭയ്ക്ക് എവുസേബിയസിന്റെ കത്ത് | 46 |
| ,, | 12. | ആരിയനിസത്തിന്റെ ഖണ്ഡനം | 50 |
| ,, | 13. | ആരിയസിന്റെ മരണം | 52 |
| ,, | 14. | ജറുസലേം ദൈവാലയനിർമാണത്തിന് കോൺസ്റ്റൻടൈന്റെ കത്ത് | 54 |
| ,, | 15. | ബൈബിൾ കോപ്പികൾക്കായി കോൺസ്റ്റൻടൈന്റെ കത്ത് | 55 |
| ,, | 16. | മക്കാറിയോസിന് കോൺസ്റ്റൻടൈന്റെ കത്ത് | 58 |
| ,, | 17. | രാജമാതാ ഹെലേനയും ദൈവാലയനിർമാണവും | 58 |
| ,, | 18. | നിക്കോമേദിയായിലെ എവുസേബിയസ് | 59 |
| ,, | 19. | എവുസേബിയസിനും തെയോഗ്നീസിനുമെതിരെയുള്ള കത്ത് | 60 |
| ,, | 20. | എവുസ്താത്യോസിന്റെ നാടുകടത്തൽ | 62 |
| ,, | 21. | അന്ത്യോക്യയിൽ ആരിയൻ മെത്രാന്മാർ | 64 |
| ,, | 22. | എത്യോപ്യരുടെ മാനസ്സാന്തരം | 64 |
| ,, | 23. | ഇബേരിയരുടെ മാനസ്സാന്തരം | 66 |
| ,, | 24. | പേർഷ്യൻ രാജാവിന് കോൺസ്റ്റൻടൈന്റെ കത്ത് | 67 |

,, 25. അത്തനാസ്യോസിനെതിരെയുള്ള ഗൂഢാലോചന 70
,, 26. അത്തനാസ്യോസിനെതിരെ മറ്റൊരു ഗൂഢാലോചന 71
,, 27. ടയർ സിനഡിന് കോൺസ്റ്റൻടൈന്റെ കത്ത് 72
,, 28. ടയർ സിനഡ് 73
,, 29. ജറുസലേമിലെ പള്ളികൂദാശ;
അത്തനാസ്യോസിന്റെ ഒന്നാം വിപ്രവാസം 75
,, 30. കോൺസ്റ്റൻടൈന്റെ വിൽപ്പത്രം 76
,, 31. കോൺസ്റ്റൻടൈനു വേണ്ടിയുള്ള ന്യായവാദം 77
,, 32. കോൺസ്റ്റൻടൈന്റെ മരണം 77

## പുസ്തകം 2

അധ്യായം 1. അത്തനാസ്യോസിന്റെ തിരിച്ചുവരവ് 78
,, 2. കോൺസ്റ്റാൻസ്യൂസിന്റെ വ്യതിചലനം 79
,, 3. അത്തനാസ്യോസിന്റെ രണ്ടാം വിപ്രവാസം 80
,, 4. കോൺസ്റ്റാന്റിനോപ്പിളിലെ പൗലോസ് 81
,, 5. മാസിഡോണിയസിന്റെ പാഷണ്ഡത 82
,, 6. സാർദിക്കാ സിനഡ് 83
,, 7. സ്റ്റീഫന്റെ ഗൂഢാലോചന 93
,, 8. സ്റ്റീഫൻ സ്ഥാനഭ്രഷ്ടനാക്കപ്പെടുന്നു 95
,, 9. അത്തനാസ്യോസിന്റെ രണ്ടാം തിരിച്ചുവരവ് 95
,, 10. അത്തനാസ്യോസിന്റെ മൂന്നാം നാടുകടത്തലും ഒളിച്ചോട്ടവും 96
,, 11. ജോർജിന്റെ ദുഷ്പ്രവൃത്തികൾ 98
,, 12. മിലാൻ സിനഡ് 100
,, 13. ലിബേരിയുസ് പാപ്പായും കോൺസ്റ്റാൻസ്യൂസും 102
,, 14. ലിബേരിയുസിന്റെ നാടുകടത്തൽ 106
,, 15. റിമിനി സിനഡ് 107
,, 16. നിക്കായിലെ അബദ്ധവിശ്വാസപ്രമാണം 111
,, 17. റിമിനി സിനഡിനെപ്പറ്റി ഡമാസൂസ് പാപ്പായുടെ കത്ത് 113

 www.malankaralibrary.com

,, 18. റിമിനി സിനഡിനെപ്പറ്റി അത്തനാസ്യോസിന്റെ കത്ത് 115
,, 19. ഫ്‌ളാവിയന്റെയും ദിയദോറിന്റെയും ധൈര്യം 117
,, 20. അൻസീറയിലെ ബേസിൽ, സെബസ്തയിലെ എവുസ്താത്യോസ് 119
,, 21. വലിയ ഭൂമികുലുക്കം 120
,, 22. സെലൂഷ്യൻ സിനഡ് 120
,, 23. മെത്രാന്മാർക്കെതിരെയുള്ള ദുരാരോപണം 121
,, 24. ഏസ്യൂസിനെതിരെയുള്ള സിനഡിക്കൽ ലേഖനം 125
,, 25. എവുണോമിയർ 127
,, 26. നിസിബിസിൽ പേർഷ്യൻ ഉപരോധം 129
,, 27. മെലേഷ്യസിനെതിരെ അന്ത്യോക്യൻ സിനഡ് 131
,, 28. സാമസോട്ടായിലെ എവുസേബിയസ് 133

## പുസ്തകം 3

അധ്യായം 1. വിശ്വാസത്യാഗിയായ ജൂലിയൻ ചക്രവർത്തി 135
,, 2. മെത്രാന്മാരുടെ തിരിച്ചുവരവ് 137
,, 3. പേഗൻസിന്റെ കടന്നാക്രമണം 138
,, 4. ക്രിസ്ത്യാനികൾക്കെതിരെ ജൂലിയന്റെ നിയമങ്ങൾ 141
,, 5. അത്തനാസ്യോസിന്റെ നാലാം വിപ്രവാസം 141
,, 6. വി.ബാബിലാസും ഡഫ്നെയിലെ വിഗ്രഹാലയവും 142
,, 7. വിശ്വാസ സാക്ഷിയായ തിയഡോർ 143
,, 8. വിശുദ്ധ പാത്രങ്ങൾ കണ്ടുകെട്ടൽ 144
,, 9. ജൂലിയാനൂസിന്റെയും ഫേലിക്സിന്റെയും ദുരന്തം 145
,, 10. ഒരു പേഗൻ പുരോഹിതന്റെ പുത്രൻ 145
,, 11. യുവെന്തീനൂസും മാക്സിമീനൂസും 147
,, 12. വലന്റീനിയൻ ചക്രവർത്തി 148
,, 13. വിശ്വാസ സാക്ഷികൾ 149
,, 14. അർതേമിയുസും പുബ്ലിയായും 150
,, 15. യഹൂദരുടെ ദൈവാലയനിർമാണം 152

,, 16. ജൂലിയന്റെ പേർഷ്യൻ ആക്രമണം 153
,, 17. ബേറോയാക്കാരന്റെ ധൈര്യം 154
,, 18. ഒരു സാധാരണക്കാരന്റെ പ്രവചനം 155
,, 19. ജൂലിയാനൂസ് സാബായുടെ പ്രവചനം 155
,, 20. പേർഷ്യയിൽ ജൂലിയൻ ചക്രവർത്തിയുടെ മരണം 156
,, 21. കാറെയിലെ മന്ത്രവാദം 157
,, 22. അന്ത്യോക്യൻ ജനതയുടെ സന്തോഷം 158

## പുസ്തകം 4

അധ്യായം 1. ജോവിയൻ ചക്രവർത്തി 159
,, 2. അത്തനാസ്യോസിന്റെ തിരിച്ചുവരവ് 160
,, 3. ജോവിയന് അത്തനാസ്യോസിന്റെ കത്ത് 161
,, 4. ജോവിയന്റെ മരണം 163
,, 5. ചക്രവർത്തിമാരായ വലന്റീനിയനും വാലൻസും 164
,, 6. അംബ്രോസിന്റെ തെരഞ്ഞെടുപ്പ് 165
,, 7. സമസത്ത സംബന്ധിച്ച് വലന്റീനിയന്റെ കത്ത് 166
,, 8. ഇല്ലീറിയാ സിനഡിന്റെ കത്ത് 169
,, 9. ഔദിയാന്യരുടെ പാഷണ്ഡത 171
,, 10. മെസ്സാലിയൻ പാഷണ്ഡത 172
,, 11. തെറ്റിൽ നിപതിച്ച വാലൻസ് ചക്രവർത്തി 174
,, 12. മെത്രാന്മാരെ വാലൻസ് നാടുകടത്തുന്നു 174
,, 13. സാമസോട്ടായിലെ എവുസേബിയസ് 175
,, 14. എഡേസ്സായിലെ വി.ബാർസെസ് 178
,, 15. എഡേസ്സായിലെ മതപീഡനം 178
,, 16. കേസറിയായിലെ ബേസിൽ 181
,, 17. അത്തനാസ്യോസിന്റെ മരണം 184
,, 18. ആരിയൻ മെത്രാൻ ലൂഷ്യസ് 184
,, 19. പീറ്ററിന്റെ കത്ത് 186

,, 20. സാരസ്സൻ രാജ്ഞി മാവിയാ 194
,, 21. കോൺസ്റ്റാന്റിനോപ്പിളിലെ അതിക്രമങ്ങൾ 195
,, 22. ഫ്ളാവിയനും ദിയദോറും 196
,, 23. അഫ്രാത് 197
,, 24. താപസ്സനായ ജൂലിയാനൂസ് 198
,, 25. മറ്റു താപസ്സശ്രേഷ്ഠർ 199
,, 26. മാർ അപ്രേമും ദിദീമൂസും 200
,, 27. ആസിയായിലെയും പോന്തുസിലെയും മെത്രാന്മാർ 200
,, 28. വാലൻസിന്റെ എടുത്തുചാട്ടം 201
,, 29. തെരെൻസ്യൂസിന്റെ ഭക്തി 201
,, 30. ത്രിയാനൂസിന്റെ ധൈര്യം 202
,, 31. ഇസഹാക്കും ബ്രെന്താനിയോയും 202
,, 32. വാലൻസ് ചക്രവർത്തിയുടെ ദുരന്തം 203
,, 33. ഗോത്യർ ആരിയന്മാരാകുന്നു. 204


## പുസ്തകം 5


അധ്യായം 1. ഗ്രേഷ്യൻ ചക്രവർത്തി 205
,, 2. മെത്രാന്മാരുടെ തിരിച്ചുവരവ് 205
,, 3. അന്ത്യോക്യയിലെ വിഭാഗീയത 206
,, 4. സാമസോട്ടായിലെ എവുസേബിയസ് 208
,, 5. തിയഡോഷ്യസിന്റെ പടയോട്ടം 210
,, 6. തിയഡോഷ്യസിന്റെ ഭരണം 210
,, 7. ആരിയൻ നേതാക്കന്മാർ 211
,, 8. കോൺസ്റ്റാന്റിനോപ്പിൾ സിനഡ് 212
,, 9. കോൺസ്റ്റാന്റിനോപ്പിൾ സിനഡിന്റെ കത്ത് 213
,, 10. ഡമാസൂസിന്റെ സിനഡിക്കൽ ലേഖനം 218
,, 11. ഡമാസൂസ് പൗളീനൂസിനയച്ച കത്ത് 219
,, 12. ഗ്രേഷ്യന്റെ മരണം 222


www.malankaralibrary.com

,, 13. ജൂസ്തീനാ രാജ്ഞിയും അംബ്രോസും 222
,, 14. മാക്സിമൂസിന്റെ കടന്നാക്രമണം;വലന്റീനിയന്റെ ഒളിച്ചോട്ടം 223
,, 15. തിയഡോഷ്യസിന്റെ കത്ത് 223
,, 16. ഇക്കോണിയത്തിലെ ആംഫിലോക്കിയുസ് 224
,, 17. തെസ്സലോനിക്യയിലെ കൂട്ടക്കൊല 225
,, 18. ഫ്ളാച്ചില്ലാ രാജ്ഞി 230
,, 19. അന്ത്യോക്യയിലെ ലഹള 231
,, 20. വിഗ്രഹാലയങ്ങൾ തകർക്കൽ 232
,, 21. അപ്പമെയായിലെ മർസെല്ലുസ് 233
,, 22. അലക്സാണ്ഡ്രിയായിലെ തെയോഫിലസ് 235
,, 23. അന്ത്യോക്യയിലെ ഫ്ളാവിയൻ 236
,, 24. എവുജേനിയുസിന്റെ മേൽ തിയഡോഷ്യസിന്റെ വിജയം 238
,, 25. തിയഡോഷ്യസ് ചക്രവർത്തിയുടെ മരണം 240
,, 26. ഹൊണോറിയൂസ് ചക്രവർത്തിയും തെലെമാക്കുസും 240
,, 27. അർക്കേഡിയൂസ് ചക്രവർത്തിയുടെ ഭക്തി 241
,, 28. ജോൺ ക്രിസൊസ്തോമിന്റെ നടപടികൾ 241
,, 29. ഫിനീഷ്യയിലെ വിഗ്രഹങ്ങൾ 242
,, 30. ഷിത്യരുടെ പള്ളി 242
,, 31. ഡാന്യൂബ് തീരത്തെ ഷിത്യർ 242
,, 32. ഗയ്നാസും ജോൺ ക്രിസൊസ്തോമും 243
,, 33. ദൗത്യവാഹകനായ ജോൺ ക്രിസൊസ്തോം 244
,, 34. ജോണിനെതിരെയുള്ള നീക്കങ്ങളും അനന്തരഫലങ്ങളും 245
,, 35. അന്ത്യോക്യയിലെ അലക്സാണ്ഡർ 247
,, 36. ജോണിന്റെ തിരുശേഷിപ്പ് കോൺസ്റ്റാന്റിനോപ്പിളിൽ 247
,, 37. പ്രധാന നഗരങ്ങളിലെ മെത്രാന്മാർ 250
,, 38. പേർഷ്യയിലെ മതമർദനം 250
,, 39. മൊപ്സുവെസ്ത്യായിലെ തിയഡോർ 253
അവലോകനം 254

# ആമുഖം

കേസറിയായിലെ എവുസേബിയസിന്റെ തിരുസഭാചരിത്രത്തിന്റെ തുടർച്ചയായി സൈറസ് രൂപതയിലെ മെത്രാനായിരുന്ന മാർ തിയഡൊറേറ്റ് (423-466) ഒരു സഭാചരിത്രമെഴുതി. സൊക്രാട്ടസ്, സൊസോമെൻ, തിയഡൊറേറ്റ് എന്നിങ്ങനെ മൂന്നുപേരാണ് എവുസേബിയസിന്റെ തിരുസഭാചരിത്രത്തിന് തുടർച്ച എഴുതിയിട്ടുള്ളത്. ഈ മൂന്നു പേരിൽ ഏറ്റവും കൂടുതൽ രേഖകൾ ഉദ്ധരിച്ചിട്ടുള്ളത് തിയഡൊറേറ്റാണ്. സൊക്രാട്ടസും സൊസോമെനും അൽമായരും കോൺസ്റ്റാന്റിനോപ്പിളിലെ അഭിഭാഷകരുമായിരുന്നു. സൊക്രാട്ടസ് ഏഴു പുസ്തകങ്ങളിലായും സൊസോമെൻ ഒൻപത് പുസ്തകങ്ങളിലായുമാണ് ചരിത്രം എഴുതിയത്. എവുസേബിയസിന്റെയും അവരിരുവരുടെയും തിരുസഭാചരിത്രം ഇതിനോടകം മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാഗ്യവാനായ തിയഡൊറേറ്റ് 323 മുതൽ 428 വരെയുള്ള 105 വർഷത്തെ ചരിത്രം അഞ്ചു പുസ്തകങ്ങളിലായി നൽകുന്നു.

ഒന്നാം പുസ്തകം കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെയും (323-337), രണ്ടാം പുസ്തകം കോൺസ്റ്റൻടൈന്റെ മക്കളായ കോൺസ്റ്റൻടൈൻ രണ്ടാമൻ (337-340), കോൺസ്റ്റൻസ്(337-350), കോൺസ്റ്റാൻസ്യൂസ്(337-360) എന്നിവരുടെയും, മൂന്നാം പുസ്തകം വിശ്വാസത്യാഗിയായ ജൂലിയന്റെയും (361-363), നാലാം പുസ്തകം ജോവിയൻ (363-364), വലന്റീനിയൻ (364-375), വാലൻസ്(364-378) എന്നിവരുടെയും, അഞ്ചാം പുസ്തകം ഗ്രേഷ്യൻ (384), വലന്റീനിയൻ രണ്ടാമൻ (375-393), തിയഡോഷ്യസ്(379-395), അർക്കേഡിയുസ് (395-408), ഹൊണോറിയുസ് (395-423), തിയഡോഷ്യസ് രണ്ടാമൻ (408-450) എന്നിവരുടെയും കാലത്തെ സഭാചരിത്രം വിവരിക്കുന്നു.

എന്റെ പ്രിയസഹോദരൻ ചേടിയത്ത് തോമസ് (ഓ.ഐ.സി.) അച്ചന്റെ പൗരോഹിത്യ രജതജൂബിലി സ്മാരകമായി (2020 ഡിസംബർ 28) ഈഗ്രന്ഥം സസന്തോഷം സമർപ്പിച്ചുകൊള്ളുന്നു.

ഇത് പൗരസ്ത്യവിദ്യാപീഠം പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയ ബഹു.ഡോ. പോൾ മണിയാട്ടച്ചനോടും സഹപ്രവർത്തകരോടും നന്ദി രേഖപ്പെടുത്തട്ടെ. ഈ ഗ്രന്ഥം ഭംഗിയായി അച്ചടിച്ച ബഥനിപ്രസ്സിലെ അധികാരികൾക്ക് കൃതജ്ഞതയുടെ കൂപ്പുകൈ.

ചേടിയത്ത് ഗീവർഗീസ് മൽപ്പാൻ

സെന്റ് തോമസ് മൈനർ സെമിനാരി,
ആറ്ററികം, മുള്ളനിക്കാട്, ഓമല്ലൂർ,
പത്തനംതിട്ട. 689647.

Lovingly dedicated
to
my dear mother Saramma Daniel
on the occasion of her 95th Birth Day
on 15th june 2020.

# പുസ്തകം-1

## ആമുഖം

കലാകാരന്മാർ പലകകളിലോ ഭിത്തികളിലോ ചരിത്രസംഭവങ്ങൾ പെയിന്റു ചെയ്യുമ്പോൾ, അവ നയനാന്ദകരമാണ്. ഒപ്പം കഴിഞ്ഞകാല സംഭവങ്ങളുടെ ഓർമ്മ അനേകവർഷങ്ങൾ സജീവമായി നിലനിർത്തുകയും ചെയ്യുന്നു. ചരിത്രകാരന്മാർ പലകകൾക്കു പകരം ഗ്രന്ഥരചന നടത്തുന്നു. നല്ല വിവരണത്തിലൂടെ നിറം പകരുന്നു. അങ്ങനെ കഴിഞ്ഞകാല സംഭവങ്ങളുടെ ഓർമ്മ കൂടുതൽ ശക്തമായും സ്ഥിരമായും സജീവമാക്കുന്നു. പെയിന്ററുടെ പണി കാലപ്പഴക്കത്തിൽ നശിച്ചുപോകുന്നു. ഇക്കാരണത്താൽ, വിട്ടുപോയ സഭാചരിത്രസംഭവങ്ങൾ രേഖപ്പെടുത്താൻ ഞാനും ഉദ്യമിക്കുന്നു. ശ്രേഷ്ഠകർമ്മങ്ങളുടെയും പ്രയോജനപ്രദചരിത്രങ്ങളുടെയും അർഹിക്കുന്ന പ്രശസ്തിയെ മറവി അപഹരിക്കാൻ ഇടയുള്ളതിനാൽ, അവ കടത്തി വിടുന്നത് ശരിയല്ലെന്നു കരുതുന്നു.

ഈ ദൗത്യം ഏറ്റെടുക്കാൻ സുഹൃത്തുക്കൾ കൂടെക്കൂടെ എന്നെ നിർബന്ധിക്കുകയും ചെയ്യുന്നു. എന്റെ കഴിവുകളും ഇതിന്റെ മഹനീയതയും താരതമ്യപ്പെടുത്തുമ്പോൾ, ഇതേറ്റെടുക്കുന്നതിൽ ഞാൻ വിമുഖത കാട്ടി. എന്നാൽ എല്ലാ നന്മകളുടെയും ദാതാവിന്റെ സമൃദ്ധിയിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് എന്റെ കഴിവിനതീതമായ ഈ ദൗത്യം ഞാൻ ഏറ്റെടുക്കുന്നു.

ശ്ലൈഹിക കാലം മുതൽ ദൈവസ്നേഹിതനായ കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ ഭരണകാലം വരെയുള്ള ചരിത്രം കേസറിയായിലെ എവുസേബിയസ് എഴുതിയിട്ടുണ്ട്. അദ്ദേഹം അവസാനിപ്പിച്ചിടത്ത് ഞാൻ തുടങ്ങുന്നു (323).

## അധ്യായം 1

# ആരിയനിസത്തിന്റെ ഉത്ഭവം

ദുഷ്ടരും അഭക്തരുമായ മാക്സെൻസ്യൂസ്, മാക്സിമിനുസ്, ലിചീനിയുസ് എന്നിവരെ പരാജയപ്പെടുത്തിയ ശേഷം, ചുഴലിക്കാറ്റുപോലെ ഈ നശീകരണ കർത്താക്കൾ ഇളക്കിവിട്ട ക്ഷോഭം അടങ്ങിയപ്പോൾ, ചുഴലിക്കാറ്റുകൾ നിയന്ത്രണവിധേയമായപ്പോൾ, അക്കാലം മുതൽ സഭ ശാന്തത അനുഭവിക്കാൻ തുടങ്ങി. എല്ലാ സ്തുതികൾക്കും അർഹനായ കോൺസ്റ്റന്റൈനാണ് ഇത് നടപ്പാക്കിയത്. ശ്ലീഹന്മാരെ നമ്മുടെ കർത്താവ് വിളിച്ചതുപോലെ, മനുഷ്യരാലല്ല ഉന്നതത്തിൽ നിന്നാണ് അദ്ദേഹത്തിന് വിളിയുണ്ടായത്.

വിഗ്രഹങ്ങൾക്ക് ബലിയർപ്പിക്കുന്നത് നിരോധിച്ചുകൊണ്ട് അദ്ദേഹം നിയമനിർമാണം നടത്തി. പള്ളികൾ പണിയാൻ കൽപ്പനയിറക്കി. ക്രിസ്ത്യാനികളെ പ്രോവിൻസുകളിൽ ഗവർണർമാരായി നിയമിച്ചു. വൈദികരെ ബഹുമാനിക്കാൻ കൽപ്പിച്ചു. അവരെ അപമാനിക്കാൻ മുതിർന്നവർക്ക് മരണശിക്ഷ ലഭിക്കുമെന്ന് ഭീഷണിപ്പെടുത്തി. തകർക്കപ്പെട്ട പള്ളികൾ ചിലർ പുനരുദ്ധരിച്ചു. മറ്റുചിലർ കൂടുതൽ വിശാലവും മനോഹരവുമായ പുതിയ പള്ളികൾ നിർമിച്ചു. ഇതു നമ്മെ ആനന്ദതുന്ദിലരാക്കി, എന്നാൽ നമ്മുടെ ശത്രുക്കളെ നിരാശരും ദുഃഖിതരുമാക്കി. അദ്ദേഹം വിഗ്രഹാലയങ്ങൾ അടച്ചുപൂട്ടി. സഭകളിൽ കൂടെക്കൂടെ സഭായോഗം കൂടുകയും പെരുന്നാളാഘോഷങ്ങൾ നടക്കുകയും ചെയ്തു.

എന്നാൽ അസൂയയും ദുഷ്ടതയും നിറഞ്ഞവനും മനുഷ്യകുലത്തിന്റെ ശത്രുവുമായ പിശാച്, സഭ അനുകൂലകാറ്റിനാൽ മുന്നോട്ട് നീങ്ങുന്നതുകണ്ട്, പ്രപഞ്ചകർത്താവും സ്രഷ്ടാവുമായവൻ നിയന്ത്രിക്കുന്ന കപ്പലിനെ മുക്കിക്കളയാൻ അതീവതൽപ്പരനായി ദുരാലോചനാപദ്ധതികൾ ആസൂത്രണം ചെയ്തു. ഗ്രീക്കുകാരുടെ തെറ്റ് വെളിവാക്കപ്പെട്ടെന്നും പിശാചുക്കളുടെ ചെപ്പടിവിദ്യകൾ കണ്ടുപിടിക്കപ്പെട്ടെന്നും ഇന്നുവരെ സൃഷ്ടികളെ ആരാധിച്ചുകൊണ്ടിരുന്ന വളരെയധികം മനുഷ്യർ സ്രഷ്ടാവിനെ ആരാധിക്കുന്നെന്നും കണ്ടപ്പോൾ, അവൻ നമ്മുടെ ദൈവവും രക്ഷകനുമായവനെതിരെ നേരിട്ട് പോരാട്ടത്തിന് തുനിഞ്ഞില്ല. പിന്നെയോ, ക്രിസ്തീയനാമത്താൽ ബഹുമാനിതരായ ചിലർ വ്യർഥാഭിമാനത്തിനും അതിമോഹത്തിനും വിധേയരാണെന്ന് മനസ്സിലാക്കി, അവരെ തന്റെ പദ്ധതികൾക്കു പറ്റിയ ഉപകരണങ്ങളാക്കി. അവരിലൂടെ മറ്റുള്ളവരെ പഴയ തെറ്റിലേക്ക് വലിച്ചിഴച്ചു. മുൻകാലത്തെപ്പോലെ സൃഷ്ടികളെ ആരാധിക്കുന്ന രീതിയല്ല, പിന്നെയോ,

സ്രഷ്ടാവും എല്ലാറ്റിന്റെയും നിർമാതാവുമായവനെ സൃഷ്ടിയുടെ തലത്തിലേക്ക് വലിച്ചുതാഴ്ത്തി കൊണ്ടുവന്നാണ് അവൻ തന്റെ ദുഷ്ടപദ്ധതി നടപ്പാക്കാൻ മുതിർന്നത്. അവൻ ഈ കള എവിടെ എപ്രകാരം വിതച്ചെന്ന് ഞാനിപ്പോൾ തുടർന്നു വിവരിക്കാം.

അലക്സാണ്ഡ്രിയാ വളരെ വിസ്തൃതവും ജനനിബിഡവുമായ നഗരമാണ്. ഈജിപ്ത്, സമീപപ്രദേശങ്ങൾ, തേബായ്ഡ്, ലിബിയാ എന്നിവയുടെയെല്ലാം നേതൃത്വം അതിനാണ്. മേൽപ്പറഞ്ഞ അഭക്ത സ്വേച്ഛാധിപതികളുടെ കാലത്ത് വിശ്വാസത്തിന്റെ വിജയശ്രീലാളിത നേതാവും രക്തസാക്ഷിമകുടം ചൂടിയവനുമായ പീറ്ററിനുശേഷം (311), അക്കില്ലെസ് അലക്സാണ്ഡ്രിയൻ സഭയെ വളരെ കുറച്ചുകാലം ഭരിച്ചു. അതിനുശേഷം അവിടെ അലക്സാണ്ഡർ സഭാധ്യക്ഷനായി. സുവിശേഷ പ്രബോധനങ്ങളുടെ ശ്രേഷ്ഠസംരക്ഷകനായി അദ്ദേഹം തെളിയിക്കപ്പെട്ടു. അലക്സാണ്ഡർ മെത്രാനായപ്പോൾ, വൈദികഗണത്തിൽ പേരെഴുതപ്പെടുകയും സുവിശേഷ വ്യാഖ്യാനത്തിന് നിയോഗിക്കപ്പെടുകയും ചെയ്ത ആരിയസ് അസൂയാകലുഷിതനായി. ഈ വികാരാവേശത്തിൽ തർക്കത്തിനും ചർച്ചയ്ക്കും ആരിയസ് മുതിർന്നു. അലക്സാണ്ഡർ കറ തീർന്ന വ്യക്തിത്വത്തിന്റെ ഉടമ ആയിരുന്നതിനാൽ, അദ്ദേഹത്തിനെതിരെ ആരോപണം ഉന്നയിക്കാൻ കാരണം കണ്ടില്ലെങ്കിലും, അസൂയ ആരിയസിനെ ശാന്തനാകാൻ അനുവദിച്ചില്ല. സത്യത്തിന്റെ ശത്രു അയാളിൽ ഒരുപകരണത്തെ കണ്ടെത്തി. സഭയിൽ കുത്തിത്തിരിപ്പുണ്ടാക്കി അലക്സാണ്ഡറിന്റെ സത്യപ്രബോധനത്തെ എതിർക്കാൻ ശത്രു അയാളെ പ്രേരിപ്പിച്ചു.

പുത്രന് പിതാവിന്റെ അതേ ഔന്നത്യമാണെന്നും തന്നെ ജനിപ്പിച്ചവന്റെ അതേ സത്തയാണെന്നും തിരുലിഖിതാനുസൃതം പാത്രിയർക്കീസ് പഠിപ്പിച്ചപ്പോൾ, ഈ സത്യത്തിന് കടകവിരുദ്ധമായി, ദൈവപുത്രൻ വെറുമൊരു സൃഷ്ടിയാണെന്നും സൃഷ്ടിക്കപ്പെട്ട വസ്തുവാണെന്നും പറയുകയും, അവൻ ഇല്ലാതിരുന്ന സമയം ഉണ്ടായിരുന്നെന്ന കുപ്രസിദ്ധ പ്രസ്താവന നടത്തുകയും അതുപോലെയുള്ള മറ്റഭിപ്രായങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു. അവ അയാളുടെ കൃതികളിൽനിന്ന് ഗ്രഹിക്കാവുന്നതാണ്. അയാൾ തന്റെ തെറ്റായ തത്വങ്ങൾ പള്ളികളിലും പൊതുമീറ്റിംഗുകളിലും യോഗങ്ങളിലും ഒക്കെ പരസ്യമായി തുറന്നടിച്ചിരുന്നു. മനുഷ്യരെ തന്റെ തെറ്റിന്റെ അടിമകളാക്കാൻ അയാൾ ഭവനങ്ങൾതോറും കയറിയിറങ്ങിയുമിരുന്നു.

ശ്ലൈഹിക പ്രബോധനത്തോട് പറ്റിച്ചേർന്നു നിന്ന അലക്സാണ്ഡർ, ഉപദേശം കൊണ്ട് അയാളെ പിന്തിരിപ്പിക്കാൻ ആദ്യമാദ്യം ശ്രമിച്ചു. എന്നാൽ അയാൾ വട്ടുപിടിച്ച തന്റെ അഭക്തി പരസ്യമായി പ്രചരിപ്പിക്കുന്നെന്നു കണ്ട്, അദ്ദേഹം അയാളെ വൈദികഗണത്തിൽ നിന്ന് പുറന്തള്ളി. “നിന്റെ വലത്തു കണ്ണ് നിനക്ക് ഇടർച്ച വരുത്തുന്നെങ്കിൽ, അത് നിന്നിൽ നിന്ന് വെട്ടിയെടുത്ത് എറിഞ്ഞുകളയുക” എന്ന ദൈവികനിയമം ഉച്ചത്തിൽ പ്രഘോഷിക്കുന്നത് അദ്ദേഹം ശ്രവിച്ചു.

### അധ്യായം 2

## പ്രധാന സ്ഥലങ്ങളിലെ മെത്രാന്മാർ

ഇക്കാലത്ത് റോമിൽ സിൽവെസ്റ്റർ ഭരിച്ചു. അതിനുമുമ്പ് മിൽത്തിയാദെസും അതിനുമുമ്പ്, മതപീഡനത്തിൽ വളരെ വീരോചിതമായി പെരുമാറിയ മർസെല്ലീനുസും ഭരിച്ചു. അന്ത്യോക്യയിൽ തിറാനൂസിന്റെ മരണശേഷം സഭകളിൽ സമാധാനം പുനഃസ്ഥാപിക്കാൻ തുടങ്ങിയപ്പോൾ, വിതാലിസ് മെത്രാനായി. സ്വേച്ഛാധിപതികൾ തകർത്ത പഴയ (പലെയ) നഗരഭാഗത്തുള്ള പള്ളികൾ അദ്ദേഹം നവീകരിച്ചു. പിന്നെ, ഫിലൊഗോണിയുസ് പിൻഗാമിയായി. അദ്ദേഹം നവീകരണജോലികളെല്ലാം പൂർത്തിയാക്കി. ലിചീനിയൂസിന്റെ കാലത്ത് അദ്ദേഹം സുശക്തമായ മതതീക്ഷ്ണത കാട്ടി. ജറുസലേമിൽ ഹെർമോനുശേഷം പേരുപോലെ പെരുമാറ്റം ഉണ്ടായിരുന്നവനും സുകൃത സമ്പന്നനുമായ മക്കാറിയോസ് മെത്രാനായി. ഇക്കാലത്ത് കോൺസ്റ്റാന്റിനോപ്പിൾ സഭയിൽ, ശ്ലൈഹിക സുകൃതങ്ങളിൽ ശ്രേഷ്ഠനായിരുന്ന അലക്സാണ്ഡർ മെത്രാനായിരുന്നു.

അധികാരക്കൊതിയനായ ആരിയസ് തന്റെ ദൈവദൂഷണപരമായ തത്വങ്ങൾക്ക് അടിമപ്പെട്ടവരെ രഹസ്യമായി ഒന്നിച്ചു കൂട്ടുന്നെന്നു കണ്ട്, ഈ കാലത്ത് അലക്സാണ്ഡ്രിയൻ മെത്രാൻ അലക്സാണ്ഡർ പ്രധാന സ്ഥലങ്ങളിലെ മെത്രാന്മാരെ ഇക്കാര്യം കത്തുമൂലം അറിയിച്ചു. എന്റെ ചരിത്രത്തിന്റെ വാസ്തവികതയെപ്പറ്റി സംശയിക്കാതിരിക്കാൻ എന്റെ വിവരണത്തിൽ അലക്സാണ്ഡർക്ക് അദ്ദേഹം എഴുതിയ മേൽപ്പറഞ്ഞ കത്ത് ചേർക്കുന്നു. ഞാൻ പറഞ്ഞവയുടെ നിജസ്ഥിതി അത് വ്യക്തമാക്കുന്നു. അതുപോലെ ആരിയസിന്റെ കത്തും, വിവരണപൂർണതയ്ക്ക് അവശ്യാവശ്യമായ മറ്റു കത്തുകളും ഞാൻ ചേർക്കുന്നതാണ്. അവ എന്റെ കൃതിയുടെ സത്യാവസ്ഥയ്ക്ക് സാക്ഷ്യം നൽകുന്നതാണ്. നടന്ന സംഗതികൾ അവ വ്യക്തമാക്കും. താഴെപ്പറയുന്ന കത്ത് അലക്സാണ്ഡ്രിയായിലെ അലക്സാണ്ഡർ, കോൺസ്റ്റാന്റിനോപ്പിളിലെ അലക്സാണ്ഡറിന് എഴുതിയതാണ്.

### അധ്യായം 3

## അലക്സാണ്ഡറിന്റെ ലേഖനം

“അതിബഹുമാന്യനും ഓരേ അഭിപ്രായഗതിയുള്ളവനുമായ സഹോദരൻ അലക്സാണ്ഡറിന്, അലക്സാൺഡർ കർത്താവിൽ ആശംസകൾ അയക്കുന്നു.

അത്യാഗ്രഹവും ദ്രവ്യാഗ്രഹവും മൂലം ദുഷ്ടമാനസ്സരായ മനുഷ്യർ

ഏറ്റവും പ്രധാനപ്പെട്ട രൂപതകളുടെ പുരോഗതിക്കെതിരെ നിരന്തരം ഗൂഢാലോചന നടത്തുകയും പലവിധ മുട്ടാത്തർക്കങ്ങൾ പറഞ്ഞ് വിശ്വാസത്തെ കടന്നാക്രമിക്കുകയും ചെയ്യുന്നു. അവരിൽ പ്രവർത്തിക്കുന്ന പിശാചിനാൽ പ്രേരിതരായി അവർ തങ്ങളുടെ ഹിതാനുസൃതം ഭക്തിരഹിതമായി ദൈവത്തിന്റെ ന്യായവിധിയെ കാൽക്കീഴിൽ ചവിട്ടി മെതിക്കുന്നു. അവരിൽ നിന്ന് ഞാൻ തന്നെ ക്ലേശം അനുഭവിച്ചു കൊണ്ടിരിക്കയാണ്. അവരോ അവരിൽ പെട്ടവരോ അങ്ങയുടെ രൂപതയിൽ കടക്കുകയോ, തെറ്റായ കത്തുകൾ പ്രചരിപ്പിക്കുകയോ ചെയ്യാതിരിക്കാൻ, അങ്ങയെ ഇക്കാര്യം അറിയിക്കേണ്ടത് ആവശ്യമാണെന്ന് എനിക്കു തോന്നി. അവരെപ്പറ്റി കരുതൽ ഉണ്ടായിരിക്കണം. അവർ വഞ്ചനയ്ക്ക് വിധേയരാണ്. ഋജുവും കളങ്കരഹിതവുമായ വിശ്വാസം പുലർത്തുന്നവരെ ചതിക്കാൻ ഉന്നം വച്ചുള്ളവയാണ് അവരുടെ കത്തുകൾ.

ഈയടുത്തിട ആരിയസും അക്കില്ലെസും ഒരു ഗൂഢാലോചന നടത്തി. കൊള്ളൂത്തുസിനെ പ്രകീർത്തിച്ചുകൊണ്ട് അവർ അയാളെ കടത്തിവെട്ടി. അവർക്കെതിരെ അയാൾ ഉന്നയിച്ച ആരോപണങ്ങളിലൂടെ തന്റെ ദുഷ്പ്രവൃത്തികൾക്ക് അയാൾ ഒരു മറ തേടുകയായിരുന്നു. എന്നാൽ പണത്തിനു വേണ്ടി അയാൾ ക്രിസ്തുവിനെ കച്ചവടം നടത്തുകയാണ്. സഭയ്ക്ക് വിധേയരായിരിക്കാൻ അവർ കൂട്ടാക്കുന്നില്ല. മറിച്ച് യഹൂദരെപ്പോലെ തങ്ങൾക്കായി മാളങ്ങൾ നിർമിക്കുകയും ഇപ്പോൾ സ്ഥിരമായി അവയിൽ ഒത്തുകൂടുകയും ക്രിസ്തുവിനും നമുക്കുമെതിരെ ദിനരാത്രങ്ങൾ അപവാദം പരത്തുകയും ചെയ്യുന്നു. അവർ എല്ലാ ദൈവിക പ്രബോധനങ്ങളെയും അവഹേളിക്കുന്നു. അവർ ക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കുകയും അവൻ മറ്റു മനുഷ്യരെപ്പോലെ മാത്രമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ട് യഹൂദരെപ്പോലെ, ക്രിസ്തുവിനെതിരെ പോരാട്ടം നടത്താൻ ഒരു സംഘം രൂപീകരിച്ചിരിക്കുന്നു. രക്ഷാകര വ്യാപാരവുമായി ബന്ധപ്പെട്ടതും നമുക്കുവേണ്ടിയുള്ള അവിടുത്തെ ബലഹീനതകളെ പരാമർശിക്കുന്നതുമായ എല്ലാ തിരുവചനങ്ങളും അവർ തേടിപ്പിടിക്കുന്നു. അവയിൽ നിന്ന് തങ്ങളുടെ അഭക്ത പ്രസ്താവനകൾ അവർ മെനഞ്ഞുണ്ടാക്കുന്നു. അതേസമയം അവിടുത്തെ നിത്യമായ ദൈവത്വവും പിതാവിനോടൊപ്പം അവിടുത്തേക്കുള്ള അനന്തമായ മഹത്വവും പ്രഖ്യാപിക്കുന്നവയെല്ലാം അവർ ഒഴിവാക്കുന്നു. യേശുക്രിസ്തുവിനെപ്പറ്റി യഹൂദരും ഗ്രീക്കുകാരും വച്ചുപുലർത്തുന്ന അഭക്ത തത്വങ്ങൾ അവർ വച്ചുപുലർത്തുന്നു. തങ്ങളുടെ സർവകഴിവും ഉപയോഗിച്ച് കൈയടിക്കുവേണ്ടി അവർ പരക്കം പായുന്നു. മറ്റുള്ളവർ നമ്മെ കളിയാക്കുന്നവ അവർ ഔദ്യോഗികമായി അനുവർത്തിക്കുന്നു. അവർ നമുക്കെതിരെ അനുദിനം പീഡനങ്ങളും ലഹളകളും ഇളക്കിവിടുന്നു. ഒരുവശത്ത് അവർ നമുക്കെതിരെ കോടതികളിൽ ആരോപണങ്ങൾ ഉന്നയിക്കുന്നു. തത്വദീക്ഷയില്ലാത്തവരും ഈ തെറ്റിലേക്ക് അവർ ആനയിച്ചവരുമായ സ്ത്രീകളെ അവർ സാക്ഷികളായി കൊണ്ടുവരുന്നു. മറുവശത്ത് അവരുടെ യുവതികൾ തെരുവുകളിൽ ചുറ്റിക്കറങ്ങുന്നത് അനുവദിക്കുന്നതിലൂടെ

അവർ ക്രിസ്തുമതത്തിന് അപമാനം വരുത്തി വയ്ക്കുന്നു. പടയാളികൾ പങ്കിടാൻ മുതിരാഞ്ഞ ക്രിസ്തുവിന്റെ തുന്നൽ കൂടാത്ത തിരുവസ്ത്രം കീറിമുറിക്കാൻ അവർ ധിക്കാരം കാട്ടി.

അവരുടെ ജീവിതരീതിക്കും ദീർഘകാലം മറച്ചു വച്ചിരുന്ന അവരുടെ അഭക്തനടപടിക്കും അനുസൃതമായ അവരുടെ ഈ പ്രവൃത്തികൾ സാവധാനം ഞങ്ങൾക്ക് അറിയപ്പെട്ടപ്പോൾ, ക്രിസ്തുവിന്റെ ദൈവത്വത്തെ ആരാധിക്കുന്ന ഞങ്ങൾ ഏകയോഗമായി അവരെ സഭയ്ക്ക് പുറത്താക്കി. അപ്പോൾ അവർ ഞങ്ങൾക്കെതിരെ ഗൂഢസംഘങ്ങളെ രൂപീകരിക്കാൻ പരക്കം പാഞ്ഞു. സമാധാനവും ഐക്യവും തേടുന്നെന്ന വ്യാജേന, നമ്മോടു യോജിപ്പുള്ള സഹശുശ്രൂഷകർക്ക് അവർ എഴുതുകയും ചെയ്തു. എന്നാൽ യഥാർഥത്തിൽ തങ്ങളുടെ വാക്കുകളാൽ, അവരിൽ ചിലരെ തങ്ങളുടെ രോഗത്തിന് അടിമകളാക്കുക ആയിരുന്നു അവരുടെ ലക്ഷ്യം. ശക്തമായ ഭാഷയിൽ കത്തുകളെഴുതി, തങ്ങൾ വഞ്ചിച്ചവരെ വായിച്ചുകേൾപ്പിക്കാൻ അവർ അവരോട് ആവശ്യപ്പെട്ടു. തങ്ങളുടെ തെറ്റ് പിൻവലിക്കാനല്ല, അഭക്തിയിൽ ഉറച്ചുനിൽക്കാൻ വേണ്ടിയായിരുന്നിത്. ചില മെത്രാന്മാർ തങ്ങളോട് യോജിക്കുന്നെന്നും തങ്ങളുടെ അഭിപ്രായങ്ങളെ പിന്താങ്ങുന്നെന്നും അവർ മനസ്സിലാക്കി. നാം അവരെ പുറത്താക്കിയതിന്റെ കാരണമായ ദുഷ്ടപ്രബോധനങ്ങളോ, ചെയ്തികളോ അവർ സൂചിപ്പിച്ചില്ല. അതിനെപ്പറ്റി അഭിപ്രായം പറയാതെ നുണയും വഞ്ചനയും കൊണ്ട് തങ്ങളുടെ ചതി മറച്ചുവച്ച് അവതരിപ്പിക്കുക മാത്രം ചെയ്തു.

ഇപ്രകാരം പ്രേരകപ്രധാനവും താഴ്ന്ന തരവുമായ കെഞ്ചുന്ന ഭാഷയിലൂടെ തങ്ങളുടെ നശീകരണ പ്രബോധനം മറച്ചു വച്ചുകൊണ്ട്, ജാഗ്രതാരഹിതരെ അവർ ചാക്കിട്ടുപിടിക്കുന്നു. നമ്മുടെ മതത്തെ ദുഷിക്കാനുള്ള ഒരവസരവും അവർ നഷ്ടപ്പെടുത്തുന്നുമില്ല. അതുകൊണ്ട് അനേകർ അവരുടെ കത്തിൽ ഒപ്പിടാനും അവരെ കൂട്ടായ്മയിൽ സ്വീകരിക്കാനും ഇടയാകുന്നു. നമ്മുടെ സഹശുശ്രൂഷകരുടെ ഭാഗത്തു നിന്നുള്ള ഗർഹണീയമായ കാര്യമായി ഞാനിത് കണക്കാക്കുന്നു. കാരണം, അവർ ഇപ്രകാരം ശ്ലൈഹികനിയമം അനുസരിക്കുന്നില്ലെന്നു മാത്രമല്ല, ക്രിസ്തുവിനെതിരെയുള്ള തങ്ങളുടെ പൈശാചികപ്രവൃത്തി ആളിക്കത്തിക്കാൻ സഹായിക്കുക കൂടി ചെയ്യുന്നു.

പ്രിയ സഹോദരങ്ങളേ, ഇക്കാരണത്താലാണ് ചിലയാളുകളുടെ വിശ്വാസരാഹിത്യം നിമിത്തം താമസംവിനാ നിങ്ങൾക്കെഴുതാൻ ഞാൻ നിർബന്ധിതൻ ആയിരിക്കുന്നത്. "പുത്രൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു" എന്നും "മുൻ അസ്തിത്വം ഇല്ലാതിരുന്നവൻ പിന്നീട് അസ്തിത്വത്തിൽ എത്തി" എന്നും "ഏതോ സമയത്ത് അവൻ അസ്തിത്വത്തിൽ എത്തിയപ്പോൾ, മറ്റെല്ലാ മനുഷ്യരെയും പോലെ അവൻ ആയിത്തീർന്നു" എന്നും അവർ പറയുന്നു. "ഇല്ലായ്മയിൽ നിന്ന് ദൈവം എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചു, ബൗദ്ധികവും അബൗദ്ധികവുമായ എല്ലാ സൃഷ്ടികളും, ദൈവപുത്രൻ പോലും, ഇതിൽ ഉൾപ്പെടുന്നു" എന്ന് അവർ പറയുന്നു.

ഈ പ്രബോധനം അനുസരിച്ച് സ്വഭാവത്താലേ അവൻ വ്യതിയാന വിധേയനും നന്മയ്ക്കും തിന്മയ്ക്കും വിധേയനുമാണെന്ന് അതിൽ നിന്ന് അവശ്യാവശ്യം അവർ തറപ്പിച്ചുപറയുന്നു.

"ഇല്ലായ്മയിൽ നിന്ന് അവൻ സൃഷ്ടിക്കപ്പെട്ടു" എന്ന സങ്കൽപ്പത്താൽ അവർ തിരുലിഖിതസാക്ഷ്യം തള്ളിക്കളയുന്നു. വചനത്തിന്റെ വ്യതിയാന രാഹിത്യവും ദൈവത്വവും വിജ്ഞാനവും തിരുലിഖിതം പ്രഘോഷിക്കുന്നു. ആ വചനവും വിജ്ഞാനവും ക്രിസ്തുവാണ്. "നമുക്കും അവനെപ്പോലെ ദൈവമക്കളാകാൻ കഴിയും" എന്ന് ഈ ശപ്തരായ നികൃഷ്ടർ പറയുന്നു: "ഞാൻ മക്കളെ പോറ്റിവളർത്തി" എന്ന് എഴുതപ്പെട്ടിരിക്കുന്നു (ഏശാ.1,3). "എന്നാൽ അവർ എനിക്കെതിരെ മത്സരിച്ചു" എന്ന് അതിന്റെ തുടർച്ചയായിട്ടുള്ളത് അവരെ കാണിക്കുകയും ഈ വാക്കുകൾ വ്യതിയാനരഹിതമായ രക്ഷകന്റെ സ്വഭാവവുമായി ചേർന്നുപോകുന്നതല്ലെന്ന് തടസ്സം പറയുകയും ചെയ്തപ്പോൾ, അവർ സമസ്ത ബഹുമാനവും ദൂരെ എറിയുകയും, "തന്റെ പുത്രൻ തനിക്കെതിരെ മത്സരിക്കയില്ലെന്ന് ദൈവം മുൻകൂട്ടി കാണുകയും അറിയുകയും ചെയ്തതിനാൽ, മറ്റുള്ളവരെക്കാൾ അവനെ തെരഞ്ഞെടുത്തു" എന്ന് പറയുകയും ചെയ്തു.

"മറ്റു ദൈവമക്കളേക്കാൾ ഉപരിയായി അവന് എന്തെങ്കിലും സ്വഭാവത്താലേ ഉള്ളതിനാലല്ല അവനെ തെരഞ്ഞെടുത്തത്. കാരണം, ഒരു മനുഷ്യനും സ്വഭാവത്താലേ ദൈവമനുഷ്യനല്ല. ഒരു പ്രത്യേകബന്ധം അവനോടുമില്ല'' എന്നും അവർ പറയുന്നു. ''അവന്റെ സ്വഭാവം സ്വഭാവത്താലേ വ്യതിയാനവിധേയം ആയിരുന്നെങ്കിലും, അവന്റെ കഠിനാധ്വാനത്തിന് വീഴ്ച വന്നില്ല. പത്രോസോ പൗലോസോ ഇപ്രകാരം ചെയ്തിരുന്നെങ്കിൽ, അവരുടെ പുത്രത്വം അവന്റേതിൽ നിന്ന് ഒട്ടും വ്യത്യസ്തമാകുമായിരുന്നില്ല" എന്നും അവർ തറപ്പിച്ചു പറയുന്നു.

ഈ വട്ടുപിടിച്ച പ്രബോധനം സ്ഥിരീകരിക്കാൻ അവർ തിരുലിഖിതത്തെ തന്നെ അവഹേളിക്കുന്നു. സങ്കീർത്തനത്തിൽ ക്രിസ്തുവിനെപ്പറ്റി പറഞ്ഞിരിക്കുന്നത് ഉദ്ധരിക്കുകയും ചെയ്യുന്നു. "നീ നീതിയെ സ്നേഹിച്ചു. ദുഷ്ടതയെ വെറുത്തു. അതുകൊണ്ട് നിന്റെ സഹോദരങ്ങളേക്കാൾ കൂടുതലായി ആനന്ദതൈലം കൊണ്ട് നിന്റെ ദൈവം നിന്നെ അഭിഷേകം ചെയ്തു (സങ്കീ.14,7). "ദൈവത്തിന്റെ മടിയിലിരിക്കുന്ന ഏകജാതനായ പുത്രൻ" എന്ന് സുവിശേഷകനായ യോഹന്നാൻ പഠിപ്പിക്കുമ്പോൾ (1,18), "ഇല്ലായ്മയിൽ നിന്ന് ദൈവപുത്രൻ സൃഷ്ടിക്കപ്പെട്ടവൻ അല്ലെന്നും അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നില്ലെന്നും" വ്യക്തമാക്കുന്നു. പിതാവും പുത്രനും വേർപെടുത്താൻ ആകാത്തവരാണെന്ന് കാണിക്കാൻ ഈ ദിവ്യഗുരു ആഗ്രഹിച്ചതിനാൽ, "പുത്രൻ പിതാവിന്റെ മടിയിലാണ്" എന്ന് പറയുന്നു. കൂടാതെ, ഇല്ലായ്മയിൽ നിന്ന് സൃഷ്ടിക്കപ്പെട്ട വസ്തുക്കളുടെ കൂടെയല്ല വചനമാം ദൈവത്തെ ഗണിക്കേണ്ടതെന്ന് ഈ യോഹന്നാൻ തന്നെ പറയുന്നു: ''എല്ലാം അവനിലൂടെ നിർമിക്കപ്പെട്ടു'' (യോഹ.1,3). താഴെപ്പറയുന്ന വാക്കുകളിലൂടെ അവൻ അവിടുത്തെ വ്യതിരിക്തവ്യക്തിത്വം

പ്രഖ്യാപിക്കുന്നു: "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടു കൂടെ ആയിരുന്നു. വചനം ദൈവമായിരുന്നു...എല്ലാം അവനിലൂടെ നിർമിക്കപ്പെട്ടു. നിർമിക്കപ്പെട്ടതൊന്നും അവനെ കൂടാതെ നിർമിക്കപ്പെട്ടതല്ല" (യോഹ. 1,1.3). എല്ലാം അവനിലൂടെ നിർമിതമാണെങ്കിൽ, എല്ലാറ്റിനും അസ്തിത്വം നൽകിയവൻ, എപ്പോഴെങ്കിലും അസ്തിത്വമില്ലാതിരിക്കുന്നത് എങ്ങനെയാണ്?

സൃഷ്ടിശക്തിയായ വചനം, യഥാർഥത്തിൽ ആരംഭത്തിലേ ഉണ്ടായിരിക്കുകയും എല്ലാം അവനിലൂടെ നിർമിക്കപ്പെടുകയും അസ്തിത്വ രാഹിത്യത്തിൽ നിന്ന് അവനാൽ അസ്തിത്വത്തിലേക്ക് വിളിക്കപ്പെടുകയും ചെയ്തെങ്കിൽ, സൃഷ്ടവസ്തുക്കളുടെ അതേ സ്വഭാവമാണ് അവനെന്ന് ഒരു തരത്തിലും പറയാനാവില്ല. സ്ഥിതിചെയ്യുന്ന യാഥാർഥ്യം, ഇല്ലായ്മയിൽ നിന്ന് സൃഷ്ടിക്കപ്പെട്ടവയിൽ നിന്ന് സത്താപരമായി വ്യത്യസ്തമായിരിക്കണം. അവയുടെ എതിർസ്വഭാവം ഉള്ളതായിരിക്കണം. അതുപോലെ പിതാവും പുത്രനും തമ്മിൽ വേർപാട് ഇല്ലെന്നും, ചിന്തയിൽ പോലും വേർതിരിവിന്റെ ആശയം വരുത്താൻ പാടില്ലെന്നും ഇത് കാട്ടുന്നു.

ഇല്ലായ്മയിൽ നിന്നാണ് ലോകം സൃഷ്ടിക്കപ്പെട്ടതെന്ന യാഥാർഥ്യത്തിൽ നിന്ന്, അതിന്റെ സത്താപരമായ സ്വഭാവത്തിന്റെ പിന്നീടുള്ളതും പുതിയതുമായ ഉത്ഭവം സൂചിപ്പിക്കുന്നു. പിതാവിനാൽ പുത്രനിലൂടെ എല്ലാവസ്തുക്കൾക്കും ഇപ്രകാരമുള്ള ഉത്ഭവമാണുള്ളത്. സൃഷ്ടവസ്തുക്കളുടെ ബുദ്ധിക്ക് ഉപരിസ്ഥവും ബുദ്ധിക്ക് അതീതവുമാണെന്ന് കാണുകയാൽ, അവിടുത്തെ ജനനത്തെയോ സൃഷ്ടിയെയോ പററി സംസാരിക്കാമെന്ന് വ്യാമോഹിച്ചല്ല അതിഭക്തനായ യോഹന്നാൻ 'വചനം' എന്നത് ദൈവവചനത്തിന് പ്രയോഗിച്ചത്. നിർമാതാവിനെയും സൃഷ്ടിയെയും തുല്യഭാഷയിൽ അവതരിപ്പിക്കാൻ അദ്ദേഹം തുനിഞ്ഞുമില്ല. ദൈവപുത്രൻ ജനനവിഹീനനല്ല. കാരണം, പിതാവു മാത്രമാണ് ജനനവിഹീനൻ. എന്നാൽ ദൈവത്തിന്റെ ഏകജാതന്റെ അവാച്യമായ വ്യക്തിത്വം, സുവിശേഷകന്റെയും ഒരുപക്ഷേ മാലാഖമാരുടെയും വിചിന്തനത്തിന് അപ്പുറമാണ്.

"നിനക്ക് വളരെ പ്രയാസമേറിയത് നീ തേടേണ്ട. ഉന്നതമായവയിൽ ഊളിയിട്ടിറങ്ങേണ്ട"(പ്രഭാ.3,21) എന്ന കൽപ്പന അനുസരിക്കാതെ ഇതേപ്പറ്റി അന്വേഷിക്കാമെന്ന് വിഭാവന ചെയ്യുന്നവരെ ഭക്തരായി കരുതണമെന്ന് എനിക്ക് തോന്നുന്നില്ല. താരതമ്യപ്പെടുത്താൻ ആവാത്തവിധം താഴ്ന്നതരം മറ്റനേകം വസ്തുക്കളെപ്പറ്റിയുള്ള അറിവ് മനുഷ്യമനസ്സിന്റെ കഴിവിന് അതീതവും ഗ്രഹണാതീതവുമാണെങ്കിൽ, വചനമാം ദൈവത്തിന്റെ സ്വഭാവത്തെപ്പറ്റി അന്വേഷണം നടത്താമെന്ന് വ്യാമോഹിക്കാൻ വട്ടുപിടിച്ചവനല്ലാതെ മറ്റാർക്കെങ്കിലും തോന്നുമോ? "തന്നെ സ്നേഹിക്കുന്നവർക്ക് ദൈവം ഒരുക്കിയിരിക്കുന്നത് കണ്ണ് കണ്ടിട്ടില്ല, കാത് കേട്ടിട്ടില്ല, മനുഷ്യമനസ്സിൽ തോന്നിയിട്ടില്ല" എന്ന് വി.പൗലോസ് ശ്ലീഹാ പറയുന്നു (1കൊറി.2,9). നക്ഷത്രങ്ങളെ എണ്ണി തിട്ടപ്പെടുത്താൻ സാധിക്കയില്ലെന്ന് ദൈവം അബ്രഹാമിനോട് പറഞ്ഞു (ഉൽപ്പ.15,5). "കടൽക്കരയിലെ മണൽത്തരികളെയും മഴത്തുള്ളി

കളെയും എണ്ണാൻ ആർക്കു കഴിയും?"(പ്രഭാ.1,2). "അവന്റെ ജനനം ആര് വിളംബരം ചെയ്യും?" എന്ന് പ്രവചനത്തിന്റെ ആത്മാവ് പറയുന്നു (ഏശാ. 53,8). അതുകൊണ്ട് ലോകം മുഴുവന്റെയും തൂണുകളായ മനുഷ്യരെ തന്റെ കരുണയിൽ നമ്മുടെ രക്ഷകൻ ഈ അറിവിനായി പരിശ്രമിക്കുന്ന ഭാരത്തിൽ നിന്ന് വിമുക്തരാക്കാൻ ആഗ്രഹിച്ചുകൊണ്ട്, ഇത് അവരുടെ സ്വാഭാവിക പ്രയാണത്തിന് അതീതമാണെന്നും പിതാവിനു മാത്രമേ ഈ പരമമായ ദിവ്യരഹസ്യം അറിവുള്ളെന്നും പറഞ്ഞു: "പിതാവല്ലാതെ മറ്റാരും പുത്രനെ അറിയുന്നില്ല. പുത്രനല്ലാതെ മറ്റാരും പിതാവിനെ അറിയുന്നില്ല" (മത്താ. 11,27). "എന്റെ രഹസ്യം എനിക്കും എന്റെ സ്വന്തത്തിനും"എന്ന് പിതാവ് പറഞ്ഞത് ഇതേപ്പറ്റിയാണെന്ന് എനിക്ക് തോന്നുന്നു (ഏശാ.24,16).

എന്നാൽ ദൈവപുത്രൻ അസ്തിത്വമില്ലാത്തതിൽ നിന്ന് അസ്തിത്വത്തിൽ എത്തിയെന്നും അവൻ അസ്തിത്വത്തിൽ എത്തിയത് സമയത്തിൽ ആണെന്നും വട്ടുപിടിച്ച തെറ്റ് വിഭാവന ചെയ്യുന്നു. *അസ്തിത്വമില്ലാത്തത്* എന്ന പ്രയോഗത്തിൽ തന്നെ അവരുടെ തെറ്റ് സ്പഷ്ടമാണ്. തങ്ങളുടെ പ്രസ്താവനകളിലെ പൊരുത്തക്കേട് മനസ്സിലാക്കാൻ വിഡ്ഢികൾ അശക്തരാണ്. കാരണം, "അവൻ ഇല്ലാതിരുന്നു" എന്ന പ്രയോഗം ഒന്നുകിൽ കാലബന്ധിതമായിരിക്കണം, അല്ലെങ്കിൽ, യുഗങ്ങൾക്കിടയിൽ ആയിരിക്കണം. "എല്ലാ വസ്തുക്കളും അവനിലൂടെ നിർമിക്കപ്പെട്ടു" എന്നത് സത്യമാണെങ്കിൽ, എല്ലാ യുഗങ്ങളും കാലങ്ങളും സമയങ്ങളും അവനിലൂടെ നിർമിക്കപ്പെട്ടു എന്നത് സ്പഷ്ടമാണ്. അപ്പോൾ, അവൻ ഇല്ലാതിരുന്ന സമയത്തിനും അതിന്റെ സ്ഥാനമുണ്ടായിരിക്കണം. അതും അവൻ നിർമിച്ചതായിരിക്കണമല്ലോ.

എല്ലാ സമയങ്ങളും യുഗങ്ങളും കാലങ്ങളും സൃഷ്ടിച്ചവൻ "ഇല്ലാതിരുന്ന സമയം ഉണ്ടായിരുന്നു" എന്നത് യുക്തിഹീനമല്ലേ? ഏതെങ്കിലും സൃഷ്ടവസ്തുവിന്റെ ഹേതു അതിനുശേഷം ഉള്ളതാണെന്ന് പറയുന്നത് അജ്ഞതയുടെ പരമകാഷ്ഠയും തലതിരിഞ്ഞ പ്രയോഗവുമാണ്. പുത്രൻ പിതാവിൽ നിന്നു ജനിക്കാതിരുന്ന ഇടവേള എന്ന് അവർ പറയുമ്പോൾ, എല്ലാം സൃഷ്ടിച്ച വിജ്ഞാനത്തിന് മുമ്പാണ് അതെന്ന് അവരുടെ അഭിപ്രായം അനുസരിച്ച് വരുന്നു. ഇപ്രകാരം, "സമസ്ത സൃഷ്ടികളുടെയും ആദ്യജാതൻ" എന്ന് തിരുലിഖിതം അവനെ വിളിക്കുന്നതിനെ അവർ നിഷേധിക്കുന്നു (കൊളോ. 1,15).

ഈ പ്രബോധനവുമായി ചേർന്നുപോകുന്ന ഒന്ന്, പതിവുള്ള ഉഗ്രശബ്ദത്തിൽ പൗലോസ് അവനെപ്പറ്റി പറയുന്നു: "അവനെ അവിടുന്ന് എല്ലാറ്റിന്റെയും അവകാശിയായി നിയമിക്കുകയും അവൻ മുഖേന പ്രപഞ്ചത്തെ സൃഷ്ടിക്കുകയും ചെയ്തു"(എബ്രാ.1,2). "കാരണം, അവനിൽ സ്വർഗത്തിലും ഭൂമിയിലുമുള്ള ദൃശ്യവും അദൃശ്യവുമായ എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടു. സിംഹാസനങ്ങളോ, ആധിപത്യങ്ങളോ, ശക്തികളോ, അധികാരങ്ങളോ എന്തുമാകട്ടെ, എല്ലാം അവനിലൂടെയും അവനുവേണ്ടിയുമാണ് സൃഷ്ടിക്കപ്പെട്ടത്. അവനാണ് എല്ലാറ്റിനും മുമ്പുള്ളവൻ"(കൊളോ.1,16.17).

"ഇല്ലായ്മയിൽ നിന്ന്" എന്ന ഊഹാപോഹം സ്പഷ്ടമായി അഭക്തമാകയാൽ, "പിതാവ് എന്നും പിതാവാണ്" എന്ന് അർഥമാകുന്നു. പുത്രന്റെ നിരന്തരസാന്നിധ്യത്താൽ അവൻ പിതാവാണ്. തന്നിമിത്തം അവനെ പിതാവെന്നു വിളിക്കുന്നു. പുത്രൻ സദാ അവനോടൊപ്പം സന്നിഹിതനാണ്. പരിപൂർണനായ പിതാവിന് യാതൊരു നന്മയിലും കുറവില്ല. കാരണം, അവൻ തന്റെ ഏകജാതനെ സമയത്തിലോ, ഏതെങ്കിലും സമയത്തിനിടയിലോ മുൻ അസ്തിത്വം ഇല്ലാതിരുന്നതിൽ നിന്നോ ജനിപ്പിച്ചതല്ല.

അപ്പോൾ ദൈവത്തിന്റെ വിജ്ഞാനം ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നെന്നു പറയുന്നത് അഭക്തമല്ലേ? "അവന്റെ കൂടെ വളർന്നവനെപ്പോലെ ഞാൻ അവന്റെ കൂടെ ഉണ്ടായിരുന്നു. അനുദിനം അവന്റെ സന്തുഷ്ടി ഞാനായിരുന്നു"(സുഭാ.8,32). അഥവാ, ഒരിക്കൽ ദൈവത്തിന്റെ ശക്തിയോ, അവന്റെ വചനമോ, പുത്രൻ അറിയപ്പെടുന്ന മറ്റെന്തെങ്കിലുമോ ഇല്ലാതിരുന്ന്, പിതാവെന്നത് സൂചിപ്പിക്കുന്നത് കുറവുള്ളതായിരുന്നോ?

പിതാവിന്റെ മഹത്വത്തിന്റെ ശോഭ 'ഒരിക്കൽ ഇല്ലാതിരുന്നു' എന്നു പറയുന്നത് മൂലപ്രകാശത്തിന്റെ ശോഭ നശിപ്പിക്കുകയാണ് (എബ്രാ.1,3). ദൈവത്തിന്റെ ച്ഛായ എപ്പോഴെങ്കിലും ഇല്ലാതിരുന്ന സമയം ഉണ്ടായിരുന്നെങ്കിൽ, അവൻ ആരുടെ ച്ഛായ ആയിരിക്കുന്നുവോ, അവൻ എപ്പോഴും ഇല്ലാതിരുന്നെന്ന് വ്യക്തമാണ്. എന്നു മാത്രമല്ല, ദൈവത്തിന്റെ സ്പഷ്ടമായ ച്ഛായ ഇല്ലാതിരുന്നെങ്കിൽ, സൃഷ്ടമായ ച്ഛായയുടെ യാഥാർഥ്യവും അതോടെ നീക്കപ്പെടുന്നു.

അതുകൊണ്ട് നമ്മുടെ രക്ഷകന്റെ പുത്രത്വം മനുഷ്യരുടെ പുത്രത്വവുമായി സാമ്യമില്ലെന്നു മനസ്സിലാക്കണം. അവന്റെ അസ്തിത്വം ഭാഷയിലൂടെ അവതരിപ്പിക്കാൻ കഴിയാത്തതുപോലെയും അവൻ അസ്തിത്വത്തിൽ എത്തിച്ചവയേക്കാൾ അവൻ വളരെ ശ്രേഷ്ഠൻ ആയിരിക്കുന്നതു പോലെയും അവന് ദൈവിക പിതൃത്വത്തിൽ നിന്ന് സ്വാഭാവികമായി ഭാഗഭാഗിത്വം കിട്ടിയ പുത്രത്വം, ദത്തെടുക്കൽ വഴി പുത്രത്വം ലഭിച്ചവരിൽ നിന്ന് അവാച്യമാംവിധം വ്യത്യസ്തമാണ്.

അവൻ സ്വഭാവേന വ്യതിയാനരഹിതനും പരിപൂർണനും എല്ലാം തികഞ്ഞവനുമാണ്. മനുഷ്യരാകട്ടെ, വ്യതിയാനവിധേയരും അവന്റെ സഹായം ആവശ്യമുള്ളവരുമത്രേ. ദൈവത്തിന്റെ വിജ്ഞാനത്തിന് കൂടുതൽ എന്തു ചെയ്യാനാകും? സത്യം തന്നെയായ വചനമാം ദൈവത്തിന് വേറേ എന്താണ് അതിനോട് ചേർക്കാനുള്ളത്? ജീവനും സത്യപ്രകാശവും ആയവന് കൂടുതലായി എങ്ങനെ മെച്ചപ്പെടുത്താനാകും? വിജ്ഞാനം തെറ്റിന് വിധേയമാണെന്ന് പുലമ്പുന്നത് പ്രകൃതിവിരുദ്ധമല്ലേ? ദൈവശക്തിക്ക് ബലഹീനതയുമായി ഐക്യപ്പെടാനാകും എന്ന് ചിന്തിക്കുന്നതും, ബുദ്ധിയെ മങ്ങൽ ഏൽപ്പിക്കാൻ ബുദ്ധിഹീനതയ്ക്ക് കഴിയുമെന്ന് കരുതുന്നതും, സത്യപ്രകാശവുമായി അന്ധകാരത്തെ ചേർക്കാമെന്ന് ചിന്തിക്കുന്നതും പ്രകൃതിവിരുദ്ധമല്ലേ? ശ്ലീഹാ പറയുന്നു: "പ്രകാശത്തിന് അന്ധകാരവുമായി എന്തു കൂട്ടുകെട്ടാണു

ള്ളത്? ക്രിസ്തുവിന് ബലിയാലുമായി എന്തു യോജിപ്പാണുള്ളത്?" (2 കൊറി. 6,14.15). സോളമൻ പറയുന്നതുപോലെ, "സർപ്പത്തിന്റെ പാറയിലൂടെയുള്ള പാത അത്യത്ഭുതകരമാണ്" (സുഭാ.30,19). കാരണം, വി.പൗലോസ് പറയുന്ന തുപോലെ, ക്രിസ്തുവാകുന്ന ആ പാറയെ മനസ്സിലാക്കാൻ മനുഷ്യമനസ്സ് അശക്തമാണ് (1കൊറി.10,4).

തന്റെ സൃഷ്ടികളായ മനുഷ്യരും മാലാഖമാരും അവന്റെ കൽപ്പനകൾ അനുസരിച്ച് സുകൃതത്തിലും അനുസരണയിലും പുരോഗമിക്കുന്നതിനും അങ്ങനെ പാപം ഒഴിവാക്കുന്നതിനും അവനിൽ നിന്ന് കൃപ പ്രാപിച്ചിരി ക്കുന്നു. ഇക്കാരണത്താലാണ് സ്വഭാവത്താലേ പിതാവിന്റെ പുത്രനായ നമ്മുടെ കർത്താവിനെ എല്ലാവരും ആരാധിക്കുന്നത്. അടിമത്തത്തിന്റെ ആത്മാവിനെ ഉരിഞ്ഞുകളഞ്ഞവർ വീരോചിത പ്രവൃത്തികളാലും സുകൃത സരണിയിലെ മുന്നേറ്റത്താലും, സ്വഭാവത്താലേ ദൈവപുത്രനായവന്റെ കാരുണ്യത്താൽ, ദത്തെടുക്കലിന്റെ ആത്മാവിനെ പ്രാപിക്കുകയും ദത്തെടു ക്കലിലൂടെ മക്കളായി തീരുകയും ചെയ്തു.

ദൈവത്തെപ്പറ്റി സംസാരിക്കുമ്പോൾ പൗലോസ് സത്യവും സ്വാഭാവി കവും പ്രത്യേകവും സവിശേഷവുമായ അവന്റെ പുത്രത്വത്തെപ്പറ്റി പ്രഖ്യാ പിക്കുന്നു: നാം സ്വഭാവത്താലേ തന്റെ മക്കൾ അല്ലാതിരുന്നിട്ടും, "അവൻ തന്റെ സ്വന്തം പുത്രനെ ഒഴിവാക്കാതെ നമുക്കുവേണ്ടി അവനെ ഏൽപ്പിച്ചു തന്നു" (റോമ.8,32). "തന്റെ സ്വന്തം പുത്രനെ" എന്ന് അവനെ വിളിച്ചത് തന്റെ സ്വന്തം അല്ലാത്തവരിൽ നിന്ന് അവനെ വേർതിരിക്കാനാണ്. സുവിശേ ഷത്തിലും ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "ഞാൻ പ്രസാദിച്ചിരിക്കുന്ന എന്റെ പ്രിയപുത്രൻ ഇവനാകുന്നു"(മത്താ.3,17). സങ്കീർത്തനത്തിൽ രക്ഷകൻ പറയുന്നു: "കർത്താവ് എന്നോട് പറഞ്ഞു, നീ എന്റെ പുത്രനാ കുന്നു" (2,7). സ്വാഭാവികപുത്രത്വം പ്രഘോഷിക്കുന്നതിലൂടെ അവനല്ലാതെ വേറേ സ്വാഭാവിക പുത്രന്മാരില്ലെന്ന് കാണിക്കുന്നു.

"പ്രഭാതത്തിനുമുമ്പ് ഉദരത്തിൽ നിന്ന് നിനക്ക് ഞാൻ ജന്മം നൽകി" (സങ്കീ.110,3) എന്ന വാക്കുകൾ പിതാവിൽ നിന്നുള്ള സ്വാഭാവിക ജനനത്തെ സ്പഷ്ടമായി കാണിക്കുന്നില്ലേ? അവന്റെ കർമഫലത്താലോ, ധാർമിക പുരോഗതിയാലോ അല്ല, പിന്നെയോ, സ്വഭാവത്താലേ തന്നെയാണ് അവൻ പുത്രനായിരിക്കുന്നത്. പിതാവിന്റെ ഏകജാതന്റെ പുത്രത്വം വീണുപോ കാൻ സാധ്യമല്ലെന്നു സ്പഷ്ടം. എന്നാൽ സ്വഭാവത്താലേ അവന്റെ മക്കള ല്ലാത്ത ബൗദ്ധികജീവികളുടെ ദത്തെടുക്കൽ വീണുപോകാൻ ഇടയുണ്ട്. അവരുടെ സ്വഭാവശ്രേഷ്ഠതയാലും ദൈവകാരുണ്യത്താലും മാത്രമാണ് അവർ മക്കളായിരിക്കുന്നത്. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "ദൈവമക്കൾ മനുഷ്യപുത്രിമാരെ കാണുകയും ഭാര്യമാരായി സ്വീകരിക്കുകയും ചെയ്തു" (ഉൽപ.6,2). ഏശായായിലൂടെ ദൈവം പറയുന്നു: "ഞാൻ മക്കളെ പോറ്റി വളർത്തി, എന്നാൽ അവർ എന്നോട് മത്സരിച്ചു" (1,2).

വത്സലനേ, എനിക്ക് അനേകം കാര്യങ്ങൾ പറയാനുണ്ട്. എന്നാൽ എന്നെപ്പോലെ ചിന്തിക്കുന്ന ഗുരുക്കന്മാരെ കൂടുതൽ പറഞ്ഞ് മുഷിപ്പിക്കുമോ എന്ന് ഭയന്ന് ഞാൻ നിർത്തുന്നു. ഇപ്പോൾ പൊങ്ങിവന്നിരിക്കുന്ന പ്രബോധനം സഭാപ്രബോധനത്തിൽ നിന്ന് വ്യത്യസ്തമാണെന്ന കാര്യത്തിൽ ദൈവത്താൽ പ്രബോധിപ്പിക്കപ്പെട്ട അങ്ങ് അജ്ഞനല്ലല്ലോ. അത് എബിയോണും അർതേമാസും പഠിപ്പിച്ചതു തന്നെയാണ്. അന്ത്യോക്യൻ മെത്രാനായിരുന്ന സാമസോട്ടക്കാരൻ പൗലോസിനെ കടത്തിവെട്ടുന്നതാണത്. മെത്രാന്മാരുടെ ഒരു സിനഡ് അയാളെ സഭാഭ്രഷ്ടനാക്കിയതാണല്ലോ.

അയാളുടെ പിൻഗാമിയായ ലൂഷ്യൻ അനേകവർഷം ഈ മെത്രാന്മാരുടെ കൂട്ടായ്മയിൽ നിന്ന് വിട്ടുനിന്നു. ഇപ്പോൾ ഞങ്ങളുടെ ഇടയിൽ, "ഇല്ലായ്മയിൽ നിന്ന്" എന്നു പറയുന്ന മനുഷ്യർ ഉടലെടുത്തു. അതേ ചിന്താഗതിയുള്ള കൂട്ടമായ അവർ അഭക്തിയുടെ മട്ട് അത്യാർത്തിയോടെ വലിച്ചു കുടിച്ചു. ആരിയസിനെയും അക്കില്ലെസിനെയും അവരുടെ കൂടെയുള്ളവരെയുമാണ് ഞാൻ അർഥമാക്കുന്നത്. സിറിയായിലെ മൂന്നു മെത്രാന്മാർ എങ്ങനെ നിയമിതരായി എന്നറിയില്ല. അവർ ഇവരോടു ചേർന്ന് ഇവരെ ഉജ്ജ്വലിപ്പിച്ചുകൊണ്ടിരിക്കുന്നു. അവരെപ്പറ്റി അങ്ങാണ് തീരുമാനിക്കേണ്ടത്. നമ്മുടെ കർത്താവിന്റെ പീഡാനുഭവം, അപമാനം, സ്വയം ശൂന്യമാക്കൽ, ദാരിദ്ര്യം തുടങ്ങി, നമ്മെപ്രതി രക്ഷകൻ സ്വീകരിച്ച ബലഹീനതകളെ പറ്റിയുള്ള തിരുലിഖിത വായനകളെല്ലാം ശേഖരിച്ച് അവിടുത്തെ നിത്യമായ അസ്തിത്വവും ദൈവത്വവും ഖണ്ഡിക്കാൻ അവർ ഉപയോഗിക്കുന്നു. എന്നാൽ അവിടുത്തെ മഹത്വവും ഔന്നത്യവും പിതാവിനോടൊത്ത് വസിക്കുന്ന കാര്യവും അവർ അവഗണിക്കുന്നു. ഉദാ. "ഞാനും എന്റെ പിതാവും ഒന്നാകുന്നു"(യോഹ.10,30). താൻ പിതാവാണെന്ന് നമ്മുടെ കർത്താവ് ഈ വാക്കുകളിലൂടെ പ്രഖ്യാപിക്കയല്ല, രണ്ടുസ്വഭാവങ്ങൾ ഒന്നായി അവതരിപ്പിക്കുകയുമല്ല, പിന്നെയോ, പുത്രന്റെ സത്ത, പിതാവിന്റെ സത്തയും ച്ഛായയും കൃത്യമായി സംരക്ഷിക്കുന്നു എന്നത്രേ.

പിതാവിന്റെ കൃത്യമായ ച്ഛായയും മൂലരൂപത്തിന്റെ കൃത്യമായ മുദ്രയും ആകയാൽ, അവന്റെ സ്വഭാവം എല്ലാ കാര്യങ്ങളിലും അവന്റെ ച്ഛായയുടെ മുദ്ര എടുക്കുന്നു. അതുകൊണ്ട് പിതാവിനെ കാണാൻ ആഗ്രഹിച്ച ഫിലിപ്പ്, "കർത്താവേ, പിതാവിനെ ഞങ്ങൾക്ക് കാണിച്ചുതരിക" എന്നു പറഞ്ഞപ്പോൾ, തന്റെ ച്ഛായയുടെ കളങ്കരഹിതവും സജീവവുമായ കണ്ണാടിയിലൂടെ പിതാവിനെ കാട്ടുന്നു എന്നവിധം സുവ്യക്തമായി കർത്താവ് അവനോട് പറഞ്ഞു, "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ.14,9). അതേ ആശയം സങ്കീർത്തനങ്ങളിലും കാണാം. അവിടെ വിശുദ്ധർ പറയുന്നു: "നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു"(36,9). അതുകൊണ്ടാണ്, "പുത്രനെ ബഹുമാനിക്കുന്നവൻ പിതാവിനെയും ബഹുമാനിക്കുന്നു" എന്ന് പറഞ്ഞിരിക്കുന്നത് ( യോഹ.5,23). പുത്രനെതിരെ ഉച്ചരിക്കുന്ന ഓരോ അഭക്തവചനവും പിതാവിനെതിരെ കൂടെയാണെന്ന് ശരിയായി പറഞ്ഞിരിക്കുന്നു.

## 1:3

വത്സലസഹോദരരേ, എനിക്കും നമ്മുടെ അതിഭക്തരായ ആളുകൾക്കു മെതിരെ അവർ പ്രചരിപ്പിക്കുന്ന ദുരാരോപണങ്ങളിൽ അത്ഭുതപ്പെടാനില്ല. അവർ ക്രിസ്തുവിന്റെ ദൈവത്വത്തിനെതിരെ മാത്രമല്ല, നന്ദിയില്ലാതെ നമ്മെയും കടന്നാക്രമിക്കുന്നു. മുൻകാലത്തുള്ളവരുമായി തങ്ങളെ താരതമ്യ പ്പെടുത്തുന്നത് തങ്ങളുടെ നിലയ്ക്ക് ചേർന്നതല്ലെന്ന് അവർ ചിന്തിക്കുന്നു. ശൈശവം മുതൽ നമുക്ക് പരിചയമുള്ള പ്രബോധകരുടെ നിലയിലുമല്ല തങ്ങളെന്ന് അവർ കരുതുന്നു. നമ്മുടെ സഹശുശ്രൂഷകരാരും അവരുടെ ബൗദ്ധികനിലവാരത്തിൽ എത്തുന്നില്ലെന്നും അവർ വീമ്പടിക്കുന്നു. തങ്ങൾ മാത്രമാണ് ബുദ്ധിമാന്മാരും ദരിദ്രരും പ്രബോധനങ്ങളുടെ കണ്ടുപിടുത്ത ക്കാരുമെന്നും സൂര്യനു കീഴിൽ മറ്റാരുടെയും മനസ്സിൽ ഉദിക്കാത്ത സത്യ ങ്ങൾ തങ്ങൾക്കുമാത്രം വെളിപ്പെടുത്തി കിട്ടിയെന്നും അവർ പറയുന്നു. എന്തൊരു ദുഷ്ട നിറഞ്ഞ ധാർഷ്ഠ്യം! എന്തൊരു കഠോര തെറ്റ്! എന്തൊരു വീമ്പടിക്കൽ! വിഭ്രാന്തിയും പൈശാചികാഹന്തയും അവരുടെ അഭക്ത ഹൃദയങ്ങളെ കഠിനമാക്കിയിരിക്കുന്നു.

പുരാതനലിഖിതങ്ങളുടെ ദൈവികമായ വ്യക്തതയെ എതിർക്കാൻ അവർക്ക് ഒരു ലജ്ജയുമില്ല. ക്രിസ്തുവിനെപ്പറ്റി നമ്മുടെ സഭാശുശ്രൂഷ കരുടെ ഏകയോഗമായ ഭക്തി അവരുടെ ധിക്കാരത്തെ മയപ്പെടുത്തുന്നുമില്ല. ഇത്തരം അഭക്തി പിശാചുക്കൾ പോലും സഹിക്കില്ല. കാരണം, ദൈവ പുത്രനെതിരെ ദൂഷണം പറയാൻ അവർ പോലും തുനിയില്ല.

തങ്ങളുടെ മോശപ്പെട്ട വിഭവങ്ങളിൽ നിന്ന് ക്രിസ്തുവിനെ ചെളി വാരി എറിയുകയും അവിടുത്തോടുള്ള നമ്മുടെ ബഹുമാനത്തെപ്രതി നമുക്കെ തിരെ അപവാദം പരത്താൻ ശ്രമിക്കുകയും ചെയ്യുന്നവരെപ്പറ്റി എന്റെ കഴിവനുസരിച്ച് എനിക്ക് പറയാനുള്ള പ്രശ്നങ്ങൾ ഇവയാണ്: "ഇല്ലായ്മ യിൽ നിന്ന് ക്രിസ്തു സൃഷ്ടിക്കപ്പെട്ടു" എന്ന അവരുടെ അഭക്തവും തിരു ലിഖിത വിരുദ്ധവുമായ ദൈവദൂഷണം തള്ളിക്കളയുന്ന ഞങ്ങൾ ജനന വിഹീനരായ രണ്ടു യാഥാർഥ്യങ്ങൾ പഠിപ്പിക്കുന്നെന്ന് പൊട്ടക്കഥകളുടെ ഈ കർത്താക്കൾ തട്ടിവിടുന്നു. കാരണം, താഴെപ്പറയുന്ന രണ്ടിലൊന്ന് മുറുകെ പിടിക്കണമെന്ന് ഈ വിവരദോഷികൾ പറയുന്നു: "ഒന്നുകിൽ അവൻ ഇല്ലാ യ്മയിൽ നിന്നു വന്നു എന്ന് വിശ്വസിക്കണം. അല്ലെങ്കിൽ, രണ്ട് ജനനവിഹീന യാഥാർഥ്യങ്ങൾ അംഗീകരിക്കണം." സൃഷ്ടിക്കപ്പെടാത്ത പിതാവും അവി ടുന്ന് സൃഷ്ടിച്ച ബൗദ്ധികവും അബൗദ്ധികവുമായ സൃഷ്ടികളും തമ്മി ലുള്ള അന്തരം എത്ര വലുതാണെന്ന് അവരുടെ അജ്ഞതയും ദൈവ ശാസ്ത്രപരിശീലനത്തിലെ അപര്യാപ്തതയും നിമിത്തം അവർ തിരിച്ചറിയു ന്നില്ല. ഇതിനു രണ്ടിനും ഇടയിലായ വചനമാം ദൈവത്തിന്റെ ഏകജാത സ്വഭാവം,സ്വയംഭൂവായ പിതാവിൽ നിന്ന് ജനിച്ചതാണ്. അവനിലൂടെ പിതാവ് ഇല്ലായ്മയിൽ നിന്ന് പ്രപഞ്ചത്തെ സൃഷ്ടിച്ചു. കർത്താവു തന്നെ ഇത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്: "പിതാവിനെ സ്നേഹിക്കുന്നവൻ അവനിൽ നിന്നു ജനിച്ച പുത്രനെയും സ്നേഹിക്കുന്നു" (1യോഹ.5,1).

ശ്ലൈഹികസഭ പഠിപ്പിച്ചതുപോലെ ജന്മവിഹീനനായ ഏകപിതാവിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്ന് ഉത്ഭവരഹിതഹേതുവും വ്യതിയാനാതീതനും മാറ്റമില്ലാത്തവനുമാണ്. അവിടുന്ന് സദാ ഒരേ അസ്തിത്വാവസ്ഥയിൽ സ്ഥിതിചെയ്യുന്നു. അവിടുത്തേക്ക് വളർച്ചയുമില്ല, ചുരുങ്ങലുമില്ല. അവിടുന്ന് നിയമവും പ്രവചനവും സുവിശേഷവും നൽകി. അവിടുന്നാണ് പിതാക്കന്മാരുടെയും ശ്ലീഹന്മാരുടെയും എല്ലാ വിശുദ്ധരുടെയും കർത്താവ്. അതുപോലെ ഞങ്ങൾ ദൈവത്തിന്റെ ഏകജാതനിൽ വിശ്വസിക്കുന്നു. ഇല്ലായ്മയിൽ നിന്നല്ല, പിതാവിൽ നിന്നാണ് അവിടുന്ന് ജനിച്ചത്. എന്നാൽ സബെല്ലിയുസും വലന്റീനിയനും പഠിപ്പിച്ചതുപോലെ, ഭൗതികവസ്തുക്കളെപോലെ വിഭജനത്താലോ ബഹിർഗമനത്താലോ അല്ല. പിന്നെയോ, അവാച്യമായ രീതിയിലാണ്. "അവന്റെ ജനനം ആർക്കു വിവരിക്കാനാകും" എന്ന് മുകളിൽ പറഞ്ഞതു പോലെയാണത് (ഏശാ.53,8). പിതാവിനെ ഉൾക്കൊള്ളാൻ ആകാത്തതു പോലെ, അവന്റെ വ്യക്തിത്വം ഉൾക്കൊള്ളാൻ ഒരു മനുഷ്യബുദ്ധിക്കും സാധ്യമല്ല. അവൻ പിതാവിൽ നിന്നു ജനിച്ചത് എങ്ങനെയെന്ന് ബൗദ്ധിക യാഥാർഥ്യങ്ങൾക്ക് എത്തിപ്പിടിക്കാനാവില്ല.

എന്നാൽ സത്യത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവരെ ഞാൻ പ്രബോധിപ്പിക്കേണ്ട ആവശ്യമില്ല. രക്ഷകൻ പണ്ടേ പറഞ്ഞത് നമ്മുടെ കാതുകളിൽ അലയടിക്കുന്നു. "പിതാവ് ആരാണെന്ന് പുത്രനല്ലാതെ മറ്റാരും അറിയുന്നില്ല"(മത്താ.11,27). പുത്രൻ വ്യതിയാനരഹിതനും മാറ്റമില്ലാത്തവനും എല്ലാറ്റിനും മതിയായവനും പിതാവിനെപ്പോലെ പരിപൂർണനും ആണെന്ന് നാം പഠിച്ചിരിക്കുന്നു. "ജനനവിഹീനനല്ല" എന്നതു മാത്രമേ അവനു കുറവുള്ളൂ. അവൻ തന്റെ പിതാവിന്റെ കൃത്യമായ ച്ഛായയാണ്. ച്ഛായ മൂലവുമായി പൂർണമായി എല്ലാം ഉൾക്കൊള്ളുന്നു എന്നത് വ്യക്തമാണ്. "എന്റെ പിതാവ് എന്നേക്കാൾ വലിയവനാണ്"എന്ന് കർത്താവ് പഠിപ്പിച്ചിരിക്കുന്നു.

തദനുസൃതം പുത്രൻ എപ്പോഴും പിതാവിനോടുകൂടെ സ്ഥിതി ചെയ്തിരുന്നു എന്ന് നാം വിശ്വസിക്കുന്നു. കാരണം, "അവൻ പിതാവിന്റെ മഹത്വത്തിന്റെ ശോഭയാണ്. പിതാവിന്റെ സ്പഷ്ടമായ ച്ഛായയുമാണ്" (എബ്രാ.1,3). എന്നാൽ ബുദ്ധിയിൽ അന്ധത ബാധിച്ച ചിലർ പഠിപ്പിച്ചതുപോലെ, "എപ്പോഴും" എന്നതുകൊണ്ട് പുത്രൻ ജനനവിഹീനൻ ആണെന്ന് ആരും കരുതാതിരിക്കട്ടെ. "അവിടുന്ന് ഉണ്ടായിരുന്നു, എപ്പോഴും ഉണ്ടായിരുന്നു. എല്ലാ യുഗങ്ങൾക്കും മുമ്പ് ഉണ്ടായിരുന്നു" എന്നു പറയുമ്പോൾ, അവൻ ജനനവിഹീനൻ ആണെന്ന് അർഥമാക്കുന്നില്ല.

"ജനനവിഹീനൻ" എന്നതിന്റെ അർഥം വ്യക്തമാക്കാൻ ഒരു പദം കണ്ടെത്താൻ മനുഷ്യമനസ്സിനു കഴിവില്ല. അങ്ങും ഇങ്ങനെ തന്നെ കരുതുന്നെന്ന് ഞാൻ കരുതുന്നു. ഈ പദപ്രയോഗങ്ങളൊന്നും ജനനവിഹീനൻ എന്നതിന്റെ പൊരുൾ വ്യക്തമാക്കുന്നില്ല എന്ന അങ്ങയുടെ ഓർത്തഡോക്സ് വീക്ഷണത്തിൽ ഞാൻ സംതൃപ്തനാണ്. ഈ പദങ്ങളെല്ലാം സമയവ്യാപ്തി മാത്രം സൂചിപ്പിക്കുന്നതേയുള്ളൂ. ഏകജാതന്റെ മുൻഅസ്തിത്വവും ദൈവത്വവും വ്യക്തമാക്കാൻ അവയെല്ലാം അപര്യാപ്തമാണ്.

ഈ ദിവ്യരഹസ്യം വ്യക്തമാക്കാൻ താൽപര്യപൂർവം പരിശ്രമിച്ച വിശുദ്ധർ ഈ പദങ്ങൾ ഉപയോഗിച്ചു. "ഞങ്ങൾക്ക് ഗ്രഹിക്കാൻ കഴിഞ്ഞിടത്തോളം" എന്നു പറഞ്ഞുകൊണ്ട് തങ്ങളുടെ കഴിവുകേടിന് ന്യായമായ ക്ഷമായാചന നടത്തുകയുണ്ടായി. അങ്ങനെ തങ്ങളുടെ ശ്രോതാക്കളോട് അവർ മാപ്പുപറഞ്ഞു. "ഭാഗികമായി അറിയുന്നത് കഴിഞ്ഞു പോയി" എന്ന് വിചാരിക്കുന്നെങ്കിൽ, അവരെ സംബന്ധിച്ച് മാനുഷിക കഴിവിന് ഉപരിസ്ഥമായത് മാനുഷികാധരങ്ങളിൽ നിന്ന് അവർ പ്രതീക്ഷിക്കുന്നെന്നു വരുന്നു. "ഉണ്ടായിരുന്നു", "എപ്പോഴും", "യുഗങ്ങൾക്കെല്ലാം മുമ്പ്" തുടങ്ങിയ പദങ്ങൾ ഈ പ്രതീക്ഷയ്ക്ക് വളരെ താഴെയാണ് എന്നത് സുവ്യക്തമാണ്. അവ എന്തർഥമാക്കിയാലും, "ജനനവിഹീനൻ " എന്നതിന് അതൊന്നും തുല്യമല്ല.

അതുകൊണ്ട്, ജനനവിഹീനൻ ആണെന്ന മഹനീയത പിതാവിനു മാത്രം മാറ്റിവച്ചിരിക്കുന്നതാണ്. മറ്റാരും അവന്റെ അസ്തിത്വഹേതുവല്ല. അതുപോലെ, പുത്രൻ അർഹിക്കുന്ന ബഹുമാനം അവനും നൽകണം. ഉത്ഭവരഹിതനായ പിതാവിൽ നിന്നുള്ള അവന്റെ ജനനമാണ് ഞാൻ അർഥമാക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ, അവന് നാം ആരാധന അർപ്പിക്കണം. "ഉണ്ടായിരുന്നു", "എപ്പോഴും", "യുഗങ്ങൾക്കെല്ലാം മുമ്പ്" എന്നിവ ഭക്തിയോടും മതാത്മകചിന്തയോടും അവനു നാം ആരോപിക്കണം. അവന്റെ ദൈവത്വം തള്ളിക്കളഞ്ഞുകൊണ്ടല്ല, പിന്നെയോ, തന്റെ പിതാവിന്റെ പരിപൂർണച്ഛായ അവന് ആരോപിച്ചു കൊണ്ടായിരിക്കണം. അതേസമയം "എന്റെ പിതാവ് എന്നേക്കാൾ വലിയവനാണ്" എന്ന് രക്ഷകൻ പറഞ്ഞതുപോലെ, ജനനവിഹീനൻ എന്ന മഹനീയത പിതാവിനു മാത്രം ആരോപിക്കണം. പിതാവിനെയും പുത്രനെയും സംബന്ധിച്ച ഈ മതാത്മക വിശ്വാസത്തോടൊപ്പം, തിരുലിഖിതം പഠിപ്പിക്കുന്നതുപോലെ, പഴയനിയമത്തിലെയും പുതിയനിയമത്തിലെയും വിശുദ്ധരെയും ദിവ്യപ്രബോധകരെയും പ്രചോദിപ്പിച്ച ഏകപരിശുദ്ധാത്മാവിനെയും നാം ഏറ്റുപറയുന്നു. ഒരേയൊരു കത്തോലിക്കാസഭയിൽ നാം വിശ്വസിക്കുന്നു. ലോകം മുഴുവൻ അതിനെതിരെ പോരാടാൻ തീരുമാനിച്ചാലും, ഈ ശ്ലൈഹികസഭയെ തകർക്കാനാവില്ല. പാഷണ്ഡികളുടെ എല്ലാ അബദ്ധ പ്രബോധനങ്ങൾക്കുമുപരി അത് വിജയിക്കുന്നു. കാരണം, "ധൈര്യമായിരിക്കുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" എന്ന വാക്കുകളിലൂടെ കർത്താവ് നമ്മെ ധൈര്യപ്പെടുത്തുന്നു (യോഹ.16,33).

ഇതിനുശേഷം, മരിച്ചവരിൽ നിന്നുള്ള ഉത്ഥാനത്തെ സംബന്ധിച്ചുള്ള പ്രബോധനം നാം സ്വീകരിക്കുന്നു. ഉത്ഥാനം സംബന്ധിച്ച് നമ്മുടെ കർത്താവായ യേശുക്രിസ്തു ആദ്യഫലമായിത്തീർന്നു. അവിടുന്ന് മായാരൂപത്തിലല്ല, സത്യമായും ദൈവമാതാവായ മറിയത്തിൽ നിന്ന് ശരീരം ധരിച്ചു. കാലപൂർണതയിൽ പാപപരിഹാരാർഥം നമ്മുടെ ഇടയിൽ വ്യാപരിച്ചു. അവിടുന്ന് ക്രൂശിക്കപ്പെടുകയും മരിക്കുകയും ചെയ്തു. എന്നാൽ ഈ പീഡകൾ നിമിത്തം അവന്റെ ദൈവത്വത്തിന് കുറവു വന്നില്ല. അവൻ

മരിച്ചവരിൽ നിന്നുയിർത്തു. സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു. ഉന്നതത്തിൽ മഹത്വത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി.

ഓരോന്നിനെപ്പറ്റിയും വിശദമായി എഴുതുന്നത് വിരസമാണെന്ന് കരുതി, ഈ ലേഖനത്തിൽ ഈ കാര്യങ്ങൾ ഭാഗികമായി സൂചിപ്പിച്ചതേ യുള്ളു. അവ അങ്ങേയ്ക്ക് അറിവുള്ളതാണല്ലോ. ഈ സംഗതികൾ ഞങ്ങൾ പഠിപ്പിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നു. ശ്ലൈഹികസഭയുടെ ഡോഗ്മാകൾ ഇവയാണ്. ഇവയെപ്രതി മരിക്കാനും നാം തയാറാണ്. ഇവ തള്ളിപ്പറയാൻ നമ്മെ നിർബന്ധിക്കുന്നവരെ നാം പരിഗണിക്കുന്നില്ല. പീഡനങ്ങളിലൂടെ നമ്മെ നിർബന്ധിച്ചാലും അവയിലുള്ള നമ്മുടെ പ്രത്യാശ നാം കൈവെടിയുകയില്ല.

ആരിയസിനെയും അക്കില്ലെസിനെയും സഹചരന്മാരെയും നാം സഭയിൽ നിന്ന് പുറന്തള്ളി. കാരണം, അവർ നമ്മുടെ ഭക്തപ്രബോധനത്തിന് അന്യ രായിത്തീർന്നു. ഭാഗ്യവാനായ പൗലോസ് പറയുന്നു: “നിങ്ങൾ സ്വീകരിച്ച സുവിശേഷമല്ലാതെ മറ്റൊന്ന് ആരെങ്കിലും പ്രസംഗിച്ചാൽ, സ്വർഗത്തിൽ നിന്നുള്ള ദൂതൻ തന്നെയെന്ന് നടിച്ചാലും, അവൻ ശപിക്കപ്പെട്ടവൻ ആകട്ടെ” (ഗലാ.1,8.9). “ആരെങ്കിലും ഇതിൽ നിന്ന് വ്യത്യസ്തമായി പഠിപ്പിക്കുകയോ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ യഥാർഥ വചനങ്ങളോടും ദൈവഭക്തിക്കു ചേർന്ന പ്രബോധനങ്ങളോടും യോജിക്കാതിരിക്കുകയോ ചെയ്താൽ, അവൻ അഹങ്കാരിയും അജ്ഞനുമാണ്” (1തിമോ. 6,3.4). നമ്മുടെ സമൂഹം അവരെ മുടക്കിയതിനാൽ, നിങ്ങളാരും അവരെ സ്വീകരി ക്കയാകട്ടെ, അവർ എഴുതുകയും പറയുകയും ചെയ്യുന്നത് ശ്രദ്ധിക്കയാകട്ടെ ചെയ്യരുത്.

വഞ്ചകരായ അവർ നുണ പ്രചരിപ്പിക്കുന്നു. അവർ ഒരിക്കലും സത്യ ത്തോട് പറ്റിച്ചേരുന്നില്ല. സൗഹൃദത്തിന്റെയും സമാധാനത്തിന്റെയും മറവിലും പേരിലും കത്തുകൾ കൊടുക്കാനെന്ന വ്യാജേന അവർ നഗരങ്ങ ളിൽ ചുറ്റിക്കറങ്ങുന്നു. “പാപബന്ധിതരായ ചില സ്ത്രീകളെ” വഞ്ചിക്കാനും തിരികെ കത്തുകൾ കിട്ടാനും, മുഖസ്തുതിയും കാപട്യവും കാട്ടുന്നു (2 തിമോ. 3,6). ഇപ്രകാരം ക്രിസ്തുവിനെതിരെ പ്രവർത്തിക്കാൻ മുതിർന്നവരെ ഒഴിഞ്ഞു മാറാൻ, വത്സല സഹോദരരേ, ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. അവർ ക്രിസ്തുമതത്തെ അവഹേളനാവിഷയമാക്കുന്നു. കോടതികളിൽ ആളുകളിക്കാൻ ആവേശത്തോടെ പരിശ്രമിക്കുന്നു. ഈ സമാധാനകാലത്ത് നമുക്കെതിരെ ഒരു മതപീഡനം അഴിച്ചുവിടാൻ അവർ കളമൊരുക്കുന്നു. ക്രിസ്തുവിന്റെ ജനനസംബന്ധമായ അവാച്യ രഹസ്യത്തെ അവർ നിർവീര്യ മാക്കുന്നു. നമ്മുടെ ചില സഭാശുശ്രൂഷകർ ചെയ്യുന്നതു പോലെ അവരോ ടുള്ള എതിർപ്പിൽ ഏകയോഗമായി ഒത്തുകൂടുവിൻ. നമ്മുടെ ആളുകൾ ധാർമികരോഷത്താൽ നിറഞ്ഞ്, അവർക്കെതിരെ നമുക്കെഴുതുകയും നമ്മുടെ കത്തിൽ ഒപ്പിടുകയും ചെയ്തു.

ഡീക്കൻ ആപ്പിയോൻ എന്ന എന്റെ മകൻവശം ഈ കത്തുകൾ ഞാൻ കൊടുത്തുവിടുന്നു. ഈജിപ്ത്, തേബായ്ഡ്, ലിബിയാ, പംഫീലിയാ,

ആസിയാ, കപ്പഡോഷ്യാ, സമീപപ്രദേശങ്ങൾ എന്നിവിടങ്ങളിലെ സഭാശുശ്രൂഷകരുടേതാണവ. അങ്ങും അവരുടെ മാതൃക പിൻതുടരുമെന്ന് ഞാൻ കരുതുന്നു. വഴിതെറ്റിയവരെ തിരികെ കൊണ്ടുവരാൻ നാം നിരവധി പരിശ്രമങ്ങൾ നടത്തി. എന്നാൽ വഞ്ചിക്കപ്പെട്ട അൽമായരെ അനുതാപത്തിലേക്ക് ആനയിക്കുന്നതിന്, നമ്മുടെ സഹശുശ്രൂഷകരുടെ ഐക്യപ്രകടനത്തേക്കാൾ കാര്യക്ഷമമായി മറ്റൊന്നും കണ്ടില്ല.

അങ്ങയുടെ കൂടെയുള്ളവർക്ക് ആശംസകൾ അറിയിക്കുക. എന്റെ വത്സലനേ, അങ്ങ് കർത്താവിൽ സുശക്തനായിരിക്കുന്നതിനും ക്രിസ്തുവിനോടുള്ള അങ്ങയുടെ സ്നേഹത്തിന്റെ ഫലം എനിക്ക് ലഭിക്കുന്നതിനും ഞാൻ പ്രാർഥിക്കുന്നു.

താഴെപ്പറയുന്നവരാണ് പാഷണ്ഡരായി സഭാഭ്രഷ്ടരാക്കപ്പെട്ടവർ: വൈദികഗണത്തിൽ നിന്ന് ആരിയസ്; ഡീക്കന്മാരിൽ നിന്ന്, അക്കില്ലെസ്, എവുസോയിയുസ്, ഐതാലെസ്, ലൂഷ്യസ്, സർമാതെസ്, ജൂലിയസ്, മേനാസ്, മറ്റൊരു ആരിയസ്, ഹെല്ലാഡിയസ്.”

ഈ രീതിയിൽ അന്ത്യോക്യൻ മെത്രാൻ ഫിലൊഗോണിയുസിനും ബേറോയാ മെത്രാൻ എവുസ്താത്യോസിനും ശ്ലൈഹികപ്രബോധനം ന്യായീകരിച്ച എല്ലാവർക്കും അലക്സാണ്ഡർ എഴുതി.

എന്നാൽ ആരിയസിന് അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. തന്റെ അഭിപ്രായത്തോട് യോജിക്കുന്നെന്ന് കരുതിയവർക്കെല്ലാം അയാൾ കത്തുകളെഴുതി. നിക്കൊമേദിയായിലെ എവുസേബിയസിന് ആരിയസ് എഴുതിയതിൽ നിന്ന്, അയാളെപ്പറ്റി ദിവ്യനായ അലക്സാണ്ഡർ എഴുതിയതിൽ തെറ്റായിട്ട് ഒന്നുമില്ലെന്ന് വ്യക്തമായി തെളിയുന്നു. ഈ അഭക്തിയിൽ ഉൾപ്പെട്ടവരുടെ പേരുകൾ പൊതുവായി അറിയപ്പെടാൻ, ആരിയസിന്റെ കത്ത് ഇവിടെ ചേർക്കുന്നു.

### അധ്യായം 4

## നിക്കൊമേദിയായിലെ എവുസേബിയസിന് ആരിയസിന്റെ കത്ത്

സത്യവിശ്വാസിയും ദൈവത്തിന്റെ വിശ്വസ്ത മനുഷ്യനും ഏറ്റവും പ്രിയപ്പെട്ട മെത്രാനുമായ എവുസേബിയസിന്: പരിച കൊണ്ടെന്നപോലെ നീയും കാക്കുന്നതും എല്ലാറ്റിനെയും ജയിക്കുന്നതുമായ സത്യവിശ്വാസത്തെ പ്രതി അലക്സാണ്ഡർ പാപ്പായാൽ അനീതിയായി പീഡിപ്പിക്കപ്പെടുന്ന ആരിയസ്, കർത്താവിൽ ആശംസകൾ അയക്കുന്നു.

എന്റെ പിതാവ് അമ്മോണാസ് നിക്കൊമേദിയായിലേക്ക് പോയപ്പോൾ

അവൻ വഴി നിനക്കെഴുതുന്നതും, ദൈവത്തിനും തന്റെ മിശിഹായ്ക്കും വേണ്ടി സഹോദരന്മാരോട് നീ കാണിക്കുന്ന സഹജമായ സ്നേഹവും ദയാമസൃണമായ രീതികളും അനുസ്മരിക്കുന്നതും, ഉചിതവും എന്റെ വലിയ കർത്തവ്യവുമായി ഞാൻ കരുതി. ഞങ്ങളെ സംബന്ധിച്ച് മെത്രാൻ വലിയ ഒച്ചപ്പാടുണ്ടാക്കുകയും ഞങ്ങളെ വളരെ പീഡിപ്പിക്കുകയും ഞങ്ങൾക്കെതിരായി വർത്തിക്കുകയും ചെയ്യുന്നെന്ന് നിന്നോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നിരീശ്വരന്മാരെ എന്നവണ്ണം അദ്ദേഹം ഞങ്ങളെ നഗരത്തിനു പുറത്താക്കി. അദ്ദേഹം പരസ്യമായി പ്രസംഗിക്കുന്ന വസ്തുതകളോട് ഞങ്ങൾ യോജിക്കുന്നില്ല എന്നതാണ് കാരണം.

അദ്ദേഹം പഠിപ്പിക്കുന്നത് ഇപ്രകാരമാണ്: "ദൈവം എപ്പോഴും ഉണ്ടായിരുന്നു. പുത്രൻ എപ്പോഴും ഉണ്ടായിരുന്നു. പിതാവിനേപ്പോലെ പുത്രനുമാണ്. ജനനവിഹീനനായ ദൈവത്തോടുകൂടെ പുത്രൻ സ്ഥിതിചെയ്യുന്നു. അവൻ നിത്യമായി സ്ഥിതി ചെയ്യുന്നു. ചിന്ത കൊണ്ടോ, മറ്റെന്തെങ്കിലും കൊണ്ടോ ദൈവം പുത്രനേക്കാൾ മുമ്പല്ല. ദൈവം എപ്പോഴും ഉണ്ടായിരുന്നു, പുത്രൻ എപ്പോഴും ഉണ്ടായിരുന്നു. ജനനവിഹീനനിൽ നിന്ന് അവൻ ജനിച്ചവനാണ്. പുത്രൻ ദൈവത്തിൽ നിന്നു തന്നെയാണ്."

നിന്റെ സഹോദരനായ കേസറിയായിലെ എവുസേബിയസ്, തെയൊഡോട്ടസ്, പൗളീനുസ്, അത്തനാസ്യോസ്, ഗ്രിഗോറിയോസ്, ഏസ്യൂസ് തുടങ്ങി കിഴക്കുള്ള മെത്രാന്മാരെല്ലാം മുടക്കപ്പെട്ടിരിക്കയാണ്. കാരണം, പുത്രനുമുമ്പേ ആരംഭം കൂടാതെ ദൈവത്തിന് അസ്തിത്വം ഉണ്ടെന്ന് അവരെല്ലാവരും പറയുന്നു. പാഷണ്ഡരും അജ്ഞരുമായ ഫിലൊഗോണിയുസ്, ഹെല്ലാനിക്കുസ്, മക്കാറിയോസ് എന്നിവരൊഴിച്ച് എല്ലാവരും ഇങ്ങനെയാണ് പഠിപ്പിക്കുന്നത്. പുത്രൻ ഒരു പ്രവാഹമാണെന്ന് ഒരാളും നിർഗമനം ആണെന്ന് മറ്റൊരാളും ജനിച്ചവൻ അല്ലെന്ന് വേറൊരാളും പറയുന്നു.

പാഷണ്ഡികൾ ഒരായിരം പീഡനം കൊണ്ട് നമ്മെ ഭീഷണിപ്പെടുത്തിയാലും നമുക്കിതൊന്നും ശ്രദ്ധിക്കാൻ സാധിക്കുകയില്ല. എന്നാൽ എന്താണ് നാം പറയുന്നതും വിശ്വസിക്കുന്നതും പഠിപ്പിച്ചതും ഇപ്പോഴും പഠിപ്പിക്കുന്നതും? "പുത്രൻ ജനിച്ചവനാണ്. അവൻ ജനിക്കാത്തവന്റെ ഭാഗമല്ല. അവൻ താഴ്ന്ന സത്തയിൽ നിന്നല്ല. പിന്നെയോ, പിതാവിന്റെ തന്നെ തിരുമനസ്സിനാലും തിരുവിഷ്ടത്താലും അവൻ സമയങ്ങൾക്കും യുഗങ്ങൾക്കും മുമ്പേ പരിപൂർണ ദൈവമായും ഏകജാതനായും മാറ്റമില്ലാത്തവനായും സ്ഥിതി ചെയ്യുന്നു. സൃഷ്ടിക്കപ്പെടുകയും ജനിപ്പിക്കപ്പെടുകയും സ്ഥാപിക്കപ്പെടുകയും നിർണയിക്കപ്പെടുകയും ചെയ്യുന്നതിനുമുമ്പ് അവനില്ലായിരുന്നു. അവൻ ജനനവിഹീനൻ അല്ല.

"പുത്രന് ഒരാരംഭമുണ്ട്, എന്നാൽ ദൈവം ആരംഭരഹിതനാണ്" എന്നു പറയുന്നതിനാണ് ഞങ്ങൾ പീഡിപ്പിക്കപ്പെടുന്നത്. ഞങ്ങളുടെ പീഡനത്തിന്റെ യഥാർഥ കാരണം ഇതാണ്. അതുപോലെ, "അവൻ ഇല്ലായ്മയിൽ നിന്നാണ്"എന്നു ഞങ്ങൾ പറയുന്നതിനാലുമത്രേ. "അവൻ ദൈവത്തിന്റെ

ഭാഗമല്ല. ഏതെങ്കിലും താഴ്ന്ന സത്തയിൽ നിന്നുമല്ല" എന്നതിനാലത്രേ ഞങ്ങളിതു പറയുന്നത്. ഇതുകൊണ്ടാണ് ഞങ്ങൾ പീഡിപ്പിക്കപ്പെടുന്നത്.

ശേഷമുള്ളത് നിനക്കറിയാമല്ലോ. കർത്താവിൽ ആശംസകൾ. ലൂഷ്യന്റെ ഒരു സഹശിഷ്യൻ എന്ന നിലയിലും നിന്റെ നാമം സൂചിപ്പിക്കുന്നതുപോലെ യഥാർഥത്തിലുള്ള ഭക്തനായ വ്യക്തി എന്ന നിലയിലും ഞങ്ങളുടെ കഷ്ടതകൾ ഓർക്കുമല്ലോ."

ഈ കത്തിൽ സൂചിപ്പിച്ചിരിക്കുന്ന ആളുകളുടെ പേരുകൾ: കേസറിയായിലെ എവുസേബിയസ്, ലവദീക്യായിലെ തെയൊഡോട്ടസ്, ടയറിലെ പൗളീനുസ്, അനസർബാസിലെ അത്തനാസ്യോസ്, ബരീത്തൂസിലെ ഗ്രിഗോറിയോസ്, ലിദ്ദായിലെ (ദിയോസ്പൊളീസിലെ) ഏസ്യൂസ്. ഇവരൊക്കെ തന്റെ ആശയക്കാരാണെന്ന് ആരിയസ് അഹങ്കരിച്ചിരുന്നു.

അന്ത്യോക്യയിലെ ഫിലൊഗോണിയുസ്, ട്രിപ്പൊളിയിലെ ഹെല്ലാനിക്കുസ്, ജറുസലേമിലെ മക്കാറിയോസ് എന്നിവരെ തന്റെ ശത്രുക്കളായി അയാൾ കരുതി. പുത്രൻ യുഗങ്ങൾക്കെല്ലാം മുൻപ് സ്ഥിതിചെയ്യുന്ന നിത്യനാണെന്നും പിതാവിനു തുല്യമായ ബഹുമാനമുള്ളവനാണെന്നും അവന് പിതാവിന്റെ അതേ സത്തയാണെന്നും അവർ പറയുന്നതിനാലാണ് അയാൾ അവർക്കെതിരെ അപവാദം പ്രചരിപ്പിച്ചത്. എവുസേബിയസിന് ഈ കത്തു കിട്ടിയപ്പോൾ, അയാളും തന്റെ അഭക്തി പുറത്തുകാട്ടി. അയാൾ ടയറിലെ പൗളീനുസിന് താഴെ പറയുന്ന വാക്കുകളിൽ എഴുതി.

## അധ്യായം 5

# പൗളീനുസിനെഴുതിയ കത്ത്

പ്രിയപ്പെട്ട പൗളീനുസിന്, എവുസേബിയസ്, കർത്താവിൽ ആശംസകൾ അയക്കുന്നു.

സത്യത്തെപ്രതി അങ്ങേയ്ക്കുള്ള തീക്ഷ്ണതയും എന്നാൽ അതേപ്പറ്റിയുള്ള നിശ്ശബ്ദതയും എന്റെ കാതുകളിലെത്തി. അങ്ങയുടെ തീക്ഷ്ണതയിൽ ഞങ്ങൾ സന്തോഷിക്കുന്നു. എന്നാൽ നിശ്ശബ്ദതയിൽ ദുഃഖിക്കുന്നു. കാരണം, അങ്ങയെപ്പോലെയുള്ള ഒരാളുടെ നിശ്ശബ്ദത നമ്മുടെ ലക്ഷ്യത്തിന്റെ പരാജയമായി കാണപ്പെടും. അതുകൊണ്ട് മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായ അഭിപ്രായം പുലർത്തുന്നതും സത്യം സംബന്ധിച്ച് നിശ്ശബ്ദനായിരിക്കുന്നതും ബുദ്ധിമാന് ചേർന്നതല്ല. അതിനാൽ, വിജ്ഞാനത്തിന്റെ ആത്മാവിനെ ഉണർത്തി തിരുലിഖിതാനുസൃതം എഴുതാൻ നീ മനസ്സു വച്ചാൽ, നിനക്കും മറ്റുള്ളവർക്കും പ്രയോജനകരമായത് ആരംഭിക്കാൻ നിനക്കു കഴിയും. അതിന് ഞാൻ അങ്ങയെ ഉപദേശിക്കുന്നു.

രണ്ട് ജനനവിഹീന യാഥാർഥ്യങ്ങൾ ഉണ്ടെന്നോ, ഒന്ന് വിഭജിക്കപ്പെട്ട്

രണ്ടായെന്നോ നാം ഒരിക്കലും കേട്ടിട്ടില്ല. ശാരീരിക രീതിയിൽ അത് എപ്പോഴെങ്കിലും മാറ്റത്തിന് വിധേയമായെന്ന് നാം പഠിച്ചിട്ടില്ല. വിശ്വസിച്ചിട്ടുമില്ല. മറിച്ച്, ജനനവിഹീനൻ ഏകനാണെന്നും അവനാൽ സത്യത്തിൽ സ്ഥിതി ചെയ്യുന്നവൻ ഏകനാണെന്നും, എന്നാൽ അവന്റെ സത്തയിൽ നിന്ന് നിർമിക്കപ്പെട്ടതല്ലെന്നും, അവന്റെ സ്വഭാവത്തിലോ സത്തയിലോ ഭാഗഭാഗിത്വം ഇല്ലെന്നും സ്വഭാവത്തിലും അധികാരത്തിലും അവൻ പൂർണമായി വ്യത്യസ്തനാണെന്നും നിർമാതാവിന്റെ പരിപൂർണ ച്ഛായയിൽ സ്വഭാവഗുണത്തിലും അധികാരത്തിലും നിർമിക്കപ്പെട്ടവനാണെന്നും നാം തറപ്പിച്ചു പറയുന്നു.

അവന്റെ ആരംഭം വാക്കുകളിൽ പ്രകടിപ്പിക്കാനോ, ചിന്തയിൽ കൊണ്ടുവരാനോ സാധ്യമല്ല. അത് മനുഷ്യർക്കും ഉന്നതജീവികൾക്കും തികച്ചും അഗ്രാഹ്യമാണ്. ഈ അഭിപ്രായങ്ങൾ നാം അവതരിപ്പിക്കുന്നു. ഇത് നമ്മുടെ ഭാവനയിൽ നിന്നല്ല, പിന്നെയോ, തിരുലിഖിതത്തിൽ നിന്ന് അനുമാനിച്ചെടുത്തവയാണ്. അതുകൊണ്ട്, പുത്രൻ സൃഷ്ടിക്കപ്പെട്ടവനും സ്ഥാപിക്കപ്പെട്ടവനും നിർമാതാവിന്റെ വ്യതിയാനരഹിതവും അവാച്യവുമായ അതേ സത്തയിൽ ജനിപ്പിക്കപ്പെട്ടവനും ആണെന്ന് നാം ഗ്രഹിക്കുന്നു. കർത്താവ് പറയുന്നു: “തന്റെ വഴിയുടെ ആരംഭത്തിൽ ദൈവം എന്നെ സൃഷ്ടിച്ചു. നിത്യത മുതൽ ഞാൻ സ്ഥാപിക്കപ്പെട്ടു. മലകൾക്കു മുമ്പ് ഞാൻ ജനിച്ചു” (സുഭാ. 8,22.26).

അവൻ അവനിൽ നിന്നാണെങ്കിൽ, അഥവാ, അവന്റെ ഒരു ഭാഗം എന്ന നിലയിൽ അവന്റേതാണെങ്കിൽ, അഥവാ, അവന്റെ സത്തയുടെ ബഹിർഗമനത്താൽ ആണെങ്കിൽ, അവൻ സൃഷ്ടിക്കപ്പെട്ടവനും സ്ഥാപിക്കപ്പെട്ടവനുമാണെന്ന് പറയാനാകില്ല. പ്രിയപ്പെട്ടവനേ, അങ്ങ് ഈ കാര്യത്തിൽ നിശ്ചയമായും അജ്ഞാതനല്ല. കാരണം, ജനനവിഹീനനിൽ നിന്നുള്ളത് അവനാലോ, മറ്റൊന്നിനാലോ നിർമിക്കപ്പെട്ടെന്നോ സ്ഥാപിക്കപ്പെട്ടെന്നോ പറയാനാവില്ല. എന്തുകൊണ്ടെന്നാൽ അത് ആരംഭം മുതൽ ജനനവിഹീനനാണ്.

അവന്റെ അസ്തിത്വ യാഥാർഥ്യത്തെ “ജനിച്ചവൻ” എന്നു പറയുമ്പോൾ, പിതാവിന്റെ സത്തയിൽ നിന്ന് അസ്തിത്വത്തിലെത്തി എന്നതിന് എന്തെങ്കിലും അടിസ്ഥാനമുണ്ടെങ്കിൽ, അവനും പിതാവിൽ നിന്ന് സ്വഭാവത്തിന്റെ ച്ഛായയുണ്ട്. അതിന് നമ്മുടെ മറുപടി ഇതാണ്: ജനിച്ചവൻ എന്ന് അവനെപ്പറ്റി മാത്രമല്ല, തിരുലിഖിതം സംസാരിക്കുന്നത്. സ്വഭാവത്താൽ തികച്ചും അതുല്യമായവയെപ്പറ്റിയും ഇപ്രകാരം പറയുന്നു. കാരണം, മനുഷ്യനെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു: “ഞാൻ മക്കളെ പോറ്റിവളർത്തി, എന്നാൽ അവർ എന്നോട് മത്സരിച്ചു” (ഏശാ.1,2). മറ്റൊരിടത്ത്: “നിന്നെ ജനിപ്പിച്ച ദൈവത്തെ നീ ഉപേക്ഷിച്ചു” (ആവ.32,18). വീണ്ടും, “മഞ്ഞുതുള്ളിയെ ജനിപ്പിച്ചതാരാണ്?”(ജോബ്, 38,28). മഞ്ഞുതുള്ളിക്ക് ദൈവത്തിന്റെ സ്വഭാവത്തിൽ ഭാഗഭാഗിത്വമുണ്ടെന്ന് ഇതിൽ നിന്ന് ധ്വനിക്കുന്നില്ല. പിന്നെയോ, എല്ലാ വസ്തുക്കളും അവന്റെ തിരുഹിതാനുസൃതം രൂപീകൃതമായി എന്നത്രേ. വാസ്തവത്തിൽ അവന്റെ സത്തയിൽ നിന്ന് യാതൊന്നും അതിനില്ല.

എങ്കിലും അവന്റെ തിരുഹിതത്തിൽ നിന്നാണ് എല്ലാ യാഥാർഥ്യങ്ങളും അസ്തിത്വത്തിൽ എത്തിയത്. അവൻ ദൈവമാണ്. സമസ്തവസ്തുക്കളും അവന്റെ ച്ഛായയിലും, തന്റെ സ്വതന്ത്രേച്ഛയിൽനിന്ന് സൃഷ്ടിക്കപ്പെട്ട തന്റെ വചനത്തിന്റെ ഭാവിച്ഛായയിലും നിർമിക്കപ്പെട്ടു. അവനിലൂടെ ദൈവം എല്ലാ വസ്തുക്കളെയും നിർമിച്ചു. എല്ലാ വസ്തുക്കളും ദൈവത്തിൽ നിന്നാണ്.

എന്റെ കത്തു കിട്ടിക്കഴിയുമ്പോൾ, അങ്ങയുടെ അറിവിനനുസരിച്ചും ദൈവം തരുന്ന കൃപയ്ക്കൊത്തവണ്ണവും അത് ഭേദപ്പെടുത്തി പ്രിയപ്പെട്ട അലക്സാണ്ഡറിന് എത്രയും വേഗം എഴുതണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. അങ്ങ് അദ്ദേഹത്തിനെഴുതിയാൽ നിന്റെ അഭിപ്രായത്തിലേക്ക് അവനെ എത്തിക്കാൻ നിനക്ക് കഴിയുമെന്ന് എനിക്കുറപ്പുണ്ട്. എല്ലാ സഹോദരങ്ങളെയും കർത്താവിൽ അഭിവാദ്യം ചെയ്യുന്നു. ദൈവം തന്റെ കൃപയാൽ അങ്ങയെ സംരക്ഷിക്കട്ടെ. എനിക്കുവേണ്ടി പ്രാർഥിക്കാൻ ദൈവം ഇടയാക്കട്ടെ.”

സത്യത്തിനെതിരെ പരസ്പരം ആയുധം നൽകാൻ ഇപ്രകാരമാണ് അവർ പരസ്പരം എഴുതിയത്. ദൈവദൂഷണപരമായ പ്രബോധനം ഈജിപ്തിലെയും പൗരസ്ത്യ പ്രവിശ്യയിലെയും സഭകളിൽ വിതയ്ക്കപ്പെട്ടപ്പോൾ, എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ദൈവശാസ്ത്രവിഷയങ്ങൾ സംബന്ധിച്ച് ചർച്ചകളും തർക്കങ്ങളും ഉടലെടുത്തു. ഇരുവിഭാഗവും പറഞ്ഞതു കേട്ട സാധാരണ ജനങ്ങൾ ന്യായാധിപന്മാരായി മാറി. ചിലർ ഒരു ഭാഗത്തെയും മറ്റുചിലർ മറുഭാഗത്തെയും ശ്ലാഘിച്ചു. കണ്ണീരൊഴുക്കത്തക്ക പരിതാപകരമായ രംഗങ്ങൾ ഉണ്ടായി. കാരണം, സഭയെ ശത്രുക്കളും അപരിചിതരും കടന്നാക്രമിച്ച പണ്ടത്തെ രീതിയിൽ അല്ലായിരുന്നിത്. എന്നാൽ ഇപ്പോൾ ഒരേ മേൽക്കൂരയ്ക്ക് കീഴിൽ കഴിയുന്നവർ ഒരേ മേശയ്ക്കു ചുറ്റും ഭക്ഷണത്തിനിരിക്കുന്നവർ, ഒരേ രാജ്യത്തെ നാട്ടുകാർ കുന്തം കൊണ്ടല്ല, നാവുകൊണ്ട് പരസ്പരം പോരടിച്ചു. ആയുധമെടുത്ത് പരസ്പരം പോരടിച്ചവർ ഒരേ ശരീരത്തിലെ അവയവങ്ങളാണ് എന്നത് കൂടുതൽ ദുഃഖകരമായിരുന്നു.

### അധ്യായം 6

## നിഖ്യാസൂനഹദോസ്

അതിബുദ്ധിമാനായ കോൺസ്റ്റന്റൈൻ ചക്രവർത്തി ഇവ കേട്ടറിഞ്ഞപ്പോൾ, ആദ്യനടപടി എന്ന നിലയിൽ അവരുടെ ഉറവ അടയ്ക്കാൻ ഒരു പരിശ്രമം നടത്തി. ഈ തർക്കം അവസാനിപ്പിക്കുന്നതിനും താർക്കികരെ അനുരഞ്ജനപ്പെടുത്തുന്നതിനുമായി കത്തുകളുമായി ഒരു ശ്രേഷ്ഠവ്യക്തിയെ ഈജിപ്തിലേക്കയച്ചു. എന്നാൽ ആ ദൗത്യം വിജയിക്കാഞ്ഞതിനാൽ, വിഖ്യാതമായ നിഖ്യാകൗൺസിൽ വിളിച്ചുകൂട്ടാൻ തീരുമാനിച്ചു. പൊതുഖജനാവിൽ നിന്ന് മെത്രാന്മാർക്ക് യാത്രാസൗകര്യം ഒരുക്കുന്നതാണെന്ന്

ചക്രവർത്തി ഉറപ്പു നൽകി. യാത്ര ചെയ്യാൻ കഴിവുള്ളവരെല്ലാം നിഖ്യായിൽ എത്തിയപ്പോൾ മെത്രാന്മാരുടെ കൂട്ടത്തെ കാണുന്നതിനും അവരുടെ ഇടയിൽ ഐക്യം ഉണ്ടാക്കുന്നതിനും ചക്രവർത്തി നേരിട്ട് അവിടെയെത്തി. മെത്രാന്മാർക്ക് ആവശ്യമുള്ളവയെല്ലാം നൽകാൻ വേണ്ട ക്രമീകരണം ഉടൻ തന്നെ ചെയ്തു. മുന്നൂറ്റിപതിനെട്ട് മെത്രാന്മാർ ഒത്തുകൂടി. പ്രായാധിക്യത്താൽ റോമാമെത്രാൻ വന്നില്ല. എന്നാൽ നടപടികളോട് യോജിക്കാൻ അധികാരപ്പെടുത്തി രണ്ടു വൈദികരെ അദ്ദേഹം അയച്ചു.

ശ്ലൈഹികവരങ്ങളാൽ സമൃദ്ധമായി നിറഞ്ഞ നിരവധിപേർ ഇക്കാലത്ത് ഉണ്ടായിരുന്നു. വിശുദ്ധ ശ്ലീഹന്മാരെപ്പോലെ, നമ്മുടെ കർത്താവേശുക്രിസ്തുവിന്റെ അടയാളങ്ങൾ അനേകർ വഹിച്ചിരുന്നു (ഗലാ.6,27). നിസിബിസ് എന്ന് സിറിയാക്കാരും അസ്സീറിയാക്കാരും വിളിക്കുന്ന, മിഗ്ദോണിയായിലെ യാക്കോബ് മരിച്ചവരെ ജീവിപ്പിച്ച് എഴുന്നേൽപ്പിച്ചു. അദ്ദേഹം മറ്റനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു. *സന്യാസചരിത്രം* എന്ന കൃതിയിൽ ഞാൻ വിശദമായി നൽകിയതിനാൽ, ഈ ചരിത്രത്തിൽ അവയെല്ലാം വീണ്ടും അവതരിപ്പിക്കുന്നത് അധികപ്പറ്റായിരിക്കും.

യൂഫ്രട്ടീസ് തീരത്തുള്ള കോട്ടയായ നെയോ ചെസാറിയായിലെ പൗലോസ് മെത്രാൻ, ലിചീനിയുസിന്റെ വട്ടുപിടിച്ച ക്രോധാവേശം മൂലം പീഡിപ്പിക്കപ്പെട്ടു. ഇരുകരങ്ങളും ഉപയോഗശൂന്യമാകത്തക്കവിധം ചുട്ടുപഴുത്ത ഇരുമ്പുകൊണ്ട് അദ്ദേഹം പീഡിപ്പിക്കപ്പെട്ടു. മസിലുകൾക്ക് അയവു വരുത്തുന്ന ഞരമ്പുകൾ ചുരുങ്ങി ബലക്ഷയമായി. ചിലരുടെ വലത്തുകണ്ണ് ചുഴന്നെടുത്തിരുന്നു. മറ്റു ചിലരുടെ വലത്തുകൈ വെട്ടി നീക്കപ്പെട്ടിരുന്നു. അക്കൂട്ടത്തിൽ പെട്ട ആളാണ് ഈജിപ്തിലെ പഫ്നൂസ്യൂസ്.

ചുരുക്കത്തിൽ രക്തസാക്ഷികളുടെ വലിയ സൈന്യനിരയായി കൗൺസിൽ കാണപ്പെട്ടു. എങ്കിലും ഈ പരിപാവനവും പ്രകീർത്തിതവുമായ കൗൺസിലിലും എതിർപ്പുകൾ പൂർണമായി ഒഴിവായിരുന്നില്ല. കാരണം, ചിലർ പരസ്യമായിട്ടല്ലെങ്കിലും ആരിയസിന്റെ ദൈവദൂഷണത്തെ പിൻതാങ്ങി. അവർ എണ്ണത്തിൽ വളരെ കുറവായിരുന്നു. മുകളിൽ അനക്കമില്ലാത്ത അപകടകരമായ നീർച്ചുഴി പോലെ അവർ വ്യാപരിച്ചു.

എല്ലാവരും വന്നുചേർന്നപ്പോൾ കൊട്ടാരത്തിലെ ഒരു വലിയ മുറി അവർക്കായി സജ്ജമാക്കാൻ ചക്രവർത്തി കൽപ്പിച്ചു. അതിൽ ആവശ്യത്തിനുള്ള ഇരിപ്പിടം ക്രമീകരിച്ചു. അവർ അർഹിക്കുന്ന ബഹുമാനത്തോടുകൂടെ അവരോട് പെരുമാറാൻ വേണ്ട ക്രമീകരണം ചെയ്തു. മെത്രാന്മാരെല്ലാം പ്രവേശിച്ച് വിഷയം ചർച്ച ചെയ്യാൻ ചക്രവർത്തി ആഗ്രഹിച്ചു. കുറേ അനുചരന്മാരോടൊപ്പം ചക്രവർത്തി അവസാനം പ്രവേശിച്ചു. അദ്ദേഹം ഒരു ആജാനുബാഹുവും ആരും പ്രശംസിക്കത്തക്ക കോമളകളേബരനും അതിലുപരി ശാന്തഗംഭീരനും ആയിരുന്നു. അത് മുഖത്ത് നിഴലിച്ചിരുന്നു.

വളരെ ഉയരമില്ലാത്ത ഒരിരിപ്പിടം അസംബ്ലിയുടെ മധ്യത്തിൽ അദ്ദേഹത്തിനായി സജ്ജമാക്കി. മെത്രാന്മാരുടെ അനുവാദം കിട്ടുന്നതുവരെ അദ്ദേഹം അതിൽ ഇരുന്നില്ല. ആ വിശുദ്ധ അസംബ്ലി അദ്ദേഹത്തിന് ചുറ്റുമിരുന്നു.

ഉടനെ അന്ത്യോക്യൻ മെത്രാൻ എവുസ്താത്യോസ് എഴുന്നേറ്റ് ചക്രവർത്തിയെ സ്വാഗതം ചെയ്ത് ഒരു സ്തുതിപ്രഭാഷണം നടത്തി. സഭാസംഗതികൾ ക്രമീകരിക്കാൻ ചക്രവർത്തി കാട്ടിയ അതീവതാൽപര്യത്തെ ശ്ലാഘിച്ച് അദ്ദേഹം സംസാരിച്ചു. നേരത്തെ സൂചിപ്പിച്ചതുപോലെ, അന്ത്യോക്യൻ മെത്രാനായ ഫിലൊഗോണിയുസിനുശേഷം, മെത്രാന്മാരുടെയും വൈദികരുടെയും ക്രിസ്തുസ്നേഹിതരായ ജനങ്ങളുടെയും ഏകയോഗമായ സമ്മതത്താൽ അന്ത്യോക്യൻ മെത്രാൻസ്ഥാനം സ്വീകരിക്കാൻ എവുസ്താത്യോസ് നിർബന്ധിതനായതാണ്.

ശ്രേഷ്ഠനായ ചക്രവർത്തി മെത്രാന്മാരെ ഹൃദയൈക്യത്തിനും അഭിപ്രായ യോജിപ്പിനും ആഹ്വാനം ചെയ്തു. സ്വേച്ഛാധിപതികളുടെ ക്രൂരത അദ്ദേഹം അവരെ അനുസ്മരിപ്പിച്ചു. തന്റെ ഭരണകാലത്ത് തന്നിലൂടെ ദൈവം നൽകിയ സമാധാനം അവർക്ക് ആശംസിച്ചു. അവരുടെ ശത്രുക്കൾ നിഗ്രഹിക്കപ്പെടുകയും ആരും അവരെ എതിർക്കാൻ ധൈര്യപ്പെടാതിരിക്കുകയും ചെയ്യുമ്പോൾ, അവർ പരസ്പരം കടന്നാക്രമിക്കുകയും അവരുടെ എതിരാളികൾ കൂകിവിളിക്കുകയും, പ്രത്യേകിച്ച്, വിശുദ്ധ സംഗതികളെപ്പറ്റി പരിശുദ്ധാത്മാവിന്റെ ലിഖിതപ്രബോധനം അവർക്കുണ്ടായിരിക്കെ, അവയെപ്പറ്റി തർക്കിക്കുകയും ചെയ്യുന്നത് ഭയാനകമാണ്, തികച്ചും ഭയാനകമാണ് എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

കാരണം, ദിവ്യസ്വഭാവത്തെപ്പറ്റി വിശ്വസിക്കേണ്ടവ സുവിശേഷങ്ങളും ശ്ലൈഹികരേഖകളും പുരാതന പ്രവാചകവചനങ്ങളും വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് എല്ലാ താർക്കികസംഗതികളും അവഗണിക്കുക. തർക്കസംഗതികൾക്ക് ദിവ്യനിവേശിത വചനത്തിൽ പ്രശ്നപരിഹാരം തേടുക. ഒരു വത്സലമകൻ പിതാവിനോടെന്നപോലെ മെത്രാന്മാരോട് ഇവയും തത്തുല്യമായ ഉപദേശങ്ങളും ചക്രവർത്തി നൽകി. ശ്ലൈഹിക പ്രബോധനത്തിൽ യോജിപ്പുണ്ടാക്കാൻ ആഹ്വാനം ചെയ്തു. അദ്ദേഹത്തിന്റെ വാക്കുകൾ സിനഡിലെ ഭൂരിപക്ഷം പേർക്കും സ്വീകാര്യമായി. അവർ തങ്ങളുടെ ഇടയിൽ ഐക്യമുണ്ടാക്കി. ശരിയായ പ്രബോധനം സ്വീകരിച്ചു.

എന്നാൽ നേരത്തെ സൂചിപ്പിച്ച അവരിൽ ചിലർ ഈ പ്രബോധനങ്ങളെ എതിർത്ത് ആരിയസിന്റെ പക്ഷം ചേർന്നു. എഫേസോസ് മെത്രാൻ മെനോഫാന്തെസ്, ഷിതോപ്പൊളീസിലെ പത്രൊഫീലുസ്, നിഖ്യായിലെ തെയോഗ്നീസ്, നെറോണിയാസിലെ നർചീസുസ്, മർമറിക്കായിലെ തെയോണാസ്, ഈജിപ്തിലെ പ്തൊളേമായിസ് മെത്രാൻ സെക്കുൻദുസ് എന്നിവരായിരുന്നു വിഘടനവാദികൾ.

അവർ അവരുടെ ഒരു വിശ്വാസഫോർമുല ഉണ്ടാക്കി കൗൺസിലിൽ അവതരിപ്പിച്ചു. അത് വായിച്ച ഉടൻ തന്നെ വലിച്ചുകീറി കളയുകയും തെറ്റും വ്യാജവുമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അവർക്കെതിരെ ഉയർന്ന ഒച്ചപ്പാട് വളരെ വലുതായിരുന്നു. മതത്തെ ഒറ്റുകൊടുത്തു എന്നാരോപിച്ച് അനേകർ അവരെ ശകാരിച്ചു. തദ്ഫലമായി, സെക്കുൻദുസും തെയോനാസും ഒഴികെ മറ്റെല്ലാവരും എഴുന്നേറ്റ് ആരിയസിനെ തള്ളിപ്പറയാൻ മുൻപന്തി

യിൽ നിന്നു. അഭക്തനായ ആരിയസിനെ സഭയിൽ നിന്ന് പുറത്താക്കി. അന്നുവരെ സഭയിൽ സ്വീകരിച്ച ഒരു വിശ്വാസപ്രമാണം ഏകയോഗമായി അംഗീകരിച്ചു. ഇതിൽ ഒപ്പിട്ട ഉടൻ തന്നെ കൗൺസിൽ പിരിച്ചുവിട്ടു.

### അധ്യായം 7

## ആരിയസിനുള്ള മറുപടി
## (എവുസ്താത്യോസിൽ നിന്നും അത്തനാസ്യോസിൽ നിന്നും)

മേൽപ്പറഞ്ഞ വിഘടനവാദികളായ മെത്രാന്മാർ സമ്മതം നൽകിയത് ആത്മാർഥമായിട്ടല്ല, ബാഹ്യമാത്രമായിട്ടാണ്. മതസംഗതികളിൽ അതീവ തീക്ഷ്ണത കാട്ടിയവർക്കെതിരെ അവർ നടത്തിയ ഗൂഢാലോചനയിൽ നിന്നും, അവരെപ്പറ്റി ഈ വിശുദ്ധർ രേഖപ്പെടുത്തിയവയിൽ നിന്നും, ഇത് വ്യക്തമാണ്. ഉദാ. നാം നേരത്തെ സൂചിപ്പിച്ച അന്ത്യോക്യയിലെ പ്രശസ്ത മെത്രാനായ എവുസ്താത്യോസ്, “തന്റെ വഴികളുടെ ആരംഭത്തിൽ തന്റെ പുരാതനകർമങ്ങൾക്കു മുമ്പ്, കർത്താവ് എന്നെ സൃഷ്ടിച്ചു” എന്ന സുഭാഷിതവാക്യം വ്യാഖ്യാനിച്ചുകൊണ്ട് അവർക്കെതിരെ എഴുതുകയും അവരുടെ ദൈവദൂഷണം ഖണ്ഡിക്കുകയും ചെയ്തു (8,22):

“ഈ വ്യത്യസ്ത സംഭവങ്ങൾ എങ്ങനെ നടന്നെന്ന് ഞാനിപ്പോൾ വിവരിക്കാം. നിഖ്യായിൽ ഒരു പൊതുസിനഡ് വിളിച്ചുകൂട്ടി. ഏതാണ്ട് 270 മെത്രാന്മാർ ഒത്തുകൂടി. എന്നാൽ അവിടെ വളരെയധികം പേർ സന്നിഹിതരായിരുന്നു. അവരുടെ കൃത്യം എണ്ണം എനിക്കറിയില്ല. അതിന് ഞാൻ മെനക്കെട്ടുമില്ല. വിശ്വാസസംബന്ധമായ ചർച്ച ആരംഭിച്ചപ്പോൾ, നിക്കൊമേദിയായിലെ എവുസേബിയസിന്റെ വിശ്വാസഫോർമുല അവതരിപ്പിച്ചു. അതിൽ സ്പഷ്ടമായി ഈ ദൈവദൂഷണം ഉണ്ടായിരുന്നു. അതു വായിച്ചപ്പോൾ വിശ്വാസത്തിൽ നിന്നുള്ള അകൽച്ച നിമിത്തം ശ്രോതാക്കൾക്കെല്ലാം വളരെ കുണ്ഠിതമുണ്ടായി. അത് രൂപീകരിച്ച ആളിന് അപരിഹാര്യമായ നാണക്കേടുണ്ടായി. ഉടനെ എവുസേബിയൻ പക്ഷക്കാരെ കുറ്റപ്പെടുത്തുകയും അഭക്തരചന എല്ലാവരുടെയും മുമ്പിൽ വച്ച് കീറിക്കളയുകയും ചെയ്തു. എന്നാൽ അവരിൽ ചിലർ സമാധാനം നിലനിർത്താനെന്ന വ്യാജേന ഏറ്റവും കഴിവുള്ള എല്ലാ പ്രസംഗകരോടും നിശ്ശബ്ദരായിരിക്കാൻ പറഞ്ഞു.”

“ഇത്രയധികം മെത്രാന്മാർ ഒത്തുകൂടി തങ്ങളെ സഭയിൽ നിന്ന് പുറത്താക്കുമോ എന്നു ഭയന്ന് ആരിയൻ പക്ഷപാതികൾ മുമ്പോട്ടുവന്ന് അഭിശപ്ത തത്വങ്ങൾ ശപിക്കുകയും വിശ്വാസപ്രമാണത്തിൽ ഒപ്പു വയ്ക്കുകയും ചെയ്തു. ഇങ്ങനെ നാണംകെട്ട വഞ്ചനയാൽ അവർക്ക് തങ്ങളുടെ രൂപതകൾ നിലനിർത്താൻ കഴിഞ്ഞു. അവരെ സ്ഥാനഭ്രഷ്ടർ ആക്കേണ്ടതായിരുന്നു. അവർ അഭിശപ്തപ്രബോധനങ്ങൾ ചിലപ്പോൾ രഹസ്യമായും

ചിലപ്പോൾ പരസ്യമായും പിൻതാങ്ങുകയും വിവിധ വാദഗതികളാൽ സത്യത്തിനെതിരെയുള്ള ഗൂഢാലോചന തുടരുകയും ചെയ്തു. അവർ ഈ കളകൾ വളർത്താൻ ഉത്സുകരായി ബുദ്ധിമാന്മാരുടെ സൂക്ഷ്മപരിശോധനയിൽ നിന്ന് പിൻവലിയുകയും നിരീക്ഷകരെ ഒഴിഞ്ഞുമാറി, ദൈവികത പ്രസംഗിക്കുന്നവരെ കടന്നാക്രമിക്കുകയും ചെയ്തു. എന്നാൽ ഈ നിരീശ്വരന്മാർക്ക് ഒരിക്കലും ദൈവത്വത്തെ കീഴടക്കാൻ ആവില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഏശായായുടെ ഗംഭീരപ്രവചനം അനുസരിച്ച്, അരമുറുക്കിയാലും അവർ ഛിന്നഭിന്നമായിപ്പോകും"(8,9).

മഹാനായ എവുസ്താത്യോസിന്റെ വാക്കുകളാണിവ. അദ്ദേഹത്തിന്റെ സഹപടയാളിയും സത്യത്തിന്റെ നെടുംതൂണും അലക്സാണ്ഡ്രിയായിൽ അലക്സാണ്ഡറിന്റെ പിൻഗാമിയുമായ അത്തനാസ്യോസ് ആഫ്രിക്കക്കാർക്കുള്ള കത്തിൽ താഴെപ്പറയുന്നതും കൂട്ടിച്ചേർത്തു:

"ആരിയന്മാർ അവതരിപ്പിച്ച അഭക്തപ്രസ്താവനകളെ ഖണ്ഡിക്കാൻ ആഗ്രഹിച്ചുകൊണ്ട് മെത്രാന്മാർ കൗൺസിൽകൂടി. ആരിയന്മാർ ഇപ്രകാരം പറഞ്ഞു: പുത്രൻ ഇല്ലായ്മയിൽ നിന്ന് സൃഷ്ടിക്കപ്പെട്ടതാണ്. അവൻ ഒരു സൃഷ്ടിയും സൃഷ്ടവസ്തുവുമാണ്. അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു. അവൻ സ്വഭാവേന വ്യതിയാനവിധേയനാണ്."

"താഴെപ്പറയുന്ന പ്രഖ്യാപനത്തിൽ മെത്രാന്മാരെല്ലാം യോജിച്ചു. അത് തിരുലിഖിതാനുസൃതവുമാണ്. അതായത്, "പുത്രൻ സ്വഭാവേന ദൈവത്തിന്റെ ഏകജാതനും വചനവും ശക്തിയും പിതാവിന്റെ സ്വന്തം വിജ്ഞാനവുമാണ്. യോഹന്നാൻ പറഞ്ഞതുപോലെ, അവൻ സത്യദൈവമാണ്. പൗലോസ് എഴുതിയതുപോലെ മഹത്വത്തിന്റെ ശോഭയും പിതാവിന്റെ സ്പഷ്ടമായ ച്ഛായയുമാണ്."

"തങ്ങളുടെ ദുഷ്ടപ്രബോധനം നിമിത്തം എവുസേബിയസിന്റെ അനുയായികളെ സിനഡ് നിരാകരിച്ചു. അപ്പോൾ അവർ പരസ്പരം പറഞ്ഞു: നമുക്ക് അംഗീകരിക്കാം. കാരണം, നാമും ദൈവത്തിൽ നിന്നാണ്. ഒരേയൊരു ദൈവമേയുള്ളു. എല്ലാം അവനാൽ ഉണ്ടായി. പഴയതു കടന്നു പോയി. ഇതാ, എല്ലാം പുതുതാക്കിയിരിക്കുന്നു. എല്ലാം ദൈവത്തിൽ നിന്നാണ്."

*"ഇടയൻ* എന്ന കൃതിയിൽ പറഞ്ഞിരിക്കുന്നതും അവർ പ്രത്യേകമായി ഊന്നിപ്പറഞ്ഞു: ഏകദൈവം മാത്രമേയുള്ളു എന്നത് എല്ലാറ്റിനും ഉപരിയായി വിശ്വസിക്കണം. അവൻ എല്ലാ വസ്തുക്കളും സൃഷ്ടിക്കുകയും രൂപീകരിക്കുകയും ചെയ്തു. അവൻ അവയെ ഇല്ലായ്മയിൽ നിന്ന് അസ്തിത്വത്തിൽ എത്തിച്ചു" (ഹെർമാസ്, ഇടയൻ, ദർശനം 5, കൽപ്പന 1).

"എന്നാൽ അവരുടെ ദുഷ്ടപദ്ധതിയും അഭക്ത തന്ത്രങ്ങളും മെത്രാന്മാർ മനസ്സിലാക്കുകയും 'ദൈവത്തിൽ നിന്ന്' എന്നതിന് വ്യക്തമായ വിശദീകരണം നൽകുകയും ചെയ്തു. അവർ ഇപ്രകാരം എഴുതി: പുത്രൻ പിതാവിന്റെ സത്തയിൽ നിന്നാണ്. സൃഷ്ടികൾ ഒരു തരത്തിലും തങ്ങളിൽ

നിന്നു തന്നെ അസ്തിത്വത്തിൽ എത്തിയവയല്ല. സൃഷ്ടികൾ ദൈവത്തിൽ നിന്നാണ്. പുത്രൻ മാത്രമാണ് പിതാവിന്റെ സത്തയിൽ നിന്ന് എന്നു നാം പറയുന്നു. ഇത് ഏകജാതനാം പുത്രന്, പിതാവിന്റെ വചനത്തിന്, പ്രത്യേക മായുള്ളതാണ്." ഇക്കാരണത്താലാണ് പുത്രൻ പിതാവിന്റെ സത്തയിൽ നിന്നാണെന്ന് മെത്രാന്മാർ എഴുതിയത്.

ആരിയന്മാർ എണ്ണത്തിൽ കുറവായി കാണപ്പെട്ടു. മെത്രാന്മാർ അവരെ വീണ്ടും ചോദ്യം ചെയ്തു പറഞ്ഞു: "പുത്രൻ സൃഷ്ടിയല്ല. പിന്നെയോ, പിതാവിന്റെ ശക്തിയും ഏകവിജ്ഞാനവും നിത്യമായി വ്യതിയാനരഹിതനു മാണ്. അവൻ ദൈവം തന്നെയാണ്". ഈ പ്രഖ്യപനം തങ്ങൾക്കും ബാധക മാണെന്ന് പറയാൻ, എവുസേബിയർ പരസ്പരം ആംഗ്യം കാണിച്ചു.

അവർ ഇപ്രകാരം പറഞ്ഞു: "നാം ദൈവത്തിന്റെ ച്ഛായയും മഹത്വവു മാണെന്ന് പറയപ്പെട്ടിരിക്കുന്നു (1കൊറി.11,7). എന്തുകൊണ്ടെന്നാൽ നാം എപ്പോഴും ജീവിക്കുന്നു (2കൊറി. 4,11). നിരവധി ശക്തികളുണ്ട്. 'ദൈവ ത്തിന്റെ എല്ലാ ശക്തികളും ഈജിപ്തുദേശത്തുനിന്ന് പുറപ്പെട്ടുപോയി' എന്നു രേഖപ്പെടുത്തിയിരിക്കുന്നു(പുറ.12,41). കമ്പിളിപ്പുഴുവും വെട്ടുക്കിളിയു മാണ് ഇവിടെ 'വലിയ ശക്തികൾ' എന്നു പറഞ്ഞിരിക്കുന്നത് (യോയേൽ, 2,25). മറ്റൊവിടെയോ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "ശക്തികളുടെ കർത്താവ് നമ്മോടുകൂടെ. യാക്കോബിന്റെ ദൈവം നമ്മുടെ സഹായി" (സങ്കീ.46,7). നാം വെറുതെ ദൈവത്തിന്റെ സ്വന്തമല്ല. പിന്നെയോ, പുത്രൻ നമ്മെ സഹോദരങ്ങൾ ആക്കിയതിനാലാണ് (എബ്രാ.2,11) എന്നതും ഇതോട് കൂട്ടിച്ചേർക്കേണ്ടതായിട്ടുണ്ട്. ക്രിസ്തു സത്യദൈവമാണെന്ന പ്രഖ്യാപനം നമ്മെ ക്ലേശിപ്പിക്കുന്നില്ല. കാരണം, അസ്തിത്വത്തിൽ എത്തിയതോടെ അവൻ സത്യമായിട്ടാകുന്നു".

ഇത്തരത്തിലായിരുന്നു ആരിയസിന്റെ ദുഷിച്ച അഭിപ്രായം. എന്നാൽ ഇതിലെ വഞ്ചന മനസ്സിലാക്കിയ മെത്രാന്മാർ, ക്രിസ്തു പിതാവിന്റെ മഹത്വവും ഉറവയും അരുവിയും സ്പഷ്ടമായ ച്ഛായയുമാണെന്ന് പറയുന്ന തിരുലിഖിതഭാഗങ്ങൾ ശേഖരിച്ചു. താഴെപ്പറയുന്ന വാക്കുകൾ അവർ ഉദ്ധരിച്ചു: "നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു" (സങ്കീ.36,9). അതുപോലെ, "ഞാനും എന്റെ പിതാവും ഒന്നാകുന്നു"(യോഹ.10,30). പുത്രൻ പിതാവുമായി ഏകസത്തയാണെന്ന് അവർ പിന്നീട് കൂടുതൽ വ്യക്തമായി ചുരുക്കി പ്രഖ്യാപിച്ചു. ഉദ്ധരിക്കപ്പെട്ട ഭാഗങ്ങളുടെ അർഥമിതാണ്.

ഈ വാക്കുകൾ കൃത്യമായി തിരുലിഖിതത്തിലില്ലെന്ന് ആരിയന്മാർ പരാതിപ്പെട്ടു. അവരുടെതന്നെ പ്രയോഗം നോക്കിയാൽ ഇത് അടിസ്ഥാന രഹിതമാണെന്ന് തെളിയിക്കപ്പെടുന്നു. കാരണം, അവരുടെ അഭക്ത പ്രസ്താ വനകൾ തിരുലിഖിതത്തിൽ നിന്നെടുത്തവയല്ല. "പുത്രൻ ഇല്ലായ്മയിൽ നിന്ന് ഉരുവായി" എന്നോ, "അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു"

 www.malankaralibrary.com

എന്നോ തിരുലിഖിതത്തിൽ എഴുതപ്പെട്ടിട്ടില്ല. തിരുലിഖിതത്തിൽ അതുപോലെ ഇല്ലെങ്കിലും സത്യവചനവുമായി ഒത്തുപോകുന്ന പദപ്രയോഗങ്ങളാൽ അവർ വിധിക്കപ്പെട്ടതിന് അവർ പരാതിപ്പെടുന്നു. മറിച്ച് അവർ തന്നെ അവരുടെ വാക്കുകൾ ചാണകക്കൂനമേൽ കണ്ടെത്തി എന്നവണ്ണം ധരയെപ്പറ്റിയുള്ള സംഗതികൾ ഉച്ചരിക്കുന്നു.

എന്നാൽ മെത്രാന്മാരാകട്ടെ, തങ്ങൾ തന്നെ കണ്ടുപിടിച്ചവയല്ല ഉച്ചരിച്ചത്. പിന്നെയോ, പിതാക്കന്മാരിൽ നിന്നുള്ള സാക്ഷ്യം സ്വീകരിച്ച് തദനുസൃതമാണ് രേഖപ്പെടുത്തിയത്. വാസ്തവത്തിൽ, പുരാതനകാലത്ത്, ഏതാണ്ട് നൂറ്റൻപത് വർഷം മുമ്പ് വലിയ നഗരമായ റോമിലേയും നമ്മുടെ സ്വന്തം നഗരത്തിലേയും പിതാക്കന്മാർ "പുത്രൻ സൃഷ്ടിയാണ്, പിതാവുമായി സമസത്തയല്ല" എന്നീ പദപ്രയോഗങ്ങൾ ശപിച്ചു തള്ളിയതാണ്. കേസറിയാ മെത്രാൻ എവുസേബിയസിന് ഈ കാര്യങ്ങൾ സുപരിചിതമായിരുന്നു. അദ്ദേഹം ഒരിക്കൽ ആരിയൻ വീക്ഷണങ്ങളെ അനുകൂലിച്ചിരുന്നു. എന്നാൽ പിന്നീട് നിഖ്യാകൗൺസിലിലെ വിശ്വാസ പ്രമാണത്തിൽ ഒപ്പുവച്ചു. പിതാവിന്റെയും പുത്രന്റെയും ദൈവത്വം പ്രഖ്യാപിക്കാൻ സമസത്ത (ഹോമോഉസിയോസ്) എന്ന പദം മഹനീയമെത്രാന്മാരും പണ്ഡിതരായ എഴുത്തുകാരും ഉപയോഗിച്ചിരുന്നെന്ന് കാണിച്ചുകൊണ്ട് അദ്ദേഹം തന്റെ രൂപതയിലെ ജനങ്ങൾക്കൊരു കത്തെഴുതി."

ഭൂരിഭാഗത്തോടുള്ള ഭയം നിമിത്തം ആരിയൻ പക്ഷപാതികൾ തങ്ങളുടെ ചിത്തഭ്രമം മറച്ചുവച്ചുകൊണ്ട് കൗൺസിൽ തീരുമാനം അംഗീകരിച്ചു. അങ്ങനെ പ്രവാചകന്റെ ശാപം തങ്ങളുടെമേൽ വലിച്ചുവച്ചു. എല്ലാറ്റിന്റെയും കർത്താവ് അവരോട് ഇപ്രകാരം നിലവിളിക്കുന്നു: "ഈ ജനം തങ്ങളുടെ അധരങ്ങൾ കൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽ നിന്ന് വളരെ അകലെയാണ്" (ഏശാ.29,13). തെയൊനാസും സെക്കുൻദൂസും ഈ നടപടി സ്വീകരിക്കാൻ ഇഷ്ടപ്പെട്ടില്ല. സുവിശേഷ സത്യത്തേക്കാൾ ആരിയൻ ദൈവദൂഷണത്തെ ബഹുമാനിച്ചവർ എന്ന നിലയിൽ പൊതുസമ്മതത്തോടുകൂടെ അവരെ സഭാഭ്രഷ്ടരാക്കി.

മെത്രാന്മാർ പിന്നീട് കൗൺസിലിലേക്ക് തിരികെയെത്തി സഭാശിക്ഷണം സംബന്ധിച്ച് ഇരുപത് കാനോനാകൾ രൂപീകരിച്ചു.

### അധ്യായം 8

## മെലേഷ്യൻ ശീശ്മ

ആരിയൻ തർക്കത്തിനു തൊട്ടുമുമ്പ് മെലേഷ്യസ് മെത്രാനായി. എന്നാൽ അലക്സാണ്ഡ്രിയൻ മെത്രാനും അതിപരിശുദ്ധ രക്തസാക്ഷിയുമായ പീറ്റർ അധികം വൈകാതെ അയാളിൽ ചില നിയമലംഘനങ്ങൾ

കണ്ടെത്തി. പീറ്റർ അയാളെ സ്ഥാനഭ്രഷ്ടനാക്കിയെങ്കിലും, അയാൾ അതിനു വഴങ്ങിയില്ല. അയാൾ തേബായ്ഡിലും ഈജിപ്തിന്റെ സമീപ പ്രദേശങ്ങളിലും കലഹവും ശല്യവും ഉണ്ടാക്കി, അലക്സാൺഡ്രിയായുടെ മേലധികാരത്തിനെതിരെ മത്സരിച്ചു. അയാളുടെ മത്സരത്തിനെതിരെ നിഖ്യാ കൗൺസിൽ തീരുമാനിച്ചത് അറിയിച്ചുകൊണ്ട് സിനഡിലെ മെത്രാന്മാർ അലക്സാണ്ഡ്രിയൻ സഭയ്ക്ക് ഒരു കത്തയച്ചു.

***സിനഡിന്റെ കത്ത്***

നിഖ്യായിലെ മഹനീയവും വിശുദ്ധവുമായ കൗൺസിലിൽ സംബന്ധിച്ച മെത്രാന്മാർ, ദൈവകൃപയാൽ മഹനീയവും വിശുദ്ധവുമായ അലക്സാണ്ഡ്രിയൻ സഭയ്ക്കും ഈജിപ്തിലും ലിബിയായിലും പെന്റാപ്പൊളീസിലുമുള്ള സഹോദരങ്ങൾക്കും കർത്താവിൽ ആശംസകൾ അയക്കുന്നു.

ദൈവകൃപയാലും അതിഭക്തനായ കോൺസ്റ്റന്റൈൻ ചക്രവർത്തിയാലും മഹനീയവും വിശുദ്ധവുമായ സിനഡ് നിഖ്യായിൽ വിളിച്ചുകൂട്ടപ്പെട്ടു. അദ്ദേഹം വിവിധ പ്രോവിൻസുകളിൽ നിന്ന് ഞങ്ങളെ വിളിച്ചുവരുത്തി. ചർച്ച ചെയ്ത സംഗതികളും എടുത്ത തീരുമാനങ്ങളും ഡിക്രികളും ഈ വിശുദ്ധ സിനഡിൽ നിന്ന് ഒരു കത്തെഴുതി നിങ്ങളെ അറിയിക്കുന്നത് ഉചിതമെന്ന് ഞങ്ങൾ തീരുമാനിച്ചു.

ഒന്നാമത്, അതിഭക്തനായ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ സാന്നിധ്യത്തിൽ ആരിയസിന്റെ അബദ്ധപ്രബോധനങ്ങൾ പരിശോധനാ വിധേയമാക്കി. അയാളുടെ അഭക്തിയും ദൈവദൂഷണപരമായ പദപ്രയോഗങ്ങളും അയാൾ അവതരിപ്പിച്ച വീക്ഷണങ്ങളും ഏകയോഗമായി ശപിച്ചു തള്ളി. അയാൾ ഇപ്രകാരം പറഞ്ഞു: "ഇല്ലായ്മയിൽ നിന്നാണ് ദൈവ പുത്രൻ ഉണ്മയിലെത്തിയത്. അവൻ ജനിപ്പിക്കപ്പെടുന്നതിനു മുമ്പ് അവൻ ഇല്ലായിരുന്നു. അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു. അവന്റെ സ്വതന്ത്രമനസ്സുകൊണ്ട് അവന് സുകൃതത്തിനും തിന്മയ്ക്കും കഴിവുണ്ടായിരുന്നു."

വിശുദ്ധ സിനഡ് ഈ പ്രസ്താവനകളെല്ലാം ശപിച്ചുതള്ളി. ഇത്തരം ഭക്തിരഹിതവും ബുദ്ധിരഹിതവുമായ അഭിപ്രായങ്ങളും ദൈവദൂഷണപരമായ പ്രയോഗങ്ങളും കേൾക്കുന്നതുപോലും പിതാക്കന്മാർ നിരസിച്ചു. അയാളെ സംബന്ധിച്ചുള്ള അന്തിമതീരുമാനം നിങ്ങൾ അറിഞ്ഞു കാണുമല്ലോ. ഇല്ലെങ്കിൽ ഉടനെ കേൾക്കാം. തന്റെ പാപത്തിനുള്ള പ്രതിഫലം കിട്ടിയവനെ ഞങ്ങൾ ചവിട്ടിത്താക്കുന്നെന്ന് കരുതപ്പെടാതിരിക്കാൻ, ഞങ്ങൾ ഇപ്പോൾ അത് സൂചിപ്പിക്കുന്നില്ല. മർമറിക്കായിലെ മെത്രാൻ തെയോനാസിനെയും പ്തൊളേമായിസിലെ മെത്രാൻ സെക്കുൻദുസിനെയും അവന്റെ നാശത്തിൽ ഉൾപ്പെടുത്തത്തക്കവണ്ണം അവന്റെ അഭക്തി പ്രചരണം നേടി. അയാളുടെ ശിക്ഷ അവർക്കും കിട്ടി.

തെറ്റുനിറഞ്ഞവയും ദൈവദൂഷണപരവുമായ അഭിപ്രായങ്ങളിൽ

നിന്നും, ഇന്നുവരെ സമാധാനകാംക്ഷികളായി കഴിഞ്ഞ ജനത്തിനിടയിൽ വിഭജനവും അനൈക്യവും ഉണ്ടാക്കാൻ മുതിർന്നവരിൽ നിന്നും, ദൈവകൃപ യാൽ ഈജിപ്ത് വിടുവിക്കപ്പെട്ടു കഴിഞ്ഞപ്പോൾ, മെലേഷ്യസിന്റെ സാഹസ ത്തിന്റെയും അയാളിൽ നിന്ന് പട്ടം സ്വീകരിച്ചവരുടെയും പ്രശ്നം നിലനിന്നു. പ്രിയസഹോദരങ്ങളേ, തത്സംബന്ധമായി കൗൺസിലിന്റെ ഡിക്രികൾ ഞങ്ങൾ ഇപ്പോൾ നിങ്ങളെ അറിയിക്കുന്നു. മെലേഷ്യസിനോട് കാരുണ്യ പൂർവം പെരുമാറണമെന്ന് സിനഡ് തീരുമാനിച്ചു. കൃത്യമായി പറഞ്ഞാൽ അയാൾ യാതൊരു പരിഗണനയ്ക്കും അർഹനല്ല. തന്റെ സ്വന്തം നഗരത്തിൽ പാർക്കാൻ അയാളെ അനുവദിച്ചു. എന്നാൽ നാമനിർദേശത്തിനും പട്ടത്തിനു മുള്ള അധികാരം എടുത്തുകളഞ്ഞു. ഇവയ്ക്കായി പട്ടണത്തിലോ പ്രോവിൻ സുകളിലോ അയാൾ സന്നിഹിതനാകാൻ പാടില്ല. എന്നാൽ സ്ഥാനനാമം മാത്രം നിലനിർത്താം. അയാളിൽ നിന്നു പട്ടമേറ്റവർ വീണ്ടും പട്ടംകിട്ടാൻ സന്നദ്ധരാകണം. അവരുടെ ശുശ്രൂഷാതലം നിലനിർത്തിക്കൊണ്ട് അവരെ കൂട്ടായ്മയിൽ സ്വീകരിക്കണം. എന്നാൽ നമ്മുടെ അതിബഹുമാന്യനായ സഹശുശ്രൂഷകൻ അലക്സാണ്ഡറിൽ നിന്ന് അവർക്കുമുമ്പേ പട്ടം കിട്ടിയ വർക്കു താഴെയായിരിക്കും എല്ലാ രൂപതകളിലും പള്ളികളിലും അവരുടെ നിര. മറ്റുള്ളവരെ തങ്ങളുടെ ഇഷ്ടമനുസരിച്ച് ശുശ്രൂഷയിലേക്ക് തെരഞ്ഞെ ടുക്കുന്നതിനോ നാമനിർദേശം ചെയ്യുന്നതിനോ അവർക്ക് അധികാരം ഉണ്ടാ യിരിക്കുന്നതല്ല. അതുപോലെ, അലക്സാണ്ഡറിന്റെ കീഴിലുള്ള കാതോലി കവും ശ്ലൈഹികവുമായ സഭയിലെ മെത്രാന്മാരുടെ സമ്മതം കൂടാതെ യാതൊന്നും ചെയ്യാൻ അവർക്ക് അനുവാദമില്ല. എന്നാൽ ദൈവകൃപയാൽ, നിങ്ങളുടെ പ്രാർഥനയ്ക്ക് ഉത്തരമെന്ന നിലയിൽ ശീശ്മയിൽ അല്ലെങ്കിൽ, കാതോലികവും ശ്ലൈഹികവുമായ സഭയിൽ, വൈദികശുശ്രൂഷയിൽ യോഗ്യ രായവരെ തെരഞ്ഞെടുക്കുന്നതിനും നാമനിർദേശം ചെയ്യുന്നതിനും അവർക്ക് അധികാരം ഉണ്ടായിരിക്കും. സഭയുടെ നിയമവും അധികാരവും അനുസരിച്ച് പ്രവർത്തിക്കുന്നതിനും അവരെ അനുവദിക്കുന്നു.

സഭയിലെ ഏതെങ്കിലും സ്ഥാനം ഇപ്പോൾ വഹിക്കുന്ന ഒരാൾ മരിച്ചാൽ, അടുത്ത കാലത്ത് സ്വീകരിക്കപ്പെട്ടവരെ തൽസ്ഥാനത്ത് നിയമിക്കാവുന്ന താണ്. എന്നാൽ അവർ യോഗ്യരായി കാണപ്പെടണം, ജനങ്ങൾ അവരെ തെരഞ്ഞെടുക്കണം, അലക്സാണ്ഡ്രിയായിലെ കത്തോലിക്കാമെത്രാൻ ആ തെരഞ്ഞെടുപ്പ് അംഗീകരിച്ചുറപ്പിക്കണം. മറ്റെല്ലാവർക്കും ഈ പ്രത്യേകാ നുകൂല്യം അനുവദിച്ചിരിക്കുന്നു. മെലേഷ്യസിന്റെ മുൻകാല വിധേയത്വരാഹി ത്യത്താലും പെരുമാറ്റത്തിലെ സാഹസികതയാലും എടുത്തുചാട്ടത്താലും അയാളെ സംബന്ധിച്ച് വ്യത്യസ്ത തീരുമാനം ഉണ്ടാക്കിയിട്ടുണ്ട്. കാരണം, അയാൾക്ക് ചെറിയൊരധികാരം നൽകിയാൽ, സഭയിൽ കലക്കം ഉണ്ടാക്കി വീണ്ടും ആ അധികാരം ദുർവിനിയോഗം ചെയ്തേക്കാം. ഈജിപ്തിനെയും അലക്സാണ്ഡ്രിയായിലെ വിശുദ്ധ സഭയെയും സംബന്ധിച്ചുള്ള പ്രധാന കാര്യങ്ങൾ ഇവയൊക്കെയാണ്.

മറ്റു കാനോനാകളും പ്രസിദ്ധീകരിച്ച ഡോഗ്മാകളും നമ്മുടെ അതി

ബഹുമാന്യനും സഹശുശ്രൂഷകനും സഹോദരനുമായ അലക്സാണ്ഡർ നിങ്ങളെ അറിയിക്കുന്നതാണ്. കുറേക്കൂടി കൃത്യമായ വിവരണം അദ്ദേഹം നൽകുന്നതാണ്. നടന്ന സംഗതികളിൽ അദ്ദേഹം തന്നെ പങ്കെടുക്കുകയും അവയെ നിയന്ത്രിക്കുകയും ചെയ്തതാണ്.

നിങ്ങളുടെ പ്രാർഥനകളാൽ അതിവിശുദ്ധ പെസഹാപ്പെരുന്നാൾ ഏകയോഗമായി ക്രമീകരിച്ചു എന്ന സന്തോഷവാർത്തയും അറിയിക്കുന്നു. അങ്ങനെ പൗരസ്ത്യത്തിലെ നമ്മുടെ സഹോദരന്മാർ ഇനിമേൽ നിങ്ങളോടൊത്ത് ഇത് ആഘോഷിക്കുന്നതാണ്. എല്ലാവരും ആരംഭം മുതൽ അനുഷ്ഠിച്ചു വരുന്നതു പോലെയും റോമിലുള്ളവരെ പോലെയും നിങ്ങളെ പോലെയും അവർ മുമ്പ് ആ സമയത്തല്ല ഇതനുഷ്ഠിച്ചിരുന്നത്. പൊതുവായ സമാധാനത്തിനും ഐക്യത്തിനും എല്ലാ പാഷണ്ഡതകളുടെയും നിർമാർജനത്തിനും വേണ്ടിയുള്ള ഞങ്ങളുടെ എല്ലാ നടപടികളുടെയും വിജയത്തിൽ സന്തോഷിക്കുവിൻ. കൂടുതൻ ബഹുമാനത്തോടും ആഴമായ സ്നേഹത്തോടും കൂടെ ഞങ്ങളുടെ സഹശുശ്രൂഷകനും നിങ്ങളുടെ മെത്രാനുമായ അലക്സാണ്ഡറെ സ്വീകരിക്കുവിൻ. തന്റെ സാന്നിധ്യത്താൽ അദ്ദേഹം ഞങ്ങളെ സന്തുഷ്ടരാക്കി. നിങ്ങളുടെ ഇടയിൽ സമാധാനം പുനഃസ്ഥാപിക്കാൻ, പ്രായാധിക്യം പരിഗണിക്കാതെ അദ്ദേഹം വളരെയധികം ക്ലേശിച്ചു. നമ്മുടെ കർത്താവേശുമിശിഹായിലൂടെ ഞങ്ങൾ ശരിയായി തീരുമാനിച്ചവ നിലനിൽക്കുന്നതിന് ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കുവിൻ. ഞങ്ങൾ ഇവ നമ്മുടെ കർത്താവേശുമിശിഹായിലൂടെ പരിശുദ്ധാത്മാവിൽ, ദൈവവും പിതാവുമായവന്റെ തിരുഹിതപ്രകാരം പ്രവർത്തിച്ചെന്ന് വിശ്വസിക്കുന്നു. അവിടുത്തേക്ക് എന്നുമെന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ. ആമ്മീൻ."

മെലേഷ്യൻ രോഗത്തിനെതിരെ മെത്രാന്മാരുടെ ദിവ്യഅസംബ്ലി പരിശ്രമിച്ചെങ്കിലും, അയാളുടെ മതിഭ്രമത്തിന്റെ അവശിഷ്ടം ഇപ്പോഴും അവശേഷിക്കുന്നു. ചില ഡിസ്ട്രിക്ടുകളിൽ, സത്യവിശ്വാസം സ്വീകരിക്കാൻ മടിക്കുന്ന സമൂഹങ്ങളുണ്ട്. യഹൂദരുടെയും സമറിയാക്കാരുടെയും മതിഭ്രമവീക്ഷണങ്ങളോട് യോജിച്ചുകൊണ്ട് അവർ ചില വ്യർഥസംഗതികൾ അനുഷ്ഠിക്കുന്നു.

## അധ്യായം 9

# സഭകൾക്ക് കോൺസ്റ്റൻടൈന്റെ കത്ത്

സിനഡിൽ സന്നിഹിതരാകാൻ സാധിക്കാത്ത മെത്രാന്മാർക്ക് സിനഡിൽ നടന്ന സംഗതികളെ പറ്റി മഹാനായ കോൺസ്റ്റൻടൈൻ ചക്രവർത്തി കത്തെഴുതി. ഇത് ചക്രവർത്തിയുടെ ഭക്തി സുവ്യക്തമായി കാട്ടുന്നതിനാൽ, എന്റെ കൃതിയിൽ ഈ കത്തും ചേർക്കുന്നത് ഗുണകരമായിരിക്കുമെന്ന് ഞാൻ കരുതുന്നു.

1:9

“കോൺസ്തന്തീനുസ് അഗുസ്തുസ് സഭകൾക്ക്: ദൈവകൃപയുടെ മഹാശക്തിയാൽ ഈ നാഴികയിൽ നാമനുഭവിക്കുന്ന പൊതുവായ സമ്പദ് സമൃദ്ധി കാണുമ്പോൾ, കത്തോലിക്കാസഭയിലെ ഭാഗ്യവാന്മാരായ ആളുകൾ സർവശക്തനായ ദൈവത്തോട് ഏകവിശ്വാസത്തിലും ആത്മാർഥ സ്നേഹ ത്തിലും ഒരേ മതാത്മകചിന്തയിലും സംരക്ഷിക്കപ്പെടണമെന്നത് എല്ലാറ്റി നേക്കാളും ഉപരിയായി ഞാൻ കാംക്ഷിക്കുന്ന സംഗതിയത്രേ. എന്നാൽ ഈ ലക്ഷ്യം സാധിക്കാൻ കൂടുതൽ ഫലപ്രദവും സുസ്ഥിരവുമായ വഴിയായി ഞാൻ സ്വീകരിച്ചത് ഒന്നിച്ചുള്ള ചർച്ചയാണ്. നമ്മുടെ അതിപരിശുദ്ധ മതസംബന്ധ മായ സകല കാര്യങ്ങളും എല്ലാവരും, അഥവാ ഭൂരിഭാഗം പേരും കൂടി ചർച്ച ചെയ്യുന്നതിന് സാധിക്കുന്നിടത്തോളം പേരേ ഞാൻ വിളിച്ചുകൂട്ടി. നിങ്ങളിൽ ഒരാളായി ഞാൻ അവരുടെ ഇടയിലിരുന്നു. ഞാൻ നിങ്ങളുടെ സഹശുശ്രൂഷ കനാണെന്ന സത്യം നിഷേധിക്കുന്നില്ല. അതാണെന്റെ മഹാസന്തോഷ ത്തിന്റെ ഉറവിടം. എല്ലാം കാണുന്ന ദൈവത്തിന് പ്രീതികരവും ഐക്യത്തിന് സഹായകരവുമായ തത്വം സുവ്യക്തമാകുന്നതുവരെ എല്ലാസംഗതികളും കൂലംകഷമായി പരിശോധനാ വിധേയമാക്കി. അങ്ങനെ വിശ്വാസ സംബന്ധ മായി വിഭജനത്തിനോ തർക്കത്തിനോ ഉള്ള പഴുതുകളെല്ലാം അടയ്ക്കപ്പെട്ടു.

പിന്നീട് അതിപരിശുദ്ധ പെസഹാ പെരുന്നാളിന്റെ അനുസ്മരണ സംബന്ധിച്ച് ചർച്ചയുണ്ടായി. ഒരേദിവസം അത് എല്ലായിടത്തും അനുസ്മരി ക്കുന്നത് നല്ലതാണെന്ന് ഏകയോഗമായി തീരുമാനിക്കപ്പെട്ടു. അമർത്യത യുടെ പ്രത്യാശ നമുക്ക് ലഭിച്ച പെരുന്നാൾ എല്ലാവരും ഒരേ ക്രമത്തിലും കൃത്യമായും സൂക്ഷ്മതയോടുകൂടെയും അനുസ്മരിക്കുന്നതിനേക്കാൾ മെച്ചമായും ശ്രേഷ്ഠമായും എന്താണുള്ളത്? ഈ വിശുദ്ധ പെരുന്നാളാ ഘോഷം യഹൂദരുടെ പതിവനുസരിച്ച് ചെയ്യുന്നത് ശരിയല്ലെന്ന് ആദ്യമേ തന്നെ പ്രഖ്യാപിക്കപ്പെട്ടു. കാരണം, കുറ്റംകൊണ്ട് അവരുടെ കൈകൾ കളങ്കിതമാണ്, അവരുടെ മനസ്സ് അന്ധമാണ്.

അവരുടെ പതിവുരീതി നാം നിരാകരിക്കുന്നതിലൂടെ കൂടുതൽ ബുദ്ധി പൂർവകവും നമ്മുടെ കർത്താവിന്റെ പീഡാനുഭവനാൾ മുതൽ അനുസ്മരിച്ചു കൊണ്ടിരിക്കുന്നതുമായ പതിവാണ് വരുംതലമുറകൾക്കു വേണ്ടി നാം തീരുമാനിച്ച് കൈമാറുന്നത്. നമ്മുടെ എതിരാളികളായ യഹൂദന്മാരുമായി നമുക്ക് പൊതുവായി ഒന്നും ഇല്ലാതിരിക്കട്ടെ. കാരണം, നാം നമ്മുടെ രക്ഷക നിൽ നിന്ന് മറ്റൊരു പാത സ്വീകരിച്ചിരിക്കുന്നു. നമ്മുടെ മതം ശ്രേഷ്ഠവും കൂടുതൽ നിയമാനുസൃതവുമായ ഒരു പെരുമാറ്റരീതി ഉറപ്പിച്ചിരിക്കുന്നു.

എന്റെ ഏറ്റവും ബഹുമാന്യ സഹോദരന്മാരേ, ദുഷ്ടപാതയുമായുള്ള എല്ലാ സംസർഗവും ശ്രദ്ധാപൂർവം ഒഴിവാക്കി, നമുക്ക് ഏകയോഗമായി ഇതിൽ വ്യാപരിക്കാം. അവരുടെ നിർദേശം കൂടാതെ ഈ പെരുന്നാൾ ഉചിത മായി നടത്താൻ നമുക്കാവില്ലെന്ന് അവർ വീമ്പടിക്കുന്നു. ഇതാണ് ഏറ്റവും വലിയ മണ്ടത്തരം. കർത്താവിനെ കൊല ചെയ്തശേഷം ഏതെങ്കിലും കാര്യത്തെപ്പറ്റി അവർക്കെങ്ങനെ ശരിയായ വീക്ഷണം പുലർത്താനാകും? അവർ മാനസ്സിക വിഭ്രാന്തി ഉള്ളവരും ബുദ്ധിശക്തി നേരേചൊവ്വേ പ്രവർത്തി

ക്കാത്തവരും അവരുടെ സ്വാഭാവിക വിഭ്രാന്തി നയിക്കുന്നതനുസരിച്ച് അനിയന്ത്രിതമായ വികാരത്തള്ളൽ ഉള്ളവരുമാണ്.

അതുകൊണ്ട് അവർക്ക് സത്യത്തിന്റെ ദർശനം നഷ്ടപ്പെട്ടു. അവർ ശരിയായ പാതയിൽ നിന്ന് കഴിവുള്ളിടത്തോളം അലഞ്ഞുതിരിഞ്ഞ് ഒരേ വർഷം രണ്ട് പെസഹാ ആചരണം നടത്തുന്നു. വിശ്വാസ സംബന്ധമായി ചിത്തഭ്രമവും ദാരുണമായ തെറ്റും അവരെ പിൻചെല്ലുമ്പോൾ, അവരിൽ നിന്ന് നമുക്ക് എന്തു പ്രചോദനമാണ് ലഭിക്കുക? ഒരേവർഷം രണ്ട് പെസഹാ ആചരിക്കുന്നത് നമുക്ക് ഒരിക്കലും അനുവദിക്കാനാകില്ല. ഈ വസ്തുതകൾ ഇങ്ങനെ അല്ലെങ്കിൽ പോലും നിങ്ങളുടെ സ്വന്തം വിവേകം നിറഞ്ഞ ശുഷ്കാന്തിയോടും പ്രാർഥനയോടും ജാഗ്രതയുള്ളവർ ആയിരിക്കാൻ ഞാൻ പ്രേരിപ്പിക്കുന്നു. തികച്ചും ദുഷിച്ച മനുഷ്യരുടെ രീതികളിൽ പങ്കുകൊള്ളാൻ നിങ്ങളുടെ മനസ്സ് തിരിയാതിരിക്കട്ടെ.

പരമപരിശുദ്ധമായ ഈ പെരുന്നാളാഘോഷം സംബന്ധിച്ച് അഭിപ്രായ ഭിന്നത ഉണ്ടാകുന്നത് തെറ്റാണെന്ന് ഓർത്തിരിക്കണം. നമ്മുടെ വിടുതലിന്റെ, അതായത്, തന്റെ അതിവിശുദ്ധ പീഡാനുഭവത്തിന്റെ ഓർമയ്ക്ക് നമ്മുടെ രക്ഷകൻ ഒരുദിവസം നീക്കിവച്ചിരിക്കുന്നു. തന്റെ കത്തോലിക്കാസഭ ഏക മായിരിക്കാൻ അവിടുന്ന് ആഗ്രഹിച്ചു. അതിലെ അംഗങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറപ്പെട്ടിരിക്കുന്നെങ്കിലും, അവരെല്ലാം ഏകയാത്മാ വിനാൽ, ദിവ്യേച്ഛയാൽ, പോഷിപ്പിക്കപ്പെടുന്നു. ചിലർ ഉപവാസത്തിൽ ദിവസ ങ്ങൾ ചെലവഴിക്കുമ്പോൾ, മറ്റുചിലർ വിരുന്നു സൽക്കാരം നടത്തുന്നത് എത്രമാത്രം ദുഷിച്ചതും അനുചിതവുമാണെന്ന് നിങ്ങളുടെ ഭക്തിയുള്ള കൂർമബുദ്ധി പരിഗണിച്ചാലും. പെസഹാപ്പെരുന്നാൾ കഴിഞ്ഞ് ചിലർ ഉത്സവാഘോഷം നടത്തി വിശ്രമിക്കുന്നു. മറ്റുചിലർ നിശ്ചിത ഉപവാസം നടത്തുന്നു. ഈ അരുതായ്ക പരിഹരിക്കപ്പെടണം. അനുസ്മരണയിലുള്ള ഈ വൈവിധ്യം ഏകയോഗമാക്കുന്നത് ദിവ്യപരിപാലനയുടെ തിരുഹിത മാണെന്ന് എനിക്ക് ബോധ്യം ഉള്ളതുപോലെ നിങ്ങളും കാണുന്നുണ്ടല്ലോ.

അതുകൊണ്ട്, നമ്മുടെ കർത്താവിന്റെ കൊലയാളികളും പിതൃഘാത കരുമായി നമുക്ക് യാതൊന്നും പൊതുവായി ഉണ്ടാകാതിരിക്കാൻ, ഈ ക്രമ വിരുദ്ധത തിരുത്തപ്പെടണം. ലോകത്തിന്റെ പടിഞ്ഞാറും വടക്കും തെക്കും ചില കിഴക്കൻ ഭാഗങ്ങളും ക്രമീകൃതവും ശ്രേഷ്ഠവുമായ രീതിയിൽ ഈ അനുഷ്ഠാനം നടത്തുന്നു. സാർവത്രികമായി ഈ രീതി സ്വീകരിച്ചിരിക്കുന്ന തിനാൽ നിങ്ങളും ഇത് സ്വീകരിക്കണമെന്ന് ഞാൻ താൽപര്യപ്പെടുന്നു. ഏകയോഗമായെടുത്ത തീരുമാനം, റോമാനഗരത്തിലും ഇറ്റലി മുഴുവനും ആഫ്രിക്കയിലും ഈജിപ്തിലും സ്പെയിനിലും ഗാളിലും ബ്രിട്ടണിലും ലിബിയായിലും ഗ്രീസിലും ആസിയായിലേയും പോന്തുസിലേയും രൂപത കളിലും സിലീഷ്യയിലും സന്തോഷപൂർവം നിലനിൽക്കുന്നു. മേൽപ്പറഞ്ഞ സ്ഥലങ്ങളിലെ സഭകൾ എണ്ണത്തിൽ വളരെ കൂടുതലാണ്. ഭക്തിയിലും മുന്നിട്ടുനിൽക്കുന്നു. അതുകൊണ്ട്, കൃത്യമായ യുക്തിചിന്ത ആവശ്യപ്പെടു ന്നതുകൊണ്ടും യൂദരുടെ മിഥ്യാശപഥവുമായി യാതൊന്നിലും പൊതുവായി

ഇല്ലാത്തതുകൊണ്ടും ഇതിനോട് എല്ലാവരും ഏകയോഗമായി യോജിച്ചിരിക്കണം. മുകളിൽ പറഞ്ഞതിന്റെ ചുരുക്കമിതാണ്.

വിശുദ്ധ പെരുന്നാൾ ഒരേ ഒരു ദിവസം അനുഷ്ഠിക്കണമെന്നതാണ് എല്ലാവരുടെയും താൽപ്പര്യം. ഇത്തരമൊരു വിശുദ്ധ സംഗതിയിൽ വ്യത്യസ്ത രീതികൾ നിലനിൽക്കുന്നത് ഉചിതമല്ല. തെറ്റിനോടും പാപത്തോടും യാതൊരു ബന്ധവുമില്ലാത്ത ഈ അഭിപ്രായം പിൻചെല്ലുന്നതാണ് മെച്ചം. സംഗതികൾ ഇങ്ങനെയിരിക്കെ, സ്വർഗീയദാനവും ഋജുവായ ദിവ്യകൽപ്പനയും സന്തോഷത്തോടെ സ്വീകരിക്കുവിൻ. കാരണം, മെത്രാന്മാരുടെ വിശുദ്ധ കൗൺസിലിൽ ചർച്ച ചെയ്യപ്പെട്ടവ ദിവ്യേച്ഛാനുസൃതമാണ്. അതുകൊണ്ട് ഈ കത്തിന്റെ ഉള്ളടക്കം നമ്മുടെ വത്സല സഹോദരങ്ങളെ അറിയിച്ചു കഴിയുമ്പോൾ, നടന്നവ അംഗീകരിക്കാൻ നിങ്ങൾ കടപ്പെട്ടവരാണ്. തദനുസൃതം ഈ വിശുദ്ധ ദിനത്തിന്റെ അനുസ്മരണം ക്രമീകരിക്കണം. എന്റെ ദീർഘകാലാഭിലാഷം അനുസരിച്ച് നിങ്ങളെ നേരിൽ കണ്ട് ഒരേ ഒരുദിവസം നിങ്ങളോടൊത്ത് ഈ പെരുന്നാൾ ആചരിക്കാൻ എനിക്കിടയാകട്ടെ. ദൈവ കൃപയാൽ നമ്മുടെ പരിശ്രമത്താൽ പിശാചിന്റെ ക്രൂരത തകർക്കപ്പെട്ടതായി കണ്ട് നിങ്ങളോടൊത്ത് സന്തോഷിക്കാനും എനിക്കിടയാകട്ടെ. നമ്മുടെ വിശ്വാസവും സമാധാനവും ഹൃദയൈക്യവും ലോകം മുഴുവൻ പുഷ്ടിപ്പെടട്ടെ. വത്സലസഹോദരരേ, ദൈവം നിങ്ങളെ സംരക്ഷിക്കട്ടെ.

### അധ്യായം 10

## ചക്രവർത്തി സഭകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നു

സന്നിഹിതരല്ലാത്തവർക്ക് ചക്രവർത്തി മേൽപ്പറഞ്ഞ കത്തെഴുതി. കൗൺസിലിൽ പങ്കെടുത്ത 318 മെത്രാന്മാരോട് അദ്ദേഹം വളരെ കരുണാപൂർവം പെരുമാറി. വളരെ ശാന്തമായി അവരോട് സംസാരിക്കുകയും അവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. അവരുടെ താമസത്തിനുള്ള സൗകര്യങ്ങളെല്ലാം ചെയ്തുകൊടുക്കുകയും ഒരു ഭക്ഷണമുറിയിൽ അവരെയെല്ലാം സ്വീകരിക്കുകയും ചെയ്തു. അതിശ്രേഷ്ഠരായവരെ തന്റെ ഭക്ഷണ മേശയിൽ തന്നെ ഇരുത്തി. മറ്റുള്ളവർക്ക് മറ്റിടങ്ങളിലും സജ്ജമാക്കി. അവരിൽ ചിലരുടെ വലത്തുകണ്ണ് ചുഴന്നെടുത്തെന്നും മതത്തിനു വേണ്ടിയാണ് ഇത് സംഭവിച്ചതെന്നും ഗ്രഹിച്ച് അദ്ദേഹം അവരെ ചുംബിച്ചു. അതിലൂടെ തനിക്ക് അനുഗ്രഹം കിട്ടുമെന്ന് അദ്ദേഹം വിശ്വസിച്ചു. ആഘോഷാവസാനം അദ്ദേഹം അവർക്ക് വീണ്ടും സമ്മാനങ്ങൾ നൽകി. കന്യകകൾക്കും വിധവകൾക്കും ദൈവസേവനത്തിന് സമർപ്പിതരായവർക്കും ജീവസന്ധാരണത്തിനുള്ള തുക നൽകണമെന്ന് പ്രൊവിൻഷ്യൽ ഗവർണർമാർക്കെഴുതി. അവരുടെ ആവശ്യത്തിൽ കവിഞ്ഞ തുക തന്റെ ഔദാര്യത്താൽ നൽകാൻ ഇടയാക്കി. തുകയുടെ മൂന്നിലൊന്ന് ഇന്നുവരെ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. വിശ്വാസത്യാഗിയായ ജൂലിയൻ ചക്രവർത്തി അഭക്തമായി ഇതു

മുഴുവൻ നിർത്തിയിരുന്നു. അയാളുടെ പിൻഗാമിയായ ജോവിയൻ ചക്രവർത്തി അത്പുനരുദ്ധരിച്ച് വിതരണം ചെയ്യുന്നു. ക്ഷാമം നിമിത്തം വരുമാനം കുറഞ്ഞതിനാൽ, ഇപ്പോൾ അതിന്റെ മൂന്നിലൊന്നേ കിട്ടുന്നുള്ളു. ഇപ്പോൾ കിട്ടുന്നതിന്റെ മൂന്നിരട്ടി ആയിരുന്നു അന്നത്തെ പെൻഷൻ. ഇതിൽ നിന്ന് ചക്രവർത്തിയുടെ മഹാമനസ്കത വ്യക്തമാണ്.

താഴെപ്പറയുന്നവ വിട്ടുകളയാൻ ഞാൻ മുതിരുന്നില്ല. കലഹപ്രിയരായ ചിലർ മെത്രാന്മാർക്കെതിരെ ചക്രവർത്തിക്ക് കത്തുകളെഴുതി തങ്ങളുടെ നീരസ്സം പ്രകടിപ്പിച്ചിരുന്നു. ഹൃദയൈക്യം ഉണ്ടാകുന്നതിനു മുമ്പായിരുന്നത്. അദ്ദേഹം അവയെല്ലാം വാങ്ങി കവറിലിട്ട് തന്റെ മോതിരം കൊണ്ട് മുദ്രവച്ച് സുരക്ഷിതമായി സൂക്ഷിക്കാൻ കൽപ്പിച്ചു. എല്ലാവരും രമ്യതയിൽ എത്തിയപ്പോൾ, അദ്ദേഹം അതു വരുത്തി, അവരുടെ സാന്നിധ്യത്തിൽ കത്തിച്ചുകളഞ്ഞു. താൻ അവയിൽ ഒന്നുപോലും വായിച്ചില്ലെന്ന് ആണയിട്ട് പ്രഖ്യാപിക്കുകയും ചെയ്തു.

വൈദികരുടെ കുറ്റങ്ങൾ ജനസമൂഹത്തിന്റെ മധ്യത്തിൽ അവതരിപ്പിക്കാൻ പാടില്ലെന്ന് അദ്ദേഹം പറഞ്ഞു. അത് അപമാനത്തിന് ഇടയാക്കും, ഭയരഹിതമായി പാപം ചെയ്യാൻ അവർക്കിടയാക്കും. ഒരു മെത്രാൻ വ്യഭിചാരത്തിൽ പിടിക്കപ്പെട്ടാൽ, തന്റെ ഇമ്പീരിയൽ വസ്ത്രം കൊണ്ട് അയാളുടെ നിയമരഹിത കർമത്തെ പൊതിയുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തതായി പറയപ്പെടുന്നു. അത് ആരെങ്കിലും കാണുകയും മുറിവേൽക്കുകയും ചെയ്യാതിരിക്കാനാണിത്. ഇപ്രകാരം അദ്ദേഹം എല്ലാ വൈദികരെയും ഗുണദോഷിക്കുകയും അവർക്ക് ബഹുമാനാദരവുകൾ അർപ്പിക്കുകയും തങ്ങളുടെ അജഗണത്തിന്റെ പക്കലേക്ക് തിരികെ പോകാൻ ഉപദേശിക്കുകയും ചെയ്തു.

### അധ്യായം 11

## കേസറിയായിലെ എവുസേബിയസിന്റെ കത്ത്

കേസറിയാ മെത്രാനായ എവുസേബിയസ് വിശ്വാസ സംബന്ധമായി എഴുതിയ കത്ത് ഞാനിവിടെ ചേർക്കുന്നു. ഈ കത്ത് ആരിയന്മാരുടെ ഔദ്ധത്യം വെളിപ്പെടുത്തുന്നു. ഈ ആരിയന്മാർ നമ്മുടെ പിതാക്കന്മാരെ നിന്ദിക്കുക മാത്രമല്ല, അവരുടെ സ്വന്തത്തെ തള്ളിപ്പറയുക കൂടി ചെയ്യുന്നു. അവരുടെ വിഭ്രാന്തിയെ സംബന്ധിച്ച് ബോധ്യം നൽകുന്ന തെളിവാണിത്. അവർ തീർച്ചയായും എവുസേബിയസിനെ ബഹുമാനിച്ചിരുന്നു. കാരണം, അദ്ദേഹം അവരുടെ അഭിപ്രായങ്ങളോട് അനുഭാവം കാണിച്ചിരുന്നു. എന്നാൽ അവർ അദ്ദേഹത്തിന്റെ രചനകളെ പരസ്യമായി ഖണ്ഡിക്കുന്നു. വഞ്ചകൻ എന്ന് അദ്ദേഹത്തെ കുറ്റപ്പെടുത്തിയ ചില ആരിയന്മാർക്ക് അദ്ദേഹം കത്തെഴുതി. കത്ത് രചയിതാവിന്റെ ഉദ്ദേശ്യം പ്രസ്പഷ്ടമാക്കുന്നു.

1:11

*നിഖ്യാകൗൺസിലിൽ നിന്ന് എവുസേബിയസ് എഴുതിയ കത്ത്*

പ്രിയപ്പെട്ടവരേ, സഭാവിശ്വാസം സംബന്ധിച്ച് നിഖ്യായിൽ കൂടിയ സിനഡിൽ വച്ച് ചർച്ച ചെയ്ത സംഗതികൾ ഒരുപക്ഷേ മറ്റാളുകളിൽ നിന്ന് നിങ്ങൾ ഇതിനോടകം ഗ്രഹിച്ചുകാണും. ഇവിടെ നടന്ന സംഗതികളെ കുറിച്ചുള്ള കൃത്യമായ വിവരത്തിനു മുമ്പേ ഊഹാപോഹങ്ങൾ പരക്കാനാണിട. സംഗതികളുടെ നിജസ്ഥിതി പ്രസ്തുത റിപ്പോർട്ടുകളിൽ കോട്ടിമാട്ടി ചിത്രീകരിക്കപ്പെടാതിരിക്കാൻ, ആദ്യമായി നാം തന്നെ അവിടെ സമർപ്പിച്ച വിശ്വാസപ്രഖ്യാപനവും അതിനുശേഷം പിതാക്കന്മാർ അതിനോട് ചില വാക്കുകൾ കൂട്ടിച്ചേർത്തുണ്ടാക്കിയ വിശ്വാസപ്രമാണവും എഴുതിച്ചേർക്കാൻ നാം നിർബന്ധിതനായിരിക്കയാണ്. ഏറ്റവും ഭക്തനായ ചക്രവർത്തിയുടെ മുമ്പാകെ നാം വായിക്കുകയും നല്ലതും സ്വീകരിക്കത്തക്കതുമെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്ത നമ്മുടെ പ്രബന്ധം ഇപ്രകാരമാണ്:

*നാം അവതരിപ്പിച്ച വിശ്വാസപ്രമാണം*

നമുക്കു മുമ്പേ പോയ മെത്രാന്മാരിൽ നിന്ന് നാം സ്വീകരിച്ചതു പോലെയും വിശുദ്ധ സ്നാനം സ്വീകരിച്ചപ്പോൾ നമ്മുടെ ആദ്യമതപഠനത്തിൽ നിന്നും വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും നാം പഠിച്ചതുപോലെയും നാം വിശ്വസിച്ചതു പോലെയും, വൈദികജീവിതത്തിലും മെത്രാനെന്ന നിലയിലും പഠിപ്പിച്ചതുപോലെയും ഇപ്പോഴും നാം വിശ്വസിക്കുന്ന നമ്മുടെ വിശ്വാസപ്രമാണം നാമിവിടെ അവതരിപ്പിക്കുന്നു. അതിപ്രകാരമാണ്:

"സർവശക്തനായ പിതാവായി, കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും നിർമാതാവായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. തന്നാൽ സകലവും നിർമിക്കപ്പെട്ടവനും പിതാവിൽ നിന്നു ജനിച്ചവനും യുഗങ്ങൾക്കുമുമ്പേ എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും ഏകജാതനായ പുത്രനും ജീവനിൽ നിന്നുള്ള ജീവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും ദൈവത്തിൽ നിന്നുള്ള ദൈവവും ദൈവവചനവുമായ ഏക കർത്താവേശുമിശിഹായിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ നമ്മുടെ രക്ഷയ്ക്കുവേണ്ടി ജഡം ധരിച്ച് മനുഷ്യരുടെ ഇടയിൽ ജീവിച്ചു. അവൻ പീഡ സഹിച്ച്, മരിച്ച് മൂന്നാം ദിവസം ഉയിർത്തു. അവൻ പിതാവിങ്കലേക്ക് എടുക്കപ്പെട്ടു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ മഹത്വത്തോടെ അവൻ വരും. ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു".

പിതാവ് യഥാർഥത്തിൽ പിതാവാണെന്നും പുത്രൻ യഥാർഥത്തിൽ പുത്രനാണെന്നും പരിശുദ്ധാത്മാവ് യഥാർഥത്തിൽ പരിശുദ്ധാത്മാവാണെന്നും അവർ സ്ഥിതി ചെയ്യുന്നെന്നും നാം വിശ്വസിക്കുന്നു. നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരെ പ്രസംഗിക്കാൻ അയച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: ''നിങ്ങൾ പോയി സകല ജാതികളെയും പഠിപ്പിക്കുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെ നാമത്തിൽ അവരെ സ്നാനപ്പെടുത്തുവിൻ" (മത്താ. 28,19). അവനെ സംബന്ധിച്ച് നാം ഇപ്രകാരം വിശ്വസിക്കുന്നെന്ന് ഉറപ്പായി പ്രഖ്യാപിക്കുന്നു. ഇപ്രകാരം നാം ചിന്തിക്കുന്നു.

www.malankaralibrary.com 

മുമ്പ് ഇപ്രകാരം തന്നെ വിശ്വസിച്ചിരുന്നു. മരണംവരെ ഈ വിശ്വാസം നാം പാലിക്കുകയും ചെയ്യും. അതോടൊപ്പം എല്ലാ പാഷണ്ഡതകളെയും നാം പരിത്യജിക്കുന്നു. ഓർമവച്ച നാൾമുതൽ ഇങ്ങനെതന്നെ എപ്പോഴും നമ്മുടെ ആത്മാവിലും മനസ്സിലും നാം ചിന്തിച്ചിരുന്നു. ഇപ്പോഴും ഇപ്രകാരം തന്നെ ചിന്തിക്കുകയും സംസാരിക്കുകയും സർവശക്തനായ ദൈവത്തിന്റെ മുമ്പാകെ സാക്ഷ്യപ്പെടുത്തുകയും നമ്മുടെ കർത്താവേശുമിശിഹായെ സാക്ഷിയായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. മുമ്പും ഇതുതന്നെ ആയിരുന്നു നമ്മുടെ വിശ്വാസവും പ്രബോധനവുമെന്ന് തെളിവുകൾ കൊണ്ട് നിങ്ങളെ കാണിക്കാനും ബോധ്യപ്പെടുത്താനും നമുക്ക് സാധിക്കും.

നാം പരസ്യമായി പ്രഖ്യാപിച്ച വിശ്വാസപ്രമാണത്തിൽ പരസ്പരവിരുദ്ധമായി ഒന്നുമില്ലായിരുന്നു. പിന്നെയോ, ഏറ്റവും സത്യവിശ്വാസപരമായ പ്രസ്താവനകളാണ് ഇതിലുള്ളതെന്ന് നമ്മുടെ ഏറ്റവും ഭക്തനായ ചക്രവർത്തി എല്ലാവരേക്കാളും മുമ്പേ സാക്ഷ്യപ്പെടുത്തി. താനും ഇപ്രകാരം തന്നെയാണ് ചിന്തിക്കുന്നതെന്ന് അദ്ദേഹം ഏറ്റുപറയുക കൂടി ചെയ്തു. ഇതോടും ഇതിന്റെ പ്രഖ്യാപനങ്ങളോടും കൂടെ *സമസത്ത (ഹോമോഉസിയോസ്)* എന്ന ഏകപദം മാത്രം കൂട്ടിച്ചേർത്ത് ഇതംഗീകരിക്കാൻ അദ്ദേഹം സന്നിഹിതരായവരെ ഉപദേശിച്ചു. 'ജഡങ്ങളുടെ ബന്ധം' എന്ന അർഥത്തിലല്ല അതു വ്യാഖ്യാനിച്ചത്. വിഭജനം വഴിയോ മറ്റേതെങ്കിലും വേർതിരിക്കൽ വഴിയോ പുത്രൻ പിതാവിൽ നിന്നു ജനിച്ചു എന്ന അർഥത്തിലല്ല. കാരണം, പദാർഥരഹിതവും ബൗദ്ധികവും അശരീരവുമായ സ്വഭാവത്തിന് ശാരീരിക വേദനകൾക്ക് വിധേയമാകാൻ സാധ്യമല്ലല്ലോ. അത്തരം സംഗതികളെ ദൈവികവും അവാച്യവുമായ രീതിയിലാണ് നാം പരിഗണിക്കുന്നത്. ഏറ്റവും ബുദ്ധിമാനും ഭക്തിനിറഞ്ഞവനുമായ നമ്മുടെ ചക്രവർത്തിയുടെ പരാമർശങ്ങൾ ഇങ്ങനെയൊക്കെ ആയിരുന്നു. *സമസത്ത* എന്ന പദം ചേർത്ത് അവർ താഴെപ്പറയുന്ന ഫോർമുല ഉണ്ടാക്കി.

*കൗൺസിൽ പ്രസിദ്ധീകരിച്ച വിശ്വാസപ്രമാണം*

"സർവശക്തനായ പിതാവും ദൃശ്യാദൃശ്യങ്ങളുടെ നിർമാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ പുത്രനും പിതാവിൽ നിന്ന് ജനിച്ചവനും ഏകജാതനും *പിതാവിന്റെ സത്തയിൽ നിന്നുള്ളവനും* ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും *പിതാവുമായി സമസത്തയായവനും* തന്നാൽ ആകാശത്തിലും ഭൂമിയിലുമുള്ള സകലവും നിർമിക്കപ്പെട്ടവനുമായ ഏക കർത്താവേശുമിശിഹായിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി താഴേയ്ക്കിറങ്ങി ശരീരമെടുത്ത് മനുഷ്യനായി. അവൻ പീഡ അനുഭവിച്ച് മരിക്കുകയും മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുകയും സ്വർഗത്തിലേക്ക് കരേറുകയും ചെയ്തു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും വരും. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. "ദൈവപുത്രൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടാ

യിരുന്നു" എന്നോ, "ജനിക്കുന്നതിനുമുമ്പ് അവൻ ഇല്ലായിരുന്നു" എന്നോ, "അവൻ മറ്റൊരു സാരാംശത്തിൽ അഥവാ സത്തയിൽ നിന്നാണ്" എന്നോ, "അവൻ ഒരു സൃഷ്ടിയാണ്" എന്നോ,"മാറ്റത്തിനും വ്യതിയാനത്തിനും വിധേയനാണ്" എന്നോ ദൈവപുത്രനെപ്പറ്റി പറയുന്ന എല്ലാവരെയും കാതോലികവും ശ്ലൈഹികവുമായ സഭ പുറന്തള്ളുന്നു."

'പിതാവിന്റെ സത്തയിൽ നിന്ന്', 'പിതാവുമായി സമസത്ത' എന്നീ പദപ്രയോഗങ്ങൾ ഏത് അർഥത്തിലാണ് അവർ ഉപയോഗിച്ചതെന്ന് ചർച്ച ചെയ്യാതെയല്ല ഞങ്ങൾ സ്വീകരിച്ചിരിക്കുന്നത്. തദനുസൃതം പദങ്ങളെപ്രതി ചോദ്യോത്തരങ്ങളുണ്ടായി. 'സത്തയിൽ നിന്ന്' എന്നത്, യഥാർഥത്തിൽ പിതാവിൽ നിന്നാണ് പുത്രന്റെ അസ്തിത്വമെന്നും അങ്ങനെ ആണെങ്കിലും പിതാവിന്റെ ഭാഗമല്ലെന്നും സൂചിപ്പിക്കുന്നു. ഈ അർഥത്തിൽ, പുത്രൻ പിതാവിൽ നിന്നാണെന്നും, എന്നാൽ പിതാവിന്റെ ഭാഗമല്ലെന്നും മറ്റുമുള്ള മതതത്വത്തിന്റെ സാരസത്ത അംഗീകരിക്കുന്നത് യുക്തമാണെന്ന് ഞങ്ങൾക്ക് തോന്നി. സമാധാനം കാംക്ഷിക്കുന്നതിനാലും സത്യവിശ്വാസത്തിൽ സ്ഥിരതയോടിരിക്കാൻ താൽപര്യമുള്ളതിനാലും, 'സത്തയിൽ നിന്ന്' എന്ന പദപ്രയോഗം തള്ളിക്കളയാതെ നാമും ഇതെല്ലാം അംഗീകരിച്ചു.

അതുപോലെ, 'ജനിച്ചവനും സൃഷ്ടിയല്ലാത്തവനും' എന്നതും നാം അംഗീകരിച്ചു. 'സൃഷ്ടിക്കപ്പെട്ടവ' എന്നത് പുത്രനിലൂടെ സൃഷ്ടിക്കപ്പെട്ട സൃഷ്ടികൾക്കുള്ള പൊതുവായ പ്രയോഗമാണ്. പുത്രന് അവയോട് സാദൃശ്യമില്ല. അതുകൊണ്ട് അവർ പറയുന്നു, അവനിലൂടെ സൃഷ്ടിക്കപ്പെട്ട വസ്തുക്കളെപ്പോലെ അവൻ ഒരു വസ്തുവല്ല. മറിച്ച്, എല്ലാ സൃഷ്ടികളേക്കാളും ഉപരിസ്ഥമായ സത്തയാണ് അവനുള്ളത്.'അവൻ പിതാവിൽ നിന്നു ജനിച്ചു' എന്ന് തിരുലിഖിതം പഠിപ്പിക്കുന്നു. എന്നാൽ അവന്റെ ജനനരീതി സൃഷ്ടിക്കപ്പെട്ട എല്ലാ സ്വഭാവങ്ങൾക്കും വിശകലനാതീതവും അവാച്യവുമാണ്.

'പുത്രൻ പിതാവിനോട് സത്തയിൽ ഒന്നാണ്' എന്നു പറയുന്നതിന് അടിസ്ഥാനമുണ്ടെന്ന് വിശകലനത്തിൽ നമുക്ക് മനസ്സിലായി. പദാർഥങ്ങളെ പോലെയല്ല. നശ്വരവസ്തുക്കളെ പോലെയുമല്ല. കാരണം, അവൻ അങ്ങനെ സത്ത വിഭജിച്ചോ, വേർപെട്ടോ, മറ്റെന്തെങ്കിലും ബന്ധം കൊണ്ടോ വ്യതിയാനം കൊണ്ടോ പിതാവിന്റെ സത്തയും ശക്തിയും മാറിയോ ഉണ്ടായതല്ല. ഉത്ഭവമില്ലാത്ത പിതൃസ്വഭാവം ഇവയിൽ നിന്നെല്ലാം അന്യമാണ്. മറിച്ച്, 'സത്തയിൽ പിതാവുമായി ഒന്ന്' എന്നത്, സൃഷ്ട വസ്തുക്കളുമായി ദൈവപുത്രന് സാദൃശ്യമില്ലെന്ന് സൂചിപ്പിക്കുന്നു. തന്നെ ജനിപ്പിച്ച പിതാവിനോടാണ് അവൻ എല്ലാവിധേനയും സദൃശ്യനായിരിക്കുന്നത്. അവന് പിതാവിനോടല്ലാതെ മറ്റു യാതൊരു സത്തയുമായും ഹ്യുപ്പോസ്റ്റസിസുമായും സാമ്യമില്ല. ഇപ്രകാരം വ്യാഖ്യാനിക്കപ്പെട്ട ഈ പദവും അംഗീകരിക്കുന്നത് യുക്തമാണെന്ന് തോന്നി. കാരണം, പ്രാചീനരുടെ ഇടയിൽ പണ്ഡിതരും പ്രശസ്തരുമായ ചില മെത്രാന്മാരും എഴുത്തുകാരും 'സത്തയിൽ ഒന്ന്' എന്ന് പിതാവിനെയും പുത്രനെയും പറ്റി അവരുടെ ദൈവശാസ്ത്ര പ്രബോ

ധനത്തിൽ പ്രയോഗിച്ചിട്ടുണ്ടെന്ന് നമുക്ക് അറിവുള്ളതാണ്. ഏറ്റവും ഭക്ത നായ ചക്രവർത്തിയുടെ മുമ്പാകെ പ്രസിദ്ധീകൃതമായ വിശ്വാസം ചർച്ച ചെയ്യാതെയല്ല, വിശകലനത്തിനുശേഷം മാത്രം ഞങ്ങളെല്ലാവരും അംഗീ കരിച്ചു. മുകളിൽ പറഞ്ഞ ന്യായങ്ങളാലാണ് അത് സ്വീകരിക്കപ്പെട്ടത്. അതേപ്പറ്റി ഇത്രയും മതി.

വിശ്വാസപ്രമാണത്തോടുകൂടി പ്രസിദ്ധീകൃതമായ ശാപങ്ങളെപ്പറ്റി: അത് ഞങ്ങളെ വേദനിപ്പിച്ചില്ല. കാരണം, വിശുദ്ധ ഗ്രന്ഥത്തിൽ ഇല്ലാത്ത വാക്കുകൾ ഉപയോഗിക്കുന്നത് അത് വിലക്കി. സഭയിലെ എല്ലാ കലക്ക ങ്ങളും പ്രശ്നങ്ങളും അതിൽ നിന്നാണല്ലോ ഉത്ഭവിച്ചത്. ദിവ്യപ്രചോദിത ഗ്രന്ഥങ്ങൾ 'ഇല്ലായ്മയിൽ നിന്ന്','ഒരിക്കൽ അവൻ ഇല്ലായിരുന്നു' എന്നി ത്യാദി പദങ്ങളൊന്നും ഉപയോഗിക്കാഞ്ഞതിനാൽ,അവ ഉപയോഗിക്കു വാനോ, പഠിപ്പിക്കുവാനോ ഒരു ന്യായീകരണവും കണ്ടില്ല. അത് നല്ല തീരു മാനമായി കണ്ടതിനാൽ ഞങ്ങൾ അംഗീകരിച്ചു. ഈ പദങ്ങൾ ഉപയോ ഗിക്കുക ഇതുവരെ നമ്മുടെ പതിവായിരുന്നില്ല.

'തന്റെ ജനനത്തിനമുമ്പ് അവനില്ലായിരുന്നു' എന്ന പ്രസ്താവനയെ ശപിച്ചത് തെറ്റായി തോന്നിയില്ല. കാരണം, ശാരീരികമായ തന്റെ ജനന ത്തിനുമുമ്പ് ദൈവപുത്രൻ ഉണ്ടായിരുന്നു എന്നത് എല്ലാവരും പ്രഖ്യാപി ക്കുന്ന സംഗതിയത്രേ.

'യുഗങ്ങൾക്കു മുമ്പുള്ള തന്റെ ദൈവികജനനമനുസരിച്ച് അവൻ ഉണ്ടായിരുന്നു' എന്ന് ഏറ്റവും ഭക്തനായ നമ്മുടെ ചക്രവർത്തി തന്നെ തദ വസരം ഒരു പ്രസംഗത്തിൽ പറയുകയുണ്ടായി. ശക്തിയിൽ അവൻ ജനിപ്പി ക്കപ്പെടുന്നതിനുമുമ്പ് ജനനം കൂടാതെ അവൻ പിതാവിലായിരുന്നു. പിതാവ് സദാ പിതാവാണ്. സദാ രാജാവാണ്. സദാ രക്ഷകനാണ്. അതുപോലെ, എല്ലാ കാര്യങ്ങളിലും എല്ലാ വിധത്തിലും ഒരുപോലെയാണ്.

പ്രിയപ്പെട്ടവരേ, ഞങ്ങളുടെ ചർച്ചയുടെയും തീരുമാനത്തിന്റെയും ഫലങ്ങൾ ഇവയാണ്. നമ്മുടേതിൽ നിന്ന് വ്യത്യസ്തമായ പ്രസ്താവനകൾ എത്ര ന്യായമായി അവസാന നിമിഷംവരെ നാം എതിർത്തുകൊണ്ടിരു ന്നെന്നും വാക്കുകളുടെ കൃത്യമായ അർഥം വിശകലനം ചെയ്തിട്ട്, നമുക്ക് ബുദ്ധിമുട്ടില്ലാത്തവ ചർച്ചകളൊന്നും കൂടാതെ എത്രവേഗം നാം അംഗീകരി ച്ചെന്നും നാം പ്രസംഗിച്ചതും പ്രഖ്യാപിക്കുന്നതുമായ നമ്മുടെ വിശ്വാസ പ്രമാണവുമായി എത്രമാത്രം ഒത്തുപോകുന്നെന്നും നിങ്ങളെ അറിയിക്കാൻ നാം ബാധ്യസ്ഥനായിരിക്കുകയാണ്."

### അധ്യായം 12

## ആരിയനിസത്തിന്റെ ഖണ്ഡനം

കേസറിയായിലെ എവുസേബിയസിന്റെ കൃതികളിൽ നിന്ന്,

സമസത്ത എന്നപദം പുതിയൊരു പ്രയോഗമല്ല. കൗൺസിലിൽ സംബ ന്ധിച്ച പിതാക്കന്മാരുടെ കണ്ടുപിടുത്തവുമല്ലെന്ന് എവുസേബിയസ് വ്യക്ത

മായി സാക്ഷിക്കുന്നു. പിന്നെയോ, പിതാവിൽ നിന്ന് മക്കളിലേക്ക് ആരംഭം മുതൽ ഇത് കൈമാറി കൊടുത്തിട്ടുള്ളതാണ്. അവിടെ പ്രസിദ്ധീകരിച്ച വിശ്വാസപ്രമാണം അവിടെ സമ്മേളിച്ചവർ ഏകയോഗമായി അംഗീകരിച്ച താണെന്നും അദ്ദേഹം പറയുന്നു. മറ്റൊരു കൃതിയിലും അദ്ദേഹം ഇതിനു സാക്ഷ്യം വഹിക്കുന്നു. മഹാനായ കോൺസ്റ്റന്റൈന്റെ സ്വഭാവത്തെ അദ്ദേഹം വളരെ ഉന്നതമായി ശ്ലാഘിക്കുന്നു. അദ്ദേഹം ഇപ്രകാരം രേഖ പ്പെടുത്തിയിരിക്കുന്നു: "ചക്രവർത്തി ഈ പ്രസംഗം ലത്തീനിൽ നടത്തി. ഒരു ദ്വിഭാഷി അത് ഗ്രീക്കിലേക്ക് വിവർത്തനം ചെയ്തു. പിന്നീട് കൗൺ സിലിലെ നേതാക്കന്മാർക്ക് പ്രസംഗിക്കാൻ അദ്ദേഹം അവസരം നൽകി. ചിലർ ഉടൻ തന്നെ തങ്ങളുടെ അയൽക്കാർക്കെതിരെ ആരോപണങ്ങൾ ഉന്നയിക്കാൻ തുടങ്ങി. മറ്റുള്ളവരാകട്ടെ, കുറ്റപ്പെടുത്താനും പ്രത്യാരോപണം നടത്താനും തുടങ്ങി. ഓരോ വിഭാഗത്തിനും ഒത്തിരി പറയാനുണ്ടായിരുന്നു. ആരംഭത്തിൽ ചർച്ച വളരെ ഉഗ്രമായിത്തീർന്നു. അവർ പറഞ്ഞതെല്ലാം ചക്രവർത്തി ശാന്തമായും ശ്രദ്ധയോടും കേട്ടിരുന്നു. ഓരോ വിഭാഗവും അവതരിപ്പിച്ചത് വളരെ ശ്രദ്ധാപൂർവം ശ്രവിച്ചു. ഏറ്റുമുട്ടിയവരെ രമ്യതപ്പെ ടുത്താൻ അദ്ദേഹം ശാന്തമായി പരിശ്രമിച്ചു. അദ്ദേഹം അവരോട് മധുരമായും ശാന്തമായും ഗ്രീക്കിൽ സംസാരിച്ചു. ഗ്രീക്കുഭാഷ അദ്ദേഹത്തിന് അജ്ഞാത മായിരുന്നില്ല. അദ്ദേഹം ചിലരെ വാദിച്ച് ബോധ്യപ്പെടുത്തി. മറ്റു ചിലരെ ശകാരിക്കേണ്ടി വന്നു. നന്നായി സംസാരിച്ചവരെ ശ്ലാഘിച്ചു. എല്ലാവരെയും ഹൃദയൈക്യത്തിന് ഉത്തേജിപ്പിച്ചു. അവസാനം, തർക്ക വിഷയങ്ങളിൽ അവരെയെല്ലാം ഹൃദയൈക്യത്തിലും യോജിപ്പിലും എത്തിച്ചു. അങ്ങനെ അവരെല്ലാം ഒരേ വിശ്വാസം പാലിക്കാൻ സമ്മതിച്ചു. ഒരേദിവസം രക്ഷയുടെ പെരുന്നാൾ ആഘോഷിക്കാമെന്നും തീരുമാനിച്ചു. തീരുമാനിച്ചത് ലിഖിത രൂപത്തിലാക്കി, എല്ലാ മെത്രാന്മാരും ഒപ്പുവച്ചു."

തുടർന്ന് ഗ്രന്ഥകാരൻ തന്റെ വിവരണം ഇപ്രകാരം തുടരുന്നു: "സംഗതി കൾ ഇപ്രകാരം ക്രമീകരിച്ചശേഷം, തങ്ങളുടെ രൂപതകളിലേക്ക് മടങ്ങി പ്പോകാൻ ചക്രവർത്തി അവർക്ക് അനുവാദം നൽകി. അവർ വളരെ സന്തോഷത്തോടെ തിരികെപ്പോയി. ചക്രവർത്തിയുടെ സാന്നിധ്യത്തിൽ അംഗീകരിച്ചവ സംബന്ധിച്ച് അവർ ഏകാഭിപ്രായം പുലർത്തി. മുമ്പ് വളരെ വിഭജിതർ ആയിരുന്നെങ്കിലും, ഇപ്പോൾ ഏകശരീരമെന്നവണ്ണം അവർ യോജിച്ചു. തന്റെ പരിശ്രമം വിജയിച്ചതിൽ സന്തുഷ്ടനായി, നടന്ന സംഗതി കൾ വിദൂരത്തിൽ ഉള്ളവരെ ചക്രവർത്തി കത്തുവഴി അറിയിച്ചു. തന്റെ ഭരണത്തിന്റെ ഇരുപതാം വാർഷികം വലിയ ആഘോഷ പരിപാടികളോടെ നടത്താൻ ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ളവരുടെ ഇടയിൽ വളരെ വലിയ തുക ഔദാര്യപൂർവം വിതരണം ചെയ്യാൻ കൽപ്പിച്ചു.

ആരിയന്മാർ മറ്റു പിതാക്കന്മാരുടെ പ്രസ്താവനകളെ അഭക്തമായി തള്ളിക്കളയുന്നെങ്കിലും, അവർ ബഹുമാനിക്കുന്ന ഈ പിതാവെഴുതിയത് വിശ്വസിക്കേണ്ടതാണ്. എല്ലാവരും ഹൃദയൈക്യത്തോടെ ഒപ്പുവച്ച ഈ വിശ്വാസപ്രമാണം സംബന്ധിച്ച അദ്ദേഹത്തിന്റെ സാക്ഷ്യം അവർ സ്വീകരി

ക്കേണ്ടതാണ്. എന്നാൽ അവർ തങ്ങളുടെതന്നെ നേതാക്കന്മാരുടെ അഭിപ്രായങ്ങളെ നിരാകരിക്കുമ്പോൾ, ആരിയസിന്റെ ഹീനവും ഭയാനക വുമായ മരണം സംബന്ധിച്ചവ അറിഞ്ഞിരിക്കേണ്ടതാണ്. തങ്ങളുടെ സർവ കഴിവുകളും ഉപയോഗിച്ച് അയാൾ ഉന്നയിച്ച അബദ്ധപ്രബോധനത്തിൽ നിന്ന് സർവശക്തിയോടും കൂടി ഓടിയകലുകയും ചെയ്യേണ്ടതാണ്. അയാൾ എങ്ങനെ മരിച്ചെന്ന് എല്ലാവർക്കും അറിവില്ലാത്തതിനാൽ, അതിവിടെ ചേർക്കുന്നു.

### അധ്യായം 13

## ആരിയസിന്റെ മരണം

ആരിയസ് ദീർഘകാലം അലക്സാണ്ഡ്രിയായിൽ കഴിഞ്ഞശേഷം, തന്റെ അഭക്തി ഉപേക്ഷിക്കുന്നെന്ന് പ്രഖ്യാപിക്കുകയും, പിതാക്കന്മാർ രൂപീകരിച്ച വിശ്വാസപ്രമാണം സ്വീകരിക്കുന്നെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തുകൊണ്ട് സഭായോഗങ്ങളിലേക്ക് ബലാൽക്കാരമായി പ്രവേശിക്കാൻ ക്രമസമാധാനം തകർത്ത് പരിശ്രമിച്ചു. എന്നാൽ ദിവ്യനായ അലക്സാ ണ്ഡറിന്റെയോ, പാത്രിയാർക്കേറ്റിൽ പിൻഗാമിയായ അത്തനാസ്യോസി ന്റെയോ വിശ്വാസം നേടിയെടുക്കാൻ കഴിയാഞ്ഞതിനാൽ, നിക്കൊമേദിയാ യിലെ എവുസേബിയസിന്റെ സഹായത്തോടും പ്രോത്സാഹനത്തോടും കൂടെ കോൺസ്റ്റാന്റിനോപ്പിളിലേക്ക് പോയി. അയാൾ ഉൾപ്പെട്ട ഗൂഢാലോ ചനയെ പറ്റിയും നീതിമാനായ ന്യായാധിപൻ നൽകിയ ശിക്ഷയെ പറ്റിയും ആപ്പിയോനുള്ള കത്തിൽ ശ്രേഷ്ഠനായ അത്തനാസ്യോസ് നന്നായി വിവരി ച്ചിട്ടുണ്ട്. അതുകൊണ്ട് എന്റെ ഈ കൃതിയിൽ ഞാനിപ്പോൾ ഈ ഭാഗം ഉദ്ധരിക്കാം. അദ്ദേഹം ഇപ്രകാരം എഴുതുന്നു:

“അയാൾ മരിച്ചപ്പോൾ ഞാൻ കോൺസ്റ്റാന്റിനോപ്പിളിൽ ഉണ്ടായിരു ന്നില്ല. എന്നാൽ മക്കാറിയോസ് എന്ന പ്രെസ്ബിറ്റർ അവിടെ ഉണ്ടായിരുന്നു. അയാളിൽ നിന്നാണ് ഞാൻ എല്ലാ വിശദാംശങ്ങളും ഗ്രഹിച്ചത്. ആരിയ സിനെ തിരികെ വിളിക്കാൻ എവുസേബിയസും അയാളുടെ പക്ഷക്കാരും കോൺസ്റ്റന്റൈൻ ചക്രവർത്തിയെ പ്രേരിപ്പിച്ചു. കത്തോലിക്കാ സഭയുടെ വിശ്വാസം അംഗീകരിക്കുന്നുണ്ടോയെന്ന് അയാൾ വന്നപ്പോൾ ചക്രവർത്തി അയാളോട് ചോദിച്ചു. തന്റേത് സത്യവിശ്വാസമാണെന്ന് ആരിയസ് ആണ യിട്ടു പറയുകയും തന്റെ വിശ്വാസത്തിന്റെ ഒരു സംക്ഷിപ്ത രൂപം എഴുതി ക്കൊടുക്കുകയും ചെയ്തു. എന്നാൽ അലക്സാണ്ഡർ മെത്രാൻ അയാളെ സഭയ്ക്ക് പുറത്താക്കിയതിന്റെ കാരണം മറച്ചു വയ്ക്കുകയും തിരുലിഖിത ഭാഷ വഞ്ചനാത്മകമായി അവതരിപ്പിക്കുകയും ചെയ്തു.

തന്നെ സഭയിൽ നിന്ന് അലക്സാണ്ഡർ പുറത്താക്കാൻ ഹേതുവായ തെറ്റുകൾ താൻ മുറുകെ പിടിക്കുന്നില്ലെന്ന് ആരിയസ് ആണയിട്ട് പ്രഖ്യാപി ച്ചപ്പോൾ, ‘നിന്റെ വിശ്വാസം ഓർത്തഡോക്സ് ആണെങ്കിൽ, നീ നന്നായി

ആണയിട്ടിരിക്കുന്നു. എന്നാൽ നിന്റെ വിശ്വാസം അഭക്തമായിരിക്കെ നീ ആണയിട്ടെങ്കിൽ, ദൈവം സ്വർഗത്തിൽ നിന്ന് നിന്നെ വിധിക്കട്ടെ" എന്നു പറഞ്ഞ് കോൺസ്റ്റൻടൈൻ അയാളെ പുറത്താക്കി.

അയാൾ ചക്രവർത്തിയുടെ പക്കൽ നിന്നു പുറപ്പെട്ടപ്പോൾ, എവുസേബിയൻ പക്ഷക്കാർ അവർക്കു പതിവുള്ള അക്രമപ്രവണതയോടു കൂടെ അയാളെ പള്ളിയിൽ കയറ്റാൻ ആഗ്രഹിച്ചു. എന്നാൽ പാഷണ്ഡതയുടെ ഉപജ്ഞാതാവിനെ കൂട്ടായ്മയിൽ സ്വീകരിക്കാൻ പാടില്ലെന്നു പറഞ്ഞു കൊണ്ട് കോൺസ്റ്റാന്റിനോപ്പിളിലെ ഭാഗ്യവാനായ അലക്സാണ്ഡർ അനുവാദം നൽകിയില്ല. അവസാനം എവുസേബിയൻ പക്ഷക്കാർ ഇപ്രകാരം ഭീഷണി മുഴക്കി: നിന്റെ ഇഷ്ടത്തിനെതിരെ ആരിയസിനെ വിപ്രവാസത്തിൽ നിന്ന് തിരികെ വരുത്താൻവേണ്ടി ചക്രവർത്തിയെ സ്വാധീനിക്കാൻ ഞങ്ങൾക്കു കഴിഞ്ഞു. ഇപ്പോൾ നീ തടഞ്ഞാലും നാളെ ഈ പള്ളിയിൽ വച്ച് ആരിയസ് ഞങ്ങളോടൊത്ത് കൂട്ടായ്മയിൽ പ്രവേശിക്കും. അവർ ഇതു പറഞ്ഞത് ശനിയാഴ്ചയാണ്. താൻ കേട്ടതിനെപ്രതി അലക്സാണ്ഡർ വളരെ ദുഃഖിതനായി. അദ്ദേഹം പള്ളിയിൽ കയറി ദൈവത്തിൻ പക്കലേക്ക് പ്രാർഥനയിൽ കരങ്ങളുയർത്തി കരഞ്ഞു നിലവിളിച്ചു. അദ്ദേഹം മദ്ബഹായിൽ കയറി സാഷ്ടാംഗപ്രണാമം ചെയ്ത് പ്രാർഥിച്ചു. മക്കാറിയോസ് അദ്ദേഹത്തിന്റെ കൂടെ കയറി പ്രാർഥിക്കുകയും അദ്ദേഹത്തിന്റെ പ്രാർഥന കേൾക്കുകയും ചെയ്തു. അദ്ദേഹം രണ്ടിലൊന്ന് ആവശ്യപ്പെട്ടു:"നാളെ ആരിയസ് സഭയോട് ചേരുകയാണെങ്കിൽ, നിന്റെ ദാസനായ ഞാൻ കടന്നു പോകട്ടെ. അഭക്തരോടൊത്ത് ഭക്തരെ നശിപ്പിക്കരുതേ. നീ നിന്റെ സഭയെ ശിക്ഷിക്കാതിരുന്നാൽ, – നീ അവളെ ശിക്ഷിക്കയില്ലെന്ന് എനിക്കറിയാം – എവുസേബിയൻ പക്ഷക്കാരുടെ വാക്കുകൾ ശ്രദ്ധിക്കണമെ.നിന്റെ അവകാശത്തെ നാശത്തിനും നിന്ദനത്തിനും ഏൽപ്പിച്ചു കൊടുക്കരുതേ. ആരിയസ് സഭയിലേക്ക് കടന്നു വരികയും അവനോടൊപ്പം പാഷണ്ഡത കടന്നുവരികയും അഭക്തി ഭക്തിയായി പരിഗണിക്കപ്പെടുകയും ചെയ്യാതിരിക്കാൻ ആരിയസിനെ നീക്കിക്കളയുക". അദ്ദേഹം ഇപ്രകാരം പ്രാർഥിച്ചിട്ട് ഉത്കണ്ഠാകുലനായി പള്ളിയിൽ നിന്നുപോയി. അപ്പോൾ ഭീകരവും അസാധാരണവുമായ ഒരു മഹാവിപത്തുണ്ടായി.

മെത്രാൻ പ്രാർഥനയിൽ മുഴുകിയപ്പോൾ, എവുസേബിയൻ പക്ഷക്കാർ ഭീഷണി മുഴക്കിക്കൊണ്ടിരുന്നു. തന്റെ പക്ഷക്കാരുടെ സംരക്ഷണയാൽ ധൈര്യപ്പെട്ട്, ആരിയസ് നിരവധി നിരർഥകവും വിവേകരഹിതവുമായ പ്രസംഗങ്ങൾ നടത്തി. എന്നാൽ പെട്ടെന്ന് പ്രകൃതിയുടെ ആവശ്യം നിറവേറ്റാൻ തോന്നിയതിനാൽ, അതിനായി കയറി. "അവൻ തലകുത്തി വീണ് ഉദരം പിളർന്നു"എന്ന് യൂദായെപ്പറ്റി എഴുതപ്പെട്ടിരിക്കുന്നതുപോലെ (നടപടി 1,18), ആരിയസ് പെട്ടെന്ന് തന്റെ ആത്മാവിനെ വിട്ടു. അവന് ജീവനും കൂട്ടായ്മയും നഷ്ടമായി. ഇപ്രകാരമായിരുന്നു ആരിയസിന്റെ അന്ത്യം.

എവുസേബിയൻ പക്ഷക്കാർ ലജ്ജാവിവശരായി. അവർ അയാളെ അടക്കി. അവർ അയാളുടെ വീക്ഷണങ്ങൾ സ്വന്തമാക്കിയിരുന്നു. ഭക്തി

യിലും ഓർത്തഡോക്സിയിലും സഭയോടൊത്ത് സന്തോഷിച്ചു കൊണ്ടും എല്ലാ സഹോദരന്മാരോടുമൊത്ത് പ്രാർഥിച്ചുകൊണ്ടും ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടും ഭാഗ്യവാനായ അലക്സാണ്ഡർ കുർബാനയർപ്പണം പൂർത്തിയാക്കി. ആരിയസ് മരിച്ചതിനാലല്ല അദ്ദേഹം സന്തോഷിച്ചത് – ദൈവം തടയട്ടെ. കാരണം, 'ഒരിക്കൽ മരിക്കണമെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു'(എബ്രാ.9,27). പിന്നെയോ, സംഭവിച്ചത് മാനുഷികവിധിക്ക് സ്പഷ്ടമായി ഉപരിസ്ഥമായതിനാലത്രേ. കാരണം, എവുസേബിയൻ പക്ഷക്കാരുടെ മഹാശല്യങ്ങളുടെ മേൽ കർത്താവു തന്നെ പ്രസ്താവിച്ച വിധിയും അലക്സാണ്ഡറുടെ പ്രാർഥനയും ആരിയൻ പാഷണ്ഡതയെ വിധിക്കുകയും സഭാകൂട്ടായ്മയിലേക്ക് അയാളെ സ്വീകരിക്കുന്നത് നല്ലതല്ലെന്ന് കാട്ടുകയും ചെയ്തു. ചക്രവർത്തിയുടെയും എല്ലാ മനുഷ്യരുടെയും പിന്തുണയും സ്വീകരണവും ഉണ്ടായിരുന്നെങ്കിലും, പാഷണ്ഡതയെ സത്യം ന്യായം വിധിച്ചെന്ന് ഇപ്രകാരം എല്ലാവർക്കും വെളിപ്പെടുത്തി."

ആരിയസ് വിതച്ച മാരകവിത്തുകളുടെ ആദ്യഫലങ്ങൾ അയാൾ തന്നെ കൊയ്തെടുക്കുകയും ഇതിനുശേഷം അയാളെ കാത്തിരിക്കുന്ന ശിക്ഷയുടെ നാന്ദിയായിത്തീരുകയും ചെയ്തു. അയാളുടെ അഭക്തിക്ക് തക്ക ശിക്ഷ അയാൾക്ക് കിട്ടി.

ഞാനിപ്പോൾ ചക്രവർത്തിയുടെ ഭക്തിയിലേക്ക് കടക്കട്ടെ. തങ്ങളുടെ മുൻകാലതെറ്റുകൾ ഉപേക്ഷിക്കുന്നതിനും നമ്മുടെ രക്ഷകന്റെ പ്രബോധനങ്ങൾ സ്വീകരിക്കുന്നതിനും ഈ സത്യത്തിലേക്ക് അവരെ ആനയിക്കുന്നതിനും തന്റെ പ്രജകൾക്കെല്ലാം ചക്രവർത്തി ഒരു കത്തെഴുതി. എല്ലാ നഗരങ്ങളിലും പള്ളികൾ പണിയുന്നതിന് അദ്ദേഹം മെത്രാന്മാരെ ഉത്തേജിപ്പിച്ചു. കത്തുകൾ വഴിയും ദ്രവ്യസഹായം വഴിയും പ്രോത്സാഹിപ്പിച്ചു. കെട്ടിടം പണിയുടെ തുക മുഴുവൻ നൽകുന്നതുവഴിയും അവരെ പ്രോത്സാഹിപ്പിച്ചു. അദ്ദേഹത്തിന്റെ കത്ത് താഴെ കൊടുക്കുന്നു.

### അധ്യായം 14

## ദൈവാലയ നിർമാണത്തിന് കോൺസ്റ്റൻടൈന്റെ കത്ത്

മഹനീയനും ജേതാവുമായ കുസ്തന്തീനോസ് അഗസ്റ്റസ്,

എവുസേബിയസിന്,

"വത്സലസഹോദരാ, ഹീനമായ ഗൂഢാലോചനകളും സ്വേച്ഛാധിപത്യപരമായ പീഡനങ്ങളും നിമിത്തം ഇക്കാലംവരെ നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ ദാസന്മാർ ക്ലേശിച്ചിരുന്നതിനാൽ, അവഗണനയാൽ എല്ലാ പള്ളിക്കെട്ടിടങ്ങളും പൂർണമായി തകർന്നോ, വരാൻ പോകുന്ന ദുഷ്ടതയുടെ ആശങ്കയാൽ ഉചിതമായ മഹനീയതയ്ക്ക് അനുസൃതമല്ലാതെയോ

കിടക്കുന്നു. ഇപ്പോൾ സമാധാനം പുഃസ്ഥാപിക്കപ്പെട്ടതിനാലും ദൈവപരിപാലനയാൽ നമ്മിലൂടെ സാമ്രാജ്യഭരണത്തിൽ നിന്ന് ആ സർപ്പത്തെ നിഷ്കാസനം ചെയ്തതിനാലും, ദൈവികശക്തി എല്ലാവർക്കും അറിയപ്പെട്ടെന്ന് എനിക്കു തോന്നുന്നു. ഇപ്പോൾവരെ ഭയത്താലോ, അവിശ്വാസത്താലോ, ധാർമികാധഃപതനത്താലോ തെറ്റിൽ തന്നെ കഴിഞ്ഞവർ, സത്യവാനെ പരിചയപ്പെടുന്നതിലൂടെ ഇപ്പോൾ ശരിയും സത്യവുമായ ജീവിതരീതി അനുവർത്തിക്കാൻ ഇടയാകട്ടെ. അതുകൊണ്ട് അങ്ങയുടെ ഭരണാതിർത്തിയിലുള്ള പള്ളികൾ പുനരുദ്ധരിക്കാൻ താൽപ്പര്യപൂർവം പരിശ്രമിക്കുക. അതുപോലെ തീക്ഷ്ണമായി ചെയ്യാൻ മറ്റിടങ്ങളിലെ പ്രധാനപ്പെട്ട മെത്രാന്മാരെയും വൈദികരെയും ഡീക്കന്മാരെയും ഉപദേശിക്കുക. ഇപ്പോഴുള്ള പള്ളികൾ നവീകരിക്കുകയോ, വിപുലീകരിക്കുകയോ ചെയ്യണം. ആവശ്യമുള്ളിടത്തെല്ലാം പുതിയ പള്ളികൾ സ്ഥാപിക്കണം. അങ്ങേയ്ക്കും അങ്ങയുടെ ഇടപെടലിലൂടെ മറ്റുള്ളവർക്കും ഇതിനുവേണ്ട ചെലവിന് മജിസ്ട്രേറ്റുമാരെയും പ്രൊവിൻഷ്യൽ സർക്കാരുകളെയും സമീപിക്കാവുന്നതാണ്. അങ്ങ് ആവശ്യപ്പെടുന്നത് ചെയ്തുതരാൻ ഞാൻ കത്തുവഴി അവരോട് കൽപ്പിച്ചിട്ടുണ്ട്. വത്സലസഹോദരാ, ദൈവം അങ്ങയെ സംരക്ഷിക്കട്ടെ."– പള്ളികൾ പണിയുന്നത് സംബന്ധിച്ച് ഓരോ പ്രോവിൻസിലെയും മെത്രാന്മാർക്ക് ചക്രവർത്തി ഇപ്രകാരം എഴുതി. ബൈബിളിന്റെ കോപ്പികൾ ലഭ്യമാക്കാൻ അദ്ദേഹം എടുത്ത നടപടികളെപ്പറ്റി കേസറിയായിലെ എവുസേബിയസിനെഴുതിയ കത്തിൽ നിന്ന് എളുപ്പത്തിൽ ഗ്രഹിക്കാം.

### അധ്യായം 15

## ബൈബിൾ കോപ്പികൾക്കായി കോൺസ്റ്റൻടൈന്റെ കത്ത്

ജയാളിയും വിജയശ്രീലാളിതനുമായ കോൺസ്റ്റന്തീനുസ് അഗസ്റ്റസ്, എവുസേബിയസിന്,

"രക്ഷകനായ ദൈവത്തിന്റെ പരിപാലനയാൽ നമ്മുടെ നാമം വഹിക്കുന്ന നഗരത്തിൽ വളരെയധികം ആളുകൾ വിശുദ്ധ സഭയിൽ ചേർന്നിരിക്കുന്നു. കാര്യങ്ങൾ വളരെവേഗം മെച്ചപ്പെട്ടു വരുന്നതിനാൽ, കൂടുതൽ പള്ളികൾ പണിയേണ്ടത് അവശ്യാവശ്യമാണെന്ന് നമുക്കു തോന്നി. നാം നിശ്ചയിച്ച നടപടിക്രമങ്ങൾ സന്തോഷപൂർവം സ്വീകരിക്കുക. അത് അങ്ങയെ അറിയിക്കുന്നത് ഉചിതമെന്ന് നാം കരുതി. അതായത്, നല്ല തുകൽ ചുരുളുകളിൽ എളുപ്പം വായിക്കത്തക്കവിധം ഉപയോഗത്തിനു പറ്റിയ വലിപ്പത്തിൽ ബൈബിളിന്റെ അൻപതു കോപ്പികൾ എഴുതി ഉണ്ടാക്കണം. വിദഗ്ധരായ കൈയെഴുത്തുകാരെക്കൊണ്ട് അവ ഭംഗിയായി എഴുതിക്കണം. അങ്ങേയ്ക്കറിയാവുന്നതു പോലെ, അവ സഭാസമൂഹത്തിൽ ഉണ്ടായിരിക്കേണ്ടതും അവർ ഉപയോഗിക്കേണ്ടതും വളരെ ആവശ്യമാണല്ലോ.

ഇതിന് ആവശ്യമുള്ളവയെല്ലാം നൽകാൻ (സിവിൾ) രൂപതയിലെ കാതോലിക്കോസിന്(സർക്കാർ ഉദ്യോഗസ്ഥന്) നാം എഴുതിയിട്ടുണ്ട്. ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ കൈയെഴുത്തു പ്രതികൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം എന്നുള്ളതാണ് അങ്ങയുടെ ദൗത്യം. അവ തയാറായി കഴിയുമ്പോൾ, അവ നമ്മുടെ പക്കലെത്തിക്കുന്നതിന്, രണ്ട് സംസ്ഥാനവാഹനങ്ങൾ ഓർഡർ ചെയ്യാൻ നാം ഈ കത്തുവഴി അങ്ങയെ ചുമതലപ്പെടുത്തുന്നു. അവ അപ്രകാരം നമ്മുടെ സൂക്ഷ്മ പരിശോധനയ്ക്കായി എളുപ്പത്തിൽ സമർപ്പിക്കാൻ സാധിക്കും. ഇതിനായി അങ്ങയുടെ സഭയിലെ ഒരു ഡീക്കനെ ചുമതലപ്പെടുത്തുക. അയാൾ വന്നെത്തുമ്പോൾ നമ്മുടെ ഔദാര്യം അയാൾക്ക് അനുഭവിക്കാനിടയാകും. വത്സലസഹോദരാ, ദൈവം അങ്ങയെ സംരക്ഷിക്കട്ടെ.''

മതകാര്യങ്ങളിൽ ചക്രവർത്തി എത്രമാത്രം തീക്ഷ്ണമതിയാണെന്ന് കാട്ടാൻ, അഥവാ, വ്യക്തമായി തെളിയിക്കാൻ, മേൽപ്പറഞ്ഞത് മതിയാകും. നമ്മുടെ രക്ഷകന്റെ കല്ലറയെ സംബന്ധിച്ച് അദ്ദേഹം ചെയ്ത ശ്രേഷ്ഠ നടപടികൾ ഞാൻ കൂട്ടിച്ചേർക്കുന്നു:

വിഗ്രഹാരാധകർ തങ്ങളുടെ വട്ടുപിടിച്ച ക്രോധത്താൽ കർത്താവിന്റെ കല്ലറയുടെ മുകളിൽ മൺകൂന കൂട്ടി. അവിടുത്തെ രക്ഷയുടെ എല്ലാ അനുസ്മരണകളും നശിപ്പിക്കാൻ തൽപ്പരർ ആയിട്ടാണ് അവർ ഇപ്രകാരം ചെയ്തത്. കന്യകയിൽ നിന്നുള്ള ജനനത്തെ നിന്ദിക്കാനായി അതിനു മുകളിൽ, കടിഞ്ഞാണില്ലാത്ത ഭോഗേച്ഛയുള്ള ദേവതയുടെ ഒരു വിഗ്രഹാലയം പണിതു. ഇതറിഞ്ഞ ചക്രവർത്തി, ആ ദുഷിച്ച സൗധം തകർക്കാനും നിന്ദ്യമായ ബലികളാൽ ദുഷിച്ച മണ്ണ് ദൂരെ കൊണ്ടുപോയി നഗരത്തിൽ നിന്ന് അകലെ തട്ടിക്കളയാനും വളരെ വലുതും മനോഹരവുമായ ഒരു പള്ളി കല്ലറയുടെ മുകളിൽ പണിയാനും കൽപ്പന ഇറക്കി. ജറുസലേം സഭയുടെ തലവനായ മക്കാറിയോസിനുള്ള കത്തിൽ ഈ കാര്യങ്ങളെല്ലാം അദ്ദേഹം എഴുതി അറിയിച്ചു. മക്കാറിയോസ് നിഖ്യാകൗൺസിലിൽ പങ്കെടുത്ത ആളായിരുന്നെന്ന് മുകളിൽ സൂചിപ്പിച്ചല്ലോ. ആരിയസിന്റെ ദൈവദൂഷണത്തെ എതിർക്കുന്നതിൽ അദ്ദേഹം സഹോദരന്മാരോട് ചേർന്നുനിന്നു. താഴെ പറയുന്നതാണ് ആ കത്ത്.

### അധ്യായം 16

## തിരുക്കല്ലറ ദൈവാലയ നിർമാണത്തിന് ചക്രവർത്തിയുടെ കത്ത്

ജയാളിയും മഹാനുമായ കോൺസ്തന്തീനുസ്, മക്കാറിയോസിന്,

''ഇപ്പോഴത്തെ അത്യാവശ്യകാര്യം പ്രകാശിപ്പിക്കാൻ വാക്കുകൾ അപര്യാപ്തമാകത്തക്കവിധം നമ്മുടെ രക്ഷകന്റെ കൃപ വിസ്മയകരമാണ്.

അവിടുത്തെ അതിവിശുദ്ധ പീഡാനുഭവത്തിന്റെ സ്മാരകം വളരെ നീണ്ട വർഷങ്ങൾ ഭൂമിക്കടിയിൽ മറഞ്ഞുകിടന്നു. നമ്മുടെയെല്ലാം പൊതുശത്രുവിന്റെ മരണത്തിനുശേഷം, സ്വതന്ത്രരാക്കപ്പെട്ട അവന്റെ ദാസന്മാർക്ക് അത് കാണപ്പെടാൻ ദൈവം തിരുമനസ്സായി. ഇത് മറ്റെല്ലാറ്റിനെയും ഉല്ലംഘിക്കുന്ന വിസ്മയമാണ്.

ലോകത്തുള്ള എല്ലാ ബുദ്ധിമാന്മാരും ഒരിടത്ത് ഒത്തുകൂടി ഇതേപ്പറ്റി അർഹമാംവിധം പറയാൻ ശ്രമിച്ചാലും, അതിന്റെ അനന്തമായ അതിർത്തിയിൽ പോലും എത്തുകയില്ല. സ്വർഗീയ സംഗതികൾ മാനുഷിക കഴിവുകളേക്കാൾ സ്വഭാവത്താലേ ശക്തിമത്തായിരിക്കുന്നതു പോലെ, ഈ അത്ഭുതം മനുഷ്യശക്തിയുടെ വിശ്വാസ തലത്തിനും വളരെ ഉപരിസ്ഥമാണ്. പുതിയ അത്ഭുതങ്ങളാൽ സത്യത്തിലുള്ള വിശ്വാസം അനുദിനം ഉറപ്പിക്കപ്പെടുന്നതിനാൽ, നമ്മുടെയെല്ലാം മനസ്സ് ബുദ്ധിപൂർവമായും തീക്ഷ്ണമായും ഏകയോഗമായും കൂടുതൽ താൽപ്പര്യത്തോടെ വിശുദ്ധ നിയമത്തിന് സമർപ്പിതമാകട്ടെ. ഇതാണ് എന്റെ പ്രഥമവും അനന്യവുമായ ലക്ഷ്യം. എന്റെ പ്ലാനും പദ്ധതിയും പരക്കെ അറിയപ്പെട്ടെന്നു ഞാൻ കരുതുന്നു. ദൈവകൽപ്പനയാൽ ആ പരിപാവന സ്ഥലത്തെ ഭാരപ്പെടുത്തിയ മലീമസമായ വിഗ്രഹത്തിൽ നിന്ന് ഞാൻ അതിനെ വിമുക്തമാക്കി. അവിടം മനോഹര സൗധങ്ങളാൽ അലങ്കരിക്കണം എന്നതാണ് എന്റെ അതീവ താൽപ്പര്യം. കാരണം, ആരംഭം മുതൽ അവിടം വിശുദ്ധമാണെന്ന് അവിടുന്ന് വിളംബരം ചെയ്തു. നമ്മുടെ കർത്താവിന്റെ പീഡാനഭവത്തിന്റെ സ്മാരകവും തെളിവും അവിടുന്ന് വെളിച്ചത്ത് കൊണ്ടുവന്നതു മുതൽ അതിനെ കൂടുതൽ പരിപാവനമാക്കി.

ഈ ബസിലിക്കാ മറ്റെല്ലാറ്റിനേക്കാളും മുന്തിനിൽക്കാൻ ആവശ്യമായവയെല്ലാം അങ്ങ് ചെയ്യുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. എന്നുമാത്രമല്ല, ലോകം മുഴുവനുമുള്ള എല്ലാ മനോഹരസൗധങ്ങളേക്കാൾ താരതമ്യാതീതമായി അത് മികച്ചു നിൽക്കുന്നതായിരിക്കണം. പ്രോവിൻസിലെ മഹനീയ പ്രീഫെക്ടും നമ്മുടെ സ്നേഹിതനുമായ ദ്രച്ചില്ലിയാനുസിന് പണിയുടെയും അതിലെ അലങ്കാരത്തിന്റെയും മേൽനോട്ടം നാം ഏൽപ്പിച്ചിരിക്കുന്നു. ജോലിക്കാരെയും വിദഗ്ധ തൊഴിലാളികളെയും ചുമതലപ്പെടുത്താനും കെട്ടിടത്തിന് ആവശ്യമായവ അങ്ങേയ്ക്ക് നൽകാനും നാം അയാൾക്ക് കൽപ്പന നൽകിയിട്ടുണ്ട്.

അങ്ങ് ജോലിസ്ഥലം സന്ദർശിച്ച്, ഏതുതരം സ്തംഭങ്ങളും മാർബിളുമാണ് ഏറ്റവും ഭംഗിയായി ചേരുന്നതെന്ന് നോക്കി, കത്തുമൂലം നമ്മെ വിവരം അറിയിക്കണം. തദനുസൃതം പണിക്കാവശ്യമായവ എന്തായിരുന്നാലും, ലോകത്തിന്റെ ഏതു കോണിൽ നിന്നായാലും, ഞാൻ അവിടെ എത്തിച്ചു തരുന്നതാണ്. ലോകത്തിലെ ഏതു സ്ഥലത്തേക്കാളും ആശ്ചര്യകരമായ ഈ സ്ഥലം അതിന്റെ മഹനീയത അനുസരിച്ച് അലങ്കരിക്കപ്പെടണം. ബസിലിക്കായുടെ മേൽക്കൂര വിചിത്ര കൊത്തുപണികൾ കൊണ്ട് അലങ്കരിക്കണമോ, അതോ, മറ്റേതെങ്കിലും തരത്തിൽ മതിയോയെന്ന് അങ്ങ് ചിന്തി

ക്കുന്നത് എന്താണെന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു. കൊത്തുപണിയാണെങ്കിൽ, അതിന്മേൽ സ്വർണം പൂശണം. ഏതുതരം ജോലിക്കാരെയും വിദഗ്ധ പണിക്കാരെയും വേണമെന്നും എത്ര പണമാണ് ആവശ്യമെന്നും എത്രയും വേഗം മേൽപ്പറഞ്ഞ ഉദ്യോഗസ്ഥന്മാരെ അറിയിക്കണം. ഇത് ഏറ്റവും മനോഹരമായ രീതിയിലുള്ള പണിയായിരിക്കണമെന്ന് അങ്ങേയ്ക്ക് ബോധ്യപ്പെട്ടാൽ, സ്തംഭങ്ങളെ കുറിച്ചും മാർബിളിനെ കുറിച്ചും എന്നെ ഉടൻ തന്നെ അറിയിക്കണം. വത്സല സഹോദരാ, ദൈവം അങ്ങയെ സംരക്ഷിക്കട്ടെ."

## അധ്യായം 17

# രാജമാതാ ഹെലേനയും പള്ളിപണിയും

ചക്രവർത്തിയുടെ അമ്മയും ശ്രേഷ്ഠയുമായ ഹെലേനയാണ് ഈ കത്തുകൾ എത്തിച്ചത്. അവളുടെ മകനിലൂടെ അവളും മഹനീയയായി. അവളുടെ ഭക്തി സുപ്രസിദ്ധമാണ്. അവൾ ആ മഹാപ്രകാശസ്തംഭത്തെ പ്രസവിച്ച്, ഭക്തിയിൽ വളർത്തി. പ്രായാധിക്യത്താലുള്ള ക്ഷീണം വകവയ്ക്കാതെ അവൾ തന്റെ എൺപതാം വയസ്സിൽ ഈ യാത്ര ചെയ്തു.

കർത്താവ് പീഡ അനുഭവിച്ച സ്ഥലം കണ്ട ഉടനെ, അവിടെ നിർമിച്ചിരുന്ന പേഗൻ വിഗ്രഹാരാധനാലയം തകർക്കാനും അവിടുത്തെ മണ്ണ് മാറ്റാനും രാജ്ഞി കൽപ്പിച്ചു. ദീർഘകാലം മറഞ്ഞിരുന്ന കർതൃകല്ലറ കാണപ്പെട്ടപ്പോൾ, സമീപത്തായി മൂന്നു കുരിശുകളും കാണപ്പെട്ടു. അവയിലൊന്ന് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റേതാണെന്നും മറ്റു രണ്ടു കുരിശുകൾ അവനോടൊപ്പം ക്രൂശിക്കപ്പെട്ട രണ്ടു കള്ളന്മാരുടേതാണെന്നും എല്ലാവരും തറപ്പിച്ചു പറഞ്ഞു. എന്നാൽ കർത്താവിനെ കൂശിച്ചത് ഏതിലാണെന്നും ഏതിലാണ് അവന്റെ അമൂല്യരക്തം വീണതെന്നും അവർക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല. എന്നാൽ താഴെ പറയുന്ന രീതിയിൽ ബുദ്ധിമാനും പരിശുദ്ധനുമായ ജറുസലേം മെത്രാൻ മക്കാറിയോസ് ആ പ്രശ്നം പരിഹരിച്ചു. ദീർഘനാളായി രോഗഗ്രസ്ത ആയിരുന്ന ഒരു കുലീന വനിതയെ തീക്ഷ്ണമായ പ്രാർഥനയോടുകൂടി മൂന്നു കുരിശുകൾ കൊണ്ടും സ്പർശിച്ചപ്പോൾ കർത്താവിന്റെ കുരിശിന്റെ ശക്തി വെളിപ്പെട്ടു. ഈ കുരിശ് അവളെ സ്പർശിച്ച മാത്രയിൽ അവൾ പൂർണമായി സൗഖ്യം പ്രാപിച്ചു.

തന്റെ ആഗ്രഹം സാധിച്ചെന്നു കണ്ട രാജമാതാ, ശത്രുവിന്റെ കൂരമ്പുകളിൽ നിന്ന് തന്റെ മകന്റെ തല സംരക്ഷിക്കപ്പെടാൻ ആണികളുടെ ഒരുഭാഗം രാജകീയ തലപ്പാവിൽ വയ്ക്കാൻ കൽപ്പിച്ചു. ആണികളുടെ മറ്റേഭാഗം, ചക്രവർത്തിയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ഒരു പുരാതന പ്രവചനം നിവർത്തിയാകുന്നതിനും അദ്ദേഹത്തിന്റെ കുതിരയുടെ കടിഞ്ഞാണിൽ ചേർത്തുവയ്ക്കാൻ കൽപ്പിച്ചു. കാരണം, വളരെ നാളുകൾക്കു മുമ്പ് സക്കറിയാ പ്രവാചകൻ ഇപ്രകാരം പ്രവചിച്ചിരുന്നു: "കുതിരകളുടെ മണികളിൽ സർവശക്തനായ കർത്താവിന് വിശുദ്ധം ഉണ്ടായിരിക്കും

(14,20). അവൾ നമ്മുടെ രക്ഷകന്റെ കുരിശിന്റെ ഒരു ഭാഗം കോൺസ്റ്റാന്റി നോപ്പിളിലേക്ക് കൊണ്ടുപോയി. ബാക്കിഭാഗം ഒരു വെള്ളിച്ചെപ്പിലാക്കി ജറുസലേം മെത്രാനെ ഏൽപ്പിച്ചു. ഇത് കേടുകൂടാതെ പിൻതലമുറയ്ക്ക് ലഭിക്കാൻ, സുരക്ഷിതമായി സംരക്ഷിക്കണമെന്ന് അവൾ മെത്രാന് നിർദേശം നൽകി. ഏറ്റവും ബ്രഹത്തും ഏറ്റവും മഹനീയവുമായ ദൈവാലയം നിർമിക്കാൻ വേണ്ടി എല്ലായിടത്തുനിന്നും ജോലിക്കാരെയും പണിക്കാവശ്യ മായ സംഗതികളും എത്തിക്കാൻ അവൾ നടപടിയെടുത്തു. അതിന്റെ മഹനീയതയും മനോഹാരിതയും ഇവിടെ വിവരിക്കേണ്ടതില്ലല്ലോ. കാരണം, അതിന്റെ മനോഹാരിത ദർശിക്കാൻ ഭക്തജനങ്ങളെല്ലാം അവിടെ ഓടിക്കൂടുമായിരുന്നു.

വിഖ്യാതയും ശ്രേഷ്ഠയുമായ ഈ രാജ്ഞി അനുസ്മരണാർഹമായ മറ്റൊരു കാര്യം ചെയ്തു. നിത്യകന്യാത്വം നേർന്ന കന്യകകളെയെല്ലാം അവൾ ഒരിടത്തു വിളിച്ചുകൂട്ടി മേശയ്ക്കിരുത്തി, ദാസിയെപ്പോലെ അവരെ സൽക്കരിച്ചു. അവൾ തന്നെ അവർക്ക് ഭക്ഷണം വിളമ്പി കൊടുക്കുകയും വീഞ്ഞ് ഒഴിച്ചുകൊടുക്കുകയും കൈകഴുകാൻ വെള്ളം ഒഴിച്ചു കൊടുക്കു കയും ചെയ്തു.

ഇവയും മറ്റു പ്രശംസാർഹമായ കർമങ്ങളും ചെയ്തശേഷം രാജ്ഞി തന്റെ മകന്റെ പക്കലേക്ക് തിരികെപ്പോയി. തന്റെ മകന് വേണ്ട ഉപദേശവും തന്റെ അനുഗ്രഹവും നൽകി, അധികം വൈകാതെ സന്തോഷപൂർവം അവൾ മെച്ചപ്പെട്ട ജീവിതത്തിലേക്ക് കടന്നുപോയി. അവളുടെ തീക്ഷ്ണമായ ദൈവസേവനം നിമിത്തം, മരണശേഷം അവളുടെ ഓർമയ്ക്ക് ആ ബഹു മാനമെല്ലാം നൽകപ്പെട്ടു.

## അധ്യായം 18

# നിക്കൊമേദിയായിലെ എവുസേബിയസ് കോൺസ്റ്റാന്റിനോപ്പിളിലേക്ക്

തങ്ങളുടെ ദുഷിച്ച ഗൂഢാലോചനകളിൽ നിന്ന് ആരിയൻ പക്ഷപാതി കൾ പിൻമാറിയില്ല. ആട്ടിൻതോൽ പൊതിഞ്ഞ ചെന്നായ്ക്കളുടെ ഭാഗം അഭിനയിച്ചുകൊണ്ടാണ് അവർ നിഖ്യാവിശ്വാസപ്രമാണത്തിൽ ഒപ്പുവച്ചത്. കോൺസ്റ്റാന്റിനോപ്പിളിലെ അലക്സാണ്ഡർ തന്റെ പ്രാർഥനയാൽ ആരിയ സിനെ കുത്തിമലർത്തി. നാം പരാമർശിക്കുന്ന കാലത്ത് അദ്ദേഹം കാലം ചെയ്തിരുന്നു.

അഭക്തിയുടെ പ്രചാരകനായ എവുസേബിയസ്, മറ്റു മെത്രാന്മാരോടു കൂടെ കുറച്ചുനാൾ മുമ്പ് അംഗീകരിച്ച വിശ്വാസനിർവചനം പരിഗണി ക്കാതെ, നിക്കൊമേദിയാ വിട്ട് കോൺസ്റ്റാന്റിനോപ്പിൾ സിംഹാസനം കര സ്ഥമാക്കി. മെത്രാന്മാരും വൈദികരും ഒരു നഗരത്തിൽ നിന്ന് മറ്റൊന്നിലേക്ക് മാറ്റപ്പെടാൻ പാടില്ലെന്ന കാനനെതിരായിട്ടായിരുന്നു അയാളുടെ നടപടി.

എന്നാൽ ദൈവത്തിന്റെ ഏകജാതന്റെ ദൈവത്വം നിഷേധിക്കാൻ തക്കവണ്ണം മതിഭ്രമം സംഭവിച്ചവർ, മറ്റു നിയമങ്ങൾ ലംഘിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. അയാൾ ഈ നവീകരണം നടത്തിയത് ഇതാദ്യമല്ല. അയാൾ ആദ്യം ബരീത്തൂസിന്റെ മെത്രാനായിരുന്നു. അവിടെ നിന്ന് നിക്കൊമേദിയായിലേക്ക് കുതിച്ചുചാടി. അയാളുടെ സ്പഷ്ടമായ അഭക്തി നിമിത്തം അവിടെനിന്ന് അയാളെ സിനഡ് നിഷ്കാസനം ചെയ്തു. അതുപോലെ നിഖ്യായിലെ തെയോഗ്നീസിനെയും പുറംതള്ളി. കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ കത്തുകളിൽ രണ്ടാമതും ഇക്കാര്യം രേഖപ്പെടുത്തിയിരിക്കുന്നു. നിക്കൊമേദിയാക്കാർക്കെഴുതിയ കത്തിന്റെ അവസാനഭാഗം ഞാനിവിടെ ഉദ്ധരിക്കാം.

### അധ്യായം 19

## എവുസേബിയസിനും തെയോഗ്നീസിനുമെതിരെ ചക്രവർത്തിയുടെ കത്തിന്റെ ഭാഗം

“നിഷ്കളങ്കരായ ജനസമൂഹത്തെ ആരാണ് ഈ തത്വങ്ങൾ പഠിപ്പിച്ചത്? സ്വേച്ഛാധിപതികളുടെ ക്രൂരതയിൽ സഹകരിച്ച എവുസേബിയസ് തന്നെയാണത് എന്ന് സ്പഷ്ടം. അയാൾ സ്വേച്ഛാധിപതിയുടെ പാവയാണെന്നുള്ളത് വ്യക്തമായി കാണിച്ചിരിക്കുന്നു. മെത്രാന്മാരുടെ കൊലയാൽ വാസ്തവത്തിൽ അത് തെളിയിക്കപ്പെട്ടിരിക്കുന്നു. ഈ പീഡിതർ സത്യമെത്രാന്മാർ തന്നെ ആയിരുന്നു. ക്രിസ്ത്യാനികളുടെ മേലുള്ള കഠിന മതപീഡനങ്ങൾ ഈ സംഗതി ഉറക്കെ പ്രഖ്യാപിക്കുന്നു.

എനിക്കെതിരെ നടത്തിയ അധിക്ഷേപത്തെപ്പറ്റി ഞാൻ ഇവിടെ ഒന്നും പറയുന്നില്ല. എതിർവിഭാഗത്തിന്റെ ഗൂഢാലോചനകൾ നടന്നത് അപ്രകാരമാണ്. എന്നെ സൂക്ഷ്മനിരീക്ഷണം ചെയ്യാനായി ചാരന്മാരെ അയക്കത്തക്കവിധം അയാൾ അത്രമാത്രം അതിരുകടന്നു. സ്വേച്ഛാധിപതിയുടെ സഹായത്തിനായി സൈന്യത്തെ റിക്രൂട്ടു ചെയ്യുന്നതിൽ നിന്നുപോലും അയാൾ പിന്മാറിയില്ല. തെളിയിക്കാൻ പറ്റാത്തവ ഞാൻ പറയുകയാണെന്ന് ആരും കരുതാതിരിക്കട്ടെ. എനിക്ക് വ്യക്തമായ തെളിവുകളുണ്ട്. അയാളുടെ അനുഗാമികളായ മെത്രാന്മാരെയും വൈദികരെയും പിടികൂടാൻ ഞാനിടയാക്കി. എന്നാൽ ഈ കാര്യങ്ങളെല്ലാം ഞാൻ കടത്തിവിടുന്നു. തങ്ങളുടെ പ്രവൃത്തി സംബന്ധിച്ച് ഇക്കൂട്ടർ ലജ്ജിതരാകുന്നതിന് മാത്രമാണ് ഞാൻ ഇക്കാര്യം സൂചിപ്പിച്ചത്. അല്ലാതെ എന്തെങ്കിലും നീരസം നിമിത്തമല്ല.

നിങ്ങൾ കൂട്ടാളികളായെന്ന് നിങ്ങളെപ്പറ്റി ആരോപണമുണ്ടായി എന്ന ഏകസംഗതി എന്നെ ഉത്കണ്ഠാകുലനും ഭയചകിതനുമാക്കുന്നു. കാരണം, എവുസേബിയസിന്റെ പ്രബോധനം നിങ്ങളെ സ്വാധീനിച്ചു. അയാൾ സത്യത്തിൽ നിന്ന് നിങ്ങളെ വഴിതെറ്റിച്ചു. ശുദ്ധവും വിശ്വസനീയവുമായ

പ്രബോധനം മുറുകെപ്പിടിക്കുന്ന ഒരു മെത്രാനെ ലഭിച്ചു കഴിഞ്ഞ് നിങ്ങൾ ദൈവത്തെ മുറുകെ പിടിച്ചാൽ, നിങ്ങളുടെ സുഖമാകൽ വേഗമാകും. ഇത് നിങ്ങളെ മാത്രം ആശ്രയിച്ചിരിക്കുന്ന കാര്യമാണ്. മേൽപ്പറഞ്ഞ എവുസേബിയസ് അവിടെ വന്നില്ലാതിരുന്നെങ്കിൽ, നിങ്ങൾ വളരെ വേഗം അപ്രകാരം ചെയ്യുമായിരുന്നു എന്നതിൽ എനിക്ക് സംശയമില്ല. അക്കാലത്ത് അധികാരത്തിൽ ഇരുന്നവരുടെ ശക്തിയായ പിൻബലം അയാൾക്കുണ്ടായിരുന്നു. അയാൾ എല്ലാ ശിക്ഷണങ്ങളും തകിടം മറിച്ചു.

എവുസേബിയസിനെ പറ്റി അൽപ്പംകൂടി പറയേണ്ടത് ആവശ്യമാണ്. നിഖ്യാനഗരത്തിൽ വച്ച് ഒരു കൗൺസിൽ കൂടിയ കാര്യം നിങ്ങൾ ഓർക്കുമല്ലോ. എന്റെ മനസാക്ഷിക്കനുസൃതം ഞാൻ അവിടെ സന്നിഹിതനായിരുന്നു. എല്ലാവരുടെയും ഇടയിൽ ഐക്യം ഉണ്ടാക്കുക എന്ന ആഗ്രഹം മാത്രമേ എനിക്കുണ്ടായിരുന്നുള്ളു. അലക്സാണ്ഡ്രിയായിലെ ആരിയസിന്റെ അഹന്തയിൽ നിന്ന് ഉത്ഭൂതമായ കുഴപ്പം വെളിച്ചത്തു കൊണ്ടുവന്ന് തള്ളിക്കളയുന്നതിന് എല്ലാറ്റിനും മുമ്പ് ശ്രമം നടന്നു. എവുസേബിയസിന്റെ തലതിരഞ്ഞതും ദുഷിച്ചതുമായ ഗൂഢതന്ത്രങ്ങളാൽ അത് പ്രബലപ്പെട്ടു വന്നിരുന്നു.

എന്നാൽ ബഹുമാന്യരായ വത്സലസഹോദരരേ, മനസ്സാക്ഷി കുറ്റപ്പെടുത്തിയിട്ടും, സാർവത്രികമായി ശപിച്ചുതള്ളിയ തെറ്റായ പ്രബോധനങ്ങൾ എത്ര താൽപര്യപൂർവും ലജ്ജാകരമാം വിധവും പിൻതാങ്ങാൻ അയാൾ പണിപ്പെട്ടെന്ന് നിങ്ങൾക്കറിയില്ല. അയാളുടെ കുറ്റങ്ങൾ പൂർണമായി തെളിയിക്കപ്പെട്ടെങ്കിലും, അയാൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കാൻ അയാൾ രഹസ്യമായി എന്റെ പക്കലേക്ക് ആളുകളെ അയക്കുകയും തന്നെ മെത്രാൻ സ്ഥാനത്തു നിന്ന് പുറന്തള്ളുന്നത് തടയാൻ വ്യക്തിപരമായി എന്റെ സഹായം അഭ്യർഥിക്കുകയും ചെയ്തു. ഞാൻ പറയുന്നതിന്റെ സത്യത്തിന്, എനിക്കും നിങ്ങൾക്കും തന്റെ നന്മ തുടർന്നും പ്രദാനം ചെയ്യുന്ന ദൈവമാണ് സാക്ഷിയെന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങൾ മനസ്സിലാക്കാൻ പോകുന്നതുപോലെ, എവുസേബിയസ് എന്നെ വഞ്ചിക്കുകയും കബളിപ്പിക്കുകയും ചെയ്തു. നിഗൂഢമായ ദുഷ്ടതയാൽ മനസ്സു നിറഞ്ഞ് അയാൾ എല്ലാ കാര്യങ്ങളിലും തന്നിഷ്ടമായി പ്രവർത്തിച്ചു.

അയാളുടെ മറ്റു തെറ്റായ പ്രവൃത്തികൾ ഞാൻ വിട്ടുകളയുന്നു. എന്നാൽ തന്റെ തെറ്റിന്റെ കൂട്ടാളിയായ തെയോഗ്നീസുമൊത്ത് അയാൾ അടുത്തിട ചെയ്ത ദുഷ്കർമം നിങ്ങൾ അറിഞ്ഞിരിക്കുന്നത് നല്ലതാണെന്ന് ഞാൻ കരുതുന്നു. നമ്മുടെ വിശ്വാസം ഉപേക്ഷിക്കുകയും വിഭജനത്തിന്റെ തീപ്പൊരി കത്തിക്കാളിക്കുകയും ചെയ്ത അലക്സാണ്ഡ്രിയായിലെ ചിലരെ അറസ്റ്റു ചെയ്യാൻ ഞാൻ കൽപ്പനയിറക്കി. എന്നാൽ മെത്രാന്മാരായ ഈ മാന്യന്മാർ സത്യമായും അവരെ സംരക്ഷിക്കുകയും അവരുടെ ദുഷ്കർമങ്ങളിൽ പങ്കാളികളാകുകയും ചെയ്തു. കൗൺസിലിന്റെ ദാക്ഷിണ്യത്താൽ ഞാൻ അവരുടെ അനുതാപത്തിനായി കാത്തിരുന്നു. അവരെ അറസ്റ്റു

ചെയ്യുകയും വിദൂരപ്രദേശത്തേക്ക് നാടുകടത്തുകയും ചെയ്ത് അവരെ ശിക്ഷിക്കാൻ ഞാൻ തീരുമാനിച്ചു.

നിങ്ങൾക്ക് എപ്പോഴും ഉണ്ടായിരുന്നെന്ന് വ്യക്തമായ വിശ്വാസത്തിൽ നിലനിൽക്കേണ്ടതിന് ദൈവത്തിലേക്ക് നോക്കുക നിങ്ങളുടെ കടമയാകുന്നു. അതുകൊണ്ട്, സംശുദ്ധരും സത്യവിശ്വാസികളും ഉദാരമതികളുമായ മെത്രാന്മാരുടെ നിയമനത്തിൽ സന്തോഷിക്കാൻ ഇടയാകട്ടെ. ആരെങ്കിലും ഈ വിനാശകരെപ്പറ്റി സൂചിപ്പിക്കുകയോ, അവരെ പ്രകീർത്തിച്ചുകൊണ്ട് സംസാരിക്കാൻ മുതിരുകയോ ചെയ്താൽ, ദൈവദാസൻ എന്ന നിലയിൽ എനിക്കു നൽകപ്പെട്ട അധികാരത്താൽ അവരുടെ ധിക്കാരം അമർച്ച ചെയ്യപ്പെടുമെന്ന് അറിഞ്ഞുകൊള്ളുക. വത്സലസഹോദരരേ, ദൈവം നിങ്ങളെ സംരക്ഷിക്കട്ടെ."

മേൽപ്പറഞ്ഞ മെത്രാന്മാരെ പിന്നീട് സ്ഥാനഭ്രഷ്ടരാക്കി നാടുകടത്തി. ആംഫിയോനെ നിക്കോമേദിയായിലും ക്രെസ്തൂസിനെ നിഖ്യായിലും നിയമിച്ചു. എന്നാൽ നാടുകടത്തപ്പെട്ട ഈ മെത്രാന്മാർ തങ്ങളുടെ പതിവുള്ള ഗൂഢതന്ത്രങ്ങളിലൂടെ ചക്രവർത്തിയുടെ മഹാമനസ്കതയെ ചൂഷണം ചെയത്, നേരത്തെയുള്ള പോരാട്ടം ആവർത്തിക്കുകയും അധികാരം തിരികെ വാങ്ങുകയും ചെയ്തു.

### അധ്യായം 20

## എവുസ്താത്യോസിന്റെ നാടുകടത്തൽ

ഞാൻ നേരത്തെ പറഞ്ഞതുപോലെ, എവുസേബിയസ് ബലപ്രയോഗത്താൽ കോൺസ്റ്റാന്റിനോപ്പിൾ സിംഹാസനം പിടിച്ചെടുത്തു. അയാൾക്ക് ആ നഗരത്തിൽ വലിയ അധികാരം ലഭിച്ചു. അയാൾ ചക്രവർത്തിയെ കൂടെക്കൂടെ സന്ദർശിക്കുകയും നിരന്തരം സമ്പർക്കം പുലർത്തുകയും ചെയ്ത് ചക്രവർത്തിയുടെ വിശ്വാസം ആർജിക്കുകയും, സത്യത്തിന്റെ നെടുംതൂണുകളായി നിലകൊണ്ടവർക്കെതിരെ ഗൂഢാലോചന നടത്തുകയും ചെയ്തു.

ജറുസലേമിൽ പണിതീർത്ത ഗംഭീരസൗധങ്ങൾ കാണാൻ ആഗ്രഹം ഉള്ളതായി നടിച്ചു. അയാളുടെ വാക്ചാതുരിയാൽ വഞ്ചിതനായ ചക്രവർത്തി ഏറ്റവും ബഹുമാന്യമായ രീതിയിൽ യാത്രചെയ്യാൻ അനുവാദം നൽകി. യാത്രാവാഹനം, അകമ്പടിസേവകർ, യാത്രയ്ക്ക് ആവശ്യമുള്ളവ എന്നിവ ചക്രവർത്തി ക്രമീകരിച്ചുകൊടുത്തു. അയാളുടെ ദുഷ്കർമങ്ങളിൽ കൂട്ടാളിയായ നിഖ്യായിലെ തെയോഗ്നീസും അയാളെ അനുഗമിച്ചു. അവർ അന്ത്യോക്യയിൽ എത്തിയപ്പോൾ, സ്നേഹിതന്റെ മുഖംമൂടി ധരിച്ചു. അവർ അവിടെ വളരെ ബഹുമാനപൂർവം സ്വീകരിക്കപ്പെട്ടു. വിശ്വാസത്തിന്റെ മഹാസ്തംഭമായ എവുസ്താത്യോസ് ഭ്രാതൃസ്നേഹത്തോടെ അവരെ സ്വീകരിച്ചു.

1:20

അവർ ജറുസലേമിലെ വിശുദ്ധ സ്ഥലങ്ങളിൽ എത്തിയപ്പോൾ തങ്ങളുടെ ചിന്താരീതി പുലർത്തുന്ന കേസറിയായിലെ എവുസേബിയസ്, ഷിതോപ്പൊളീസിലെ പത്രൊഫീലുസ്, ലിദ്ദായിലെ ഏസ്യൂസ്, ലവദീക്യായിലെ തെയൊഡോട്ടസ്, ആരിയൻ വീക്ഷണങ്ങൾ പുലർത്തിയ മറ്റുള്ളവർ എന്നിവരുമായി കൂടിക്കാഴ്ച നടത്തി. അവരുടെ ഗൂഢനീക്കങ്ങൾ അവരെ അറിയിക്കുകയും എല്ലാവരുംകൂടി അന്ത്യോകൃയിലേക്ക് പോകുകയും ചെയ്തു. എവുസേബിയസിനെ ബഹുമാനിക്കാൻ എന്ന മറവിലാണ് അവർ പോയത്. എന്നാൽ അവരുടെ യഥാർഥലക്ഷ്യം മതത്തിനെതിരെയുള്ള പോരാട്ടമായിരുന്നു.

തന്റെ സൗന്ദര്യം വിറ്റുനടന്നവളും നാവിന് നീളമുണ്ടായിരുന്നവളുമായ ഒരു നീചസ്ത്രീക്ക് കൈക്കൂലി കൊടുത്ത് കൗൺസിലിലേക്ക് വരുത്തി. പ്രേക്ഷകരെല്ലാം ഇരുന്നുകഴിഞ്ഞപ്പോൾ, അവർ ഈ കുടലയെ അവതരിപ്പിച്ചു. അവൾ ഒരു കൈക്കുഞ്ഞിനെ എടുത്തിരുന്നു. എവുസ്താത്യോസാണ് കുഞ്ഞിന്റെ പിതാവെന്ന് അവൾ ഉച്ചത്തിൽ തട്ടിവിട്ടു. തന്റെ നിഷ്കളങ്കതയെപ്പറ്റി ബോധ്യമുണ്ടായിരുന്ന എവുസ്താത്യോസ്, അവൾ പറഞ്ഞതിന് തെളിവായി സാക്ഷികളെ ഹാജരാക്കാമോ എന്നാരാഞ്ഞു. പറ്റില്ലെന്ന് അവൾ മറുപടി പറഞ്ഞു. "രണ്ടോ മൂന്നോ സാക്ഷികളുടെ മൊഴിയിൽ കാര്യങ്ങൾ തീരുമാനിക്കപ്പെടണം" എന്ന് നിയമത്തിലുണ്ട്(നിയമ.19,15). "രണ്ടോ മൂന്നോ സാക്ഷികളുടെ മൊഴി കൂടാതെ ഒരു ശ്രേഷ്ഠനെതിരെയുള്ള എന്തെങ്കിലും ആരോപണം സ്വീകരിക്കരുത്" എന്ന് വിശുദ്ധ ശ്ലീഹാ(1തിമോ.5,19) പറഞ്ഞിട്ടുണ്ട്. എങ്കിലും, ഈ "പക്ഷപാതരഹിതരായ" ന്യായാധിപന്മാർ അവൾ ആണയിട്ടു പറഞ്ഞത് അംഗീകരിച്ചു. അവർ ഈ ദൈവികനിയമങ്ങൾ നിന്ദിക്കുകയും യാതൊരു സാക്ഷിയേയും കൂടാതെ ഈ വലിയ മനുഷ്യനെതിരെയുള്ള ആരോപണം സ്വീകരിക്കുകയും ചെയ്തു.

എവുസ്താത്യോസ് തന്നെയാണ് ഈ ശിശുവിന്റെ പിതാവെന്ന് അവൾ വീണ്ടും ആണയിട്ടു പറഞ്ഞപ്പോൾ, "സത്യസ്നേഹിതരായ" ഈ ന്യായാധിപന്മാർ അദ്ദേഹത്തെ ഒരു വ്യഭിചാരിയായി വിധിച്ചു. ശ്ലൈഹിക പ്രബോധനം മുറുകെ പിടിച്ചവരും ഈ ഗൂഢാലോചന അറിയാതിരുന്നവരുമായ മറ്റു മെത്രാന്മാർ ഈ വിധിവാചകത്തെ എതിർത്തു. ഇത് അംഗീകരിക്കരുതെന്ന് എവുസ്താത്യോസിനെ ഉപദേശിച്ചു. ഈ ഗൂഢതന്ത്രം മെനഞ്ഞവർ ഉടൻ തന്നെ ചക്രവർത്തിയുടെ പക്കലെത്തി, ഈ ആരോപണവും സ്ഥാനഭ്രഷ്ടനാക്കിയ വിധിവാചകവും ശരിയാണെന്ന് അദ്ദേഹത്തെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. ഭക്തിയുടെയും സംശുദ്ധിയുടെയും ഈ മഹാസ്തംഭത്തെ വ്യഭിചാരിയും സ്വേച്ഛാധിപതിയുമായി മുദ്രകുത്തി നാടുകടത്തുന്നതിൽ അവർ വിജയിച്ചു. ത്രേസിൽകൂടി ഇല്ലീറിയായിലെ ഒരു പട്ടണത്തിലേക്ക് അദ്ദേഹം നാടുകടത്തപ്പെട്ടു.

### അധ്യായം 21

## അന്ത്യോക്യയിൽ ആരിയൻ മെത്രാന്മാർ

എവുസ്താത്യോസിനു പകരം ആദ്യം എവുലാലിയോസ് നിയമിതനായി. അദ്ദേഹം കുറച്ചുകാലമേ ഭരിച്ചുള്ളു (328–330). അപ്പോൾ കേസറിയായിലെ എവുസേബിയസിനെ അവിടെ നിയമിക്കാൻ കരുനീക്കങ്ങൾ നടന്നു. എന്നാൽ അദ്ദേഹം അത് നിരസിച്ചു. ചക്രവർത്തി അത് തടയുകയും ചെയ്തു. പിന്നെ എവുഫ്രോണിയുസിനെയും (330–332), അതിനുശേഷം ഫ്ളാച്ചില്ലസിനെയും (332–342) നിയമിച്ചു. ഇവർ രഹസ്യമായി ആരിയൻ പക്ഷപാതികൾ ആയിരുന്നു. അക്കാരണത്താൽ വൈദികരിലും അൽമായരിലും പെട്ട കൂടുതൽ പേർ സത്യമതത്തിൽ വിശ്വസിച്ചിരുന്നതിനാൽ, പള്ളികളിൽ നിന്നിറങ്ങി വേറേ സഭായോഗം കൂടി. എവുസ്താത്യോസിനെ സ്ഥാനഭ്രഷ്ടനാക്കിയ ശേഷമാണ് അവർ ഇപ്രകാരം ചെയ്തത്. അതുകൊണ്ട് അവർ *എവുസ്താത്യർ* എന്ന് അറിയപ്പെട്ടു.

മേൽപ്പറഞ്ഞ ദുർഭഗയായ സ്ത്രീ ഒരു നീണ്ട മാരകരോഗത്തിന് അടിമയായി. താനുൾപ്പെട്ട വേഷത്തട്ടിപ്പിനെപ്പറ്റി അവൾ പരസ്യമായി ഏറ്റുപറഞ്ഞു. ആ പദ്ധതിയെപ്പറ്റി ഒന്നോ രണ്ടോ പേരോടു മാത്രമല്ല, അനേകം വൈദികരോടും അവൾ ഏറ്റുപറഞ്ഞു. ഈ വൃത്തികെട്ടതും നുണ നിറഞ്ഞതുമായ ആരോപണം നടത്താൻ തനിക്ക് പണം തന്നെന്ന് അവൾ ഏറ്റുപറഞ്ഞു. എന്നാൽ അവൾ ആണയിട്ടുപറഞ്ഞത് പൂർണമായി തെറ്റായിരുന്നില്ല. ചെമ്പുപണിക്കാരനായ ഒരു എവുസ്താത്യോസായിരുന്നു കുട്ടിയുടെ പിതാവ്. ഈ "ശ്രേഷ്ഠവിഭാഗം" അന്ത്യോക്യയിൽ ചെയ്ത ക്രൂരകൃത്യങ്ങൾ ഇത്തരത്തിൽ ഉള്ളതായിരുന്നു.

### അധ്യായം 22

## എത്യോപ്യരുടെ മാനസ്സാന്തരം

ഇക്കാലത്ത് ദൈവത്തെ പറ്റിയുള്ള അറിവിന്റെ പ്രകാശം എത്യോപ്യരുടെമേൽ ഉദിച്ചു. ചക്രവർത്തിയുടെ ഭക്തിയും ധൈര്യവും ഭുവനപ്രസിദ്ധമായി. യുദ്ധത്തിനു പകരം സമാധാനം തെരഞ്ഞെടുക്കാൻ അനുഭവത്തിലൂടെ പഠിച്ച അപരിഷ്കൃതർക്ക് ഭയരഹിതരായി പരസ്പരം ബന്ധപ്പെടാൻ കഴിഞ്ഞു. അതുകൊണ്ട് പല ആളുകളും നീണ്ട യാത്രകൾ നടത്തി. ചിലർ പുതിയവ കണ്ടെത്താനുള്ള ആഗ്രഹത്താലും മറ്റുചിലർ കച്ചവടത്തിനുമായിട്ടാണ് യാത്ര ചെയ്തത്. ഇക്കാലത്ത് ഗ്രീക്കു തത്വശാസ്ത്രം പരിചയപ്പെട്ട ടയർകാരനായ ഒരാൾ എത്യോപ്യയുടെ ഉൾഭാഗങ്ങളിലേക്ക് കടക്കാൻ ആഗ്രഹിച്ച് തന്റെ രണ്ട് അനന്തിരവന്മാരുമൊത്ത് യാത്ര തുടങ്ങി. തന്റെ

ആഗ്രഹം സാധിച്ചശേഷം അയാൾ തന്റെ നാട്ടിലേക്ക് തിരിച്ചു. അവരുടെ കപ്പൽ ശുദ്ധജലത്തിനായി ഒരു കരയ്ക്കടുപ്പിച്ചപ്പോൾ, അപരിഷ്കൃതർ അവരുടെമേൽ ചാടിവീണ് ജോലിക്കാരിൽ ചിലരെ മുക്കിക്കൊല്ലുകയും മറ്റുള്ളവരെ തടവുകാരായി പിടിക്കുകയും ചെയ്തു. യുവാക്കളുടെ അമ്മാവനെ അവർ കൊന്നു. യുവാക്കളെ രാജസമക്ഷം എത്തിച്ചു. ഒരാളുടെ പേര് എഡേസ്യൂസ് എന്നും മറ്റെയാളുടെ പേര് ഫ്രുമെൻസ്യൂസ് എന്നുമായിരുന്നു. അവരുടെ ബുദ്ധിവൈഭവം മനസ്സിലാക്കി ആ രാജ്യത്തെ രാജാവ് അവരെ തന്റെ കൊട്ടാരവിചാരിപ്പുകാരാക്കി. ഇതേപ്പറ്റി സംശയിക്കുന്നെങ്കിൽ, ഈജിപ്തിൽ ജോസഫിന്റെ ചരിത്രവും ബാബിലോണിൽ തടവുകാരാക്കപ്പെടുകയും നേതാക്കന്മാരായി തീരുകയും ചെയ്ത ദാനിയേലിന്റെയും മറ്റു മൂന്നു വിശ്വാസ സ്തംഭങ്ങളുടെയും ചരിത്രം അനുസ്മരിക്കുക.

രാജാവ് മരിച്ചു. എന്നാൽ ഈ യുവാക്കൾ അയാളുടെ മകനോടൊപ്പം തങ്ങുകയും കൂടുതൽ അധികാരങ്ങളിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു. അവർ സത്യമതത്തിൽ വളർത്തപ്പെട്ടവരാകയാൽ, അവിടം സന്ദർശിച്ച കച്ചവടക്കാർ റോമാക്കാരുടെ രീതി അനുസരിച്ച് ആരാധനയ്ക്കായി ഒന്നിച്ചുകൂടാൻ അവർ ഉപദേശിച്ചു.

കുറേനാൾ കഴിഞ്ഞ്, തങ്ങളുടെ സേവനത്തിന്റെ പ്രതിഫലമായി തങ്ങളുടെ നാട്ടിലേക്ക് തിരികെ പോകാൻ തങ്ങളെ അനുവദിക്കണമെന്ന് അവർ രാജാവിനോട് അപേക്ഷിച്ചു. അയാളുടെ അനുവാദത്തോടെ അവർ യാത്രതിരിച്ച് റോമൻ പ്രദേശത്ത് സുരക്ഷിതമായെത്തി. എഡേസ്യൂസ് ടയറിലേക്ക് പോയി. തന്റെ ബന്ധുക്കളോടുള്ള സ്വാഭാവിക സ്നേഹത്തേക്കാൾ മതപരമായ തീക്ഷ്ണത വളരെ കൂടുതലാകയാൽ, ഫ്രുമെൻസ്യൂസ് അലക്സാണ്ഡ്രിയായിലേക്ക് പോകുകയും ആത്മീയപ്രകാശത്തിനായി എത്യോപ്യക്കാർ ആകാംക്ഷാപൂർവം കാത്തിരിക്കുകയാണെന്ന് ആ നഗരത്തിലെ മെത്രാനെ അറിയിക്കുകയും ചെയ്തു. അത്തനാസ്യോസ് ആയിരുന്നു സ്ഥലത്തെ മെത്രാൻ. അദ്ദേഹം വിവരണം കേട്ടു. "അജ്ഞതയുടെ മഞ്ഞിനെ ചിതറിച്ച് ദിവ്യപ്രബോധനത്തിന്റെ പ്രകാശം ഈ ജനത്തിനിടയിൽ പ്രകാശിപ്പിക്കാൻ നിന്നേക്കാൾ മെച്ചപ്പെട്ടവനായി ആരാണുള്ളത്?'' എന്ന് അദ്ദേഹം പറയുകയുണ്ടായി. ഇതുപറഞ്ഞിട്ട് അയാളെ മെത്രാനാക്കി അവിടേക്കയച്ചു. അയാൾ അവിടെ നിന്ന് പുറപ്പെട്ട്, യാത്രാക്ലേശം പരിഗണിക്കാതെ, എത്യോപ്യയിലെത്തി. ദൈവകൃപയോടുകൂടി അവിടെ സന്തോഷത്തോടും വിജയശ്രീലാളിതനായും നല്ല കർഷകനെപ്പോലെ അധ്വാനിച്ചു. ശ്ലൈഹികാടയാളങ്ങളാലും അത്ഭുതങ്ങളാലും തന്റെ വാക്കുകൾ ഉറപ്പിച്ചുകൊണ്ട് അനേകരെ ജീവനിലെത്തിച്ചു.

## അധ്യായം 23

# ഇബേരിയരുടെ മാനസ്സാന്തരം

ഫ്രുമെൻസ്യൂസ് ഇപ്രകാരം എത്യോപ്യരെ ദൈവികജ്ഞാനത്തിൽ എത്തിച്ചു. ഇക്കാലഘട്ടത്തിൽ ഇബേര്യരെ സത്യപാതയിലേക്ക് നയിച്ചത് തടവുകാരിയായ ഒരു സ്ത്രീയാണ്. അവൾ പ്രാർഥനയിൽ ഉറ്റിരുന്നു. തറയിൽ ചാക്കു വിരിച്ചുകിടന്നു. ഉപവാസം ഏറ്റവും വലിയ ആഡംബരമായി കരുതി. ശ്ലീഹന്മാരുടേതിനു തുല്യമായ ദാനങ്ങൾ ഈ താപസ്സകർമങ്ങൾക്ക് പ്രതിഫലമായി അവൾക്കു ലഭിച്ചു. മരുന്നുകളെ പറ്റി വലിയ ഗ്രാഹ്യമില്ലാതിരുന്ന ആ നാട്ടിലെ അപരിഷ്കൃതർ, രോഗം വരുമ്പോൾ ഭവനങ്ങളിൽ ചെന്ന് അതുപോലെയുള്ള രോഗം വന്നപ്പോൾ സുഖം പ്രാപിക്കാൻ എന്തു ചെയ്തെന്ന് ആരായുക പതിവായിരുന്നു. ഈ പതിവനുസരിച്ച്, രോഗം ബാധിച്ച തന്റെ ശിശുവിനെയും കൊണ്ട് അവർ ഈ ശ്രേഷ്ഠവനിതയുടെ അടുത്തെത്തി, ഈ രോഗം മാറാൻ എന്തെങ്കിലും വഴിയുണ്ടോ എന്ന് ചോദിച്ചു. അവൾ ശിശുവിനെ തന്റെ കിടക്കയിൽ കിടത്തി. അവളോട് കരുണ കാണിച്ച് സുഖപ്പെടുത്തണമെന്ന് സ്രഷ്ടാവായ ദൈവത്തോട് പ്രാർഥിച്ചു. കർത്താവ് പ്രാർഥന കേട്ട് ശിശുവിനെ സുഖപ്പെടുത്തി. ഇതിലൂടെ ആ തടവുകാരി അറിയപ്പെട്ടവളായി.

കഠിനരോഗത്താൽ അലട്ടപ്പെട്ടിരുന്ന രാജ്ഞി ഇതേപ്പറ്റി കേട്ട് അവളെ വിളിപ്പിച്ചു. തന്നെപ്പറ്റി താണനിലയിൽ കരുതിയിരുന്ന തടവുകാരി രാജ്ഞിയുടെ ക്ഷണം സ്വീകരിച്ചില്ല. എന്നാൽ തന്റെ അത്യാവശ്യം പ്രമാണിച്ച് തന്റെ രാജകീയ മഹനീയത പരിഗണിക്കാതെ രാജ്ഞി തടവുകാരിയുടെ പക്കലേക്ക് ഓടിയെത്തി. തടവുകാരി അവളെ തന്റെ ഹീനമായ കിടക്കയിൽ കിടത്തിയിട്ട് രോഗത്തിനെതിരെ പ്രാർഥന എന്ന ഫലവത്തായ പ്രതിരോധം അർപ്പിച്ചു. രാജ്ഞി സുഖപ്പെടുകയും പ്രതിഫലമായി രാജകീയൗദാര്യം അനുസരിച്ച്, സൂക്ഷിക്കാൻ പറ്റിയതെന്ന് അവൾക്കു തോന്നിയ സമ്മാനങ്ങളും സ്വർണവും വെള്ളിയും വസ്ത്രങ്ങളും നൽകി. ഇതൊന്നും തനിക്ക് ആവശ്യമില്ലെന്നും സത്യമതത്തെപ്പറ്റി രാജ്ഞി അറിയുക എന്നതാണ് തനിക്കുള്ള വലിയ പ്രതിഫലമെന്നും ആ വിശുദ്ധ പറഞ്ഞു. അവളുടെ കഴിവനുസരിച്ച് അവൾ ദിവ്യപ്രബോധനം വിവരിച്ചു കൊടുത്തു. അവളെ സുഖപ്പെടുത്തിയ ക്രിസ്തുവിന്റെ ബഹുമാനാർഥം ഒരു പള്ളി പണിയാൻ അവളെ ഉപദേശിച്ചു.

രാജ്ഞി കൊട്ടാരത്തിൽ തിരികെയെത്തി. അവൾ പെട്ടെന്ന് സുഖം പ്രാപിച്ചതിൽ രാജാവ് അത്ഭുതപ്പെട്ടു. തടവുകാരി ആരാധിക്കുന്ന ദൈവത്തിന്റെ ശക്തി രാജാവിനെ അറിയിച്ചു. ഈ ദൈവത്തെ അംഗീകരിക്കാനും അവനൊരു പള്ളി പണിയാനും അവനെ ആരാധിക്കാൻ തന്റെ ജനത്തെ ആനയിക്കാനും അവനോട് ആവശ്യപ്പെട്ടു. രാജ്ഞിക്കുണ്ടായ സൗഖ്യത്തിൽ രാജാവ് സന്തുഷ്ടനായെങ്കിലും പള്ളി പണിയുന്നതിന് സമ്മതിച്ചില്ല.

അധികം വൈകാതെ രാജാവ് വേട്ടയ്ക്കു പോയി. പൗലോസിനോടെന്ന പോലെ, കർത്താവ് അയാളെ ഇരയാക്കി. പെട്ടെന്ന് അവിടെ ഇരുൾമൂടി. അയാൾക്ക് അനങ്ങാൻ പറ്റാത്തവണ്ണം അവിടെത്തന്നെ നിൽക്കേണ്ടിവന്നു. എന്നാൽ കൂടെ ഉണ്ടായിരുന്നവർക്ക് വെളിച്ചം ഉണ്ടായിരുന്നു. അയാൾക്കു ചുറ്റും മാത്രം ഇരുൾമൂടി. തന്റെ പരിഭ്രമത്തിൽ, രക്ഷപെടാൻ അയാൾ ഒരു മാർഗം കണ്ടു. തന്റെ അവിശ്വാസം മനസ്സിൽ കടന്നുവന്നു. ഉടനെ തടവുകാരിയുടെ ദൈവത്തെ വിളിച്ചപേക്ഷിച്ചു. തൽക്ഷണം ഇരുൾ നീങ്ങി. അയാൾ ഉടനെ ആ ശ്രേഷ്ഠതടവുകാരിയുടെ പക്കലെത്തി എപ്രകാരമാണ് പള്ളി പണിയേണ്ടതെന്ന് അവളോടാരാഞ്ഞു.

തച്ചുശാസ്ത്ര വൈദഗ്ധ്യത്താൽ ബസാലേലിനെ ഒരിക്കൽ നിറച്ചവൻ ഒരു പള്ളിയുടെ പ്ലാൻ തയാറാക്കാൻ ആ സ്ത്രീയെ സജ്ജമാക്കി. അവൾ പ്ലാൻ നൽകി; ആളുകൾ പണിയാൻ തുടങ്ങി. കെട്ടിടം പണി പൂർത്തിയായി, മേൽക്കൂരയിട്ടു. വൈദികർ ഒഴികെ ആവശ്യമുള്ളതെല്ലാം തയാറാക്കി. അതിനവൾ വഴികണ്ടു. മതകാര്യങ്ങൾ പഠിപ്പിക്കാൻ ഗുരുക്കന്മാരെ അയക്കാൻ, റോമൻ ചക്രവർത്തിയോട് ആവശ്യപ്പെടുന്നതിന് ഒരു ദൗത്യസംഘത്തെ അയക്കാൻ അവൾ രാജാവിനോട് ആവശ്യപ്പെട്ടു. ഇതിനായി രാജാവ് ഒരു പ്രതിനിധിസംഘത്തെ അയച്ചു. മതകാര്യങ്ങളിൽ അതീവതൽപ്പരനായ കോൺസ്റ്റന്റൈൻ, ഇതേപ്പറ്റി ഗ്രഹിച്ച ഉടൻ തന്നെ പ്രതിനിധികളെ സന്തോഷപൂർവം സ്വീകരിക്കുകയും വിശ്വാസവും വിജ്ഞാനവും സുകൃതവുമുള്ള ഒരു മെത്രാനെ തെരഞ്ഞെടുത്ത്, ധാരാളം സമ്മാനങ്ങൾ നൽകി, സത്യദൈവത്തെപ്പറ്റി അവിടെ പ്രഘോഷിക്കാൻ ഇബേരിയൻ രാജാവിന്റെ പക്കലേക്കയച്ചു.

ഇബേരിയർ ആവശ്യപ്പെട്ടവയെല്ലാം അംഗീകരിച്ചതിനു പുറമേ, പേർഷ്യയിലുള്ള ക്രിസ്ത്യാനികളുടെ സംരക്ഷണവും ചക്രവർത്തി ഏറ്റെടുത്തു. അവരെ വിജാതിയർ പീഡിപ്പിക്കുന്നെന്നും തെറ്റിന്റെ അടിമയായ അവരുടെ രാജാവ് അവരുടെ നാശത്തിനായി നിരവധി ചതുരുപായങ്ങൾ പ്രയോഗിക്കുന്നെന്നും മനസ്സിലാക്കി, ക്രിസ്തുമതം സ്വീകരിക്കാനും അതിന്റെ നേതാക്കന്മാരെ ബഹുമാനിക്കാനും അപേക്ഷിച്ചു. അദ്ദേഹത്തിന്റെ കത്തു തന്നെ ഇക്കാര്യം വ്യക്തമാക്കും.

### അധ്യായം 24

## പേർഷ്യൻ രാജാവിന് കോൺസ്റ്റന്റൈൻ എഴുതിയ കത്ത്

“സത്യവിശ്വാസം സംരക്ഷിക്കുന്നതിലൂടെ ഞാൻ സത്യവെളിച്ചം അനുഭവിക്കുന്നു. സത്യവെളിച്ചത്തെ പിൻചെല്ലുന്നതിലൂടെ ഞാൻ വിശ്വാസത്തിന്റെ പൂർണമായ അറിവിൽ എത്തുന്നു. വസ്തുതകൾ തെളിയിക്കുന്നതു പോലെ, പരമപരിശുദ്ധ ദൈവത്തിന്റെ ജ്ഞാനം പഠിപ്പിക്കുന്നതായി ഞാൻ

ആ അതിവിശുദ്ധ ആരാധന അംഗീകരിക്കുന്നു. ഈ ശുശ്രൂഷ ഞാൻ ഏറ്റു പറയുന്നു. എന്റെ സഹായിയായി ഈ ദൈവത്തിന്റെ ശക്തികൊണ്ട് കടലിന്റെ വിദൂരസ്ഥമായ അതിർത്തികളിൽ തുടങ്ങി, ഞാൻ ഒന്നിനു പിറകെ ഒന്നായി, ലോകത്തിന്റെ എല്ലാ ഭാഗങ്ങളും പ്രത്യാശ കൊണ്ട് ഉണർത്തി. സ്വേച്ഛാധിപതികൾ അടിമകളാക്കി വയ്ക്കുകയും അനുദിനക്ലേശങ്ങളാൽ തളരുകയും ഏതാണ്ട് ഇല്ലായ്മ ആകുകയും ചെയ്തവരെല്ലാം, രാജ്യത്തിന്റെ സംരക്ഷണം സ്വീകരിച്ച് നവജീവനിലേക്ക് ഉത്തേജിതരായിരിക്കുന്നു. ആത്മാർപ്പണം ചെയ്ത എന്റെ സൈന്യം തോളിൽ വഹിക്കുന്ന കൊടി യടയാളത്തിന്റെ ഉടമയാണ് ഞാൻ ആദരിക്കുന്ന ദൈവം. നീതിക്കുവേണ്ടി അവരെ നയിക്കുന്നിടത്തേക്ക് അവർ നീങ്ങുന്നു. അവരുടെ ഗംഭീരവിജയ ങ്ങളാൽ അവരെനിക്ക് പ്രതിഫലം നൽകുന്നു.

നിത്യസ്മരണയാൽ ഈ ദൈവത്തെ ഞാൻ ബഹുമാനിക്കുന്നെന്ന് ഞാൻ ഏറ്റുപറയുന്നു. അത്യുന്നതങ്ങളിൽ വസിക്കുന്ന അവനെ ശുദ്ധവും മാലിന്യരഹിതവുമായ മനസ്സുകൊണ്ട് ഞാൻ ധ്യാനിക്കുന്നു. നിന്ദ്യമായ രക്തവും അനുചിതവും ദുർനിമിത്തവുമായ ഗന്ധങ്ങളും മന്ത്രോച്ചാരണാ ഗ്നിയും മലിനീകരണവും വർജിച്ചുകൊണ്ട്, ഞാൻ മുട്ടിന്മേൽ നിന്ന് ആ ദൈവത്തെ വിളിച്ചപേക്ഷിക്കുന്നു. മേൽപ്പറഞ്ഞവയാൽ, നിയമരഹിതവും ലജ്ജാകരവുമായ തെറ്റ് രാജ്യങ്ങളെയെല്ലാം നശിപ്പിക്കുകയും അവയെ നരകത്തിലേക്ക് തള്ളിയിടുകയും ചെയ്തു. തന്റെ ഉപകാരപ്രദമായ പരിപാലനയിൽ മനുഷ്യരുടെ ആവശ്യത്തിനായി ദൈവം വർഷിച്ച ദാനങ്ങൾ ഓരോരുത്തരുടെയും ഇച്ഛയനുസരിച്ച് വഷളാക്കാൻ ദൈവം അനുവദിക്കു ന്നില്ല.

മനുഷ്യർക്ക് ശുദ്ധമനസ്സാക്ഷിയും നിർമലമായ ആത്മാവും ഉണ്ടായിരി ക്കുക എന്നത് മാത്രമാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. അതിലൂടെ അവരുടെ സുകൃതകർമങ്ങളും ഭക്തിയും അവിടുന്ന തൂക്കിനോക്കുന്നു. ശാന്തതയിലും അടക്കമൊതുക്കത്തിലും അവിടുന്ന് സംപ്രീതനാകുന്നു. അവിടുന്ന ശാന്തശീലരെ സ്നേഹിക്കുന്നു. തർക്കവിതർക്കങ്ങൾ ഇളക്കി വിടുന്നവരെ ദ്വേഷിക്കുന്നു. അവൻ വിശ്വാസത്തെ സ്നേഹിക്കുന്നു. വിശ്വാസരാഹിത്യത്തെ അടിക്കുന്നു. അവൻ വീമ്പടിക്കലിനെ തകർക്കുന്നു. അഹങ്കാരികളുടെ ഗർവിനെ ശിക്ഷിക്കുന്നു. അഹങ്കാരത്താൽ ഉന്മത്തരായ വരെ അവൻ നിശ്ശേഷം തൂത്തെറിയുന്നു. വിനീതർക്കും ക്ഷമാശീലർക്കും അവർ അർഹിക്കുന്നതനുസരിച്ച് പ്രതിഫലം നൽകുന്നു. നീതി നിറഞ്ഞ ഭരണാധികാരിയെ കൊണ്ട് അവൻ ധാരാളം ചെയ്യിക്കുന്നു. തന്റെ സഹായ ത്താൽ അവനെ ബലപ്പെടുത്തുന്നു. സമാധാനാശംസയാൽ പ്രഭുക്കന്മാരുടെ ഉപദേശത്തെ അവൻ സംരക്ഷിക്കുന്നു.

എന്റെ സഹോദരാ, ഈ ദൈവം എല്ലാ മനുഷ്യരുടെയും ഭരണാധി കാരിയും പിതാവുമാണെന്ന് ഞാൻ ഏറ്റുപറയുമ്പോൾ, ഞാൻ തെറ്റിലല്ലെന്ന് എനിക്കറിയാം. എനിക്കുമുമ്പ് ഇമ്പീരിയൽ സിംഹാസനത്തിലിരുന്ന് തെറ്റിനാൽ നയിക്കപ്പെട്ട്, അനേകർ നിഷേധിക്കാൻ ശ്രമിച്ച സത്യമാണിത്.

മനുഷ്യകുലത്തിനു മുഴുവൻ ഭയജന്യമായ മുൻസൂചനയായി തത്തുല്യമായ ദുഷ്ടതയിൽ നിന്ന് അവരെ പിൻതിരിപ്പിക്കാൻ, അവരുടെ അന്ത്യം ഭീതികരമായിരുന്നു. ഇടിമുഴക്കംപോലെ നിങ്ങളുടെ നാട്ടിലേക്ക് ദൈവകോപം ഓടിച്ചുകൊണ്ടുവന്നവനെപ്പറ്റി ഞാൻ ചിന്തിക്കുന്നു. അവന്റെ ലജ്ജയുടെ കുപ്രസിദ്ധ അനുസ്മരണ അവൻ അവശേഷിപ്പിച്ചു. അത് നിങ്ങളുടെ നാട്ടിൽ തന്നെ സ്ഥിതിചെയ്യുന്നു. നാം ജീവിക്കുന്ന കാലഘട്ടം പരസ്യവും സ്പഷ്ടവുമായ ശിക്ഷകൾ അത്തരക്കാർക്കു ലഭിക്കുന്നതിന് ശരിയായി ക്രമപ്പെടുത്തിയിരിക്കുന്നതിൽ വ്യത്യസ്തമായിരിക്കുന്നെന്ന് വാസ്തവത്തിൽ തോന്നിപ്പോകുന്നു. നിയമവിരുദ്ധമായ ചട്ടങ്ങളാൽ ദൈവജനത്തെ പീഡിപ്പിച്ചവരുടെ അന്ത്യത്തിന് ഞാൻ തന്നെ സാക്ഷിയാണ്. അതുകൊണ്ട്, ഇപ്പോൾ തന്റെ പ്രത്യേക പരിപാലനയാൽ, തന്റെ നിയമം അനുസരിക്കുന്നവർക്ക് സമാധാനം പുനഃസ്ഥാപിച്ചതിൽ ഞാൻ വളരെ പ്രത്യേകമായി ദൈവത്തിന് നന്ദി പറയുന്നു. ആ നിയമത്തിൽ മനുഷ്യർ ആഹ്ലാദിച്ചാനന്ദിക്കുന്നു.

സംശുദ്ധമായ ഏക സത്യമതാനുഷ്ഠാനത്തിൽ ദൈവം തന്റെ നന്മയിൽ എല്ലാ മനുഷ്യരെയും കൂട്ടിച്ചേർക്കുമ്പോൾ, ഭാവിസന്തോഷവും സുരക്ഷിതത്വവും ഞാൻ പ്രതീക്ഷിക്കുന്നു. ഇത്തരം ആളുകളെക്കൊണ്ട് പേർഷ്യയിലെ ഏറ്റവും നല്ല പ്രോവിൻസുകൾ അലംകൃതമാണെന്ന് കേൾക്കുമ്പോൾ, ഞാൻ എത്രമാത്രം സന്തുഷ്ടനാണെന്ന് ഗ്രഹിച്ചാലും. അതായത്, ക്രിസ്ത്യാനികൾ. അവരെപ്പറ്റിയാണ് ഞാൻ സംസാരിക്കുന്നത്. അപ്പോൾ നിനക്കും അവർക്കും എല്ലാം ശുഭമായിരിക്കും. കാരണം, എല്ലാറ്റിന്റെയും കർത്താവ് നിന്നോട് കരുണയും മനോഗുണവുമുള്ളവൻ ആയിരിക്കും. ശക്തനും ഭക്തനുമായ  നിനക്ക് ഞാൻ നിന്റെ പരിപാലനയ്ക്ക് ക്രിസ്ത്യാനികളെ ശുപാർശ ചെയ്യുന്നു. അവരെ നിന്റെ സംരക്ഷണത്തിന് ഏൽപ്പിക്കുന്നു. നിന്റെ നന്മയ്ക്കനുസൃതമായി സ്നേഹപൂർവം അവരോട് പെരുമാറാൻ ഞാനപേക്ഷിക്കുന്നു. ഇതിലുള്ള വിശ്വസ്തത നിനക്കും നമുക്കും അവാച്യമായ നന്മകൾ വർഷിക്കും".

ഈ ശ്രേഷ്ഠചക്രവർത്തി സത്യമതം സ്വീകരിച്ച എല്ലാവരുടെയും കാര്യത്തിൽ, തന്റെ പ്രജകളുടെ മാത്രമല്ല, മറ്റു രാജാക്കന്മാരുടെ കീഴിലുള്ളവരുടെ കാര്യത്തിലും അതീവതാൽപര്യം കാണിച്ചു. ഇക്കാരണത്താൽ അദ്ദേഹത്തിന് ദൈവത്തിന്റെ പ്രത്യേകസംരക്ഷണം ലഭിച്ചു. യൂറോപ്പ് മുഴുവനും ആഫ്രിക്കയിലും ഏഷ്യയിൽ നിരവധി പ്രദേശങ്ങളിലും അദ്ദേഹത്തിന് അധികാരം ഉണ്ടായിരുന്നെങ്കിലും, അദ്ദേഹത്തിന്റെ പ്രജകൾ അദ്ദേഹത്തോട് സന്മനസ്സു കാട്ടി, വിധേയത്വം ഉള്ളവരായിരുന്നു. വിദേശരാജ്യങ്ങൾ അദ്ദേഹവുമായി രമ്യതയിൽ കഴിഞ്ഞു. ചിലർ സ്വന്ത ഇഷ്ടത്താലും മറ്റുചിലർ യുദ്ധത്തിൽ കീഴമർത്തപ്പെട്ടും. എല്ലായിടത്തും അദ്ദേഹത്തിന്റെ വിജയക്കൊടി സ്ഥാപിക്കപ്പെട്ടു. ജേതാവെന്ന് അദ്ദേഹം വിളിക്കപ്പെട്ടു. മറ്റു നിരവധി എഴുത്തുകാർ കോൺസ്റ്റൻടൈനെ പ്രകീർത്തിച്ച് എഴുതിയിട്ടുണ്ട്. – നമുക്ക് നമ്മുടെ ചരിത്രത്തിലേക്ക് മടങ്ങാം.

മഹോന്നത കീർത്തിക്ക് അർഹനായ ഈ ചക്രവർത്തി ശ്ലീഹന്മാർക്കു ചേർന്നവിധമുള്ള കാര്യങ്ങൾക്ക് തന്റെ ചിന്ത ക്രമീകരിച്ചു. എന്നാൽ പൗരോഹിതൗന്നത്യത്തിൽ ചേർക്കപ്പെട്ടവർ സഭയെ കെട്ടിപ്പടുക്കുന്നതിൽ അവഗണന കാട്ടിയെന്നു മാത്രമല്ല, സഭയുടെ അടിത്തറ ഇളക്കാൻ കൂടി പരിശ്രമിച്ചു. ഇക്കൂട്ടർ ശ്ലൈഹിക പ്രബോധനാനുസൃതം സഭയെ ഭരിച്ചവർക്കെതിരെ എല്ലാത്തരം ദുരാരോപണങ്ങളും കെട്ടിച്ചമയ്ക്കുകയും അവരെ സ്ഥാനഭ്രഷ്ടരാക്കി നാടുകടത്താൻ തങ്ങളുടെ കഴിവിൽ പെട്ടതെല്ലാം ചെയ്യുകയും ചെയ്തു. എവുസ്താത്യോസിനെതിരെ അവർ മെനഞ്ഞെടുത്ത കുപ്രസിദ്ധമായ ദുരാരോപണംകൊണ്ട് അവരുടെ അസൂയ അടങ്ങിയില്ല. പിന്നെയോ, മതത്തിന്റെ മറ്റൊരു മഹാസ്തംഭത്തെ തകിടം മറിക്കാൻ എല്ലാവിധ ഗൂഢാലോചനകളിലും അവർ ഏർപ്പെട്ടു. വളരെ ചുരുക്കമായി ഈ ദുഃഖകരമായ സംഗതി ഞാൻ അവതരിപ്പിക്കാം.

### അധ്യായം 25

## അത്തനാസ്യോസിനെതിരെയുള്ള ഗൂഢാലോചന

ശ്രേഷ്ഠമെത്രാനും ആരിയസിന്റെ ദൈവദൂഷണത്തെ വിജയകരമായി എതിരിട്ടവനുമായ അലക്സാണ്ഡർ നിഖ്യാകൗൺസിൽ കഴിഞ്ഞ് അഞ്ചു മാസങ്ങൾക്കുശേഷം മരിക്കുകയും അത്തനാസ്യോസ് പിൻഗാമി ആകുകയും ചെയ്തു. യുവത്വം മുതൽ ദൈവിക കാര്യങ്ങളിൽ പരിശീലിപ്പിക്കപ്പെട്ട അത്തനാസ്യോസ്, താൻചെയ്ത സഭാസംഗതികളിലെല്ലാം ശ്ലാഘനീയമായി വർത്തിച്ചു. പൊതുസിനഡിൽ ശ്ലൈഹിക പ്രബോധനം ന്യായീകരിക്കുകയും സത്യത്തിന്റെ എല്ലാ വക്താക്കളുടെയും അംഗീകാരത്തിന് അർഹനാകുകയും ചെയ്തു. എന്നാൽ അതേസമയം സത്യദ്വേഷികൾ അദ്ദേഹത്തെ അവരുടെ എതിരാളിയായും പൊതുശത്രുവായും പരിഗണിച്ചു. അലക്സാണ്ഡറിന്റെ പരിവാരത്തിൽ ഒരാളായിട്ടാണ് അദ്ദേഹം കൗൺസിലിൽ സംബന്ധിച്ചത്. അദ്ദേഹം വളരെ ചെറുപ്പമായിരുന്നെങ്കിലും, ആർച്ചുഡീക്കനായിരുന്നു. അലക്സാണ്ഡ്രിയൻ സഭാഭരണം അത്തനാസ്യോസിന്റെ കൈകളിലായെന്നു കണ്ട്, ഏകജാതനാം ദൈവപുത്രനെ നിഷേധിച്ചവർ, തങ്ങളുടെ അധികാരത്തിന്റെ അന്ത്യമായിരിക്കും അദ്ദേഹത്തിന്റെ ഭരണമെന്ന് കണക്കുകൂട്ടി. കാരണം, സത്യത്തോടുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണത അനുഭവത്തിലൂടെ അവർ അറിഞ്ഞിരുന്നു. അതുകൊണ്ട് അവർ അദ്ദേഹത്തിനെതിരെ താഴെപ്പറയുന്ന ഗൂഢാലോചന നടത്തി. സംശയം ഒഴിവാക്കാൻ മെലേഷ്യൻ കക്ഷിക്കാരിൽ ചിലർക്ക് അവർ കോഴ കൊടുത്തു. നിഖ്യാകൗൺസിലിൽ മെലേഷ്യസിനെ സ്ഥാനഭ്രഷ്ടനാക്കിയെങ്കിലും, തേബായ്ഡിലും ഈജിപ്തിന്റെ സമീപ പ്രദേശങ്ങളിലും അയാൾ ലഹള ഇളക്കിവിട്ടുകൊണ്ടിരുന്നു. ചക്രവർത്തിയുടെ പക്കലെത്തി ഈജിപ്തിൽ പുതിയ നികുതി ചുമത്തിയെന്നും ആ തുക സാമ്രാജ്യമോഹിയായ ഒരു സ്വേച്ഛാധിപതിക്ക് കൈമാറിയെന്നും അത്തനാസ്യോസിനെതിരെ ആരോ

പണം ഉന്നയിക്കാൻ മെലീഷ്യൻ വിഭാഗക്കാരെ അത്തനാസ്യോസിന്റെ എതിരാളികൾ പ്രേരിപ്പിച്ചു.

ഈ കള്ളക്കഥയാൽ ചക്രവർത്തി വഞ്ചിതനായി. അദ്ദേഹം അത്തനാസ്യോസിനെ കോൺസ്റ്റാന്റിനോപ്പിളിൽ വരുത്തി. ഈ ആരോപണം തെറ്റാണെന്ന് അദ്ദേഹം ചക്രവർത്തിയെ ബോധ്യപ്പെടുത്തി. ദൈവം അദ്ദേഹത്തിനു നൽകിയ ചുമതല അദ്ദേഹത്തിന് തിരികെ കിട്ടി. ചക്രവർത്തി അലക്സാണ്ഡ്രിയൻ സഭയ്ക്കയച്ച ഒരു കത്തിൽ നിന്ന് ഇത് വ്യക്തമാണ്. അതിന്റെ അവസാനഖണ്ഡിക താഴെ ഉദ്ധരിക്കുന്നു:

“എന്റെ സഹോദരങ്ങളേ, എന്നെ വിശ്വസിക്കുക. നിങ്ങളുടെ മെത്രാനെതിരായി എന്തെങ്കിലും ചെയ്യാൻ ദുഷ്ടമനുഷ്യർക്ക് സാധിച്ചില്ല. നമ്മുടെ സമയം മെനക്കെടുത്താമെന്നല്ലാതെ മറ്റൊരുദ്ദേശവും അവർക്കില്ലായിരുന്നു. ഈ ജീവിതത്തിൽ അനുതാപത്തിന് ഒരിടവും അവർ അവശേഷിപ്പിച്ചിട്ടില്ല. അതുകൊണ്ട് നമ്മുടെ സ്നേഹം നേടിയെടുക്കാൻ ഉതകുന്നത് ചെയ്യുക. നിങ്ങളുടെ ഇടയിലെ ഐക്യം തകർക്കാൻ ആഗ്രഹിക്കുന്നവരെ സർവാത്മനാ പുറത്താക്കാൻ യത്നിക്കുക. ദൈവത്തിലേക്ക് നോക്കി, പരസ്പരം സ്നേഹിക്കുക. നിങ്ങളുടെ മെത്രാനായ അത്തനാസ്യോസിനെ ഞാൻ സന്തോഷപൂർവം സ്വീകരിച്ചു. ഒരു ദൈവമനുഷ്യൻ എന്ന നിലയിൽ ഞാൻ അദ്ദേഹത്തോട് സംസാരിച്ചു.”

### അധ്യായം 26

## അത്തനാസ്യോസിനെതിരെ മറ്റൊരു ഗൂഢാലോചന

അത്തനാസ്യോസിന്റെ പരദൂഷകർ തങ്ങളുടെ പരിശ്രമങ്ങളിൽ നിന്ന് പിന്തിരിഞ്ഞില്ല. മറിച്ച്, അവർ മറ്റൊരു കഥ കെട്ടിച്ചമച്ചു. പണ്ടത്തെ ട്രാജഡിയും കോമഡിയും എഴുതുന്നവരെ കവച്ചു വയ്ക്കുന്നതായിരുന്നത്. അതേ വിഭാഗത്തിലെ ചില വ്യക്തികൾക്ക് അവർ കൈക്കൂലി കൊടുത്ത് ചക്രവർത്തിയുടെ പക്കൽ എത്തിക്കുകയും വളരെ മ്ലേച്ഛമായി നിരവധി കുറ്റങ്ങൾ ആ സുകൃതവാനെതിരെ ഉച്ചത്തിൽ ആരോപിക്കുകയും ചെയ്തു. എവുസോയിയുസ്, തെയോഗ്നീസ്, ഹെരാക്ലെയാ (പെരിന്തുസ്) മെത്രാൻ തിയഡോർ എന്നിവരായിരുന്നു ആ വിഭാഗത്തിന്റെ തലവന്മാർ. അത്തനാസ്യോസിനെതിരെ അവർ നിരവധി കുറ്റങ്ങൾ ആരോപിച്ചു. അവ കടത്തിവിടാൻ പാടില്ലാത്ത വണ്ണവും കേൾക്കപ്പെടാൻ പാടില്ലാത്ത വണ്ണവും അത്രമാത്രം ഞെട്ടൽ ഉണ്ടാക്കുന്നവയാണെന്ന് അവർ തട്ടിവിട്ടു.

പലസ്തീനായിലെ കേസറിയായിൽ ഒരു കൗൺസിൽ കൂടാനും അവിടെവച്ച് അത്തനാസ്യോസിനെ വിസ്തരിക്കാനും അവർ ചക്രവർത്തിയെ പ്രേരിപ്പിച്ചു. അവിടെ അത്തനാസ്യോസിന് നിരവധി ശത്രുക്കൾ ഉണ്ടായിരുന്നു. അവർ മെനഞ്ഞെടുത്ത ഗൂഢപദ്ധതിയെപ്പറ്റി അജ്ഞാതനായിരുന്ന ചക്രവർത്തി, അതിനനുസരിച്ചുള്ള ഓർഡർ നൽകാൻ പ്രേരിതനായി.

എന്നാൽ തന്നെ വിസ്തരിക്കാൻ കച്ചകെട്ടി ഇറങ്ങിയവരുടെ ദുഷ്ടത അറിയാവുന്ന അത്തനാസ്യോസ് കൗൺസിലിൽ സന്നിഹിതനാകാൻ വിസമ്മതിച്ചു. അദ്ദേഹത്തിൽ കൂടുതൽ കുറ്റം ചുമത്താൻ സത്യദ്വേഷികൾക്ക് ഇതൊരു മറയായി. ഗർവിഷ്ഠനും അഹങ്കാരിയും നിന്ദ്യനുമായി അവർ അദ്ദേഹത്തെ ചക്രവർത്തിയുടെ മുമ്പാകെ ചിത്രീകരിച്ചു. അവരുടെ പ്രതീക്ഷ പാടേ മങ്ങിപ്പോയില്ല. കാരണം, ചക്രവർത്തി വളരെ ദീർഘക്ഷമ ഉള്ളവൻ ആയിരുന്നെങ്കിലും, അവരുടെ നിർബന്ധിക്കൽ നിമിത്തം പ്രകോപിതനായി. എല്ലാവരും ടയറിലേക്ക് ചെല്ലാൻ കൽപ്പിച്ചുകൊണ്ട് രോഷാകുലനായി ഒരു കത്തയച്ചു. കൗൺസിൽ അവിടെ കൂടാൻ കൽപ്പിച്ചു. കാരണം, കേസറിയാ മെത്രാൻ നിമിത്തം അവിടെ കൂടുന്നതിന് അത്തനാസ്യോസിന് ആശങ്ക ഉണ്ടായിരുന്നെന്ന സംശയത്തിന്മേലാണ് ടയറിലേക്ക് മാറ്റിയതെന്ന് എനിക്കു തോന്നുന്നു. തന്റെ സ്വതസിദ്ധമായ ഭക്തിക്കനുസൃതം ചക്രവർത്തി കൗൺസിലിന് കത്തയച്ചു. അത് താഴെ ചേർക്കുന്നു.

### അധ്യായം 27

## ടയർ കൗൺസിലിന് അയച്ച കത്ത്

കോൺസ്തന്തീനുസ് അഗസ്റ്റസ്, ടയറിൽ കൂടിയ വിശുദ്ധ കൗൺസിലിന്:

“ഈ കാലഘട്ടത്തെ വ്യത്യസ്തമാക്കുന്ന പൊതുസമ്പദ്സമൃദ്ധിയാൽ, കത്തോലിക്കാസഭ എല്ലാവിധ ഉപദ്രവങ്ങളിൽ നിന്നും വിടുവിക്കപ്പെടുകയും ക്രിസ്തുവിന്റെ ദാസന്മാർ എല്ലാ നിന്ദനങ്ങളിൽനിന്നും സ്വതന്ത്രരാക്കപ്പെടുകയും ചെയ്യുന്നത് ഉചിതമാണെന്ന് തോന്നുന്നു.

എന്നാൽ ചിലർ തർക്കത്തിനുള്ള വിഭ്രാന്തിയാൽ പ്രേരിതരായി, തങ്ങളുടെ വിളിക്ക് ചേരാത്ത രീതിയിൽ ജീവിതം നയിച്ച് ക്രമരാഹിത്യത്തിൽ എല്ലാം വലിച്ചെറിയാൻ ശ്രമിക്കുന്നു. ഇത് ഏറ്റവും വലിയ ദുരന്തമായി ഞാൻ പരിഗണിക്കുന്നു. അതുകൊണ്ട് നിങ്ങൾ എത്രയും വേഗം സിനഡിൽ ഒന്നിച്ചുകൂടാൻ ഞാൻ അഭ്യർഥിക്കുന്നു. അങ്ങനെ നിങ്ങളുടെ സഹായം ആവശ്യമുള്ളവരെ പിന്തുണയ്ക്കുക, അപകടത്തിൽ ആയിരിക്കുന്നവരെ രക്ഷപെടുത്തുക, വിഭജിതർ ആയിരിക്കുന്നവരെ ഹൃദയൈക്യത്തിൽ എത്തിക്കുക, സമയം അനുവദിക്കുന്നതനുസരിച്ച് സഭയിലെ ക്രമരാഹിത്യം ശരിപ്പെടുത്തുക. അങ്ങനെ ചില മനഷ്യരുടെ ധാർഷ്ഠ്യം നിമിത്തം തകർന്ന ഐക്യം ആ വലിയ പ്രോവിൻസുകളിൽ പുനഃസ്ഥാപിക്കുക.

സമാധാനം പുഃസ്ഥാപിക്കുന്നതുപോലെ ദൈവസന്നിധിയിൽ സ്വീകാര്യമായി മറ്റൊന്നില്ലെന്ന് എല്ലാവരും അംഗീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇത് എന്റേയും നിങ്ങളുടെയും പ്രാർഥനകളെ ഉല്ലംഘിക്കുന്നതും നിങ്ങളുടെ പ്രശസ്തിക്ക് ചേർന്നതുമാണ്.

അതുകൊണ്ട്, താമസം വരുത്തരുത്. തന്റെ ശുശ്രൂഷകരിൽ നിന്ന് നമ്മുടെ രക്ഷകൻ ആവശ്യപ്പെടുന്ന ആത്മാർഥതയോടും വിശ്വസ്തത

യോടും കൂടെ ഒന്നിച്ചുകൂടി, അതീവതാൽപര്യത്തോടെ ഈ സ്വരച്ചേർച്ച ഇല്ലായ്മയ്ക്ക് അറുതിവരുത്തുക.

നമ്മുടെ മതത്തിന്റെ താൽപ്പര്യങ്ങൾക്ക് ഉന്നതി വരുത്താൻ എന്റെ ഭാഗത്തുനിന്ന് ഒരു കുറവും ഉണ്ടാകയില്ല. നിങ്ങളുടെ കത്തുകളിൽ നിങ്ങൾ ശിപാർശ ചെയ്തവയെല്ലാം ഞാൻ നടപ്പാക്കിയിട്ടുണ്ട്. സഭാസംഗതികൾ നിങ്ങളോടൊത്ത് ചർച്ച ചെയ്യാൻ കൗൺസിലിലേക്ക് വരണമെന്ന് നിങ്ങൾ നിർദേശിച്ച മെത്രാന്മാർക്ക് ഞാൻ ആളയച്ചിട്ടുണ്ട്. നിങ്ങളോടൊപ്പം കൗൺസിലിൽ ഇരിക്കേണ്ടവരെ നിശ്ചയിക്കുന്നതിനും നിങ്ങളുടെ നടപടികൾക്ക് ദൃക്സാക്ഷി ആകുന്നതിനും ക്രമസമാധാനം പാലിക്കുന്നതിനും കോൺസുളാർ റാങ്കിലുള്ള ഡയനീഷ്യസിനെ ഞാൻ അയച്ചിരിക്കുന്നു. ഈ അവസരവും ആരെങ്കിലും നമ്മുടെ കൽപ്പന ലംഘിച്ച് കൗൺസിലിൽ വരാതിരുന്നാൽ, ഒരുദ്യോഗസ്ഥനെ അയച്ച് ഇമ്പീരിയൽ അധികാരം ഉപയോഗിച്ച് അയാളെ ഉടൻ തന്നെ നാടുകടത്തുന്നതാണ്. സത്യത്തിനു വേണ്ടി ചക്രവർത്തി പുറപ്പെടുവിച്ച ഡിക്രികളെ അയാൾ എതിർക്കാതിരിക്കാൻ അയാൾ പഠിക്കുന്നതിനു വേണ്ടിയാണിത്. എന്നാൽ ഞാനിത് മുൻകൂട്ടി കാണുന്നില്ല.

തെറ്റിൽ നിന്നുടലെടുത്ത കുറ്റങ്ങൾക്ക് നിങ്ങൾ ഏകയോഗമായി പക്ഷപാതരഹിതമായും മുൻവിധി കൂടാതെയും സഭാപരവും ശ്ലൈഹികവുമായ നിയമങ്ങൾ അനുസരിച്ച് ഉചിതമായ പ്രതിവിധി കണ്ടെത്തണമെന്നതാണ് നിങ്ങളുടെ മുമ്പിലുള്ള ദൗത്യം. സഭ എല്ലാവിധ കുറ്റപ്പെടുത്തലുകളിൽ നിന്നും വിമുക്തമാകാനും എന്റെ ഉത്കണ്ഠ കുറയ്ക്കാനും പിണങ്ങി കഴിയുന്നവരുടെ ഇടയിൽ സമാധാനം പുനഃസ്ഥാപിക്കാനും നിങ്ങളുടെ കീർത്തി വർധിക്കാനും ഇത് ഉതകട്ടെ. പ്രിയസഹോദരരേ, ദൈവം നിങ്ങളെ സംരക്ഷിക്കട്ടെ”.

തദനുസൃതം മെത്രാന്മാർ ടയർ സിനഡിനെത്തി. പാഷണ്ഡ പ്രബോധനങ്ങൾ മുറുകെ പിടിക്കുന്നവരെന്ന് ചിലരുടെ പേരിൽ ആരോപണമുണ്ടായി. ഗാസ്സായിലെ അസ്ക്ലെപ്പാസായിരുന്നു അവരിൽ ഒരാൾ. ശ്രേഷ്ഠനായ അത്തനാസ്യോസും സിനഡിൽ സന്നിഹിതനായിരുന്നു. അദ്ദേഹത്തിനെതിരെയുള്ള ദുരാരോപണത്തിന്റെ ദുരന്തം ആദ്യം വിവരിക്കാം. അതിനുശേഷം ഈ കൗൺസിലിന്റെ നടപടി അവതരിപ്പിക്കാം.

### അധ്യായം 28

## ടയർ കൗൺസിൽ

മെലേഷ്യൻ വിഭാഗത്തിലെ ഒരു പ്രെസ്ബിറ്റർ ആയിരുന്നു അർസേനിയോസ്. ആ വിഭാഗത്തിലെ ആളുകൾ അയാളെ ഒളിപ്പിച്ചു. കഴിയുന്നിടത്തോളം കാലം ഒളിവിൽ കഴിയാൻ നിർദേശിച്ചു. എന്നിട്ട് അവർ ഒരു ശവശരീരത്തിലെ വലത്തുകൈ മുറിച്ചെടുത്ത് സുരഭീകരിക്കുകയും ഒരു

തടിപ്പേടകത്തിലാക്കി എല്ലായിടത്തും കൊണ്ടുനടക്കുകയും അത്തനാസ്യോസ് കൊന്ന അർസേനിയോസിന്റെ കൈയാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ എല്ലാം കാണുന്ന കണ്ണ് ദീർഘനാൾ ഒളിവിൽ കഴിയാൻ അർസേനിയോസിനെ അനുവദിച്ചില്ല. അയാൾ ആദ്യം ഈജിപ്തിലും പിന്നെ തേബായ്ഡിലും ജീവനോടെ കാണപ്പെട്ടു. പിന്നീട് ദൈവികപരിപാലന അയാളെ ടയറിൽ എത്തിച്ചു. അത്തനാസ്യോസിന്റെ ശത്രുക്കൾ ആ കുപ്രസിദ്ധ കൈ അവിടെ കൗൺസിലിന്റെ മുമ്പാകെ എത്തിച്ചിരുന്നു. അത്തനാസ്യോസിന്റെ അനുയായികൾ അയാളെ പിടികൂടി ഒരു സത്രത്തിൽ എത്തിച്ചു. കുറച്ചുസമയം അവിടെ മറഞ്ഞിരിക്കാൻ അവർ അയാളെ നിർബന്ധിച്ചു. മഹാനായ അത്തനാസ്യോസ് അതിരാവിലെ കൗൺസിലിൽ സന്നിഹിതനായി.

ദുർനടപ്പുകാരിയായ ഒരു സ്ത്രീയെ ആദ്യമായി ആനീതയാക്കി. താൻ നിത്യകന്യാത്വം നേർന്നിരുന്നെന്നും തന്റെ വീട്ടിൽ പാർത്തിരുന്ന അത്തനാസ്യോസ് തന്റെ സംശുദ്ധത നശിപ്പിച്ചെന്നും ഉച്ചത്തിലും നാണംകെട്ട രീതിയിലും അവൾ വിളിച്ചുപറഞ്ഞു. അതിനുശേഷം കുറ്റം ചുമത്തപ്പെട്ടയാളും അയാളോടൊപ്പം തിമോതിയോസ് എന്നുപേരുള്ള ഒരു മാന്യവൈദികനും കടന്നുവന്നു. ഈ ആരോപണത്തിന് മറുപടി പറയാൻ കോടതി അത്തനാസ്യോസിനോട് ആവശ്യപ്പെട്ടു. താൻ അത്തനാസ്യോസല്ല എന്നവിധം അദ്ദേഹം നിശ്ശബ്ദനായി നിന്നു. തിമോതിയോസ് അവളോട് ഇപ്രകാരം സംസാരിച്ചു: “സ്ത്രീയേ, ഞാൻ നിന്നോട് എപ്പോഴെങ്കിലും സംസാരിക്കുകയോ നിന്റെ ഭവനത്തിൽ പ്രവേശിക്കുകയോ ചെയ്തിട്ടുണ്ടോ?” തിമോതിയോസുമായുള്ള തർക്കത്തിൽ ഒട്ടും മര്യാദ ഇല്ലാതെയും ഉച്ചത്തിൽ അലറിവിളിച്ചുകൊണ്ടും അയാളുടെ നേരേ വിരൽ ചൂണ്ടിക്കൊണ്ടും അവൾ പറഞ്ഞു: “നീയാണ് എന്റെ കന്യാത്വം കവർന്നെടുത്തത്. നീയാണ് എന്റെ സംശുദ്ധത ഉരിഞ്ഞുകളഞ്ഞത്” ലജ്ജാരഹിതരായ സ്ത്രീകൾ പറയാറുള്ള അസഭ്യവാക്കുകളും അവൾ കൂട്ടിച്ചേർത്തു. ഈ അപവാദം മെനഞ്ഞുണ്ടാക്കിയവർ ലജ്ജിതരായി. ഇതിൽ പങ്കാളികളായവരെല്ലാം വിഷണ്ണരായി.

അവർ അവളെ ഉടനെ പുറത്തേക്കു കൊണ്ടുപോയി. അവളെ പുറത്തേക്ക് കൊണ്ടുപോകുന്നതിനു പകരം അവളെ പരിശോധനാ വിധേയയാക്കി ഈ ഗൂഢാലോചന മെനഞ്ഞുണ്ടാക്കിയ ആളെ കണ്ടുപിടിക്കണമെന്ന് അത്തനാസ്യോസ് ആവശ്യപ്പെട്ടു. അപ്പോൾ എതിരാളികൾ കൂകിവിളിച്ചു. അത്തനാസ്യോസ് ഇതിനേക്കാൾ മ്ലേച്ഛമായ കുറ്റങ്ങൾ ചെയ്തിട്ടുണ്ടെന്നും അതിനാൽ യാതൊരു തരത്തിലും കുറ്റവിമുക്തനാക്കാൻ ഒരിക്കലും സാധ്യമല്ലെന്നും, കാതുകളല്ല കണ്ണുകൾ വസ്തുതകൾ തീരുമാനിക്കുമെന്നും അവർ പറഞ്ഞു.

ഇപ്രകാരം പറഞ്ഞിട്ട് അവർ ആ കുപ്രസിദ്ധ തടിപ്പെട്ടി കൊണ്ടുവന്ന് തൈലം പൂശിയ കൈ കാണിച്ചു. ഇതു കണ്ടവരെല്ലാം ഉച്ചത്തിൽ അലറി. ആരോപണം ശരിയാണെന്ന് ചിലർ വിശ്വസിച്ചു. മറ്റുള്ളവർക്ക് ഇതിന്റെ കള്ളത്തരത്തിൽ സംശയമില്ലായിരുന്നു. അർസേനിയോസ് എവിടെയോ ഒളിവിലാണെന്ന് അവർ കരുതി. ഏറെ കോലാഹലങ്ങൾക്കുശേഷം ശാന്തത

ഉണ്ടായപ്പോൾ, ആർക്കെങ്കിലും അർസേനിയോസിനെ അറിയാമോ എന്ന് ന്യായാധിപന്മാരോട് കുറ്റാരോപിതൻ ആരാഞ്ഞു. നന്നായറിയാമെന്ന് അവരിൽ പലരും പറഞ്ഞു. അവനെ വരുത്താൻ അത്തനാസ്യോസ് കൽപ്പിച്ചു. എന്നിട്ട് അദ്ദേഹം അവരോട് വീണ്ടും ചോദിച്ചു: "ഇതാണോ ശരിയായ അർസേനിയോസ്? ഇയാളെ തന്നെയാണോ ഞാൻ കൊന്നത്? അവന്റെ കൊലയ്ക്കുശേഷം ഇവർ ഇയാളുടെ തന്നെയാണോ കൈ വെട്ടിമാറ്റിയത്?" ഇത് അയാൾ തന്നെയെന്ന് അവർ സാക്ഷിച്ചപ്പോൾ, അത്തനാസ്യോസ് അവന്റെ മേൽവസ്ത്രം നീക്കിയിട്ട് ഇടത്തും വലത്തുമുള്ള ഇരുകരങ്ങളും  കാണിച്ചു. എന്നിട്ട് പറഞ്ഞു: "മൂന്നാമത്തെ കരം ആരും തേടാതിരിക്കട്ടെ. കാരണം, സ്രഷ്ടാവിൽ നിന്ന് മനുഷ്യർക്ക് ഇരുകരങ്ങളാണ് ലഭിച്ചിട്ടുള്ളത്.  കൂടുതലില്ല."

സുവ്യക്തമായ ഈ തെളിവിനു ശേഷവും ഗൂഢാലോചനയിലെ പങ്കാളികളായ അപവാദപ്രചാരകരും ന്യായാധിപന്മാരും, പിന്മാറുന്നതിനോ ഭൂമി പിളർന്ന് തങ്ങളെ വിഴുങ്ങരുതേ എന്നു പ്രാർഥിക്കുന്നതിനോ പകരം അസംബ്ലിയിൽ വലിയ ലഹള ഇളക്കിവിട്ടു. അത്തനാസ്യോസ് മന്ത്രവാദി ആണെന്നും തന്റെ ജാലവിദ്യകളാൽ മനുഷ്യരുടെ കണ്ണുകെട്ടിയെന്നും വിളിച്ചുപറഞ്ഞു. അദ്ദേഹത്തിന്റെമേൽ അൽപ്പം മുമ്പ് കൊലപാതകക്കുറ്റം ആരോപിച്ചവർ തന്നെ അദ്ദേഹത്തെ പിച്ചിച്ചീന്തി കൊല്ലാൻ ശ്രമിച്ചു. എന്നാൽ ക്രമസമാധാനം പാലിക്കാൻ ചക്രവർത്തി നിയോഗിച്ചവർ അദ്ദേഹത്തെ വലിച്ചിഴച്ച് കപ്പൽ കയറ്റി രക്ഷപെടുത്തി. അദ്ദേഹം ചക്രവർത്തിയുടെ പക്കലെത്തി തന്നെ നശിപ്പിക്കാനായി മെനഞ്ഞെടുത്ത  ഗൂഢാലോചനയെ പറ്റിയെല്ലാം വിശദമായി അറിയിച്ചു. അപവാദം നടത്തിയവർ തങ്ങളുടെ പക്ഷത്തുള്ള മെത്രാന്മാരെ മരയോട്ടീസിലേക്ക് അയച്ചു. അതായത്, നിഖ്യായിലെ തെയോഗ്നീസ്, പെരിന്തൂസിലെ തിയഡോർ, കൽക്കദോനിയായിലെ മാരി, സിലീഷ്യയിലെ നർചീസുസ് അതേ അഭിപ്രായമുള്ള മറ്റുള്ളവർ എന്നിവരാണ് പോയത്. അലക്സാണ്ഡ്രിയായ്ക്ക് സമീപത്തുള്ള ഒരു ജില്ലയാണ് മരെയോട്ടിസ്. മാറെയാ തടാകത്തിൽ നിന്നാണ് ആ പേരുണ്ടായത്. അവിടെ വച്ച് അവർ അത്തനാസ്യോസിനെതിരെ മറ്റുതെറ്റുകൾ മെനഞ്ഞുണ്ടാക്കി. വിസ്താരത്തിന്റേതായി ഒരുറിപ്പോർട്ട് വ്യാജമായി നിർമിച്ചു. തെറ്റെന്ന് സ്പഷ്ടമായി തെളിഞ്ഞ ആരോപണങ്ങളോടു കൂടി പുതിയ ആരോപണങ്ങൾ കൂട്ടിച്ചേർത്തു. എന്നിട്ട് എല്ലാംകൂടി ചക്രവർത്തിക്ക് അയച്ചുകൊടുത്തു.

### അധ്യായം 29

## ജറുസലേമിലെ പള്ളികൂദാശ; അത്തനാസ്യോസിന്റെ ഒന്നാം വിപ്രവാസം

താൻ ജറുസലേമിൽ പണികഴിപ്പിച്ച പള്ളികൂദാശയ്ക്കായി ടയർ കൗൺസിലിൽ കൂടിയ മെത്രാന്മാരും എല്ലായിടത്തു നിന്നുമുള്ള മറ്റുള്ളവരും

ഏലിയായിലേക്ക് തിരിക്കണമെന്ന് ചക്രവർത്തി കൽപ്പിച്ചു. ഭക്തരും കരുണ നിറഞ്ഞവരുമായ നിരവധി ഉദ്യോഗസ്ഥന്മാരെ ചക്രവർത്തി അയച്ച്, മെത്രാന്മാർക്കും അനുചരന്മാർക്കും, എല്ലായിടത്തു നിന്നും ജറുസലേമിൽ എത്തിച്ചേർന്ന വലിയ ജനസമൂഹത്തിനും ആവശ്യമുള്ളതൊക്കെ വിതരണം ചെയ്യാൻ കൽപ്പിച്ചു. വിശുദ്ധ ബലിപീഠത്തെ ഇമ്പീരിയൽ തൊങ്ങലുകൾ കൊണ്ടും രത്നങ്ങൾ പതിച്ച സ്വർണപാത്രങ്ങൾ കൊണ്ടും അലങ്കരിച്ചിരുന്നു. വർണശഭളമായ ആഘോഷം കഴിഞ്ഞപ്പോൾ, മെത്രാന്മാർ അവരവരുടെ രൂപതകളിലേക്ക് പോയി. ചടങ്ങിന്റെ ഗാംഭീര്യവും അലങ്കാരപ്പൊലിമയും ഗ്രഹിച്ച് ചക്രവർത്തി അതീവസന്തുഷ്ടനായി. ഇപ്രകാരം തന്റെ അപേക്ഷ സ്വീകരിച്ചതിന് എല്ലാ നന്മകളുടെയും ദാതാവിന് അദ്ദേഹം നന്ദി പറഞ്ഞു.

മേൽപ്പറഞ്ഞ നീതിരഹിതമായ ന്യായവിധിയെപ്പറ്റി ചക്രവർത്തിയുടെ പക്കൽ അത്തനാസ്യോസ് പരാതിപ്പെട്ടതനുസരിച്ച്, കൊട്ടാരത്തിലെത്തി തൽപ്പരകക്ഷികൾ തന്നെ കാണാൻ കൽപ്പിച്ചു. അവർ വന്നപ്പോൾ പഴയ ആരോപണങ്ങളൊന്നും ഉന്നയിച്ചില്ല. അവ വ്യക്തമായി ഖണ്ഡിക്കപ്പെടുമെന്ന് അവർക്ക് അറിയാമായിരുന്നു. ഈജിപ്തിൽ നിന്നുള്ള ഗോതമ്പു കയറ്റുമതി തടയുമെന്ന് അത്തനാസ്യോസ് ഭീഷണിപ്പെടുത്തിയെന്ന് പറഞ്ഞു. ചക്രവർത്തി അത് വിശ്വസിക്കുകയും ഗാളിലെ ത്രേവെസിലേക്ക് അദ്ദേഹത്തെ നാടുകടത്തുകയും ചെയ്തു. ചക്രവർത്തിയുടെ ഭരണത്തിന്റെ മുപ്പതാം വർഷമാണ് ഇതു സംഭവിച്ചത് (336).

### അധ്യായം 30

## കോൺസ്റ്റൻടൈന്റെ വിൽപത്രം

ഒരു വർഷവും കുറേ മാസങ്ങളും കഴിഞ്ഞപ്പോൾ (337) ബിഥീനിയായിലെ നിക്കോമേദിയായിൽ വച്ച് ചക്രവർത്തി രോഗഗ്രസ്തനായി. മനുഷ്യജീവിതത്തിന്റെ അസ്ഥിരത ഗ്രഹിച്ച് സ്നാനം സ്വീകരിച്ചു. യോർദാൻ നദിയിൽ വച്ച് സ്നാനം സ്വീകരിക്കാനായി അദ്ദേഹം അത് നീട്ടിവച്ചിരുന്നതാണ്. കോൺസ്റ്റൻടൈൻ രണ്ടാമൻ, കോൺസ്റ്റാൻസ്യൂസ്, കോൺസ്റ്റൻസ് എന്നീ തന്റെ മൂന്നു മക്കളെയും ഇമ്പീരിയൽ സിംഹാസനത്തിന്റെ അവകാശികളാക്കി. മഹാനായ അത്തനാസ്യോസ് ഈജിപ്തിലേക്ക് തിരികെ പോകണമെന്ന് കൽപ്പിച്ചു. ഈ തീരുമാനം എവുസേബിയസിന്റെ സാന്നിധ്യത്തിലാണ് നടത്തിയത്. ചക്രവർത്തിയെ ഇതിൽ നിന്നു പിന്തിരിപ്പിക്കാൻ അയാൾ വളരെ പരിശ്രമിച്ചു.

### അധ്യായം 31

## കോൺസ്റ്റൻടൈനുവേണ്ടിയുള്ള ന്യായവാദം

വളരെയധികം മഹാന്മാരെ നാടുകടത്തത്തക്കവിധം കോൺസ്റ്റൻടൈൻ വഞ്ചിതനായി എന്നതിൽ അത്ഭുതപ്പെടാനില്ല. വളരെ പ്രശസ്തരും കീർത്തിമാന്മാരുമായ മെത്രാന്മാരുടെ വാക്കുകൾ അദ്ദേഹം വിശ്വസിച്ചു. എന്നാൽ അവർ തങ്ങളുടെ ദുഷ്ടത വിദഗ്ധമായി മറച്ചുവച്ചു. പ്രവാചകൻ ആയിരുന്നിട്ടും, വിശുദ്ധ ദാവീദ് ഒരു വൈദികനാൽ, ഒരു ദാസനാൽ, ഒരടിമയാൽ, ഒരു തെമ്മാടിയാൽ, വഞ്ചിക്കപ്പെട്ടെന്നു തിരുലിഖിതവുമായി പരിചയമുള്ളവർക്ക് അറിയാമല്ലോ. മെഫീബോഷേതിനെതിരെ കള്ളം പറഞ്ഞ് രാജാവിനെ കബളിപ്പിച്ച് അവന്റെ സ്ഥലം തട്ടിയെടുത്ത സീബായെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. പ്രവാചകനെ കുറ്റം വിധിക്കാനല്ല, പിന്നെയോ, മനുഷ്യപ്രകൃതിയുടെ ബലഹീനത കാണിച്ച്, ചക്രവർത്തിയെ ന്യായീകരിക്കാനാണ് ഞാനിത് പറയുന്നത്. വിശ്വസനീയരായി തോന്നിയാലും ആരോപണം ഉന്നയിക്കുന്നവരെ മാത്രം കേട്ടാൽ പോരാ, പിന്നെയോ, ആരോപിതരായവരെയും കേൾക്കണം. അവർക്കായും ചെവി തുറന്നിടണം.

### അധ്യായം 32

## കോൺസ്റ്റൻടൈന്റെ മരണം

ചക്രവർത്തി ഭൗമികരാജ്യത്തുനിന്ന് മെച്ചപ്പെട്ട രാജ്യത്തിലേക്ക് മാറ്റപ്പെട്ടു (337). ശരീരം സ്വർണ ശവപ്പെട്ടിയിലാക്കി കോൺസ്റ്റാന്റിനോപ്പിളിലേക്ക് കൊണ്ടുവന്നു. പ്രൊവിൻഷ്യൽ ഗവർണർമാരും മിലിറ്ററി കമാൻഡർമാരും സാമ്രാജ്യത്തിലെ മറ്റുദ്യോഗസ്ഥന്മാരും മുമ്പിലും പിമ്പിലുമായി സൈന്യം മുഴുവനും തങ്ങൾക്കുണ്ടായ നഷ്ടത്തെപ്പറ്റി കയ്പ്പോടെ വിലപിച്ചുകൊണ്ട് അനുയാത്ര ചെയ്തു. കാരണം, ചക്രവർത്തി അവർക്കെല്ലാം സ്നേഹനിധിയായ പിതാവിനെ പോലെ ആയിരുന്നു. അദ്ദേഹത്തിന്റെ മക്കൾ വരുന്നതുവരെ ശരീരം കൊട്ടാരത്തിൽ വച്ചിരുന്നു. അതിനോട് എല്ലാവരും വളരെ ബഹുമാനം കാട്ടി. മറ്റെഴുത്തുകാർ വിശദമായി എഴുതിയിരിക്കുന്നതിനാൽ, ഇവിടെ വിശദാംശങ്ങൾ നൽകേണ്ട ആവശ്യമില്ല. എല്ലാവരുടെയും ഭരണാധികാരി തന്റെ വിശ്വസ്തദാസരെ വലുതായി ബഹുമാനിക്കുന്നെന്ന് അവരുടെ ലഭ്യമായ കൃതികളിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്. ആരെങ്കിലും അവിശ്വസിക്കാൻ പ്രലോഭിതനായാൽ, അദ്ദേഹത്തിന്റെ കല്ലറയ്ക്കു സമീപവും രൂപത്തിന്റെ മുമ്പിലും ഇപ്പോൾ സംഭവിക്കുന്നത് കാണുക. അപ്പോൾ, ദൈവം തിരുലിഖിതത്തിൽ പറഞ്ഞിരിക്കുന്നതിന്റെ സത്യാവസ്ഥ അംഗീകരിക്കേണ്ടിവരും: “എന്നെ ആദരിക്കുന്നവരെ ഞാനാദരിക്കും; എന്നെ നിന്ദിക്കുന്നവർ നിന്ദിക്കപ്പെടും” (1സാമു. 2,30).

# പുസ്തകം-2

## അധ്യായം 1

## അത്തനാസ്യോസിന്റെ തിരിച്ചുവരവ്

ത്രേവെസിൽ രണ്ടുവർഷവും നാലുമാസവും താമസിച്ചശേഷം ദിവ്യനായ അത്തനാസ്യോസ് അലക്സാൺഡ്രിയായിൽ തിരികെയെത്തി. പശ്ചിമ ഗോളുവരെ അധികാരമുണ്ടായിരുന്നവനും മഹാനായ കോൺസ്റ്റൻന്റൈന്റെ മൂത്തമകനുമായ കോൺസ്റ്റൻന്റൈൻ രണ്ടാമൻ അലക്സാണ്ഡ്രിയൻ സഭയ്ക്ക് താഴെ പറയുന്ന കത്തെഴുതി:

"രക്തദാഹികളും കടുത്ത ശത്രുക്കളുമായ മനുഷ്യരുടെ ക്രൂരത നില നിൽക്കുകയും ജീവൻ അപകടത്തിൽ ആയിരിക്കുകയും ചെയ്തതിനാൽ, വന്ദ്യനിയമവ്യാഖ്യാതാവും വിശുദ്ധ വ്യക്തിയുമായ അത്തനാസ്യോസിനെ കുറേ നാളത്തേക്ക് ഗോളിലേക്കയച്ചു. കഥയില്ലാത്ത എതിരാളികളുടെ ദുഷ്ടതമൂലം തിരിച്ചെടുക്കാനാവാത്ത ആപത്തുകളിൽ ഉൾപ്പെടാതിരിക്കാൻ ആയിരുന്നത്. അദ്ദേഹത്തിന്റെ മേൽ ചാടിവീണ മനുഷ്യരുടെ ദംഷ്ട്രങ്ങളിൽ നിന്ന് ഈ അപകടാവസ്ഥ നിഷ്ഫലമാക്കാൻ, അദ്ദേഹം എടുത്തുമാറ്റപ്പെട്ടു. എന്റെ അടുത്തു താമസിക്കാൻ അദ്ദേഹത്തോട് നിർദേശിച്ചു. അങ്ങനെ അദ്ദേഹം താമസിച്ച നഗരത്തിൽ അദ്ദേഹത്തിന് വേണ്ടതെല്ലാം നൽകപ്പെട്ടു. അദ്ദേഹത്തിന്റെ സുകൃതം അസാധാരണവും പ്രശസ്തവുമാണ്. അദ്ദേഹം ദൈവസഹായത്തിൽ ആശ്രയിച്ചു. ലൗകിക നേട്ടങ്ങളൊക്കെ നിസ്സാരങ്ങളായി കരുതുകയും ചെയ്തു. എന്റെ പിതാവും നാഥനും ഭാഗ്യസ്മരണാർഹനുമായ കോൺസ്റ്റൻന്റൈൻ അഗസ്റ്റസ് അദ്ദേഹത്തെ തന്റെ സ്ഥലത്ത്, പ്രത്യേകിച്ച് നിങ്ങളുടെ സ്നേഹം നിറഞ്ഞ സമൂഹത്തിൽ, പുനഃപ്രതിഷ്ഠിക്കാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ അദ്ദേഹം മാനുഷിക വിധിക്ക് വിധേയനാകുകയും ഈ നിയോഗം നടപ്പാക്കുന്നതിനു മുമ്പ് മരിക്കുകയും ചെയ്തതിനാൽ, അദ്ദേഹത്തിന്റെ പിൻഗാമിയായ ഞാൻ അദ്ദേഹത്തിന്റെ പ്ലാൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഞാൻ അദ്ദേഹത്തെ എത്രമാത്രം ബഹുമാനിച്ചിരുന്നെന്ന് അദ്ദേഹം നിങ്ങളെ നേരിട്ട് അറിയിക്കുന്നതാണ്. ഞാൻ അദ്ദേഹത്തോട് പെരുമാറിയതുപോലെ ഇപ്പോഴും ചെയ്യുന്നതിൽ അതിശയിക്കാനൊന്നുമില്ല. നിങ്ങളുടെ താൽപ്പര്യവും അദ്ദേഹത്തിന്റെ സുകൃതവും ഈ നടപടിക്ക് എന്നെ പ്രേരിപ്പിച്ചു. എന്റെ പ്രിയ സഹോദരങ്ങളേ, ദൈവിക പരിപാലന നിങ്ങളെ സംരക്ഷിക്കട്ടെ."

ഈ കത്തോടുകൂടി അത്തനാസ്യോസ് വിപ്രവാസത്തിൽ നിന്ന് തിരികെയെത്തി. ധനവാന്മാരും ദരിദ്രരും, നഗരവാസികളും ഗ്രാമീണരുമായ എല്ലാവരും അതീവസന്തോഷത്തോടെ അദ്ദേഹത്തെ സ്വീകരിച്ചു. അദ്ദേഹം തിരികെ എത്തിയതിൽ ആരിയന്മാർക്കു മാത്രമേ കുണ്ഠിതമുണ്ടായുള്ളു. എവുസേബിയസ്, തെയോഗ്നീസ്, അവരുടെ അനുയായികൾ എന്നിവർ തങ്ങളുടെ മുൻകാല ഗൂഢതന്ത്രങ്ങളിലേക്ക് തിരിഞ്ഞു. അത്തനാസ്യോസിനെതിരെ യുവചക്രവർത്തിയുടെ മനസ്സുതിരിക്കാൻ അവർ ശ്രമിച്ചു.

കോൺസ്റ്റാൻസ്യൂസ് എങ്ങനെ ശ്ലൈഹിക പ്രബോധനങ്ങളിൽനിന്ന് വ്യതിചലിച്ചെന്ന് ഞാനിപ്പോൾ വിവരിക്കാം.

### അധ്യായം 2

## കോൺസ്റ്റാൻസ്യൂസിന്റെ വ്യതിചലനം

ലിചീനിയുസിന്റെ വിധവയായ കോൺസ്റ്റാൻസ്യാ വകയിൽ മഹാനായ കോൺസ്റ്റന്റൈന്റെ സഹോദരി ആയിരുന്നു. ആരിയസിന്റെ പ്രബോധനം സ്വീകരിച്ച ഒരു വൈദികനുമായി അവൾക്ക് അടുത്തു പരിചയം ഉണ്ടായിരുന്നു. തന്റെ പ്രബോധനത്തിലെ തെറ്റുകൾ അയാൾ പരസ്യമായി പ്രകടിപ്പിച്ചിരുന്നില്ല. എന്നാൽ കൂടെക്കൂടെ അവളുമായി കൂടിക്കാഴ്ച നടത്തുന്നതിനിടയിൽ, ആരിയസിനെ നീതിരഹിതമായിട്ടാണ് കുറ്റാരോപണം നടത്തിയതെന്നു പറയാൻ അയാൾ മടിച്ചില്ല. അവളുടെ അഭക്തനായ ഭർത്താവ് മരിച്ചുകഴിഞ്ഞപ്പോൾ, ശ്രേഷ്ഠനായ കോൺസ്റ്റന്റൈൻ അവളെ സമാശ്വസിപ്പിക്കാൻ തന്റെ കഴിവിൽ പെട്ടതെല്ലാം ചെയ്യുകയും വൈധവ്യത്തിന്റെ അതിദുഃഖകരമായ പരീക്ഷണങ്ങൾ അനുഭവിക്കുന്നതിൽ നിന്ന് അവളെ തടയുകയും ചെയ്തു. അവളുടെ മരണക്കിടക്കയിൽ അദ്ദേഹം അവളെ സമാശ്വസിപ്പിക്കുകയും അവളുടെ കാര്യത്തിൽ ശ്രദ്ധിക്കുകയും ചെയ്തു. അവൾ ആ വൈദികനെ ചക്രവർത്തിക്ക് പരിചയപ്പെടുത്തി കൊടുക്കുകയും അദ്ദേഹത്തിന്റെ സംരക്ഷണയിൽ അയാളെ സ്വീകരിക്കാൻ അപേക്ഷിക്കുകയും ചെയ്തു. കോൺസ്റ്റന്റൈൻ അവളുടെ അപേക്ഷ അംഗീകരിക്കുകയും അധികം വൈകാതെ വാഗ്ദാനം പൂർത്തീകരിക്കുകയും ചെയ്തു. തുറന്നു സംസാരിക്കാൻ ചക്രവർത്തി അയാളെ അനുവദിച്ചിരുന്നു. അദ്ദേഹം അയാളോട് വളരെ ബഹുമാനപൂർവം പെരുമാറി. എന്നാൽ അയാൾ തന്റെ ദുഷിച്ച തത്വങ്ങൾ അവതരിപ്പിക്കാൻ മുതിർന്നില്ല. കാരണം, ചക്രവർത്തി സത്യത്തോട് ഉറപ്പായി ചേർന്നിരിക്കുന്നെന്ന് അയാൾ നിരീക്ഷിച്ചു.

തന്റെ മരണത്തിനു മുമ്പ് കോൺസ്റ്റന്റൈൻ ഒരു വിൽപ്പത്രം തയാറാക്കി. തന്റെ സാമ്രാജ്യം തന്റെ മക്കൾക്കിടയിൽ വിഭജിക്കണമെന്ന് അതിൽ എഴുതിയിരുന്നു. മരണസമയത്ത് മക്കളാരും അടുത്തുണ്ടായിരുന്നില്ല. അതുകൊണ്ട് അദ്ദേഹം ആ വിൽപ്പത്രം ആ വൈദികനെ ഏൽപ്പിച്ചു. അത് കോൺ

സ്റ്റാൻസ്യൂസിനെ ഏൽപ്പിക്കണമെന്ന് ചക്രവർത്തി ആഗ്രഹിച്ചു. കാരണം, അയാൾ തന്റെ സഹോദരങ്ങളേക്കാൾ അടുത്താണെന്നും ആദ്യം എത്തു മെന്നും പ്രതീക്ഷിച്ചു. ഈ നിർദേശങ്ങളെല്ലാം ആ വൈദികൻ നടപ്പാക്കി. വിൽപ്പത്രം കോൺസ്റ്റാൻസ്യൂസിനെ ഏൽപ്പിച്ചതിലൂടെ, അയാൾ ആ ചക്രവർത്തിക്ക് അറിയപ്പെട്ടവനായി. ചക്രവർത്തി അയാളെ ഉറ്റസ്നേഹിത നായി കരുതി. കൂടെക്കൂടെ തന്നെ സന്ദർശിക്കാൻ കൽപ്പിക്കുകയും ചെയ്തു.

അങ്ങോട്ടും ഇങ്ങോട്ടും ആടുന്ന ഞാങ്ങണ പോലെ ആയിരുന്നു കോൺസ്റ്റാൻസ്യൂസിന്റെ മനസ്സ്. അയാളുടെ ബലഹീനത മനസ്സിലാക്കി, സുവിശേഷ പ്രബോധനങ്ങൾക്കെതിരെ യുദ്ധം പ്രഖ്യാപിക്കാൻ അയാൾ മുതിർന്നു. സഭകളുടെ പ്രക്ഷുബ്ധാവസ്ഥയെപ്പറ്റി അയാൾ ഉറക്കെ അപല പിച്ചു. വിശ്വാസപ്രഖ്യാപനത്തിൽ, തിരുലിഖിതത്തിൽ ഇല്ലാത്ത *സമസത്ത* എന്ന പദം കൂട്ടിച്ചേർത്തവർ നിമിത്തമാണിതെന്ന് അയാൾ തട്ടിവിട്ടു. വൈദികരുടെയും അൽമായരുടെയും ഇടയിലെ തർക്കങ്ങൾക്കെല്ലാം ഹേതു ഇതാണെന്നും ധരിപ്പിച്ചു.

അയാൾ അത്തനാസ്യോസിനും അദ്ദേഹത്തിന്റെ അഭിപ്രായം ഉള്ളവർ ക്കുമെതിരെ ദുരാരോപണങ്ങൾ നടത്തുകയും അവരെ തകർക്കാനുള്ള ഉപജാപങ്ങൾ മെനഞ്ഞുണ്ടാക്കുകയും ചെയ്തു. എവുസേബിയസും തെയോഗ്നീസും പെരിന്തൂസിലെ തിയഡോറും അയാളെ തങ്ങളുടെ ചട്ടുക മാക്കി. തിയഡോർ വലിയ പണ്ഡിതനായിരുന്നു. അയാൾ തിരുലിഖിത ത്തിന് ഒരു വ്യാഖ്യാനം എഴുതിയിട്ടുണ്ട്.

ഈ മെത്രാന്മാർ ചക്രവർത്തിയുടെ സമീപത്ത് പാർത്തുകൊണ്ട് കൂടെക്കൂടെ അയാളെ സന്ദർശിച്ചിരുന്നു. അത്തനാസ്യോസിന്റെ തിരിച്ചുവരവ് നിരവധി അനിഷ്ഠസംഭവങ്ങൾക്ക് ഹേതുവായെന്നും, ഈജിപ്ത് മാത്രമല്ല, പലസ്തീനാ, ഫിനീഷ്യ, സമീപപ്രദേശങ്ങൾ എന്നിവിടങ്ങളിൽ വലിയ കോളിളക്കങ്ങൾ ഉണ്ടാക്കിയെന്നും അവർ ചക്രവർത്തിയെ ധരിപ്പിച്ചു.

### അധ്യായം 3

## അത്തനാസ്യോസിന്റെ രണ്ടാം വിപ്രവാസം; ഗ്രിഗറിയുടെ പട്ടവും മരണവും

ഇവയും തത്തുല്യമായ വാദങ്ങളും കൊണ്ട് അവർ ബലഹീന മാനസ്സ നായ ചക്രവർത്തിയെ അസഹ്യപ്പെടുത്തുകയും അത്തനാസ്യോസിനെ തന്റെ സഭയിൽ നിന്ന് പുറത്താക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. എന്നാൽ അവരുടെ പദ്ധതിയെപ്പറ്റി യഥാസമയം അറിഞ്ഞ അത്തനാസ്യോസ് പാശ്ചാത്യലോകത്തേക്ക് കടന്നു. എവുസേബിയസിന്റെ സ്നേഹിതർ അദ്ദേഹത്തിനെതിരെ ദുരാരോപണങ്ങളെഴുതി റോമാ മെത്രാനായ ജൂലിയ സിനെ അറിയിച്ചു. സഭാനിയമം അനുസരിച്ച് ആരോപണം ഉന്നയിച്ചവരും

ആരോപിതരും വിചാരണയ്ക്കായി റോമിലെത്താൻ ജൂലിയസ് കൽപ്പിച്ചു. തദനുസൃതം അത്തനാസ്യോസ് റോമിലേക്ക് പുറപ്പെട്ടു. എന്നാൽ ദുരാരോപകർ പോകാൻ കൂട്ടാക്കിയില്ല. കാരണം, തങ്ങളുടെ കള്ളി വെളിച്ചത്താകുമെന്ന് അവർ കണക്കുകൂട്ടി.

അത്തനാസ്യോസിന്റെ അജഗണത്തിന് ഇടയനില്ലെന്നു കണ്ട് ഒരിടയനു പകരം ഒരു ചെന്നായെ അവർ അവിടെ നിയമിച്ചു. അജഗണത്തോടുള്ള തന്റെ ക്രൂരകർമങ്ങളിൽ ഗ്രിഗറി എന്നു പേരുള്ള അയാൾ വന്യമൃഗങ്ങളെ കടത്തിവെട്ടി. എന്നാൽ ആറുവർഷം കഴിഞ്ഞപ്പോൾ ആടുകൾ തന്നെ അയാളെ തകർത്തുകളഞ്ഞു. കോൺസ്റ്റൻടൈൻ രണ്ടാമൻ ചക്രവർത്തി യുദ്ധത്തിൽ മരിച്ചതിനാൽ, കോൺസ്റ്റൻസ് ചക്രവർത്തിയുടെ പക്കൽ അത്തനാസ്യോസ് എത്തി. ആരിയന്മാർ തനിക്കെതിരെ മെനഞ്ഞുണ്ടാക്കിയ ഗൂഢാലോചനകൾ, ശ്ലൈഹികവിശ്വാസത്തിനെതിരെയുള്ള അവരുടെ എതിർപ്പ് എന്നിവയെപ്പറ്റി പരാതി പറഞ്ഞു. അത്തനാസ്യോസ് അയാളെ അവന്റെ പിതാവിനെപ്പറ്റി അനുസ്മരിപ്പിച്ചു. അദ്ദേഹം വിളിച്ചുകൂട്ടിയ പ്രശസ്തവും മഹനീയവുമായ കൗൺസിലിൽ എപ്രകാരം വ്യക്തിപരമായി പങ്കെടുത്തെന്നും, അതിന്റെ ചർച്ചകൾ ശ്രദ്ധിച്ചെന്നും അതിന്റെ ഡിക്രികൾ രൂപീകരിക്കാൻ സഹകരിച്ചെന്നും നിയമം വഴി ഉറപ്പിച്ചെന്നും മറ്റും അയാളെ ഓർമിപ്പിച്ചു.

തന്റെ പിതാവിന്റെ തീക്ഷ്ണതയാൽ ഉത്തേജിതനായി, കോൺസ്റ്റൻസ് ഉടൻ തന്നെ തന്റെ സഹോദരനായ കോൺസ്റ്റാൻസ്യൂസിന് എഴുതുകയും തങ്ങൾക്ക് കൈവന്ന, തങ്ങളുടെ പിതാവിന്റെ മതം മാറ്റം കൂടാതെ സംരക്ഷിക്കാൻ ഉപദേശിക്കുകയും ചെയ്തു. കാരണം, ഭക്തിയാൽ അദ്ദേഹം തന്റെ സാമ്രാജ്യം മഹനീയമാക്കി. റോമിലെ സ്വേച്ഛാധിപതികളെ നശിപ്പിച്ചു. എല്ലാ ഭാഗത്തുമുള്ള വിദേശരാജ്യങ്ങളെ കീഴമർത്തി എന്ന് അയാൾ എഴുതി.

ഈ കത്തു കിട്ടിയപ്പോൾ കിഴക്കും പടിഞ്ഞാറുമുള്ള മെത്രാന്മാരെ സാർദിക്കായിൽ വിളിച്ചുകൂട്ടാൻ കോൺസ്റ്റാൻസ്യൂസ് പ്രേരിതനായി. ഇല്ലീറിയായിലെ ഒരു നഗരവും ഡേഷ്യയുടെ മെട്രോപ്പൊളീസുമാണ് സാർദിക്കാ. സഭയെ അലട്ടിക്കൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാനാണ് സിനഡ് വിളിച്ചുകൂട്ടിയത്.

### അധ്യായം 4

## കോൺസ്റ്റാന്റിനോപ്പിളിലെ പൗലോസ്

സത്യവിശ്വാസം വിശ്വസ്തതയോടെ പാലിച്ചിരുന്ന കോൺസ്റ്റാന്റിനോപ്പിളിലെ പൗലോസ് മെത്രാനെതിരെ ആരിയന്മാർ ആരോപണങ്ങൾ ഉന്നയിച്ചു. അദ്ദേഹം കലഹം ഇളക്കി വിടുന്നെന്നും മറ്റും പറഞ്ഞ്, യഥാർഥഭക്തി പ്രസംഗിക്കുന്നവർക്കെതിരെ അവർ സാധാരണ ഉന്നയിക്കുന്ന കുറ്റങ്ങളെ

ല്ലാം അദ്ദേഹത്തിൽ ആരോപിച്ചു. ശത്രുക്കളുടെ ഗൂഢതന്ത്രങ്ങൾ ഭയന്ന ജനം, സാർദിക്കായിൽ പോകാൻ അദ്ദേഹത്തെ അനുവദിച്ചില്ല. ആരിയന്മാർ ചക്രവർത്തിയുടെ ബലഹീനത മുതലെടുത്ത് പൗലോസിനെ നാടുകടത്തുന്നതിനുള്ള ഒരു കൽപ്പന സംഘടിപ്പിച്ചു. തദനുസൃതം അദ്ദേഹത്തെ കൗക്കാസസിലേക്ക് നാടുകടത്തി-അത് മുമ്പ് കപ്പഡോഷ്യയിൽ ഉൾപ്പെട്ട ഒരു ചെറു നഗരമായിരുന്നു. ഇപ്പോൾ അത് ചെറിയ അർമേനിയായിലാണ്-ശ്രേഷ്ഠനായ പൗലോസിനെ മരുഭൂമിയിലേക്ക് നാടുകടത്തിയതുകൊണ്ട്, സമാധാനഭഞ്ജകരായ ആരിയന്മാർക്ക് തൃപ്തി വന്നില്ല. ക്രൂരന്മാരായ അവർ അദ്ദേഹത്തെ ഇല്ലായ്മ ചെയ്യാൻ വാടക കൊലയാളികളെ നിയോഗിച്ചു. തന്റെ ഒളിച്ചോട്ടത്തെ ന്യായീകരിച്ചുകൊണ്ട് എഴുതിയപ്പോൾ, അത്തനാസ്യോസ് ഇതിന് സാക്ഷ്യം നൽകുന്നു:

''കോൺസ്റ്റാന്റിനോപ്പിൾ മെത്രാനായ പൗലോസിനെ അവർ പിൻതുടർന്നു. കപ്പഡോഷ്യയിലെ കൗക്കാസസിൽ വച്ച് അവർ അദ്ദേഹത്തെ പിടികൂടി. അവർ അദ്ദേഹത്തെ കഴുത്തു ഞെരിച്ചുകൊന്നു. പ്രീഫെക്ട് ഫിലിപ്പിനെയാണ് അവർ ആരാച്ചാരായി ഉപയോഗിച്ചത്. അയാൾ അവരുടെ പാഷണ്ഡതയുടെ സംരക്ഷകനും അവരുടെ പൈശാചിക പദ്ധതികളുടെ സജീവ ഏജന്റുമായിരുന്നു.''- ആരിയസിന്റെ ദൈവദൂഷണം നിമിത്തം ഇത്തരം കൊലകൾ സംഭവിച്ചു. ഏകജാതനെതിരെയുള്ള അവരുടെ വട്ടുപിടിച്ച ക്രോധം തന്റെ ദാസന്മാർക്കെതിരെയുള്ള ക്രൂരകർമങ്ങളായി മാറി.

### അധ്യായം 5

## മാസിഡോണിയസിന്റെ പാഷണ്ഡത

പൗലോസിനെ കൊല ചെയ്തശേഷം, അഥവാ, അദ്ദേഹത്തെ സ്വർഗരാജ്യത്തിലേക്ക് അയച്ചശേഷം, ആരിയന്മാർ മാസിഡോണിയസിനെ തൽസ്ഥാനത്തു നിയമിച്ചു. അയാൾ അവരുടെ വീക്ഷണങ്ങൾ പുലർത്തിയെന്ന് അവർ കരുതി. അയാൾ അവരെപ്പോലെ അതേ വിഭാഗത്തിൽ പെട്ടവനും പരിശുദ്ധാത്മാവിനെതിരെ ദൈവദൂഷണം പറയുന്നവനും ആയിരുന്നു. എന്നാൽ അധികം വൈകാതെ അവർ അയാളെയും സ്ഥാനഭ്രഷ്ടനാക്കി. അതിനു കാരണം, ദൈവപുത്രനെന്ന് തിരുലിഖിതം തറപ്പിച്ചു പറയുന്നവനെ ഒരു സൃഷ്ടി എന്നു വിളിക്കാൻ അയാൾ വിസമ്മതിച്ചു. അവരിൽ നിന്നു വേർപെട്ടശേഷം അയാൾ തന്റെ സ്വന്തം വിഭാഗത്തിന്റെ തലവനായിത്തീർന്നു. "ദൈവപുത്രന് പിതാവിന്റെ അതേ സത്തയല്ല, പിന്നെയോ, എല്ലാറ്റിലും *അവനെപ്പോലെയാണ്*"എന്ന് അയാൾ പഠിപ്പിച്ചു. പരിശുദ്ധാത്മാവ് ഒരു സൃഷ്ടിയാണെന്ന് അയാൾ പരസ്യമായി പഠിപ്പിക്കുകയും ചെയ്തു. ഇത് വളരെ നാളുകൾക്കുശേഷമല്ല സംഭവിച്ചത്.

## അധ്യായം 6

# സാർദിക്കാ സിനഡ്

പുരാതനരേഖകൾ അനുസരിച്ച് സാർദിക്കായിൽ 250 മെത്രാന്മാർ സംബന്ധിച്ചു. മഹാനായ അത്തനാസ്യോസ്, ഗാസ്സായിലെ അസ്ക്ലെപ്പാസ്, ഗലാത്യയിലെ അൻസീറാ മെത്രാൻ മർസെല്ലുസ്-അദ്ദേഹം നിഖ്യായിലും സംബന്ധിച്ചിരുന്നു-തുടങ്ങിയവരെല്ലാം അവിടെയെത്തി. നേരത്തെ അത്തനാസ്യോസിന്റെ കേസ് വിധിച്ച ദുരാരോപകരായ ആരിയൻ വിഭാഗത്തിന്റെ നേതാക്കളും സന്നിഹിതരായിരുന്നു. സിനഡിൽ സംബന്ധിച്ചവർ സത്യവിശ്വാസത്തോട് ഗാഢമായി പറ്റിച്ചേർന്നവരാണെന്ന് കണ്ട് ആരോപകരും ന്യായാധിപന്മാരും വിളിക്കപ്പെട്ടവർ ആയിരുന്നെങ്കിലും സിനഡിൽ സംബന്ധിക്കാതെ കടന്നുകളഞ്ഞു. സിനഡിന്റെ കത്തിൽ ഈ കാര്യങ്ങളെല്ലാം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അത് താഴെ ചേർക്കുന്നു.

### *സിനഡിന്റെ കത്ത്*

റോം, സ്പെയിൻ, ഗാൾ, ഇറ്റലി, കമ്പാനിയാ, കലാബ്രിയാ, ആഫ്രിക്ക, സർദീനിയാ, പന്നോണിയാ, മേസിയാ, ഡേഷ്യ, ദർദാനിയ, ചെറിയ ഡേഷ്യ, മാസിഡോണിയ, തെസ്സാലി, അക്കായിയാ, എപ്പീരൂസ്, ത്രേസ്, റോദോപ്പ്, ആസിയാ, കാറിയാ, ബിഥീനിയാ, ഹെല്ലെസ്പോന്ത്, ഫ്രീജിയാ, പിസീദിയാ, കപ്പഡോഷ്യ, പോന്തുസ്, ചെറിയ ഫ്രീജിയാ, സിലീഷ്യ, പംഫീലിയ, ലീദിയ, സിക്ലാദെസ്, ഈജിപ്ത്, തേബായ്ഡ്, ലിബിയ, ഗലാത്യ, പലസ്തീന, അറേബ്യ എന്നിവിടങ്ങളിൽ നിന്ന് സാർദിക്കായിൽ സമ്മേളിച്ച വിശുദ്ധ കൗൺസിൽ, ലോകം മുഴുവനുമുള്ള കാതോലികവും ശ്ലൈഹികവുമായ സഭയിലുള്ള നമ്മുടെ സഹശുശ്രൂഷകരും കർത്താവിൽ നമ്മുടെ വത്സല സഹോദരന്മാരുമായ മെത്രാന്മാർക്ക്: നിങ്ങൾക്ക് സമാധാനം.

സത്യവിശ്വാസം പുലർത്തുന്ന ദൈവദാസന്മാർക്കെതിരെ ഉഗ്രമായ ക്രൂരകൃത്യങ്ങൾ ചെയ്യാൻ തക്കവണ്ണം, ആരിയന്മാരുടെ വിഭ്രാന്തി മിക്കപ്പോഴും അവരെ നയിക്കുന്നു. അവർ തെറ്റായ പ്രബോധനങ്ങൾ അവതരിപ്പിക്കുകയും സത്യവിശ്വാസം പുലർത്തുന്നവരെ പീഡിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ അതിഭക്തചക്രവർത്തിയുടെ കാതുകളിൽ എത്തത്തക്ക വിധം അത്ര ഉഗ്രമായിരുന്നു വിശ്വാസത്തിന്മേലുള്ള അവരുടെ കടന്നുകയറ്റം.

ദൈവകൃപയുടെ സഹകരണത്തോടെ ചക്രവർത്തിമാർ വിശുദ്ധ കൗൺസിലിലേക്ക് വിവിധ പ്രോവിൻസുകളിൽ നിന്നും നഗരങ്ങളിൽ നിന്നും ഞങ്ങളെ സാർദിക്കാ നഗരത്തിൽ വിളിച്ചുകൂട്ടി. എല്ലാ അനൈക്യവും അവസാനിപ്പിക്കാനും തെറ്റായ പ്രബോധനങ്ങൾ നിഷ്കാസനം ചെയ്യാനും എല്ലാ ജനതകളുടെയും ഇടയിൽ ക്രിസ്തുമതം മാത്രം നിലനിൽക്കാനും വേണ്ടിയായിരുന്നത്. നമ്മുടെ അതിഭക്തരായ ചക്രവർത്തിമാരുടെ ക്ഷണപ്രകാരം, പൗരസ്ത്യദേശത്തുനിന്നു വന്ന ചില മെത്രാന്മാർ കൗൺസിലിൽ പ്രധാനമായി സംബന്ധിച്ചത്, നമ്മുടെ വത്സല സഹോദരരും സഹശുശ്രൂഷ

കരുമായ അലക്സാണ്ഡ്രിയായിലെ അത്തനാസ്യോസ്, അൻസീറായിലെ മർസെല്ലുസ്, ഗാസ്സായിലെ അസ്ക്ലെപ്പാസ് എന്നിവർക്കെതിരെ പ്രചരിച്ച റിപ്പോർട്ടുകൾ നിമിത്തമാണ്.

ഒരുപക്ഷേ ആരിയന്മാരുടെ പരദൂഷണം നിങ്ങൾ ഇതിനോടകം അറിഞ്ഞു കാണുമായിരിക്കും. നിഷ്കളങ്കരെ പറ്റിയുള്ള അവരുടെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ വിശ്വസനീയമെന്ന് നിങ്ങളെ ധരിപ്പിക്കാനും അവരുടെ ദുഷിച്ച പാഷണ്ഡതയെ പറ്റിയുള്ള സംശയം തടയാനും അവർ സിനഡിന് മുൻകൂട്ടി പ്രതിബന്ധം ഉണ്ടാക്കാൻ ശ്രമിച്ചു. എന്നാൽ സഭകളുടെ സംരക്ഷകനായ കർത്താവ് അപ്രകാരം പ്രവർത്തിക്കാൻ അവരെ അനുവദിച്ചില്ല. അവർക്കും നമുക്കെല്ലാവർക്കും വേണ്ടി അവിടുന്ന് മരിക്കുകയും സ്വർഗത്തിലേക്കുള്ള പാത നമുക്കായി തുറക്കുകയും ചെയ്തു.

അത്തനാസ്യോസ്, മർസെല്ലുസ്, അസ്ക്ലെപ്പാസ് എന്നീ മുകളിൽ പറഞ്ഞ സഹശുശ്രൂഷകർക്കെതിരെ എവുസേബിയൻ പക്ഷക്കാരായ മാരി, തിയഡോർ, തെയോഗ്നീസ്, ഉർസാചിയുസ്, വാലൻസ്, മെനോഫാന്തെസ്, സ്റ്റീഫൻ എന്നിവർ റോമാമെത്രാനായ ജൂലിയസിന് നേരത്തെ എഴുതിയിരുന്നു. അത്തനാസ്യോസിന്റെ നിഷ്കളങ്കതയ്ക്ക് സാക്ഷ്യം വഹിച്ചുകൊണ്ടും, എവുസേബിയൻ പക്ഷക്കാർ പറഞ്ഞതൊക്കെ നുണയും പരദൂഷണവുമാണെന്ന് തെളിയിച്ചുകൊണ്ടും എതിർകക്ഷിയിൽ പെട്ട ചില മെത്രാന്മാരും ജൂലിയസിന് എഴുതിയിരുന്നു. നമ്മുടെ വന്ദ്യസഹോദരനും സഹനേതാവുമായ ജൂലിയസിന്റെ ക്ഷണം ആരിയന്മാർ നിരസിച്ചതും അദ്ദേഹത്തിന്റെ കത്തിൽ പറയുന്നതും അവരുടെ ആരോപണത്തിന്റെ പൊള്ളത്തരം വ്യക്തമായി തെളിയിക്കുന്നു.

അവർ ചെയ്തതും നമ്മുടെ സഹശുശ്രൂഷകൻ എഴുതിയതും ന്യായീകരണം അർഹിക്കുന്നതായിരുന്നെങ്കിൽ, അവർ റോമിലേക്കു പോകുമായിരുന്നു. ഈ വലിയ സിനഡിൽ അവരുടെ നടപടിക്രമം അവരുടെ വഞ്ചനയ്ക്ക് സ്പഷ്ടമായ തെളിവാണ്. അവർ സാർദിക്കായിൽ എത്തിയപ്പോൾ, നമ്മുടെ സഹോദരന്മാരായ അത്തനാസ്യോസും മർസെല്ലുസും അസ്ക്ലെപ്പാസും മറ്റുള്ളവരും അവിടെ ഉണ്ടെന്ന് മനസ്സിലാക്കിയതുകൊണ്ട് പരിശോധനയ്ക്ക് വരാൻ ഭയപ്പെട്ടു. അവരെ ഒന്നോ, രണ്ടോ പ്രാവശ്യം മാത്രമല്ല, തുടരെത്തുടരെ സിനഡിലേക്ക് വിളിച്ചു. അവർക്കുവേണ്ടി സന്നിഹിതരായ മെത്രാന്മാരും എല്ലാ ബഹുമാനത്തിനും അർഹനായ ഹോസിയസും കാത്തിരുന്നു. അദ്ദേഹം വന്ദ്യവയോധികനായിരുന്നു. അദ്ദേഹം സത്യവിശ്വാസവുമായി അഭേദ്യം ചേർന്നുനിൽക്കുകയും സഭയ്ക്കുവേണ്ടി അധ്വാനിക്കുകയും ചെയ്തിരുന്നു. ആ യോഗത്തിൽ സന്നിഹിതരാകാനും ആരോപണവിധയരായവരുടെ അഭാവത്തിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ അവരുടെ സാന്നിധ്യത്തിൽ തെളിയിക്കാൻ ഈ അവസരം ഉപയോഗിക്കാനും എല്ലാവരും അവരെ നിർബന്ധിച്ചു. ഞങ്ങൾ നേരത്തെ പറഞ്ഞതുപോലെ, അവർ വിളി അനുസരിക്കാൻ കൂട്ടാക്കിയില്ല. അതിലൂടെ അവരുടെ പ്രസ്താ

വനകളുടെ പൊള്ളത്തരം വെളിപ്പെട്ടു. അവർ മെനഞ്ഞുണ്ടാക്കിയ നിഗൂഢ പദ്ധതിയെയും വഞ്ചനയെയും പറ്റി എല്ലാവരും ഉച്ചത്തിൽ സംസാരിച്ചു.

തങ്ങളുടെ പ്രസ്താവനകളുടെ സത്യാവസ്ഥയെപ്പറ്റി ഉറപ്പുള്ളവർ എപ്പോഴും പരസ്യമായി അതിനായി നിൽക്കാൻ തയാറാണ്. എന്നാൽ ഈ ദുരാരോപകർക്ക് തങ്ങൾ പറഞ്ഞത് തെളിയിക്കാൻ കഴിയാഞ്ഞതിനാൽ, ഭാവിയിൽ ഉന്നയിക്കാൻ ഇടയുള്ള ആരോപണങ്ങളും അവരുടെ അഭാവത്തിൽ അവരെ ദുഷിപ്പിക്കാനുള്ളതാണെന്നും, നേരേനിന്ന് പരസ്യമായി എതിർക്കാൻ അവർക്ക് ധൈര്യമില്ലെന്നും മാത്രം പരിഗണിക്കപ്പെടും.

വത്സലസഹോദരരേ, അവരുടെ ആരോപണങ്ങൾ പരദൂഷണമാണെന്നു മാത്രമല്ല, അവർക്കെതിരെ തന്നെ മനുഷ്യർ ഗൗരവമേറിയ നിരവധി ആരോപണങ്ങളുമായിട്ടാണ് വന്നിരിക്കുന്നതെന്ന് അവർ കരുതിയതിനാലുമത്രേ അവർ കടന്നുവരാഞ്ഞത്. ചിലർ ചങ്ങലകളും വിലങ്ങുകളും കൊണ്ടുവന്നിരുന്നു. അവർ നാടുകടത്തിയ ചിലർ സന്നിഹിതരായിരുന്നു. ഇപ്പോഴും വിപ്രവാസത്തിൽ കഴിയുന്നവരുടെ പ്രതിനിധികളായ മറ്റുചിലർ മുന്നോട്ടു വന്നു. അവർ കൊന്നവരുടെ ബന്ധുക്കളും സ്നേഹിതരും എഴുന്നേറ്റുനിന്നു. അവർ കെട്ടിവരിഞ്ഞ തന്റെ ചങ്ങലകളും ബന്ധനങ്ങളും മെത്രാന്മാരിലൊരാൾ കാണിച്ചത് ഏറ്റവും ഗൗരവമേറിയ കാര്യമായിരുന്നു. അവരുടെ ദുരാരോപണങ്ങൾക്കുശേഷം മരണത്തിന് വിധിക്കപ്പെട്ടത് മറ്റുള്ളവർ അവതരിപ്പിച്ചു. ഒരു മെത്രാന്റെ ജീവൻ എടുക്കാനുള്ള പരിശ്രമം വരെ അവരുടെ ദുഷ്ടത അവരെ നയിച്ചു. അവരുടെ കൈകളിൽ നിന്ന് അദ്ദേഹം രക്ഷപെട്ടതുകൊണ്ട് അദ്ദേഹം മരിച്ചില്ല.

നമ്മുടെ സഹശുശ്രൂഷകനും ഭാഗ്യസ്മരണാർഹനുമായ തെയോഡുളുസ് അവരുടെ അപവാദത്തിന് ഇരയായി. അതുനിമിത്തം അവർ അദ്ദേഹത്തെ മരണത്തിന് വിധിച്ചു. അവർ വാളുകൊണ്ട് വെട്ടിയ മുറിവുകൾ ചിലർ കാണിച്ചു. തങ്ങളെ പട്ടിണിക്കിട്ട കാര്യം മറ്റുള്ളവർ അവതരിപ്പിച്ചു.

കുറേ അജ്ഞാതരായ ആളുകളല്ല, പിന്നെയോ, സഭ മുഴുവനുമാണ് ഇവയൊക്കെ അവിടെ പറഞ്ഞത്. പീഡകർ തങ്ങൾക്കെതിരെ മിലിറ്ററിയെ വാളുകൊണ്ടും സാധാരണക്കാരെ ഗദകൊണ്ടും സുസജ്ജരാക്കിയെന്ന് ഈ സഭയിലെ വൈദികർ തെളിവു നൽകി. കോടതികളിൽ നിന്ന് ഭീഷണികളുണ്ടായി. കള്ളരേഖകൾ ഹാജരാക്കി. നമ്മുടെ സഹശുശ്രൂഷകരായ അത്തനാസ്യോസ്, മർസെല്ലൂസ്, അസ്ക്ലെപ്പാസ് എന്നിവർക്കെതിരെ ചക്രവർത്തിയെ തെറ്റിദ്ധരിപ്പിക്കാൻ തെയോഗ്നീസ് എഴുതിയ കത്തുകൾ അവിടെ വായിക്കുകയും മുമ്പ് തെയോഗ്നീസിന്റെ ഡീക്കന്മാരായിരുന്നവർ അത് സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ആരിയൻ ചിന്താഗതിക്കാരുടെ കുപ്രസിദ്ധ പാഷണ്ഡത നിമിത്തം അവർ കന്യകകളെ വസ്ത്രമുരിഞ്ഞ് നഗ്നരാക്കി. പള്ളികൾ കത്തിച്ചു. നമ്മുടെ സഹശുശ്രൂഷകരെ കാരാഗൃഹത്തിൽ അടച്ചു. തങ്ങളോട് യോജിക്കാത്തവരോടൊക്കെ അവർ ഇപ്രകാരം പ്രവർത്തിച്ചു. ഈ നീചകർമങ്ങൾ ചെയ്തതിലുള്ള മനക്കടി അവരെ വളരെ ഞെരുക്ക

ത്തിലാക്കി. ഒളിക്കാൻ പറ്റാത്ത ഈ ദുഷ്കർമങ്ങൾ നിമിത്തം ലജ്ജിതരായി അവർ സാർദിക്കായിലേക്ക് വന്നു. അവിടെ വരാൻ കാണിച്ച ധൈര്യം നിമിത്തം അവരുടെ തെറ്റുകുറ്റങ്ങളെ പറ്റിയുള്ള സംശയം മുഴുവൻ തീരുമെന്ന് അവർ ചിന്തിച്ചു. എന്നാൽ അവർ ദുരാരോപണം നടത്തിയവരുടെ സാന്നിധ്യം ദർശിച്ചതിനാലും, അവരുടെ ക്രൂരതയ്ക്ക് വിധേയരായി സഹിച്ചവരെ കണ്ടതിനാലും അവർക്കെതിരെ ആരോപണങ്ങളുമായി നിരവധിപേർ വന്നുചേർന്നതിനാലും അവർ സിനഡിലേക്ക് കടന്നില്ല.

നമ്മുടെ സഹശുശ്രൂഷകരായ അത്തനാസ്യോസ്, മർസെല്ലുസ്, അസ്ക്ലേപ്പാസ് എന്നിവർ അവരോട് സന്നിഹിതരാകാൻ താൽപര്യപൂർവം അപേക്ഷിച്ചു. അവരുടെ ദുരാരോപണങ്ങൾ തെളിയിക്കാൻ അവരെ വെല്ലുവിളിച്ചു. അവർ എത്രമാത്രം തങ്ങളുടെ സഭകളെ മുറിപ്പെടുത്തിയെന്ന് മേൽപ്പറഞ്ഞവർ അറിയിച്ചു. എന്നാൽ ഈ ദുരാരോപകർ തങ്ങളുടെ ദുഷ്കർമങ്ങളുടെ അവബോധം നിമിത്തം സ്ഥലംവിട്ടു. അതവരുടെ ആരോപണത്തിന്റെ പൊള്ളത്തരവും മനക്കടിയും തെളിയിക്കുന്നു.

അവരുടെ പരദൂഷണവും വഞ്ചനയും ആരംഭം മുതൽ അറിയപ്പെട്ടിരുന്നെങ്കിലും, ഇപ്പോൾ വ്യക്തമായി തെളിഞ്ഞു. എങ്കിലും സത്യത്തിന്റെ നിയമം അനുസരിച്ച് ഇവയുടെ സാഹചര്യം പരിശോധിക്കാൻ പിതാക്കന്മാർ തീരുമാനിച്ചു. അവർ തങ്ങളുടെ ഒളിച്ചോട്ടത്തിന്റെ മറവിൽ പുതിയ വഞ്ചനാത്മക കർമങ്ങൾ ചെയ്യാതിരിക്കാനായിരുന്നിത്.

അവർ ദുരാരോപകരാണെന്നും നമ്മുടെ സഹശുശ്രൂഷകർക്കെതിരെ ഗൂഢാലോചന നടത്തിയെന്നും മേൽപ്പറഞ്ഞ തീരുമാനം നടപ്പാക്കിയതനുസരിച്ച് അവരുടെ പ്രവൃത്തികൾവഴി ഞങ്ങൾ തെളിയിച്ചു. അത്തനാസ്യോസ് കൊന്നെന്ന് അവർ പറഞ്ഞു പിടിപ്പിച്ച അർസേനിയോസ് അപ്പോഴും ജീവിച്ചിരിപ്പുണ്ടായിരുന്നു. അവരുടെ മറ്റാരോപണങ്ങൾ കള്ളമാണെന്ന് തെളിയിക്കാൻ ഈ ഒറ്റസംഗതി മതിയാകും.

അത്തനാസ്യോസിന്റെ വൈദികനായ മക്കാറിയോസ് ഒരു കാസാ തല്ലിപ്പൊട്ടിച്ചെന്ന് ദുരാരോപകർ ഒരു റിപ്പോർട്ട് പ്രചരിപ്പിച്ചു. എന്നാൽ അതു സത്യമല്ലെന്ന് അലക്സാണ്ഡ്രിയായിൽ നിന്നും മരയോട്ടിസിൽ നിന്നും മറ്റിടങ്ങളിൽ നിന്നും വന്നവർ സാക്ഷ്യപ്പെടുത്തി. ഇത്തരം ഒരു സംഗതി നടന്നതിനെപ്പറ്റി യാതൊരു സംശയവുമില്ലെന്ന് ഈജിപ്തിലെ മെത്രാൻ സഹശുശ്രൂഷകനായ ജൂലിയസിന് എഴുതുകയുണ്ടായി.

മക്കാറിയോസിനെതിരെ തങ്ങളുടെ പക്കലുണ്ടെന്ന് ആരിയന്മാർ അവകാശപ്പെടുന്ന കോടതിനടപടികൾ, ഒരു കക്ഷിതന്നെ എഴുതി ഉണ്ടാക്കിയതാണ്. അതിൽ വിജാതിയരുടെയും സ്നാനാർഥികളുടെയും സാക്ഷ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. സ്നാനാർഥികളിൽ ഒരാളെ ചോദ്യം ചെയ്തു. മക്കാറിയോസ് പള്ളിയിൽ കയറിയപ്പോൾ താൻ അതിനുള്ളിൽ ഉണ്ടായിരുന്നെന്ന് സ്നാനാർഥി മറുപടി പറഞ്ഞു. മക്കാറിയോസിനെതിരെ ഒച്ചപ്പാടോടെ സംസാരിച്ചിരുന്ന ഇസ്കീരാസ് അയാളുടെ മുറിയിൽ അപ്പോൾ രോഗിയായി

കിടക്കുക ആയിരുന്നെന്ന് മറ്റൊരാൾ സാക്ഷ്യപ്പെടുത്തി. സ്നാനാർഥികൾ സന്നിഹിതർ ആയിരുന്നതിനാലും ഇസ്കീരാസ് സന്നിഹിതൻ അല്ലാതിരുന്നതിനാലും അപ്പോൾ ദിവ്യരഹസ്യങ്ങൾ അനുഷ്ഠിക്കപ്പെടാൻ ഇടയില്ല.

അത്തനാസ്യോസ് ചില ദിവ്യഗ്രന്ഥങ്ങൾ കത്തിച്ചെന്നും ഈ തെറ്റിന് കുറ്റക്കാരനായി വിധിക്കപ്പെട്ടെന്നും കളവായി പറഞ്ഞ ദുഷ്ടനായ ഇസ്കീരാസ്, മക്കാറിയോസ് വന്നപ്പോൾ, താൻ രോഗിയായി കിടക്കുകയായിരുന്നെന്ന് ഇപ്പോൾ ഏറ്റുപറഞ്ഞു. അതുകൊണ്ട് അയാളുടെ ദുരാരോപണത്തിന്റെ പൊള്ളത്തരം വ്യക്തമായി തെളിയിക്കപ്പെട്ടു. അയാളുടെ പരദൂഷണത്തിന് അയാളുടെ പക്ഷക്കാർ അയാൾക്ക് പ്രതിഫലം നൽകി. അയാൾ അപ്പോഴും ഒരു പ്രെസ്ബിറ്റർ പോലും അല്ലാതിരുന്നിട്ടും, അവർ അവന് മെത്രാന്റെ സ്ഥാനനാമം നൽകി.

കുറേനാൾ മുമ്പ് മെലേഷ്യസിന്റെ കൂടെ ആയിരുന്ന രണ്ട് പ്രെസ്ബിറ്റർമാർ സിനഡിൽ എത്തിയിരുന്നു. അവരെ അലക്സാണ്ഡർ മെത്രാൻ പിന്നീട് സഭയിൽ തിരികെ സ്വീകരിച്ചു. ഇപ്പോൾ അവർ അത്തനാസ്യോസിന്റെ കൂടെയാണ്. ഇസ്കീരാസിന് വൈദികപട്ടം ഒരിക്കലും കിട്ടിയിട്ടില്ലെന്നും മരയോട്ടിസിൽ മെലേഷ്യസിന് പള്ളി ഒന്നും ഇല്ലായിരുന്നെന്നും അയാൾ അവിടെ ആരെയും നിയമിച്ചിട്ടില്ലെന്നും അവർ പറഞ്ഞു. അയാൾക്ക് ഒരിക്കലും വൈദികപട്ടം കിട്ടിയിട്ടില്ലെങ്കിലും, അയാളുടെ സ്ഥാനനാമംവഴി അയാളുടെ ദുരാരോപണം ശ്രോതാക്കൾ വിശ്വസിച്ചു.

നമ്മുടെ സഹശുശ്രൂഷകനായ മർസെല്ലൂസിന്റെ കൃതികളും സിനഡിൽ വായിച്ചു. അപ്പോൾ എവുസേബിയസിന്റെ പക്ഷക്കാരുടെ കാപട്യം സ്പഷ്ടമായി തെളിയിക്കപ്പെട്ടു. മർസെല്ലുസ് ഒരു പ്രശ്നമായി അവതരിപ്പിച്ചത് വിശ്വാസ സത്യമായി അദ്ദേഹം പ്രഖ്യാപിക്കുന്നെന്ന് അവർ ആരോപിച്ചു. അതിനുമുമ്പും പിമ്പുമുള്ള പ്രസ്താവനകൾ വായിച്ചപ്പോൾ, അദ്ദേഹത്തിന്റേത് സത്യവിശ്വാസമാണെന്ന് തെളിഞ്ഞു. അവർ അവതരിപ്പിച്ചതുപോലെ, വചനമാം ദൈവത്തിന്റെ ആരംഭം പരിശുദ്ധ മറിയത്തിലുള്ള അവന്റെ ഉത്ഭവം മുതലാണെന്നോ, അവന്റെ രാജ്യത്തിന് അവസാനം ഉണ്ടെന്നോ, അദ്ദേഹം പറഞ്ഞിട്ടില്ല. മറിച്ച്, അവന്റെ രാജ്യത്തിന് ആരംഭമില്ലെന്നും അവസാനം ഇല്ലെന്നുമാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ആരോപകരുടെയും കേസറിയായിലെ എവുസേബിയസിന്റെയും സാന്നിധ്യത്തിൽ അന്ത്യോക്യയിൽ വച്ച് തയാറാക്കിയ റിപ്പോർട്ട് നമ്മുടെ സഹശുശ്രൂഷകനായ അസ്ക്ലെപ്പാസ് സമർപ്പിച്ചു. ന്യായാധിപന്മാരായി വർത്തിച്ച മെത്രാന്മാരുടെ വിധിവാചകവും സമർപ്പിച്ച് തന്റെ നിഷ്കളങ്കത തെളിയിച്ചു.

വത്സലസഹോദരരേ, നിരവധി പ്രാവശ്യം വിളിച്ചിട്ടും അവർ കൗൺസിലിൽ സംബന്ധിക്കാതിരുന്നതും ഓടിപ്പോയതും കാരണം കൂടാതെയല്ല. രക്ഷപെടാൻ മനസ്സാക്ഷിക്കുത്ത് അവരെ നിർബന്ധിച്ചു. അതുപോലെ അവരുടെ ദുരാരോപണത്തിന്റെ അടിസ്ഥാനരാഹിത്യം കാണിക്കാനും അവർക്കെതിരെയുള്ള ആരോപണത്തിന്റെ വാസ്തവികത തെളിയിക്കാനും

വേണ്ടി ആയിരുന്നത്. മറ്റെല്ലാ ആരോപണങ്ങൾക്കും പുറമേ, ആരിയൻ പാഷണ്ഡത മുറുകെ പിടിച്ചതിനാൽ നീക്കപ്പെട്ടവരെയെല്ലാം അവർ സ്വീകരിക്കുകയും ഉന്നതസ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. അവർ ഡീക്കന്മാരെ വൈദികരാക്കി, പിന്നെ അവരെ മെത്രാന്മാരാക്കി. ഇവയിലെല്ലാം അവരുടെ ആഗ്രഹം അവരുടെ പാഷണ്ഡത പ്രചരിപ്പിക്കുകയും സത്യം ദുഷിപ്പിക്കുകയും ചെയ്യുക എന്നതു മാത്രമായിരുന്നു.

എവുസേബിയസിനു പുറമേ താഴെ പറയുന്നവരാണ് അവരുടെ പ്രധാന നേതാക്കന്മാർ: ഹെരാക്ലെയായിലെ തിയഡോർ, നെറോണിയായിലെ നർചീസുസ്, അന്ത്യോക്യയിലെ സ്റ്റീഫൻ, ലവദീക്യയിലെ ജോർജ്, കേസറിയായിലെ അകാചിയുസ്, എഫേസോസിലെ മെനോഫാന്തെസ്, സിൻജിദൂണുമിലെ ഉർസാചിയുസ്, മൂർസായിലെ വാലൻസ്. പൗരസ്ത്യത്തു നിന്ന് ഇവരുടെ കൂടെ വന്നവർ കൗൺസിലിൽ സംബന്ധിക്കുന്നതും ദൈവത്തിന്റെ സഭയുടെ കൂടെ ഐക്യപ്പെടുന്നതും ഈ മെത്രാന്മാർ നിരോധിച്ചു. സാർദിക്കായിലേക്കുള്ള യാത്രയ്ക്കിടയിൽ പലയിടങ്ങളിലും വച്ച് അവർ രഹസ്യയോഗങ്ങൾ കൂടി. സാർദിക്കായിൽ എത്തുമ്പോൾ തങ്ങൾ കൗൺസിലിൽ പങ്കെടുക്കുകയോ, ചർച്ചകളിൽ സഹകരിക്കുകയോ ചെയ്യില്ലെന്ന് ഭീഷണിപ്പെടുത്തി എഗ്രിമെന്റുണ്ടാക്കി. അവിടെ ചെന്നാലുടൻ ചടങ്ങെന്ന നിലയിൽ തങ്ങൾ വന്നെന്ന് അറിയിക്കുക, അതിനുശേഷം കടന്നുകളയുക എന്ന ധാരണയിൽ അവർ എത്തിയിരുന്നു.

സാർദിക്കായിലേക്ക് അവരുടെ കൂടെ വരുകയും അവരുടെ തെറ്റിൽ പങ്കുകൊള്ളാൻ വിസമ്മതിക്കുകയും ചെയ്ത നമ്മുടെ സഹശുശ്രൂഷകരായ, പലസ്തീനായിലെ മക്കാറിയോസ്, അറേബ്യയിലെ അസ്തേരിയുസ് എന്നിവരാണ് ഈ കാര്യങ്ങൾ ഞങ്ങളെ അറിയിച്ചത്. ആരിയന്മാരിൽ നിന്ന് അവർക്കു ലഭിച്ച അക്രമാസക്തമായ പെരുമാറ്റത്തെ പറ്റിയും അവരുടെ ഇടപാടുകളിലെല്ലാം നിലനിന്ന സുതാര്യതാരാഹിത്യതത്തെ പറ്റിയും അവർ പരിഭവം പറഞ്ഞു. അവരുടെ ഇടയിൽ ഇപ്പോഴും സത്യവിശ്വാസം പുലർത്തുന്ന അനേകരുണ്ട്. എന്നാൽ കൗൺസിലിൽ പങ്കെടുക്കുന്നതിൽ നിന്ന് അവരെ മറ്റുള്ളവർ തടഞ്ഞിരുന്നു. തങ്ങളുടെ കൂടെ നിൽക്കാൻ അവർ ചിലപ്പൊഴൊക്കെ ഭീഷണി പ്രയോഗിച്ചിരുന്നു. ചിലപ്പോൾ വാഗ്ദാനങ്ങൾ നൽകിയിരുന്നു. ഇക്കാരണത്താൽ ഒരു ഭവനത്തിൽ തന്നെ ഒന്നിച്ചു പാർക്കാൻ അവർ നിർബന്ധിതരായി. അൽപ്പസമയത്തേക്കുപോലും ഒറ്റയ്ക്കു കഴിയാൻ അവർ അനുവദിച്ചിരുന്നില്ല.

അവർ പറഞ്ഞുണ്ടാക്കിയ ദുരാരോപണങ്ങൾ, അവർ ചെയ്ത തടങ്കൽ, കൊലപാതകം, അടികൾ, വ്യാജക്കത്തുകൾ, മാനഹാനികൾ, കന്യകകളുടെ വസ്ത്രാക്ഷേപം, നാടുകടത്തലുകൾ, പള്ളികൾ തകർക്കൽ, കൊള്ളിവയ്പ്, മെത്രാന്മാരെ ചെറിയ പട്ടണങ്ങളിൽ നിന്ന് വലിയവയിലേക്ക് സ്ഥലം മാറ്റിയത്, എല്ലാറ്റിനുമുപരി സത്യമതത്തിനെതിരെ അവർ ഉയർത്തിയ ഇരുണ്ട ആരിയൻ പാഷണ്ഡത എന്നിവ നിശ്ശബ്ദമായും കുറ്റപ്പെടുത്താതെയും കടത്തിവിടുന്നത് ശരിയല്ല.

2:6

ഈ കാരണങ്ങളാൽ അത്തനാസ്യോസ്, മർസെല്ലൂസ്, അസ്ക്ലെപ്പാസ് എന്നീ നമ്മുടെ വത്സലസഹോദരന്മാരുടെയും അവരോടൊപ്പമുള്ള എല്ലാ ദൈവദാസന്മാരുടെയും നിഷ്കളങ്കതയും സംശുദ്ധതയും ഞങ്ങൾ പ്രഖ്യാപിക്കുന്നു. ഞങ്ങൾ അവരുടെ രൂപതകളിലേക്ക് കത്തെഴുതിയിട്ടുണ്ട്. തങ്ങളുടെ മെത്രാന്മാരുടെ നിഷ്കളങ്കതയെ പറ്റി ഓരോ സഭയിലെയും ജനങ്ങൾ അറിയാനും അവരെ മാത്രം അംഗീകരിക്കാനും അവർക്കുവേണ്ടി കാത്തിരിക്കാനും വേണ്ടിയാണിത്. ചെന്നായ്ക്കളെപ്പോലെ അവരുടെ സഭകളിൽ കടന്നുകൂടിയ അലക്സാണ്ഡ്രിയായിലെ ഗ്രിഗറി, അൻസീറായിലെ ബേസിൽ, ഗാസ്സായിലെ മിൻതിയാനുസ് എന്നിവരെ മെത്രാന്മാരെന്നോ, ക്രിസ്ത്യാനികൾ എന്നുപോലുമോ വിളിക്കരുത്. അവരുമായി ഒരു സംസർഗവും പാടില്ല. അവരിൽ നിന്ന് കത്തുകൾ സ്വീകരിക്കാനോ അവർക്ക് എഴുതാനോ പാടില്ല.

മുകളിൽ പേരു പറഞ്ഞ തിയഡോർ, നർചീസുസ്, അകാചിയുസ്, സ്റ്റീഫൻ, ഉർസാചിയുസ്, വാലൻസ്, മെനോഫാന്തെസ്, ജോർജ് എന്നിവരെ വിശുദ്ധ കൗൺസിലിന്റെ ഏകയോഗമായ തീരുമാനത്താൽ വിവിധ കുറ്റങ്ങൾ നിമിത്തം മെത്രാസനങ്ങളിൽ നിന്ന് നിഷ്കാസനം ചെയ്തിരിക്കുന്നു. ജോർജ് ഭയം നിമിത്തം പൗരസ്ത്യത്തിൽ നിന്നെത്തിയില്ല. അലക്സാണ്ഡ്രിയായിലെ ഭാഗ്യവാനായ അലക്സാണ്ഡർ അയാളെ നേരത്തെ തന്നെ സ്ഥാനഭ്രഷ്ടനാക്കിയതാണ്. അയാൾ ആരിയന്മാരുടെ മതിഭ്രമം അംഗീകരിച്ചിരുന്നു.

അവരെ മെത്രാന്മാരായി പരിഗണിക്കരുതെന്നു മാത്രമല്ല, നാമുമായുള്ള കൂട്ടായ്മയും നിഷേധിക്കണം. കാരണം, പിതാവിന്റെ സത്തയിൽ നിന്നും ദൈവത്വത്തിൽ നിന്നും പുത്രനെ വേർതിരിക്കയും വചനത്തെ പിതാവിൽ നിന്ന് അകറ്റുകയും ചെയ്യുന്നവരെ കത്തോലിക്കാസഭയിൽ നിന്ന് വേർതിരിക്കുകയും ക്രിസ്ത്യാനികൾ എന്നു പേരുള്ള എല്ലാവരിൽ നിന്നും അകറ്റുകയും ചെയ്യണം. സത്യവചനത്തെ ദുഷിപ്പിച്ചതിനാൽ, അവർ നിങ്ങൾക്കും എല്ലാ വിശ്വാസികൾക്കും ശപ്തരായിരിക്കട്ടെ. “നിങ്ങൾ സ്വീകരിച്ചതിൽ നിന്നു വ്യത്യസ്തമായ മറ്റൊരു സുവിശേഷം ആരെങ്കിലും അവതരിപ്പിച്ചാൽ, അവൻ ശപിക്കപ്പെട്ടവനാകട്ടെ” എന്ന് ശ്ലീഹായുടെ കൽപ്പന നമ്മെ കടപ്പെടുത്തുന്നു (ഗലാ.1,8). അവരുമായി ആരും സംസർഗം ചെയ്യരുതെന്ന് കൽപ്പിക്കണം. കാരണം, പ്രകാശത്തിന് അന്ധകാരവുമായി സംസർഗമില്ല. അവരിൽ നിന്ന് അകന്നു കഴിയുവിൻ. കാരണം, ക്രിസ്തുവിന് ബലിയാലുമായി എന്തു യോജിപ്പാണുള്ളത്? വത്സല സഹോദരരേ, നിങ്ങൾ അവർക്കെഴുതുകയോ, അവരുടെ കത്തുകൾ സ്വീകരിക്കുകയോ ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ. വത്സലസഹോദരരും സഹശുശ്രൂഷകരുമേ, ലോകം മുഴുവനുമുള്ള നമ്മുടെ സഹശുശ്രൂഷകരുടെ ഇടയിൽ അഭിപ്രായൈക്യം കാത്തുസൂക്ഷിക്കുന്നതിന് അരൂപിയിൽ ഞങ്ങളോടൊത്ത് കൗൺസിലിൽ സന്നിഹിതരായിരിക്കുകയും അവിടെ നടന്നവയ്ക്ക് ഹൃദയപൂർവം സമ്മതം നൽകുകയും അതിന് നിങ്ങളുടെ കൈയൊപ്പിടുകയും ചെയ്യാൻ പരിശ്രമിക്കുക.

ക്രിസ്തു ദൈവമാണെന്നു പറയുകയും എന്നാൽ സത്യദൈവമാണെന്ന് പറയാതിരിക്കുകയും, അവൻ പുത്രനാണെന്ന് പറയുകയും എന്നാൽ സത്യപുത്രനാണെന്ന് പറയാതിരിക്കുകയും, അവൻ ജനിച്ചവനും നിർമിക്കപ്പെട്ടവനുമാണെന്ന് പറയുകയും ചെയ്യുന്നവർ കത്തോലിക്കാ സഭയിൽ നിന്നു പുറംതള്ളപ്പെട്ടവരായി ഞങ്ങൾ പ്രഖ്യാപിക്കുന്നു. കാരണം, ജനിച്ചവൻ എന്നപദം നിർമിക്കപ്പെട്ടവൻ എന്ന അർഥത്തിലാണ് മനസ്സിലാക്കുന്നതെന്ന് അത്തരക്കാർ പറയുന്നു. ദൈവപുത്രൻ യുഗങ്ങൾക്കു മുമ്പ് സ്ഥിതി ചെയ്തിരുന്നെങ്കിലും സമയത്തിൽ സ്ഥിതി ചെയ്യാതിരിക്കുകയും എന്നാൽ എല്ലാ സമയങ്ങൾക്കും മുമ്പനായിരിക്കുകയും ചെയ്തതിനാൽ, അവർ അവന് ആരംഭവും അവസാനവും ആരോപിക്കുന്നു. അണലി ജനിപ്പിച്ച രണ്ട് അണലികളെ പോലെ വാലൻസും ഉർസാചിയുസും ആരിയൻ പാഷണ്ഡതയിൽ നിന്നു പുറപ്പെട്ടു.

തങ്ങൾ സംശയരഹിതരായ ക്രിസ്ത്യാനികളാണെന്ന് അവർ വീമ്പടിച്ച് പ്രഖ്യാപിക്കുന്നു. എങ്കിലും വചനവും പരിശുദ്ധാത്മാവും ക്രൂശിക്കപ്പെടുകയും കൊല്ലപ്പെടുകയും മരിക്കുകയും ഉത്ഥാനം ചെയ്യുകയും ചെയ്തെന്ന് അവർ പറയുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും വ്യത്യസ്ത സത്തയാണെന്ന് പാഷണ്ഡികളെപ്പോലെ ദുർവാശിയോടെ കരുതുന്നു. നാമാകട്ടെ, പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഏക സത്തയാണെന്ന കാതോലികവും ശ്ലൈഹികവുമായ പാരമ്പര്യവും വിശ്വാസവും ഏറ്റുപറച്ചിലും പഠിക്കുകയും പഠിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നു. ആ ഏകസത്തയെ നാം *ഉസിയാ* എന്നു വിളിക്കുന്നു.

പുത്രന്റെ സത്ത എന്താണെന്നു ചോദിച്ചാൽ, പിതാവിന്റേതു മാത്രമാണെന്ന് അംഗീകരിക്കണമെന്ന് നാം ഏറ്റുപറയുന്നു. കാരണം, പിതാവ് ഒരിക്കലും പുത്രനെ കൂടാതെയല്ല. പുത്രൻ പിതാവിനെ കൂടാതെയുമല്ല. പിതാവ് പുത്രനെ കൂടാതെ എപ്പോഴെങ്കിലും സ്ഥിതി ചെയ്തിരുന്നെന്ന് പറയുന്നത് മഹാമണ്ടത്തരമാണ്. "ഞാൻ എന്റെ പിതാവിലും പിതാവ് എന്നിലുമാണ്" എന്നും, "ഞാനും എന്റെ പിതാവും ഒന്നാണ്" എന്നും പുത്രൻ തന്നെ സാക്ഷിപ്പെടുത്തിയിട്ടുള്ളതാണ് (യോഹ.14,10;10,30).

അവൻ ജനിച്ചവനാണെന്നുള്ളത് നമ്മളാരും നിഷേധിക്കുന്നില്ല. എന്നാൽ ദൃശ്യവും അദൃശ്യവുമായ എല്ലാറ്റിനും മുമ്പേ അവൻ ജനിച്ചെന്നു നാം പറയുന്നു. അവനാണ് മാലാഖമാരുടെയും പ്രധാന മാലാഖമാരുടെയും ലോകത്തിന്റെയും മനുഷ്യകുലത്തിന്റെയും സ്രഷ്ടാവ്. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "സകലതും രൂപപ്പെടുത്തുന്ന ജ്ഞാനമാണ് എന്നെ അഭ്യസിപ്പിച്ചത്." "എല്ലാം അവനിലൂടെ ഉണ്ടായി."(വിജ്ഞാനം, 7,22; യോഹ.1,3). അവന് ആരംഭം ഉണ്ടായിരുന്നെങ്കിൽ, അവന് എപ്പോഴും സ്ഥിതി ചെയ്യാൻ കഴിയുമായിരുന്നില്ല. കാരണം, നിത്യനായ വചനത്തിന് ആരംഭമില്ല. ദൈവത്തിന് ഒരിക്കലും അവസാനമില്ല.

പിതാവ് പുത്രനാണെന്നും പുത്രൻ പിതാവാണെന്നും നാം പറയുന്നില്ല. പിന്നെയോ, പിതാവ് പിതാവാണ്. പുത്രൻ പിതാവിന്റെ പുത്രനാണ്. പുത്രൻ പിതാവിന്റെ ശക്തിയാണെന്ന് നാം ഏറ്റുപറയുന്നു. വചനം പിതാവായ ദൈവത്തിന്റെ വചനമാണെന്ന് നാം ഏറ്റുപറയുന്നു. അവനല്ലാതെ മറ്റാരുമില്ല. വചനം സത്യദൈവവും വിജ്ഞാനവും ശക്തിയുമാണെന്ന് നാം വിശ്വസിക്കുന്നു. അവൻ സത്യമായും പുത്രനാണെന്ന് നാം പറയുന്നു. എന്നാൽ മറ്റുള്ളവർ പുത്രന്മാർ ആയിരിക്കുന്നതു പോലെയല്ല. കാരണം, അവർ വീണ്ടുംജനനത്താൽ ദൈവമക്കളാണ്, അഥവാ, അവരുടെ സുകൃതം നിമിത്തം ദൈവപുത്രരെന്നു വിളിക്കപ്പെടുന്നു. നാം പിതാവും പുത്രനും പോലെ ഏകസത്തയാലല്ല അപ്രകാരമായിരിക്കുന്നത്. നാം ഒരേയൊരു ഏകജാതനെയും ആദ്യജാതനെയും ഏറ്റുപറയുന്നു. വചനമാണ് ഏകജാതൻ. അവൻ എപ്പോഴും പിതാവിൽ ഉണ്ടായിരുന്നു. അവൻ എപ്പോഴും പിതാവിലാണ്. ആദ്യജാതൻ എന്ന വാക്ക് നാം ഉപയോഗിക്കുന്നത് അവന്റെ മനുഷ്യസ്വഭാവം സംബന്ധിച്ചാണ്. എന്നാൽ അവൻ ഉത്ഥാനത്തിന്റെ നവസൃഷ്ടിയിൽ മനുഷ്യരേക്കാൾ ഉപരിസ്ഥനാണ്. കാരണം, അവൻ മൃത്യുവിൽ നിന്നുള്ള ആദ്യജാതനാണ്.

ദൈവം സ്ഥിതി ചെയ്യുന്നു എന്നു നാം ഏറ്റുപറയുന്നു. പിതാവിന്റെയും പുത്രന്റെയും ദൈവത്വം ഏകമാണെന്ന് നാം ഏറ്റുപറയുന്നു. പിതാവ് പുത്രനേക്കാൾ വലിയവനാണെന്നത് ആരും നിഷേധിക്കുന്നില്ല. അത് മറ്റൊരു സത്തയാലല്ല, അവർ തമ്മിലുള്ള വ്യത്യസ്തതയാലുമല്ല. പിന്നെയോ, പിതാവ് എന്ന നാമം പുത്രൻ എന്ന നാമത്തേക്കാൾ വലിയതായതുകൊണ്ടു മാത്രം. "ഞാനും എന്റെ പിതാവും ഒന്നാണ്" എന്ന നമ്മുടെ കർത്താവിന്റെ വാക്കുകൾ പിതാവും പുത്രനും തമ്മിലുള്ള യോജിപ്പും ഹൃദയൈക്യവും എന്ന മട്ടിൽ അവർ വിശദീകരിക്കുന്നു. എന്നാലത് ദൈവദൂഷണവും വഴിപിഴച്ച വ്യാഖ്യാനവുമാണ്. ദുർഭഗവും മൂഢവുമായ ഈ അഭിപ്രായം കത്തോലിക്കർ എന്ന നിലയിൽ നാം ഏകയോഗമായി ശപിച്ചുതള്ളുന്നു. കാരണം, മർത്യരുടെ ഇടയിൽ കലഹം ഉണ്ടാക്കുകയും പിന്നെ രമ്യതപ്പെടുത്തുകയും ചെയ്യുന്നതുപോലെ തർക്കങ്ങളും അഭിപ്രായവ്യത്യാസങ്ങളും സർവശക്തനായ പിതാവായ ദൈവത്തിന്റെയും അവന്റെ പുത്രന്റെയും ഇടയിൽ ഉണ്ടാകുന്നെന്ന് ഈ വ്യാഖ്യാനങ്ങൾ ജൽപ്പിക്കുന്നു. ഈ അനുമാനം പൂർണമായും മണ്ടത്തരവും അസ്വീകാര്യവുമാണ്. എന്നാൽ, "ഞാനും എന്റെ പിതാവും ഒന്നാണ്" എന്ന വിശുദ്ധ വാക്കുകൾ സത്തയുടെ ഏകത്വത്തെ കുറിക്കുന്നെന്ന് നാം വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. പിതാവിനും പുത്രനും ഏകസത്തയാണ്.

പുത്രൻ പിതാവിനോടൊത്ത് ഭരിക്കുന്നെന്നും നാം വിശ്വസിക്കുന്നു. അവന്റെ ഭരണത്തിന് ആരംഭവും അവസാനവുമില്ല. അത് കാലബന്ധിതമല്ല. അത് ഒരിക്കലും അവസാനിക്കുന്നില്ല. കാരണം, എപ്പോഴും സ്ഥിതി ചെയ്യുന്നതിന് ആരംഭവും അവസാനവുമില്ല.

കർതൃവാഗ്ദാനം അനുസരിച്ച് നമുക്ക് അയച്ചുതന്ന ആശ്വാസപ്രദനായ

പരിശുദ്ധാത്മാവിൽ നാം വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിനെ നാം സ്വീകരിക്കുന്നു. അയക്കപ്പെട്ടവനായി നാം അവനിൽ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവല്ല പീഡയനുഭവിച്ചത്, പിന്നെയോ, വചനമാം ദൈവം ധരിച്ച മനുഷ്യത്വമാണ്. അവനത് കന്യകാമറിയത്തിൽ നിന്നെടുത്തു, അത് മനുഷ്യൻ ആകയാൽ സഹനവിധേയൻ ആയിരുന്നു. കാരണം, മനുഷ്യൻ മരണവിധേയനാണ്. എന്നാൽ ദൈവം അമർത്യനാണ്. മൂന്നാംനാൾ അവൻ ഉത്ഥാനം ചെയ്തു. ദൈവത്തിലുള്ള മനുഷ്യൻ. മനുഷ്യനിലുള്ള ദൈവമല്ല. അവിടുന്ന് തന്റെ മനുഷ്യത്വം ഒരു സമ്മാനമായി പിതാവിങ്കൽ കൊണ്ടുവന്നു. അതിനെ അവൻ പാപത്തിൽ നിന്നും ജീർണതയിൽ നിന്നും വിമുക്തമാക്കി. താൻ നിശ്ചയിച്ച സമയത്ത് അവൻ തന്നെ എല്ലാ മനുഷ്യരെയും അവരുടെ പ്രവൃത്തികളെയും വിധിക്കുമെന്നും നാം വിശ്വസിക്കുന്നു.

സത്യവെളിച്ചം കാണാൻ കഴിയാത്തവണ്ണം, നാം സൂചിപ്പിച്ചവരുടെ മാനസ്സികാന്ധതയും അജ്ഞതയും അത്രമാത്രം വലുതാണ്. “അവർ നമ്മിൽ ഒന്നായിരിക്കുന്നതിന്” എന്ന വാക്കുകളുടെ അർഥം ഗ്രഹിക്കാൻ അവർക്കാവില്ല. ‘ഒന്ന്’ എന്ന വാക്ക് ഉപയോഗിച്ചത് എന്തിനാണെന്ന് സുവ്യക്തം. കാരണം, ശ്ലീഹന്മാർ ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ സ്വീകരിച്ചെങ്കിലും, അവരിലാരും ആത്മാവോ, വചനമോ, വിജ്ഞാനമോ, ശക്തിയോ, ഏകജാതനോ ആയിരുന്നില്ല. “നാം ഒന്നായിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിരിക്കാൻ”. ‘അവരും ഒന്നായിരിക്കാൻ’ എന്നത് കൃത്യമാണ്. കാരണം, “ഞാനും എന്റെ പിതാവും ഒന്നായിരിക്കുന്നതു പോലെ ഒന്ന്” എന്ന് നമ്മുടെ കർത്താവ് പറഞ്ഞില്ല. പിന്നെയോ, അവിടുന്ന് പറഞ്ഞത്: ശിഷ്യന്മാർ വിശ്വാസത്തിലും ഏറ്റുപറച്ചിലിലും പിതാവാം ദൈവത്തിന്റെ കൃപയിലും ഭക്തിയിലും ഐക്യപ്പെട്ടും യോജിച്ചും, നമ്മുടെ കർത്താവേശുമിശിഹായുടെ സ്നേഹത്തിലും പരിലാളനയിലും ഒന്നായി തീരുന്നതിനു വേണ്ടിയാണ്.

പരദൂഷകരുടെ ഇരട്ടത്താപ്പും മുൻന്യായാധിപന്മാരുടെ നെറികേടും ഡിക്രികളുടെ നിജസ്ഥിതിയും ഈ കത്തിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്. ദൈവസ്വഭാവത്തെ പറ്റിയുള്ള സത്യങ്ങളും മനുഷ്യാവതാര സംബന്ധമായ പ്രബോധനങ്ങളും ഈ വിശുദ്ധപിതാക്കന്മാർ നമ്മെ പഠിപ്പിച്ചു.”

തന്റെ സഹോദരനായ കോൺസ്റ്റാൻസ്യൂസിന്റെ അലസമനോഭാവത്തിൽ കോൺസ്റ്റൻസ് ചക്രവർത്തി വളരെ അസ്വസ്തനായി. ഈ ഗൂഢാലോചന മെനഞ്ഞുണ്ടാക്കി അതിൽ നിന്ന് മുതലെടുക്കുന്നവർക്കെതിരെ വളരെ രോഷാകുലനായി. സാർദിക്കാ സിനഡിൽ സംബന്ധിച്ച രണ്ട് മെത്രാന്മാരെ അദ്ദേഹം തെരഞ്ഞെടുത്ത്, കത്തുമായി തന്റെ സഹോദരന്റെ പക്കലേക്കയച്ചു. അതോടൊപ്പം, ഭക്തനും സത്യസന്ധനുമായ മിലിറ്ററി കമാൻഡർ സലിയാനൂസിനെയും അയച്ചു. അവരുടെ കൈയിൽ കൊടുത്തുവിട്ട കത്തുകളിൽ അപേക്ഷകളും ഉപദേശങ്ങളും ഭീഷണികളും ഉൾക്കൊണ്ടിരുന്നു. മെത്രാന്മാർക്ക് പറയാനുള്ളതെല്ലാം ശ്രദ്ധാപൂർവം കേൾക്കണമെന്നും, സ്റ്റീഫന്റെയും സഹകാരികളുടെയും കുറ്റങ്ങളെ പറ്റി തീരുമാനം ഉണ്ടാക്കണമെന്നും നിർദേശിച്ചു.

ദുരാരോപകരുടെ അപവാദങ്ങളും മുൻന്യായാധിപന്മാരുടെ അനീതിയും അസൂയയും സുസ്പഷ്ടമായതിനാൽ, അത്തനാസ്യോസിനെ തന്റെ ജനത്തിന്റെ പക്കലേക്ക് തിരികെ അയക്കണമെന്നും ആവശ്യപ്പെട്ടു. തന്റെ അപേക്ഷ സ്വീകരിച്ച് നീതി നടപ്പാക്കാതിരുന്നാൽ, താൻ തന്നെ അലക്സാണ്ഡ്രിയായിലേക്ക് പോയി, അദ്ദേഹത്തിനായി താൽപ്പര്യപൂർവം കാത്തിരിക്കുന്ന ജനത്തിന്, അദ്ദേഹത്തെ തിരികെ നൽകുകയും എതിരാളികളെയെല്ലാം പുറത്താക്കുകയും ചെയ്യുമെന്നും അറിയിച്ചു.

ഈ കത്തു കിട്ടിയപ്പോൾ കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി അന്ത്യോക്യയിൽ ആയിരുന്നു. തന്റെ സഹോദരൻ കൽപ്പിച്ചതെല്ലാം നടപ്പാക്കാമെന്ന് അയാൾ സമ്മതിച്ചു.

### അധ്യായം 7

## സ്റ്റീഫന്റെ ഗൂഢാലോചന

സത്യത്തിന്റെ എതിരാളികൾ ഈ നടപടിക്രമങ്ങളിൽ വളരെ അസന്തുഷ്ടരായി. വളരെ നിന്ദ്യവും കുപ്രസിദ്ധവും അഭക്തവുമായ ഒരതിക്രമം അവർ പ്ലാൻ ചെയ്തു. സിനഡ് അയച്ച ആ രണ്ടു മെത്രാന്മാർ മലയുടെ അടിവാരത്തിനടുത്തും മിലിറ്ററി കമാൻഡർ മറ്റൊരിടത്തുള്ള താമസസ്ഥലത്തും രാപാർത്തു. ഇക്കാലത്ത് സ്റ്റീഫനായിരുന്നു അന്ത്യോക്യൻ മെത്രാൻ. അയാൾ ഏതാണ്ട് കപ്പൽ മുക്കി. തന്റെ സ്വേച്ഛാധിപത്യ പ്രവണതകൾക്ക് അയാൾ നിരവധി പിണിയാളുകളെ ഉപയോഗിച്ചു.

സത്യവിശ്വാസം പുലർത്തിയ അനേകരെ അവരുടെ സഹായത്താൽ അയാൾ നിരവധി അപകടങ്ങളിൽ ചാടിച്ചു. അയാളുടെ പിണിയാളുകളുടെ നേതാവ് ലക്കും ലഗാനുമില്ലാത്തവനും കൂസലില്ലാത്തവനും നിന്ദ്യമായ ജീവിതം നയിച്ചിരുന്നവനുമായ ഒരു യുവാവായിരുന്നു. അവൻ ചന്തസ്ഥലത്തുനിന്ന് പുരുഷന്മാരെ വലിച്ചിഴച്ചുകൊണ്ടുപോയി മർദിക്കുകയും പരിഹസിക്കുകയും ചെയ്തിരുന്നു. ഭവനങ്ങളിൽ കയറി മാന്യരായ സ്ത്രീപുരുഷന്മാരെ പിടിച്ചുകൊണ്ടുപോയിരുന്നു. അവന്റെ പാതകങ്ങളെ പറ്റി കൂടുതൽ പറയാതെ, മെത്രാന്മാരോട് അവൻ കാട്ടിയ കൊടുംപാതകം മാത്രം സൂചിപ്പിക്കാം. പൗരന്മാർക്കെതിരെ അവൻ ചെയ്ത നിയമരഹിത കർമങ്ങളെപ്പറ്റി ഒരാശയം കിട്ടാൻ ഇതുമാത്രം മതിയാകും.

അവൻ പട്ടണത്തിലെ ഒരു അഴിഞ്ഞാട്ടക്കാരിയുടെ പക്കലെത്തി, ചില അപരിചിതർ വന്നിട്ടുണ്ടെന്നും, അവളുടെ കൂടെ രാത്രി ചെലവഴിക്കാൻ ആഗ്രഹിക്കുന്നെന്നും പറഞ്ഞുധരിപ്പിച്ചു. അയാൾ തന്റെ കൂടെയുള്ള പതിനഞ്ചു റൗഡികളെ മലയുടെ അടിവാരത്തുള്ള മതിലിനിടയിൽ ഒളിപ്പിച്ചുനിർത്തി. എന്നിട്ട് ആ വേശ്യയുടെ പക്കലേക്കു പോയി. പ്ലാനും

പദ്ധതിയും അനുസരിച്ചുള്ള അടയാളം നൽകി. ഗൂഢാലോചന അറിയാവുന്നവർ അവിടെ ഉണ്ടെന്ന് ഉറപ്പുവരുത്തി. എന്നിട്ട്, മെത്രാന്മാർ താമസിച്ചിരുന്ന സത്രത്തിന്റെ ഗേറ്റിനടുത്തേക്ക് അവൻ ചെന്നു. കൈക്കൂലി കിട്ടിയ ഒരു ജോലിക്കാരൻ ഗേറ്റു തുറന്നു കൊടുത്തു. എന്നിട്ട് അയാൾ ആ സ്ത്രീയെ സത്രത്തിലേക്ക് കൂട്ടിക്കൊണ്ടുവന്നു. മെത്രാന്മാരിലൊരാൾ ഉറങ്ങുകയും അവൾ ചെല്ലാൻ ആഗ്രഹിച്ചെന്ന് പറയുകയും ചെയ്ത മുറി അവൾക്ക് കാണിച്ചുകൊടുത്തു. അവൻ കാട്ടിയ മുറി പുറത്തുള്ളതും പ്രായമുള്ള എവുപ്രാതാസിന്റേതുമായിരുന്നു. മറ്റേ മെത്രാൻ, വിൻസെൻസ്യൂസ്, ഉൾമുറിയിൽ ആയിരുന്നു.

ആ സ്ത്രീ എവുപ്രാതാസിന്റെ മുറിയിൽ കടന്നപ്പോൾ അദ്ദേഹം അവളുടെ കാലൊച്ച കേട്ടു. ഇരുട്ടായിരുന്നതിനാൽ ആരാണവിടെ എന്ന് അദ്ദേഹം ചോദിച്ചു. അവൾ മറുപടി പറഞ്ഞു. എവുപ്രാതാസ് ഭയചകിതനായി. പിശാച് സ്ത്രീയുടെ സ്വരത്തിൽ സംസാരിക്കുന്നെന്ന് അദ്ദേഹം കരുതി. അദ്ദേഹം സഹായത്തിനായി രക്ഷകനായ ക്രിസ്തുവിനെ വിളിച്ചപേക്ഷിച്ചു.

ആ ദുഷ്ടക്കൂട്ടത്തിന്റെ തലവന്റെ പേര് ഒണാഗർ(ഒണാഗ്രോസ്) എന്നായിരുന്നു. അവൻ ഭക്തർക്കെതിരെ തന്റെ കൈകൾ മാത്രമല്ല, കാലുകളും പ്രയോഗിച്ചിരുന്നു. അതുകൊണ്ട് ഒണാഗർ (കാട്ടുകഴുത) എന്ന പേര് അയാൾക്ക് തികച്ചും ചേരുന്നതായിരുന്നു. തെറ്റുകുറ്റങ്ങളുടെ ന്യായാധിപന്മാരായി പ്രതീക്ഷിക്കപ്പെട്ടവരെ കുറ്റക്കാരായി ആരോപിച്ചുകൊണ്ട് ഇതിനിടെ അയാൾ തന്റെ നിയമരഹിതസംഘവുമായി തിരിച്ചെത്തി.

ശബ്ദകോലാഹലം ഉണ്ടായപ്പോൾ ജോലിക്കാരെല്ലാം ഓടിക്കൂടി. അപ്പോൾ വിൻസെൻസ്യൂസും ഉണർന്നു. ജോലിക്കാർ മുറ്റത്തെ ഗേറ്റടച്ചു. അയാളുടെ കൂട്ടത്തിലെ ഏഴുപേരെ പിടികൂടി. എന്നാൽ ഒണാഗറും ശേഷിച്ചവരും കടന്നുകളഞ്ഞു. പിടിക്കപ്പെട്ടവരുടെ കൂടെ ആ സ്ത്രീയേയും കസ്റ്റഡിയിൽ വച്ചു. തങ്ങളുടെ കൂടെ വന്ന ഓഫീസറെ മെത്രാന്മാർ പ്രഭാതത്തിൽ ഉണർത്തി. സ്റ്റീഫന്റെ ക്രൂരകൃത്യങ്ങളെ പറ്റി പരാതിപ്പെടാൻ അവർ ഒന്നിച്ച് കൊട്ടാരത്തിലേക്ക് തിരിച്ചു. അയാളുടെ ദുഷ്കർമങ്ങൾ തെളിയിക്കാൻ വിചാരണയോ, പീഡനമോ വേണ്ടിവരാത്തവണ്ണം അത്രമാത്രം സുസ്പഷ്ടമായിരുന്നു ഈ സംഭവം. സിനഡു കൂടിയല്ല ഈ ധാർഷ്ഠ്യകർമം പരിഗണിക്കേണ്ടത്. പിന്നെയോ, സാധാരണ നിയമ നടപടിയാണ് ആവശ്യമെന്ന് ചക്രവർത്തിയോട് ജനറൽ ഉച്ചത്തിൽ ആവശ്യപ്പെട്ടു. ഈ സംഭവവുമായി ബന്ധപ്പെട്ട വൈദികരെ ചോദ്യം ചെയ്യലിന് വിട്ടുതരാമെന്ന് ചക്രവർത്തി വാഗ്ദാനം ചെയ്തു. സ്റ്റീഫന്റെ ഏജന്റന്മാർ പീഡിപ്പിക്കപ്പെടണമെന്നും പ്രഖ്യാപിച്ചു. വൈദികരെ തല്ലാൻ പാടില്ലെന്നു പറഞ്ഞ് സ്റ്റീഫൻ ധിക്കാരപൂർവം ഇതിനെ എതിർത്തു. അപ്പോൾ ഈ കേസ് കൊട്ടാരത്തിൽ വച്ച് വിധിക്കാമെന്ന് ചക്രവർത്തിയും പ്രധാനപ്പെട്ട അധികാരികളും തീരുമാനിച്ചു.

ആ സ്ത്രീയെ ആദ്യം ചോദ്യം ചെയ്തു. മെത്രാന്മാർ താമസിച്ചിരുന്ന സത്രത്തിൽ അവളെ കൂട്ടിക്കൊണ്ടുവന്നത് ആരാണെന്ന് ചോദിച്ചു. ഒരു ചെറുപ്പക്കാരൻ തന്റെ അടുത്തുവന്ന്, തന്റെ സാന്നിധ്യം കാംക്ഷിച്ച അപരി

ചിതർ വന്നിട്ടുണ്ടെന്നു പറഞ്ഞു എന്ന് അവൾ പ്രതിവചിച്ചു. അയാളാണ് സത്രത്തിൽ കൂട്ടിക്കൊണ്ടുവന്നത്. പിന്നീട് അയാൾ തന്റെ സംഘത്തെ കാണാൻപോയി. അവരെ കണ്ടെത്തിയപ്പോൾ, മുറ്റത്തെ വാതിലിലൂടെ അയാൾ എന്നെ അകത്തുകയറ്റി അടുത്തുള്ള മുറിയിലേക്കു കടന്നു ചെല്ലാൻ പറഞ്ഞു. അവിടെ ആരാണ് എന്ന് മെത്രാൻ ചോദിച്ചു. അദ്ദേഹം ഭയചകിതനായി പ്രാർഥിക്കാൻ തുടങ്ങി. അപ്പോൾ മറ്റുള്ളവർ അവിടേക്ക് ഓടിയെത്തി.

### അധ്യായം 8

## സ്റ്റീഫൻ സ്ഥാനഭ്രഷ്ടനാക്കപ്പെടുന്നു

മറുപടി കേട്ടപ്പോൾ അറസ്റ്റു ചെയ്യപ്പെട്ടവരിൽ ഏറ്റവും ഇളയവനെ തങ്ങളുടെ മുമ്പിൽ ഹാജരാക്കാൻ ന്യായാധിപന്മാർ കൽപ്പിച്ചു. അവന് തല്ലു കൊടുത്ത് അന്വേഷിക്കുന്നതിനു മുമ്പുതന്നെ അവൻ ഗൂഢാലോചന മുഴുവൻ വെളിപ്പെടുത്തി. പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയത് ഒണാഗർ ആണെന്ന് അവൻ പറഞ്ഞു. അവനെ വരുത്തിയപ്പോൾ, താൻ സ്റ്റീഫന്റെ നിർദേശാനുസൃതം പ്രവർത്തിച്ചതേയുള്ളെന്നു പറഞ്ഞു. സ്റ്റീഫന്റെ കുറ്റം സ്പഷ്ടമായി തെളിഞ്ഞതിനാൽ, അയാളെ സ്ഥാനഭ്രഷ്ടനാക്കി സഭയ്ക്കു പുറത്താക്കാൻ സന്നിഹിതരായ മെത്രാന്മാർക്ക് നിർദേശം ലഭിച്ചു. അയാളെ പുറത്താക്കിയതുകൊണ്ട് സഭ പൂർണമായി ആരിയനിസത്തിൽ നിന്നു വിമുക്തമായില്ല. അയാളുടെ പിൻഗാമിയായ ലെയോൺഷ്യൂസ് ഫ്രീജിയാക്കാരനും തന്ത്രശാലിയുമായിരുന്നു. കടലിൽ താണ കല്ലുപോല ആയിരുന്നു അയാളെന്ന് വേണമെങ്കിൽ പറയാം. അയാളെ പറ്റി പിന്നാലെ വിവരിക്കുന്നതാണ്.

### അധ്യായം 9

## അത്തനാസ്യോസിന്റെ രണ്ടാം തിരിച്ചുവരവ്

മെത്രാന്മാർക്കെതിരെയുള്ള ഗൂഢാലോചനയ്ക്കുശേഷം, കോൺസ്റ്റാൻ സ്യൂസ് ചക്രവർത്തി, മഹാനായ അത്തനാസ്യോസ് പടിഞ്ഞാറുനിന്ന് തിരികെ വരാൻ മൂന്നു പ്രാവശ്യം കത്തെഴുതി. അവയിൽ ഏറ്റവും ചെറിയ രണ്ടാമത്തെ കത്ത് താഴെ കൊടുക്കുന്നു:

“ജേതാവായ കോൺസ്റ്റാൻസ്യൂസ് അഗസ്റ്റസ്, അത്തനാസ്യോസിന്,

എന്റെ തീവ്രാഭിലാഷാനുസൃതം, അങ്ങയുടെ സ്വന്തം രൂപതയിൽ അങ്ങയെ പുനഃപ്രതിഷ്ഠിക്കാൻവേണ്ടി ഭയമോ ശല്യമോ കൂടാതെ അങ്ങേയ്ക്ക് എന്റെ കൊട്ടാരത്തിൽ എത്തുന്നതിന് മുൻകത്തുകളിലൂടെ അങ്ങയെ ഞാൻ

അറിയിച്ചിട്ടുള്ളതാണല്ലോ. എങ്കിലും അങ്ങ് ആഗ്രഹിക്കുന്നതെല്ലാം ലഭിക്കുന്നതിന് ഭയമോ, സംശയമോ കൂടാതെ ഒരു പൊതുവാഹനമെടുത്ത് ഉടൻ തന്നെ നമ്മുടെ പക്കലേക്ക് തിരികെ വരാൻ ഉപദേശിച്ചു കൊണ്ട് ഞാനിപ്പോൾ മറ്റൊരു കത്തെഴുതുന്നു"

അത്തനാസ്യോസ് തിരികെ എത്തിയപ്പോൾ കോൺസ്റ്റാൻസ്യൂസ് അദ്ദേഹത്തെ കരുണയോടെ സ്വീകരിക്കുകയും അലക്സാണ്ഡ്രിയൻ സഭയിലേക്ക് പോകാൻ അനുവദിക്കുകയും ചെയ്തു. എന്നാൽ അത്തനാസ്യോസുമായി കൂട്ടായ്മ പുലർത്താൻ ഇഷ്ടപ്പെടാത്തവർക്കായി അലക്സാണ്ഡ്രിയായിൽ ഒരു പള്ളി വിട്ടുകൊടുക്കണമെന്ന്, ആരിയൻ പാഷണ്ഡതയിൽ പെട്ടവരും കൊട്ടാരവുമായി ബന്ധപ്പെട്ടവരുമായ ചിലർ ആഗ്രഹിച്ചു. അവരിത് ചക്രവർത്തിയെ അറിയിച്ചു. ചക്രവർത്തി ഇക്കാര്യം അത്തനാസ്യോസിനോട് പറഞ്ഞു. രാജകൽപ്പന നീതിപൂർവകമാണ്. എന്നാൽ തനിക്കും ഒരപേക്ഷ സമർപ്പിക്കാനുണ്ടെന്ന് അത്തനാസ്യോസ് പറഞ്ഞു. അദ്ദേഹം ചോദിക്കുന്നതെന്തും നൽകാമെന്ന് ചക്രവർത്തി ഉറപ്പായി പറഞ്ഞു. ഇപ്പോൾ അന്ത്യോക്യയിൽ നേതൃസ്ഥാനത്ത് ഇരിക്കുന്നവരുമായി കൂട്ടായ്മ പുലർത്താൻ ഇഷ്ടപ്പെടാത്തവർക്ക് പ്രാർഥനയ്ക്കായി അവിടെയുള്ള ഒരു പള്ളി വിട്ടുകൊടുക്കുന്നത് ന്യായമാണെന്ന് അത്തനാസ്യോസ് പറഞ്ഞു. അത് ശരിയാണെന്ന് ചക്രവർത്തിക്ക് തോന്നി. എന്നാൽ അത് നടപ്പാക്കാൻ ആരിയൻ നേതാക്കന്മാർ വിസമ്മതിച്ചു. കൈവശമുള്ള പള്ളികളൊന്നും വിട്ടുകൊടുക്കാനാവില്ലെന്ന് അവർ പറഞ്ഞു.

ചക്രവർത്തിക്ക് ഇക്കാര്യത്തിൽ അത്തനാസ്യോസിനോട് വലിയ ആദരവു തോന്നി. അദ്ദേഹത്തെ അലക്സാണ്ഡ്രിയായിലേക്കയച്ചു. ഗ്രിഗറി മരിച്ചു കഴിഞ്ഞിരുന്നു. അലക്സാണ്ഡ്രിയാക്കാർ തന്നെയാണ് അയാളെ കൊന്നത്. തങ്ങളുടെ ഇടയൻ തിരിച്ചെത്തിയതിൽ ജനങ്ങൾ അദ്ദേഹത്തിന്റെ ബഹുമാനാർഥം ആഘോഷം നടത്തി ദൈവത്തെ സ്തുതിച്ചു. അധികം വൈകാതെ കോൺസ്റ്റൻസ് ചക്രവർത്തി മരിച്ചു.

### അധ്യായം 10

## അത്തനാസ്യോസിന്റെ മൂന്നാം നാടുകടത്തലും ഒളിച്ചോട്ടവും

ചക്രവർത്തിമാർ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാനും അത് സ്വാഭാവിക സ്നേഹബന്ധത്തിന്റെ ശിഥിലീകരണത്തിന്റെ വക്കിലെത്താനും ആഭ്യന്തരകലഹം ഊതിക്കത്തിക്കാനും കാരണക്കാരൻ അത്തനാസ്യോസ് ആണെന്ന് കോൺസ്റ്റാൻസ്യൂസിന്റെ മേൽ സ്വാധീനമുള്ളവർ തങ്ങളുടെ ഇഷ്ടാനുസൃതം സംഗതികൾ അവതരിപ്പിച്ചു. തന്നിമിത്തം അത്തനാസ്യോസിനെ നാടുകടത്താൻ മാത്രമല്ല, അദ്ദേഹത്തെ കൊല്ലാനും കോൺസ്റ്റാൻ

സ്യൂസ് പ്രേരിതനായി. അദ്ദേഹത്തെ ഒരു കുറ്റവാളി എന്ന നിലയിൽ കണ്ട്, കൊല്ലാനായി സെബാസ്റ്റ്യൻ എന്ന മിലിറ്ററി കമാൻഡറുടെ നേതൃത്വത്തിൽ ഒരുവലിയ സൈന്യത്തെ അയച്ചു. എങ്ങനെ അയാൾ ആക്രമണം നടത്തിയെന്നും അത്തനാസ്യോസ് എങ്ങനെ രക്ഷപെട്ടെന്നും അദ്ദേഹത്തിൽ നിന്നു തന്നെ ഗ്രഹിക്കാം.

തന്റെ ഒളിച്ചോട്ടത്തെ പറ്റിയുള്ള ന്യായീകരണത്തിൽ അത്തനാസ്യോസ് ഇപ്രകാരം എഴുതുന്നു:

"എന്റെ ഒളിച്ചോട്ടത്തിന്റെ സാഹചര്യം പരിശോധിക്കട്ടെ. എതിർ കക്ഷികളുടെ സാക്ഷ്യങ്ങൾ ശേഖരിക്കട്ടെ. പട്ടാളക്കാരെ ഉത്തേജിപ്പിക്കുന്നതിനും എന്നെ കണ്ടാൽ അറിയാത്തവർക്ക് ചൂണ്ടിക്കാണിച്ചു കൊടുക്കാനുമായി ആരിയന്മാർ പട്ടാളക്കാരെ അനുധാവനം ചെയ്തു. ഞാൻ പറയുന്ന സംഗതികളോട് അനുകമ്പ തോന്നുന്നില്ലെങ്കിലും, കുറഞ്ഞപക്ഷം നിശ്ശബ്ദമായി ഞാൻ പറയുന്നത് ശ്രവിക്കുക. അത് രാത്രിസമയമായിരുന്നു. ഒരു സിനാക്സിസിന് ഒരുക്കമായി കുറേപ്പേർ പള്ളിയിൽ പ്രാർഥിച്ചുകൊണ്ടിരുന്നു."

"പെട്ടെന്ന് ഒരുസംഘം പട്ടാളക്കാർ കടന്നുവന്നു. ഞാൻ നേരത്തെ പറഞ്ഞതുപോലെ, ഒരു ജനറലും, വാളും അമ്പും വില്ലും ഗദയുമേന്തിയ 5000 പട്ടാളക്കാരും ഉണ്ടായിരുന്നു. ജനറൽ പള്ളി വളഞ്ഞു. പള്ളിക്കുള്ളിൽ ഉള്ളവർ പുറത്തു പോകാതിരിക്കാൻ പട്ടാളക്കാരെ അടുപ്പിച്ചുനിർത്തി. അത്തരം കുഴാമറിച്ചിലിനിടയിൽ ജനത്തെ വിടാൻ പാടില്ലെന്നും ആദ്യം അപകടം അഭിമുഖീകരിക്കേണ്ടത് ഞാനാണെന്നും ഞാൻ നിരൂപിച്ചു. ഞാൻ അതുകൊണ്ട് സിംഹാസനത്തിലിരുന്ന് ഒരു സങ്കീർത്തനം വായിക്കാൻ ഡീക്കനോട് ആവശ്യപ്പെട്ടു. 'എന്തെന്നാൽ അവന്റെ കരുണ എന്നേക്കും നിലനിൽക്കുന്നു' എന്ന് പ്രതിവചിക്കാൻ ജനത്തോട് ആവശ്യപ്പെട്ടു. ജനറൽ തന്റെ പട്ടാളക്കാരോടുകൂടെ പള്ളിമുറ്റത്തേക്ക് തള്ളിക്കയറി, എന്നെ അറസ്റ്റു ചെയ്യാൻ മദ്ബഹായ്ക്ക് പുറത്ത് നിലയുറപ്പിച്ചു. കരഞ്ഞു നിലവിളിച്ചു കൊണ്ടു നിന്ന വൈദികരും ജനങ്ങളും എന്നോട് പിൻമാറാൻ ആവശ്യപ്പെട്ടു. എല്ലാവരും പിൻമാറിയതിനുശേഷമേ ഞാനുള്ളു എന്നു പറഞ്ഞ് ഞാനത് നിരസിച്ചു. ഞാൻ എഴുന്നേറ്റ് ഒരു പ്രാർഥന നടത്തി. എല്ലാവരും ഇറങ്ങിപ്പോകാൻ പറഞ്ഞു. നിങ്ങൾക്ക് ആർക്കെങ്കിലും ഉപദ്രവം ഉണ്ടാകുന്നതിനേക്കാൾ ഞാൻ ഒറ്റയ്ക്ക് അപകടം അഭിമുഖീകരിക്കുന്നതാണ് മെച്ചമെന്നു ഞാൻ പറഞ്ഞു."

"ഭൂരിഭാഗം ആളുകളും പള്ളിവിടുകയും മറ്റുള്ളവർ നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്തപ്പോൾ, സന്യാസികളും സന്നിഹിതരായിരുന്ന വൈദികരിൽ ചിലരും എന്നെ ഉന്തിത്തള്ളി പുറത്താക്കി. ഞാൻ സത്യമാണ് പറയുന്നത്. കർത്താവ് എന്നെ സംരക്ഷിച്ചു നയിക്കുകയും ഞങ്ങൾ പട്ടാളക്കാരുടെ ഇടയിൽ കൂടെ രക്ഷപെടുകയും ചെയ്തു. പട്ടാളക്കാരിൽ ചിലർ മദ്ബഹാ വളഞ്ഞിരുന്നു. മറ്റുള്ളവർ പള്ളിക്കു ചുറ്റും കവാത്തു നടത്തുകയായിരുന്നു. അങ്ങനെ അവരുടെ ശ്രദ്ധയിൽ പെടാതെ ഞാൻ പുറത്തു

കടന്നു. ഞാൻ ജനത്തെ ഉപേക്ഷിച്ച് പോകാഞ്ഞതിനും അവർ സുരക്ഷിതരായി പുറത്തു പോയതിനുശേഷം, എന്റെ ആരാച്ചാരന്മാരുടെ കൈകളിൽ നിന്ന് രക്ഷപെടാൻ ദൈവം ഇടയാക്കിയതിനും ഞാൻ ദൈവത്തിന് നന്ദി പറഞ്ഞു."

## അധ്യായം 11

# ജോർജിന്റെ ദുഷ്പ്രവൃത്തികൾ

തന്റെ എതിരാളികളുടെ രക്തക്കറ പുരണ്ട കൈകളിൽനിന്ന് അത്തനാസ്യോസ് രക്ഷപെട്ടപ്പോൾ, സത്യമായും മറ്റൊരു ചെന്നായായ ജോർജിനെ അജഗണങ്ങളുടെ ചുമതല ഏൽപ്പിച്ചു. ചെന്നായേക്കാളും കരടിയേക്കാളും കടുവായേക്കാളും ക്രൂരമായി അയാൾ അജഗണത്തോട് പെരുമാറി. അത്തനാസ്യോസിനെ തള്ളിപ്പറയാനും പിതാക്കന്മാരുടെ വിശ്വാസം ശപിച്ചുതള്ളാനും നിത്യവ്രതം ചെയ്ത കന്യകകളെ അയാൾ നിർബന്ധിച്ചു. സൈന്യത്തിന്റെ കമാൻഡർ ആയിരുന്ന സെബാസ്ത്യൻ ആയിരുന്നു ഈ ക്രൂരതയ്ക്ക് അയാളുടെ കൂട്ടാളി. അവർ നഗരമധ്യത്തിൽ തീക്കൂന കത്തിച്ചു. നഗ്നരാക്കപ്പെട്ട കന്യകകളെ അതിനടുത്ത് നിർത്തി, വിശ്വാസം ഉപേക്ഷിക്കാൻ ആവശ്യപ്പെട്ടു.

അതിദുഃഖകരവും സഹതാപാർഹവുമായ പ്രദർശനവസ്തുവായി അത് വിശ്വാസികൾക്കും അവിശ്വാസികൾക്കും അനുഭവപ്പെട്ടു. തങ്ങൾക്കു ലഭിച്ച ഏറ്റവും വലിയ ബഹുമാനമായി അവർ ഈ അപമാനമെല്ലാം പരിഗണിച്ചു. വിശ്വാസത്തിനുവേണ്ടി ലഭിച്ച അടികൾ അവർ സന്തോഷപൂർവം സ്വീകരിച്ചു. അവരുടെ ഇടയനായ അത്തനാസ്യോസ് തന്നെ ഈ കാര്യങ്ങളെല്ലാം കൂടുതൽ സ്പഷ്ടമായി വിവരിച്ചിട്ടുണ്ട്:

"നോമ്പുകാലത്ത് ജോർജ് കപ്പഡോഷ്യയിൽ നിന്നു തിരിച്ചെത്തി നമ്മുടെ ശത്രുക്കൾ പഠിപ്പിച്ച തിന്മകളോട് ചേർന്നു. ഉയിർപ്പു തിരുനാൾ കഴിഞ്ഞ് കന്യകകളെ കാരാഗൃഹത്തിൽ അടച്ചു. പട്ടാളക്കാർ മെത്രാന്മാരെ കെട്ടിവലിച്ചുകൊണ്ടുപോയി. വിധവകളുടെയും അനാഥരുടെയും ഭവനങ്ങൾ തകർത്തു. ഭവനങ്ങൾ തോറും കവർച്ചയും ക്രൂരതയും അരങ്ങേറി. രാത്രികാലങ്ങളിൽ ക്രിസ്ത്യാനികളെ തങ്ങളുടെ ഭവനങ്ങളിൽനിന്ന് പിടികൂടി കൊണ്ടുപോയി. അനേകം ഭവനങ്ങൾ മുദ്രവച്ചു. തങ്ങളുടെ സഹോദരങ്ങളെപ്രതി വൈദികരുടെ സഹോദരങ്ങൾ അപകടത്തിലായി. ഈ ക്രൂരതകൾ വളരെ ഭയാനകങ്ങളായിരുന്നു. അതിലും ഭയങ്കരമാണ് അയാൾ പിന്നീട് ചെയ്തവ."

"വിശുദ്ധ പെന്തിക്കോസ്തി പെരുന്നാൾ കഴിഞ്ഞുവരുന്ന ആഴ്ചയിൽ ഉപവാസം അനുഷ്ഠിക്കുന്ന ജനങ്ങൾ പ്രാർഥിക്കാനായി ശവക്കോട്ടയിലേക്ക് കടന്നുചെന്നു. അവർ ജോർജുമായുള്ള കൂട്ടായ്മ നിരസിച്ചിരുന്നു. അതേപ്പറ്റി

ആ ദുഷ്ടമനുഷ്യന് അറിവുകിട്ടി. അയാൾ ജനത്തെ ആക്രമിക്കാൻ മിലിറ്ററി കമാൻഡറും മനിക്കേയനുമായ സെബാസ്റ്റ്യനെ ഇളക്കിവിട്ടു. തദനുസൃതം അയാൾ ആയുധധാരികളായ പട്ടാളക്കാരുടെ വലിയ കൂട്ടത്തോടെ കർതൃ ദിവസം തന്നെ അവരുടെമേൽ ചാടിവീണു. അവിടെ പ്രാർഥിക്കുന്ന വളരെ കുറച്ചുപേരേ മാത്രമേ അയാൾക്കവിടെ കണ്ടെത്താൻ കഴിഞ്ഞുള്ളു. സമയം വളരെ വൈകിയതിനാൽ മിക്കവരും സ്ഥലം വിട്ടിരുന്നു. കഠിനഹൃദയർക്ക് അനുയോജ്യമാംവിധം അയാൾ അവിടെ കഠോരകൃത്യങ്ങൾ ചെയ്തു."

"ഒരു വലിയ ആഴികൂട്ടാൻ അയാൾ കൽപ്പിച്ചു. കന്യകകളെ തീയുടെ വളരെ അടുത്ത് കൊണ്ടുവന്നു നിർത്തി. എന്നിട്ട് ആരിയൻ വിശ്വാസ പ്രമാണം ഏറ്റുപറയാൻ അവരെ നിർബന്ധിച്ചു. അവർ വഴങ്ങുന്നില്ലെന്നും അഗ്നിയെ ഭയപ്പെടുന്നില്ലെന്നും കണ്ട് അവരെ നഗ്നരാക്കി, പീഡിപ്പിക്കാൻ ആജ്ഞാപിച്ചു. ദീർഘകാലത്തേക്ക് അവരുടെ മുഖം തിരിച്ചറിയാൻ ആകാത്തവിധം അവരെ മർദിച്ചു. പിന്നീട് നാൽപ്പതു പുരുഷന്മാരെ പിടിച്ച് പുതിയൊരുതരം പീഡനം അഴിച്ചുവിട്ടു. മുള്ളുള്ള പനയോല കൊണ്ട് അവരെ തല്ലിച്ചതയ്ക്കാൻ അയാൾ കൽപ്പിച്ചു. അവരുടെ ശരീരത്തിലെ മാംസം കുത്തിക്കീറി. പനയോല മുള്ള് തറച്ചത് നീക്കാൻ അവർക്ക് വീണ്ടും വീണ്ടും വൈദ്യന്മാരെ സമീപിക്കേണ്ടിവന്നു. മറ്റുചിലർ ഇത് സഹിക്കാനാ വാതെ മരണമടഞ്ഞു. ഇത് അതിജീവിച്ചവരെയും കന്യകകളെയും 'വലിയ മരുപ്പച്ച' എന്നു വിളിച്ചിരുന്നിടത്തേക്ക് നാടുകടത്തി."

"മരിച്ചവരുടെ ശരീരങ്ങൾ സംസ്കരിക്കാനായി ബന്ധുക്കൾക്ക് വിട്ടു കൊടുക്കാനും അവർ വിസമ്മതിച്ചു. അവരെ സംസ്കരിക്കാതെ അവർ ദൂരെ എറിഞ്ഞുകളയുകയോ, തങ്ങൾക്ക് ഇഷ്ടമുള്ളിടത്ത് മറച്ചു വയ്ക്കുകയോ ചെയ്തു. തങ്ങൾക്ക് ഇതേപ്പറ്റി ഒന്നും അറിയില്ലെന്നും ഈ ക്രൂരകർമ ങ്ങളിൽ തങ്ങൾക്ക് പങ്കില്ലെന്നും വരുത്തി തീർക്കാനാണ് അവർ ഇപ്രകാരം ചെയ്തത്. എന്നാൽ ഈ മണ്ടൻപ്രതീക്ഷയിൽ അവർ വഞ്ചിതരായി. കാരണം, കൊല്ലപ്പെട്ടവരുടെ സ്നേഹിതർ, മരിച്ചവരുടെ വിശ്വസ്തതയിൽ സന്തോഷി ച്ചതോടൊപ്പം, ജഡങ്ങൾ നഷ്ടപ്പെട്ടതിൽ വളരെയേറെ ദുഃഖിക്കുകയും അവർ ചെയ്ത ക്രൂരതയെപ്പറ്റി എല്ലായിടത്തും പ്രചരിപ്പിക്കുകയും ചെയ്തു."

"ഈജിപ്തിൽ നിന്നും ലിബിയായിൽ നിന്നും താഴെപ്പറയുന്ന സത്യ വിശ്വാസകളായ മെത്രാന്മാർ നിഷ്കാസിതരായി: അമ്മോണിയുസ്, മയ്യുസ്, കായുസ്, ഫീലോ, ഹെർമെസ്, പ്ലേനിയുസ്, പ്സിനോസിറിസ്, നിലാമോൻ, അഗാപിയുസ്, അനംഗാഫുസ്, മർക്കോസ്, ദ്രക്കോൺസ്യൂസ്, അദെൽഫി യുസ്, മറ്റൊരു അമ്മോണിയുസ്, മറ്റൊരു മർക്കോസ്, അത്തനാദോറുസ്, പ്രെസ്ബിറ്റർമാരായ ഹിയെരാക്സ്, ദിയൊസ്കോറോസ്. വളരെ ക്രൂരമായ രീതിയിൽ ഇവരെയെല്ലാം നാടുകടത്തി. അനേകർ യാത്രയ്ക്കിടയിലും മറ്റുള്ളവർ നാടുകടത്തപ്പെട്ട സ്ഥലത്തുവച്ചും മരിച്ചു. മുപ്പതിലധികം മെത്രാ ന്മാർ മരിക്കാൻ പീഡകർ ഇടയാക്കി. കഴിയുമെങ്കിൽ, ആഹാബിനെപ്പോലെ സത്യം പിഴുതെറിയാൻ അവരുടെ മനസ്സ് സജ്ജമായിരുന്നു."

ക്രൂരമായി ആക്രമിക്കപ്പെട്ട കന്യകകൾക്കെഴുതിയ കത്തിൽ താഴെ പറയുന്നതും അത്തനാസ്യോസ് രേഖപ്പെടുത്തിയിരിക്കുന്നു: "ഈ അഭക്ത പാഷണ്ഡികൾ നിങ്ങൾക്ക് ശവസംസ്കാരം നിഷേധിക്കുകയും ശവ ശരീരം എടുത്തുമാറ്റാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്നെങ്കിലും, നിങ്ങളിൽ ആരും ദുഃഖിക്കാതിരിക്കട്ടെ. മൃതരെ മറവു ചെയ്യുന്നത് തടയാൻ അവർ ഗേറ്റും പൂട്ടി പിശാചുക്കളെപ്പോലെ കല്ലറയ്ക്കു ചുറ്റും കുത്തിയിരിക്കുന്നു."

ജോർജ് അലക്സാണ്ഡ്രിയായിൽ ഇവയും ഇതുപോലുള്ള നിരവധി ക്രൂരകൃത്യങ്ങളും ചെയ്തുകൂട്ടി. തനിക്ക് സുരക്ഷിതസ്ഥാനം എന്നു കരുതാവുന്ന ഒരിടം പോലുമില്ലെന്ന് വിശുദ്ധ അത്തനാസ്യോസിന് നന്നായി അറിയാമായിരുന്നു.

## അധ്യായം 12

# മിലാൻ സിനഡ്

കോൺസ്റ്റൻസ് ചക്രവർത്തിയുടെ മരണശേഷം മഗ്നെൻസ്യൂസ് എന്ന സ്വേച്ഛാധിപതി പാശ്ചാത്യറോമാസാമ്രാജ്യത്തിന്റെ അധികാരം പിടിച്ചെടുത്തു. ഈ കടന്നുകയറ്റം അടിച്ചമർത്താൻ കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി യൂറോപ്പിലേക്ക് പോയി. ഈ കഠിനയുദ്ധം പോലും സഭയ്ക്കെതിരെയുള്ള പോരാട്ടത്തിന് അന്ത്യം കുറിച്ചില്ല.

ആരിയൻ പക്ഷത്തേക്ക് ചായുകയും പെട്ടെന്ന് മറ്റുള്ളവരുടെ സ്വാധീനത്തിൽ പെടുകയും ചെയ്ത കോൺസ്റ്റാൻസ്യൂസ് ഇറ്റലിയിലെ മിലാനിൽ ഒരു കൗൺസിൽ വിളിച്ചുകൂട്ടാൻ പ്രേരിതനായി. ആദ്യമായി, ടയറിലെ ദുഷ്ട ന്യായാധിപന്മാർ തയാറാക്കിയ രേഖയിൽ ഒപ്പിടാൻ സന്നിഹിതരായ എല്ലാ മെത്രാന്മാരോടും ആവശ്യപ്പെട്ടു. അത്തനാസ്യോസിനെ അവർ സഭാഭ്രഷ്ടനാക്കിയതിനാൽ, മറ്റൊരു വിശ്വാസപ്രമാണം രൂപീകരിക്കാനും ആവശ്യപ്പെട്ടു.

ഇമ്പീരിയൽ കത്ത് ലഭിച്ച മെത്രാന്മാർ കൗൺസിലിൽ എത്തിയെങ്കിലും, ചക്രവർത്തിയുടെ നിർദേശാനുസൃതം പ്രവർത്തിക്കാൻ അവർ കൂട്ടാക്കിയില്ല. മറിച്ച്, ചക്രവർത്തി കൽപിച്ചത് നീതിരഹിതവും അഭക്തവുമാണെന്ന് മുഖത്തുനോക്കി പറഞ്ഞു. അക്കാരണത്താൽ അവരെ സഭയിൽ നിന്നു പുറത്താക്കി, സാമ്രാജ്യത്തിന്റെ വിദൂരാതിർത്തിയിലേക്ക് നാടുകടത്തി.

ശ്രേഷ്ഠനായ അത്തനാസ്യോസ് തന്റെ ന്യായവാദത്തിൽ അക്കാര്യം ഇപ്രകാരം പറയുന്നു: "അവർ ചെയ്ത ക്രൂരകൃത്യങ്ങൾ ആർക്കു വിവരിക്കാനാകും? കുറേക്കാലം മുമ്പ് സഭകൾ സമാധാനത്തിൽ കഴിയുകയും ജനങ്ങൾ പ്രാർഥിക്കാൻ ഒത്തുകൂടുകയും ചെയ്തപ്പോൾ, താഴെപ്പറയുന്ന മെത്രാന്മാരെ പിടിച്ച് നാടുകടത്തി. അവർ ആരിയൻ പാഷണ്ഡത അംഗീകരിക്കാ

ത്തതുകൊണ്ടും നമുക്കെതിരെ മെനഞ്ഞുണ്ടാക്കിയ ദുരാരോപണങ്ങളിൽ ഒപ്പുവയ്ക്കാത്തതു കൊണ്ടുമായിരുന്നത്. താഴെ പറയുന്നവരാണ് നാടു കടത്തപ്പെട്ടവർ: റോമിലെ ലിബേരിയുസ്, ഗോളിലെ ത്രേവെസ് മെത്രാൻ പൗളീനുസ്, മിലാനിലെ ദിവന്നാസ്യോസ്, കാലിഗരിയിലെ ലൂസിഫർ, ഇറ്റലി യിൽ വെർചെള്ളിയിലെ എവുസേബിയസ്. അവരെല്ലാം ശ്രേഷ്ഠമെത്രാ ന്മാരും സത്യപ്രഘോഷകരുമായിരുന്നു. മഹാനായ ഹോസിയസിനെ പറ്റി ഞാൻ പറയേണ്ട ആവശ്യമില്ല. വയോവൃദ്ധനും വിശ്വാസത്തിന്റെ വിശ്വസ്ത സാക്ഷിയുമായിരുന്നു അദ്ദേഹം. അദ്ദേഹത്തെയും നാടുകടത്തി. മെത്രാന്മാ രുടെ കൂട്ടത്തിൽ അദ്ദേഹമായിരുന്നു അതിശ്രേഷ്ഠൻ. അദ്ദേഹം ആധ്യക്ഷ്യം വഹിക്കാത്ത ഏതു കൗൺസിലാണുള്ളത്? തന്റെ ബുദ്ധിവൈഭവത്താൽ സന്നിഹിതരായവരെയെല്ലാം അദ്ദേഹം ബോധ്യപ്പെടുത്തിയിരുന്നു. അദ്ദേഹ ത്തിന്റെ സംരക്ഷണയുടെ മഹനീയമായ ഓർമ ഇപ്പോഴും നിലനിർത്താത്ത ഏതു സഭയാണുള്ളത്? ദുഃഖിതനായി അദ്ദേഹത്തിന്റെ പക്കലണഞ്ഞ് സന്തോഷത്തോടെയല്ലാതെ തിരികെ പോന്നവർ ആരെങ്കിലുമുണ്ടോ? എങ്കിലും ഈ മഹാത്മാവിനെ കടന്നാക്രമിക്കാൻ അവർ ധൈര്യം കാണിച്ചു. അവരുടെ അപവാദത്തിന്റെ അഭക്തിയെപ്പറ്റി അദ്ദേഹം അറിഞ്ഞിരുന്നതി നാലും നമുക്കെതിരെയുള്ള ആരോപണങ്ങളുടെ വക്രതയിൽ ഒപ്പുവയ്ക്കാ ത്തതിനാലും മാത്രമാണ് അദ്ദേഹം നാടുകടത്തപ്പെട്ടത്".

വിശുദ്ധർക്കെതിരെ ആരിയന്മാർ നടത്തിയ ഘോരകൃത്യങ്ങൾ മുകളിൽ നൽകിയ വിവരണത്തിൽ നിന്ന് സുവ്യക്തമാണല്ലോ. ആരിയൻ വിഭാഗ ത്തിന്റെ നേതാക്കന്മാർ മറ്റനേകർക്കെതിരെ നടത്തിയ നിരവധി ഗൂഢതന്ത്ര ങ്ങളെപ്പറ്റി അതേ ഗ്രന്ഥത്തിൽ അത്തനാസ്യോസ് വിവരിക്കുന്നു:

"അവരുടെ കൈകളിൽപെട്ട് പീഡിപ്പിക്കപ്പെട്ടവർ ആരെങ്കിലും അവരുടെ കഠിനപീഡനം ഏൽക്കാതെ എപ്പോഴെങ്കിലും രക്ഷപെട്ടിട്ടുണ്ടോ? അവർ തേടിപ്പിടിച്ച ആരെങ്കിലും ഏറ്റവും വേദനാജനകമായ മരണത്തിനോ, അവയവങ്ങളുടെ വെട്ടിമുറിക്കലിനോ വിധേയമാകാതിരുന്നിട്ടുണ്ടോ? ന്യായാ ധിപന്മാരുടെ വിധിവാചകം ഈ പാഷണ്ഡികൾക്കാണ് ആരോപിക്കേണ്ടത്. അവരുടെ ഇംഗിതത്തിനും ദുഷ്ടതയ്ക്കും വേണ്ടി നിലകൊണ്ടവരാണ് ന്യായാധിപന്മാർ. ഈ ക്രൂരത നടക്കാത്ത ഏതെങ്കിലും സ്ഥലമുണ്ടോ? അവരിൽ നിന്ന് ഭിന്നാഭിപ്രായം പുലർത്തിയവരെ, ജസബേൽ ചെയ്തതു പോലെ, ദുരാരോപണം നടത്തി പീഡിപ്പിച്ചിട്ടില്ലേ? തങ്ങളുടെ മെത്രാനെ തിരായ ഗൂഢാലോചന നിമിത്തം ദുഃഖസാഗരത്തിൽ മുഴുകാത്ത ഏതെങ്കിലും സഭയുണ്ടോ? വിശ്വസ്തനും സത്യവിശ്വാസിയുമായ എവുസ്താത്യോസിനെ പ്രതി അന്ത്യോക്യായും എവുഫ്രാതിയോസിനെ പ്രതി ബലാനെയായും (ബനിയാസ്) സിമാത്യൂസിനെ പ്രതി പാൾതൂസും (ബോൾഡോ) കർതേരി യുസിനെപ്രതി അന്തരാദൂസും (തൊർതോസാ) എവുത്രോപ്പിയുസിനെയും പിൻഗാമിയായ ലൂഷ്യസിനെയും പ്രതി അഡ്രിയാനോപ്പിളും കേഴുന്നു. ലൂഷ്യസിനെ ചങ്ങലയ്ക്കിട്ടു. അതിന്റെ ഭാരത്തിലമർന്ന് അദ്ദേഹം മരിച്ചു."

"അൻസീറായും ബേറോയായും ഗാസ്സായും, മർസെല്ലുസിനെയും

സൈറസിനെയും അസ്ക്ലെപ്പാസിനെയും പ്രതി കേഴുന്നു. ഈ വഞ്ചക സമൂഹത്തിന്റെ കൊടിയ ദ്രോഹത്താൽ ഇവർ വളരെ പീഡിപ്പിക്കപ്പെട്ട ശേഷം നാടുകടത്തപ്പെട്ടു. ത്രേസിലെ മെത്രാനായ തെയോഡുളുസിനെയും ഒളിംപിയുസിനെയും എന്നെയും എന്റെ വൈദികരെയും തേടി ചാരന്മാർ അയക്കപ്പെട്ടു. അവർ ഞങ്ങളെ കണ്ടെത്തിയിരുന്നെങ്കിൽ, നിശ്ചയമായും കൊന്നുകളയുമായിരുന്നു. അവർ എനിക്കും ഒളിംപിയുസിനും ഫിലാഗ്രിയസിനുമെതിരെ, പ്രോകോൺസുൾ ഡൊണാത്തൂസിന് കത്തുകളെഴുതി. എങ്കിലും ഞങ്ങളുടെ നാശത്തിനുള്ള പദ്ധതി അവർ തയാറാക്കിയ നിമിഷം തന്നെ ഞങ്ങൾ രക്ഷപെട്ടു."

അതിപരിശുദ്ധ ക്രിസ്ത്യാനികൾക്കെതിരെ ഈ അഭക്തവിഭാഗം നടത്തിയ ക്രൂരകൃത്യങ്ങൾ ഇത്തരത്തിൽ ഉള്ളവ ആയിരുന്നു. ഹോസിയസ് കൊർദോബാ മെത്രാനായിരുന്നു. നിഖ്യായിൽ സംബന്ധിച്ച ഏറ്റവും പ്രശസ്ത മെത്രാനായിരുന്നു അദ്ദേഹം. അതുപോലെ സാർദിക്കാ സിനഡിലും അദ്ദേഹം ഏറ്റവും മുമ്പിലായിരുന്നു.

പ്രശസ്തനായ ലിബേരിയുസ് സത്യത്തെപ്രതി കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയുമായി നടത്തിയ വാദപ്രതിവാദം എന്റെ ചരിത്രത്തിൽ ഇവിടെ ഉൾപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവിക കാര്യങ്ങളിൽ മറ്റുള്ളവർ ഇതുപോലെ താൽപ്പര്യം കാണിക്കാൻ അക്കാലത്തുള്ള ഏതോ ഭക്തർ ഇത് കുറിച്ചുവച്ചു. റോമാസഭയിൽ സിൽവെസ്റ്ററും പിന്നെ ജൂലിയസും അതിനു ശേഷം ലിബേരിയുസും അധ്യക്ഷന്മാരായിരുന്നു.

### അധ്യായം 13

## ലിബേരിയുസ് പാപ്പായും കോൺസ്റ്റാൻസ്യൂസും തമ്മിലുള്ള സംവാദം

കോൺസ്റ്റാൻസ്യൂസ്: അഭക്തനായ അത്തനാസ്യോസിന്റെ തെറ്റുമായുള്ള സമസ്ത ബന്ധങ്ങളും ഉപേക്ഷിക്കുന്നതിന് അങ്ങയെ ഉപദേശിക്കാൻ, ക്രിസ്ത്യാനിയും നമ്മുടെ നഗരത്തിലെ മെത്രാനുമെന്ന നിലയിൽ അങ്ങയെ വരുത്തുന്നത് ന്യായമാണെന്ന് നാം കരുതി. അയാളെ സഭയുടെ കൂട്ടായ്മയിൽ നിന്ന് സിനഡ് പുറത്താക്കിയപ്പോൾ, ലോകം മുഴുവൻ ആ തീരുമാനം അംഗീകരിച്ചു.

ലിബേരിയുസ്: ഓ,ചക്രവർത്തീ, സഭാവിധിവാചകങ്ങൾ വളരെ കൃത്യമായി നീതിപൂർവമായിട്ടേ തയാറാക്കാവൂ. അതുകൊണ്ട് അങ്ങേയ്ക്ക് ഇഷ്ടമാണെങ്കിൽ, കോടതി വിളിച്ചുകൂട്ടുക. അത്തനാസ്യോസ് ശിക്ഷാവിധി അർഹിക്കുന്നെങ്കിൽ സഭാനിയമം അനുസരിച്ച് അദ്ദേഹത്തിന്റെമേൽ വിധിവാചകം ഉച്ചരിക്കുക. കുറ്റാരോപിതനെ കേട്ട് വിസ്തരിക്കാതെ, വിധിവാചകം ഉച്ചരിക്കാൻ സാധ്യമല്ല.

കോൺസ്റ്റാൻസ്യൂസ്: അയാളുടെ അഭക്തിയെ ലോകം മുഴുവൻ ശപിച്ചുതള്ളിയതാണ്. എന്നാൽ അയാൾ ആരംഭം മുതൽ അപകടത്തെ ചിരിച്ചുതള്ളുകയാണ്.

ലിബേരിയുസ്: സംഭവിച്ചവയുടെ ദൃക്സാക്ഷികളല്ല വിധിവാചകത്തിൽ ഒപ്പുവച്ചത്. പിന്നെയോ, പ്രശസ്തിക്കുള്ള കമ്പത്താലും അപമാനിതരാകുമെന്ന ഭയത്താലുമാണ് അവർ അപ്രകാരം ചെയ്തത്.

കോൺസ്റ്റാൻസ്യൂസ്: പ്രശസ്തിയും ഭയവും അപമാനവും കൊണ്ട് അങ്ങ് എന്താണ് അർഥമാക്കുന്നത്?

ലിബേരിയുസ്: ദൈവമഹത്വം കാംക്ഷിക്കാതെയും നിന്റെ ദാനങ്ങളെ കൂടുതലായി വിലമതിക്കുകയും ചെയ്യുന്നവർ, തങ്ങൾ കാണാതെയും വിസ്തരിക്കാതെയും ഒരുവനെ വിധിച്ചിരിക്കുന്നു. ഇത് ക്രിസ്തീയ തത്വങ്ങൾക്ക് തികച്ചും എതിരാണ്.

ചക്രവർത്തി: ടയർ സിനഡിൽ അത്തനാസ്യോസിനെ നേരിട്ട് വിസ്തരിച്ചതാണ്. ലോകം മുഴുവനുമുള്ള മെത്രാന്മാർ ആ സിനഡിൽ വച്ച് അയാളെ കുറ്റം വിധിച്ചതാണ്.

ലിബേരിയുസ്: അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ഒരു വിധിതീർപ്പും ഉണ്ടായില്ല. അദ്ദേഹം പോയശേഷമാണ് സന്നിഹിതരായവർ വിധിവാചകം ഉച്ചരിച്ചത്.

ഷണ്ഡനായ എവുസേബിയസ് ബുദ്ധിരഹിതമായി ഇടപെട്ടു: അദ്ദേഹം പൂർണമായി കത്തോലിക്കാവിശ്വാസത്തിനെതിരെ അഭിപ്രായങ്ങൾ പുലർത്തിയെന്ന് നിഖ്യാകൗൺസിലിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതാണ്.

ലിബേരിയുസ്: മരയോട്ടിസിലേക്ക് പോയി, കുറ്റാരോപിതനെതിരെ തെളിവു ശേഖരിക്കാൻ അയക്കപ്പെട്ടവരിൽ അഞ്ചുപേർ മാത്രമാണ് അദ്ദേഹത്തിനെതിരെ സാക്ഷ്യപ്പെടുത്തിയത്. അവരിൽ തെയോഗ്നീസും തിയഡോറും മരിച്ചു. മാരി, വാലൻസ്, ഉർസാചിയുസ് എന്നീ മറ്റു മൂന്നുപേർ ഇപ്പോഴും ജീവിച്ചിരിക്കുന്നു. മരയോട്ടിസിലേക്ക് ഈ കാര്യത്തിന് അയക്കപ്പെട്ട എല്ലാവർക്കുമെതിരെ സാർദിക്കായിൽ വച്ച് വിധിവാചകം പുറപ്പെടുവിച്ചിട്ടുള്ളതാണ്. മരയോട്ടിസിൽ വച്ച് അത്തനാസ്യോസിനെതിരെ ഒരു വിഭാഗത്തിന്റെ മാത്രം ദുരാരോപണങ്ങളും പ്രസ്താവനകളും രേഖപ്പെടുത്തിയതിന് ക്ഷമ ചോദിച്ചുകൊണ്ട് അവർ കൗൺസിലിന് ഒരപേക്ഷ സമർപ്പിച്ചു. അവരുടെ അപേക്ഷ ഇപ്പോഴും എന്റെ കൈയിലുണ്ട്. ഓ, ചക്രവർത്തീ, ആർക്കുവേണ്ടിയാണ് നാം നിലകൊള്ളുന്നത്? ആരുമായിട്ടാണ് നാം യോജിച്ച് കൂട്ടായ്മ പുലർത്തുന്നത്? അത്തനാസ്യോസിനെതിരെ ആദ്യം വിധിവാചകം പുറപ്പെടുവിക്കുകയും അതിന് പിന്നീട് ക്ഷമ ചോദിക്കുകയും ചെയ്തവരുമായിട്ടോ, അതോ, അവരെ ശപിച്ചവരുമായിട്ടോ?

എപ്പിക്ടെറ്റസ് മെത്രാൻ: ലിബേരിയുസ് വാദിക്കുന്നത് വിശ്വാസത്തിനു വേണ്ടിയോ, സഭാവിധിതീർപ്പിന്റെ ന്യായീകരണത്തിനു വേണ്ടിയോ അല്ല. പിന്നെയോ, വാദത്തിൽ ചക്രവർത്തിയെ തോൽപ്പിച്ചെന്ന് സെനറ്റിന്റെ മുമ്പാകെ വീമ്പടിക്കാൻ വേണ്ടിമാത്രമാണ്.

ചക്രവർത്തി: അങ്ങുമാത്രം ഒരഭക്തന്റെ കൂട്ടുകൂടി സാമ്രാജ്യത്തിന്റെയും ലോകം മുഴുവന്റെയും സമാധാനം തകർക്കാൻ പ്രപഞ്ചത്തിന്റെ ഏതു ഭാഗമാണ് അങ്ങേയ്ക്കുള്ളത്?

ലിബേരിയുസ്: ഞാൻ മാത്രമേ ഉള്ളുവെങ്കിലും, സത്യത്തിന് കോട്ടം വരുന്നില്ല. പ്രാചീനചരിത്രം അനുസരിച്ച് ഒരു ഡിക്രിയെ എതിർത്തത് മൂന്നുപേർ മാത്രമാണ്.

ഷണ്ഡനായ എവുസേബിയസ്: അങ്ങ് നമ്മുടെ ചക്രവർത്തിയെ നെബുക്കദ്നേസറിന് തുല്യനാക്കുകയാണോ?

ലിബേരിയുസ്: ഒരിക്കലുമല്ല. എന്നാൽ നീ വിസ്താരം കൂടാതെ ഒരുവനെ തിടുക്കത്തിൽ കുറ്റവാളി ആക്കുകയാണ്. നിഖ്യായിൽ രൂപീകരിച്ചത് ഉറപ്പിച്ചുകൊണ്ട് ഒരുപൊതുവിശ്വാസപ്രമാണം ഒപ്പുവയ്ക്കണമെന്ന് ഒന്നാമതായി ഞാൻ ആഗ്രഹിക്കുന്നു. രണ്ടാമത്, വിപ്രവാസത്തിലുള്ള സഹോദരന്മാരെ തിരികെ വിളിച്ച് അവരുടെ രൂപതകളിൽ പുനഃപ്രതിഷ്ഠിക്കണം. ഇത്രയും ചെയ്തുകഴിഞ്ഞിട്ട്, പ്രശ്നമുള്ള സഭകളുടെ പ്രബോധനം ശ്ലൈഹികവിശ്വാസവുമായി ഒത്തുപോകുന്നതാണോയെന്ന് നോക്കണം. അതിനുശേഷം ആരോപിതനെയും ആരോപകരെയും അഭിമുഖീകരിക്കാൻ ഞങ്ങളെല്ലാവരും അലക്സാണ്ഡ്രിയായിൽ ഒന്നിച്ചുകൂടി ഈ സംഗതി പരിശോധിച്ച് വിധി പ്രസ്താവിക്കാം.

എപ്പിക്ടെറ്റസ് മെത്രാൻ: ഇത്രയധികം മെത്രാന്മാരെ എത്തിക്കാൻ ആവശ്യത്തിന് പൊതുവാഹനസൗകര്യം ഉണ്ടായിരിക്കയില്ല.

ലിബേരിയുസ്: പൊതുവാഹനസൗകര്യം കൂടാതെ സഭാകാര്യങ്ങൾ കൈകാര്യം ചെയ്യാനാകും. മെത്രാന്മാർക്ക് കടൽതീരത്തെത്താൻ യാത്രാസൗകര്യം ഒരുക്കുന്നതിന് സഭകൾക്കു കഴിയും.

ചക്രവർത്തി: ഒരിക്കൽ പുറപ്പെടുവിച്ച വിധിവാചകം അസാധുവാക്കാനാകില്ല. ഭൂരിപക്ഷം മെത്രാന്മാരുടെ തീരുമാനം നിലനിൽക്കണം. ആ അഭക്തനോട് അങ്ങുമാത്രമാണ് സൗഹൃദം പുലർത്തുന്നത്.

ലിബേരിയുസ്: ഓ,ചക്രവർത്തീ, തന്റെ ബദ്ധശത്രു എന്ന നിലയിൽ സന്നിഹിതൻ അല്ലാത്ത ആൾക്കെതിരെ ന്യായാധിപൻ കുറ്റമാരോപിക്കുന്നത് നാളിതുവരെ കേട്ടുകേൾവിയില്ലാത്ത സംഗതിയത്രേ.

ചക്രവർത്തി: ആരെയും ഒഴിവാക്കാതെ, സകലരും അയാളാൽ വ്രണിതരാണ്. എന്നാൽ എന്നെപ്പോലെ മറ്റാരും വ്രണിതരായി കാണില്ല. എന്റെ മൂത്തസഹോദരന്റെ മരണംകൊണ്ട് തൃപ്തിപ്പെടാതെ എനിക്കെതിരെ എന്റെ സഹോദരൻ കോൺസ്റ്റൻസിനെ ഇളക്കി വിട്ടുകൊണ്ടിരുന്നു. എന്നാൽ

ഞാൻ വളരെ ശാന്തനായി അവർ ഇരുവരെയും സഹിച്ചു. മഗ്നെൻസ്യൂസിന്റെയും സിൽവാനൂസിന്റെയും മേലുള്ള എന്റെ യുദ്ധവിജയങ്ങളൊന്നും ഈ ദുഷ്ടമനുഷ്യനെ സഭാഭരണത്തിൽ നിന്ന് നീക്കുന്നതിന് തുല്യമായിരുന്നില്ല.

ലിബേരിയുസ്: ഓ,ചക്രവർത്തീ, നിന്റെ കോപവും പകയും മെത്രാന്മാരിലൂടെ തീർക്കരുത്. അനുഗ്രഹിക്കുന്നതിനും പവിത്രീകരിക്കുന്നതിനും മാത്രമേ അവരുടെ കരങ്ങൾ ഉയരാവൂ. അങ്ങേയ്ക്ക് ഇഷ്ടമാണെങ്കിൽ, മെത്രാന്മാർ അവരുടെ വാസസ്ഥലങ്ങളിലേക്ക് തിരികെ പോകാൻ കൽപ്പിക്കുക. അദ്ദേഹം മുറുകെ പിടിക്കുന്നതും നിഖ്യായിൽ ഒപ്പുവച്ചതുമായ വിശ്വാസപ്രമാണത്തിലെ സത്യപ്രബോധനങ്ങൾ സംബന്ധിച്ച് അവരെല്ലാം അയാളുമായി യോജിപ്പിൽ ആണെങ്കിൽ, അവർ ഒന്നിച്ചുകൂടി ലോകസമാധാനത്തിനായി യത്നിക്കട്ടെ. അങ്ങനെ ഒരു നിഷ്കളങ്കൻ നിന്ദനത്തിന് ഇരയാകാതിരിക്കട്ടെ.

ചക്രവർത്തി: എനിക്ക് ചോദിക്കാൻ ഒറ്റചോദ്യം മാത്രം. അങ്ങ് സഭകളുമായി കൂട്ടായ്മ പുലർത്തുകയും റോമിലേക്ക് തിരികെ പോകുകയും ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് സമാധാനത്തിന് സമ്മതിക്കുക. അങ്ങയുടെ സമ്മതം ഒപ്പിട്ടുകാട്ടുക, എന്നിട്ട് റോമിലേക്ക് തിരികെ പോകുക.

ലിബേരിയുസ്: ആ നഗരത്തിലെ സഹോദരന്മാരോട് ഞാൻ വിട പറഞ്ഞതാണ്. റോമിലെ താമസത്തേക്കാൾ സഭാധിക്രികൾ പ്രധാനപ്പെട്ടവയാണ്.

ചക്രവർത്തി: അങ്ങ് രേഖയിൽ ഒപ്പിട്ട് റോമിലേക്ക് തിരികെ പോകുമോ എന്നറിയുന്നതിന് മൂന്നു ദിവസത്തെ സാവകാശം തരുന്നു. അല്ലെങ്കിൽ അങ്ങയുടെ വിപ്രവാസത്തിനുള്ള സ്ഥലം അങ്ങേയ്ക്ക് തെരഞ്ഞെടുക്കാം.

ലിബേരിയുസ്: മൂന്നു ദിവസമല്ല, മൂന്നു മാസമായാലും എന്റെ മനസ്സു മാറ്റാനാകില്ല. നിനക്ക് ഇഷ്ടമില്ലിടത്തേക്ക് എന്നെ നാടുകടത്തിക്കൊള്ളൂ.

രണ്ടുദിവസങ്ങൾക്കുശേഷം ചക്രവർത്തി ലിബേരിയുസിനെ വിളിപ്പിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിന് ഇളക്കമില്ലെന്നു കണ്ട് ത്രേസിലെ ബേറോയായിലേക്ക് അദ്ദേഹത്തെ നാടുകടത്തി. അദ്ദേഹം പോകാൻ തുടങ്ങിയപ്പോൾ ചെലവിനായി 500 സ്വർണനാണയങ്ങൾ ചക്രവർത്തി വച്ചുനീട്ടി. അതു കൊണ്ടുവന്ന സേവകനോട് ലിബേരിയുസ് പറഞ്ഞു: "നീ പോയി ഇത് ചക്രവർത്തിയെ തിരിച്ചേൽപ്പിക്കുക. തന്റെ സൈന്യത്തിന് നൽകാൻ അയാൾക്കിത് ആവശ്യമാണ്." അത്രയും തുക രാജ്ഞിയും കൊടുത്തുവിട്ടിരുന്നു. അദ്ദേഹം പറഞ്ഞു: "ഇതെടുത്തു കൊള്ളുക. തന്റെ സൈന്യത്തിന് നൽകാൻ ഇത് അയാൾക്ക് ആവശ്യമാണ്. അല്ലെങ്കിൽ ഔക്സെൻസ്യൂസിനും എപ്പിക്ടെറ്റസിനും കൊടുത്തേക്കുക. അവർക്ക് ഇതാവശ്യമാണ്.

ഷണ്ഡനായ എവുസേബിയസ് വേറേ പണവും കൊണ്ടുവന്നു.

അയാളോട് ഇപ്രകാരം പറഞ്ഞു: "നീ ലോകമെല്ലാമുള്ള സഭകളെ മരുഭൂമിയാക്കി. എന്നിട്ട് ഒരു കുറ്റവാളിക്കെന്നപോലെ നീയെനിക്ക് ധർമം തരുന്നോ? പോയി ആദ്യമേ നീയൊരു ക്രിസ്ത്യാനി ആകുക." മൂന്നുദിവസം കഴിഞ്ഞ് ലിബേരിയുസിനെ വിപ്രവാസത്തിലേക്കയച്ചു. അവർ വച്ചുനീട്ടിയ തൊന്നും അദ്ദേഹം സ്വീകരിച്ചില്ല.

### അധ്യായം 14

## ലിബേരിയുസിന്റെ നാടുകടത്തൽ

സത്യത്തിന്റെ ഈ ജേതാവിനെ ഇമ്പീരിയൽ കൽപ്പനാനുസൃതം ത്രേസിലേക്ക് നാടുകടത്തി. രണ്ടുവർഷങ്ങൾക്കുശേഷം കോൺസ്റ്റാൻസ്യൂസ് റോമിലേക്കുപോയി. ഇടയനെ തന്റെ അജഗണങ്ങൾക്ക് തിരികെ നൽകുന്നതിന് ചക്രവർത്തിയോട് അപേക്ഷിക്കാൻ റോമിലെ കുലീന വനിതകൾ തങ്ങളുടെ ഭർത്താക്കന്മാരെ നിർബന്ധിച്ചു. ഇത് ചെയ്തി ല്ലെങ്കിൽ, അവരെ ഉപേക്ഷിച്ച് തങ്ങളുടെ മഹാഇടയന്റെ പക്കലേക്ക് പോകുമെന്ന് അവർ ഭീഷണിപ്പെടുത്തി. ചക്രവർത്തിയുടെ അപ്രീതിക്ക് ഇരയാകുമോ എന്ന് ഭയപ്പെടുന്നെന്ന് ഭർത്താക്കന്മാർ പറഞ്ഞു. തങ്ങൾ പുരുഷന്മാരായതിനാൽ, ഇത് ക്ഷമ അർഹിക്കാത്ത കുറ്റമായി പരിഗണിക്ക പ്പെടും. എന്നാൽ നിങ്ങൾ തന്നെ അപേക്ഷിച്ചാൽ, എങ്ങനെ ആയാലും നിങ്ങളെ കേട്ട് നിങ്ങളുടെ അപേക്ഷ സാധിച്ചുതരും, അല്ലെങ്കിൽ നിങ്ങളെ ശിക്ഷിക്കാതെ പുറത്താക്കും.

ആ കുലീനവനിതകൾ നിർദേശം സ്വീകരിക്കുകയും തങ്ങളുടെ പതിവുള്ള വേഷഭൂഷാദികൾ അണിഞ്ഞ് ചക്രവർത്തിയുടെ മുമ്പിൽ ആഗതരാകുകയും ചെയ്തു. അവരുടെ വേഷഭൂഷാദികളിൽ നിന്ന് അവരുടെ മാന്യസ്ഥാനം പരഗണിച്ച് ചക്രവർത്തി മാന്യതയോടും ദയയോടും കൂടെ പെരുമാറാനായിരുന്നിത്. ഇപ്രകാരം അവർ സന്നിഹിതരായി ആവലാതി ബോധിപ്പിച്ചു. ഇടയനെ കൂടാതെ ചെന്നായ്ക്കളുടെ കടന്നാക്രമണത്തിന് വശംവദരാകാൻ ഇടയുള്ള മഹാനഗരത്തിന്റെ അവസ്ഥയിൽ ദയ തോന്നണമെന്ന് അവർ അപേക്ഷിച്ചു.

അജഗണത്തെ പരിപാലിക്കാൻ കഴിവുള്ള ഒരിടയൻ അവിടെ ഉള്ളതിനാൽ, വേറൊരാളുടെ ആവശ്യമില്ലെന്ന് ചക്രവർത്തി പറഞ്ഞു. മഹാനായ ലിബേരിയുസിനെ നാടുകടത്തിയ ശേഷം ഫേലിക്സ് എന്നു പേരായ ഒരു ഡീക്കനെ അവിടെ മെത്രാനായി നിയമിച്ചിരുന്നു. അദ്ദേഹം നിഖ്യാവിശ്വാസപ്രമാണം അഭംഗുരം പാലിച്ചു. എങ്കിലും വിശ്വാസം ദുഷിച്ചവരുമായി കൂട്ടായ്മ പുലർത്തിയിരുന്നു. അതുകൊണ്ട് അദ്ദേഹം പള്ളിയിൽ ഉള്ളപ്പോൾ വിശ്വാസികളാരും അകത്തു കടന്നിരുന്നില്ല. ആ സ്ത്രീകൾ ഈ സംഗതികളൊക്കെ ചക്രവർത്തിയെ ധരിപ്പിച്ചു. അത്

ഫലമണിഞ്ഞു. മഹാനായ ലിബേരിയുസിനെ വിപ്രവാസത്തിൽ നിന്ന് തിരികെ വിളിക്കാനും രണ്ടുപേരും ഒരുമിച്ച് സഭയെ ഭരിക്കാനും ചക്രവർത്തി കൽപ്പിച്ചു.

സർക്കസ് സ്ഥലത്ത് ചക്രവർത്തിയുടെ കൽപ്പന വായിച്ചു. ഇമ്പീരിയൽ കൽപ്പന നീതിപൂർവകമാണെന്ന് ജനം ആർത്തുവിളിച്ചു. എന്നാൽ കാഴ്ചക്കാർ രണ്ടുവിഭാഗമായി തിരിഞ്ഞു. അവരുടെ വസ്ത്രത്തിന്റെ നിറത്തിൽ നിന്നാണ് അവരുടെ പേരുകൾ. ഓരോ വിഭാഗത്തിനും തങ്ങളുടേതായ മെത്രാൻ വേണമെന്നായി. ഇങ്ങനെ ചക്രവർത്തിയുടെ കൽപ്പനയെ കളിയാക്കിയിട്ട്, അവർ ഏകസ്വരത്തിൽ ഇപ്രകാരം പറഞ്ഞു: "ഒരു ദൈവം, ഒരു ക്രിസ്തു, ഒരു മെത്രാൻ". കൃത്യം അവരുടെ വാക്കുകൾ പകർത്തിയത് ശരിയെന്ന് എനിക്ക് തോന്നി. ഭക്തവും നീതിയുക്തവുമായ ഈ വാക്കുകൾ ക്രിസ്തീയജനത ഉച്ചരിച്ചു കഴിഞ്ഞ് വിശുദ്ധ ലിബേരിയുസ് തിരികെ എത്തുകയും ഫേലിക്സ് മറ്റൊരു നഗരത്തിലേക്ക് പോകുകയും ചെയ്തു.

### അധ്യായം 15

## റിമിനി സിനഡ്

തങ്ങളുടെ ഇച്ഛാനുസൃതം ചക്രവർത്തിയുടെ മനസ്സു രൂപീകരിച്ച ആരിയൻ പക്ഷപാതികൾ, സത്യവിശ്വാസത്തിനുവേണ്ടി നിലകൊണ്ടവരെയെല്ലാം നീക്കി. തങ്ങൾ എതിർത്ത നിഖ്യായിലെ സത്യവിശ്വാസത്തെ എളുപ്പം കീഴ്മറിക്കാമെന്നും അതിനുപകരം ആരിയനിസം ഉറപ്പിക്കാമെന്നും വീമ്പടിച്ചു. കിഴക്കും പടിഞ്ഞാറുമുള്ള മെത്രാന്മാരെ റിമിനിയിൽ വിളിച്ചു കൂട്ടാൻ അവർ ചക്രവർത്തിയെ പ്രേരിപ്പിച്ചു.

ആരിയസിന്റെ കൊടിയ വഞ്ചനയെ കീഴമർത്താൻ വിശ്വാസപ്രമാണത്തിൽ പിതാക്കന്മാർ ഉപയോഗിച്ച *സത്ത (ഉസിയാ)* എന്ന പദവും *സമസത്ത (ഹോമോഉസിയോസ്)* എന്ന പദവും വിശ്വാസപ്രമാണത്തിൽ നിന്ന് നീക്കാനായിരുന്നു അവരുടെ പദ്ധതി. ഈ പദങ്ങൾ സഭകൾക്കിടയിൽ അനൈക്യത്തിന് ഹേതുവായി എന്നായിരുന്നു അവരുടെ വാദം.

സിനഡ് കൂടുമ്പോൾ, ഭൂരിപക്ഷം മെത്രാന്മാരെ, പ്രത്യേകിച്ച്, സങ്കീർണത ഇല്ലാത്തവരും ഋജുമാനസ്സരുമായ പാശ്ചാത്യമെത്രാന്മാരെ കബളിപ്പിക്കാൻ ആരിയൻ പക്ഷപാതികൾ പദ്ധതിയിട്ടു. തിരുലിഖിതത്തിൽ ഇല്ലാത്ത രണ്ടു വാക്കുകളെപ്രതി സഭാഗാത്രം കീറിമുറിക്കപ്പെടരുതെന്ന് അവർ ആവർത്തിച്ചാവർത്തിച്ച് വാദിച്ചുകൊണ്ടിരുന്നു. "പുത്രൻ എല്ലാ കാര്യങ്ങളിലും പിതാവിനെ *പോലെയാണ്*" എന്നു പറയുന്നതിന്റെ ഔചിത്യം അവർ പ്രഖ്യാപിച്ചു. *സത്ത* എന്നപദം തിരുലിഖിതാനുസൃതമല്ലെന്ന് പറഞ്ഞ് ഉപേക്ഷിക്കാൻ നിർബന്ധിച്ചു.

www.malankaralibrary.com 

ഇത് അവതരിപ്പിച്ചവരുടെ ഉദ്ദേശ്യം സിനഡിന് ബോധ്യപ്പെടുകയും അക്കാരണത്താൽ അവർ അവതരിപ്പിച്ചത് തള്ളപ്പെടുകയും ചെയ്തു. സത്യപിതാക്കന്മാർ തങ്ങളുടെ ചിന്ത ഒരു കത്തിലൂടെ ചക്രവർത്തിയെ ധരിപ്പിച്ചു: "ഞങ്ങൾ നിഖ്യാകൗൺസിലിലെ പിതാക്കന്മാരുടെ മക്കളും അനന്തരാവകാശികളുമാണ്. അവർ രൂപീകരിച്ചതിൽ നിന്ന് എന്തെങ്കിലും മാറ്റുന്നതിനോ, അതിനോട് എന്തെങ്കിലും കൂട്ടിച്ചേർക്കുന്നതിനോ ഉള്ള ധിക്കാരം കാട്ടിയാൽ, ഞങ്ങൾ അവരുടെ യഥാർഥ സന്തതികൾ അല്ലെന്നു വരും. നമ്മെ ഒന്നിപ്പിച്ചവരെ കുറ്റപ്പെടുത്തുന്നവരുമാകും."

അവരുടെ വിശ്വാസപ്രഖ്യാപനത്തിന്റെ കൃത്യമായ വാക്കുകൾ കൂടുതൽ കൃത്യമായി കോൺസ്റ്റാൻസ്യൂസിനുള്ള കത്തിൽ നൽകുന്നു.

## കോൺസ്റ്റാൻസ്യൂസിനുള്ള കത്ത്

"കത്തോലിക്കാ സഭയുടെ വിശ്വാസം പ്രഖ്യാപിക്കുന്നതിനും അതിനെതിരെ ഉണ്ടാക്കിയ പാഷണ്ഡതകൾ കണ്ടുപിടിക്കുന്നതിനും പാശ്ചാത്യനഗരങ്ങളിൽ നിന്നെല്ലാം ഞങ്ങൾ റിമിനിയിൽ ഒന്നിച്ചു കൂടിയത് ദൈവകൽപ്പനയാലും അങ്ങയുടെ ക്രമീകരണത്താലുമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. സുദീർഘമായ അന്വേഷണങ്ങൾക്കുശേഷം ഞങ്ങൾ താഴെപ്പറയുന്ന അനുമാനത്തിലെത്തി. പുരാതനകാലം മുതൽ കൈമാറി തന്നതും പ്രവാചകന്മാരും സുവിശേഷകന്മാരും ശ്ലീഹന്മാരും അങ്ങയുടെ സാമ്രാജ്യത്തിന്റെ രക്ഷകനും സംരക്ഷകനുമായ നമ്മുടെ കർത്താവേശു ക്രിസ്തുവും പ്രസംഗിച്ചതുമായ വിശ്വാസം സംരക്ഷിക്കുന്നതാണുത്തമം.

നിഖ്യായിൽ കൂടിയ മെത്രാന്മാർ ശരിയായും ന്യായമായും രൂപീകരിച്ച തത്വങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നത് മണ്ടത്തരവും നിയമ രഹിതവുമാണ്. അങ്ങയുടെ പിതാവും മഹനീയനുമായ കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ സമ്മതത്തോടു കൂടിയാണ് അത് രൂപീകൃതമായത്. അദ്ദേഹത്തിന്റെ ചിന്തയും പ്രബോധനവും എല്ലായിടത്തും സാർവത്രിക മായി പ്രഘോഷിക്കപ്പെടുകയും മനുഷ്യർ സ്വീകരിക്കുകയും ചെയ്യുന്നു. അത് ആരിയൻ പാഷണ്ഡതയ്ക്ക് എതിരും അതിനെ തകർക്കുന്നതുമാണ്. അതുവഴി വിശ്വാസത്തിൽ നിന്നുള്ള ആ വ്യതിചലനവും മറ്റെല്ലാ പാഷണ്ഡ തകളും ഇല്ലായ്മ ചെയ്യപ്പെടുന്നു. ആ പ്രബോധനങ്ങളിൽ നിന്ന് എന്തെങ്കി ലും നീക്കുകയോ, അതിനോട് എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ ചെയ്യുന്ന തിൽ വലിയ അപകടമുണ്ട്. അവയിൽ ഏറ്റവും ചെറിയ മാറ്റങ്ങൾ വരുത്തുന്നതുപോലും എതിരാളികൾക്ക് തന്നിഷ്ടംപോലെ പ്രവർത്തിക്കാൻ അവസരം കൊടുക്കുക ആയിരിക്കും.

ആരിയൻ പാഷണ്ഡതയിൽ പങ്കെടുക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നെന്ന സംശയത്തിൽ ഉർസാചിയുസിനെയും വാലൻസിനെയും ഞങ്ങളുമായുള്ള കൂട്ടായ്മയിൽനിന്നു ഞങ്ങൾ വിച്ഛേദിച്ചു. അവരുമായുള്ള കൂട്ടായ്മ പുനഃസ്ഥാപിക്കാമെന്ന പ്രതീക്ഷയിൽ അവർ തങ്ങളുടെ തെറ്റ്

ഏറ്റുപറയുകയും മോചനം പ്രാപിക്കുകയും ചെയ്തു. അത് അവരുടെ കത്തിടപാടുകൾ തന്നെ സാക്ഷിക്കുന്നു. അതുവഴി അവരോട് ക്ഷമിക്കുകയും ആരോപണങ്ങളിൽ നിന്ന് അവർ മോചിതരാകുകയും ചെയ്തു. അവർക്ക് മോചനം നൽകിയത് മിലാൻ സിനഡിൽ വച്ചാണ്. റോമാ സഭയിലെ പ്രെസ്ബിറ്റർമാരും അവിടെ സന്നിഹിതരായിരുന്നു.

നിഖ്യാവിശ്വാസപ്രമാണം ഭാഗ്യസ്മരണാർഹനായ കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ സാന്നിധ്യത്തിൽ അതീവശ്രദ്ധയോടും കൃത്യതയോടും കൂടി തയാറാക്കിയതാണെന്ന് ഞങ്ങൾക്കറിയാം. ചക്രവർത്തി തന്റെ ജീവിതകാലം മുഴുവനും തന്റെ സ്നാനാവസരത്തിലും അത് മുറുകെ പിടിച്ചു. അദ്ദേഹം സ്വർഗീയസമ്മാനത്തിനായി പോയപ്പോൾ അതിൽ മാറ്റം വരുത്താൻ പരിശ്രമിക്കുന്നത് മണ്ടത്തരമാണ്. അനേകം രക്തസാക്ഷികളും വിശ്വാസസാക്ഷികളും ഏറ്റുപറഞ്ഞ ഈ വിശ്വാസം കാത്തുസൂക്ഷിക്കുന്നത് അവശ്യാവശ്യമാണ്. അവരിത് സംരക്ഷിച്ചത് സഭയുടെ പുരാതനഡിക്രി അനുസരിച്ചാണ്. നമ്മുടെ കർത്താവേശുമിശിഹായിലൂടെ അവരുടെ വിശ്വാസത്തെ പറ്റിയുള്ള അറിവ് ഇന്ന് ദൈവം നമുക്ക് പകർന്നു തന്നിരിക്കുന്നു. അവൻ വഴിയാണല്ലോ അങ്ങ് ലോകത്തെ അടക്കി ഭരിക്കുന്നത്.

വീണ്ടും, ഞങ്ങളുടെ ചിന്തയനുസരിച്ച്, ശോചനീയരും നികൃഷ്ടരുമായ ഈ മനുഷ്യർ അതിസാഹസികമായി അഭക്തവീക്ഷണ വക്താക്കളായി ഇറങ്ങി പുറപ്പെടുകയും സത്യത്തിന്റെ സമ്പൂർണ സിസ്റ്റത്തെ അട്ടിമറിക്കാൻ ശ്രമിക്കുകയും ചെയ്തു. അങ്ങയുടെ കൽപ്പനാനുസൃതം ഞങ്ങൾ സിനഡു കൂടി. ഈ മനുഷ്യർ തങ്ങളുടെ വഞ്ചനാത്മകവീക്ഷണം അവതരിപ്പിച്ചു. അവർ ഒരു നവീകരണത്തിന് ഒരുമ്പെട്ടു. വഞ്ചനയോടും ബഹളത്തോടും കൂടെ അത് അവതരിപ്പിച്ചു. ഈ ഹീനമായ സംഗതിക്ക് അവർ ചില സുഹൃത്തുക്കളെ കണ്ടെത്തി. അവരെ പിടികൂടി. അതായത്, ജർമാനിയുസ്, ഔക്സെൻസ്യൂസ്, കായൂസ് എന്നിവർ. അവർ തർക്കവും അനൈക്യവും ഉണ്ടാക്കി. ആ രേഖ നിശ്ചയമായും തള്ളപ്പെടുമെന്ന് കാണുകയാൽ, അതിൽ ചില മാറ്റങ്ങൾ വരുത്താൻ അവർ ആഗ്രഹിച്ചു.

അവർ നിമിത്തം സഭാസംഗതികൾ തകിടം മറിയാതിരിക്കാനും അവർ ഇളക്കിവിട്ട കോളിളക്കത്താൽ ഇളകി ആടാതിരിക്കാനും, പുരാതനവും വ്യതിയാനരഹിതവുമായ നിർവചനങ്ങൾ സംരക്ഷിക്കുന്നതും നമ്മുടെ കൂട്ടായ്മയിൽ നിന്ന് മേൽപ്പറഞ്ഞവരെ പുറംതള്ളുന്നതും സുരക്ഷിതമെന്ന് ഞങ്ങൾക്ക് തോന്നി. ഇക്കാരണത്താൽ ഞങ്ങൾ ഞങ്ങളുടെ ബഹുമാന്യരായ പ്രതിനിധികളെ കൗൺസിലിന്റെ തീരുമാനങ്ങൾ ഉൾക്കൊണ്ട കത്തുകളോടു കൂടെ അങ്ങയുടെ പക്കലേക്കയച്ചു. പ്രാചീനർ ശരിയായി നിർവചിച്ച സത്യം നിലനിർത്താനും, ചെറിയ മാറ്റങ്ങൾ സഭയിൽ സമാധാനം ഉണ്ടാക്കുമെന്ന വാലൻസിന്റെയും ഉർസാചിയുസിന്റെയും വാക്കുകളുടെ പൊള്ളത്തരം അങ്ങയെ ധരിപ്പിക്കാനും പ്രതിനിധികളോട് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. സമാധാനം നശിപ്പിക്കുന്നവർക്ക് എങ്ങനെ

സമാധാനം ഉണ്ടാക്കാൻ കഴിയും? അവർ മറ്റു നഗരങ്ങളിലും റോമാ സഭയിലും കൂടുതൽ തർക്കവും കലഹവും ഉണ്ടാക്കാനാണിട.

അതുകൊണ്ട് ഞങ്ങളുടെ പ്രതിനിധികളെ സ്നേഹപൂർവം സ്വീകരിക്കണമെന്നും അനുഭാവപൂർവം പരിഗണിക്കണമെന്നും മരിച്ചുപോയവരെ പുതിയ മാറ്റങ്ങൾ വഴി അവഹേളിക്കാൻ അനുവദിക്കരുതെന്നും ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു. നമുക്ക് നമ്മുടെ പൂർവികരിൽ നിന്നു ലഭിച്ച നിർവചനങ്ങളും ഡിക്രികളും നിലനിർത്താൻ ഞങ്ങളെ അനുവദിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്ന. അവർ ഉത്സാഹത്തോടും വിവേകത്തോടും പരിശുദ്ധാത്മാവിനോടും കൂടിയാണ് അവരുടെ ദൗത്യം നിർവഹിച്ചതെന്ന് ഞങ്ങൾ തറപ്പിച്ചുപറയുന്നു. കാരണം, ഈ നവീകരണങ്ങൾ വിശ്വാസികളെ അവിശ്വസ്തതയിലേക്ക് നയിക്കുന്നു. അവിശ്വാസികളെ അപക്വതയിലേക്ക് വ്യാമോഹിപ്പിക്കുന്നു.

അതുപോലെ തങ്ങളുടെ സഭകളിൽനിന്ന് ഇപ്പോൾ അകന്നിരിക്കുന്ന മെത്രാന്മാർക്ക് തിരികെ പോകാനുള്ള സൗകര്യം ഒരുക്കണമെന്ന് ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു. അവരുടെ ശുശ്രൂഷ ലഭിക്കാതെ സഭകൾ ദീർഘകാലം കഴിയാതിരിക്കുന്നതിനാണിത്. ചിലർ പ്രായാധിക്യം മൂലം കഷ്ടപ്പെടുന്നു. മറ്റുള്ളവർ ദാരിദ്ര്യം മൂലം പ്രയാസപ്പെടുന്നു.

വീണ്ടും, നേരത്തെയുള്ള വിശ്വാസത്തോട് യാതൊന്നും കൂട്ടിച്ചേർക്കുകയോ, അവയിൽ നിന്ന് എന്തെങ്കിലും നീക്കിക്കളയുകയോ ചെയ്യരുതെന്ന് അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങയുടെ പിതാവിന്റെ കാലം മുതൽ ഇന്നുവരെ സംരക്ഷിക്കപ്പെട്ടതുപോലെ എല്ലാം മാറ്റമില്ലാതിരിക്കട്ടെ. അങ്ങനെ ഞങ്ങൾ വരുംകാലത്ത് ക്ഷീണിതരാകാതിരിക്കട്ടെ. ഞങ്ങളുടെ ഇടവകകൾക്ക് ഞങ്ങൾ അന്യരായി ദീർഘയാത്രയ്ക്ക് നിർബന്ധിക്കപ്പെടാതിരിക്കട്ടെ. പിന്നെയോ, മെത്രാന്മാരും ജനങ്ങളും ഒന്നിച്ച് സമാധാനത്തിൽ ജീവിക്കട്ടെ. അങ്ങയുടെ വ്യക്തിപരമായ രക്ഷയ്ക്കും അങ്ങയുടെ സാമ്രാജ്യത്തിന്റെ നിരന്തര സമാധാനത്തിനും വേണ്ടി അപേക്ഷകളും പ്രാർഥനകളും സമർപ്പിക്കാൻ അവർക്ക് കഴിയട്ടെ. മെത്രാന്മാരുടെ പേരും ഒപ്പും ഞങ്ങളുടെ പ്രതിനിധികൾ അങ്ങയെ കാണിക്കുന്നതാണ്. തിരുലിഖിതത്തിൽ നിന്ന് അവരിൽ ചിലർ അങ്ങേയ്ക്ക് പ്രബോധനം നൽകുന്നതാണ്".

കത്തെഴുതി പ്രതിനിധികളെ യാത്രയാക്കി. എന്നാൽ ഇമ്പീരിയൽ കൊട്ടാരത്തിലുള്ള ഉന്നതോദ്യോഗസ്ഥന്മാർ കത്തുവാങ്ങി ചക്രവർത്തിക്ക് കൊടുത്തെങ്കിലും, ചക്രവർത്തി രാജ്യകാര്യങ്ങളിൽ വ്യാപൃതനാണെന്ന വ്യാജേന ചക്രവർത്തിയെ കാണാൻ പ്രതിനിധികളെ അനുവദിച്ചില്ല. താമസിക്കുന്തോറും മെത്രാന്മാർ അക്ഷമരായി, തങ്ങളുടെ രൂപതകളിലേക്ക് പോകാൻ തിടുക്കം കൂട്ടി. പാഷണ്ഡതയ്ക്കെതിരെ തങ്ങൾ ഉയർത്തിയ കോട്ട തകർന്ന് ചിന്നിച്ചിതറി പോകാൻ നിർബന്ധിതരാകുമെന്ന് അവർ ഭയപ്പെട്ടു. പ്രതിനിധികളെ സ്വീകരിക്കണമെന്നും സിനഡ് പിരിച്ചു വിടണമെന്നും അപേക്ഷിച്ചുകൊണ്ട് വിശ്വാസവീരന്മാർ ചക്രവർത്തിക്ക് രണ്ടാമതൊരു കത്തയച്ചു.

**സിനഡിന്റെ രണ്ടാമത്തെ കത്ത്**

ജേതാവും ഭക്തനുമായ കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിക്ക്, റിമിനിയിൽ സമ്മേളിച്ച മെത്രാന്മാർ ആശംസകൾ അയക്കുന്നു. അതിമഹനീയ നാഥാ, ഏകാധിപതിയേ, രാജ്യഭരണസംബന്ധമായ കാര്യങ്ങളിൽ വ്യാപൃതനായിരുന്നതിനാൽ, ഇതുവരെ ഞങ്ങളുടെ പ്രതിനിധികളെ കാണാൻ അങ്ങേയ്ക്ക് സാധിച്ചില്ലെന്ന് അറിയിച്ചു കൊണ്ടുള്ള അങ്ങയുടെ കത്തുകിട്ടി. ഞങ്ങളുടെ മുമ്പിലുള്ള വിഷയം സംബന്ധിച്ചും നമ്മുടെ മുൻഗാമികളുടെ ഡിക്രികൾ സംബന്ധിച്ചും അങ്ങ് ഒരു തീരുമാനം എടുക്കുന്നതുവരെ അവരുടെ തിരിച്ചുവരവിനായി കാത്തിരിക്കാൻ അങ്ങ് നിർദേശിച്ചല്ലോ.

എന്നാൽ ഞങ്ങൾ നേരത്തെ അറിയിച്ച കാര്യം ഈ കത്തിൽ ആവർത്തിക്കാൻ ഞങ്ങൾ മുതിരുന്നു. കാരണം, ഞങ്ങൾ ഒരു തരത്തിലും ഞങ്ങളുടെ നിലപാട് മാറ്റിയിട്ടില്ല. ഞങ്ങളുടെ കത്ത് കരുണാപൂർവം സ്വീകരിക്കണമെന്ന് ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു...അങ്ങയുടെ സൗഭാഗ്യകരമായ ഭരണകാലത്ത് അനേകം സഭകൾ മെത്രാന്മാരില്ലാതെ കഴിയുന്നത് എത്ര ഗൗരവമേറിയതും അനുചിതവുമാണെന്ന് ഞങ്ങളെ പ്പോലെ അങ്ങേയ്ക്കും അറിവുള്ളതാണല്ലോ. അതുകൊണ്ട് അങ്ങേയ്ക്ക് ഇഷ്ടമാണെങ്കിൽ, അതിമഹനീയനായ ഏകാധിപതീ, തണുപ്പുകാലത്തിന്റെ കാഠിന്യത്തിനു മുമ്പ് ഞങ്ങളെ ഞങ്ങളുടെ സഭകളിലേക്ക് പോകാൻ കൽപ്പിക്കണമെന്ന് ഒരിക്കൽ കൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങൾ ചെയ്തിരുന്നതുപോലെ സർവശക്തനായ ദൈവത്തിനും നമ്മുടെ കർത്താവും രക്ഷകനുമായ ക്രിസ്തുവിനും അങ്ങയുടെ സാമ്രാജ്യത്തിന്റെ ഐശ്വര്യത്തിനും സമ്പദ്സമൃദ്ധിക്കും വേണ്ടി അതിതീവ്രമായ പ്രാർഥന കൾ തുടർന്നും അർപ്പിക്കാൻ വേണ്ടിയാണിത്.

### അധ്യായം 16

## നിക്കായിലെ അബദ്ധവിശ്വാസപ്രമാണം

ഈ കത്തിനുശേഷം ആരിയൻ പക്ഷക്കാർ ചക്രവർത്തിയെ ശുണ്ഠി പിടിപ്പിച്ചു. മെത്രാന്മാരിൽ ഭൂരിഭാഗത്തേയും അവരുടെ ഇച്ഛയ്ക്കെതിരായി ത്രേസിലെ നിക്കായിൽ ഒന്നിച്ചുകൂട്ടി. കുറേ ഋജുമാനസ്സരെ അവർ കബളിപ്പിച്ചു. മറ്റുള്ളവരെ ഭീഷണിപ്പെടുത്തി. വിശ്വാസപ്രമാണത്തിൽ *സത്ത, സമസത്ത* എന്നീ പദങ്ങൾ തുടച്ചുമാറ്റിയും അവയ്ക്കുപകരം *പോലെ* എന്ന പദം ചേർത്തും സത്യവിശ്വാസത്തെ മുറിപ്പെടുത്താനായി തങ്ങളുടെ ചതുരുപായങ്ങൾ അവർ പുറത്തെടുത്തു. അവരുടെ വിശ്വാസഫോർമുല ചുവടേ ചേർക്കുന്നു. നല്ലതെന്നു കണ്ടതിനാലല്ല, പിന്നെയോ, ആരിയൻ വിഭാഗത്തെ കുറ്റപ്പെടുത്തുന്നതിനാണ്. ഇക്കാലത്തെ

അസംതൃപ്തർ പോലും ഇത് അംഗീകരിക്കുന്നില്ല. ഇപ്പോൾ *പോലെ* എന്നതിനു പകരം *പോലെയല്ല* എന്ന് അവർ പ്രസംഗിക്കുന്നു.

## നിക്കായിലെ അബദ്ധവിശ്വാസപ്രമാണം

സർവശക്തനായ പിതാവും എല്ലാറ്റിന്റെയും നിർമാതാവുമായ ഏക സത്യദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകജാതനായ പുത്രനിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ യുഗങ്ങൾക്കെല്ലാം മുമ്പ്, എല്ലാ യുഗങ്ങൾക്കുംമുമ്പ് പിതാവിൽ നിന്നു ജനിച്ചു. ദൃശ്യവും അദൃശ്യവുമായ എല്ലാവസ്തുക്കളും അവനിലൂടെ നിർമിതമായി. അവൻ മാത്രം ജനിച്ചവനാണ്. പിതാവിൽ നിന്നുമാത്രം ജനിച്ച ഏകജാതൻ. ദൈവത്തിൽ നിന്നുള്ള ദൈവം. തിരുലിഖിതാനുസൃതം, തന്നെ ജനിപ്പിച്ചവനെ പോലെ. തന്നെ ജനിപ്പിച്ച പിതാവല്ലാതെ അവന്റെ ജനനം ആർക്കും അറിയില്ല.

പിതാവയച്ച, ദൈവത്തിന്റെ ഏകജാതനാം പുത്രൻ, പാപത്തിന്റെയും മരണത്തിന്റെയും നാശത്തിനായി, എഴുതപ്പെട്ടിരിക്കുന്നതു പോലെ സ്വർഗത്തിൽ നിന്ന് താണിറങ്ങി വന്നെന്ന് നാം അറിയുന്നു. എഴുതപ്പെട്ടിരിക്കുന്ന പ്രകാരം പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ നിന്ന് ശരീരപ്രകാരം അവൻ ജനിച്ചു. അവൻ തന്റെ ശിഷ്യന്മാരോടൊത്ത് വ്യാപരിച്ചു. തന്റെ രക്ഷാകരവ്യാപാരം പൂർത്തിയായപ്പോൾ, തിരുഹിതപ്രകാരം ക്രൂശിക്കപ്പെട്ടു, മരിച്ചു, സംസ്കരിക്കപ്പെട്ടു. അവൻ അധോലോകത്തിലേക്ക് താണിറങ്ങി. അവൻ നിമിത്തം പാതാളം നടുങ്ങി. അവൻ മൂന്നാംനാൾ ഉത്ഥിതനായി. അവൻ തന്റെ ശിഷ്യന്മാരോടൊത്ത് നാൽപ്പതു നാൾ ചെലവഴിച്ചു. അവൻ സ്വർഗാരോഹിതനായി, പിതൃവലഭാഗത്തിരിക്കുന്നു. ഓരോരുത്തർക്കും അവരവരുടെ പ്രവൃത്തികൾക്കനുസൃതം പ്രതിഫലം നൽകാൻ ലോകാവസാനത്തിൽ പിതാവിന്റെ മഹത്വത്തിൽ അവൻ വരാനിരിക്കുന്നു. ദൈവത്തിന്റെ ഏകജാതനായ പുത്രൻ, ദൈവവും കർത്താവുമായ യേശുക്രിസ്തു, മനുഷ്യർക്ക് അയക്കാമെന്ന് വാഗ്ദാനം ചെയ്ത ആശ്വാസപ്രദനും സത്യാത്മാവുമായ പരിശുദ്ധാത്മവിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവൻ സ്വർഗാരോഹിതൻ ആയശേഷം ഈ ആത്മാവിനെ അവൻ തന്നെ അയച്ചു. അവൻ പിതൃവലഭാഗത്ത് ഇരിക്കുന്നു. അവിടെ നിന്ന് ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വരും.

*സമസത്ത* എന്നപദം പിതാക്കന്മാർ ലളിതമായി കൂട്ടിച്ചേർത്തതാണ്. അത് ജനങ്ങൾക്ക് മനസ്സിലായില്ല. അത് ഇടർച്ചയ്ക്ക് ഹേതുവായി. അതുകൊണ്ട് അത് നീക്കുന്നത് നല്ലതാണെന്ന് കണ്ടു. ഭാവിയിൽ സത്തയെപ്പറ്റി യാതൊരു പരാമർശവും പാടില്ല. പിതാവിന്റെയും പുത്രന്റെയും സത്തയെപ്പറ്റി തിരുലിഖിതത്തിൽ ഒരിടത്തും സൂചിപ്പിക്കുന്നില്ല. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും വ്യക്തിത്വത്തെപ്പറ്റി ഒരു സത്ത എന്നു പറയാനും പാടില്ല. തിരുലിഖിതം അവനെ വിളിക്കുന്നതു പോലെ *പുത്രൻ പിതാവിനെ പോലെയാണെന്ന്* ഞങ്ങൾ പറയുന്നു.

ശപിക്കപ്പെട്ടതോ, ഭാവിയിൽ ഉണ്ടാകുവാനിരിക്കുന്നതോ ആയ എല്ലാ പാഷണ്ഡതകളും ഇപ്പോൾ അവതരിപ്പിച്ച രേഖയ്ക്ക് വിരുദ്ധമായി ഉണ്ടാകുന്നവയെല്ലാം അഭിശപ്തമത്രേ."

ഈ വിശ്വാസപ്രമാണത്തിൽ മെത്രാന്മാരെല്ലാം ഒപ്പുവച്ചു. ചിലരെ ഭയപ്പെടുത്തിയും ചിലരെ പ്രേരിപ്പിച്ചും ഒപ്പുവയ്പ്പിച്ചു. ഒപ്പുവയ്ക്കാൻ വസമ്മതിച്ചവരെ ലോകാതിർത്തിയിലേക്ക് നാടുകടത്തി.

### അധ്യായം 17

## റിമിനി സിനഡിനെപ്പറ്റി ഡമാസൂസ് പാപ്പായുടെ കത്ത്

മേൽപ്പറഞ്ഞ ഫോർമുലയെ സത്യത്തിന്റെ സാക്ഷികളെല്ലാം, പ്രത്യേകിച്ച് പടിഞ്ഞാറുള്ളവർ, നിരാകരിച്ചു. അവർ ഇല്ലീറിയാക്കാർക്കെഴുതിയ കത്തിൽ നിന്ന് ഇത് സ്പഷ്ടമാണ്. റോമാസഭയിൽ ലിബേരിയുസിന്റെ പിൻഗാമിയും അനേകം സുകൃതങ്ങളാൽ അലംകൃതനുമായ ഡമാസൂസാണ് ആദ്യം ഒപ്പിട്ടിരിക്കുന്നത്. തുടർന്ന് റോമിൽ കൂടിയ ഇറ്റലിയിലും ഗാളിലുമുള്ള 90 മെത്രാന്മാർ ഒപ്പിട്ടു. അവരുടെ പേരുകൾ ചേർക്കുന്നത് അധികപ്പറ്റായതിനാൽ ചേർക്കുന്നില്ല.

"പരിശുദ്ധ സിനഡിൽ റോമിൽ കൂടിയ ഡമാസൂസും വലേറിയനും മറ്റുള്ളവരും, ഇല്ലീറിയായിലുള്ള വത്സല സഹോദരമെത്രാന്മാർക്ക് കർത്താവിൽ ആശംസകൾ.

ശ്ലൈഹികപ്രബോധനത്തിൽ അടിസ്ഥാനം ഉറപ്പിച്ചതും പിതാക്കന്മാരുടെ നിർവചനങ്ങളിൽ നിന്ന് യാതൊരു തരത്തിലും വ്യതിചലിക്കാത്തതുമായ വിശുദ്ധ വിശ്വാസപ്രമാണം ദൈവത്തിന്റെ പുരോഹിതരായ നാം മുറുകെ പിടിക്കുകയും നമ്മുടെ ആളുകളെ പഠിപ്പിക്കുകയും ചെയ്യുന്നെന്ന് നാം കരുതുന്നു. മറ്റുള്ളവരെ പഠിപ്പിക്കേണ്ടത് വൈദികരാണ്. എന്നാൽ ചിലർ പാഷണ്ഡതയിൽ നിപതിച്ചെന്ന് ഗോളിലും വെനീസിലുമുള്ള സഹോദരന്മാരുടെ റിപ്പോർട്ടിൽ നിന്ന് നാം ഗ്രഹിച്ചു.

ഈ ദ്രോഹത്തിനെതിരെ മുൻകരുതൽ എടുക്കുക മാത്രമല്ല, ഉയർന്നുവരുന്ന വ്യത്യസ്ത പ്രബോധനങ്ങൾക്കെതിരെ നിലപാടെടുക്കുക എന്നതും മെത്രാന്മാരുടെ കടമയാണ്. വ്യത്യസ്ത പ്രബോധനം, അപൂർണമായ അധ്യാപനത്തിൽ നിന്നാകാം, അഥവാ തെറ്റായ വ്യാഖ്യാതാക്കളെ വായിക്കുന്നവരുടെ ലാഘവത്വത്തിൽ നിന്നാകാം. തെന്നുന്ന പാതയിൽ വഴുതി വീഴാതിരിക്കാൻ ഓർമിപ്പിക്കണം. അതായത്, വ്യത്യസ്തോപദേശങ്ങൾ കാതുകളിൽ എത്തുമ്പോൾ, നമ്മുടെ പിതാക്കന്മാരുടെ പ്രബോധനത്തെ മുറുകെ പിടിക്കണം. അതുകൊണ്ട് ഔക്സെൻസ്യൂസിനെ ഈ കാര്യത്തിൽ

പ്രത്യേകമായി കുറ്റം വിധിക്കാൻ തീരുമാനിച്ചു. റോമൻ സാമ്രാജ്യത്തിലെ നിയമപ്രബോധകരെല്ലാം നന്നായി നിയമം പഠിക്കണം, അല്ലാതെ വ്യത്യസ്ത പ്രബോധനങ്ങൾ കൊണ്ട് വിശ്വാസത്തെ ദുഷിപ്പിക്കരുത്.

പാഷണ്ഡികളുടെ ദുഷ്ടത ആദ്യം ഉടലെടുത്തപ്പോൾ, ഇപ്പോഴത്തെപ്പോലെ ആരിയന്മാരുടെ ദൈവദൂഷണം മുൻനിരയിലേക്ക് നുഴഞ്ഞുകയറിയപ്പോൾ, നമ്മുടെ പിതാക്കന്മാരും റോമൻ സാമ്രാജ്യത്തിലെ അതിവിശുദ്ധരുമായ 318 മെത്രാന്മാർ നിഖ്യായിൽ ഒത്തുകൂടി അക്കാര്യം ചർച്ച ചെയ്തു. പിശാചിന്റെ കൂരമ്പുകൾക്കെതിരെ അവർ ഉയർത്തിയ കോട്ടയും, മാരകവിഷം പ്രതിരോധിക്കാൻ അവർ ഉപയോഗിച്ച മറുമരുന്നും അവരുണ്ടാക്കിയ വിശ്വാസപ്രമാണമായിരുന്നു. അതായത്, പിതാവും പുത്രനും ഏകസത്തയും ഏകദൈവത്വവും ഏകശ്രേഷ്ഠത്വവും ഏകശക്തിയും ഏകസ്വഭാവവും ആണെന്നും പരിശുദ്ധാത്മാവിനും അതേ സത്തയും അതേ സ്വഭാവവും ആണെന്നും അവർ പഠിപ്പിച്ചു.

ഇപ്രകാരം ചിന്തിക്കാത്തവർ നമ്മുടെ കൂട്ടായ്മയിൽ നിന്ന് വേർപെട്ടവരാണെന്ന് വിധിക്കപ്പെട്ടു. അവരുടെ വിചിന്തനം ബഹുമാനാർഹവും നിർവചനം ശരിയായിട്ടുള്ളതുമാണ്. എന്നാൽ ചിലർ തങ്ങളുടെ പിൽക്കാല ചർച്ചകളാൽ അതിനെ ദുഷിപ്പിക്കാനും കലുഷമാക്കാനും ശ്രമിച്ചു,

എങ്കിലും ആരംഭത്തിൽ തന്നെ തെറ്റു ചൂണ്ടിക്കാണിക്കാൻ മെത്രാന്മാർ ശ്രമിച്ചു. വിശ്വാസത്തിൽ നവീകരണം വരുത്താനോ മാറ്റിമറിക്കാനോ റിമിനിയിൽ വച്ച് അവരുടെ മേൽ സമ്മർദം ചെലുത്താനുള്ള ശ്രമം നടന്നു. എതിർവാദങ്ങളാൽ തങ്ങൾ വശീകൃതരായെന്ന് അവർ ഏറ്റുപറഞ്ഞു. അഥവാ, നിഖ്യായിലെ പിതാക്കന്മാരുടെ അഭിപ്രായവുമായി പരസ്പര വിരുദ്ധതയൊന്നും നിരീക്ഷിച്ചില്ലെന്ന് അവർ സമ്മതിച്ചു. റിമിനിയിൽ കൂടിയ മെത്രാന്മാരുടെ എണ്ണം കാര്യമാക്കാനില്ല. കാരണം, റോമാമെത്രാനോ, വിൻസെൻസ്യൂസോ, ബാക്കിയുള്ളവരോ അത്തരം പ്രബോധനങ്ങൾ അംഗീകരിച്ചിട്ടില്ല.

മറ്റെല്ലാറ്റിനും മുമ്പ് റോമാമെത്രാന്റെ അഭിപ്രായം തേടേണ്ടതുണ്ടെന്നത് എല്ലാവർക്കും അറിവുള്ളതാണ്. വിൻസെൻസ്യൂസ് ദീർഘകാലം കളങ്കരഹിതനായി മെത്രാനായിരുന്നു. ഇത് പ്രധാനപ്പെട്ട സംഗതിയാണ്. നേരത്തെ പറഞ്ഞതുപോലെ, ചതിവിൽ അകപ്പെട്ടവർ തന്നെയും പിന്നീട് ബോധോദയം വന്നപ്പോൾ, അത് തള്ളിപ്പറയുകയുണ്ടായി.

ശ്ലൈഹികാധികാരത്തിന്മേൽ നിഖ്യായിൽ ഉറപ്പിക്കപ്പെട്ട ഈ ഏകവിശ്വാസം എന്നേക്കും സുരക്ഷിതമായി കാത്തുസൂക്ഷിക്കപ്പെടണമെന്ന് നിങ്ങൾ കരുതുന്നുണ്ടല്ലോ. മറിച്ചു ചിന്തിക്കുന്നവരെ അധികം വൈകാതെ കൂട്ടായ്മയിൽ നിന്ന് പുറത്താക്കണം. മെത്രാനെന്ന നാമം നീക്കണം. അങ്ങനെ അവരുടെ അജഗണം തെറ്റിൽ നിന്ന് വിമുക്തരായി സ്വതന്ത്രമായി ശ്വസിക്കട്ടെ. അവർ തന്നെ തെറ്റിലാണെങ്കിൽ, തങ്ങളുടെ ജനത്തിന്റെ തെറ്റു തിരുത്താൻ അവർക്ക് സാധിക്കുകയില്ല. നിങ്ങളുടെ അഭിപ്രായം ദൈവത്തി

ന്റെ മറ്റെല്ലാ പുരോഹിതന്മാരുടേതുമായി ചേർന്നു പോകുന്നത് ആയിരിക്കട്ടെ. നിങ്ങൾ ഇതിൽ ഉറച്ചുനിൽക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങനെ ഞങ്ങൾ നിങ്ങളോടൊത്ത് ശരിയായി വിശ്വസിക്കേണ്ടിയിരിക്കുന്നു. നിങ്ങളുടെ മറുപടി ഞങ്ങളെ സന്തുഷ്ടരാക്കട്ടെ. വത്സല സഹോദരരേ, അഭിവാദ്യങ്ങൾ!"

### അധ്യായം 18

# റിമിനി സിനഡിനെപ്പറ്റി അത്തനാസ്യോസിന്റെ കത്ത്

മഹാനായ അത്തനാസ്യോസ് ആഫ്രിക്കക്കാർക്കുള്ള കത്തിൽ റിമിനി സിനഡിപ്പറ്റി ഇപ്രകാരം എഴുതുന്നു:

"ഈ സാഹചര്യങ്ങളിൽ നിഖ്യാകൗൺസിലിനു പുറമേ റിമിനി സിനഡിനെപ്പറ്റി എന്തെങ്കിലും സൂചിപ്പിക്കുന്നത് ആര് സഹിക്കും? പിതാക്കന്മാരുടെ വാക്കുകൾ നീക്കിയിട്ട് കക്ഷിമത്സരത്താലും ബലപ്രയോഗത്താലും റമിനിയിൽ അവതരിപ്പിച്ചതിന് മുൻതൂക്കം കൊടുത്തതിൽ ആരാണ് കഠിനവെറുപ്പ് കാട്ടാത്തത്? തങ്ങളുടെ സ്വന്തം വാക്കുകൾപോലും സത്യമായി സ്വീകരിക്കാത്ത ഈ മനുഷ്യരുമായി സംസർഗം ചെയ്യാൻ ആരാണ് ഇഷ്ടപ്പെടുക? നേരത്തെ പറഞ്ഞതുപോലെ, അവർ പത്തോ പന്ത്രണ്ടോ സിനഡുകളിൽ ഇപ്പോൾ ഒരു കാര്യം, പിന്നെ മറ്റൊരു കാര്യം പറഞ്ഞുവയ്ക്കുന്നു. ഇപ്പോൾ ഒന്നിനു പിറകെ ഒന്നായി പരസ്യമായി അവർ തന്നെ ഈ സിനഡുകൾ തള്ളിപ്പറയുന്നു. യഹൂദന്മാരുടെ ഇടയിലെ ഒറ്റുകാർ പണ്ട് അനുഭവിച്ച വിധിക്ക് ഇപ്പോൾ അവർ വിധേയരാണ്. കാരണം, ജറമിയാ പ്രവാചകനിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "സജീവജലത്തിന്റെ ഉറവയായ എന്നെ അവർ ഉപേക്ഷിച്ചു. ജലം സൂക്ഷിക്കാൻ കഴിയാത്ത പൊട്ടക്കിണറുകൾ കുഴിച്ചു."(2,13).

എക്യുമേനിക്കൽ കൗൺസിലിനോടുള്ള എതിർപ്പിൽ ഈ മനുഷ്യർ നിരവധി സിനഡുകൾ കൂടി. അവയെല്ലാം വ്യർഥവും ധാന്യമില്ലാത്ത കതിരുകളുമത്രേ (ഹോസിയാ, 8,7). അതുകൊണ്ട് നിഖ്യാ അല്ലാതെ റിമിനി സിനഡോ മറ്റേതെങ്കിലുമോ ഉദ്ധരിക്കുന്നവരെ നമുക്ക് സ്വീകരിക്കാതിരിക്കാം. കാരണം റിമിനിയിൽ യഥാർഥത്തിൽ നടന്നത് എന്താണെന്ന് അറിയാത്തവരാണ് അത് ഉദ്ധരിക്കുന്നത്. അവർ അറിഞ്ഞിരുന്നെങ്കിൽ അവർ വായ് പൊത്തുമായിരുന്നു. ഉർസാചിയുസ്, വാലൻസ്, എവുഡോക്സിയുസ്, ഔക്സെൻസ്യൂസ്, ദെമോഫിലസ് എന്നിവരോട് ആരിയൻ പാഷണ്ഡതയെ ശപിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ അവർ മുട്ടാത്തർക്കം പറഞ്ഞ് നിഖ്യായുടെ ഡിക്രികൾക്കെതിരെ ആരിയനിസത്തിന്റെ വക്താക്കളായി പ്രസ്താവനകൾ നടത്തിയതിനാൽ, അവരെയെല്ലാം സ്ഥാനഭ്രഷ്ടരാക്കി.

വത്സലരേ, നിഖ്യാ കൗൺസിൽ സംബന്ധിച്ച് നിങ്ങളുടെ പ്രതിനിധികൾ വഴി നിങ്ങൾ ഇതേപ്പറ്റിയൊക്കെ അറിഞ്ഞിട്ടുണ്ടല്ലോ. തദ്ഫലമായി നിങ്ങൾ ജാഗ്രത ഉള്ളവരുമാണല്ലോ. നമ്മുടെ കർത്താവിന്റെ സത്യശുശ്രൂഷകരും സത്യവിശ്വാസികളുമായ 200 മെത്രാന്മാർ നിഖ്യാ കൗൺസിലിനോടു മാത്രം കൂറു പ്രഖ്യാപിച്ചു. അതിന്റെ ഡിക്രികളോട് എന്തെങ്കിലും കൂട്ടിച്ചേർക്കുന്ന തിനോ, അതിൽ നിന്ന് എന്തെങ്കിലും നീക്കിക്കളയുന്നതിനോ ഉള്ള ചിന്ത പുലർത്താൻ പോലും അവർ വിസമ്മതിച്ചു. ഈ തീരുമാനം അവർ കോൺസ്റ്റാൻസ്യൂസിനെ അറിയിച്ചു. അദ്ദേഹമാണല്ലോ റിമിനി സിനഡ് വിളിച്ചുകൂട്ടിയത്.

എന്നാൽ റിമിനിയിൽ വച്ച സ്ഥാനഭ്രഷ്ടരാക്കപ്പെട്ടവരെ ചക്രവർത്തി സ്വീകരിച്ചു. അവർക്കെതിരെ വിധി പ്രസ്താവിച്ച 200 പേരെയും വളരെ അധിക്ഷേപിക്കുകയും തങ്ങളുടെ രൂപതകളിലേക്ക് തിരികെ പോകാൻ അനുവദിക്കാതെ ഭീഷണിപ്പെടുത്തുകയും തണുപ്പുകാലത്ത് ത്രേസിൽവച്ച് കഠിനദുരിതത്തിന് വിധേയരാക്കുകയും നവീകരണ നടപടികൾ അംഗീകരിക്കാൻ നിർബന്ധിക്കുകയും ചെയ്തു.

അപ്പോൾ, ആരെങ്കിലും റിമിനി ആധാരമാക്കുന്നെന്ന് നാം കേട്ടാൽ, നമുക്ക് വാദിക്കാം: അവരെ സ്ഥാനഭ്രഷ്ടരാക്കിയ വിധിവാചകവും പിന്നീട് മെത്രാന്മാർ തയാറാക്കിയ രേഖയും കാണിക്കുക. നിഖ്യാപിതാക്കന്മാർ വരച്ചുകാണിച്ചതിന് അപ്പുറത്തേക്ക് പോകാൻ തങ്ങൾ മുതിരുന്നില്ലെന്ന് അതിലവർ പ്രഖ്യാപിച്ചു. നിഖ്യാകൗൺസിൽ അല്ലാതെ മറ്റൊന്നും തങ്ങൾ ആധാരമാക്കുന്നില്ലെന്നും അവർ പറഞ്ഞു. വാസ്തവത്തിൽ ത്രേസിൽവച്ച് നിർബന്ധിച്ചുണ്ടാക്കിയ വിശ്വാസപ്രമാണം അവർ എടുത്തു കാട്ടുമ്പോൾ, ഈ സംഗതികൾ അവർ മറച്ചുവയ്ക്കുന്നു.

തങ്ങൾ ആരിയൻ പാഷണ്ഡതയുടെ വക്താക്കളാണെന്നും സത്യവിശ്വാസത്തിന് അന്യരാണെന്നും അവർ കാട്ടുകയാണ് ചെയ്യുന്നത്. ആ മഹാസിനഡും ഈ മനുഷ്യർ അടിസ്ഥാനമാക്കുന്ന മറ്റുള്ളവയും തമ്മിൽ താരതമ്യപ്പെടുത്തിയാൽ, ഒരുവശത്ത് സത്യമതവും മറുവശത്ത് തെറ്റും ക്രമരാഹിത്യവും ദർശിക്കാനാകും. നിഖ്യാപിതാക്കന്മാരെ ആരും സ്ഥാനഭ്രഷ്ടരാക്കിയതിനു ശേഷമല്ല അവർ നിഖ്യായിൽ ഒത്തുകൂടിയത്. പിന്നെയോ, പുത്രൻ പിതാവിന്റെ സത്തയിൽ നിന്നാണ് എന്ന് ഏറ്റുപറഞ്ഞതിനു ശേഷമാണ്. ആരിയൻ മെത്രാന്മാരെ ഒരിക്കൽ മാത്രമല്ല, രണ്ടു പ്രാവശ്യം, വീണ്ടും മൂന്നാംപ്രാവശ്യം റിമിനിയിൽ വച്ച് സ്ഥാനഭ്രഷ്ടരാക്കിയതാണ്. അവരാണ് സത്ത എന്ന് ദൈവത്തിൽ ആരോപിക്കുന്നത് തെറ്റാണെന്ന് പറയാൻ ധൈര്യപ്പെട്ടത്. സത്യപ്രബോധനത്തിനെതിരെ വട്ടുപിടിച്ച ആരിയൻ പക്ഷപാതക്കാർ പാശ്ചാത്യലോകത്ത് കാട്ടിക്കൂട്ടിയ വേലത്തരങ്ങളും ഉപജാപങ്ങളും നിരവധിയും അപരിചിതങ്ങളുമാണ്.

### അധ്യായം 19

## ഫ്ളാവിയന്റെയും ദിയദോറിന്റെയും ധൈര്യം

അന്ത്യോക്യയിൽ സ്റ്റീഫന്റെ പിൻഗാമിയായി ഫ്ളാച്ചില്ലെസ്(പ്ലാസിഡ്) മെത്രാനായി. അയാളെ പിന്നീട് സഭയ്ക്ക് പുറത്താക്കി. പിന്നീട് ലെയോൺ ഷ്യൂസ് മെത്രാനായി. അത് നിഖ്യകൗൺസിലിന്റെ ഡിക്രികൾക്ക് എതിരായിരുന്നു. കാരണം അയാൾ സ്വയം അംഗവിച്ഛേദം വരുത്തിയ ഒരു ഷണ്ഢനായിരുന്നു. ഭാഗ്യവാനായ അത്തനാസ്യോസ് അയാളുടെ ഈ പ്രവൃത്തിക്കുള്ള കാരണം പറയുന്നു. "എവുസ്തോളിയാ എന്നു പേരുള്ള ഒരു യുവതി നിമിത്തം എവുഡോക്സിയുസ് അപവാദത്തിനു വിധേയനായി. അവളുടെ കൂടെ പാർക്കുന്നതിന് താൻ തടയപ്പെട്ടെന്നു കണ്ട്, അവളുടെ കൂടെ സ്വതന്ത്രമായി പാർക്കാൻവേണ്ടി അവളെപ്രതി അയാൾ സ്വയം ഷണ്ഢനാക്കി. ഈ സംശയം അയാൾ ദൂരീകരിച്ചില്ല. അക്കാരണത്താൽ അയാളെ വൈദികസ്ഥാനത്തു നിന്നു നീക്കി." - അയാളുടെ ആദ്യകാല ജീവിതത്തെപ്പറ്റി അത്തനാസ്യോസ് ഇത്രയുമെഴുതി.

അയാളുടെ സ്വഭാവദൂഷ്യത്തെപ്പറ്റി ഞാനിപ്പോൾ ചുരുക്കി പറയാം. അയാൾ ആരിയൻ പക്ഷപാതി ആയിരുന്നെങ്കിലും, തന്റെ സത്യരാഹിത്യം മറച്ചുവയ്ക്കാൻ ശ്രമിച്ചിരുന്നു. അവിടെയുള്ള വൈദികരും ഇരുവിഭാഗങ്ങളിലായി വിഭജിതരാണെന്ന് അയാൾ മനസ്സിലാക്കി. ഒരു വിഭാഗം, "പിതാവിനും പുത്രനും" എന്നു പറഞ്ഞ് പുത്രന് മഹത്വം കൊടുത്തിരുന്നു. മറ്റേകൂട്ടർ, "പിതാവ് പുത്രനിലൂടെ പരിശുദ്ധാത്മാവിൽ" എന്നു പറഞ്ഞിരുന്നു. അയാൾ സ്തുതികൾ നിശ്ശബ്ദമായി ചൊല്ലിയിരുന്നു. "ഇപ്പോഴും എപ്പോഴും"എന്നു മാത്രമേ സമീപത്തു നിന്നവർ കേട്ടിരുന്നുള്ളു.

അയാളുടെ കടുത്ത ദുഷ്ടത മറ്റുരീതിയിൽ അറിയപ്പെട്ടില്ലാതിരുന്നെങ്കിൽ, ജനങ്ങളുടെ ഇടയിലെ ഐക്യം നിലനിർത്താനാണ് അയാൾ ഈ ഉപായം സ്വീകരിച്ചതെന്ന് പറയപ്പെടുമായിരുന്നു. എന്നാൽ അയാൾ സത്യപ്രബോധകർക്കെതിരെ വളരെ ഉപദ്രവം ചെയ്യുകയും അഭക്ത പ്രചാരകരെ എല്ലാത്തരത്തിലും പിന്തുണയ്ക്കുകയും ചെയ്തപ്പോൾ, അയാളുടെ സത്യരാഹിത്യം അയാൾ മറച്ചുവയ്ക്കുകയാണെന്ന് വിധിക്കപ്പെട്ടു. ജനത്തോടുള്ള ഭയവും "പുത്രൻ പിതാവിനെ പോലെയല്ല" എന്നു പറയാൻ തുനിയുന്നവർക്കെതിരെ കോൺസ്റ്റാൻസ്യൂസിന്റെ കടുത്ത ഭീഷണിയും അയാളെ സ്വാധീനിച്ചിരുന്നു. എന്നാൽ അയാളുടെ ഉള്ളിലിരുപ്പ് പ്രവൃത്തികളിലൂടെ പുറത്തുവന്നു.

ശ്ലൈഹികപ്രബോധനം പിൻചെന്നവർ അയാളിൽ നിന്ന് ഒരിക്കലും പട്ടം സ്വീകരിക്കുകയോ, കുറഞ്ഞപക്ഷം പ്രോത്സാഹനം തേടുകയോ ചെയ്തിരുന്നില്ല. മറിച്ച്, ആരിയൻ അന്ധവിശ്വാസത്തെ പിൻതാങ്ങിയവർക്ക് തങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കാൻ അയാൾ പരിപൂർണസ്വാതന്ത്ര്യം

കൊടുത്തിരുന്നു. അക്കൂട്ടരെ ഇടയ്ക്കിടെ പൗരോഹിത്യത്തിൽ പ്രവേശിപ്പിച്ചിരുന്നു. എവുണോമിയസിന്റെ ഗുരുവും തന്റെ കൃതികളിലൂടെ ആരിയൻ പാഷണ്ഡത വളർത്തിയവനുമായ ഏസ്യൂസിനെ അയാൾ ഇക്കാലത്ത് ഡീക്കൻ സ്ഥാനത്തേക്ക് ഉയർത്തി.

താപസ്സജീവിതം നയിച്ചിരുന്നവരും ശ്ലൈഹിക പ്രബോധനത്തിന്റെ പരസ്യവക്താക്കളുമായിരുന്ന ഫ്ളാവിയനും ദിയദോറും, സത്യമതത്തിനെതിരെ ലെയോൺഷ്യൂസ് നടത്തിയ കടന്നാക്രമണങ്ങൾക്കെതിരെ പരസ്യമായി പ്രതിഷേധിച്ചിരുന്നു. ദുഷ്ടതയിൽ വളരുകയും ഭക്തിരാഹിത്യത്തിലൂടെ പ്രശസ്തിയിലെത്താൻ പദ്ധതികൾ ഒരുക്കുകയും ചെയ്ത ഏസ്യൂസിനെ ഡീക്കൻ സ്ഥാനത്തിന് യോഗ്യനെന്നു പരിഗണിച്ചത് സഭയ്ക്ക് തികച്ചും നാണക്കേടാണെന്ന് അവർ വാദിച്ചു. അവർ അയാളുമായുള്ള കൂട്ടായ്മയിൽ നിന്നു പിൻമാറി. പാശ്ചാത്യ റോമാസാമ്രാജ്യത്തിലേക്കു പോയി, അയാളുടെ ഗൂഢതന്ത്രങ്ങൾ ലോകത്തിൽ പരസ്യപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തി. ഭയചകിതനായിത്തീർന്ന ലെയോൺഷ്യൂസ് ഏസ്യൂസിനെ  വിശുദ്ധ പദവിയിൽ നിന്ന് സ്ഥാനഭ്രഷ്ടനാക്കി. എങ്കിലും തുടർന്നും അയാൾക്ക് പ്രത്യേക പരിഗണന നൽകി. ശ്രേഷ്ഠ ഇരട്ടകളായ ഫ്ളാവിയനും ദിയദോറും  അപ്പോഴും വൈദിക സ്ഥാനികൾ ആയിരുന്നില്ല. അവർ അൽമായരായിരുന്നു. എന്നാൽ സത്യത്തിനുവേണ്ടിയുള്ള മനുഷ്യരുടെ തീക്ഷ്ണത ഉത്തേജിപ്പിക്കാൻ അവർ രാപകൽ കിണഞ്ഞു പരിശ്രമിച്ചു.

അവരിരുവരുമാണ് ആദ്യമായി പാട്ടുകാരെ രണ്ട് ഗണമായി തിരിച്ചതും ദാവീദിന്റെ സങ്കീർത്തനങ്ങൾ മാറിമാറി പാടാൻ പഠിപ്പിച്ചതും. ആദ്യം ഈ രീതി അന്ത്യോക്യയിൽ തുടങ്ങി. പിന്നീട് എല്ലാ ദിശകളിലും വ്യാപിച്ച് ലോകാതിർത്തി വരെയെത്തി. ഇതു തുടങ്ങിയവർ ദൈവവചനത്തെ സ്നേഹിച്ചവരെ ഒന്നിച്ചുകൂട്ടി രക്തസാക്ഷികളുടെ ശവകുടീരങ്ങൾ വൃത്തിയാക്കി, അവിടെ ദൈവത്തിന് സങ്കീർത്തനങ്ങൾ പാടിക്കൊണ്ട് രാത്രി ചെലവഴിച്ചിരുന്നു. ലെയോൺഷ്യൂസ് ഇത് ശ്രദ്ധിച്ചപ്പോൾ, അവരെ തടയുന്നത് സുരക്ഷിതമല്ലെന്നു മനസ്സിലാക്കി. കാരണം, ഈ ശ്രേഷ്ഠ മനുഷ്യരെ ജനം വളരെ സ്നേഹിച്ചിരുന്നെന്ന് അയാൾ കണ്ടു. ഈ ആരാധനാകർമം പള്ളിയിൽ വച്ചുനടത്താൻ അയാൾ മാന്യതയുടെ മുഖംമൂടി ധരിച്ചുകൊണ്ട് അവരോട് പറഞ്ഞു.

അയാളുടെ ദുഷ്ടലാക്ക് അവർക്ക് സുജ്ഞാതമായിരുന്നു. എങ്കിലും അയാളുടെ നിർദേശം അനുസരിക്കാൻ അവർ തീരുമാനിച്ചു. നല്ലതമ്പുരാന് സ്തുതികൾ ആലപിക്കാൻ ഗായകസംഘത്തെ ഉപദേശിച്ചുകൊണ്ട് പള്ളിയിലേക്ക് അവരെ വിളിച്ചുകൂട്ടി. എന്നാൽ ലെയോൺഷ്യൂസ് അയാളുടെ ദുഷ്ടത തിരുത്തിയില്ല. അയാൾ ധാർമിക നീതിയുടെ മുഖംമുടി ധരിച്ച്, സ്റ്റീഫന്റെയും ഫ്ളാച്ചില്ലസിന്റെയും ദുഷ്ടത മറച്ചുവച്ചു. വൈദികരുടെയും ഡീക്കന്മാരുടെയും വിശ്വാസത്തകർച്ച  അംഗീകരിച്ചവരും നീചമായ ക്രമരാഹിത്യജീവിതം നയിച്ചവരും ആയ മനുഷ്യരെ അയാൾ റജിസ്റ്ററിൽ ചേർത്തു. എന്നാൽ എല്ലാത്തരം സുകൃതങ്ങളാലും അലംകൃതരും ശ്ലൈഹിക പ്രബോധനങ്ങളോട് ഉറപ്പായി പറ്റിച്ചേർന്നവരുമായ മറ്റുള്ളവരെ അയാൾ

അവഗണിച്ചു. അതുകൊണ്ട് വൈദികരിൽ ഭൂരിഭാഗവും പാഷണ്ഡതയുടെ കറ പുരണ്ടവരായിരുന്നു. എന്നാൽ വിശ്വാസസമൂഹം സത്യവിശ്വാസം പുലർത്തിയിരുന്നു. അവരുടെ ദൈവദൂഷണം തുറന്നു കാട്ടാൻ ഔദ്യോഗിക പ്രബോധകർക്ക് ധൈര്യം ഇല്ലാതെപോയി.

വാസ്തവത്തിൽ അന്ത്യോക്യയിൽ ഫ്ളാച്ചില്ലസിന്റെയും സ്റ്റീഫന്റെയും ലെയോൺഷ്യൂസിന്റെയും അഭക്തിയും ദുഷ്ടതയും നിറഞ്ഞ പ്രവൃത്തികൾ നിരവധിയാണ്. അതിന് പ്രത്യേകം ഒരു ചരിത്രം തന്നെ വേണം. ദാവീദിന്റെ വിലാപങ്ങൾക്ക് അർഹമായവിധം അത്ര ഭീകരമാണവ. “ ഇതാ അങ്ങയുടെ ശത്രുക്കൾ ഇളകി മറിയുന്നു. അങ്ങയുടെ വൈരികൾ തല പൊക്കിയിരിക്കുന്നു. അവർ അങ്ങയുടെ ജനത്തിനെതിരെ കെണിയൊരുക്കുന്നു. അങ്ങ് പരിപാലിക്കുന്നവർക്കെതിരെ ഗൂഢാലോചന നടത്തുന്നു. വരുവിൻ നമുക്ക് ഈ ജനത മുഴുവനെയും തുടച്ചുമാറ്റാം. ഇസ്രായേൽ എന്ന നാമം ആരും ഓർമിക്കാതിരിക്കട്ടെ” (സങ്കീ. 83,2–4). നമുക്കിപ്പോൾ നമ്മുടെ ചരിത്രം തുടരാം.

## അധ്യായം 20

# അൻസീറയിലെ ബേസിൽ, സെബസ്തയിലെ എവുസ്താത്യോസ്

ജർമനീഷ്യാനഗരം സിലീഷ്യാ, സിറിയാ, കപ്പഡോഷ്യ എന്നിവയുടെ തീരത്തുള്ളതും എവുഫ്രതേഷ്യാ പ്രോവിൻസിൽ പെട്ടതുമാണ്. അവിടുത്തെ സഭാധ്യക്ഷനായിരുന്ന എവുഡോക്സിയുസ്, ലെയോൺസ്യൂസിന്റെ മരണവാർത്ത അറിഞ്ഞ ഉടൻ അന്ത്യോക്യയിലേക്ക് പുറപ്പെട്ട് ആ സിംഹാസനം കരസ്ഥമാക്കി. ഒരു കാട്ടുപന്നിയെപ്പോലെ അയാൾ കർത്താവിന്റെ മുന്തിരിത്തോട്ടം ഇളക്കിമറിച്ചു. അയാൾ ലെയോൺസ്യൂസിനെ പോലെ തന്റെ ദുഷ്ടവഴികൾ മറച്ചുവച്ചില്ല. പിന്നെയോ, രോഷാകുലനായി ശ്ലൈഹിക ഡിക്രികളെ നേരിട്ടാക്രമിച്ചു. തന്നോടു മറുത്തുപറയാൻ ധൈര്യം കാട്ടിയവരെയൊക്കെ നിരവധി പ്രയാസങ്ങളിൽ കുടുക്കി.

ഗലാത്യായിൽ മർസെല്ലുസിന്റെ പിൻഗാമിയായി ബേസിലും അർമേനിയായിലെ സെബസ്തെയിൽ എവുസ്താത്യോസും അധ്യക്ഷന്മാരായി. എവുഡോക്സിയുസിന്റെ ദുഷ്ടതയെയും വിഭ്രാന്തിയെയും പറ്റി കേട്ട ഉടനെ, അയാളുടെ ധിക്കാരത്തെപ്പറ്റി അവർ കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയെ അറിയിച്ചു. അദ്ദേഹം അപ്പോഴും പാശ്ചാത്യനാടുകളിൽ ആയിരുന്നു. സ്വേച്ഛാധിപതികളെ അമർച്ച ചെയ്തശേഷം അവർ വരുത്തിയ നാശനഷ്ടങ്ങൾ നികത്തിക്കൊണ്ടിരിക്കയായിരുന്നു. ഈ രണ്ടു മെത്രാന്മാരെയും ചക്രവർത്തിക്ക് നന്നായി അറിയാമായിരുന്നു. അവരുടെ സ്വഭാവ വൈശിഷ്ട്യം നിമിത്തം അവർക്ക് അയാളിൽ വലിയ സ്വാധീനവും ഉണ്ടായിരുന്നു.

## അധ്യായം 21

# വലിയ ഭൂമികുലുക്കം

എവുഡോക്സിയുസ് പരസ്യമായി പറഞ്ഞു ധരിപ്പിച്ചതു പോലെ, അന്ത്യോക്യൻ സിഹാസനം അയാൾക്ക് നൽകിയിട്ടില്ലെന്ന്, മേൽപ്പറഞ്ഞ വരുടെ കത്തുകൾ കിട്ടിയപ്പോൾ ചക്രവർത്തി അന്ത്യോക്യക്കാർക്കെഴുതി. കൗൺസിൽ നിഖ്യായിൽ കൂടാൻ, എവുഡോക്സിയുസ് ഇമ്പീരിയൽ ഉദ്യോഗസ്ഥന്മാരെ പ്രേരിപ്പിച്ചിരുന്നു. അയാൾ എടുത്ത നിലപാടിനും, ബിഥീനിയായിലെ നിഖ്യായിൽ സിനഡു കൂടാൻ കൽപ്പിച്ചതിനും, അയാളെ ശിക്ഷിക്കണമെന്നും നാടുകടത്തണമെന്നും ചക്രവർത്തി കൽപ്പിച്ചു.

ഭൂതവും ഭാവിയും അറിയാവുന്ന പരമോന്നതാധികാരിയും ഭരണാധി പനുമായ ദൈവം ഒരു വലിയ ഭൂകമ്പത്താൽ നിഖ്യായിൽ യോഗം കൂടുന്നത് തടഞ്ഞു. ആ ഭൂകമ്പത്തിൽ നഗരത്തിന്റെ നല്ലൊരു ഭാഗം തകരുകയും നഗരവാസികളിൽ ബഹുഭൂരിപക്ഷം നശിക്കുകയും ചെയ്തു. ഒത്തുകൂടിയ മെത്രാന്മാർ ഇതറിഞ്ഞ് ഭയചകിതരായി തങ്ങളുടെ സഭകളിലേക്ക് മടങ്ങിപ്പോയി. എന്നാലിത് ദൈവിക വിജ്ഞാനത്തിന്റെ പദ്ധതിയായി ഞാൻ കരുതുന്നു. അവിടെ വച്ചാണല്ലോ വിശുദ്ധ പിതാക്കന്മാർ ശ്ലൈഹിക പ്രബോധനം ഉറപ്പിച്ചത്. ഇതിനെതിരെ മറ്റൊന്ന് തയാറാക്കാനാണ് പിൽക്കാലത്ത് അതേനഗരത്തിൽ ഒത്തുകൂടിയത്. പേരിന്റെ സാമ്യത്തിലൂടെ ആരിയൻ വിഭാഗത്തിന് വഞ്ചനയ്ക്കുള്ള അവസരം ഒരുക്കുകയും സാധാരണക്കാരെ തെറ്റുദ്ധരിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യമുണ്ടായിരുന്നെന്ന് ഞാൻ ഉറപ്പായി കരുതുന്നു. നിഖ്യാകൗൺസിലെന്ന് അതിനെ വിളിക്കാൻ അവർ ഉദ്ദേശിച്ചിരുന്നു. അങ്ങനെ പണ്ടുനടന്ന നിഖ്യാ കൗൺസിലുമായി ഇതിനെ അനുരൂപപ്പെടുത്തുകയായിരുന്നു ലക്ഷ്യം. സഭയുടെ പരിപാലകൻ ആ സിനഡ് പിരിച്ചു വിട്ടുകളഞ്ഞു.

## അധ്യായം 22

# സെലൂഷ്യൻ സിനഡ്

എവുഡോക്സിയുസിനെതിരെ ആരോപണം ഉന്നയിച്ചവരുടെ നിർദേശ ത്താൽ കുറച്ചുനാൾ കഴിഞ്ഞ് സെലൂഷ്യയിൽ ഒരു സിനഡു കൂടാൻ ചക്രവർത്തി കൽപ്പിച്ചു. – സെലൂഷ്യ ഇസൗര്യയിലെ ഒരു കടൽത്തീര നഗരമാണ്.–പൗരസ്ത്യമെത്രാന്മാരും പോന്തുസ്, ആസിയാ, എന്നിവിടങ്ങളിലെ മെത്രാന്മാരും അവിടെ ഒത്തുകൂടാൻ ചക്രവർത്തി കൽപ്പിച്ചു.

എവുസേബിയസിന്റെ പിൻഗാമിയായി പലസ്തീനായിലെ കേസറിയായിൽ അകാചിയുസായിരുന്നു അധ്യക്ഷൻ. സാർദിക്കാസിനഡ് അയാളെ കുറ്റം വിധിച്ചതാണ്. എന്നാൽ അയാൾ മെത്രാന്മാരുടെ വലിയ കൂട്ടത്തോട്

അനാദരം പുലർത്തി അവരുടെ തീരുമാനം അംഗീകരിച്ചില്ല. ജറുസലേമിൽ മക്കാറിയോസിന്റെ പിൻഗാമിയായി മാക്സിമുസ് മെത്രാനായി. മതത്തിനു വേണ്ടി ശക്തിയുക്തം പോരാടിയ ആളായിരുന്നു അദ്ദേഹം. ഈ പോരാട്ടത്തിൽ അദ്ദേഹത്തിന് വലത്തുകണ്ണ് നഷ്ടപ്പെട്ടു. വലത്തുകൈയ്ക്ക് ക്ഷതം സംഭവിച്ചു. അദ്ദേഹത്തിനുശേഷം ശ്ലൈഹിക പ്രബോധനത്തിന്റെ തീക്ഷ്ണതയേറിയ വക്താവായ സിറിൽ ജറുസലേം മെത്രാനായി. തങ്ങളുടെ പ്രഥമസ്ഥാനത്തെ ചൊല്ലി അകാചിയുസും സിറിലും തമ്മിലുണ്ടായ തർക്കം വളരെയധികം പ്രശ്നം സൃഷ്ടിച്ചു.

ഏതോ അവസരം ഉപയോഗിച്ച് സിറിലിനെ അകാചിയുസ് സ്ഥാനഭ്രഷ്ടനാക്കി, ജറുസലേമിൽ നിന്നോടിച്ചു. സിറിൽ അന്ത്യോകൃയിലൂടെ തർസോസിലെത്തി. തർസോസിലെ ശ്രേഷ്ഠ മെത്രാനായ സിൽവാനോസിന്റെ കൂടെ താമസിച്ചു. ഇതറിഞ്ഞ അകാചിയുസ്, സിറിലിനെ സ്ഥാനഭ്രഷ്ടനാക്കിയ കാര്യം അറിയിച്ചുകൊണ്ട് സിൽവാനോസിനെഴുതി. സിറിലിനോടുള്ള പരിഗണന നിമിത്തവും അദ്ദേഹത്തിന്റെ പ്രബോധനം വളരെ ഇഷ്ടപ്പെട്ട ജനത്തിന്റെ താൽപ്പര്യം നിമിത്തവും സഭാകാര്യങ്ങളിൽ സിറിൽ പങ്കെടുക്കുന്നത് സിൽവാനോസ് തടഞ്ഞില്ല.

മെത്രാന്മാർ സെലൂഷ്യയിൽ എത്തിയപ്പോൾ, ബേസിൽ, എവുസ്താത്ത്യോസ്, സിൽവാനോസ്, കൗൺസിലിലെ മറ്റുള്ളവർ എന്നിവരോടൊപ്പം സിറിലും ചേർന്നു. അകാചിയുസ് അവിടെ എത്തിയപ്പോൾ, സിറിലിനെ അവിടെനിന്ന് പുറത്താക്കിയാലേ 150 മെത്രാന്മാരുടെ ആ സിനഡിൽ താൻ സംബന്ധിക്കയുള്ളു എന്ന് അകാചിയുസ് നിർബന്ധം പിടിച്ചു. സമാധാനം കാംക്ഷിച്ച ചിലർ സിറിൽ പിൻമാറാൻ അഭ്യർഥിച്ചു. ഡിക്രികൾ തീരുമാനിച്ചശേഷം, അദ്ദേഹത്തിന്റെ കേസെടുക്കാമെന്ന് അവർ ഉറപ്പു നൽകി. എന്നാൽ സിറിൽ പുറത്തു പോയില്ല. അകാചിയുസ് അവരെ വിട്ട് പുറത്തുപോയി. അപ്പോൾ അയാൾ എവുഡോക്സിയുസിനെ കണ്ടുമുട്ടി. താൻ അയാളുടെ സുഹൃത്തും സഹായകനുമായിരിക്കുമെന്ന് ഉറപ്പു നൽകി, എവുഡോക്സിയുസ് അയാളുടെ അസ്വസ്തത നീക്കി പ്രോത്സാഹിപ്പിച്ചു. അങ്ങനെ കൗൺസിലിൽ പങ്കെടുക്കുന്നതിൽ നിന്ന് അയാളെ പിൻതിരിപ്പിച്ചു. അയാളോടൊപ്പം കോൺസ്റ്റാന്റിനോപ്പിളിലേക്ക് പോയി.

### അധ്യായം 23

## മെത്രാന്മാർക്കെതിരെയുള്ള ദുരാരോപണം

ചക്രവർത്തി പടിഞ്ഞാറു നിന്ന് തിരികെ വന്നപ്പോൾ കുറേസമയം കോൺസ്റ്റാന്റിനോപ്പിളിൽ ചെലവഴിച്ചു. സിനഡിൽ സംബന്ധിക്കുന്ന മെത്രാന്മാർക്കെതിരെ അകാചിയുസ് നിരവധി ആരോപണങ്ങൾ രാജസന്നിധിയിൽ അവതരിപ്പിച്ചു. സഭകളുടെ തകർച്ചയ്ക്കും നാശത്തിനുമായി ഒന്നിച്ചു കൂടിയിരിക്കുന്ന കുറേ ദുഷ്ടമനുഷ്യരെന്ന് അയാൾ മെത്രാന്മാരെ വിളിച്ചു.

അങ്ങനെ ഇമ്പീരിയൽ ക്രോധം ഉജ്ജ്വലിപ്പിച്ചു. സിറിലിനെതിരെയുള്ള ആരോപണത്തിൽ ചക്രവർത്തി അതീവ രോഷാകുലനായി.

ജറുസലേമിലെ പള്ളിയുടെ ബഹുമാനാർഥം മഹനീയനായ കോൺസ്റ്റൻടൈൻ ചക്രവർത്തി മക്കാറിയുസ് മെത്രാനു നൽകിയ വിശുദ്ധ വസ്ത്രം സിറിൽ വിറ്റെന്ന് ആരോപിച്ചു. അത് സ്വർണനൂലുകൊണ്ട് നിർമിത മായിരുന്നു. മാമോദീസാ നൽകുമ്പോൾ മെത്രാൻ ധരിക്കാൻ വേണ്ടിയാണ് അദ്ദേഹം നൽകിയത്. ഒരു സ്റ്റേജ് ഡാൻസുകാരൻ അതു വാങ്ങി. അതു ധരിച്ചുകൊണ്ട് ഡാൻസു ചെയ്തപ്പോൾ, അയാൾ താഴെവീണു മരിച്ചു. ഈ സിറിലിനേപ്പോലെ ഉള്ളവരോടുകൂടെ, ലോകത്തിലെ ബാക്കിയുള്ളവരെ വിധിക്കാനും നിശ്ചയിക്കാനും അവർ മുതിരുന്നെന്ന് അയാൾ തട്ടിവിട്ടു.

സിനഡു മുഴുവനെയും വിളിച്ചുവരുത്തേണ്ട ആവശ്യമില്ലെന്ന് കൊട്ടാരത്തിലെ സ്വാധീനമുള്ള വിഭാഗം ചക്രവർത്തിയെ ധരിപ്പിച്ചു. കാരണം, ഭൂരിപക്ഷത്തിന്റെ യോജിപ്പിൽ അവർ അമ്പരന്നു. അവരിൽ പത്തു നേതാക്കന്മാരെ വരുത്തിയാൽ മതി. അവരിൽ അർമേനിയായിലെ എവുസ്താത്ത്യോസ്, ഗലാത്യായിലെ ബേസിൽ, തർസോസിലെ സിൽവാനോസ്, സിസിക്കുസിലെ എലെവുസിയുസ് എന്നിവർ ഉൾപ്പെട്ടിരുന്നു. ദൈവദൂഷണത്തിനും നിയമരാഹിത്യത്തിനും എവുഡോക്സിയുസ് ശിക്ഷിക്കപ്പെടണമെന്ന്, അവർ വന്നയുടനെ ചക്രവർത്തിയെ ധരിപ്പിച്ചു. എതിർവിഭാഗത്തിന്റെ ഉപദേശത്താൽ പ്രേരിതനായി, ആദ്യം വിശ്വാസ സംബന്ധമായ കാര്യങ്ങളിൽ തീരുമാനം എടുക്കണം, പിന്നെ എവുഡോക്സിയുസിന്റെ കാര്യമെടുക്കാമെന്ന് ചക്രവർത്തി മറുപടി പറഞ്ഞു.

അയാൾ ശ്ലൈഹികഡിക്രികളെ കടന്നാക്രമിക്കുന്നെന്ന്, ചക്രവർത്തിയുമായുള്ള തന്റെ മുൻകാല അടുപ്പം കൊണ്ട് ബേസിൽ ധൈര്യപൂർവം പറഞ്ഞ് ചക്രവർത്തിയെ തടസ്സപ്പെടുത്താൻ മുതിർന്നു. അത് ചക്രവർത്തിക്ക് ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തോട് നാവടക്കാൻ ചക്രവർത്തി ആജ്ഞാപിച്ചു. “അങ്ങാണ് കലഹം ഉണ്ടാക്കുന്നത് ”എന്ന് പറഞ്ഞ് അയാൾ ബേസിലിനെ നിശ്ശബ്ദനാക്കി.

അപ്പോൾ എവുസ്താത്ത്യോസ് ഇടപെട്ടു പറഞ്ഞു: ‘‘വിശ്വാസം സംബന്ധിച്ച് ഒരു തീരുമാനം വേണമെന്നാണ് അങ്ങ് ആഗ്രഹിക്കുന്നതെങ്കിൽ, ഏകജാതനെതിരെ സാഹസികമായി എവുഡോക്സിയുസ് പറഞ്ഞ ദൈവദൂഷണങ്ങൾ പരിഗണിക്കുക.” അതോടൊപ്പം അയാളുടെ വിശ്വാസവിശദീകരണം അവതരിപ്പിച്ചു. മറ്റ് നിരവധി അഭക്തികളോടൊപ്പം താഴെ പറയുന്നവയും ഉണ്ടായിരുന്നു: “ഒരുപോലെ അല്ലാത്ത പദങ്ങളിലൂടെ പറയപ്പെട്ട വസ്തുക്കൾ, സത്തയിലും ഒരുപോലെ അല്ല.” “പിതാവായ ഏകദൈവം. എല്ലാ വസ്തുക്കളും അവനിൽ നിന്നുണ്ടായി. ഒരു കർത്താവായ യേശുക്രിസ്തു. എല്ലാ വസ്തുക്കളും അവനിലൂടെ ഉണ്ടായി.” “അവനിൽ നിന്ന്’’ എന്നത് ‘‘അവനിലൂടെ’’ എന്നതുമായി ഒരുപോലെയല്ല. അതുകൊണ്ട്, പുത്രൻ പിതാവായ ദൈവത്തെ പോലെയല്ല.

## 2:23

ഈ വിശ്വാസവിശദീകരണം വായിക്കാൻ ചക്രവർത്തി ആവശ്യപ്പെട്ടു. അതിലുള്ള ദൈവദൂഷണത്തിൽ അയാൾ അതൃപ്തനായി. അത് എവുഡോക്സിയുസ് ആണോ എഴുതിയതെന്ന് ചക്രവർത്തി ചോദിച്ചു. അയാൾ ഉടൻ തന്നെ അതിന്റെ കർതൃത്വം നിഷേധിക്കുകയും ഏസ്യൂസാണ് എഴുതിയതെന്ന് പറയുകയും ചെയ്തു.

ഫ്ളാവിയനും ദിയദോറും ആരോപണം ഉന്നയിച്ചപ്പോൾ, ഭയചകിതനായ എവുണോമിയുസ്, ഏസ്യൂസിനെ ഡീക്കൻ സ്ഥാനത്തു നിന്ന് മുമ്പ് നിഷ്കാസനം ചെയ്തിരുന്നു. അലക്സാണ്ഡ്രിയാക്കാരുടെ ശത്രുവായ ജോർജിന്റെ അഭക്ത വാക്കുകളെയും അവിശുദ്ധകർമങ്ങളെയും അയാൾ മുമ്പ് പിന്തുണച്ചിരുന്നു. ഇപ്പോൾ അയാൾ എവുണോമിയുസിന്റെയും എവുഡോക്സിയുസിന്റെയും കൂടെയാണ്. കാരണം, ലെയോൺസ്യൂസ് മരിച്ചപ്പോൾ, എവുഡോക്സിയുസ് അന്ത്യോക്യൻ സിംഹാസനം കരസ്ഥമാക്കി. തദവസരം ഏസ്യൂസ് ഈജിപ്തിൽ നിന്ന് എവുണോമിയുസുമൊത്ത് അന്ത്യോക്യയിൽ വന്നു. തന്റെ ചിന്താഗതി പുലർത്തുന്ന ആളായി എവുഡോക്സിയുസിനെ അയാൾ മനസ്സിലാക്കി. സുഖഭോഗവസ്തുക്കളിൽ അതീവതൽപ്പരനും വിശ്വാസത്തിൽ പാഷണ്ഡിയും ആണെന്നു തിരിച്ചറിഞ്ഞു. തനിക്ക് പാർക്കാൻ പറ്റിയ ഇടമായി അയാൾ അന്ത്യോക്യയെ കണ്ടു.

എവുണോമിയുസും അയാളും എവുഡോക്സിയുസിന്റെ കൂടെ പെട്ടെന്ന് സ്ഥിരതാമസക്കാരായി. വിജയിയായ ഒരിത്തിക്കണ്ണി ആയിരിക്കുക എന്നതായിരുന്നു അയാളുടെ ഏറ്റവും വലിയ മോഹം. ഒരിടത്തോ മറ്റൊരിടത്തോ പോയി വയറുനിറയ്ക്കുക എന്നതിന് അയാൾ തന്റെ സമയം മുഴുവൻ ചെലവഴിച്ചു. അവർ ഇതൊക്കെ ചക്രവർത്തിയോടു പറഞ്ഞു. അയാളെ തന്റെ മുമ്പിൽ ഹാജരാക്കാൻ ചക്രവർത്തി കൽപ്പിച്ചു. അയാൾ ചക്രവർത്തിയുടെ സമക്ഷം വന്നയുടൻ ആ രേഖ അയാളെ കാണിക്കുകയും അതിലെ ഭാഷ അയാളുടേതാണോ എന്ന് ആരായുകയും ചെയ്തു.

നടന്നതൊന്നും അറിയാതെയും ചോദ്യത്തിന്റെ ഉദ്ദേശ്യം മനസ്സിലാക്കാതെയും, ഏറ്റുപറഞ്ഞാൽ താൻ സ്തുതിക്ക് അർഹനാകുമെന്ന് ചിന്തിച്ച് താനാണ് അത് എഴുതിയതെന്ന് ഏസ്യൂസ് തട്ടിവിട്ടു. അവന്റെ ദുഷ്ടതയുടെ ആഴം അപ്പോൾ ചക്രവർത്തിക്ക് ബോധ്യമാകുകയും ഉടൻ തന്നെ ഫ്രീജിയായിലെ ഒരു സ്ഥലത്തേക്ക് അയാളെ നാടുകടത്തുകയും ചെയ്തു. തന്റെ ദൈവദൂഷണത്തിന്റെ ഫലമായ അപമാനം അയാൾ കൊയ്തെടുക്കുകയും കൊട്ടാരത്തിൽ നിന്ന് നിഷ്കാസിതനാകുകയും ചെയ്തു.

എവുഡോക്സിയുസും അതേ വീക്ഷണം പുലർത്തുന്നെന്ന് തദവസരം എവുസ്താത്യോസ് ആരോപിച്ചു. കാരണം, ഏസ്യൂസ് അയാളുടെ കൂടെ പാർക്കുകയും ഭക്ഷിക്കുകയും അയാളുടെ ചിന്താനുസൃതം ഈ ദൈവദൂഷണം തയാറാക്കുകയും ചെയ്തു. ഇത് ഏസ്യൂസ് എഴുതിയതാണെന്ന് ഏവുഡോക്സിയുസല്ലാതെ മറ്റാരും പറയാത്തതിനാൽ, ഇത്

എഴുതിയതിൽ അയാൾക്കും കൈ ഉണ്ടായിരുന്നു എന്നത് തെളിവായി അവതരിപ്പിച്ചു. ന്യായാധിപന്മാർ ഊഹാപോഹങ്ങൾക്ക് അനുസൃതമായി തീരുമാനിക്കാതെ, സംഗതികൾ കൃത്യമായി പരിശോധിച്ചതിനു ശേഷമേ തീരുമാനിക്കാവൂ എന്ന് ചക്രവർത്തി ഇതോട് കൂട്ടിച്ചേർത്തു പറഞ്ഞു. എവുസ്താത്യോസ് ഇത് സമ്മതിച്ചു. ഏസ്യൂസിന്റെ രേഖയെ ശപിച്ചു കൊണ്ട്, അയാൾക്കെതിരെ ആരോപിക്കപ്പെട്ട അഭിപ്രായങ്ങളെ സംബന്ധിച്ച് അയാൾക്കുള്ള എതിർപ്പിന് തെളിവു നൽകണമെന്ന് എവുഡോക്സിയുസിനോട് എവുസ്താത്യോസ് ആവശ്യപ്പെട്ടു. ചക്രവർത്തി അത് അംഗീകരിച്ചു. ഏസ്യൂസിന്റെ നാടുകടത്തലിൽ പങ്കുകാരനാകാൻ, അയച്ചു കളയുമെന്ന് ഭീഷണിപ്പെടുത്തി. ഏസ്യൂസ് ശിക്ഷിക്കപ്പെട്ട ദൈവദൂഷണത്തിൽ എവുഡോക്സിയുസ് പങ്കാളിയാണ് എന്ന നിഗമനത്തിലായിരുന്നിത്. അപ്പോൾ അയാൾ തന്റെ സ്വന്തം പ്രബോധനം തള്ളിപ്പറഞ്ഞു. എന്നാൽ അപ്പോഴും പിന്നീടും അയാൾ തന്റെ തെറ്റിൽ ഉറച്ചുനിന്നു. "ഹോമോഉസിയോസ്" എന്ന പദം തിരുലിഖിതാനുസൃതം അല്ലാത്തതിനാൽ, അതിനെ ശപിക്കുക എവുസ്താത്യരുടെ കടമയാണെന്ന് എവുഡോക്സിയുസ് പ്രതിഷേധിച്ചു.

"ഇല്ലായ്മയിൽ നിന്ന്", "സൃഷ്ടി", "മറ്റൊരു സത്തയിൽ നിന്ന്" എന്നീ പദങ്ങൾ തിരുലിഖിതാനുസൃതം അല്ലാത്തതിനാലും, നിയമത്തിലും പ്രവാചകരിലും കാണപ്പെടാത്തതിനാലും നിരസിക്കണം; അവയെ തങ്ങളുടെ വിശുദ്ധ അസംബ്ളികളിൽ നിന്ന് പുറം തള്ളേണ്ടത് തങ്ങളുടെ കടമയാണ് എന്ന് സിൽവാനോസ് ചൂണ്ടിക്കാട്ടി.

അതു ശരിയാണെന്ന് ചക്രവർത്തി തീരുമാനിച്ചു. ഈ പദപ്രയോഗങ്ങൾ ശപിക്കാൻ ആരിയന്മാരോട് ആവശ്യപ്പെട്ടു. അവർ ആദ്യം നിരസിച്ചു കൊണ്ട് ഉറച്ചുനിന്നു. അവസാനം രാജാവിന്റെ ക്രോധം കണ്ടപ്പോൾ, തങ്ങളുടെ ഹിതത്തിനെതിരായി, ശപിക്കാമെന്ന് അവർ സമ്മതിച്ചു. എന്നാൽ *ഹോമോഉസിയോസ്* എന്ന പദംകൂടി ശപിക്കണം എന്ന് കൂടുതൽ വാശിയോടെ അവർ ആവശ്യപ്പെട്ടു. "വചനമാം ദൈവം "ഇല്ലായ്മയിൽ നിന്നല്ല", "അവൻ സൃഷ്ടിയല്ല", "മറ്റൊരു സത്തയിൽ നിന്നുമല്ല", പിന്നെയോ, തന്നെ ജനിപ്പിച്ച ദൈവത്തോടുകൂടെ ഏകസത്തയാണ്, ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും ജനയിതാവിന്റെ അതേ സ്വഭാവവും ഉള്ളവനാണ് " എന്ന് മറുപടി പറയാൻ പറ്റാത്ത രീതിയിൽ സിൽവാനോസ് അവരുടെ മുമ്പിൽ ഈ സത്യം അവതരിപ്പിച്ചു.

ഈ വാദം സത്യസന്ധമായും യുക്തിയുക്തമായും ശക്തിമത്തായും അവതരിപ്പിച്ചെങ്കിലും, ശ്രോതാക്കളിൽ ആർക്കും ബോധ്യം വന്നില്ല. അകാചിയുസിന്റെയും എവുഡോക്സിയുസിന്റെയും ആൾക്കാർ വലിയ ബഹളം ഉണ്ടാക്കി. ചക്രവർത്തി വളരെ രോഷാകുലനായി. അവരുടെ സഭകളിൽ നിന്ന് അവരെ പുറംതള്ളുമെന്ന് ഭീഷണിപ്പെടുത്തി. അപ്പോൾ എലൈവുസിയുസും സിൽവാനോസും കൂടെയുള്ളവരും ഇപ്രകാരം പറഞ്ഞു: "ശിക്ഷിക്കാൻ ചക്രവർത്തിക്ക് അധികാരമുണ്ട്. ഭക്തിയും അഭക്തിയും

എന്താണെന്ന് തീരുമാനിക്കേണ്ടത് പ്രോവിൻസാണ്." പിതാക്കന്മാരുടെ പ്രബോധനത്തെ തങ്ങൾ ഒറ്റുകൊടുക്കുകയില്ലെന്ന് അവർ തീർത്തു പറഞ്ഞു. അവരുടെ വിജ്ഞാനത്തെയും ധൈര്യത്തെയും ശ്ലൈഹിക ഡിക്രികളെയും ചക്രവർത്തി ശ്ലാഘിക്കേണ്ടതായിരുന്നു. എന്നാൽ അയാൾ അവരെ അവരുടെ സഭകളിൽ നിന്ന് നാടുകടത്തുകയും അവരുടെ സ്ഥാനത്ത് മറ്റാളുകളെ നിയമിക്കാൻ കൽപ്പിക്കുകയും ചെയ്തു. അപ്പോൾ എവുഡോക്സിയുസ് കോൺസ്റ്റാന്റിനോപ്പിൾ സഭയുടെമേൽ കടന്നാക്രമണം നടത്താൻ തുടങ്ങി. സിസിക്കുസിൽ നിന്ന് എലൈവുസിയുസിനെ നീക്കിയിട്ട് എവുണോമിയസിനെ അവിടെ നിയമിച്ചു.

### അധ്യായം 24

## ഏസ്യൂസിനെതിരെയുള്ള സിനഡിക്കൽ ലേഖനം

ഇവയ്ക്കുശേഷം, മുറപ്രകാരമുള്ള ഒരു ഡിക്രിയിലൂടെ ഏസ്യൂസിനെ കുറ്റംവിധിക്കാൻ ചക്രവർത്തി കൽപപ്പിച്ചു. രാജകൽപ്പനാനുസൃതം, ദുഷ്ടതയിൽ അയാളുടെ സ്നേഹിതർ ആയിരുന്നവർ തങ്ങളുടെ സ്വന്തം സുഹൃത്തിനെ കുറ്റം വിധിച്ചു. അതനുസരിച്ച് അവർ അലക്സാണ്ഡ്രിയൻ മെത്രാനായ ജോർജിന് അയാളെപ്പറ്റി കത്തെഴുതി. അവരുടെ ദുഷ്ടത തുറന്നു കാട്ടാനായി എന്റെ ചരിത്രത്തിൽ അതിന് ഒരിടം നൽകുന്നു. അവർ തങ്ങളുടെ ശത്രുക്കളോടും സ്നേഹിതരോടും ഒരേ രീതിയിൽ പെരുമാറി.

കൗൺസിൽ മുഴുവനുംകൂടി ജോർജിന്, അയാളുടെ ഡീക്കനായ ഏസ്യൂസിനെതിരെ, അധാർമികമായ ദൈവദൂഷണം നിമിത്തം എഴുതിയ കത്തിന്റെ പകർപ്പ്.

"ഏസ്യൂസിന്റെ നിയമരഹിതവും ഏറ്റവും ഗർഹണീയവുമായ രചനകൾ നിമിത്തം അയാളെ കുറ്റം വിധിച്ചതിനാൽ, സഭാകാനൻ അനുസരിച്ച് മെത്രാന്മാർ അയാളോട് പെരുമാറി. അയാളെ ഡീക്കൻ സ്ഥാനത്തുനിന്ന് തരംതാഴ്ത്തി, സഭയിൽ നിന്നു പുറത്താക്കി. അയാളുടെ നിയമരഹിത രചനകൾ ആരും വായിക്കരുതെന്നും അവ പ്രയോജനരഹിതവും വിലകെട്ടതുമാകയാൽ, ചവറ്റുകൊട്ടയിൽ ഇടണമെന്നും ഞങ്ങൾ ഉപദേശിക്കുന്നു. കൂടാതെ അയാൾ തന്റെ അഭിപ്രായത്തിൽ ഉറച്ചുനിന്നാൽ അയാൾക്കും അയാളെ പിൻതാങ്ങുന്നവർക്കും എതിരെ ഞങ്ങൾ ശാപവചനം കൂട്ടിച്ചേർത്തിട്ടുണ്ട്.

സിനഡിൽ സംബന്ധിച്ച മെത്രാന്മാർക്കെല്ലാം കഠിന വെറുപ്പു തോന്നുകയും അയാൾക്കെതിരെയുള്ള വിധിവാചകം സ്വാഭാവികമായി അംഗീകരിക്കേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തു. അയാൾ അതിക്രമങ്ങളും ഉപദ്രവങ്ങളും ശീശ്മകളും ലോകം മുഴുവൻ കോളിളക്കവും സഭ

യ്ക്കെതിരെ സഭയെ ഇളക്കിവിടലും നടത്തി. എന്നാൽ ഞങ്ങളുടെ അപേക്ഷകൾക്കും സമസ്ത പ്രതീക്ഷകൾക്കുമെതിരായി, സേറാസ്, സ്റ്റീഫൻ, ഹെലിയൊദോറുസ്, തെയോഫിലസ്, അവരുടെ വിഭാഗക്കാർ എന്നിവർ ഞങ്ങളുടെ കൂടെ വോട്ടുചെയ്യുകയോ, അയാൾക്കെതിരെയുള്ള വിധിവാചകത്തിൽ ഒപ്പുവയ്ക്കുകയോ ചെയ്തില്ല.

ദൈവം ശ്ലീഹന്മാരിൽ നിന്നു മറച്ചുവച്ചത് ഇപ്പോൾ തനിക്ക് വെളിപ്പെടുത്തി കിട്ടിയെന്ന് പ്രസ്താവിക്കാൻ തക്കവണ്ണം തികഞ്ഞ അധികപ്രസംഗം ഏസ്യൂസ് പറഞ്ഞതായി ആരോപിച്ചുകൊണ്ട് സേറാസ് അയാൾക്കെതിരെ മുമ്പ് ആരോപണം ഉന്നയിച്ചിരുന്നതാണ്. സേറാസ് റിപ്പോർട്ടു ചെയ്ത വാക്കുകൾക്കുശേഷവും മേൽപ്പറഞ്ഞ മെത്രാന്മാർ അവരുടെ ചിന്താഗതിക്ക് മാറ്റം വരുത്തുകയോ, അയാളെ കുറ്റം വിധിച്ചതിൽ ഞങ്ങളോടൊത്ത് വോട്ടു ചെയ്യുകയോ ചെയ്തില്ല. ഞങ്ങൾ ദീർഘസമയം വളരെ ക്ഷമയോടെ വ്യാപരിച്ചു. ഞങ്ങളോടുകൂടെ ചേർന്ന് സിനഡിന്റെ തീരുമാനം ഏകയോഗമാക്കാൻ, ഞങ്ങൾ ഇണങ്ങിയും പിണങ്ങിയും, അപേക്ഷാരൂപത്തിലും ഭീഷണിയുടെ ഭാഷയിലും പരിശ്രമിച്ചു. അവർ ഞങ്ങളെ കേട്ട് വഴങ്ങുമെന്ന പ്രത്യാശ ഞങ്ങൾ പുലർത്തി. എന്നാൽ അവരേക്കൊണ്ട് സമ്മതിപ്പിക്കാൻ ഞങ്ങൾക്ക് കഴിയാഞ്ഞതിനാൽ, സഭാകാനൻ മാനുഷിക സഖിത്വത്തിന് ഉപരിയായി കണ്ട്, ഞങ്ങൾ അവർക്കെതിരെ മഹറോൻ ചൊല്ലി.

എന്നാൽ അവരുടെ മാനസ്സാന്തരത്തിനും അനുതാപത്തിനും സിനഡിനോട് യോജിക്കാനുള്ള ആഗ്രഹം പ്രകടിപ്പിക്കാനുമായി ഞങ്ങൾ ആറുമാസം അനുവദിച്ചു. നിശ്ചിത സമയത്തിനുള്ളിൽ അവർ പിന്തിരിഞ്ഞ്, തങ്ങളുടെ സഹോദരങ്ങളുടെ തീരുമാനം അംഗീകരിക്കുകയും ഏസ്യൂസിനെതിരെയുള്ള ഡിക്രികൾക്ക് സമ്മതം നൽകുകയും ചെയ്താൽ, അവരെ സഭയിൽ തിരിച്ചെടുക്കാമെന്നും സിനഡിൽ സ്ഥാനം നൽകാമെന്നും അവരെ സ്നേഹപൂർവം സ്വീകരിക്കാമെന്നും ഞങ്ങൾ തീരുമാനിച്ചു. എന്നാൽ അവർ മർക്കടമുഷ്ടിയോടെ നിലനിൽക്കുകയും സഭാകാനനേക്കാളും ഞങ്ങളുടെ വാത്സല്യത്തേക്കാളും മാനുഷികസഖിത്വം തെരഞ്ഞെടുത്താൽ, അവരെ മെത്രാൻ സ്ഥാനത്തുനിന്നു നീക്കാൻ ഞങ്ങൾ തീരുമാനിച്ചു.

അവർ തരംതാഴ്ത്തപ്പെട്ടാൽ, അവരുടെ സ്ഥാനത്ത് മറ്റാളുകളെ മെത്രാന്മാരായി നിയമിക്കേണ്ടതുണ്ട്. സഭയിൽ കൃത്യമായി ക്രമീകരിക്കപ്പെടുന്നതിനും സഭയ്ക്കുള്ളിൽ തന്നെ ഐക്യം നിലനിർത്തുന്നതിനും ഇതാവശ്യമാണ്. എല്ലായിടത്തുമുള്ള മെത്രാന്മാർ ഏകമനസ്സോടും ഏകാഭിപ്രായത്തോടും കൂടെ സ്നേഹബന്ധം കാത്തുസൂക്ഷിക്കുന്നതിനും ഇതാവശ്യമാണ്.

സിനഡിന്റെ ഡിക്രി പരിചയപ്പെടുത്തുന്നതിന് ഞങ്ങൾ ഈ കത്ത് അയക്കുന്നു. അങ്ങ് അത് സ്വീകരിക്കുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. സമാധാനത്തിലും ക്രമത്തിലും അങ്ങയുടെ കീഴിലുള്ള സഭയെ ക്രിസ്തുവിന്റെ കൃപയാൽ ഭരിക്കുന്നതിന് ഇടയാകട്ടെ.”

## അധ്യായം 25

# എവുണോമിയർ

തന്റെ കൃതികളിൽ ഏസ്യൂസിനെ എവുണോമിയസ് പ്രകീർത്തിക്കുന്നു. അയാളെ ദൈവമനുഷ്യൻ എന്നു വിളിക്കുന്നു. നിരവധി സ്തുതിവചനങ്ങളാൽ അയാളെ ബഹുമാനിക്കുന്നു. എന്നാൽ ഏസ്യൂസിനെ തള്ളിപ്പറഞ്ഞ വിഭാഗത്തിന്റെ കൂടെ അയാൾ അപ്പോൾ അടുത്ത ബന്ധം പുലർത്തി. അവരാണ് അയാളെ മെത്രാനാക്കിയത്.

ത്രേസിലെ നിഖ്യായിൽ സമർപ്പിച്ച ഡിക്രികൾ അംഗീകരിച്ച എവുഡോക്സിയുസിന്റെയും അകാചിയുസിന്റെയും അനുയായികൾ ബേസിലിനും എലെവുസിയുസിനും പകരം മറ്റാളുകളെ മെത്രാന്മാരായി വാഴിച്ചു. മറ്റു കാര്യങ്ങളെപ്പറ്റി വിശദമായി എഴുതുന്നത് അധികപ്പറ്റായിരിക്കുമെന്ന് എനിക്കു തോന്നുന്നു. എവുണോമിയസിനെപ്പറ്റി മാത്രം പറയാനാണ് ഞാൻ ഉദ്ദേശിക്കുന്നത്.

എലെവുസിയുസ് ജീവിച്ചിരിക്കെ, എവുണോമിയസ് സിസിക്കുസ് മെത്രാസനം കവർന്നെടുത്തു. അപ്പോൾ തന്റെ അഭിപ്രായങ്ങൾ മറച്ചുവയ്ക്കാനും അയാളെ പീഡിപ്പിക്കാൻ അവസരം നോക്കിയിരിക്കുന്ന വിഭാഗത്തിന് അവ വെളിപ്പെടുത്താതിരിക്കാനും എവുഡോക്സിയുസ് അയാളെ നിർബന്ധമായി ഗുണദോഷിച്ചു. ആ രൂപത സത്യവിശ്വാസം പുലർത്തിയിരുന്നതിനാലും, ദൈവത്തിന്റെ ഏകജാതനാം പുത്രൻ സൃഷ്ടവസ്തുവാണെന്ന് പറഞ്ഞ വിഭാഗത്തിന്റെ നേർക്ക് ചക്രവർത്തി പ്രകടിപ്പിച്ച രോഷത്തിന്റെ അനുഭവത്താലുമാണ് എവുഡോക്സിയുസ് ഈ ഉപദേശം നൽകാൻ മുതിർന്നത്. അയാൾ എവുണോമിയസിനോട് ഇപ്രകാരം പറഞ്ഞു: “നമുക്ക് നമ്മുടെ സമയത്തിനായി കാത്തിരിക്കാം. നാം ഇപ്പോൾ മറച്ചുവച്ചിരിക്കുന്നത്, സമയം വരുമ്പോൾ നമുക്ക് പ്രസംഗിക്കാം. അറിവില്ലാത്തവരെ പഠിപ്പിക്കുക, നമ്മുടെ എതിരാളികളെ നിർബന്ധിച്ചു കീഴ്പ്പെടുത്തുക, അല്ലെങ്കിൽ ശിക്ഷിക്കുക”.

ഈ നിർദേശങ്ങൾക്കനുസൃതം അസ്പഷ്ടമായി അയാൾ തന്റെ അഭക്തപ്രബോധനം അവതരിപ്പിച്ചു. തെറ്റു മൂടിവച്ചതാണ് അയാളുടെ വാക്കുകളെന്ന്, ദിവ്യസംഗതികളിൽ പരിശീലനം ലഭിച്ച തന്റെ ശ്രോതാക്കൾക്ക് വ്യക്തമായി മനസ്സിലായി.

അവർ തീവ്രദുഃഖത്തിൽ ആയിരുന്നെങ്കിലും, തുറന്ന എതിർപ്പ് ബുദ്ധിപൂർവം ആയിരിക്കയില്ലെന്നു തീരുമാനിച്ചു. അതുകൊണ്ട് അവർ പാഷണ്ഡരുടെ മൂടുപടം ധരിച്ച് മെത്രാനെ അയാളുടെ താമസസ്ഥലത്തു പോയി സന്ദർശിച്ചു. അവിടെയും ഇവിടെയും വ്യത്യസ്ത തത്വങ്ങളുള്ള ജനങ്ങളുടെ ദുഃഖം പരിഗണിച്ച്, സത്യം വ്യക്തമായി വിശദീകരിച്ചു കൊടുക്കണമെന്ന് അവർ താൽപ്പര്യപൂർവം അപേക്ഷിച്ചു. ഇപ്രകാരം ധൈര്യപ്പെട്ട്,

രഹസ്യമായി വച്ചിരുന്ന തന്റെ ആശയങ്ങൾ അയാൾ പ്രസ്താവിച്ചു. രൂപത മുഴുവൻ ഈ സത്യം അറിയാതിരിക്കുന്നത് ശരിയല്ല, വാസ്തവത്തിൽ തെറ്റാണ് എന്ന് ആ ഡെലഗേഷൻ പറഞ്ഞുധരിപ്പിച്ചു. ഇത്തരം വാദഗതികളാൽ, സഭയിൽ പരസ്യമായി തന്റെ ദൈവദൂഷണം അവതരിപ്പിക്കാൻ അയാൾ ധൈര്യപ്പെട്ടു.

പിന്നീട് അയാളുടെ എതിരാളികൾ രോഷാകുലരായി കോൺസ്റ്റാന്റിനോപ്പിളിലേക്ക് പോയി. ആദ്യം എവുഡോക്സിയുസിന്റെ പക്കൽ അയാളെ കുറ്റപ്പെടുത്തി. അയാൾ അത് ഗൗനിക്കാതെ വന്നപ്പോൾ, ചക്രവർത്തിയുടെ പക്കൽ പരാതിപ്പെട്ടു. തങ്ങളുടെ ഇടയിൽ തങ്ങളുടെ മെത്രാൻ ചെയ്യുന്ന നാശത്തെപ്പറ്റി വിലപിച്ചു പറഞ്ഞു: "എവുണോമിയസിന്റെ പ്രസംഗങ്ങൾ, ആരിയസിന്റെ ദൈവദൂഷണങ്ങളേക്കാൾ അഭക്തമാണ്".

ചക്രവർത്തി രോഷാകുലനായി. എവുണോമിയസിനെ വരുത്താനും, ബോധ്യപ്പെട്ടാൽ മെത്രാൻസ്ഥാനത്തു നിന്നു നീക്കാനും എവുഡോക്സിയുസിനോട് കൽപ്പിച്ചു. ആരോപകർ തുടരെത്തുടരെ മുട്ടിപ്പായി അപേക്ഷിച്ചിട്ടും എവുഡോക്സിയുസ് നടപടി എടുക്കുന്നതിൽ താമസം വരുത്തിക്കൊണ്ടിരുന്നു. അയാൾ ഇമ്പീരിയൽ കൽപ്പനകൾ അനുസരിക്കുന്നില്ലെന്നും എവുണോമിയസിന്റെ ദൈവദൂഷണത്തിന് ഒരു പ്രധാന നഗരത്തെ കൈവിടുന്നതിൽ പൂർണമായി ഉദാസീനത കാട്ടുന്നെന്നും ഉച്ചത്തിൽ പരിഭവം പറഞ്ഞുകൊണ്ട് അവർ ഒരിക്കൽ കൂടി ചക്രവർത്തിയെ സമീപിച്ചു.

അപ്പോൾ, എവുണോമിയസിനെ വരുത്തി വിസ്തരിക്കുകയും അയാൾക്കെതിരെയുള്ള ആരോപണങ്ങൾ തെളിഞ്ഞാൽ ശിക്ഷിക്കുകയും ചെയ്യാതിരുന്നാൽ, നാടുകടത്തുമെന്ന് ചക്രവർത്തി എവുഡോക്സിയുസിനോട് പറഞ്ഞു. ആ ഭീഷണി അയാളെ ഭയപ്പെടുത്തി. അതുകൊണ്ട് സിസിക്കൂസിൽ നിന്നു രക്ഷപെടാൻ അയാൾ എവുണോമിയസിനെഴുതി. താൻ കൊടുത്ത സൂചനകൾ അനുസരിക്കാത്തതിനാൽ, ഇത് അയാളുടെ തന്നെ കുറ്റമാണെന്ന് അയാളോട് പറഞ്ഞു. അതനുസരിച്ച് എവുണോമിയസ് പരിഭ്രമിച്ച് പിന്മാറി. എന്നാൽ ആ നാണക്കേട് സഹിക്കാൻ അയാൾക്ക് കഴിഞ്ഞില്ല. തന്നോടും ഏസ്യൂസിനോടും ക്രൂരമായി പെരുമാറി എന്നാരോപിച്ചു. എവുഡോക്സിയുസ് തന്നെ ഒറ്റുകൊടുത്തെന്ന് അയാൾ പറയാൻ തുടങ്ങി.

അപ്പോൾ മുതൽ അയാൾ തന്റെ സ്വന്തമായൊരു വിഭാഗം തുടങ്ങി. അയാളുടെ ചിന്താഗതി പുലർത്തിയവരും അയാളെ ഒറ്റുകൊടുത്തതിനെ വിമർശിച്ചവരും എവുഡോക്സിയുസിനെ വിട്ട് അയാളുടെ കൂടെ കൂടി. ഇന്നുവരെ അവർ *എവുണോമിയർ* എന്ന അയാളുടെ നാമം വഹിക്കുന്നു. അങ്ങനെ അയാൾ ഒരു പാഷണ്ഡതാസ്ഥാപകനായി. ആരിയസിന്റെ ദൈവദൂഷണത്തോടുകൂടി അയാൾ തന്റെ പ്രത്യേകമായവയും ചേർത്തു. സംഗതികൾ കൃത്യമായി തെളിയിക്കുന്നതുപോലെ, അയാൾ അതിമോഹി ആയിരുന്നതിനാൽ, തന്റെ സ്വന്തം വിഭാഗം സ്ഥാപിച്ചു. കാരണം, ഏസ്യൂസ് വിധിക്കപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്തപ്പോൾ, എവുണോമി

യസ് അയാളെ അനുഗമിക്കാൻ കൂട്ടാക്കിയില്ല. അയാൾ ഏസ്യൂസിനെ തന്റെ ഗുരുവെന്നും ദൈവമനുഷ്യനെന്നും വിളിച്ചിരുന്നെങ്കിലും, എവുഡോക്സിയുസുമായി കൂടുതൽ അടുത്തിരുന്നു.

എന്നാൽ അയാളുടെ ഊഴം വന്നപ്പോൾ, അയാൾ തന്റെ ദുഷ്ടതയുടെ ഫലം അനുഭവിച്ചു. അയാൾ സിനഡിനെ അനുസരിച്ചില്ല. അയാളെ മെത്രാൻസ്ഥാനത്തു നിന്ന് നീക്കിയെങ്കിലും, അയാൾ മെത്രാന്മാരെയും വൈദികരെയും വാഴിക്കാൻ തുടങ്ങി. ഇവയൊക്കെയാണ് കോൺസ്റ്റാന്റിനോപ്പിളിൽ സംഭവിച്ചത്.

## അധ്യായം 26

# നിസിബിസിൽ പേർഷ്യൻ ഉപരോധം

പേർഷ്യൻ രാജാവായ ഷപ്പൂർ റോമാക്കാർക്കെതിരെ യുദ്ധത്തിനെത്തിയപ്പോൾ, കോൺസ്റ്റാൻസ്യൂസ് സൈന്യവുമായി അന്ത്യോക്യയിലേക്ക് പുറപ്പെട്ടു. എന്നാൽ ശത്രുവിനെ ഓടിച്ചത് സൈന്യമല്ല, പിന്നെയോ, റോമാസാമ്രാജ്യത്തിലെ ഭക്തജനങ്ങൾ തങ്ങളുടെ ദൈവമായി ആരാധിക്കുന്നവനാലാണ് സാധിച്ചത്. എങ്ങനെ വിജയം വരിച്ചെന്ന് തുടർന്ന് വിവരിക്കാം.

അന്ത്യോക്യ മിഗ്ദോണിയാ എന്ന് മുമ്പ് വിളിക്കപ്പെട്ടിരുന്ന നിസിബിസ്, പേർഷ്യൻ-റോമൻ അതിർത്തിയിലുള്ള പട്ടണമായിരുന്നു. ഞാൻ സൂചിപ്പിച്ച മാർ യാക്കോബായിരുന്നു അവിടുത്തെ മെത്രാനും സംരക്ഷകനും പ്രധാന നേതാവും. യഥാർഥത്തിലുള്ള ശ്ലൈഹിക സ്വഭാവത്തിന്റെ കൃപയാൽ അദ്ദേഹം പ്രശോഭിതനായിരുന്നു. അദ്ദേഹത്തിന്റെ അസാധാരണവും അനുസ്മരണീയവുമായ അത്ഭുതങ്ങൾ എന്റെ സന്യാസചരിത്രത്തിൽ ഞാൻ വിശദമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ, ഇവിടെ വീണ്ടും വിവരിക്കുക അപ്രസക്തവും അധികപ്പറ്റുമായിരിക്കും.

എങ്കിലും നമ്മുടെ മുമ്പിലുള്ള വിഷയവുമായി ബന്ധപ്പെട്ട ഒരു സംഗതി രേഖപ്പെടുത്തുന്നു. യാക്കോബ് ഭരിച്ചിരുന്ന നഗരം അപ്പോൾ റോമാക്കാരുടെ കൈവശം ആയിരുന്നു. പേർഷ്യൻ സൈന്യം അത് ഉപരോധിച്ചു. ഉപരോധം 70 ദിവസം നീണ്ടുനിന്നു. "ഹെലെപോൾസ്" തുടങ്ങിയ യുദ്ധോപകരണങ്ങൾ അവർ ഭിത്തിയുടെ അടുത്തേക്ക് അടുപ്പിച്ചു. നഗരം സ്തംഭവലയം കൊണ്ടും കിടങ്ങുകൾ കൊണ്ടും ചെറിയ തോതിൽ സംരക്ഷിതമായിരുന്നു. അത് ചെറുത്തുനിന്നു. നഗരമധ്യത്തിലൂടെയാണ് മിഗ്ദോണിയാ നദി ഒഴുകിയിരുന്നത്. അവസാനം പേർഷ്യാക്കാർ ഒരു വലിയ ചിറകെട്ടി നദിയുടെ ഒഴുക്ക് തടഞ്ഞു. വെള്ളം തടഞ്ഞുനിർത്താൻ അവർ ഇരുകരയും ഉയരം കൂട്ടി. വളരെയധികം വെള്ളം നിറയുകയും കവിഞ്ഞുപോകാൻ തുടങ്ങുകയും ചെയ്തപ്പോൾ, മതിലിനെതിരെ എൻജിൻ എന്നവണ്ണം, അവർ അത് പെട്ടെന്ന് തുറന്നുവിട്ടു. അതിന്റെ ശക്തി അതിഭയങ്കരമായിരുന്നു. അത്

തടഞ്ഞു നിർത്താൻ പുറത്തെ കോട്ടയ്ക്ക് കഴിയാതെ, അത് തകർന്നുവീണു. മിഗ്ദോണിയാ പുറത്തേക്ക് ഒഴുകിയിരുന്നിടത്തും ഇതുപോലെ സംഭവിച്ചു. അവിടമെല്ലാം കുത്തിയൊഴുക്കി കൊണ്ടുപോയി. ഇതുകണ്ട ഷപ്പൂർ നഗരം ഉടൻതന്നെ കീഴടക്കാമെന്നു കരുതി. എന്നാൽ ചെളി ഉണങ്ങാനും നദിയിലൂടെ കടക്കാൻ കഴിയുന്നതിനുമായി അയാൾ ഒരു ദിവസം കാത്തിരുന്നു. അടുത്തദിവസം ആക്രമിക്കാൻ തയാറെടുത്തു. കോട്ടയിൽ ഉണ്ടായ വിടവിൽ കൂടി അകത്തു കടക്കാൻ നോക്കി. എന്നാൽ തകർന്ന കോട്ട പണിതിരിക്കുന്നതായും തന്റെ അധ്വാനം വ്യർഥമായതായും അയാൾ നിരീക്ഷിച്ചു. വിശുദ്ധനായ യാക്കോബ് തന്റെ പ്രാർഥനയിലൂടെ സൈന്യത്തെയും നഗരവാസികളെയും ഉത്തേജിപ്പിക്കുകയും അവർ കോട്ട പണിതുറപ്പിക്കുകയും പേർഷ്യാക്കാരുടെ യുദ്ധോപകരണങ്ങളെ പ്രതിരോധിക്കുകയും അവരുടെ കടന്നുകയറ്റം തടയുകയും ചെയ്തു. എന്നാൽ അദ്ദേഹം ഇതെല്ലാം ചെയ്തത് കോട്ടയെ സമീപിക്കാതെയാണ്. അദ്ദേഹം പള്ളിക്കകത്തിരുന്ന് എല്ലാറ്റിന്റെയും കർത്താവിനോട് അപേക്ഷിച്ചു കൊണ്ടാണ് ഇതെല്ലാം സാധിച്ചത്. ഇത്ര പെട്ടെന്ന് കോട്ടയുടെ കേടുപാടു തീർത്തതിൽ ഷപ്പൂർ അത്ഭുതസ്തബ്ധനായി. എന്നുമാത്രമല്ല, മറ്റൊരു കാഴ്ചയാലും അയാൾ സംഭ്രമിച്ചുപോയി. മിന്നിത്തിളങ്ങുന്ന പട്ടുവസ്ത്രവും കിരീടവും ധരിച്ച്, രാജകീയ മുഖഭാവമുള്ള ഒരാൾ കോട്ടയ്ക്കുള്ളിൽ നിൽക്കുന്നതായി അയാൾ കണ്ടു. അത് റോമൻ ചക്രവർത്തി ആണെന്ന് അയാൾ ധരിച്ചു. തന്നെ ഇമ്പീരിയൽ സാന്നിധ്യം അറിയിക്കാഞ്ഞതിന് തന്റെ പരിചാരകരെ കൊല്ലുമെന്ന് അയാൾ ഭീഷണി മുഴക്കി. എന്നാൽ തങ്ങളുടെ റിപ്പോർട്ട് ശരിയാണെന്നും ചക്രവർത്തി അന്ത്യോക്യയിൽ ആണെന്നും അവർ തീർത്തു പറഞ്ഞു. അപ്പോൾ തന്റെ ദർശനത്തിന്റെ അർഥം അയാൾക്ക് മനസ്സിലായി. “റോമാക്കാരുടെ ദൈവം അവർക്കുവേണ്ടി പോരാടുന്നു” എന്ന് അയാൾ വിളിച്ചുപറഞ്ഞു.

ശരീരരഹിതനെ തൊടാൻ സാധ്യമല്ലെന്ന് അറിഞ്ഞിട്ടും, തന്റെ വികാരം നിയന്ത്രിക്കാനാകാതെ ഈ നികൃഷ്ട മനുഷ്യൻ തന്റെ ക്രോധത്തിൽ ഒരു ചാട്ടുളി അന്തരീക്ഷത്തിലേക്ക് എറിഞ്ഞു. അപ്പോൾ ഈ കാട്ടാളന്മാരെ കാണാൻ കോട്ടയ്ക്കു മുകളിൽ കയറി, ശാപവർഷം ചൊരിയാൻ മാർ അപ്രേം ഈ ദിവ്യയാക്കോബിനോട് അഭ്യർഥിച്ചു. യാക്കോബ് സമ്മതിച്ച് ഗോപുരമുകളിൽ കയറി. എണ്ണമറ്റ സൈന്യത്തെ കണ്ടപ്പോൾ, യാതൊരു ശാപവും പറയാതെ, ദൈവം കൊതുകുകളെയും ഉറുമ്പുകളെയും അവരുടെമേൽ അയക്കാൻ പ്രാർഥിച്ചു. അങ്ങനെ ഈ ചെറിയ ജീവികളിലൂടെ റോമാക്കാരുടെ സംരക്ഷകന്റെ ശക്തി അവൻ ഗ്രഹിക്കുന്നതിനായിരുന്നു അത്. അദ്ദേഹത്തിന്റെ പ്രാർഥനയാൽ അവിടമെല്ലാം ഉറുമ്പുകളും കൊതുകുകളും കൊണ്ട് നിറഞ്ഞു. അവ ആനകളുടെ തുമ്പിക്കൈയിലും കുതിരകളുടെയും മറ്റ് മൃഗങ്ങളുടെയും കാതുകളിലും മൂക്കിലുമെല്ലാം കടി തുടങ്ങി. ഈ ചെറിയ പ്രാണികളുടെ കടിയും കുത്തും സഹിക്കവയ്യാതെ മൃഗങ്ങൾ കടിഞ്ഞാൺ പൊട്ടിച്ച് പുറത്തിരുന്നവരെ തള്ളിത്താഴെ

യിട്ടു. അവരുടെ ക്യാമ്പ് മുഴുവൻ സംഭ്രമമായി. പേർഷ്യാക്കാർ ക്യാമ്പു പേക്ഷിച്ച്, ജീവനും കൊണ്ടോടി. ഭക്തരെ സംരക്ഷിക്കുന്ന ദൈവത്തിന്റെ ശക്തി, ഈ നിസ്സാരവും ദയാമസൃണവുമായ ശിക്ഷയിലൂടെ ആ മ്ലേച്ഛൻ പഠിക്കുകയും തന്റെ നാട്ടിലേക്ക് തിരികെ പോകുകയും ചെയ്തു. അയാൾ തന്റെ ഉപരോധം കൊണ്ട് വിജയമല്ല, അപമാനമാണ് ഏറ്റുവാങ്ങിയത്.

### അധ്യായം 27

## മെലേഷ്യസിനെതിരെ അന്ത്യോക്യൻ സിനഡ്

ഇക്കാലത്ത് ചക്രവർത്തി അന്ത്യോക്യയിൽ ആയിരുന്നു. പേർഷ്യൻ യുദ്ധം കഴിഞ്ഞിരുന്നു. കുറേനാൾ സമാധാനാന്തരീക്ഷം നിലനിന്നു. “ഏകസത്ത”,“വ്യത്യസ്ത സത്ത” എന്നീ പദപ്രയോഗങ്ങൾ തള്ളിക്കളയാനായി ഒരിക്കൽ കൂടി അയാൾ മെത്രാന്മാരെയെല്ലാം ഒന്നിച്ചു വിളിച്ചുകൂട്ടി. ലെയോൺഷ്യൂസ് മരിച്ചപ്പോൾ, എവുഡോക്സിയുസ് അന്ത്യോക്യൻ സിംഹാസനത്തിൽ കയറിപ്പറ്റിയിരുന്നു.

അയാളുടെ നിയമരഹിത സ്ഥാനാരോഹണവും പുറംതള്ളലും നിമിത്തം കോൺസ്റ്റാന്റിനോപ്പിളിൽ നിരവധി സിനഡുകൾ കൂടി. അവയ്ക്കുശേഷം അന്ത്യോക്യൻ സഭയിൽ മെത്രാന്മാരില്ലാതെ വന്നു. അതിനാൽ എല്ലാ ഭാഗങ്ങളിൽ നിന്നും ഒന്നിച്ചുകൂടിയ വളരെയധികം മെത്രാന്മാർ, അജഗണത്തിന് ഒരിടയനെ നൽകുകയാണ് ഒന്നാമത്തെ കടമയെന്നും പിന്നീട് അദ്ദേഹത്തോടുകൂടെ വിശ്വാസകാര്യങ്ങൾ ചർച്ച ചെയ്യാമെന്നും പറഞ്ഞു.

അർമേനിയായിലെ ഒരു പട്ടണത്തിലെ മെത്രാനായിരുന്നു ദിവ്യനായ മെലേഷ്യസ്. തന്റെ കീഴിലുള്ള ജനത്തിന്റെ വിധേയത്വരാഹിത്യത്താൽ അതീവദുഃഖിതനായി അദ്ദേഹം അവിടെനിന്നു പോയി മറ്റെവിടെയോ പാർത്തിരുന്ന അവസരമായിരുന്നത്. അദ്ദേഹം തങ്ങളുടെ ചിന്താരീതിക്കാരൻ ആണെന്നും തങ്ങളുടെ പ്രബോധനങ്ങൾ ഉയർത്തി പിടിക്കുന്നവൻ ആണെന്നും ആരിയൻ വിഭാഗക്കാർ വിഭാവന ചെയ്തു. അതുകൊണ്ട് അന്ത്യോക്യൻ സഭയെ അദ്ദേഹത്തെ ഏൽപ്പിക്കണമെന്ന് അവർ ചക്രവർത്തിയോട് അപേക്ഷിച്ചു. അവരുടെ അഭക്തി നടപ്പാക്കുന്നതിന് അവർ ഭയരഹിതരായി ലംഘിക്കാത്ത യാതൊരു നിയമവും ഉണ്ടായിരുന്നില്ല. അവരുടെ ദൈവദൂഷണത്തിന്റെ അടിത്തറ നിയമരാഹിത്യമായിരുന്നു. ഇത് അവരുടെ ക്രമരഹിത നടപടികളുടെ ഒറ്റപ്പെട്ട കാര്യവുമല്ലായിരുന്നു.

മറുവശത്ത്, ശ്ലൈഹികപ്രബോധനം മുറുകെ പിടിച്ചവർ, മഹാനായ മെലേഷ്യസിന്റെ സത്യവിശ്വാസം നന്നായി ഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ കളങ്കരഹിതമായ സ്വഭാവത്തെ പറ്റിയും സുകൃതങ്ങളെ പറ്റിയും അവർക്ക് വ്യക്തമായ അറിവുണ്ടായിരുന്നു. അവർ ഏകയോഗമായി തങ്ങളുടെ തീരുമാനം എഴുതി. എല്ലാവരും താമസംവിനാ ഒപ്പുവച്ചു.

ഒരൊത്തുതീർപ്പു വ്യവസ്ഥയിൽ ഈ രേഖ രണ്ടുകക്ഷികളും ചേർന്ന് സുരക്ഷിതമായി സൂക്ഷിക്കാൻ സത്യവിശ്വാസത്തിന്റെ ബലിഷ്ഠ സ്തംഭമായ സാമസോട്ടായിലെ എവുസേബിയസിനെ ഏൽപ്പിച്ചു. ഇമ്പീരിയൽ കൽപ്പന കിട്ടിയപ്പോൾ, മഹാനായ മെലേഷ്യസ് വന്നുചേർന്നു. വൈദിക ഗണത്തിലെ ഉന്നത ശ്രേണിയിൽ ഉള്ളവരും സഭയിലെ മറ്റുഗണങ്ങളിൽ പെട്ടവരും നഗരവാസികൾ എല്ലാവരും അദ്ദേഹത്തെ കാണാൻ അവിടെ ഓടിക്കൂടി. അദ്ദേഹത്തെ കാണാൻ തൽപ്പരരായി യൂദരും വിജാതിയരും എത്തിയിരുന്നു. അപ്പോൾ, "കർത്താവ് തന്റെ വഴികളുടെ ആരംഭത്തിൽ, തന്റെ പുരാതനകർമങ്ങൾക്കു മുമ്പേ എന്നെ സൃഷ്ടിച്ചു" (സുഭാ.8,22) എന്ന വാചകം വ്യാഖ്യാനിക്കാൻ മെലേഷ്യസിനോടും സംസാരിക്കാൻ കഴിവുള്ള മറ്റുള്ളവരോടും ആവശ്യപ്പെട്ടു. ഓരോരുത്തരും പറയുന്നത് എഴുതാനായി വിദഗ്ധരായ എഴുത്തുകാരെ നിയമിച്ചു. അവർ പറയുന്നത് കൃത്യമായി അറിയാനായിരുന്നു അങ്ങനെ ചെയ്തത്. ആദ്യമായി ലവദീക്യായിലെ ജോർജ് തന്റെ ദുഷിച്ച പാഷണ്ഡത വിളമ്പി. അതിനുശേഷം കേസറിയായിലെ അകാചിയുസ് ഒരു ഒത്തുതീർപ്പു പ്രബോധനം അവതരിപ്പിച്ചു. അത് യഥാർഥത്തിൽ ദൈവദൂഷണത്തിൽ നിന്ന് വളരെ അകന്നതായിരുന്നു. എന്നാൽ ശ്ലൈഹികപ്രബോധനം ശുദ്ധമായും കളങ്കരഹിതമായും അല്ലായിരുന്നു എന്നുമാത്രം.

അതിനു ശേഷം മെലേഷ്യസ് എഴുന്നേറ്റ് വിശ്വാസത്തിന്റെ കാനനിൽ വളവോ, തിരിവോ ഇല്ലാതെ വിവരിച്ചു. ആശാരി തന്റെ കണക്ക് ഉപയോഗിക്കുന്നതു പോലെ, അധികപ്പറ്റോ, കുറവോ കൂടാതെ അദ്ദേഹം സത്യം അവതരിപ്പിച്ചു. അപ്പോൾ ജനക്കൂട്ടം ഉച്ചത്തിൽ കൈയടിക്കുകയും അദ്ദേഹത്തിന്റെ പ്രബോധനത്തിന്റെ സംഗ്രഹം അവതരിപ്പിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു.

അതനുസരിച്ച് അദ്ദേഹം ആദ്യം മൂന്നു വിരലുകൾ നീട്ടി. പിന്നെ രണ്ടെണ്ണം മടക്കി, ഒന്നുമാത്രം കാട്ടി. എന്നിട്ട് അനുസ്മരണാർഹമായ വാചകം പറഞ്ഞു: "ചിന്തയിൽ അവർ മൂന്നാണ്, എന്നാൽ ഒന്നെന്ന് നാം പറയുന്നു".

ഈ പ്രബോധനത്തിനെതിരെ ആരിയന്മാർ ഗൂഢാലോചന നടത്തി. മെലേഷ്യസ് *സബെല്ലിയൻ* ആണെന്ന് കൗശലപൂർവം പരദൂഷണം തുടങ്ങി. ചപലനായ ചക്രവർത്തിയെ അവർ പ്രേരിപ്പിക്കുകയും മെലേഷ്യസിനെ അദ്ദേഹത്തിന്റെ സ്വന്തം ഭവനത്തിലേക്ക് തിരിച്ചയക്കാൻ നിർബന്ധിക്കുകയും ചെയ്തു. തികഞ്ഞ ആരിയൻ പക്ഷപാതിയായ എവുസോയിയുസിനെ അന്ത്യോക്യൻ മെത്രാനാക്കി. മഹാനായ അലക്സാണ്ടർ മെത്രാന്റെ കാലത്ത് ഡീക്കനായിരുന്ന ഇയാളെ ആരിയസിനോടൊപ്പം അദ്ദേഹം തരംതാഴ്ത്തിയിരുന്നു.- അപ്പോൾ സത്യവിശ്വാസികൾ ആരിയന്മാരിൽ നിന്നു മാറി ശ്ലീഹന്മാരുടെ പള്ളിയിൽ ഒത്തുകൂടി പ്രാർഥിച്ചു. *പലയാ* എന്നറിയപ്പെടുന്ന നഗരഭാഗത്താണ് അത് സ്ഥിതിചെയ്യുന്നത്.

മഹനീയനായ എവുസ്താത്യോസിന്റെ നേർക്കുള്ള കടന്നാക്രമണത്തിനു ശേഷം മുപ്പതുവർഷമായി അനുകൂലസാഹചര്യം ഉണ്ടാകുമെന്ന പ്രതീക്ഷയിൽ അവർ ആരിയനിസത്തിന്റെ ദൈവദൂഷണം സഹിച്ചു. എന്നാൽ അഭക്തി വർധിക്കുകയും ശ്ലൈഹിക പ്രബോധനത്തോട് വിശ്വസ്തത പുലർത്തുന്നവർ പരസ്യമായി ആക്രമിക്കപ്പെടുകയും ചെയ്തു. നിരവധി ഗൂഢാലോചനകൾ അവർക്കെതിരെ ഉണ്ടായി. ദിവ്യനായ മെലേഷ്യസ് നാടുകടത്തപ്പെട്ടു. പാഷണ്ഡതാനേതാവ് അദ്ദേഹത്തിന്റെ സ്ഥാനത്ത് മെത്രാനായി നിയമിതനായി. ഇതൊക്കെ കണ്ടപ്പോൾ ലോത്തിനോടു പറഞ്ഞ വാക്കുകൾ അവർ ഓർത്തു:"ജീവൻ വേണമെങ്കിൽ ഓടിപ്പോകുക" (ഉൽപ്പ.19,17). സുവിശേഷം സ്പഷ്ടമായി കൽപ്പിക്കുന്നു: "നിന്റെ വലത്തുകണ്ണ് നിനക്ക് ഇടർച്ച വരുത്തുന്നെങ്കിൽ, അത് പിഴുതെടുത്ത് എറിഞ്ഞുകളയുക"(മത്താ. 5,29). കൈയെപ്പറ്റിയും കാലിനെപ്പറ്റിയും കർത്താവ് അതേ നിയമം നൽകിയിരിക്കുന്നു: "ശരീരമാകെ നരകത്തിൽ എറിയപ്പെടുന്നതിനേക്കാൾ നല്ലത്, അവയവങ്ങളിൽ ഒന്ന് നഷ്ടപ്പെടുകയാണ്". - ഇപ്രകാരമാണ് സഭയിൽ പിളർപ്പുണ്ടായത്.

## അധ്യായം 28

# സാമസോട്ടായിലെ എവുസേബിയസ്

പൊതുധാരണാപത്രം ഏറ്റുവാങ്ങിയ എവുസേബിയസ്, ഉടമ്പടി ലംഘനം കണ്ടപ്പോൾ, തന്റെ രൂപതയിലേക്ക് തിരികെ പോയി. ആ രേഖയെപ്പറ്റി അസ്വസ്തത തോന്നിയ ചിലർ, അത് തിരികെ കിട്ടാൻ ദൂതനെ അയക്കുന്നതിന് ചക്രവർത്തിയെ പ്രേരിപ്പിച്ചു. തദനുസൃതം പോസ്റ്റൽ സിസ്റ്റത്തിലെ ഒരുദ്യോഗസ്ഥനെ അദ്ദേഹത്തിന്റെ പക്കലേക്ക് ചക്രവർത്തി അയച്ചു. അയാൾ എത്തി ഇമ്പീരിയൽ സന്ദേശം അറിയിച്ചു. എന്നാൽ എവുസേബിയസ് പറഞ്ഞു:''എന്നെ ഏൽപ്പിച്ച അസംബ്ലി മുഴുവൻ പറയാതെ എനിക്ക് തരാൻ സാധ്യമല്ല''. ആ വിവരം ചക്രവർത്തിയെ അറിയിച്ചു. ചക്രവർത്തി ക്രോധാവിഷ്ടനായി മറ്റൊരു ദൂതനെ അയച്ചു. അതു കൊടുത്തു വിട്ടില്ലെങ്കിൽ, വലത്തുകൈ വെട്ടിക്കളയുമെന്ന് ഭീഷണിപ്പെടുത്തി. മെത്രാനെ ഭയപ്പെടുത്താനാണ് ചക്രവർത്തി ഇപ്രകാരം എഴുതിയത്. കാരണം, ഈ ഭീഷണി നടപ്പാക്കരുതെന്ന് അയാൾ ദൂതനോട് പ്രത്യേകം പറഞ്ഞിരുന്നു.

ചക്രവർത്തിയുടെ ഭീഷണിക്കത്ത് മെത്രാൻ തുറന്നു. അതു കണ്ടപ്പോൾ, തന്റെ രണ്ടുകൈകളും നീട്ടി, വെട്ടിക്കൊള്ളാൻ പറഞ്ഞു. ''ആരിയൻ ദുഷ്ടതയുടെ വ്യക്തമായ തെളിവാണ് ഡിക്രി. ഞാൻ വിട്ടുകൊടുക്കില്ല" എന്ന് അദ്ദേഹം പറഞ്ഞു.

മെത്രാന്റെ ധൈര്യത്തെപ്പറ്റി കേട്ട് ചക്രവർത്തി അത്ഭുതപ്പെടുകയും

അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്തു. കാരണം, എതിരാളികളുടെ ധീരകർമങ്ങളുടെ മഹനീയതയെ ശത്രുക്കൾ പോലും അഭിനന്ദിക്കാൻ നിർബന്ധിതരാകാറുണ്ട്.

യൂറോപ്പിന്റെ സീസറായി താൻ പ്രഖ്യാപിച്ച ജൂലിയൻ സാമ്രാജ്യത്തിന്റെ പരമാധികാരി ആകാൻ ഉദ്ദേശിച്ച്, തനിക്കെതിരെ സൈന്യസമേതം മുന്നേറുന്നു എന്നറിഞ്ഞ്, ചക്രവർത്തി സിറിയായിൽ നിന്ന് തിരിച്ചു. സിലീഷ്യയിൽ വന്നപ്പോൾ മരണമടഞ്ഞു.

അയാളുടെ പിതാവ് അയാൾക്ക് അവശേഷിപ്പിച്ച സഹായകൻ അയാൾക്ക് ഇല്ലാതെപോയി. കാരണം, തന്റെ പിതാവിന്റെ ഭക്തിയുടെ പിൻതുടർച്ച അയാൾ അഭംഗുരം കാത്തുസൂക്ഷിച്ചില്ല. അതുകൊണ്ട് വിശ്വാസത്തിലുള്ള അയാളുടെ വ്യതിചലനത്തെപ്പറ്റി അയാൾക്ക് ഉറക്കെ വിലപിക്കേണ്ടിവന്നു.

# പുസ്തകം-3

## അധ്യായം 1

# വിശ്വാസത്യാഗിയായ ജൂലിയൻ ചക്രവർത്തി

മുകളിൽ പറഞ്ഞതുപോലെ, തന്റെ പിതാവിന്റെ വിശ്വാസത്തിൽനിന്ന് വളരെ അകന്നു മാറിപ്പോയി എന്നതിൽ കരഞ്ഞുനിലവിളിച്ചാണ് കോൺസ്റ്റാൻസ്യൂസ് ഈ ലോകം വിട്ടുപോയത്. ജൂലിയൻ യൂറോപ്പിൽ നിന്ന് ഏഷ്യയിലേക്ക് കടക്കുമ്പോൾ, ഈ മരണവാർത്ത അറിഞ്ഞു. തനിക്ക് എതിരാളികൾ ആരും ഇല്ലാത്തതിനാൽ, അയാൾ സന്തോഷപൂർവം പരമാധികാരം ഏറ്റെടുത്തു.

ചെറുപ്പകാലത്ത്, അതായത് കുട്ടി ആയിരിക്കുമ്പോൾ, അയാളും സഹോദരനായ ഗാള്ളുസും ശുദ്ധവും ഭക്തവുമായ പ്രബോധനം സ്വീകരിച്ചിരുന്നു. അയാളുടെ യൗവനത്തിലും പ്രായപൂർത്തിയായ ആദ്യ കാലങ്ങളിലും അതേ ജീവിതരീതി അനുവർത്തിച്ചു. തന്റെ ബന്ധുജനങ്ങൾ ഇമ്പീരിയൽ അധികാരത്തിനായി ശ്രമിക്കുമെന്നു കരുതി കോൺസ്റ്റാൻ സ്യൂസ് അവരെയൊക്കെ കൊന്നുകളഞ്ഞു. ജൂലിയൻ തന്റെ ബന്ധുവിനെ ഭയന്ന് വായനക്കാരുടെ ക്രമത്തിൽ പേരെഴുതിച്ചു. സഭായോഗങ്ങളിൽ ജനങ്ങൾക്ക് അയാൾ ഉച്ചത്തിൽ തിരുലിഖിതം വായിച്ചു കൊടുത്തിരുന്നു.

അയാൾ ഒരു രക്തസാക്ഷിമണ്ഡപവും പണിതു. അയാളുടെ വിശ്വാസത്യാഗം തിരിച്ചറിഞ്ഞ രക്തസാക്ഷികൾ അയാളുടെ അർപ്പണം നിരസിച്ചു. സ്ഥാപകന്റെ മനസ്സുപോലെ, അടിത്തറ ഉറപ്പില്ലാതിരുന്നതിനാൽ, അതിന്റെ ആശീർവാദത്തിനു മുമ്പ് അത് നിലംപതിച്ചു. അത്തരത്തിൽ ആയിരുന്നു ജൂലിയന്റെ ബാല്യകാലവും യൗവനവും.

മാഗ്നെൻസ്യൂസിനെതിരായി യുദ്ധം ചെയ്യാൻ പടിഞ്ഞാറോട്ട് പുറപ്പെ ടാൻ തുടങ്ങിയപ്പോൾ, കോൺസ്റ്റാൻസ്യൂസ് ഭക്തനായ ഗാള്ളൂസിനെ കിഴക്കിന്റെ സീസറാക്കി. അവസാനം വരെ ഗാള്ളുസ് ആ ഭക്തി നിലനിർത്തി. ജൂലിയന് നേരത്തെ സഹായകമായിരുന്ന ഭയാശങ്കൾ വലിച്ചെറിഞ്ഞിട്ട്, നീതിരഹിതമായ ആത്മവിശ്വാസത്താൽ പ്രേരിതനായി സാമ്രാജ്യത്തിന്റെ ചെങ്കോൽ ഉന്നംവച്ചു. തദനുസൃതം അയാൾ ത്രേസിൽ കൂടി യാത്ര ചെയ്യുമ്പോൾ, താൻ ആഗ്രഹിക്കുന്നത് കിട്ടുമോ എന്നറിയാൻ മന്ത്രവാദിക ളെയും ലക്ഷണം പറയുന്നവരെയും സമീപിച്ചു.  ഇക്കാര്യങ്ങൾ പ്രവചിക്കാ

മെന്ന് ഉറപ്പു പറഞ്ഞ ഒരാളെ അയാൾ കണ്ടുമുട്ടി. അയാൾ ജൂലിയനെ ഒരു വിഗ്രഹത്തിന്റെ അമ്പലത്തിനുള്ളിലേക്ക് ആനയിച്ചു. വഞ്ചകാത്മാക്കളെ അയാൾ വിളിച്ചുവരുത്തി.അവർ ഭീകരാകാരത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, നെറ്റിയിൽ കുരിശുവരയ്ക്കാൻ അയാൾ നിർബന്ധിതനായി. കർത്താവിന്റെ വിജയത്തിന്റെ അടയാളമായ കുരിശു കണ്ടപ്പോൾ, തങ്ങളുടെ പരാജയം ഓർമിപ്പിച്ചുകൊണ്ട് അവ പമ്പകടന്നു. പലായനകാരണം അറിയാവുന്ന മന്ത്രവാദി ജൂലിയനെ കുറ്റപ്പെടുത്തി. അപ്പോൾ ജൂലിയൻ തന്റെ സംഭ്രമം വെളിപ്പെടുത്തി. കുരിശിന്റെ ശക്തിയിൽ താൻ അത്ഭുതപ്പെട്ടെന്ന് അവൻ പറഞ്ഞു. കാരണം, കുരിശടയാളം സഹിക്കവയ്യാതെ പിശാചുക്കൾ ഓടിപ്പോയി. മന്ത്രവാദി പറഞ്ഞു: "അങ്ങനെയൊന്നും ചിന്തിക്കരുത്. നീ പറയുന്നതുപോലെ അവർ ഭയപ്പെട്ടിട്ടല്ല. പിന്നെയോ, നീ ചെയ്തത് അവർക്ക് മ്ലേച്ഛമായതിനാലത്രേ." അങ്ങനെ പറഞ്ഞ് അയാൾ ആ നിർഭാഗ്യവാനെ പറ്റിച്ചു. അവരുടെ രഹസ്യ മിസ്റ്ററികളിൽ അവനെ ആനീതനാക്കി. അവരുടെ മ്ലേച്ഛതകൾ കൊണ്ട് അവനെ നിറച്ചു. സാമ്രാജ്യമോഹം ആ നികൃഷ്ടനെ സത്യമതത്തിൽ നിന്ന് ഉരിഞ്ഞുകളഞ്ഞു. കൂടാതെ ഉന്നതാധികാരം കിട്ടിക്കഴിഞ്ഞപ്പോൾ, അയാൾ കുറേക്കാലത്തേക്ക് തന്റെ അഭക്തി മറച്ചുവച്ചു.

കാരണം, സൈന്യത്തെപ്പറ്റി അയാൾക്ക് ആശങ്ക ഉണ്ടായിരുന്നു. സത്യമത തത്വങ്ങളിൽ അവരെ ആദ്യം കോൺസ്റ്റൻടൈനും പിന്നെ അദ്ദേഹത്തിന്റെ മക്കളും പ്രബോധിപ്പിച്ച് ഉറപ്പിച്ചിരുന്നു. കോൺസ്റ്റൻടൈൻ അവരെ അവരുടെ മുൻകാല തെറ്റിൽ നിന്ന് സ്വതന്ത്രരാക്കുകയും സത്യപാതയിൽ പരിശീലിപ്പിക്കുകയും ചെയ്തു. അദ്ദേഹം നൽകിയ പ്രബോധനത്തിൽ മക്കൾ അവരെ ഉറപ്പിച്ചു.

കോൺസ്റ്റാസ്യൂസിനെ ചിലർ സ്വാധീനിച്ച് വഴി തെറ്റിക്കുകയും സമസത്ത എന്ന വാക്ക് വിശ്വാസപ്രമാണത്തിൽ അയാൾ ഉപയോഗിക്കാതിരിക്കുകയും ചെയ്തെങ്കിലും, അതിൽ ഉൾക്കൊണ്ട സത്യം അയാൾ ആത്മാർഥമായി സ്വീകരിച്ചിരുന്നു. വചനമാം ദൈവത്തെ സത്യദൈവമെന്ന് അയാൾ വിളിച്ചു. അവൻ യുഗങ്ങൾക്കു മുമ്പ് പിതാവിൽ നിന്നു ജനിച്ചെന്നും വിശ്വസിച്ചിരുന്നു. പുത്രനെ സൃഷ്ടിയെന്നു വിളിച്ചവരെ പരസ്യമായി തള്ളിപ്പറയുകയും വിഗ്രഹാരാധന പൂർണമായി നിരോധിക്കുകയും ചെയ്തു.

കോൺസ്റ്റാൻസ്യൂസിന്റെ ദൈവിക കാര്യങ്ങളിലുള്ള തീക്ഷ്ണതയ്ക്ക് തെളിവായി മറ്റൊരു ശ്രേഷ്ഠകാര്യം ഞാൻ വിവരിക്കാം. മാഗ്നെൻസ്യൂസിനെതിരെയുള്ള യുദ്ധത്തിന് അദ്ദേഹം ഒരിക്കൽ തന്റെ സൈന്യവ്യൂഹത്തെ മുഴുവൻ സുസജ്ജമാക്കി. ദിവ്യരഹസ്യങ്ങളിൽ സൈന്യം മുഴുവൻ പങ്കെടുക്കാൻ അവരെ ഉപദേശിച്ചു. "കാരണം, ജീവിതാന്ത്യം അവ്യക്തമാണ്. യുദ്ധത്തിൽ പ്രത്യേകിച്ചും. എണ്ണമറ്റ അമ്പുകൾ ഇരുഭാഗത്തുനിന്നും എയ്യുമ്പോൾ, മനുഷ്യന്റെ മേൽ ആഞ്ഞടിക്കുമ്പോൾ, കൊടിയ നാശനഷ്ടങ്ങൾ സ്വാഭാവികമാണ്. അതുകൊണ്ട് എല്ലാവരും ആ അമൂല്യവസ്ത്രം ധരിക്കുന്നത് ആവശ്യമാണ്. എല്ലാറ്റിനുമുപരി, വരാനിരിക്കുന്ന ജീവിതത്തിൽ

അത് നമുക്ക് അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് ഇവിടെവച്ച് ആ വസ്ത്രം ധരിക്കാത്തവൻ ഇവിടെനിന്ന് വേർപെട്ട് വീട്ടിൽ പോയിരിക്കുക. എന്റെ രാജ്യത്തിൽ നമ്മുടെ വിശുദ്ധ രഹസ്യങ്ങളിൽ ഭാഗഭാഗിത്വം ഇല്ലാത്തവനോടൊപ്പം യുദ്ധം ചെയ്യുന്നത് എനിക്ക് സഹിക്കാനാവില്ല.

### അധ്യായം 2

## മെത്രാന്മാരുടെ തിരിച്ചുവരവ്

ഈ കാര്യങ്ങളെ പറ്റിയൊക്കെ ജൂലിയന് വ്യക്തമായ വിവരം ഉണ്ടായിരുന്നു. അയാൾ തന്റെ മനസ്സിലെ അഭക്തി പുറത്തു കാട്ടിയില്ല. തന്റെ ഭരണത്തിൽ എല്ലാ മെത്രാന്മാരെയും തന്നോട് അനുഭാവം ഉള്ളവരാക്കി ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ, നാടുകടത്തപ്പെട്ടവരെയെല്ലാം തങ്ങളുടെ സ്വന്ത സഭകളിലേക്ക് തിരികെ വരാൻ ജൂലിയൻ കൽപ്പിച്ചു. കോൺസ്റ്റാൻസ്യൂസ് നാടുകടത്തി സാമ്രാജ്യത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ വരെ എത്തിയവർ അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ഈ കൽപ്പന അനുസരിച്ച് ദിവ്യനായ മെലേഷ്യസ് അന്ത്യോക്യയിലും പ്രശസ്തനായ അത്തനാസ്യോസ് അലക്സാണ്ഡ്രിയായിലും തിരികെയെത്തി. വെർചെള്ളിയിലെ എവുസേബിയസ്, ഇറ്റലിയിലെ ഹിലരി, കാലിഗരിയിലെ ലൂസിഫർ എന്നിവർ ഈജിപ്തിന്റെ അതിർത്തിയിൽ തേബായ്ഡിൽ താമസിക്കുകയായിരുന്നു. കോൺസ്റ്റാൻസ്യൂസ് അവരെ അവിടേക്കാണ് നാടുകടത്തിയത്. അവർ തങ്ങളുടെ അഭിപ്രായമുള്ളവരെ കണ്ടുമുട്ടി. സഭകളെ യോജിപ്പിൽ എത്തിക്കണമെന്ന് തീരുമാനിച്ചു. പലരും തങ്ങളുടെ എതിരാളികളിൽ നിന്ന് പീഡനമേറ്റിരുന്നതിനു പുറമേ, പരസ്പരം യോജിപ്പിലും അല്ലായിരുന്നു.

അന്ത്യോക്യൻ സത്യവിശ്വാസികൾ തന്നെയും രണ്ടായി വിഭജിതർ ആയിരുന്നു. നല്ലവനായ എവുസ്താത്യോസിനെ പ്രതി ഒരു വിഭാഗം ആരംഭം മുതൽ മറ്റുള്ളവരിൽ നിന്നു മാറി സ്വന്തമായി ഒന്നിച്ചുകൂടിയിരുന്നു. ആരിയൻ വിഭാഗത്തിൽ നിന്നു മാറി, ശ്രേഷ്ഠനായ മെലേഷ്യസിന്റെ കൂടെ കൂടിയവർക്കും പലെയാ എന്നു പറയപ്പെടുന്നിടത്ത് പ്രത്യേക സമ്മേളനം ഉണ്ടായിരുന്നു. ഈ രണ്ടുവിഭാഗങ്ങൾക്കും ഒരേ വിശ്വാസമായിരുന്നു. ഇരുകൂട്ടരും നിഖ്യാവിശ്വാസപ്രമാണം മുറുകെപ്പിടിച്ചു.

അവരുടെ പരസ്പര കലഹവും ഓരോ വിഭാഗത്തിന്റെയും നേതാക്കന്മാരോടുള്ള പരിഗണനയും മാത്രമാണ് അവരെ തമ്മിൽ വേർപെടുത്തിയത്. ഇവരിൽ ഒരാൾ മരിച്ചപ്പോഴും അവർ അവരുടെ പടലപിണക്കം അവസാനിപ്പിച്ചില്ല. മെലേഷ്യസ് തെരഞ്ഞെടുക്കപ്പെടുന്നതിനു മുമ്പ് എവുസ്താത്യോസ് മരിച്ചുകഴിഞ്ഞിരുന്നു. മെലേഷ്യസിനെ നാടുകടത്തിയിട്ട് എവുസോയിയുസിനെ തെരഞ്ഞെടുത്തപ്പോൾ, സത്യവിശ്വാസികൾ അഭക്തരുടെ കൂട്ടായ്മയിൽ നിന്നു വിട്ടുമാറി, വേറേ സഭായോഗം കൂടി. ഇവരോട് ചേരാൻ

എവുസ്താത്യർ എന്നറിയപ്പെട്ട സത്യവിശ്വാസികളെ പ്രേരിപ്പിക്കാനായില്ല. അവരെ തമ്മിൽ യോജിപ്പിക്കാനായി എവുസേബിയരും ലൂസിഫേറിയരും കൂടി ഒരു വഴി കണ്ടുപിടിക്കാൻ ശ്രമിച്ചു. തദനുസൃതം ലൂസിഫർ അലക്സാണ്ഡ്രിയായിൽ പോയി മഹാനായ അത്തനാസ്യോസിനോട് ആലോചന ചോദിക്കാൻ എവുസേബിയസ് അപേക്ഷിച്ചു. ലൂസിഫർ തന്നെ അന്ത്യോക്യയിൽ പോയി സത്യവിശ്വാസികളുടെ ഇടയിൽ യോജിപ്പുണ്ടാക്കണമെന്നാണ് എവുസേബിയസ് ഉദ്ദേശിച്ചത്.

എന്നാൽ ലൂസിഫർ അലക്സാണ്ഡ്രിയായിൽ പോകാതെ അന്ത്യോക്യയ്ക്ക് വച്ചുപിടിച്ചു. അവിടെ ഇരുവിഭാഗക്കാരും കൂടി യോജിപ്പിലെത്താൻ അദ്ദേഹം ചർച്ചകൾ നടത്തി. പൗളീനുസ് എന്ന വൈദികന്റെ നേതൃത്വത്തിൽ എവുസ്താത്യർ എതിർപ്പിൽ ഉറച്ചുനിന്നു. ഇതുകണ്ട് ലൂസിഫർ പൗളീനുസിനെ മെത്രാനാക്കി. അത് അനുചിതനടപടി ആയിപ്പോയി.

ലൂസിഫറിന്റെ ഈ നടപടി സ്പർധ വർധിപ്പിച്ചതല്ലാതെ, ഫലമുണ്ടായില്ല. നാം പരാമർശിക്കുന്ന ഈ കാലത്ത് ലൂസിഫർ പടലപിളർപ്പ് വർധിപ്പിച്ചു. അദ്ദേഹം കുറേക്കാലം അന്ത്യോക്യയിൽ താമസിച്ചു. എവുസേബിയസ് അവിടെ വന്നപ്പോൾ, സുഖപ്പെടുത്താൻ ആകാത്തവിധം തെറ്റായ വൈദ്യൻ രോഗം മൂർച്ഛിപ്പിച്ചെന്നു മനസ്സിലാക്കി, പടിഞ്ഞാറേക്ക് മടങ്ങി. പ്രശസ്തനായ അലക്സാണ്ഡറിന്റെ കാലം വരെ 85 വർഷം കൂടി ഈ വിഭജനം നീണ്ടുനിന്നു.

ലൂസിഫർ സർദീനിയായിലെത്തി, സഭാപ്രബോധനങ്ങളിൽ ചില കൂട്ടിച്ചേർക്കലുകൾ വരുത്തി. അവ അംഗീകരിച്ചവർ കുറേക്കാലം *ലൂസിഫേറിയർ* എന്ന് അറിയപ്പെട്ടു. എന്നാൽ കാലക്രമത്തിൽ ഈ ജ്വാലയും കെട്ടടങ്ങി, വിസമൃതിയിലാണ്ടു. മെത്രാന്മാർ തിരികെ എത്തിയതിനുശേഷം ഈ സംഗതികളാണ് നടന്നത്.

## അധ്യായം 3

# പേഗൻസിന്റെ കടന്നാക്രമണം

ജൂലിയൻ തന്റെ അഭക്തി പരസ്യമാക്കിയപ്പോൾ നഗരങ്ങളിൽ ഒട്ടനേകം വിഭാഗീയത ഉണ്ടായി. വിഗ്രഹാരാധനയുടെ വഞ്ചനയാൽ വശീകരിക്കപ്പെട്ടവർ വിഗ്രഹാലയങ്ങൾ തുറന്നു. മനുഷ്യമനസ്സിൽ നിന്നു മാഞ്ഞുപോകേണ്ട ദുഷിച്ച കർമങ്ങൾ വീണ്ടും അനുഷ്ഠിക്കാൻ തുടങ്ങി. ഒരിക്കൽകൂടി പേഗൻ ബലിപീഠങ്ങളിൽ വിളക്കുകൊളുത്തി. ബലിമൃഗങ്ങളുടെ രക്തംകൊണ്ട് തറ അശുദ്ധമാക്കി. അവരുടെ ഹോമബലികളുടെ പുകകൊണ്ട് അന്തരീക്ഷം അശുദ്ധമായി. തങ്ങൾ സേവിച്ച പിശാചുക്കളാൽ അന്ധരായിത്തീർന്ന അവർ നഗരങ്ങളിലൂടെ കലിതുള്ളി നടന്നു. അശുദ്ധജാഥകളിൽ കാട്ടിക്കൂട്ടിയ തെറിപ്പാട്ടും കൂക്കുവിളിയും ഗോഷ്ടികളും വഴി വിശുദ്ധരെ കളിയാക്കി.

എന്നാൽ ഭക്തവിഭാഗം എന്ന് അറിയപ്പെടുന്നവർക്ക് ഈ ദൈവ ദൂഷണം സഹിച്ചില്ല. അവർ നിന്ദനത്തിനു പകരം നിന്ദനം കോരിച്ചൊരിഞ്ഞു. തങ്ങളുടെ എതിരാളികൾ മാനിച്ച തെറ്റിനെ അവർ ഖണ്ഡിച്ചു. അത് അപമാനമായി ദുഷ്ടക്കൂട്ടം കണക്കാക്കി. ചക്രവർത്തി അനുവദിച്ച സ്വാതന്ത്ര്യത്തിൽ, ധിക്കാരം കാട്ടാൻ അവർക്ക് പ്രേരണ ലഭിച്ചു. അവർ ക്രിസ്ത്യാനികൾക്ക് കനത്ത പ്രഹരമേൽപ്പിച്ചു.

തന്റെ പ്രജകൾക്കിടയിൽ സമാധാനം നിലനിർത്തുക എന്നതാണ് ചക്രവർത്തിയുടെ കടമ. എന്നാൽ ദുഷ്ടതയുടെ മൂർത്തീഭാവമായ അയാൾ പരസ്പരവിദ്വേഷം കൊണ്ട് തന്റെ ജനത്തെ വെറിപിടിപ്പിച്ചു. സമാധാന കാംക്ഷികൾക്കെതിരെ നിഷ്ഠൂരന്മാർ കാട്ടിക്കൂട്ടിയവയുടെ നേരേ അയാൾ കണ്ണടച്ചു. സിവിലും മിലിറ്ററിയുമായ പ്രധാനപ്പെട്ട ഉദ്യോഗങ്ങൾ മൃഗീയരും അഭക്തരുമായവർക്ക് അയാൾ നൽകി. പരസ്യമായി ബലിയർപ്പിക്കാൻ യഥാർഥഭക്തരെ അയാൾ നിർബന്ധിച്ചില്ലെങ്കിലും, എല്ലാത്തരം അനാദരങ്ങളാലും അവരെ അവഹേളിച്ചു. വിശുദ്ധ ശുശ്രൂഷകർക്ക് കോൺസ്റ്റൻടൈൻ നൽകിയിരുന്ന എല്ലാ ബഹുമാനാദരവുകളും അയാൾ പിൻവലിച്ചു.

അക്കാലത്ത് വിഗ്രഹാരാധനാവഞ്ചനയുടെ അടിമകൾ ചെയ്ത പ്രവൃത്തികൾ വിവരിക്കാൻ, ഈ ക്രൂരകൃത്യങ്ങളുടെ മാത്രം ഒരു ചരിത്രം വേണ്ടിവരും. അത്തരം എണ്ണമറ്റവയിൽ നിന്ന് ഞാൻ കുറച്ചെണ്ണം തെരഞ്ഞെടുക്കാം. പലസ്തീനായിലെ അസ്കലോണിലും ഗാസ്സായിലും പൗരോഹിത്യ ഗണത്തിൽ പെട്ട പുരുഷന്മാരുടെയും ജീവിതകാലം മുഴുവൻ കന്യകകളായി ജീവിച്ച സ്ത്രീകളുടെയും വയർ തുരന്ന്, ബാർളിയും പന്നിത്തീറ്റയും കുത്തിനിറച്ച് പന്നികൾക്ക് ഇട്ടുകൊടുത്തിരുന്നു. സെബസ്തെയിൽ ഇത്തരക്കാർ സ്നാപകയോഹന്നാന്റെ ശവപ്പെട്ടി തുറന്ന് അസ്ഥികൾ കത്തിക്കുകയും ചാരം വിതറിക്കളയുകയും ചെയ്തു.

ഫിനീഷ്യയിൽ അവർ ചെയ്ത നിന്ദ്യകർമം കണ്ണുനീർ കൂടാതെ ആർക്കു വിവരിക്കാനാകും? ലെബനോനിലെ ഹേലിയോപ്പൊളീസിൽ സിറിൽ എന്നു പേരുള്ള ഒരു ഡീക്കൻ ജീവിച്ചിരുന്നു. കോൺസ്റ്റൻടൈന്റെ ഭരണകാലത്ത് ദൈവികതീക്ഷ്ണതയാൽ ജ്വലിച്ച് അവിടെ ആരാധിച്ചിരുന്ന നിരവധി വിഗ്രഹങ്ങൾ അയാൾ തകർത്തു കളഞ്ഞു. കുപ്രസിദ്ധരായ ചിലർ ഇത് ഓർമയിൽ വച്ച് അയാളെ കൊല്ലുകയും അയാളുടെ വയർ വെട്ടിപ്പിളർന്ന് കരൾ തിന്നുകയും ചെയ്തു. എല്ലാം കാണുന്ന കണ്ണുകൾക്ക് അവരുടെ ഘോരകൃത്യം മറഞ്ഞിരുന്നില്ല. അവർക്ക് അവരുടെ പ്രവൃത്തിക്കു തക്ക പ്രതിഫലം കിട്ടി. ഈ ദൈവദൂഷണപരമായ ദുഷ്ടതയിൽ പങ്കെടുത്തവരുടെയെല്ലാം പല്ല് ഉടൻതന്നെ കൊഴിഞ്ഞുപോയി. നാക്ക് വരണ്ടുണങ്ങി പിഴുതുപോകുകയും അവരുടെ കാഴ്ച നഷ്ടപ്പെടുകയും ചെയ്തു. വിശുദ്ധിയുടെ ശക്തി അവരുടെ പീഡനത്തിന് പകരംവീട്ടി.

അടുത്ത പട്ടണമായ എമേസ്സായിൽ പുതുതായി പണിത പള്ളി സ്ത്രീരൂപത്തിലുള്ള ഡയനീഷ്യസിന് സമർപ്പിക്കുകയും അവന്റെ

പരിഹാസ്യമായ ശിഖണ്ഡിരൂപം പ്രതിഷ്ഠിക്കുകയും ചെയ്തു. ത്രേസിലെ പ്രസിദ്ധനഗരമായ ഡോറിലേവുമിൽ വിജയശ്രീലാളിതനായ എമീലിയാനൂസിനെ, ത്രേസിലെ ഗവർണർ കാപ്പിത്തൊളീനൂസ് എന്നയാൾ തീക്കൂനയുടെ മുകളിലേക്ക് വലിച്ചെറിഞ്ഞു.

അരേത്തൂസാ മെത്രാനായ മർക്കോസിന്റെ ദുരന്തചരിത്രം, അതർഹിക്കുന്ന വിധം വിവരിക്കാൻ എസ്കീലൂസിന്റെയോ, സൊഫോക്ലെസിന്റെയോ വാചാലത വേണ്ടിവരും. കോൺസ്റ്റാൻസ്യൂസിന്റെ കാലത്ത് അദ്ദേഹം ഏതോ വിഗ്രഹപീഠം തല്ലിത്തകർത്തിട്ട് അവിടൊരു പള്ളി വച്ചു. ജൂലിയന്റെ മനസ്സറിഞ്ഞ അരേത്തൂസുകാർ അവരുടെ വിദ്വേഷം പുറത്തെടുത്തു. സുവിശേഷ പ്രബോധനങ്ങൾക്കനുസൃതം മർക്കോസ് ആദ്യം രക്ഷപെടാൻ ശ്രമിച്ചു. എന്നാൽ തനിക്കുപകരം തന്റെ ജനത്തിൽ ചിലരെ പിടികൂടി എന്നറിഞ്ഞ്, അദ്ദേഹം തിരികെ വരികയും രക്തദാഹികൾക്ക് തന്നെത്തന്നെ കൈയാളിക്കുകയും ചെയ്തു. അവർ അദ്ദേഹത്തെ പിടികൂടി. അദ്ദേഹത്തിന്റെ വാർധക്യത്തെയോ, സുകൃതജീവിതത്തെയോ അവർ മാനിച്ചില്ല. അദ്ദേഹത്തിന്റെ പ്രബോധനത്തിലും ജീവിതത്തിലും അദ്ദേഹം ശ്രദ്ധേയനായിരുന്നു. അവർ അദ്ദേഹത്തെ വസ്ത്രമുരിഞ്ഞ് ഇടിച്ചു. എല്ലാ അവയവങ്ങളിലും ഇടികൊണ്ടു. പിന്നീട് ഒരു അഴുക്കുചാലിലേക്ക് വലിച്ചെറിഞ്ഞു. അവിടെനിന്ന് വലിച്ചുകയറ്റി കളിപ്പിള്ളേരുടെ മുമ്പിൽ ഇട്ടുകൊടുത്തു. ദയാരഹിതമായി അദ്ദേഹത്തെ കുത്തി മുറിവേൽപ്പിക്കാൻ നിർദേശം കൊടുത്തു. അതിനുശേഷം അദ്ദേഹത്തെ ഒരു കുട്ടയിൽ ഇരുത്തി തേനും മറ്റും ദേഹത്തുതേച്ച് ചൂടുകാലത്ത് വെളിയിൽ ഉയർത്തിവച്ചു. തേനീച്ചകളും കടന്നലുകളും മറ്റും വന്നടുക്കാനായിരുന്നത്. തകർത്ത സൗധം പുനർ നിർമിക്കുക, അല്ലെങ്കിൽ പണിക്കുള്ള പണം കൊടുക്കുക എന്നതായിരുന്നു അവരുടെ ഡിമാന്റ്.

മർക്കോസ് ഈ കഠിന പീഡകളെല്ലാം സഹിച്ചു. അവർ പറഞ്ഞ രണ്ടു കാര്യങ്ങളും താൻ ചെയ്കയില്ലെന്നു തീർത്തുപറഞ്ഞു. അദ്ദേഹം ദരിദ്രൻ ആയിരുന്നതിനാൽ, പണം കൊടുക്കാൻ അദ്ദേഹത്തിന് കഴിവില്ല എന്നറിഞ്ഞ ശത്രുക്കൾ, പകുതി കുറച്ചിട്ട്, ബാക്കി കൊടുക്കാൻ പറഞ്ഞു. ഉയരത്തിൽ കെട്ടിത്തൂക്കിയ കുട്ടയ്ക്കകത്തു കിടന്ന് ഈച്ചകളുടെ കുത്തുകൊണ്ട് യാതൊരു വേദനയും ഇല്ലാത്തവനെപ്പോലെ , തന്റെ അഭക്തരായ പീഡകരെ കളിയാക്കിക്കൊണ്ട് പറഞ്ഞു: “നിങ്ങൾ നിലത്ത് തറയിൽ കഴിയുന്നവരാണ്. ഞാൻ ഉന്നതനും ഉയർന്നവനുമാണ്’’. അവസാനം എന്തെങ്കിലും കൊടുക്കാൻ അവർ പറഞ്ഞു. എന്നാൽ അദ്ദേഹം പറഞ്ഞു: “ഒരു പൈസാ തരുന്നത് മുഴുവൻ തരുന്നതിന് തുല്യമാണ്.” അവർ അസ്വസ്തരായി അദ്ദേഹത്തെ പോകാൻ അനുവദിച്ചു. അദ്ദേഹത്തിന്റെ സ്ഥിരതയെ അഭിനന്ദിക്കാതിരിക്കാൻ അവർക്കു കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ വാക്കുകൾ വിശുദ്ധിയുടെ ഒരു പുതിയ പാഠം അവരെ പഠിപ്പിച്ചു.

### അധ്യായം 4

## ക്രിസ്ത്യാനികൾക്കെതിരെ ജൂലിയന്റെ നിയമങ്ങൾ

ലോകം മുഴുവൻ, കടലിലും കരയിലും അക്കാലത്ത് നീതിമാന്മാർക്കെതിരെ എണ്ണമറ്റ ദുഷ്പ്രവൃത്തികൾ ചെയ്യാൻ ദുഷ്ടർ മുതിർന്നു. കാരണം, സത്യമതത്തിനെതിരെ ദൈവത്തിന്റെ ശത്രു മറയില്ലാതെ നിയമങ്ങൾ ഉണ്ടാക്കി. രക്ഷകന്റെ ആരാധകരെ അവൻ ഗ്ലീലായർ എന്നാണ് വിളിച്ചിരുന്നത്. ഒന്നാമതായി, ഗ്ലീലായരുടെ മക്കൾ ഗ്രീക്ക് സാഹിത്യവും പ്രഭാഷണകലയും തത്വശാസ്ത്രവും പഠിക്കുന്നത് അയാൾ നിരോധിച്ചു. ഒരു പഴഞ്ചൊല്ല് ഉദ്ധരിച്ചുകൊണ്ട് അയാൾ പറഞ്ഞു: “നമ്മുടെ ചിറകിലെ തൂവലുകൾ കൊണ്ട് അവർ നമ്മെ എയ്യുന്നു’’. അതായത്, നമ്മുടെ ഗ്രന്ഥങ്ങളിൽ നിന്ന് അവർ ആയുധം സംഭരിച്ച് നമുക്കെതിരെ പോരാടുന്നു. പിന്നീട് ഗ്ലീലായരെയെല്ലാം സൈന്യത്തിൽ നിന്നു പുറത്താക്കാൻ കൽപ്പിച്ചുകൊണ്ട് അയാൾ മറ്റൊരു കൽപ്പന പുറപ്പെടുവിച്ചു.

### അധ്യായം 5

## അത്തനാസ്യോസിന്റെ നാലാം വിപ്രവാസം

ഇക്കാലത്ത് സത്യത്തിന്റെ ജയശ്രീമല്ലനായ അത്തനാസ്യോസ് മറ്റൊരു ദുരന്തത്തിന് ഇരയായി. അദ്ദേഹത്തിന്റെ പ്രാർഥനയുടെയും നാവിന്റെയും ശക്തി തകർക്കാൻ പിശാചുക്കൾക്ക് കഴിഞ്ഞില്ല. അതുകൊണ്ട് അദ്ദേഹത്തെ അധിക്ഷേപിക്കാൻ തന്റെ ദാസരെ അവൻ ഇളക്കിവിട്ടു. അത്തനാസ്യോസിനെ നാടുകടത്താനായി അനേകർ ആ ദുഷ്ടതയുടെ മൂർത്തീഭാവമായവനെ എരികൂട്ടി. അവർ ഇതും കൂട്ടിച്ചേർത്തു: “അത്തനാസ്യോസ് അവിടെ തങ്ങിയാൽ, ഒരു വിജാതിയൻ പോലും അവശേഷിക്കുകയില്ല. അയാൾ അവരെയെല്ലാം തന്റെ പക്ഷത്താക്കും”.

ഈ ന്യായവാദം കേട്ട് അത്തനാസ്യോസിനെ നാടുകടത്താൻ മാത്രമല്ല, കൊല്ലാനും ജൂലിയൻ വിധിച്ചു. അത്തനാസ്യോസിന്റെ ആളുകൾ നടുങ്ങിപ്പോയി. എന്നാൽ ഈ കൊടുങ്കാറ്റ് വേഗത്തിൽ ശമിക്കുമെന്ന് അത്തനാസ്യോസ് പ്രവചിച്ചു. അദ്ദേഹം ഇപ്രകാരം പറഞ്ഞു: “പെട്ടെന്ന് അപ്രത്യക്ഷമാകുന്ന മേഘമാണിത്.”

എങ്കിലും, ഇമ്പീരിയൽ സന്ദേശവാഹകന്റെ വരവിനെപ്പറ്റി അറിഞ്ഞയുടൻ തന്നെ അദ്ദേഹം പിൻവാങ്ങി. നദീതീരത്തുള്ള ഒരു ബോട്ടിൽ കയറി തേബായ്ഡിലേക്ക് പോയി. അദ്ദേഹത്തെ കൊല്ലാൻ നിയുക്തനായ ഉദ്യോഗസ്ഥൻ, അത്തനാസ്യോസിന്റെ ഒളിച്ചോട്ടത്തെ പറ്റി അറിഞ്ഞ്, നദിയിലൂടെ വച്ചുപിടിച്ചു. ഉദ്യോഗസ്ഥൻ വളരെ വേഗത്തിൽ പാഞ്ഞു

വരുന്നെന്ന് അത്തനാസ്യോസിന്റെ ഒരു സ്നേഹിതൻ അദ്ദേഹത്തെ അറിയിച്ചു. അപ്പോൾ, മരുഭൂമിയിൽ അഭയം തേടാമെന്ന് കൂടെയുള്ള ചിലർ പറഞ്ഞു. എന്നാൽ ബോട്ട് അലക്സാണ്ഡ്രിയായിലേക്ക് തിരിച്ചുവിടാൻ ചുക്കാൻ പിടിക്കുന്നവനോട് അത്തനാസ്യോസ് നിർദേശിച്ചു. അങ്ങനെ അവർ തങ്ങളെ പിൻതുടരുന്നവരെ കണ്ടുമുട്ടാൻ തിരികെ തുഴഞ്ഞു. അപ്പോൾ അദ്ദേഹത്തെ കൊല്ലാനുള്ള കൽപ്പനവാഹകനെ കണ്ടുമുട്ടി. “അത്തനാസ്യോസ് എവിടെ വരെയായി?”എന്ന് അയാൾ ചോദിച്ചു.“അധികം ദൂരെയല്ല” എന്ന് അത്തനാസ്യോസ് മറുപടി പറഞ്ഞു. അങ്ങനെ ശത്രുവിൽ നിന്നു രക്ഷപെടുകയും അലക്സാണ്ഡ്രിയായിൽ തിരിച്ചെത്തുകയും ചെയ്തു. ജൂലിയന്റെ ഭരണത്തിന്റെ ശിഷ്ടകാലം അദ്ദേഹം ഒളിവിൽ കഴിഞ്ഞു.

### അധ്യായം 6

## വിശുദ്ധ ബാബിലാസും ഡഫ്നെയിലെ വിഗ്രഹാലയവും

പേർഷ്യാക്കാർക്കെതിരെ ഒരു യുദ്ധത്തിൽ ഏർപ്പെടാൻ ആഗ്രഹിച്ചു കൊണ്ട് ജൂലിയൻ റോമൻസാമ്രാജ്യത്തിൽ ഉടനീളമുള്ള ദർശനക്കാരുടെ പക്കലേക്ക് ഏറ്റവും വിശ്വസ്തരായ ഉദ്യോഗസ്ഥന്മാരെ അയച്ചു. തദവസരം ഭാവി അറിയാൻ അയാൾ തന്നെ നേരിട്ട് ഡഫ്നെയിലെ പിതിയൻ ഓറക്കിളിനോട് അപേക്ഷിക്കാൻ പോയി. അവിടെ സമീപത്തുള്ള ജഡങ്ങൾ ഓറക്കിളിന് തടസ്സമാണെന്ന് അയാൾക്ക് മറുപടി കിട്ടി. “അത് അവിടെ നിന്ന് മറ്റൊരിടത്തേക്ക് ആദ്യം മാറ്റണം. അപ്പോൾ പ്രവചനം നടത്താം. അവിടെ ശുദ്ധീകരിക്കപ്പെടാതെ എനിക്കൊന്നും പറയാനാവില്ല” എന്ന് ഓറക്കിൾ പറഞ്ഞു.

ഈ അവസരം മഹനീയ രക്തസാക്ഷിയായ ബാബിലാസിന്റെയും അദ്ദേഹത്തോടൊപ്പം കൊല്ലപ്പെട്ട കുട്ടികളുടെയും തിരുശേഷിപ്പ് അവിടെ ഉണ്ടായിരുന്നു. ആ നുണയനായ പ്രവാചകനെ പതിവുള്ള നുണകൾ പറയുന്നതിൽ നിന്ന് വിശുദ്ധ ബാബിലാസിന്റെ സ്വാധീനം തടഞ്ഞു. ജൂലിയന് ഇതറിയാമായിരുന്നു. ജേതാക്കളായ രക്തസാക്ഷികളുടെ ശക്തി, അയാളുടെ ഭക്തകാലത്ത് അയാളെ പഠിപ്പിച്ചിരുന്നു. അതുകൊണ്ട്, മറ്റാരുടെയും ജഡം മാറ്റാതെ, ജേതാക്കളായ രക്തസാക്ഷികളുടെ തിരുശേഷിപ്പു മാത്രം നീക്കം ചെയ്യാൻ ക്രിസ്തുവിന്റെ ആരാധകരോട് കൽപ്പിച്ചു. അവർ സന്തോഷപൂർവം കല്ലറയിലെത്തി ശവപ്പെട്ടി ഒരു വാഹനത്തിൽ വച്ചു. അനേകം ആളുകൾ ദാവീദിന്റെ സങ്കീർത്തനങ്ങൾ പാടിക്കൊണ്ട് അതിനു മുമ്പിൽ നടന്നു. പാട്ടിനിടയിലെ ഓരോ വിരാമത്തിലും അവർ ഇപ്രകാരം ഉച്ചത്തിൽ പറഞ്ഞു: “ഉരുക്കി ഉണ്ടാക്കിയ വിഗ്രഹങ്ങളെ വന്ദിക്കുന്ന എല്ലാവരും

ലജ്ജിക്കട്ടെ.'' കാരണം, രക്തസാക്ഷിയുടെ തിരുശേഷിപ്പു മാത്രം പിശാചിന്റെ പരാജയമാണെന്ന് അവർ മനസ്സിലാക്കിയിരുന്നു.

### അധ്യായം 7

## വിശ്വാസ സാക്ഷിയായ തിയഡോർ

ഇതിലൂടെ തനിക്കുണ്ടായ നാണക്കേട് ജൂലിയന് സഹിക്കാനായില്ല. ജാഥ നയിച്ച നേതാക്കന്മാരെ അറസ്റ്റു ചെയ്യാൻ അയാൾ കൽപ്പിച്ചു. ദുഷ്ട ദാസനായ സള്ളുസ്തിയുസായിരുന്നു അപ്പോൾ അവിടുത്തെ പ്രീഫെക്ട്. ക്രിസ്ത്യാനികളുടെ ലക്ഷ്യം തങ്ങളുടെ മഹത്വം വർധിപ്പിക്കുക ആകയാൽ, അതിന് ഇടം കൊടുക്കരുതെന്ന് ചക്രവർത്തിയെ പ്രേരിപ്പിക്കാൻ അയാൾ ശ്രമിച്ചു. എന്നാൽ ചക്രവർത്തി രോഷാകുലനായി നിൽക്കുന്നെന്നു കാണുകയാൽ, അവൻ ഒരു യുവാവിനെ അറസ്റ്റു ചെയ്തു. ആ യുവാവ് തീക്ഷ്ണതയാൽ ജ്വലിച്ചിരുന്നു. ഫോറത്തിൽ കൂടി നടന്നുപോയ അവനെ അയാൾ പിടികൂടി ഉയർത്തിനിർത്തി പുറം അടിച്ചു പൊട്ടിച്ചു. പീഡനോ പകരണങ്ങൾ ഉപയോഗിച്ച് അവന്റെ പാർശ്വങ്ങൾ വലിച്ചുപറിച്ചു. പ്രഭാതം മുതൽ ദിവസം മുഴുവൻ അയാൾ ഇപ്രകാരം ചെയ്തു. പിന്നീട് ഇരുമ്പു ചങ്ങലകൊണ്ട് ബന്ധിച്ച് അവനെ കാരാഗൃഹത്തിലിട്ടു.

താൻ എന്തു നടപടി എടുത്തെന്ന് അടുത്ത ദിവസം അയാൾ ജൂലിയ നോട് പറഞ്ഞു. ആ യുവാവിന്റെ സ്ഥിരതയെപ്പറ്റി റിപ്പോർട്ടു ചെയ്തു. ഈ സംഭവം പോലും തങ്ങൾക്ക് പരാജയവും ക്രിസ്ത്യാനികൾക്ക് വിജയവു മാണെന്ന് അവൻ അറിയിച്ചു. ഇതിന്റെ നിജസ്ഥിതി ബോധ്യമായതിനാൽ, അവനെ ജയിൽ വിമുക്തനാക്കാൻ, ദൈവവിരോധിയായ ജൂലിയൻ കൽപ്പിച്ചു. തന്റെ പേരിൽ അവന് മഹത്വം ഉണ്ടാകാൻ അയാൾ ആഗ്രഹി ച്ചില്ല. ആ യുവാവിന്റെ പേര് തിയഡോർ എന്നായിരുന്നു. സത്യത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ അയാൾ മഹനീയനായി.

ഏറ്റവും കയ്പ്പേറിയതും ഏറ്റവും കിരാതവുമായ പീഡനങ്ങളാൽ വേദന ഉണ്ടായോ എന്ന് ആരാഞ്ഞപ്പോൾ, അവൻ ഇപ്രകാരം മറുപടി പറഞ്ഞു: "ആദ്യം നല്ല വേദന തോന്നി. പിന്നെ ഒരാൾ കാണപ്പെട്ടു. അയാൾ തണുത്തതും മിനുസമുള്ളതുമായ തൂവാലകൊണ്ട് മുഖത്തെ വിയർപ്പ് തുടച്ചു കൊണ്ടിരുന്നു ധൈര്യമായിരിക്കാൻ അയാൾ നിർദേശിച്ചു. അതുകൊണ്ട് പീഡകർ പീഡനം നിർത്തിയപ്പോൾ, എനിക്ക് സന്തോഷം തോന്നിയില്ല. ഞാൻ അൽപ്പം ദുഃഖിതനായി. കാരണം, എനിക്ക് സ്വസ്തത നൽകിയ ആൾ അപ്പോൾ അവരോടൊപ്പം ഇറങ്ങിപ്പോയി."

നുണയുടെ മന്ത്രവാദപ്പിശാച് ഉടൻതന്നെ രക്തസാക്ഷിയുടെ മഹത്വം വർധിപ്പിക്കുകയും തന്റെ കള്ളത്തരം വെളിച്ചത്താക്കുകയും ചെയ്തു. കാരണം, ഒരിടിമിന്നൽ ഉന്നതത്തിൽ നിന്നിറങ്ങി വിഗ്രഹാലയം മുഴുവൻ

കത്തിക്കുകയും പിത്തിയന്റെ രൂപം ചാമ്പലാക്കുകയും ചെയ്തു. അത് തടി കൊണ്ടുണ്ടാക്കി സ്വർണം പൊതിഞ്ഞതായിരുന്നു.

പൗരസ്ത്യ പ്രീഫെക്ടും ജൂലിയന്റെ അമ്മാവനുമായ ജൂലിയാനുസ് രാത്രിയിൽ ഈ വിവരം അറിയുകയും താൻ ആരാധിച്ച മൂർത്തിയെ സാന്ത്വനപ്പെടുത്താൻ തൽപ്പരനായി ഡഫ്നെയിലേക്ക് വളരെ വേഗത്തിൽ എത്തുകയും ചെയ്തു. തന്റെ ദേവൻ ചാമ്പലായതിന് അമ്പലത്തിന്റെ ചുമതലയുള്ളവരെ അയാൾ തല്ലിച്ചതച്ചു. കാരണം, തീവച്ചത് ഏതോ ക്രിസ്ത്യാനികളാണെന്ന് അയാൾ വിഭാവന ചെയ്തു. എന്നാൽ അവരെ എത്ര മർദിച്ചിട്ടും അവർ കള്ളം പറയാൻ മുതിർന്നില്ല. തീ താഴെ നിന്നല്ല, മുകളിൽ നിന്നാണെന്ന് അവർ പറഞ്ഞുകൊണ്ടിരുന്നു. കൂടാതെ, ഈ ഇടിമിന്നൽ മുകളിൽ നിന്ന് താഴേക്ക് പാഞ്ഞുവരുന്നത് തങ്ങൾ കണ്ടെന്ന് സമീപത്തുള്ള ഗ്രാമവാസികൾ മുന്നോട്ടുവന്ന് സാക്ഷ്യപ്പെടുത്തി.

## അധ്യായം 8

# വിശുദ്ധ പാത്രങ്ങൾ കണ്ടുകെട്ടൽ

ദുഷ്ടന്മാർ ഇത്രയൊക്കെ കണ്ടിട്ടും എല്ലാറ്റിന്റെയും ദൈവത്തിനെതിരെ അണിനിരന്നു. വിശുദ്ധ പാത്രങ്ങൾ ഇമ്പീരിയൽ ട്രഷറിയിൽ നിക്ഷേപിക്കാൻ ജൂലിയൻ കൽപ്പന ഇറക്കി. കോൺസ്റ്റന്റൈൻ പണിയിച്ച വലിയ പള്ളി അവർ അടച്ചുപൂട്ടി. അവിടെ കൂടുന്ന ആരാധകർക്കെതിരെ അടച്ചിരിക്കുന്നു എന്നു പ്രഖ്യാപിച്ചു. അക്കാലത്ത് അത് ആരിയന്മാരുടെ കൈവശമായിരുന്നു. പൗരസ്ത്യ പ്രീഫെക്ടായ ജൂലിയാനുസുമൊത്ത്, ഇമ്പീരിയൽ ട്രഷറാറായ ഫേലിക്സും ചക്രവർത്തിയുടെ പ്രൈവറ്റ് പേഴ്സിന്റെയും വസ്തുവകകളുടെയും ചുമതലക്കാരനായ എൽപീദിയുസും കൂടി വിശുദ്ധ മന്ദിരത്തിലേക്ക് കയറി...ഫേലിക്സും എൽപീദിയുസും ക്രിസ്ത്യാനികളായിരുന്നു. എന്നാൽ ഈ അഭക്ത ചക്രവർത്തിയെ പ്രീണിപ്പിക്കാൻ അവർ സത്യമതത്തിൽ നിന്ന് വിശ്വാസത്യാഗം ചെയ്തു.

വിശുദ്ധ മേശമേൽ ജൂലിയാനുസ് ഒരു കൊടിയ ആഭാസത്തരം കാട്ടി. അയാളെ തടയാൻ എവുസോയിയുസ് ശ്രമിച്ചപ്പോൾ, അയാളുടെ ചെകിട്ടത്തടിച്ചിട്ട് ഇപ്രകാരം പറഞ്ഞു:“ദേവന്മാരിൽ നിന്ന് യാതൊരു സംരക്ഷണവും ക്രിസ്ത്യാനികൾക്കില്ല എന്നതാണ് സൗഭാഗ്യവിധി”. എന്നാൽ തിരുപ്പാത്രങ്ങളുടെ മഹനീയത കണ്ട ഫേലിക്സ് പറഞ്ഞു: “ ഇതാ, മറിയത്തിന്റെ മകനെ എന്തുതരം പാത്രങ്ങൾ കൊണ്ടാണ് ശുശ്രൂഷിക്കുന്നത്!”കോൺസ്റ്റന്റൈന്റെയും കോൺസ്റ്റാൻസ്യൂസിന്റെയും മഹാമനസ്കതയാൽ അവ തേജസ്സുറ്റതായിരുന്നു. ഈ വിഭ്രാന്തിക്കും അഭക്തിക്കും അധികം വൈകാതെ അവർ ശിക്ഷ അനുഭവിക്കേണ്ടിവന്നു.

### അധ്യായം 9

## ജൂലിയാനൂസിന്റെയും ഫേലിക്സിന്റെയും ദുരന്തം

വിശുദ്ധ സ്ഥലത്തെയും വിശുദ്ധ പാത്രങ്ങളെയും നിന്ദിച്ച ജൂലിയാനൂസിന് ഉടൻ തന്നെ വളരെ വേദനാജനകമായ രോഗം ബാധിച്ചു. അയാളുടെ കുടൽമാല അഴുകി. മലദ്വാരത്തിലൂടെ മലം പുറത്തേക്ക് പോകുക അസാധ്യമായി. അയാളുടെ ദുഷിച്ച വായ് ദൈവദൂഷണത്തിന്റെ നിമിഷം തന്നെ അവ പുറത്തേക്കു കളയാനുള്ള അവയവമായി മാറി.

ശ്രദ്ധേയമായ വിശ്വാസം ഉണ്ടായിരുന്ന അയാളുടെ ഭാര്യ, ഭർത്താവിനോട് ഇപ്രകാരം പറഞ്ഞു: "ഭർത്താവേ, നിന്നെ പ്രഹരിച്ചതിലൂടെ തന്റെ പ്രത്യേകശക്തി നിനക്ക് കാട്ടിത്തന്നതിന് നമ്മുടെ രക്ഷകനായ ക്രിസ്തുവിനെ നീ വാഴ്ത്തണം. തന്റെ പതിവുള്ള ദീർഘക്ഷമയിൽ സ്വർഗം അയച്ച ഈ ബാധയാൽ നിന്നെ സന്ദർശിക്കാതിരുന്നെങ്കിൽ, നീ ആക്രമിച്ചു കൊണ്ടിരുന്നത് ആരെയാണെന്ന് നീ അറിയുമായിരുന്നില്ല."

ഈ വാക്കുകൾ നിമിത്തവും തന്റെ വേദനയുടെ പാരമ്യം നിമിത്തവും ഈ നികൃഷ്ടമനുഷ്യൻ തന്റെ രോഗകാരണം കണ്ടെത്തി. പള്ളിയിൽ നിന്ന് എടുത്തവ തിരികെ നൽകാൻ അയാൾ ചക്രവർത്തിയോട് അപേക്ഷിച്ചു. എന്നാൽ ചക്രവർത്തി അത് ചെവിക്കൊണ്ടില്ല. അയാൾ അങ്ങനെ തന്റെ നാളുകൾ അവസാനിപ്പിച്ചു. സ്വർഗം അയച്ച ഒരു ശിക്ഷയാൽ ഫേലിക്സും പെട്ടെന്ന് അടിക്കപ്പെട്ടു. അയാൾ രാപകൽ രക്തം ഛർദിച്ചു മരിച്ചു. നിത്യമരണത്തിന് കൈയാളിക്കപ്പെട്ടു. ആ മനുഷ്യരുടെ ദുഷ്ടതയ്ക്ക് അവർക്കു കിട്ടിയ ശിക്ഷ ഇത്തരത്തിൽ ഉള്ളതായിരുന്നു.

### അധ്യായം 10

## ഒരു പേഗൻ പുരോഹിതന്റെ പുത്രൻ

അഭക്തിയിൽ വളർത്തപ്പെട്ട ഒരു പുരോഹിതപുത്രൻ ഇക്കാലത്ത് സത്യമതത്തിലേക്ക് കടന്നുവന്നു. വളരെ ഭക്തയും ഡീക്കൻസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടവളുമായ ഒരു സ്ത്രീ അവന്റെ അമ്മയുടെ വളരെ അടുത്ത സ്നേഹിത ആയിരുന്നു. അവൻ വളരെ ചെറിയ കുട്ടി ആയിരുന്നപ്പോഴേ അവളെ സന്ദർശിക്കാൻ അവന്റെ അമ്മ വരുമ്പോൾ അവൾ വാത്സല്യത്തോടെ അവനെ സ്വീകരിക്കുകയും സത്യമതത്തിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തിരുന്നു. അവന്റെ അമ്മ മരിച്ചപ്പോൾ ഈ യുവാവ് കൂടെക്കൂടെ അവളെ സന്ദർശിച്ച് പ്രബോധനം സ്വീകരിച്ചിരുന്നു. അവളുടെ ഉപദേശത്താൽ ആകൃഷ്ടനായി, താനെങ്ങനെ തന്റെ പിതാവിന്റെ അന്ധവിശ്വാസത്തിൽ നിന്ന് രക്ഷപെടുകയും അവൾ ഉപദേശിച്ച

സത്യത്തിൽ പങ്കുകാരനാകുകയും ചെയ്യുമെന്ന് തന്റെ പ്രബോധകയോട് അവൻ ആരാഞ്ഞു. തന്റെ പിതാവിൽ നിന്ന് അവൻ ഓടിപ്പോകണമെന്നും തന്റെയും തന്റെ പിതാവിന്റെയും സ്രഷ്ടാവിനെ ബഹുമാനിക്കണമെന്നും, ഒളിച്ചിരുന്ന്, അഭക്തചക്രവർത്തിയുടെ പീഡനത്തിൽ നിന്ന് രക്ഷപെടാൻ മറ്റേതെങ്കിലും നഗരത്തിലേക്ക് പോകണമെന്നും ഇത് ശരിയാക്കി കൊടുക്കാമെന്നും അവൾ മറുപടി പറഞ്ഞു.

പിന്നീട് ആ യുവാവ് പറഞ്ഞു: "ഇപ്പോൾ മുതൽ ഞാൻ എന്റെ ആത്മാവിനെ നിന്നിൽ ഭരമേൽപ്പിക്കുന്നു". അധികദിവസം കഴിയുന്നതിനു മുമ്പ് ഒരുത്സവം ആഘോഷിക്കാൻ ജൂലിയൻ ഡഫ്നെയിൽ വന്നു. അയാളോടൊപ്പം പേഗൻ പുരോഹിതൻ എന്ന നിലയിലും ചക്രവർത്തിയെ അനുധാവനം ചെയ്യുന്ന പതിവെന്ന നിലയിലും യുവാവിന്റെ പിതാവും എത്തിയിരുന്നു. അമ്പലസേവനത്തിനും ഇമ്പീരിയൽ ഭക്ഷണസാധനങ്ങൾ ആചാരപരമായി വിതരണം ചെയ്യുന്നതിന്റെ ചുമതല ഏൽക്കുന്നതിനും ഈ യുവാവും അവന്റെ സഹോദരനും എത്തിയിരുന്നു. ഡഫ്നെയിലെ ഉത്സവം ഏഴുദിവസം നീണ്ടുനിൽക്കുക പതിവായിരുന്നു.

ഒന്നാം ദിവസം ഈ യുവാവ് ചക്രവർത്തിയുടെ കിടക്കയ്ക്കരുകിൽ നിൽക്കുകയും പതിവനുസരിച്ച് മാംസത്തെപ്പറ്റി കുറ്റം പറയുകയും അതിനെ അശുദ്ധമാക്കുകയും ചെയ്തു. എന്നിട്ട് വളരെ വേഗത്തിൽ അവൻ അന്ത്യോക്യയിലേക്കോടി, ആ കുലീനവനിതയുടെ പക്കലെത്തി ഇപ്രകാരം പറഞ്ഞു: " ഞാൻ നിന്റെ അടുക്കൽ വന്നിരിക്കുന്നു. ഞാൻ എന്റെ വാക്കു പാലിച്ചിരിക്കുന്നു. നീ എന്റെ രക്ഷയെ കരുതി നിന്റെ വാക്കു പാലിക്കുക". ഉടൻ തന്നെ അവൾ എഴുന്നേറ്റ് ദൈവമനുഷ്യനായ മെലേഷ്യസിന്റെ പക്കലേക്ക് അവനെ കൂട്ടിക്കൊണ്ടുപോയി. സത്രത്തിന്റെ മുകളിലത്തെ തട്ടിൽ അൽപ്പസമയം തങ്ങാൻ അദ്ദേഹം അവനോട് പറഞ്ഞു.

കുട്ടിയെ തിരക്കി അവന്റെ പിതാവ് ഡഫ്നെ മുഴുവൻ അരിച്ചുപെറുക്കി. എന്നിട്ട് നഗരത്തിലേക്കു വന്ന് തെരുവുകളിലെല്ലാം അവനെ നോക്കിനടന്നു. അവസാനം ദിവ്യനായ മെലേഷ്യസിന്റെ സത്രത്തിനടുത്തെത്തി. മുകളിലേക്ക് നോക്കിയപ്പോൾ തന്റെ മകൻ ജാലകത്തിൽ കൂടി ഒളിഞ്ഞു നോക്കുന്നതു കണ്ടു. അയാൾ ഓടിക്കയറി അവനെ വലിച്ചിഴച്ച് താഴെ കൊണ്ടുവരികയും വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോകുകയും ചെയ്തു.

ആദ്യം അവനെ കുറേ പ്രഹരിച്ചു. പിന്നെ ചൂടുള്ള ഇറച്ചിക്കുന്തം കൊണ്ട് പാദത്തിലും കൈയിലും പുറത്തും കുത്തി. അവനെ അവന്റെ കിടക്കമുറിയിൽ കയറ്റി വാതിൽ പൂട്ടിയിട്ട് ഡഫ്നെയിലേക്ക് തിരിച്ചുപോയി. ആ യുവാവുതന്നെ തന്റെ വാർധക്യത്തിൽ ഇക്കാര്യം ഇതുപോലെ പറഞ്ഞത് ഞാൻ നേരിട്ട് കേട്ടിട്ടുണ്ട്. അവൻ ദിവ്യകൃപയാൽ നിറഞ്ഞ് തന്റെ പിതാവിന്റെ എല്ലാ ബിംബങ്ങളും കഷണങ്ങളായി പൊട്ടിക്കുകയും അവയുടെ കഴിവില്ലായ്മയെ കളിയാക്കുകയും ചെയ്തു. പിന്നീട് താൻ ചെയ്തതിനെപ്പറ്റി ചിന്തിച്ചപ്പോൾ ഭയചകിതനായി, താൻ ചെയ്തതിന്

അംഗീകാരം നൽകണമെന്ന് തന്റെ ഗുരുവായ ക്രിസ്തുവിനോട് അപേക്ഷിച്ചു.

"നിന്നെ പ്രതിയാണ് ഞാൻ സഹിച്ചതും ഇപ്രകാരം ചെയ്തതും. ഞാനതു പറഞ്ഞ ഉടൻ തന്നെ കതക് തുറക്കപ്പെടുകയും ഞാൻ എന്റെ പ്രബോധകയുടെ പക്കലേക്ക് ഓടുകയും ചെയ്തു. അവൾ എന്നെ ഒരു സ്ത്രീവേഷം കെട്ടിച്ച് അവളുടെ വാഹനത്തിൽ അവളോടൊപ്പം ദിവ്യനായ മെലേഷ്യസിന്റെ പക്കലെത്തിച്ചു. അദ്ദേഹം എന്നെ ജറുസലേം മെത്രാനായ സിറിലിന് കൈമാറി. രാത്രിയിൽ ഞങ്ങൾ ജറുസലേമിലേക്ക് തിരിച്ചു."

ജൂലിയന്റെ മരണശേഷം ഈ യുവാവ് തന്റെ പിതാവിനെയും സത്യമാർഗത്തിലെത്തിച്ചു. ഈ രീതിയിൽ ഈ മനുഷ്യർ ദൈവിക അറിവിലേക്ക് ആനീതരാകുകയും രക്ഷയിൽ ഭാഗഭാക്കുകളാകുകയും ചെയ്തു.

### അധ്യായം 11

## രക്തസാക്ഷികളായ യുവെന്തീനുസും മാക്സിമീനൂസും

ജൂലിയൻ മിതത്വത്തിന്റെ മുഖംമൂടി ധരിച്ചു. എന്നാൽ അതേസമയം കുടുക്കും വലയും ഒരുക്കി, നിയന്ത്രണരഹിതമായി, അഥവാ, നിർലജ്ജമായി സത്യമതത്തിനെതിരെ ആയുധമെടുക്കാൻ തുടങ്ങി. ആ വലയും കുടുക്കും വഴി അവയാൽ വഞ്ചിതരായ എല്ലാവരെയും അവൻ പിടികൂടി.

നഗരത്തിലും ഡഫ്നെയിലുമുള്ള കിണറുകളെല്ലാം ദുഷിച്ച ബലികളാൽ അയാൾ മലിനമാക്കി. അവയിലെ വെള്ളം കുടിക്കുന്നവരെല്ലാം ഈ മ്ലേച്ഛതയിൽ പങ്കുകാരാകാൻ വേണ്ടി ആയിരുന്നത്. പിന്നീട് ചന്തസ്ഥലത്ത് വച്ചിരിക്കുന്ന സകല വസ്തുക്കളും അയാൾ മലിനമാക്കി. റൊട്ടി, മാംസം, പഴം, പച്ചക്കറി തുടങ്ങി എല്ലാത്തരം ഭക്ഷണസാധനങ്ങളും അയാൾ മലിനമാക്കി. അയാൾ ചെയ്തത് മനസ്സിലാക്കിയ ക്രിസ്ത്യാനികൾ നിലവിളിച്ചും നെടുവീർപ്പിട്ടും അവയുടെ മ്ലേച്ഛത വെളിപ്പെടുത്തി. എങ്കിലും അവർ അതിൽ പങ്കെടുത്തു. കാരണം, അവർ ശ്ലൈഹികനിയമം അനുസ്മരിച്ചു: "മനസ്സാക്ഷിയെ പ്രതി ഒന്നും ചോദിക്കാതെ, ചന്തയിൽ വിൽക്കപ്പെടുന്നവയെല്ലാം ഭക്ഷിക്കുക"(1കൊറി. 10,25).

ഇമ്പീരിയൽ പരിചാരകവൃന്ദത്തിലെ പരിചവാഹകരായ, സൈന്യത്തിലെ രണ്ട് ഓഫീസർമാർ ഒരു വിരുന്നിൽ വച്ച്, രാജ്യത്തു നടക്കുന്ന മ്ലേച്ഛതയെപ്പറ്റി ചൂടോടെ സംസാരിച്ചു. അവർ ബാബിലോണിലെ മഹനീയ യുവാക്കളുടെ ഭാഷ ഉപയോഗിച്ചു: "ഒരഭക്തരാജാവിന്, ധരയിലെ എല്ലാ രാജ്യങ്ങൾക്കും അപ്പുറത്തുള്ള ഒരു വിശ്വാസത്യാഗിക്ക്, നീ ഞങ്ങളെ ഏൽപ്പിച്ചുകൊടുത്തു.'' അതിഥികളിലൊരാൾ ഇത് ചക്രവർത്തിയെ

ധരിപ്പിച്ചു. ചക്രവർത്തി അവരെ അറസ്റ്റു ചെയ്തു. എന്തു ഭാഷയാണ് അവർ ഉപയോഗിച്ചതെന്ന് ചോദ്യം ചെയ്ത് ഉറപ്പു വരുത്താൻ അയാൾ പരിശ്രമിച്ചു. ഒരു പരസ്യസംഭാഷണത്തിന് അവസരമെന്നു കരുതി, അവർ ഇമ്പീരിയൽ അന്വേഷണത്തോട് സഹകരിച്ചു. അവർ ഇപ്രകാരം മാന്യമായി പറഞ്ഞു: "ഞങ്ങൾ സത്യമതത്തിൽ വളർത്തപ്പെട്ടവരാണ്. ഞങ്ങൾ രാജ്യത്തിലെ അതിശ്രേഷ്ഠനിയമങ്ങൾ, കോൺസ്റ്റൻടൈന്റെയും അദ്ദേഹത്തിന്റെ മക്കളുടെയും നിയമങ്ങൾ, അനുസരിക്കുന്നവരായിരുന്നു. എന്നാൽ ലോകം മുഴുവൻ തികഞ്ഞ മ്ലേച്ഛത ഞങ്ങൾ കാണുന്നു. നിന്ദ്യമായ ബലികളാൽ മാംസവും വെള്ളവുമെല്ലാം ഒരുപോലെ മലിനമായിരിക്കുന്നു. അതിൽ ഞങ്ങൾ ദുഃഖിക്കുന്നു. അവയെപ്പറ്റി ഞങ്ങൾ വീടുകളിൽ നിലവിളിക്കുന്നു. ഇപ്പോൾ അങ്ങയുടെ മുമ്പിൽ ഞങ്ങളുടെ സങ്കടം ഉണർത്തിക്കുന്നു. അങ്ങയുടെ ഭരണത്തിൽ ഞങ്ങൾക്ക് ഇഷ്ടമില്ലാത്തത് ഈ ഏകസംഗതിയാണ്."

അനുഭാവമുള്ള കൊട്ടാരവാസികൾ ജൂലിയനെ ഏറ്റവും ശാന്തനും താത്വികനുമെന്ന് വിളിച്ചിരുന്നു. എന്നാൽ മേൽപ്പറഞ്ഞത് കേട്ടയുടൻ അയാൾ തന്റെ മിതത്വത്തിന്റെ മുഖംമൂടി വലിച്ചെറിഞ്ഞ് അഭക്തമുഖം വെളിപ്പെടുത്തി. അവരെ കഠിനമായും വേദനാജനകമായും പീഡിപ്പിച്ച് കൊല്ലാൻ കൽപ്പിച്ചു. അഥവാ ഈ സങ്കടകരമായ കാലത്തുനിന്ന് വിമുക്തരാക്കി, വിജയകിരീടം നൽകി എന്നു നമുക്ക് പറയരുതോ? അവർ സത്യമതത്തിനു വേണ്ടിയാണ് കൊല്ലപ്പെട്ടത്. എന്നാൽ അതിനല്ല, അവരുടെ ധിക്കാരത്തിനാണെന്ന് അവൻ നടിച്ചു. ചക്രവർത്തിയെ അധിക്ഷേപിച്ചതിനാണ് അവർ ശിക്ഷിക്കപ്പെട്ടതെന്ന് അയാൾ പറഞ്ഞുപരത്തി. ഇത് എല്ലായിടത്തും പരസ്യപ്പെടുത്തണമെന്നും കൽപ്പിച്ചു. രക്തസാക്ഷികൾ എന്ന നാമവും ബഹുമാനവും സത്യത്തിന്റെ ഈ ജേതാക്കൾക്ക് ലഭിക്കാതിരിക്കാനാണ് ഇപ്രകാരം ചെയ്തത്.

അവരിലൊരാൾ യുവെന്തീനൂസും മറ്റെയാൾ മാക്സിമീനൂസും ആയിരുന്നു. സത്യമതത്തിന്റെ വക്താക്കളായി അന്ത്യോക്യാനഗരം അവരെ ബഹുമാനിച്ചു. ഇന്നുവരെ ആണ്ടുതോറും അവരുടെ ഓർമ്മ നടത്തി നഗരം അവരെ ബഹുമാനിക്കുന്നു. പ്രശസ്തരായ മറ്റു പല ഉദ്യോഗസ്ഥന്മാരും ഇത്തരം ധൈര്യം കാട്ടുകയും രക്തസാക്ഷിമകുടം ചൂടുകയും ചെയ്തു.

## അധ്യായം 12

# വലന്റീനിയൻ ചക്രവർത്തി

അധികം വൈകാതെ ചക്രവർത്തിയായ വലന്റീനിയൻ, അപ്പോൾ ഒരു ട്രിബ്യൂൺ ആയിരുന്നു. കൊട്ടാരത്തിലെ ഹസ്താനി സൈന്യവിഭാഗത്തിന്റെ കമാൻഡറായിരുന്നു. സത്യമതത്തിനുവേണ്ടിയുള്ള തന്റെ തീക്ഷ്ണത മറച്ചു വച്ചിരുന്നില്ല. മതിഭ്രമം വന്ന ജൂലിയൻ ഒരിക്കൽ ഒരു വിഗ്രഹാലയത്തിന്റെ

ഉള്ളിലേക്ക് ആഘോഷമായി പോകുകയായിരുന്നു. കവാടത്തിന്റെ ഇരുവശങ്ങളിലും സേവകർ നിന്ന് അകത്തു കടക്കുന്നവരെ ശുദ്ധീകരിക്കാൻ എന്നവണ്ണം വെള്ളം തളിച്ചിരുന്നു. ചക്രവർത്തിക്കു മുമ്പേ വലന്റീനിയൻ നടന്നു. തളിച്ച വെള്ളത്തിന്റെ ഒരു തുള്ളി വലന്റീനിയന്റെ വസ്ത്രത്തിൽ പതിച്ചു. അപ്പോൾ ആ സേവകന് വലന്റീനിയൻ ഒരടി കൊടുത്തുകൊണ്ട് പറഞ്ഞു: ഞാൻ ശുദ്ധീകരിക്കപ്പെടുകയല്ല, മലിനൻ ആക്കപ്പെടുകയാണ് ചെയ്തിരിക്കുന്നത്". ഈ പ്രവൃത്തിക്ക് അദ്ദേഹത്തിന് രണ്ട് സാമ്രാജ്യങ്ങൾ കിട്ടി. ഇതുകണ്ട ശപിക്കപ്പെട്ട ജൂലിയൻ അദ്ദേഹത്തെ മരുഭൂമിയിലെ ഒരു കോട്ടയിലേക്ക് നാടുകടത്തി. അവിടെ താമസിച്ചു കൊള്ളാൻ കൽപ്പിച്ചു. എന്നാൽ ഒരു വർഷവും കുറേമാസങ്ങളും കഴിഞ്ഞപ്പോൾ, വിശ്വാസ പ്രഖ്യാപനത്തിന്റെ പ്രതിഫലമായി അദ്ദേഹത്തിന് സാമ്രാജ്യം ലഭിച്ചു. വരാനിരിക്കുന്ന ജീവിതത്തിൽ മാത്രമല്ല, വിശുദ്ധ വസ്തുക്കൾ പരിഗണിക്കുന്നവരെ നീതിമാനായ ന്യായാധിപൻ ബഹുമാനിക്കുന്നത്. പിന്നെയോ, ചിലപ്പോൾ ഇവിടെ താഴെത്തന്നെ സമൃദ്ധമായി നൽകുന്നു. അത് ഭാവിയിൽ നൽകാനിരിക്കുന്നതിന്റെ പ്രത്യാശ ഉറപ്പിക്കുന്നതാണ്.

എന്നാൽ സത്യമതത്തിനെതിരായി ഈ സ്വേച്ഛാധിപതി മറ്റൊരുപായം മെനഞ്ഞെടുത്തു. പുരാതന പതിവനുസരിച്ച്, ചക്രവർത്തി ഇമ്പീരിയൽ സിംഹാസനത്തിലിരുന്ന് പട്ടാളക്കാർക്ക് സ്വർണനാണയം സമ്മാനമായി കൊടുത്തിരുന്നു. എന്നാൽ പതിവിന് വിരുദ്ധമായി, അടുത്തുതന്നെ കത്തിച്ച ഒരു ധൂപകലശവും കുന്തുരുക്കവും വച്ചിരുന്നു. സ്വർണം വാങ്ങാൻ ഓരോരുത്തർ എത്തുമ്പോൾ, ആദ്യം തീയിൽ കുന്തുരുക്കം ഇടണമായിരുന്നു. പിന്നെ ചക്രവർത്തിയിൽ നിന്ന് സ്വർണനാണയം കൈപ്പറ്റണം. ഇതിലെ കെണി ഭൂരിപക്ഷത്തിനും മനസ്സിലായില്ല. എന്നാൽ ഇതേപ്പറ്റി മുന്നറിവു കിട്ടിയവർ രോഗം നടിച്ച് ഈ കെണി ഒഴിവാക്കി. പണത്തിന് ആർത്തിയുള്ളവർ രക്ഷയെ അവഗണിച്ചു. വേറേ ചിലർ ഭയന്ന് വിശ്വാസം ഉപേക്ഷിച്ചു.

### അധ്യായം 13

## മറ്റു വിശ്വാസസാക്ഷികൾ

സ്വർണനാണയത്തിന്റെ വിനാശകരമായ വിതരണാനന്തരം അതു സ്വീകരിച്ചവരിൽ ചിലർ ഒരു പരിപാടിയിൽ സംബന്ധിച്ച് ആഘോഷിക്കുകയായിരുന്നു. അവരിൽ ഒരാൾ കൈയിൽ കപ്പെടുത്ത് അതിന്മേൽ രക്ഷയുടെ അടയാളം വരച്ചശേഷമാണ് കുടിച്ചത്.

അവിടെ ഉണ്ടായിരുന്ന അതിഥികളിലൊരാൾ അവനെ കുറ്റപ്പെടുത്തി. അത് പൊരുത്തമില്ലാത്ത സംഗതിയാണെന്ന് അയാൾ പറഞ്ഞു: "ഞാൻ ചെയ്തതിൽ എന്താണ് പൊരുത്തമില്ലാത്ത സംഗതി?''എന്ന് അവൻ ആരാഞ്ഞു. അപ്പോൾ ധൂപകലശത്തെയും കുന്തുരുക്കത്തെയും വിശ്വാസധ്വംസനത്തെയും കുറിച്ച് അവനെ ഓർമിപ്പിച്ചു. ഇവ ക്രിസ്തീയ നടപടികൾക്കെതിരാണ്.

ഇതുകേട്ടപ്പോൾ കൂടിയിരുന്നവരിൽ മഹാഭൂരിപക്ഷംപേരും കരഞ്ഞു നിലവിളിക്കാനും തലമുടി വലിച്ചുപറിക്കാനും തുടങ്ങി.അവർ സദ്യയിൽ നിന്ന് എഴുന്നേറ്റ് ഫോറത്തിൽ കൂടി ഓടി. തങ്ങൾ ക്രിസ്ത്യാനികൾ ആണെന്നും ചക്രവർത്തിയുടെ ഗൂഢതന്ത്രങ്ങളാൽ വഞ്ചിതരായെന്നും തങ്ങളുടെ ദൈവദൂഷണം പിൻവലിക്കുന്നെന്നും തങ്ങൾ അറിയാതെ തങ്ങളുടെമേൽ നിപതിച്ച പരാജയം മാറ്റാൻ തയാറാണെന്നും ഉറക്കെ വിളിച്ചു പറഞ്ഞു. സ്വേച്ഛാധിപതിയുടെ ദുഷ്ടതയ്ക്കെതിരെ ഉച്ചത്തിൽ വിമർശിച്ചുകൊണ്ടും അഗ്നിയാൽ തങ്ങൾ മലിനരായതിനാൽ അഗ്നിയാൽ ശുദ്ധീകരിക്കപ്പെടാൻ തങ്ങളെ അഗ്നിജ്വാലയിൽ എറിഞ്ഞുകൊള്ളാൻ അപേക്ഷിച്ചുകൊണ്ടും അവർ കൊട്ടാരത്തിലേക്കോടി.

അവരുടെ ഈ വാക്കുകൾ ജൂലിയനെ രോഷാകുലനാക്കി. അപ്പോഴത്തെ തോന്നൽ അനുസരിച്ച്, അവരെ തലവെട്ടിക്കൊല്ലാൻ കൽപ്പിച്ചു. അവരെ നഗരത്തിനു പുറത്തേക്ക് ആനയിച്ചപ്പോൾ, വളരെയധികം ജനങ്ങൾ അവരെ അനുധാവനം ചെയ്തു. ആ ജനം അവരുടെ ധൈര്യത്തിൽ അത്ഭുതപ്പെടുകയും സത്യത്തിനു വേണ്ടിയുള്ള ധീരതയെ മഹത്വപ്പെടുത്തുകയും ചെയ്തു.

കുറ്റവാളികളെ കൊല്ലുന്ന സ്ഥലത്തെത്തിയപ്പോൾ, ഏറ്റവും ഇളയവന്റെ തല ആദ്യം വെട്ടാൻ ഏറ്റവും മൂത്തവൻ ആരാച്ചാരോട് ആവശ്യപ്പെട്ടു. മറ്റുള്ളവരെ കൊല്ലുന്നതു കണ്ട് അവൻ പിന്തിരിയാതിരിക്കാനാണ് ഇപ്രകാരം പറഞ്ഞത്. അവൻ മുട്ടുകുത്തുകയും ആരാച്ചാർ വാളുയർത്തുകയും ചെയ്തപ്പോൾ, കൊല്ലരുതെന്ന് ഉച്ചത്തിൽ അലറിവിളിച്ചു കൊണ്ട് ഒരാൾ ഓടിയടുത്തു. തന്നെ മരണത്തിൽ നിന്ന് വിമുക്തനാക്കിയതിൽ ആ ഇളയവൻ ദുഃഖിതനായി. "റൊമാനൂസിന് ക്രിസ്തുവിന്റെ രക്തസാക്ഷിയാകാൻ യോഗ്യതയില്ല" എന്ന് അവൻ പറഞ്ഞു. ചക്രവർത്തി അവരുടെ കൊല തടഞ്ഞത് അസൂയ നിമിത്തമാണ്. ആ ധീരസേനാനികൾക്ക് മഹത്വം കിട്ടുന്നതിൽ അയാൾ അസൂയാലുവായിരുന്നു. കൊലയ്ക്കു പകരം നഗരത്തിനു പുറത്താക്കാനും സാമ്രാജ്യത്തിന്റെ അതിർത്തി പ്രദേശങ്ങളിലേക്ക് നാടുകടത്താനും അയാൾ കൽപ്പിച്ചു.

**അധ്യായം 14**

# അർതേമിയുസ് എന്ന ഡ്യൂക്കും പുബ്ലിയാ എന്ന വനിതാധീക്കനും

ഈജിപ്തിലെ സൈന്യത്തിന്റെ കമാൻഡർ ആയിരുന്നു അർതേമിയുസ്. കോൺസ്റ്റന്റൈനാണ് അയാളെ നിയമിച്ചത്. അയാൾ അവിടുത്തെ ഭൂരിഭാഗം വിഗ്രഹങ്ങളും നശിപ്പിച്ചു. ജൂലിയൻ അയാളുടെ വസ്തുവകകൾ കണ്ടുകെട്ടുകയും തലവെട്ടാൻ കൽപ്പിക്കുകയും ചെയ്തു. ഇത്തരത്തിൽ

ആയിരുന്നു ജൂലിയന്റെ കർമപദ്ധതി. എന്നാൽ അയാളെ ഏറ്റവും ശാന്തനും തികച്ചും വികാരരഹിതനുമെന്ന് അഭക്തർ വിശേഷിപ്പിച്ചിരുന്നു.

ഞാനിപ്പോൾ എന്റെ ചരിത്രത്തിൽ ഒരു ശ്രേഷ്ഠതരുണിയുടെ ചരിത്രം ഉൾപ്പെടുത്താം. ദൈവികതീക്ഷ്ണതയാൽ ജ്വലിച്ച് സ്ത്രീകൾ പോലും ജൂലിയന്റെ വട്ടുപിടിച്ച ക്രോധാവേശത്തെ നിന്ദിച്ചിരുന്നു. അക്കാലത്ത് പുബ്ലിയാ എന്നു പേരുള്ള ഒരു ശ്രേഷ്ഠവനിത ജീവിച്ചിരുന്നു. അവൾ കുലീനയും ബഹുമാന്യയും സുകൃതകർമങ്ങളാൽ പ്രശസ്തയുമായിരുന്നു. അവൾ കുറേക്കാലം ഭർത്താവുമൊത്ത് ജീവിച്ചിരുന്നു.

അവൾ അവളുടെ ഏറ്റവും നല്ല ഫലത്തെ ദൈവത്തിന് സമർപ്പിച്ചു. ദീർഘകാലം അന്ത്യോക്യയിലെ പ്രധാന പ്രെസ്ബിറ്റർ ആയിരുന്ന യോഹന്നാൻ അവളിൽ നിന്നാണ് ജനിച്ചത്. അയാൾ പല പ്രാവശ്യം അന്ത്യോക്യൻ സിംഹാസനത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടെങ്കിലും ഓരോ അവസരവും ആ ബഹുമാനസ്ഥാനം നിരസിച്ചിരുന്നു.

നിത്യകന്യാവ്രതം ചെയ്ത കന്യകകളുടെ ഒരു സമൂഹത്തെ അവൾ പരിപാലിച്ചിരുന്നു. തന്നെ സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്ത ദൈവത്തെ പ്രകീർത്തിച്ചുകൊണ്ട് അവൾ തന്റെ സമയം ചെലവഴിച്ചു. ഒരു ദിവസം ചക്രവർത്തി ആ വഴിയെ കടന്നുപോയി. നിന്ദ്യനും നികൃഷ്ടനുമായി അയാളെ അവർ പരിഗണിച്ചിരുന്നതിനാൽ, അവർ കുറേക്കൂടി ഉച്ചത്തിൽ പാടാൻ തുടങ്ങി. വിഗ്രഹങ്ങളുടെ കഥയില്ലായ്മയെ ഇകഴ്ത്തുന്ന സങ്കീർത്തനങ്ങളാണ് പ്രധാനമായി അവർ പാടിയത്: "ജനതകളുടെ വിഗ്രഹങ്ങൾ വെള്ളിയും സ്വർണവും മനുഷ്യരുടെ കരവേലയുമാണ്" എന്ന് ദാവീദിന്റെ വാക്കുകളിൽ പാടി (സങ്കീ.115,4). അവയുടെ വ്യർഥത വിവരിച്ച ശേഷം അവർ ഇതും കൂട്ടിച്ചേർത്തു: "അവയെ നിർമിക്കുന്നവരും അവയിൽ ആശ്രയം വയ്ക്കുന്നവരും അവയെ പോലെയാണ്" (115,8).

ജൂലിയൻ ഇതു കേൾക്കുകയും രോഷാകുലനാകുകയും താൻ കടന്നുപോകുമ്പോൾ പാട്ട് നിർത്താൻ കൽപ്പിക്കുകയും ചെയ്തു. എന്നാൽ അവൾ അത് അവഗണിച്ചു. അവർ കൂടുതൽ ഉച്ചത്തിൽ പാട്ടു തുടർന്നു. അയാൾ വീണ്ടും അതിലെ കടന്നുപോയപ്പോൾ, സ്വരംകൂട്ടി ഇപ്രകാരം പാടാൻ പറഞ്ഞു: "ദൈവം ഉയരട്ടെ. അവന്റെ ശത്രുക്കൾ ചിതറിക്കപ്പെടട്ടെ". (സങ്കീ. 67,1).

ക്രോധാവേശനായ ജൂലിയൻ അവളെ തന്റെ മുമ്പിൽ വരുത്തി. അവൾ ബഹുമാനം അർഹിക്കുന്ന വൃദ്ധയാണെന്ന് അറിഞ്ഞിട്ടും, അവളുടെ നരച്ച തലയെ ബഹുമാനിക്കുകയോ, അവളുടെ മാന്യസ്ഥാനം പരിഗണിക്കുകയോ ചെയ്യാതെ, അവളുടെ രണ്ട് ചെവിക്കുറ്റികൾക്കും അടിക്കാൻ അംഗരക്ഷകനോട് കൽപ്പിച്ചു. അടിയുടെ ഊക്കുകൊണ്ട് അവളുടെ മുഖം ചെമന്നു. ആ നിന്ദനം അവൾ ബഹുമാനമായി കരുതി, വീട്ടിലേക്ക് തിരിച്ചുപോയി. ശൗലിനെ ക്ലേശിപ്പിച്ച ദുഷ്ടാരൂപിയെ പാട്ടിന്റെ രചയിതാവും ഗുരുവുമായവൻ കുറ്റം ചുമത്തിയതുപോലെ, അവൾ അവിടെ പതിവുപോലെ തന്റെ ആത്മീയഗീതങ്ങളാൽ അവനെ കടന്നാക്രമിക്കുന്നത് തുടർന്നു.

### അധ്യായം 15

## യഹൂദരുടെ ദൈവാലയനിർമാണം

തന്റെ ആത്മാവിനെ നശിപ്പിക്കുന്ന പിശാചുക്കളുടെ വാസസ്ഥലമാക്കിയ ജൂലിയൻ സത്യമതത്തിനെതിരെ ക്രുദ്ധനായി തന്റെ നികൃഷ്ട വഴിയിലൂടെ നടന്നു. തദനുസൃതം ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കെതിരെ യഹൂദരെയും ആയുധധാരികളാക്കി. ബലിയർപ്പിക്കണമെന്ന നിയമം അനുശാസ്സിക്കുന്നെങ്കിലും, എന്താണ് ചെയ്യാത്തതെന്ന്, ഒന്നിച്ചു കൂടിയ ചില യഹൂദരോട് അയാൾ ആരാഞ്ഞു. തങ്ങളുടെ ആരാധന ഒരിടത്തു മാത്രം നിജപ്പെടുത്തിയിരിക്കുകയാണെന്ന് അവർ മറുപടി പറഞ്ഞു. തകർന്ന പള്ളി പണിയാൻ ദൈവത്തിന്റെ ശത്രുവായ ഈ മനുഷ്യൻ ഉടൻതന്നെ നിർദേശം നൽകി. ഇതിലൂടെ കർതൃപ്രവചനം തെറ്റാണെന്ന് തെളിയിക്കാമെന്ന് തന്റെ മായാമോഹത്തിൽ അയാൾ കരുതി. എന്നാൽ അതിലൂടെ അയാൾ സത്യത്തിനു സാക്ഷ്യം വഹിക്കുകയായിരുന്നു.

യഹൂദർ അയാളുടെ വാക്കുകൾ സന്തോഷത്തോടെ കേൾക്കുകയും ലോകം മുഴുവനുമുള്ള തങ്ങളുടെ ജനങ്ങളെ ചക്രവർത്തിയുടെ നിർദേശം അറിയിക്കുകയും ചെയ്തു. അവർ ധൃതിയിൽ എല്ലായിടത്തുനിന്നും ഓടിയെത്തി. അവർ പണം കൊടുക്കുകയും ജോലിക്കുള്ള താൽപ്പര്യം കാണിക്കുകയും ചെയ്തു. ചക്രവർത്തി കഴിവിൽ പെട്ടതെല്ലാം അവർക്ക് ചെയ്തുകൊടുത്തു. സത്യത്തോടുള്ള വിദ്വേഷമാണ് സമൃദ്ധിയുടെ ഗർവിനേക്കാൾ അയാളെ പ്രേരിപ്പിച്ചത്. തന്റെ അഭക്തനിർദേശം നടപ്പാക്കാൻ പറ്റിയ ഒരാളെ ഗവർണറായി അയക്കുകയും ചെയ്തു. അവർ പ്രത്യേകതരം മൺവെട്ടിയും വലിയ കരണ്ടിയും വെള്ളി കൊണ്ടുള്ള കുട്ടകളും ഉണ്ടാക്കി. അവർ കുഴിച്ച് മണ്ണുമാറ്റാൻ തുടങ്ങിയപ്പോൾ, വളരെയധികം പേർ ദിവസം മുഴുവൻ പണിക്കെത്തി. എന്നാൽ ദൂരെക്കളഞ്ഞ മണ്ണു മുഴുവൻ തനിയെ പൂർവസ്ഥാനത്തെത്തി. എല്ലാം പുതുതായി പണിയാനായി, നേരത്തെയുള്ള കെട്ടിടത്തിന്റെ അവശിഷ്ടങ്ങളൊക്കെ നശിപ്പിച്ചു. എന്നാൽ ആയിരക്കണക്കിന് അളവിൽ വെളുത്ത കല്ലും കുമ്മായവും കൊണ്ടുവന്നപ്പോൾ, ഒരു വലിയ കൊടുങ്കാറ്റും ചുഴലിക്കാറ്റുമടിച്ച് സമസ്തവും ചിതറിച്ചുകളഞ്ഞു. എങ്കിലും തങ്ങളുടെ വിഭ്രാന്തിയിൽ അവർ പണിതുടർന്നു. ദൈവത്തിന്റെ ദീർഘക്ഷമ അവരെ ബോധവാന്മാർ ആക്കിയില്ല.

പിന്നെ വലിയൊരു ഭൂകമ്പമുണ്ടായി. ദൈവിക ഇടപെടലുകളെപ്പറ്റി തികച്ചും അജ്ഞരായവരുടെ ഹൃദയത്തിൽ ഭീതി ജനിപ്പിക്കാൻ ഇതു മതിയായിരുന്നു. എന്നിട്ടും അവർ ഭയക്കാഞ്ഞതിനാൽ, അവർ ഇളക്കിമറിച്ച അടിത്തറയിൽ നിന്ന് അഗ്നി ഉയർന്ന്, തറ കുഴിച്ചവരിൽ ഭൂരിഭാഗത്തെയും കത്തിക്കുകയും ബാക്കിയുള്ളവരെ ഓടിക്കുകയും ചെയ്തു. കൂടാതെ, വളരെയധികം പേർ അടുത്തുള്ള കെട്ടിടത്തിൽ രാത്രിയിൽ ഉറങ്ങിക്കിടന്നപ്പോൾ, പെട്ടെന്ന് കെട്ടിടം തകർന്ന് അവരെല്ലാം മരിച്ചുപോയി.

അന്നും അടുത്ത ദിവസവും ആകാശത്തിൽ രക്ഷയുടെ കുരിശടയാളം പ്രകാശിച്ചു കാണപ്പെട്ടു. യഹൂദരുടെ വസ്ത്രത്തിന്മേൽ കറുത്ത നിറത്തിലുള്ള കുരിശടയാളം കാണപ്പെട്ടു. സ്വർഗം അയച്ച ദുരന്തങ്ങൾ കണ്ടപ്പോൾ ദൈവത്തിന്റെ ശത്രുക്കൾ ഭയപ്പെട്ടോടി തങ്ങളുടെ ഭവനങ്ങളിൽ അഭയം പ്രാപിച്ചു. തങ്ങളുടെ പിതാക്കന്മാർ ക്രൂശിച്ചവന്റെ ദൈവത്തെ അവർ ഏറ്റുപറഞ്ഞു. ജൂലിയനും ഇതൊക്കെ കേട്ടു. എല്ലാവരും ഇതാവർത്തിക്കുകയും ചെയ്തു. എന്നാൽ ഫറവോനെപ്പോലെ അയാൾ തന്റെ ഹൃദയം കഠിനമാക്കി.

## അധ്യായം 16

# ജൂലിയന്റെ പേർഷ്യൻ ആക്രമണം

കോൺസ്റ്റാൻസ്യൂസിന്റെ മരണവാർത്ത അറിഞ്ഞപ്പോൾ തന്നെ പേർഷ്യാക്കാർ ധൈര്യം അവലംബിച്ച് യുദ്ധം പ്രഖ്യാപിക്കുകയും റോമൻ സാമ്രാജ്യാതിർത്തിയിലേക്ക് സൈന്യത്തെ നയിക്കുകയും ചെയ്തു. തങ്ങളെ സംരക്ഷിക്കാൻ ദൈവസഹായം തേടാതെ, ജൂലിയൻ സൈന്യത്തെ സുസജ്ജമാക്കാൻ തീരുമാനിച്ചു. സൈന്യനീക്കം നടത്തണമോ എന്നറിയാൻ അയാൾ ഓറക്കിളിന്റെ പക്കലേക്ക്, ആദ്യം ഡെൽഫിയിലേക്കും പിന്നെ ദേളോസിലേക്കും ദോദോണായിലേക്കും ആളയച്ചു. ഓറക്കിൾ പച്ചക്കൊടി കാട്ടി, യുദ്ധത്തിനു പോകാൻ പറയുകയും വിജയം വാഗ്ദാനം ചെയ്യുകയും ചെയ്തു. അവരുടെ കള്ളത്തരത്തിന് തെളിവായി ഒരു ഓറക്കിൾ ഞാൻ ഉദ്ധരിക്കാം. "ജലജീവിയാൽ വിജയകിരീടം ലഭിക്കാൻ ഞങ്ങൾ ദേവന്മാരെല്ലാം ഇപ്പോൾ തുടങ്ങിയിരിക്കുന്നു. യുദ്ധകാഹളം മുഴക്കുന്ന ഞാൻ ആറെസ് നേതാവായിരിക്കും." വാക്കിൽ വിജ്ഞാനിയും കാവ്യദേവഗണത്തിലെ രാജാവുമെന്ന് അവർ പറയുന്നവർ, ഉച്ചാരണത്തിന്റെ മണ്ടത്തരത്തെ കളിയാക്കട്ടെ. അതിന്റെ കാപട്യം കണ്ടെത്തിയ ഞാൻ, അതിനാൽ വഞ്ചിതനായവനെപ്പറ്റി സഹതപിക്കുന്നു. കാരണം, ഓറക്കിൾ ടൈഗ്രീസിനെ മൃഗമെന്നു വിളിക്കുന്നു. കാരണം, മൃഗത്തിനും നദിക്കും ഒരേ പേരാണ്. –അർമേനിയൻ മലകളിൽ നിന്നാരംഭിച്ച്, അസ്സീറിയായിലൂടെ ഒഴുകി നദി പേർഷ്യൻ ഉൾക്കടലിൽ പതിക്കുന്നു.–ഈ ഓറക്കിളുകളാൽ വഞ്ചിതനായ നിർഭാഗ്യവാൻ വിജയപ്രതീക്ഷ വച്ചുപുലർത്തി. പേർഷ്യാക്കാരോട് യുദ്ധം ചെയ്തശേഷം ഗ്ലീലായർക്കെതിരെ യുദ്ധം ചെയ്യാനായിരുന്നു പദ്ധതി. അവൻ ക്രിസ്ത്യാനികളെ അപമാനിക്കാനായി *ഗ്ലീലായർ* എന്നാണ് വിളിച്ചിരുന്നത്.

പേരുമാറി വിളിക്കുന്നതു കൊണ്ട് കീർത്തിക്ക് യാതൊരു കുറവും ഉണ്ടാകുകയില്ലെന്ന്, വിദ്യാഭ്യാസം ഉള്ളവൻ ആയിരിക്കെ അവൻ അറിയേണ്ടതായിരുന്നു. കാരണം, സോക്രട്ടീസിനെ ക്രിതിയാസ് എന്നും പിത്തഗോറസിനെ ഫലാരീസ് എന്നും പേരുമാറ്റി വിളിച്ചതുകൊണ്ട്

അവർക്കൊരു അപമാനവും ഉണ്ടായില്ല. അഥവാ, തീറെവുസിനെ തെർസീറ്റെസ് എന്നു വിളിക്കുന്നതുകൊണ്ട്, പ്രകൃതി കൊടുത്ത സൗന്ദര്യം നഷ്ടപ്പെടുകയില്ല.

ജൂലിയന് ഇതൊക്കെ അറിയാം. എന്നാൽ അയാൾ ഒന്നും കാര്യമായെടുത്തില്ല. അനുചിതമായ മറ്റൊരു വാക്കുപയോഗിച്ചാൽ, നമുക്ക് ഉപദ്രവം വരുത്താമെന്ന് അയാൾ കരുതി. അയാൾ ഓറക്കിളിന്റെ നുണ വിശ്വസിച്ചു. ഭോഗേച്ഛയുടെ ദേവതയുടെ രൂപം നമ്മുടെ പള്ളികളിൽ സ്ഥാപിക്കുമെന്ന് അയാൾ ഭീഷണിപ്പെടുത്തി.

### അധ്യായം 17

## ബേറോയാക്കാരന്റെ ധൈര്യം

ഈ ഭീഷണികളോടുകൂടെ ആരംഭിച്ച അയാളെ ഒരു ബേറോയാക്കാരൻ താഴ്ത്തിക്കെട്ടി. അയാൾ ജഡ്ജിമാരിൽ പ്രമുഖനായിരുന്നതിനാൽ, മഹനീയനായിരുന്നു. എന്നാൽ തന്റെ തീക്ഷ്ണതയാൽ അയാൾ കൂടുതൽ പ്രശസ്തനായിരുന്നു. തന്റെ മകൻ പേഗനിസത്തിലേക്ക് വഴുതിവീഴുന്നു എന്നു കണ്ട് അയാൾ അവനെ തന്റെ ഭവനത്തിൽ നിന്ന് ഇറക്കിവിടുകയും തള്ളിപ്പറയുകയും ചെയ്തു. ആ യുവാവ് നഗരത്തിന് അടുത്തെത്തിയ ചക്രവർത്തിയെ സമീപിച്ചു. തന്റെ വീക്ഷണങ്ങളും പിതാവിന്റെ നടപടിയും അറിയിച്ചു. അവനെ ശാന്തനാക്കിയിട്ട്, പിതാവുമായി രമ്യപ്പെടുത്താമെന്ന് വാഗ്ദാനം ചെയ്തു. ജൂലിയൻ ബേറോയായിൽ എത്തിയപ്പോൾ, നാട്ടിലെ പ്രമാണികളെ ഒരു സദ്യയ്ക്ക് ക്ഷണിച്ചു. അക്കൂട്ടത്തിൽ ആ യുവാവിന്റെ പിതാവും ഉണ്ടായിരുന്നു. ഇമ്പീരിയൽ കിടക്കയിൽ അപ്പനെയും മകനെയും ക്ഷണിച്ചിരുത്തി. പരിപാടിക്കിടയിൽ ജൂലിയൻ പിതാവിനോടു പറഞ്ഞു: “എതിരായി താൽപ്പര്യമുള്ളതും തന്റെ കൂറുമാറ്റാൻ താൽപ്പര്യമില്ലാത്തതുമായ മനസ്സിനെ നിർബന്ധിക്കുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. നിന്റെ പ്രബോധനങ്ങൾ പിൻചെല്ലാൻ നിന്റെ മകൻ ആഗ്രഹിക്കുന്നില്ല. അവനെ നിർബന്ധിക്കരുത്. എനിക്ക് നിന്നെ എളുപ്പത്തിൽ നിർബന്ധിക്കാൻ കഴിയുമെങ്കിലും, ഞാൻപോലും എന്റേതു സ്വീകരിക്കാൻ നിന്നെ നിർബന്ധിക്കുന്നില്ല.”

അപ്പോൾ ആ പിതാവ് ദിവ്യസത്യത്തിലുള്ള തന്റെ വിശ്വാസത്താൽ പ്രേരിതനായി ഇപ്രകാരം പറഞ്ഞു:“ദൈവം വെറുക്കുന്ന ഈ നികൃഷ്ടനെ പറ്റിയാണോ നീ സംസാരിക്കുന്നത്? അവൻ സത്യത്തിനു പകരം നുണ ഇഷ്ടപ്പെട്ടു.” ഒരിക്കൽ കൂടി ജൂലിയൻ ശാന്തതയുടെ മുഖംമൂടി എടുത്തണിഞ്ഞു പറഞ്ഞു: “മനുഷ്യാ, അപമതിക്കുന്നത് നിർത്തുക.” എന്നിട്ട് യുവാവിന്റെ നേരേ തിരിഞ്ഞു പറഞ്ഞു:“ഞാൻ നിന്റെ കാര്യം നോക്കിക്കൊള്ളാം. നിന്റെ പിതാവിനെ പ്രേരിപ്പിക്കാൻ എനിക്കായില്ല.”

ഈ നല്ല മനുഷ്യന്റെ ധൈര്യവും അനേകർ ജൂലിയനെ നിന്ദിച്ച കാര്യവും ചൂണ്ടിക്കാട്ടാനാണ് ഞാനിതു സൂചിപ്പിച്ചത്.

### അധ്യായം 18

## ഒരു സാധാരണക്കാരന്റെ പ്രവചനം

അന്ത്യോക്യയിലുള്ള ഒരു ശ്രേഷ്ഠവ്യക്തിയുടേതാണ് മറ്റൊരു സംഗതി. അയാൾക്ക് കൊച്ചുകുട്ടികളുടെ ചുമതലയുണ്ടായിരുന്നു. സാധാരണ കുട്ടികളെ നോക്കുന്നവരേക്കാൾ അയാൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ഉണ്ടായിരുന്നു. അക്കാലത്തെ പ്രശസ്ത സോഫിസ്റ്റും പ്രധാന ഗുരുവുമായ ലിബാനിയുസിന്റെ ഉറ്റസ്നേഹിതനായിരുന്നു അയാൾ.

ലിബാനിയുസ് വിജാതിയനും വിജയപ്രതീക്ഷ ഉള്ളവനും ജൂലിയന്റെ ഭീഷണിയെപ്പറ്റി അറിയാവുന്നവനുമായിരുന്നു. ഒരുദിവസം നമ്മുടെ വിശ്വാസത്തെ കളിയാക്കിക്കൊണ്ട് അയാൾ പറഞ്ഞു: "ആശാരിയുടെ മകൻ ഇപ്പോൾ എന്തു ചെയ്യുന്നു?" ദിവ്യകൃപയാൽ നിറഞ്ഞ് അടുത്തുതന്നെ സംഭവിക്കാൻ പോകുന്നത് പ്രവചനമായി ആ സാധാരണക്കാരൻ പറഞ്ഞു: "സോഫിസ്റ്റ്, ആശാരിയുടെ മകനെന്ന് നീ കളിയാക്കി പറഞ്ഞ എല്ലാറ്റിന്റെയും സ്രഷ്ടാവ് ഒരു ശവപ്പെട്ടി ഉണ്ടാക്കുകയാണ്."

കുറച്ചു ദിവസങ്ങൾക്കുശേഷം മ്ലേച്ഛനായ ജൂലിയസിന്റെ മരണം അറിയിക്കപ്പെട്ടു. അവനെ അവർ ശവപ്പെട്ടിയിൽ കിടത്തി വഹിച്ചു കൊണ്ടുവന്നു. അങ്ങനെ ജൂലിയന്റെ ഭീഷണികൾ വ്യർഥമായി. ദൈവം മഹത്വീകരിക്കപ്പെടുകയും ചെയ്തു.

### അധ്യായം 19

## ജൂലിയാനുസ് സാബായുടെ പ്രവചനം

ശരീര രഹിതരുടെ ജീവിതം ശരീരത്തിൽ അനുകരിച്ച ജൂലിയാനുസ് സാബാസ് എന്നൊരാൾ ഉണ്ടായിരുന്നു. എന്റെ സന്യാസചരിത്രത്തിൽ ഞാൻ അദ്ദേഹത്തിന്റെ ജീവചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അഭക്തനായ ജൂലിയന്റെ ഭീഷണി കേട്ടപ്പോൾ, അദ്ദേഹം എല്ലാറ്റിന്റെയും ദൈവത്തോട് കൂടുതൽ തീക്ഷ്ണമായി പ്രാർഥിച്ചുകൊണ്ടിരുന്നു. സൈന്യത്തിന്റെ ക്യാമ്പിൽ നിന്ന് ഇരുപത് സ്റ്റേഡിയാ അകലെയായിരുന്നു ജൂലിയാനുസിന്റെ ആശ്രമം. എങ്കിലും ചക്രവർത്തി കൊല്ലപ്പെട്ട അതേദിവസം പ്രാർഥനാവസരം അദ്ദേഹം അതേപ്പറ്റി കേട്ടെന്ന് പറയപ്പെടുന്നു. അദ്ദേഹം കാരുണ്യവാനായ തന്റെ യജമാനനോട് അപേക്ഷിക്കുകയും ഉച്ചത്തിലുള്ള നിലവിളി

യോടുകൂടെ പ്രാർഥിക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ പെട്ടെന്ന് കണ്ണീർ തുടച്ചുകൊണ്ട് അദ്ദേഹം നിർവൃതിയിലാണ്ടു. അദ്ദേഹത്തിന്റെ ആത്മാവ് അനുഭവിച്ച സന്തോഷം മുഖത്ത് പ്രകടമായി. അതു കണ്ട സ്നേഹിതർ കാരണമാരാഞ്ഞു.

അദ്ദേഹം പറഞ്ഞു:"കർത്താവിന്റെ മുന്തിരിത്തോപ്പിന്റെ ശത്രുവായ കാട്ടുപന്നി, അവിടുത്തോടുള്ള തെറ്റിന്റെ ശിക്ഷ അനുഭവിച്ചു. അവൻ മരിച്ചു. അവന്റെ ദുഷ്ടത അവസാനിച്ചു". ഇതുകേട്ട സമൂഹം സന്തോഷാധിക്യത്താൽ തുള്ളിച്ചാടുകയും ദൈവത്തിന് കൃതജ്ഞതാഗാനം ആലപിക്കുകയും ചെയ്തു. ഈ ശപ്തൻ കൊല്ലപ്പെട്ട അതേദിവസവും മണിക്കൂറുമാണ് വൃദ്ധനായ വിശുദ്ധൻ ഇതറിയുകയും അറിയിക്കുകയും ചെയ്തതെന്ന് ചക്രവർത്തിയുടെ മരണവാർത്ത അറിയിച്ചവരിൽ നിന്ന് അവർ ഗ്രഹിച്ചു.

### അധ്യായം 20

## പേർഷ്യയിൽ ജൂലിയൻ ചക്രവർത്തിയുടെ മരണം

ജൂലിയന്റെ മരണത്തിലൂടെ അയാളുടെ തെറ്റ് കൂടുതൽ സ്പഷ്ടമായി. അയാൾ റോമൻ സാമ്രാജ്യത്തെയും പേർഷ്യൻ സാമ്രാജ്യത്തെയും വേർതിരിക്കുന്ന നദി സൈന്യസമേതം കടന്നു. ഉടൻതന്നെ തന്റെ വള്ളങ്ങളെല്ലാം മുക്കിക്കളഞ്ഞു. അങ്ങനെ തന്റെ ആളുകളെക്കൊണ്ട് സ്വമനസ്സാ അല്ല, നിർബന്ധത്താൽ യുദ്ധത്തിന് മുതിർന്നു. കഴിവുറ്റ ജനറൽമാർക്ക് സൈന്യത്തെ ഉത്തേജിപ്പിക്കേണ്ടിവന്നു. അവർ നഷ്ടധൈര്യരായി കാണപ്പെട്ടതിനാൽ, അവരുടെ പ്രതീക്ഷ വർധിപ്പിക്കാൻ അവരെ പ്രോത്സാഹിപ്പിക്കേണ്ടിവന്നു. ജൂലിയൻ പിന്നിലുള്ള പാലം കത്തിച്ചതുവഴി എല്ലാപ്രതീക്ഷയും ഇല്ലാതാക്കി. എല്ലാകാര്യങ്ങളിലും മുൻകരുതൽ എടുക്കാതിരുന്നതും സൈന്യത്തിന് ആവശ്യമായ ഭക്ഷണസാധനങ്ങൾ കരുതാതിരുന്നതും അവന്റെ കഴിവുകേടിന്റെ മറ്റൊരു തെളിവാണ്. റോമിൽ നിന്ന് ഭക്ഷണസാധനങ്ങൾ എത്തിക്കാൻ ശ്രമിക്കയാകട്ടെ, ശത്രുരാജ്യം കൊള്ളയടിച്ച് സംഭരിക്കയാകട്ടെ ചെയ്തില്ല.

അവൻ ജനവാസമുള്ള പ്രദേശം പിന്നിലാക്കിക്കൊണ്ട് മരുഭൂമിയിലൂടെ മാർച്ചു ചെയ്യാൻ നിർബന്ധം പിടിച്ചു. അവന്റെ പടയാളികൾക്ക് തിന്നാനും കുടിക്കാനും വേണ്ടത്ര സാധനങ്ങൾ ഇല്ലായിരുന്നു. അവരെ നയിക്കാനും ആരുമില്ലായിരുന്നു. അവർ ഒരു മരുപ്രദേശത്തുകൂടെ അലഞ്ഞുനടന്നു. തങ്ങളുടെ അതിബുദ്ധിമാനായ ചക്രവർത്തിയുടെ തെറ്റ് അപ്പോൾ അവർ മനസ്സിലാക്കി. അവർ മുറുമുറുക്കുകയും പിറുപിറുക്കുകയും ചെയ്യുന്നതിനിടയിൽ, സ്രഷ്ടാവിനെതിരെ തന്റെ വിഭ്രാന്തിയിൽ ഹാലിളകിയവൻ പെട്ടെന്ന് മുറിവേറ്റുവീണ് മരിച്ചത് അവർ കണ്ടു.

വാഗ്ദാനം ചെയ്തതു പോലെ, കാഹളം മുഴക്കിയ ആറെസ് അവന്റെ സഹായത്തിന് എത്തിയില്ല. ലോക്സിയാസും നുണ നിറഞ്ഞ വെളിച്ചപ്പാടു നൽകിയ മിന്നൽപിണരിൽ അവനെ സന്തോഷിപ്പിച്ചവനും, മാരകമായി പ്രഹരിച്ചവന്റെ മേൽ ഇടിമിന്നൽ അയച്ചില്ല. അവന്റെ വീമ്പിളക്കൽ അവസാനിച്ചു. ആ നീതി നിറഞ്ഞ പ്രഹരമേൽപ്പിച്ചവൻ ആരാണെന്ന് ഇന്നേവരെ ആർക്കും അറിയില്ല. ഒരദൃശ്യ ജീവിയാണെന്ന് ചിലർ, അലഞ്ഞു നടക്കുന്ന ഒരു ഇഷ്മായേല്യൻ ആണെന്ന് മറ്റുചിലർ. മരുഭൂമിയിലെ വിശപ്പും ദാഹവും സഹിക്കാനാകാതെ പടയാളികളിൽ ഒരുവനെന്ന് വേറേ ചിലർ പറയുന്നു. അമ്പെയ്തത് മനുഷ്യനോ മാലാഖയോ ആയാലും, ദൈവേച്ഛ യുടെ ശുശ്രൂഷകനാണ് അതു ചെയ്തെന്ന് സംശയമില്ല.

ജൂലിയൻ മുറിവേറ്റപ്പോൾ, കൈയിൽ രക്തമെടുത്ത് അന്തരീക്ഷത്തി ലേക്ക് എറിഞ്ഞുകൊണ്ട്, “ഓ, ഗ്ലീലായാ, നീ വിജയിച്ചു” എന്നു പറഞ്ഞത്രേ. ഇങ്ങനെ അവൻ ഒരേറ്റുപറച്ചിൽ നടത്തി. അത്രമാത്രം മതിഭ്രമം ബാധിച്ച വനായിരുന്നു അവൻ.

**അധ്യായം 21**

## കാറെയിലെ മന്ത്രവാദം

സത്യമതത്തിന്റെ കൃപകൊണ്ട് എഡേസ്സാനഗരം അലംകൃതമായതി നാൽ, ജൂലിയൻ തന്റെ ഇടത്തുവശത്ത് അതിനെ വിട്ടിട്ട്, മിഥ്യാബോധത്തിൽ കാറേയിലൂടെ യാത്ര തുടർന്നു. അവിടെ അഭക്തർ ബഹുമാനിക്കുന്ന ഒരു വിഗ്രഹാലയത്തിലെത്തി സഹചരരുമൊത്ത് ചില മ്ലേച്ഛകർമങ്ങൾ അനുഷ്ഠിച്ച ശേഷം കതകുകൾ അടച്ച് മുദ്രവച്ചു. താൻ തിരികെ വരുന്നതുവരെ ആരെയും അകത്തു കടത്തരുതെന്ന് കൽപ്പിച്ച് കാവൽ ഏർപ്പെടുത്തി. അയാൾ മരിച്ചെന്നും അഭക്ത ഭരണത്തിനുശേഷം ഭക്തി നിറഞ്ഞ ഭരണമാണെന്നും അറിഞ്ഞപ്പോൾ, അവർ കതകു തുറന്നു. ജൂലിയന്റെ മനുഷ്യത്വത്തിന്റെയും വിജ്ഞാനത്തിന്റെയും ഭക്തിയുടെയും തെളിവ് അതിനകത്തു കണ്ടു. അവിടെ ഒരു സ്ത്രീയെ തലമുടിയിൽ കെട്ടിത്തൂക്കിയിട്ടിരുന്നു. കൈകൾ നിവർത്തിയിരുന്നു. അവളുടെ വയർ വെട്ടിത്തുറന്നിരുന്നു. പേർഷ്യാക്കാരുടെ മേലുള്ള തന്റെ വിജയത്തെപ്പറ്റി അവളുടെ കരളിൽ നിന്നു ഗ്രഹിച്ചെന്നു ഞാൻ കരുതുന്നു. ഇതാണ് കാറേയിൽ കണ്ട മ്ലേച്ഛത.

### അധ്യായം 22

## അന്ത്യോക്യൻ ജനതയുടെ സന്തോഷം

അന്ത്യോക്യയിലെ കൊട്ടാരത്തിൽ നിരവധി പെട്ടികളിൽ നിറയെ ശിരസ്സുകളും അനേകം കിണറുകളിൽ നിറയെ ജഡങ്ങളും കണ്ടെത്തപ്പെട്ടു. ദുഷ്ടശക്തികളുടെ പ്രബോധനം ഇത്തരത്തിൽ ആയിരുന്നു. ജൂലിയന്റെ മരണവാർത്ത അറിഞ്ഞ അന്ത്യോക്യാനഗരം ആനന്ദിച്ച് ഉത്സവം കൊണ്ടാടി. പള്ളികളിലും രക്തസാക്ഷി മണ്ഡപങ്ങളിലും മാത്രമല്ല, തീയേറ്ററുകളിലും കുരിശിന്റെ വിജയം പ്രഘോഷിക്കുകയും ജൂലിയനെ കളിയാക്കുകയും ചെയ്തു. അന്ത്യോക്യൻ ജനതയുടെ ആദരണീയ വാക്കുകൾ വരുംതലമുറയ്ക്കു വേണ്ടി രേഖപ്പെടുത്തട്ടെ. ഒരേ സ്വരത്തിൽ അവർ ഇങ്ങനെ ഉച്ചത്തിൽ പറഞ്ഞു:"ഭോഷനായ മാക്സിമുസ്, നിന്റെ ഓറക്കിളുകൾ എവിടെ? എന്തുകൊണ്ടെന്നാൽ ദൈവവും തന്റെ ക്രിസ്തുവും വിജയിച്ചിരിക്കുന്നു". അക്കാലത്ത് അവിടെ പാർത്തിരുന്ന മാക്സിമുസ് എന്നു പേരുള്ള ഒരാൾ താത്വികനെന്നു നടിച്ചിരുന്നെങ്കിലും മന്ത്രവാദി ആയിരുന്നു. ഭാവി പറയാൻ തനിക്ക് കഴിവുണ്ടെന്ന് അയാൾ വീമ്പടിച്ചിരുന്നു. അയാൾക്കെതിരെയാണ് ജനം ആർത്തുവിളിച്ചത്.

എന്നാൽ മഹനീയമായ നുകം വഹിച്ച പത്രോസിന്റെയും പൗലോസിന്റെയും ശ്രേഷ്ഠപ്രബോധനം സ്വീകരിക്കുകയും എല്ലാവരുടെയും ഗുരുവും രക്ഷകനുമായവനോട് അമിതാവേശം പുലർത്തുകയും ചെയ്ത അന്ത്യോക്യക്കാർ അവസാനം വരെ ജൂലിയനെ ശപിച്ചു. എല്ലാവർക്കും അവരുടെ ചിന്താധാര സുവ്യക്തമായിരുന്നു. ജൂലിയൻ *മിസോപ്പൊഗോൺ* എന്ന പേരിൽ അവർക്കെതിരെ ഒരു കൃതി രചിച്ചിരുന്നു.

ജൂലിയൻ സ്വേച്ഛാധിപതിയുടെ മരണത്തിലുള്ള സന്തോഷം കൊണ്ട് എന്റെ ചരിത്രത്തിന്റെ ഈ ഭാഗം അവസാനിപ്പിക്കാം. കാരണം, ജൂലിയന്റെ അഭക്തിയോടുകൂടെ നീതിനിറഞ്ഞ ഭരണം ബന്ധിപ്പിക്കുന്നത് അന്തസ്സില്ലായ്മയായി എനിക്കു തോന്നുന്നു.

# പുസ്തകം-4

## അധ്യായം 1

## ഭക്തനായ ജോവിയൻ ചക്രവർത്തി

ജൂലിയൻ കൊല്ലപ്പെട്ടശേഷം ജനറൽമാരും പ്രീഫെക്ടുമാരും കൗൺസിൽ കൂടി. ഇമ്പീരിയൽ അധികാരത്തിൽ ആരായിരിക്കണമെന്നും, യുദ്ധത്തിൽ മരിച്ച ചക്രവർത്തിയുടെ അതിസാഹസികത നിമിത്തം അപകടത്തിലായ സൈന്യത്തിന്റെ രക്ഷയും റോമിന്റെ ഐശ്വര്യവും ആര് വീണ്ടെടുക്കുമെന്നും ചർച്ച ചെയ്തു. തദവസരം ജോവിയൻ ചക്രവർത്തിയായാൽ മതിയെന്ന് സൈന്യം ഒത്തുകൂടി ആവശ്യപ്പെട്ടു. അദ്ദേഹം അപ്പോൾ ജനറലോ അതിനടുത്ത സ്ഥാനത്തോ ആയിരുന്നില്ല. എന്നാൽ അദ്ദേഹം ശ്രദ്ധേയമാംവിധം വ്യത്യസ്തനായിരുന്നു. അനേകം കാരണങ്ങളാൽ പ്രശസ്തനുമായിരുന്നു. അദ്ദേഹത്തിന് നല്ല ഉയരമുണ്ടായിരുന്നു. ആത്മാവ് ഉന്നതമായിരുന്നു. യുദ്ധത്തിലും ഗൗരവമേറിയ പോരാട്ടങ്ങളിലും അദ്ദേഹം പതിവായി മുൻപന്തിയിൽ ആയിരുന്നു. സ്വേച്ഛാധിപതിയെ ഭയക്കാതെ അഭക്തിക്കെതിരെ അദ്ദേഹം ധൈര്യപൂർവം സ്വയം സമർപ്പിച്ചു. തീക്ഷ്ണതയിൽ ക്രിസ്തുവിന്റെ രക്തസാക്ഷികളുടെ ഗണത്തിൽ അദ്ദേഹത്തെ ഉൾപ്പെടുത്താം. അതുകൊണ്ട് സൈന്യത്തിന്റെ ഏകയോഗമായ തീരുമാനം ദൈവിക തെരഞ്ഞെടുപ്പായി ജനറൽമാർ അംഗീകരിച്ചു. ധീരനായ ഈ മനുഷ്യനെ മുമ്പോട്ടു കൊണ്ടുവന്ന്, താൽക്കാലികമായി ധൃതിയിൽ കെട്ടിപ്പൊക്കിയ പീഠത്തിൽ നിർത്തി. ഇമ്പീരിയൽ സ്ഥാനനാമങ്ങളായ അഗസ്റ്റസെന്നും സീസറെന്നും വിളിച്ച് സൈന്യം അദ്ദേഹത്തെ ആദരിച്ചു.

അദ്ദേഹത്തിന് പതിവായ, തുറന്നടിക്കുന്ന പ്രകൃതത്താലും ഭയരാഹിത്യത്താലും സൈന്യത്തിന്റെ അടുത്ത കാലത്തെ വിശ്വാസധ്വംസനത്താലും, കൽപ്പന നൽകുന്ന ഓഫീസർമാരുടെ മുമ്പിൽ ജോവിയൻ ശ്രേഷ്ഠമാംവിധം ഇപ്രകാരം പറഞ്ഞു: "ഞാനൊരു ക്രിസ്ത്യാനിയാണ്. ഇവരെപ്പോലെയുള്ള മനുഷ്യരെ ഭരിക്കാൻ എനിക്ക് സാധ്യമല്ല. ദുഷിച്ച രീതിയിൽ പരിശീലനം കിട്ടിയ, ജൂലിയന്റെ സൈന്യത്തെ നയിക്കാൻ എനിക്കാവില്ല. ദൈവികപരിപാലന ഇല്ലാത്ത ഇത്തരം മനുഷ്യർ ശത്രുവിന് എളുപ്പത്തിലും നിന്ദ്യമാംവിധവും കീഴ്പ്പെടും".

ഇതുകേട്ടപ്പോൾ സൈന്യം ഒന്നടങ്കം ഇപ്രകാരം വിളിച്ചുപറഞ്ഞു:"ഓ, ചക്രവർത്തീ, സംശയിക്കേണ്ട. ഞങ്ങളെ നയിക്കുന്നത് ദുഷ്കരമാണെന്ന്

കരുതേണ്ട. സത്യത്തിന്റെ പരിശീലനത്തിൽ പരിശീലിപ്പിക്കപ്പെട്ട ക്രിസ്ത്യാനികളെയാണ് അങ്ങ് ഭരിക്കാൻ പോകുന്നത്. ഞങ്ങളിൽ പ്രായമുള്ളവർ കോൺസ്റ്റൻൈറന്റെ ശിക്ഷണം ലഭിച്ചവരാണ്. ചെറുപ്പക്കാരെ കോൺസ്റ്റാൻസ്യൂസും പരിശീലിപ്പിച്ചു. ഈ മരിച്ചവന്റെ ഭരണം വളരെ കുറച്ചു വർഷങ്ങളേ ഉണ്ടായിരുന്നുള്ളു. ഈ ഭരണം വഞ്ചിച്ചവരുടെ മേൽ പോലും അതിന്റെ മുദ്ര പതിപ്പിക്കാൻ അയാൾക്ക് കഴിഞ്ഞില്ല.

### അധ്യായം 2

## അത്തനാസ്യോസിന്റെ തിരിച്ചുവരവ്

ഈ വാക്കുകളാൽ സന്തുഷ്ടനായി, ഭാവിയിൽ രാജ്യത്തിന്റെ സുരക്ഷിതത്വത്തിനും യുദ്ധമുന്നണിയിൽ നിന്ന് നഷ്ടം കൂടാതെയുള്ള തിരിച്ചു വരവിനും വേണ്ട ഉപദേശം തേടി. അദ്ദേഹത്തിന് വലിയ ചർച്ച വേണ്ടിവന്നില്ല. സത്യമതത്തിന്റെ വിത്തുകളിൽ നിന്നുള്ള ഫലം അദ്ദേഹം പെട്ടെന്ന് കൊയ്തെടുത്തു. കാരണം, എല്ലാറ്റിന്റെയും ദൈവം തന്റെ പരിപാലനയുടെ തെളിവു നൽകുകയും എല്ലാ പ്രയാസങ്ങളും അപ്രത്യക്ഷമാകുകയു ചെയ്തു.

ജോവിയന്റെ സ്ഥാനാരോഹണം അറിഞ്ഞ ഉടൻ തന്നെ പേർഷ്യൻ രാജാവ് സന്ധിസംഭാഷണത്തിന് പ്രതിനിധികളെ അയച്ചു. കൂടാതെ, സൈന്യത്തിന് ആവശ്യമായ ഭക്ഷണസാധനങ്ങൾ കൊടുക്കുകയും മരുഭൂമിയിൽ അവർക്കായി ഒരു ചന്ത തുറക്കാൻ നിർദേശിക്കുകയും ചെയ്തു. മുപ്പതു വർഷത്തേക്ക് ഒരു സമാധാനക്കരാർ ഉണ്ടാക്കുകയും സൈന്യം സുരക്ഷിതമായി തിരിച്ചെത്തുകയും ചെയ്തു.

റോമൻ പ്രദേശത്ത് കാലുകുത്തിയശേഷം ജോവിയൻ ആദ്യം നൽകിയ കൽപ്പന, നാടുകടത്തപ്പെട്ട മെത്രാന്മാരെ തിരികെ വിളിച്ചതും നിഖ്യാവിശ്വാസപ്രമാണം കളങ്കലേശമെന്യേ പാലിക്കുന്നവർക്ക് പള്ളികൾ തിരിച്ചു കൊടുത്തതുമാണ്. തുടർന്ന് സത്യപ്രബോധനത്തിന്റെ ശ്രേഷ്ഠ വക്താവായ അത്തനാസ്യോസിന് അദ്ദേഹം ഒരു കത്തയച്ചു. മതസംബന്ധമായ കാര്യങ്ങളിലുള്ള കൃത്യപ്രബോധനം എഴുതി അയക്കണമെന്ന് അഭ്യർഥിച്ചു. പണ്ഡിതരായ മെത്രാന്മാരെ അദ്ദേഹം വിളിച്ചുകൂട്ടി. ശ്ലൈഹിക പ്രബോധനവുമായി ഒത്തുപോകുന്നതിനാൽ നിഖ്യാവിശ്വാസപ്രമാണം മുറുകെപ്പിടിക്കാൻ ഉപദേശിച്ചുകൊണ്ട് അത്തനാസ്യോസ് ഒരു കത്തയച്ചു. അത് താഴെ ചേർക്കുന്നു.

## അധ്യായം 3

# ജോവിയന് അത്തനാസ്യോസ് അയച്ച കത്ത്

"അതിഭക്തനും ഏറ്റവും കരുണാർദ്രനും വിജയശ്രീലാളിതനുമായ അഗസ്റ്റസ് ജോവിയന്, ഈജിപ്തിലും തേബായ്ഡിലും ലിബിയായിലുമുള്ള അത്തനാസ്യോസും ഒന്നിച്ചു കൂടിയ മറ്റുമെത്രാന്മാരും എല്ലാമെത്രാന്മാരുടെയും നാമത്തിൽ.

വിശുദ്ധ വസ്തുക്കളുടെ ബുദ്ധിപരമായ മുൻഗണനയും അന്വേഷണവും ദൈവത്തിന്റെ വത്സലരാജകുമാരന് ചേർന്നതാണ്. ഇപ്രകാരം അങ്ങയുടെ ഹൃദയം ദൈവതൃക്കരങ്ങളിൽ സത്യത്തിൽ സംരക്ഷിക്കാനും അനേകവർഷം സമാധാനത്തിൽ ഭരിക്കാനും ഇടയാകട്ടെ.

കത്തോലിക്കാസഭയുടെ വിശ്വാസം പഠിക്കാൻ അടുത്തിട അങ്ങ് ആഗ്രഹം പ്രകടിപ്പിച്ചതിനാൽ, ഞങ്ങൾ കർത്താവിന് നന്ദി പറയുകയും എല്ലാറ്റിനും മുമ്പ് നിഖ്യായിൽ പിതാക്കന്മാർ ഏറ്റുപറഞ്ഞ വിശ്വാസത്തെപ്പറ്റി അങ്ങയെ അനുസ്മരിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഈ വിശ്വാസം മാറ്റിമറിക്കാൻ ചിലർ ശ്രമിച്ചു. ഞങ്ങൾ ആരിയൻ പാഷണ്ഡതയ്ക്ക് കീഴ്പ്പെടാതിരുന്നതിനാൽ, നിരവധി ആക്രമണങ്ങൾ പല രീതിയിൽ ഞങ്ങൾക്കെതിരെ അഴിച്ചുവിട്ടു. അവർ കത്തോലിക്കാ സഭയിൽ ശീശ്മയുടെയും പാഷണ്ഡതയുടെയും ഉപജ്ഞാതാക്കളായിത്തീർന്നു. തിരുലിഖിതത്തിൽ നിന്ന് വായിക്കുകയും അറിയുകയും ചെയ്തതിനാൽ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ഭക്തിനിറഞ്ഞ സത്യവിശ്വാസം എല്ലാവർക്കും സുവ്യക്തമാണ്. രക്തസാക്ഷികളായ വിശുദ്ധർ ഈ വിശ്വാസത്തിൽ പരിപൂർണരാക്കപ്പെട്ടു. കടന്നുപോയവർ ഇപ്പോൾ കർത്താവിനോടുകൂടെയാണ്. ചില പാഷണ്ഡികളുടെ ദുഷ്ടത അതിനെ കളങ്കപൂരിതമാക്കാൻ തുനിഞ്ഞില്ലായിരുന്നെങ്കിൽ, ഈ വിശ്വാസം എല്ലായിടത്തും മാറ്റം കൂടാതെ നിലനിൽക്കാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ളതായിരുന്നു. അത് ദുഷിപ്പിക്കാനും അതിന്റെ തകർച്ചയ്ക്ക് അഭക്തി കൊണ്ടുവരാനും ആരിയസും അയാളുടെ പക്ഷക്കാരും പരിശ്രമിച്ചു.

അയാൾ പറഞ്ഞു:"ദൈവത്തിന്റെ പുത്രൻ ഇല്ലായ്മയിൽ നിന്നാണ്. ഒരു സൃഷ്ടിയാണ്. നിർമിക്കപ്പെട്ട യാഥാർഥ്യമാണ്. വ്യതിയാന വിധേയനാണ്." ഇവയിലൂടെ അവർ അനേകരെ വഞ്ചിച്ചു. എന്തോ ആണെന്ന് കരുതപ്പെട്ടവർക്കുപോലും വഴിതെറ്റിപ്പോയി. അപ്പോൾ നമ്മുടെ പിതാക്കന്മാർ മുൻകൈയെടുത്ത് നിഖ്യായിൽ കൂടുകയും ആരിയൻ പാഷണ്ഡതയെ ശപിക്കുകയും കത്തോലിക്കാസഭയുടെ വിശ്വാസത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തു. ലോകം മുഴുവൻ സത്യം പ്രഘോഷിച്ചുകൊണ്ട് അവർ പാഷണ്ഡതാജ്വാല കെടുത്തിക്കളഞ്ഞു. ഇപ്രകാരം സഭമുഴുവൻ ഈ സത്യം അറിയപ്പെടുകയും പ്രഘോഷിക്കപ്പെടുകയും ചെയ്തു.

എന്നാൽ ചിലർ ആരിയൻ പാഷണ്ഡത പുതുതായി കുത്തിപ്പൊക്കാൻ ആഗ്രഹിച്ചതിനാൽ, നിഖ്യായിൽ പിതാക്കന്മാർ ഏറ്റുപറഞ്ഞ വിശ്വാസം മാറ്റിമറിക്കാൻ ധിക്കാരം കാട്ടി. മറ്റുചിലർ അത് അംഗീകരിക്കുന്നെന്ന് നടിക്കുകയും യഥാർഥത്തിൽ അതിനെ നിഷേധിക്കുകയും ചെയ്യുന്നു. സമസത്ത (ഹോമോഉസിയോസ്) എന്നതിന്റെ അർഥം വളച്ചൊടിക്കുകയും അങ്ങനെ പരിശുദ്ധാത്മാവിനെതിരെ ദൈവദൂഷണം നടത്തുകയും ചെയ്യുന്നു. പരിശുദ്ധാത്മാവ് ഒരു സൃഷ്ടിയാണെന്നും പുത്രനിലൂടെ നിർമിക്കപ്പെട്ട യാഥാർഥ്യമാണെന്ന് ജൽപ്പിക്കുകയും ചെയ്യുന്നു. ഇത്തരം ദൈവദൂഷണം ജനങ്ങൾക്കു ചെയ്യുന്ന ദ്രോഹം മനസ്സിലാക്കി, നിഖ്യായിൽ ഏറ്റുപറഞ്ഞ വിശ്വാസം അങ്ങേയ്ക്ക് സമർപ്പിക്കാൻ ധൃതിപ്പെട്ടു. ഇത് എത്ര കൃത്യമായി രൂപീകൃതമായെന്നും അതിനെ എതിർക്കുന്നവരുടെ തെറ്റ് എത്ര വലുതാണെന്നും അങ്ങേയ്ക്ക് മനസ്സിലാക്കാനാകും.

അതിപരിശുദ്ധ അഗസ്റ്റസ്, പണ്ടുമുതലേ പ്രസംഗിച്ച വിശ്വാസം ഇതാണെന്ന് അറിയുക. നിഖ്യായിൽ സമ്മേളിച്ച പിതാക്കന്മാരുടെ വിശ്വാസം ഇതാണ്. ഈ വിശ്വാസത്തിൽ ലോകമാസകലമുള്ള സഭകളും യോജിപ്പിലാണ്. സ്പെയിൻ, ബ്രിട്ടൺ, ഗാൾ, ഇറ്റലി, കമ്പാനിയാ, ഡൽമേഷ്യാ, മീസിയാ, മാസിഡോണിയാ, ഹെല്ലാസ് മുഴുവൻ, ആഫ്രിക്ക മുഴുവൻ, സർദീനിയാ, സൈപ്രസ്, ക്രീറ്റ്, പംഫീലിയാ, ഇസൗരിയാ, ലീസിയാ, ഈജിപ്ത്, ലിബിയാ, പോന്തുസ്, കപ്പഡോഷ്യാ, സമീപജില്ലകൾ, ആരിയനിസം സ്വീകരിച്ച ചിലയിടങ്ങൾ ഒഴികെ പൗരസ്ത്യം മുഴുവൻ എന്നിവിടങ്ങളിലെ സഭകളെല്ലാം യോജിപ്പിലാണ്. മുകളിൽ പറഞ്ഞ സ്ഥലങ്ങളിലെ ചിന്താധാരകൾ പരിശോധനയ്ക്കുശേഷം നമുക്കറിയാം.

അതിഭക്ത അഗസ്റ്റസ്, വളരെ കുറച്ചുപേർ ഈ വിശ്വാസത്തിനെതിരെ മറുത്തു പറഞ്ഞാലും, മനുഷ്യവാസമുള്ള ലോകത്തിന്റെ മുഴുവൻ തീരുമാനം അവർക്ക് മാറ്റിമറിക്കാനാകില്ലെന്ന് ഞങ്ങൾക്കറിയാം. ഞങ്ങൾക്ക് രേഖകളുമുണ്ട്. ആരിയൻ പാഷണ്ഡതയുടെ സ്വാധീനത്തിൽ ദീർഘകാലം നിന്നതിനാൽ, അവർ നിന്ദാപൂർവം സത്യമതത്തെ എതിർക്കുന്നു. അങ്ങേയ്ക്ക് അറിയാമെങ്കിലും, നിഖ്യായിൽ വച്ച് 318 മെത്രാന്മാർ ഏറ്റുപറഞ്ഞ വിശ്വാസം ഇതോടൊപ്പം അങ്ങേയ്ക്ക് അയക്കുന്നു. അത് ഇപ്രകാരമാണ്:

“സർവശക്തനായ പിതാവും ദൃശ്യാദൃശ്യങ്ങളുടെ നിർമാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ പുത്രനും പിതാവിൽ നിന്നു ജനിച്ചവനും ഏകജാതനും പിതാവിന്റെ സത്തയിൽ നിന്നുള്ളവനും ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സത്തയിൽ പിതാവിനോട് സമത്വമുള്ളവനും തന്നാൽ ആകാശത്തിലും ഭൂമിയിലുമുള്ള സകലവും നിർമിക്കപ്പെട്ടവനുമായ ഏക കർത്താവേശുമിശിഹായിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി താഴേയ്ക്കിറങ്ങി, ശരീരമെടുത്ത് മനുഷ്യനായി. അവൻ പീഡ അനുഭവിച്ച് മരിക്കുകയും വീണ്ടും മൂന്നാംനാൾ

ഉയിർത്തെഴുന്നേൽക്കുകയും സ്വർഗത്തിലേക്ക് കരേറുകയും ചെയ്തു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും വരും. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു."

''അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു''എന്നോ, "ജനിക്കുന്നതിനു മുമ്പ് അവൻ ഇല്ലാതിരുന്നു" എന്നോ, "ഇല്ലാതിരുന്ന അവസ്ഥയിൽ നിന്ന് അവൻ നിർമിക്കപ്പെട്ടു" എന്നോ "അവൻ മറ്റൊരു സാരാംശത്തിൽ അഥവാ, സത്തയിൽ നിന്നാണ്" എന്നോ "അവൻ ഒരു സൃഷ്ടിയാണ്" എന്നോ "മാറ്റത്തിനും വ്യതിയാനത്തിനും വിധേയനാണ് " എന്നോ ദൈവപുത്രനെപ്പറ്റി പറയുന്ന എല്ലാവരെയും കാതോലികവും ശ്ലൈഹികവുമായ സഭ പുറന്തള്ളുന്നു."

അതിഭക്തനായ അഗസ്റ്റസ്, ദിവ്യവും ശ്ലൈഹികവുമായ ഈ വിശ്വാസത്തിൽ എല്ലാവരും ഉറച്ചുനിൽക്കണം. പ്രേരകപ്രധാനമായ യുക്തിവിചാരം കൊണ്ടോ, പദങ്ങളെ ചൊല്ലിയുള്ള തർക്കങ്ങൾ കൊണ്ടോ അതു മാറ്റാൻ ആരും പരിശ്രമിക്കരുത്. ആരിയൻ കിറുക്കന്മാർ ആരംഭം മുതൽ ഇതാണ് ചെയ്തത്. അവർ പറഞ്ഞു: "ദൈവപുത്രൻ ഇല്ലായ്മയിൽ നിന്നാണ്. അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു. അവൻ സൃഷ്ടിക്കപ്പെട്ടവനും നിർമിക്കപ്പെട്ടവനും വ്യതിയാനവിധേയനുമാണ്." അതുകൊണ്ട്, ഞാൻ പറഞ്ഞതുപോലെ,നിഖ്യാകൗൺസിൽ ഈ പാഷണ്ഡതയെ ശപിക്കുകയും സത്യവിശ്വാസം ഏറ്റുപറയുകയും ചെയ്തു. "പുത്രൻ പിതാവിനെ പോലെ ആണ് " എന്ന് അവർ വെറുതെ പറഞ്ഞില്ല. ലളിതമായി, ദൈവത്തെ പോലെയാണെന്നല്ല പിന്നെയോ, ദൈവത്തിൽ നിന്നുള്ള ദൈവമായിട്ടത്രേ വിശ്വസിക്കേണ്ടത്.

അവർ സമസത്ത (ഹോമോഉസിയോസ്) എന്ന പദം അംഗീകരിച്ചു. കാരണം, അത് സത്യപിതാവിൽ നിന്ന് സ്വാഭാവികമായുണ്ടായ സത്യ പുത്രനെ യഥാർഥമായി സൂചിപ്പിക്കുന്നതാണ്. എങ്കിലും പരിശുദ്ധാത്മാവിനെ പിതാവിൽ നിന്നും പുത്രനിൽ നിന്നും വേർപെടുത്തിയില്ല. പിന്നെയോ, പരിശുദ്ധ ത്രിത്വത്തിന്റെ ഏകവിശ്വാസത്തിൽ, പിതാവിനോടും പുത്രനോടും കൂടെ പരിശുദ്ധാത്മാവിനെ മഹത്വപ്പെടുത്തി. കാരണം, പരിശുദ്ധ ത്രിത്വത്തിന്റെ ദൈവത്വം ഏകമാണ്."

## അധ്യായം 4

# ജോവിയന്റെ മരണം

ഈ കത്തു കിട്ടിയതോടുകൂടി ദിവ്യകാര്യങ്ങളിൽ ചക്രവർത്തിക്ക് ഉണ്ടായിരുന്ന അറിവും താൽപ്പര്യവും ഉറപ്പിക്കപ്പെട്ടു. കോൺസ്റ്റൻടൈൻ സഭകൾക്ക് നൽകിക്കൊണ്ടിരുന്ന ധാന്യത്തിന്റെ അളവ് പുനഃസ്ഥാപിക്കാൻ രണ്ടാമതൊരു കൽപ്പനവഴി ജോവിയൻ അനുശാസ്സിച്ചു. നമ്മുടെ

കർത്താവും രക്ഷകനുമായവനോട് പോരാട്ടത്തിനിറങ്ങിയ ജൂലിയനിൽ നിന്ന് പ്രതീക്ഷിക്കാവുന്നതുപോലെ, ഇത് നിർത്തലാക്കപ്പെട്ടിരുന്നു. ജൂലിയന്റെ ദുഷ്ടത നിമിത്തം ഉണ്ടായ ക്ഷാമത്താൽ കോൺസ്റ്റൻടൈൻ നിശ്ചയിച്ചത്ര ലെവി ശേഖരിക്കാൻ കഴിയാഞ്ഞതിനാൽ, മൂന്നിലൊന്നു കൊടുക്കാൻ ജോവിയൻ കൽപ്പിച്ചു. ക്ഷാമം നീങ്ങുമ്പോൾ മുഴുവൻ കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തു.

ഇത്തരം കൽപ്പനകൾ പുറപ്പെടുവിച്ചതിലൂടെ ആരംഭത്തിൽ തന്നെ വ്യതിരിക്തനായിത്തീർന്ന ജോവിയൻ ബോസ്ഫറസിലേക്ക് പോയി. എന്നാൽ ബിഥീനിയായുടെയും ഗലാത്യായുടെയും അതിർത്തിയിലുള്ള ദാദസ്ഥാൻ എന്ന ഗ്രാമത്തിൽവച്ച് അദ്ദേഹം മരിച്ചു. വളരെ കീർത്തിമാനായിട്ടാണ് അദ്ദേഹം ഈ ലോകംവിട്ട് പരലോകത്തിലേക്ക് യാത്രയായത്. അദ്ദേഹത്തിന്റെ കാരുണ്യം അനുഭവിച്ചവരെ അദ്ദേഹത്തിന്റെ മരണം ദുഃഖത്തിലാഴ്ത്തി. ഉന്നതാധികാരി നമ്മുടെ ദുഷ്ടതയ്ക്ക് നമ്മെ കുറ്റപ്പെടുത്താൻ, നല്ല വസ്തുക്കൾ നമ്മെ കാണിക്കുന്നു. പിന്നെ അവ നമ്മിൽ നിന്ന് എടുത്തുമാറ്റുന്നു എന്ന് എനിക്കു തോന്നുന്നു. തനിക്ക് ഇഷ്ടമുള്ളത് എത്ര പെട്ടെന്ന് നമുക്ക് തരാൻ അവിടുത്തേക്ക് കഴിയുമെന്ന് ആദ്യത്തേതിലൂടെ നമ്മെ പഠിപ്പിക്കുന്നു. രണ്ടാമത്തേതിലൂടെ, അതിനു നമ്മുടെ യോഗ്യതയില്ലായ്മയ്ക്ക് നമ്മെ കുറ്റപ്പെടുത്തുകയും മെച്ചപ്പെട്ട ജീവിതത്തിന് നമ്മെ ക്ഷണിക്കുകയും ചെയ്യുന്നു.

### അധ്യായം 5

## വലന്റീനിയനും വാലൻസും

ചക്രവർത്തിയുടെ പെട്ടെന്നുള്ള മരണവാർത്ത അറിഞ്ഞ സൈന്യം പിതാവിന്റെ മരണം എന്നപോലെ പൊട്ടിക്കരഞ്ഞു. തൽസ്ഥാനത്ത് വലന്റീനിയനെ ചക്രവർത്തിയായി തെരഞ്ഞെടുത്തു. വിഗ്രഹാലയത്തിൽ വച്ച് ഒരുത്തനെ തല്ലുകയും ജൂലിയൻ നാടുകടത്തുകയും ചെയ്ത ആളായിരുന്നു അദ്ദേഹം. വലന്റീനിയൻ ധൈര്യശാലിയും വിവേകിയും പക്വത വന്നവനും നീതിനിഷ്ഠനും ആകാരസൗഷ്ഠവം ഉള്ളവനുമായിരുന്നു. രാജകീയ പ്രൗഢിയുള്ളവനും ഉദാരശീലനുമായിരുന്നു.

സിംഹാസനത്തിന് പങ്കാളിയായി ഒരാളെ നിയമിക്കാൻ സൈന്യം ശ്രമിച്ചപ്പോൾ, അദ്ദേഹം പറഞ്ഞ പ്രശസ്ത വാക്കുകൾ സാർവത്രികമായി എല്ലാവരും ആവർത്തിച്ചിരുന്നു: "പടയാളികളേ, ഞാൻ ചക്രവർത്തി ആകുന്നതിനുമുമ്പ് സാമ്രാജ്യത്തിന്റെ കടിഞ്ഞാൺ എനിക്ക് തരേണ്ടത് നിങ്ങളാണ്. ഞാൻ ചുക്കാൻ പിടിച്ചശേഷം, രാജ്യത്തെപ്പറ്റി തീരുമാനിക്കേണ്ടത് നിങ്ങളല്ല. ഞാനാണ്." അദ്ദേഹം പറഞ്ഞത് സൈന്യം ആദരപൂർവം സ്വീകരിക്കുകയും അദ്ദേഹത്തിന്റെ അധികാരം സന്തോഷപൂർവം അംഗീ

കരിക്കുകയും ചെയ്തു. വലന്റീനിയൻ തന്റെ സഹോദരനെ പന്നോണിയായിൽ നിന്നു വിളിച്ചുവരുത്തി, രാജ്യഭരണത്തിൽ പങ്കാളിയാക്കി. അദ്ദേഹം ഒരിക്കലും അപ്രകാരം ചെയ്തിരുന്നില്ലെങ്കിലോ?

കറ തീർന്ന പ്രബോധനം അപ്പോഴും സ്വീകരിച്ചിട്ടില്ലാതിരുന്ന വാലൻസിന് ആസിയായുടെയും ഈജിപ്തിന്റെയും ചുമതല നൽകി. വലന്റീനിയൻ തനിക്കായി യൂറോപ്പ് മാറ്റിവച്ചു. അദ്ദേഹം പാശ്ചാത്യ പ്രോവിൻസുകളിലേക്ക് പോയി. സത്യമതം പ്രഘോഷിച്ചുകൊണ്ട് അവരെ എല്ലാ നീതിയിലും പ്രബോധിപ്പിച്ചു.

നിരവധി സിനഡുകളിൽ വിധിക്കപ്പെട്ട മിലാൻമെത്രാൻ ഔക്സെൻസ്യൂസ് മരിച്ചപ്പോൾ, ചക്രവർത്തി മെത്രാന്മാരെ വിളിച്ചുകൂട്ടി ഇപ്രകാരം പറഞ്ഞു:‘‘നിങ്ങൾ തിരുലിഖിതത്തിൽ അഭ്യസിപ്പിക്കപ്പെട്ടതിനാൽ, മെത്രാൻസ്ഥാനത്തു വരുന്ന ആളിന്റെ സ്വഭാവം എന്തായിരിക്കണമെന്നും അയാൾ തന്റെ ജനത്തെ വാക്കുകൊണ്ടു മാത്രമല്ല, ജീവിതം കൊണ്ടും എങ്ങനെ ഭരിക്കണമെന്നും നിങ്ങൾക്ക് നന്നായി അറിയാമല്ലോ. അയാൾ എല്ലാത്തരം സുകൃതങ്ങളുടെയും മാതൃക കാട്ടണം. തന്റെ പ്രബോധനത്തിന്റെ സാക്ഷ്യം സംസാരത്തിൽ കാണിക്കണം. അത്തരത്തിൽ പെട്ട ഒരാളെ ഇപ്പോൾ നിങ്ങളുടെ അതിരൂപതാ സിംഹാസനത്തിൽ ഇരുത്തണം. രാജ്യഭരണം നടത്തുന്ന നാം സത്യമായും അദ്ദേഹത്തിന്റെ മുമ്പിൽ തല വണങ്ങുകയും ഒരു വൈദ്യന്റെ സൗഖ്യദായക ശുശ്രൂഷ പോലെ അദ്ദേഹത്തിന്റെ കുറ്റപ്പെടുത്തലുകൾ സ്വാഗതം ചെയ്യുകയും ചെയ്യും. നമ്മൾ മനുഷ്യർ ആയതിനാൽ, നാം ചിലപ്പോൾ ഇടറിവീഴാൻ ഇടയുണ്ട്.”

### അധ്യായം 6

## അംബ്രോസിന്റെ തെരഞ്ഞെടുപ്പ്

ചക്രവർത്തി ഇപ്രകാരം പറഞ്ഞെങ്കിലും, ബുദ്ധിമാനും ഭക്തനുമായ രാജകുമാരൻ എന്ന നിലയിൽ ചക്രവർത്തി തന്നെ അടുത്ത മെത്രാനെ തെരഞ്ഞെടുക്കാൻ മെത്രാന്മാർ അപേക്ഷിച്ചു. അപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞു: ‘‘ഇതെനിക്ക് ഭാരിച്ച ഉത്തരവാദിത്വമാണ്. ദിവ്യകൃപയാൽ അലംകൃതരും മുകളിൽ നിന്ന് പ്രകാശം ലഭിച്ചവരുമായ നിങ്ങളായിരിക്കും മെച്ചപ്പെട്ട തെരഞ്ഞെടുപ്പ് നടത്തുക.”

അവർ ഇമ്പീരിയൽ കൊട്ടാരം വിട്ട് ചർച്ച നടത്തി. ഇതിനിടെ മിലാൻ ജനത കക്ഷി തിരിഞ്ഞിരുന്നു. ചിലർ ഒരാൾക്കു വേണ്ടിയും മറ്റുചിലർ വേറൊരാൾക്കു വേണ്ടിയും നിലകൊണ്ടു. ഔക്സെൻസ്യൂസിന്റെ തെറ്റായ വീക്ഷണമുള്ളവർ അത്തരക്കാരനെ ആവശ്യപ്പെട്ടു. സത്യവിശ്വാസികൾ സത്യവിശ്വാസിയായ മെത്രാൻ വേണമെന്ന് താൽപര്യപ്പെട്ടു. പ്രദേശത്തിന്റെ ഗവർണറായിരുന്ന അംബ്രോസ്, തർക്കത്തെപ്പറ്റി അറിഞ്ഞപ്പോൾ, കലഹം

ഭയന്ന് പള്ളിയിൽ ഓടിയെത്തി. അപ്പോൾ എല്ലാവരും നിശ്ശബ്ദരായി. അവർ ഏകസ്വരത്തിൽ പറഞ്ഞു: "അംബ്രോസിനെ ഞങ്ങളുടെ ഇടയനാക്കുക.".

അദ്ദേഹം അപ്പോഴും സ്നാനം സ്വീകരിച്ചിരുന്നില്ല. ഇത് ചക്രവർത്തിയുടെ കാതുകളിലെത്തി. അയാളെത്തന്നെ സ്നാനപ്പെടുത്തി മെത്രാനാക്കാൻ ഉടൻ ചക്രവർത്തി കൽപ്പിച്ചു. കാരണം, അംബ്രോസിന്റെ വിധി തീർപ്പുകൾ കൃത്യമാണെന്നും ആശാരിയുടെ മുഴക്കോൽ പോലെ സത്യമാണെന്നും ത്രാസിന്റെ തട്ടിനേക്കാൾ കൃത്യമാണെന്നും ചക്രവർത്തി അറിഞ്ഞിരുന്നു.

കൂടാതെ, എതിർകക്ഷികളുടെ ഒത്തുതീർപ്പ് ദൈവിക തെരഞ്ഞെടുപ്പായി ചക്രവർത്തി അനുമാനിച്ചു. അപ്പോൾ അംബ്രോസ് വിശുദ്ധ സ്നാനത്തിന്റെ ദിവ്യദാനവും അതിരൂപതാധ്യക്ഷന്റെ കൃപയും സ്വീകരിച്ചു. തദവസരം അതിശ്രേഷ്ഠനായ ചക്രവർത്തിയും സന്നിഹിതനായിരുന്നു. അദ്ദേഹം താഴെപ്പറയുന്ന ഗീതം നമ്മുടെ രക്ഷകനായ കർത്താവിന് പാടി സമർപ്പിച്ചു: "സർവശക്തനായ കർത്താവും രക്ഷകനുമേ, ഞങ്ങൾ നിനക്ക് നന്ദി പറയുന്നു. ഈ മനുഷ്യന്റെ സംരക്ഷണത്തിന് ഞാൻ മനുഷ്യരുടെ ശരീരങ്ങളെ സമർപ്പിച്ചു. നീ അവന് ആത്മാക്കളെ ഭരമേൽപ്പിച്ച്, എന്റെ തെരഞ്ഞെടുപ്പ് നീതിപൂർവകമാണെന്ന് കാണിച്ചുതന്നു."

അധികം വൈകാതെ ദിവ്യനായ അംബ്രോസ് വളരെ സ്വാതന്ത്ര്യത്തോടു കൂടി ചക്രവർത്തിയോട് സംസാരിച്ചു. ചില ന്യായാധിപന്മാരുടെ ചെയ്തികളിൽ ഉചിതമല്ലാത്തതിന് കുറ്റപ്പെടുത്തി. ഈ സ്വാതന്ത്ര്യം തനിക്ക് പുത്തരിയല്ലെന്നും ഇത് പരിചിതമാണെന്നും പറഞ്ഞ്, എതിർപ്പൊന്നും പ്രകടിപ്പിക്കാതെ, മെത്രാൻസ്ഥാനത്തുള്ള നിയമനം സസന്തോഷം ഉറപ്പിച്ചു: "ഞങ്ങളുടെ ആത്മാക്കളുടെ തെറ്റുകൾ സുഖമാക്കി, ദൈവികനിയമം അനുശാസ്സിക്കുന്നതുപോലെ ചെയ്യുക"എന്നും പറഞ്ഞു. ഇത്തരത്തിൽ ആയിരുന്നു മിലാനിൽ വലന്റീനിയന്റെ വാക്കുകളും പ്രവൃത്തികളും.

## അധ്യായം 7

# സമസത്ത സംബന്ധിച്ച് വലന്റീനിയന്റെ കത്ത്

ഇല്ലീറിയായിൽ ഒരു കൗൺസിൽ കൂടാൻ വലന്റീനിയൻ കൽപ്പിച്ചു. തർക്കിക്കുന്നവർക്ക്, അവിടെ കൂടിയ മെത്രാന്മാർ അംഗീകരിച്ച ഡിക്രികൾ അയച്ചുകൊടുത്തു. നിഖ്യായിൽ അംഗീകരിച്ച വിശ്വാസപ്രമാണം മുറുകെ പിടിക്കാൻ അവർ തീരുമാനിച്ചു. ഈ ഡിക്രികൾ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും തന്റെ സഹോദരനെയും ഈ കത്തിൽ ബന്ധപ്പെടുത്തിക്കൊണ്ടും ചക്രവർത്തി അവർക്കെഴുതി.

ഇത് വ്യക്തമായി ചക്രവർത്തിയുടെ ഭക്തി വെളിപ്പെടുത്തുകയും

അക്കാലത്ത് വാലൻസിന് ദൈവികപ്രബോധനങ്ങളിലുള്ള കൃത്യത തുറന്നു കാട്ടുകയും ചെയ്യുന്നു. അതുകൊണ്ട് ഈ കത്ത് പൂർണമായി നൽകുന്നു:

"പ്രതാപവാന്മാരും മഹനീയമായി വിജയശ്രീലാളിതരും ശക്തരുമായ വലന്റീനിയൻ, വാലൻസ്, ഗ്രേഷ്യൻ എന്നീ ചക്രവർത്തിമാർ, ആസിയാ, ഫ്രീജിയാ, കാരോഫ്രീജിയാ പക്കത്തിയാനാ എന്നിവിടങ്ങളിലെ മെത്രാന്മാർക്ക് കർത്താവിൽ അഭിവാദനങ്ങൾ."

"ഇല്ലീറിയായിൽ ഒരു വലിയ കൗൺസിൽ കൂടി. രക്ഷയുടെ വചനം സംബന്ധിച്ച് വളരെ ചർച്ചകൾക്കുശേഷം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വം ഏകസത്തയാണെന്ന് *(ഹോമോഉസിയോസ്)* അതിപരിശുദ്ധ മെത്രാന്മാർ പ്രഖ്യാപിച്ചു. ത്രിത്വത്തിന് നൽകുന്ന ആരാധന, മഹാരാജാവിന് നൽകേണ്ട ബഹുമാന സേവനത്തെ ലഘൂകരിക്കുന്നില്ല. ഈ ത്രിത്വം പ്രഘോഷിക്കപ്പെടണം. ഞങ്ങൾക്ക് രക്ഷാസന്ദേശം നൽകിയവനെ പരിഗണിക്കാതെ, ഈ ലോകം ഭരിക്കുന്ന ചക്രവർത്തിമാരുടെ മതം ഞങ്ങൾ സ്വീകരിക്കുന്നു എന്ന് ആരും പറയാതിരിക്കട്ടെ. ഈ വിധിതീർപ്പ് ഉൾക്കൊള്ളുന്ന നമ്മുടെ ദൈവത്തിന്റെ സുവിശേഷം പറയുന്നതുപോല, "നാം സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കണം"(മത്താ.22,21).

"രക്ഷയുടെ വചനത്തിന്റെ വക്താക്കളായ മെത്രാന്മാരേ, നിങ്ങൾ എന്തു പറയുന്നു? ഇതാണ് നിങ്ങളുടെ ശുശ്രൂഷയെങ്കിൽ, പരസ്പരം സ്നേഹിക്കുവിൻ. ഇമ്പീരിയൽ മഹത്വത്തെ അവമതിക്കാതിരിക്കുവിൻ. ശ്രദ്ധാപൂർവം ദൈവത്തെ സേവിക്കുന്നവരെ മേലിൽ പീഡിപ്പിക്കാതിരിക്കുവിൻ. അവരുടെ പ്രാർഥനകൾവഴി ധരയിൽനിന്ന് യുദ്ധം ഒഴിവാകുകയും വഴിപിഴച്ച മാലാഖമാരുടെ കടന്നാക്രമണം തടയപ്പെടുകയും ചെയ്യുന്നു. ഉപദ്രവകരമായ എല്ലാ പിശാചുക്കളെയും പ്രതിരോധിക്കാൻ പരിശ്രമിച്ചു കൊണ്ട്, നിയമം അനുശാസ്സിക്കുന്ന ബഹുമാനം കൊടുക്കാനും, തങ്ങളുടെ ഭരണാധികാരിയുടെ അധികാരത്തെ നിഷേധിക്കാതിരിക്കാനും അവർക്കറിയാം. അവർ ശുദ്ധ മനസ്സാക്ഷിയോടെ സ്വർഗീയ രാജാവിന്റെ കൽപ്പനകൾ കാത്തുസൂക്ഷിക്കുകയും നമ്മുടെ നിയമങ്ങൾക്ക് വിധേയരായിരിക്കുകയും ചെയ്യുന്നു. നാം എല്ലാ അനുയോജ്യസംഗതികളും പ്രയോഗിച്ചു നോക്കി. എന്നാൽ നിങ്ങൾ എല്ലാം പരിത്യജിച്ചുകളഞ്ഞു."

"ക്രിസ്തു നമ്മുടെ ഇടയിൽ ജീവിച്ചപ്പോൾ വിസ്താരാവസരം യഹൂദർ അവിടുത്തെ കൊല്ലാൻ മുറവിളി കൂട്ടി. അപ്പോൾ പീലാത്തോസ് കിഴക്കോട്ടു തിരിഞ്ഞ് വെള്ളം ആവശ്യപ്പെടുകയും വെള്ളമെടുത്ത് കൈ കഴുകുകയും ചെയ്തു. "ഈ നീതിമാന്റെ രക്തത്തിൽ ഞാൻ നിഷ്കളങ്കനാണ്" എന്ന് പീലാത്തോസ് പറഞ്ഞതുപോലെ, ഞങ്ങൾ നിങ്ങളുടെ കാര്യത്തിൽ സംശുദ്ധരായിരിക്കാൻ ആഗ്രഹിക്കുന്നു (മത്താ. 27,24)."

"ഇപ്രകാരം, ക്രിസ്തുവിന്റെ വയലിൽ അധ്വാനിക്കുന്നവരെ പീഡിപ്പിക്കാനോ, ക്ലേശിപ്പിക്കാനോ, മോശമായി അവരോട് പെരുമാറാനോ

www.malankaralibrary.com 

മഹാരാജാവിന്റെ ദാസരെ നാടുകടത്താനോ പാടില്ലെന്ന് നാം സ്ഥിരമായി ആജ്ഞാപിച്ചിട്ടുള്ളതാണ്. നമ്മുടെ ഭരണത്തിൻ കീഴിൽ നിങ്ങൾ അഭിവൃദ്ധി പ്പെട്ട് വർധിക്കണം. സ്കറിയായുടെ രക്തത്തിന്റെ കാര്യത്തിൽ എന്നപോലെ, നിങ്ങളുടെ ദുരുപദേശകനോടുകൂടെ അവിടുത്തെ ഉടമ്പടി ചവിട്ടി മെതിക്കപ്പെടാതിരിക്കട്ടെ. എന്നാൽ അവനും അവന്റെ സഖികളും നമ്മുടെ സ്വർഗീയ രാജാവായ യേശുക്രിസ്തുവിന്റെ വരവിൽ തകർക്കപ്പെട്ടു. അവരെയും അവരെ പ്രേരിപ്പിച്ച മാരകശത്രുവിനെയും മാരകവിധിക്ക് അവൻ കൈയാളിച്ചു."

"നാം ഈ കൽപ്പനകൾ അമെഗെതിയുസിനും സെറോണിയുസിനും ദമാസൂസിനും ലംപോനും ബ്രെന്തീസിയുസിനും വാക്കാൽ നൽകിയിട്ടുണ്ട്. ആ മഹനീയ സിനഡിൽ നടന്നത് എന്താണെന്നറിയാൻ നാം നിങ്ങൾക്കും ആ ഡിക്രികൾ അയച്ചിട്ടുണ്ട്. ഈ കത്തോടുകൂടി സിനഡിന്റെ ഡിക്രികൾ ചുരുക്കമായി നാം കൂട്ടിച്ചേർക്കുന്നു."

"വലിയ ഓർത്തഡോക്സ് സിനഡനുസരിച്ച്, പുത്രൻ പിതാവിനോടു കൂടെ ഏകസത്തയാണെന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ചിലർ മുമ്പ് വ്യാഖ്യാനിച്ചതു പോലെയല്ല ഏകസത്ത എന്ന പദം നാം മനസ്സിലാക്കുന്നത്. അവർ കാപട്യത്തോടു കൂടെയാണ് അതിൽ ഒപ്പുവച്ചത്. പുരാതന വിശ്വാസ പ്രമാണം രൂപീകരിച്ചവരെ ഇക്കാലത്ത് ചിലർ പിതാക്കന്മാർ എന്നു വിളിക്കുന്നെങ്കിലും, വാക്കിന്റെ അർഥം മാറ്റിക്കളയുന്നു. *ഏകസത്ത* എന്നത് *പിതാവിനെ പോലെ* എന്ന് മനസ്സിലാക്കുന്നു. പിതാവ് നിർമിച്ച ഒരു സൃഷ്ടിയോടും പുത്രനെ താരതമ്യപ്പെടുത്താൻ സാധിക്കാത്തതു കൊണ്ട്, അവൻ മാത്രമേ പിതാവിനെ പോലെ ഉള്ളു എന്ന് അവർ പറയുന്നു. ബഹുമാനരഹിതമായി ഇപ്രകാരം ചിന്തിക്കുന്നവർ പിതാവിന്റെ ഒരു പ്രത്യേക സൃഷ്ടിയായി പുത്രനെ നിർവചിക്കുന്നു. എന്നാൽ മൂന്നാളുകളിൽ, അതായത്, മൂന്ന് പരിപൂർണ *ഹ്യപ്പോസ്റ്റസിസുകളിൽ* പിതാവിനും പുത്രനും പരിശുദ്ധാത്മവിനും ഏകസത്തയാണെന്ന് നാം റോമിലും ഗാളിലും നടന്ന സമീപകാല സിനഡുകളോടൊപ്പം മുറുകെ പിടിക്കുന്നു. പിതാവുമായി ഏകസത്തയായ ദൈവപുത്രൻ വിശുദ്ധ കന്യകാമറിയത്തിൽ നിന്ന് ജഡം ധരിച്ച് മനുഷ്യരുടെ ഇടയിൽ കൂടാരമടിച്ചു. തന്റെ ജനനത്തിലും പീഡാനുഭവത്തിലും ഉത്ഥാനത്തിലും സ്വർഗാരോഹണത്തിലും നമുക്കു വേണ്ടി എല്ലാ വ്യാപാരങ്ങളും പൂർത്തിയാക്കിയെന്ന് നിഖ്യായിലെ വിശദീകരണം അനുസരിച്ച് നാം ഏറ്റുപറയുന്നു. ഓരോരുത്തരുടെയും ജീവിതരീതി അനുസരിച്ച് പ്രതിഫലം നൽകാൻ ന്യായവിധിദിവസം അവൻ വീണ്ടും വരും. അവൻ ജഡത്തിൽ ആയിരുന്നു കൊണ്ടും തന്റെ ദിവ്യശക്തി വെളിപ്പെടുത്തിക്കൊണ്ടും ദൈവവാഹക ശരീരമായി കാണപ്പെട്ടു. മനുഷ്യനെ വഹിക്കുന്ന ദൈവത്വമായിട്ടല്ല."

''ജനിപ്പിക്കപ്പെടുന്നതിനു മുമ്പ് പുത്രൻ ഇല്ലായിരുന്നു'' എന്ന് പറയുകയും, യഥാർഥത്തിൽ ജനിപ്പിക്കപ്പെടുന്നതിനു മുമ്പു തന്നെ അവൻ സാധ്യമാംവണ്ണം പിതാവിലായിരുന്നു എന്ന് എഴുതുകയും ചെയ്തവരെ ആത്മാർഥമായി ശപിക്കാത്തവരെ നാം ശപിക്കുന്നതുപോലെ, മറിച്ചു ചിന്തിക്കുന്നവരെയും നാം ശപിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇത് എല്ലാ

സൃഷ്ടികളെ സംബന്ധിച്ചും വാസ്തവമാണ്. പുത്രൻ സദാ പിതാവിനോടു കൂടെയാണ് എന്ന രീതിയിലല്ല സൃഷ്ടികൾ സദാ പിതാവിനോടുകൂടെ ആയിരിക്കുന്നത്. പുത്രൻ നിത്യമായ ജനനത്താൽ ജനിപ്പിക്കപ്പെട്ടവനാണ്." ചക്രവർത്തി എഴുതിയതിന്റെ രത്നച്ചുരുക്കം ഇതാണ്. സിനഡിന്റെ രേഖ താഴെ ചേർക്കുന്നു.

### അധ്യായം 8

## ഇല്ലീറിയാ സിനഡിന്റെ കത്ത്

"ദൈവത്തിന്റെ സഭകൾക്കും, ആസിയാ, ഫ്രീജിയാ, കാരോഫ്രീജിയാ പക്കത്തിയാനാ എന്നീ രൂപതകളിലെ മെത്രാന്മാർക്കും കർത്താവിൽ ആശംസകൾ.

ഒന്നിച്ചുകൂടി, രക്ഷയുടെ വചനം സംബന്ധിച്ച് സുദീർഘമായ അന്വേഷണം നടത്തിയശേഷം, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വം ഏകസത്തയാണെന്ന് ഞങ്ങൾ പ്രസ്താവിക്കുന്നു. നിങ്ങൾക്ക് ഒരു കത്തയക്കുന്നത് ഉചിതമെന്ന് ഞങ്ങൾക്ക് തോന്നി. ത്രിത്വാരാധനയെ പറ്റി അർഥശൂന്യമായ ചർച്ചയ്ക്കു വേണ്ടിയല്ല, പിന്നെയോ, താഴ്മയിൽ ഞങ്ങളുടെ കടമയാണെന്ന് കരുതിയാണ്.

ഞങ്ങളുടെ സഹശുശ്രൂഷകനും വത്സലസഹോദരനുമായ എൽപീദിയുസ് വഴി ഞങ്ങൾ ഈ കത്ത് കൊടുത്തുവിടുന്നു. ഞങ്ങളുടെ കത്തിലല്ല, പിന്നെയോ, നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ ഗ്രന്ഥങ്ങളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:"ഞാൻ പൗലോസിന്റേതാണ്, ഞാൻ അപ്പോളോസിന്റേതാണ്, ഞാൻ കേപ്പായുടേതാണ്, ഞാൻ ക്രിസ്തുവിന്റേതാണ്. പൗലോസാണോ നിങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടത്? അഥവാ, പൗലോസിന്റെ നാമത്തിലാണോ നിങ്ങൾ സ്നാനപ്പെട്ടത്?"(1കൊറി.1,12).

പിതാവിൽ നിന്നും പുത്രനിൽ നിന്നും പരിശുദ്ധാത്മാവിനെ വേർപെടുത്തിക്കൊണ്ട്, നിങ്ങളുടെ ഭരണത്തിൻ കീഴിലുള്ള പ്രദേശങ്ങളിലെല്ലാം നിങ്ങളുടെ പ്രസംഗം ഉളവാക്കിയ നടുക്കം നിമിത്തം നിങ്ങൾക്ക് എഴുതാതിരിക്കുന്നതാണ് ഉചിതമെന്ന് ഞങ്ങൾക്ക് തോന്നി. അതുകൊണ്ട് നിങ്ങളുടെ പ്രസംഗം യഥാർഥത്തിൽ ഇത്തരത്തിൽ ഉള്ളതാണോയെന്ന് ഉറപ്പുവരുത്താൻ ഞങ്ങളുടെ സഹശുശ്രൂഷകനും ശ്രേഷ്ഠനുമായ എൽപീദിയൂസിനെ നിങ്ങളുടെ പക്കലേക്ക് അയക്കാനും റോമിലെ ഇമ്പീരിയൽ ഗവൺമെന്റിൽ നിന്നുള്ള ഈ കത്ത് അവിടെ കൊണ്ടുവരാനും ഞങ്ങൾ നിർബന്ധിതരായി.

ത്രിത്വം ഏകസത്തയാണെന്ന് പരിഗണിക്കാത്തവർ ശപിക്കപ്പെട്ടവരാകട്ടെ. അവരുമായി കൂട്ടായ്മ പുലർത്തുന്നവരായി കണ്ടെത്തപ്പെടുന്നവരും ശപിക്കപ്പെടട്ടെ. ത്രിത്വം ഏകസത്തയാണെന്ന് പ്രസംഗിക്കുന്നവർക്ക് സ്വർഗ

രാജ്യം സജ്ജമാക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, സഹോദരങ്ങളേ, മറ്റൊരു പ്രബോധനവും പഠിപ്പിക്കരുത്. മറ്റൊരു വ്യർഥവിശ്വാസവും മുറുകെ പിടിക്കരുത്. പിന്നെയോ, ത്രിത്വം ഏകസത്തയാണെന്ന് എല്ലായിടത്തും എപ്പോഴും പ്രസംഗിക്കണമെന്ന് ഞങ്ങൾ നിങ്ങളെ ഉപദേശിക്കുന്നു. അങ്ങനെ നിങ്ങൾക്ക് സ്വർഗരാജ്യം അവകാശമാക്കാൻ സാധിക്കും.

ഇതേപ്പറ്റി എഴുതിയ കൂട്ടത്തിൽ, മെത്രാന്മാരായി നമ്മുടെ സഹ ശുശ്രൂഷകരെ ഇപ്പോഴും ഭാവിയിലും നിയമിക്കുന്നതിനെ കുറിച്ചും നിങ്ങൾക്കെഴുതാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സർക്കാർ ജോലികളിൽ ശ്രദ്ധാർഹരായ സത്യവിശ്വാസികൾ ഉണ്ടെങ്കിൽ അവരെയാക്കാം. അത്തരക്കാർ ഇല്ലെങ്കിൽ, പ്രെസ്ബിറ്റർമാരുടെ ഗണത്തിൽ നിന്നാകാം. അതുപോലെ വൈദിക ഗണത്തിൽ നിന്ന് പ്രെസ്ബിറ്റർമാരെയും ഡീക്കന്മാരെയും നിയമിക്കാം. അവർ എല്ലാ കാര്യങ്ങളിലും കുറ്റമറ്റവർ ആയിരിക്കണം. സെനറ്റർമാരിൽ നിന്നും സൈന്യത്തിൽ നിന്നും ആരെയും നിയമിക്കരുത്.

നിങ്ങൾക്ക് നീണ്ട ഒരു കത്തെഴുതാൻ ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല. കാരണം, ഞങ്ങളുടെ സഹശുശ്രൂഷകനും ഞങ്ങളുടെയെല്ലാം പ്രതിനിധിയും പ്രിയങ്കരനുമായ എൽപീദിയുസ്, സഹശുശ്രൂഷകനായ എവുസ്താത്യോസിൽ നിന്നു ഞങ്ങൾ കേട്ടതു പോലെയാണോയെന്ന് നിങ്ങളുടെ പ്രബോധനത്തെപ്പറ്റി സൂക്ഷ്മമായി അന്വേഷിക്കട്ടെ. ചുരുക്കത്തിൽ, നിങ്ങൾ എപ്പോഴെങ്കിലും തെറ്റിൽ ഉൾപ്പെട്ടിരുന്നെങ്കിൽ, പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ്, പുതിയ മനുഷ്യനെ ധരിക്കുവിൻ. സത്യവിശ്വാസം എപ്രകാരം പ്രഘോഷിക്കണമെന്ന് എൽപീദിയുസ് നിങ്ങളെ പഠിപ്പിക്കുന്നതാണ്.

അതായത്, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ പരിശുദ്ധ ത്രിത്വം ഏകസത്തയായി വിശുദ്ധീകരിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും അറിയപ്പെടുകയും ചെയ്യുന്നു. പിതാവ് പുത്രനിലും, പുത്രൻ എന്നുമെന്നേക്കും പരിശുദ്ധാത്മാവിനോടു കൂടെ പിതാവിലുമാണ്. ഇത് സുവ്യക്തമാകയാൽ, വിശുദ്ധ ത്രിത്വം ഏകസത്തയാണെന്ന്, മുമ്പ് നിഖ്യായിൽ അവതരിപ്പിച്ച വിശ്വാസം അനുസരിച്ചും പിതാക്കന്മാർ ഉറപ്പിച്ചതനുസരിച്ചും നമുക്ക് സ്പഷ്ടമായി ഏറ്റുപറയാം. ഈ വിശ്വാസം പ്രഘോഷിക്കുന്നിടത്തോളം കാലം മാരകമായ പൈശാചിക കെണികളെ ഒഴിവാക്കാൻ നമുക്കു കഴിയും. അവനെ തകർത്തു കഴിഞ്ഞാൽ, നാം സമാധാനത്തിൽ ജീവിക്കുന്നതിനാൽ സമാധാനക്കത്തുകൾ കൈമാറാൻ നമുക്ക് കഴിയും.

അതുകൊണ്ട്, ആരിയൻ ഭ്രാന്തന്മാരുടെ പ്രബോധനം നിങ്ങൾ അറിയാനാണ് ഞങ്ങൾ നിങ്ങൾക്ക് എഴുതിയത്. പുത്രൻ പിതാവുമായും പരിശുദ്ധാത്മാവുമായും ഏകസത്തയാണെന്ന് അവർ ഏറ്റുപറയുന്നില്ല. ഞങ്ങൾ അവരുടെ പേരുകൾ താഴെ ചേർക്കുന്നു: പോളിക്രോണിയുസ്, തെലെമാക്കുസ്, ഫൗസ്തുസ്, അസ്ക്ലെപ്പിയാദെസ്, അമാൻസ്യൂസ്, ക്ലെയോപാതെർ.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും എന്നുമെന്നേക്കുമുള്ള മഹത്വത്തിനാണ് ഞങ്ങൾ ഇപ്രകാരം എഴുതുന്നത്. നിങ്ങൾ

അനേകവർഷം സസുഖം ജീവിക്കാൻ ഞങ്ങൾ പിതാവിനോടും പരിശുദ്ധാത്മാവിനോടുമൊപ്പം നമ്മുടെ രക്ഷകൻ യേശുക്രിസ്തു എന്ന പുത്രനോടും പ്രാർഥിക്കുന്നു."

## അധ്യായം 9

# ഔദിയാന്യരുടെ പാഷണ്ഡത

മഹനീയനായ ചക്രവർത്തി ശ്ലൈഹിക ഡിക്രികൾ പരിഗണിച്ചിരുന്നു. എന്നാൽ ഭാഷയിലും വർഗത്തിലും ഔദാ എന്ന സിറിയാക്കാരൻ പുതിയ തത്വങ്ങളുമായി പ്രത്യക്ഷപ്പെട്ടു. അവൻ തന്റെ ദുഷ്ടത വളരെ നേരത്തെ വികസിപ്പിക്കാൻ തുടങ്ങി. എന്നാൽ ഇപ്പോൾ അതിന്റെ തനിനിറം വെളിച്ചത്തുവന്നു. "നമുക്ക് മനുഷ്യനെ നമ്മുടെ ച്ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കാം'' എന്നത് തലതിരിഞ്ഞ രീതിയിൽ അയാൾ മനസ്സിലാക്കി (ഉൽപ്പ.1,26). വേണ്ടത്ര തിരുലിഖിതപരിജ്ഞാനം ഇല്ലാത്തതിനാൽ, ദിവ്യയാഥാർഥ്യത്തിന് മാനുഷികരൂപം ഉണ്ടെന്ന് അവൻ ധരിച്ചുവശായി. ദൈവത്തിന് ശരീരഭാഗങ്ങൾ ഉണ്ടെന്നും അവൻ വിഭാവന ചെയ്തു. തിരുലിഖിതം മിക്കപ്പോഴും ദിവ്യപ്രവർത്തനങ്ങൾ മാനുഷിക രീതിയിൽ അവതരിപ്പിക്കാറുണ്ട്. അഭൗമികാശയങ്ങൾ ഗ്രഹിക്കുന്നതിന് മനുഷ്യമനസ്സ് അശക്തമാകയാൽ, ഈ രീതിയിൽ ദൈവികപരിപാലന മനുഷ്യർക്ക് സുഗ്രാഹ്യമാകുന്നു. ഇതോടുകൂടെ ഇതുപോലുള്ള മറ്റു പല അഭക്തികളും ഔദാ കൂട്ടിച്ചേർത്തു. അയാൾ മാനിയിൽ നിന്ന് ചിലതൊക്കെ സ്വീകരിച്ചു. പ്രപഞ്ചത്തിന്റെ ദൈവം അഗ്നിയുടെയും അന്ധകാരത്തിന്റെയും കർത്താവല്ലെന്നും തട്ടിവിട്ടു. എന്നാൽ അയാളുടെ അനുയായികൾ ഇവയും ഇതുപോലുള്ള മറ്റു തെറ്റുകളും മറച്ചുവച്ചു.

അവരെ സഭായോഗങ്ങളിൽ നിന്ന് മാറ്റി നിർത്തിയിരിക്കുന്നെന്ന് അവർ ആരോപിക്കുന്നു. അവരിൽ ചിലർ അമിതപലിശ വാങ്ങുന്നു. ചിലർ വിവാഹം കഴിക്കാതെ സ്ത്രീകളെ കൂടെ താമസിപ്പിക്കുന്നു. ഇവയെപ്പറ്റി അജ്ഞരായ നിഷ്കളങ്കർ ഇത്തരക്കാരുമായി സഹകരിച്ചുകഴിയുന്നു. അവർ തങ്ങളുടെ പ്രബോധനത്തിലെ ദൈവദൂഷണം മറച്ചുവച്ച് തോന്നിയതുപോലെ ജീവിക്കുന്നു. അവരുടെ വാദം നാണംകെട്ടതാണ്. അത് ഫരിസേയരുടെ പ്രബോധനത്തിന്റെ സ്വാഭാവിക ഫലമാണ്. കാരണം, ആത്മശരീരങ്ങളുടെ വൈദ്യനെ അവർ കുറ്റപ്പെടുത്തിക്കൊണ്ട്, വിശുദ്ധ ശ്ലീഹന്മാരോട് അവർ ചോദിക്കുന്നു:''എന്തുകൊണ്ടാണ് നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടുംകൂടെ ഭക്ഷിക്കുന്നത്?''(മർക്കോ. 2,16). ഇത്തരക്കാരോട് പ്രവാചകനിലൂടെ ദൈവം പറയുന്നു: "ഞാൻ പരിശുദ്ധൻ ആയതിനാൽ നിങ്ങൾ എന്നെ സമീപിക്കരുത്. ഇത് എന്റെ ക്രോധത്തിന്റെ പുകയാണ്" (ഏശാ.65,5). എന്നാൽ അവരുടെ തല തിരിഞ്ഞ തെറ്റിനെ ഖണ്ഡിക്കാനുള്ള സമയമല്ലിത്.

## അധ്യായം 10

# മെസ്സാലിയൻ പാഷണ്ഡത

ഇക്കാലത്ത് മെസ്സാലിയൻ പാഷണ്ഡതയും ഉടലെടുത്തു. ഗ്രീക്കിൽ *എവുക്കീതായ്* എന്ന് വിവർത്തനം ചെയ്യാം. അവരുടെ പ്രവർത്തന രീതിയിൽ നിന്ന് അവർക്ക് മറ്റൊരു പേരുകൂടിയുണ്ട്. അവർ ഏതോ പിശാചിന്റെ സ്വാധീനത്തിലായതിനാൽ *എന്തൂസിയാസ്തർ* (വിഭ്രാന്തി ഭരിതർ) എന്നും വിളിക്കപ്പെടുന്നു. അത് പരിശുദ്ധാത്മാവാസമായി അവർ പരിഗണിക്കുന്നു.

ഈ ബാധ പൂർണമായി ബാധിച്ചവർ കായികജോലികൾ ദുഷ്ടതരമെന്നു കരുതി ഉപേക്ഷിക്കുന്നു. അവർ അലസരായി കഴിഞ്ഞ്, തങ്ങളുടെ ദിവാസ്വപ്നങ്ങൾ പ്രവചനങ്ങളായി കരുതുന്നു. ദാദോസ്, സാബാസ്, അദെൽഫിയുസ്, ഹെർമാസ്, ശീമോൻ എന്നിവർ ഇവരുടെ നേതാക്കന്മാരാണ്. മറ്റുചിലർ സഭാകൂട്ടായ്മയിൽ നിന്ന് വേറിട്ടു നിൽക്കുന്നില്ല. "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവർ എന്നേക്കും ജീവിക്കും'' എന്ന് നമ്മുടെ ഗുരുവായ ക്രിസ്തു പറഞ്ഞ ദിവ്യഭക്ഷണത്തിൽ നിന്ന് നന്മയോ, തിന്മയോ ഉണ്ടാകുന്നില്ലെന്ന് ഇക്കൂട്ടർ പറയുന്നു (യോഹ.6,51.54).

അവരുടെ മണ്ടത്തരം മറച്ചുവയ്ക്കാനുള്ള പരിശ്രമത്തിൽ, ബോധ്യം വന്നശേഷവും അവർ നിർലജ്ജം നിഷേധിക്കുകയും അവരുടെ നിഗൂഢമായ അഭിപ്രായങ്ങളുമായി ഒത്തുപോകാത്തവരെ പരിത്യജിക്കുകയും ചെയ്യുന്നു. ഇക്കാലത്ത് മെലിറ്റീൻ സഭാധ്യക്ഷൻ ദൈവികതീക്ഷ്ണത നിറഞ്ഞ ലെതോയിയൂസായിരുന്നു. നിരവധി ആശ്രമങ്ങൾ, അഥവാ, കൊള്ളക്കാരുടെ ഗുഹകൾ, ഈ രോഗത്താൽ മത്തുപിടിച്ചിരുന്നെന്ന് അദ്ദേഹം കണ്ടു. അദ്ദേഹം അവ കത്തിക്കുകയും അജഗണത്തിൽ നിന്ന് ചെന്നായ്ക്കളെ ഓടിക്കുകയും ചെയ്തു.

അതുപോലെ ഇക്കോണിയത്തിലെ മഹനീയനായ ആംഫിലോക്കിയസ് ഈ പകർച്ചവ്യാധിയെ പറ്റി അറിഞ്ഞ ഉടൻ തന്നെ തന്റെ രൂപതാതിർത്തിയിൽ നിന്ന് ഈ ബാധയെ ആട്ടിപ്പുറത്താക്കി, തന്റെ അജഗണങ്ങളെ സംരക്ഷിച്ചു. ഇക്കൂട്ടർ എഡേസ്സായിൽ താമസിച്ച്, തങ്ങളുമായി ഇടപെടുന്നവരെ വിഷലിപ്തരാക്കുന്നു എന്നുകണ്ട് അന്ത്യോക്യയിലെ മഹാപുരോഹിതനും സുപ്രസിദ്ധനുമായ ഫ്ളാവിയൻ, ഒരുപറ്റം സന്യാസിമാരെ അവിടേക്കയച്ചു. അവർ പോയി ഈ വിഭാഗക്കാരെ അന്ത്യോക്യയിൽ എത്തിക്കുകയും താഴെ പറയുംവിധം അവരുടെ പാഷണ്ഡതയുടെ കള്ളി വെളിച്ചത്താക്കുകയും ചെയ്തു.

"അവരുടെ ആരോപകർ അവരെപ്പറ്റി ദൂഷണം പറയുന്നു, സാക്ഷികൾ കള്ളസാക്ഷി നൽകുന്നു'' എന്ന് ഫ്ളാവിയൻ പറഞ്ഞു. അവരുടെ

നേതാവായ അദെൽഫിയുസ് വയോവൃദ്ധനായിരുന്നു. ഫ്ളാവിയൻ അയാളുടെ അടുത്തുചെന്ന് ദയാപൂർവം സംസാരിച്ചു. തന്റെ സമീപത്ത് ഇരിക്കാൻ ക്ഷണിച്ചു. എന്നിട്ട് ഇപ്രകാരം പറഞ്ഞു:"വന്ദ്യദേഹമേ, വൃദ്ധരായ നമുക്ക് മനുഷ്യപ്രകൃതിയെ പറ്റിയും നമ്മെ എതിർക്കുന്ന പിശാചുക്കളെ പറ്റിയും കൂടുതൽ കൃത്യമായ അറിവുണ്ട്. കൃപാദാനത്തിന്റെ സ്വഭാവത്തെ പ്പറ്റി അനുഭവത്തിൽ നിന്നു നാം പഠിച്ചിട്ടുണ്ട്. എന്നാൽ ഇവയെപ്പറ്റി ചെറുപ്പ ക്കാർക്ക് വ്യക്തമായ അറിവില്ല. ആത്മീയകാര്യങ്ങളെപ്പറ്റി കേൾക്കാനുള്ള സഹിഷ്ണതയുമില്ല. അതുകൊണ്ട്, എതിർക്കുന്ന അരൂപികൾ എങ്ങനെ യാണ് പിൻവാങ്ങുന്നതെന്നും പരിശുദ്ധാത്മാവിന്റെ കൃപ പുറമേ നിന്നു വരുന്നതെന്നും പറഞ്ഞാലും."

ആ വൃദ്ധൻ ഈ വാക്കുകളാൽ മയങ്ങി തന്റെ നിഗൂഢവിഷം മുഴുവൻ പുറത്തെടുത്തു. വിശുദ്ധ സ്നാനം വഴി സ്വീകർത്താവിന് യാതൊരു പ്രയോജനവുമില്ല. പിന്നെയോ, തീക്ഷ്ണമായ പ്രാർഥനവഴി മാത്രമേ ഉള്ളിലുള്ള പിശാചിനെ പുറത്തു ചാടിക്കാൻ സാധിക്കൂ എന്ന് അയാൾ പറഞ്ഞു. കാരണം, ഈ ലോകത്തിലേക്ക് പിറന്നു വീഴുന്ന എല്ലാവരും ആദ്യപിതാവിൽ നിന്ന് തങ്ങളുടെ മനുഷ്യപ്രകൃതി പോലെ പിശാചുക്കളുടെ അടിമത്തവും സ്വീകരിക്കുന്നു. അവയെ ഓടിച്ചുകളയുമ്പോൾ, പരിശുദ്ധാ ത്മാവ് കടന്നുവരികയും തന്റെ സാന്നിധ്യത്തിന്റെ ദൃശ്യവും സ്പർശന വിധേയവുമായ അടയാളങ്ങൾ കാണിക്കുകയും ചെയ്യും. ഉടൻതന്നെ വികാരത്തള്ളലിൽ നിന്ന് ശരീരം സ്വതന്ത്രമാകുകയും തിന്മയിലേക്കുള്ള ചാച്ചിലിൽ നിന്ന് ആത്മാവ് വിമുക്തമാകുകയും ചെയ്യുന്നു. തദ്ഫലമായി പിന്നീട് ജഡത്തെ നിയന്ത്രിക്കാനുള്ള ഉപവാസം ആവശ്യമില്ല. അതിന് കടിഞ്ഞാണിടുന്ന പ്രബോധനമോ, പരിശീലനമോ ശരിയായി വ്യാപരിക്കാ നുള്ള ഉപദേശമോ വേണ്ടിവരികയില്ല. ഇത് ലഭിക്കുന്നവർക്ക് ശരീരത്തിന്റെ അനിയന്ത്രിത വികാരങ്ങളിൽ നിന്നുള്ള വിമുക്തി മാത്രമല്ല, ഭാവി മുൻകൂട്ടി കാണാനുള്ള കഴിവും പരിശുദ്ധ ത്രിത്വത്തിന്റെ ദർശനവും ലഭിക്കുന്നു."

ഈ രീതിയിൽ ദിവ്യനായ ഫ്ളാവിയൻ ദുഷിച്ച ഉറവ തന്നെ കുഴിച്ചെടു ക്കുകയും അതിന്റെ അരുവികൾ തുറന്നു കാട്ടുകയും ചെയ്തു. അദ്ദേഹം ആ വൃദ്ധനോട് ഇപ്രകാരം പറഞ്ഞു: "ഓ, ദുഷ്ടവഴികളിൽ വളർന്ന വൃദ്ധാ, നിന്റെ അധരങ്ങൾ തന്നെ നിന്നെ കുറ്റം വിധിച്ചിരിക്കുന്നു. നിന്റെ അധരങ്ങ ളാൽ, ഞാനല്ല, നീ തന്നെ നിനക്കെതിരെ സാക്ഷ്യം വഹിച്ചിരിക്കുന്നു.

അവരുടെ തെറ്റായ പ്രബോധനം തുറന്നു കാട്ടപ്പെട്ടപ്പോൾ അവരെ സിറിയായിൽ നിന്നു പുറത്താക്കി. അവർ പംഫീലിയായിലേക്ക് പിൻവാങ്ങി. അവർ അവിടം തങ്ങളുടെ പകർച്ചവ്യാധിയാൽ നിറച്ചു.

## അധ്യായം 11

# തെറ്റിൽ നിപതിച്ച വാലൻസ് ചക്രവർത്തി

സഭയ്ക്ക് കനത്ത ആഘാതമേൽപ്പിച്ച നിരവധി കൊടിയ തിരമാലകൾ ഇളക്കിവിട്ട കൊടുങ്കാറ്റിന്റെ ആരംഭത്തെ കുറിച്ച് വിവരിക്കാം. വാലൻസ് ഇമ്പീരിയൽ ബഹുമാനം സ്വീകരിച്ച കാലത്ത് ശ്ലൈഹിക പ്രബോധനത്തോട് വളരെ വിശ്വസ്തനായിരുന്നു. എന്നാൽ ഗോത്യർ ഡാന്യൂബ് നദി കടന്ന് ത്രേസ് കൊള്ളയടിച്ചപ്പോൾ, ഒരു സൈന്യത്തെ സംഘടിപ്പിച്ച് അവർക്കെതിരെ പുറപ്പെടാൻ അയാൾ തീരുമാനിച്ചു. തദനുസൃതം ദിവ്യകൃപ കൂടാതെ യുദ്ധത്തിന് ഇറങ്ങുകയില്ലെന്നുറച്ച് വിശുദ്ധ സ്നാനത്തിന്റെ സംരക്ഷണം തേടി. ഈ തീരുമാനം വളരെ ഉചിതമായിരുന്നു.

എന്നാൽ പിന്നീടുള്ള പെരുമാറ്റം സ്വഭാവത്തിലെ ചാഞ്ചാട്ടം വെളിപ്പെടുത്തുന്നതായിരുന്നു. അയാൾ സത്യം വിട്ടകന്നു. അയാളുടെ ദൗർഭാഗ്യം നമ്മുടെ ആദ്യപിതാവിന്റേതുപോലെ ആയിരുന്നു. അയാളും തന്റെ ഭാര്യയുടെ വാക്കുകൾക്ക് വിധേയനായി, തന്റെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുകയും ഒരു തടവുകാരനായി തീരുക മാത്രമല്ല, സ്ത്രീയുടെ നിസ്സാരവാക്കുകളുടെ അനുസരണമുള്ള ശ്രോതാവായി മാറുകയും ചെയ്തു. അയാളുടെ ഭാര്യ നേരത്തേ തന്നെ ആരിയൻ വലയിൽ കുടുങ്ങിയിരുന്നു. അവൾ തന്റെ ഭർത്താവിനെയും അതിനുള്ളിലാക്കി, അവളോടൊപ്പം ദൈവ ദൂഷണക്കുഴിയിൽ വീഴാൻ പ്രേരിപ്പിച്ചു. അവരുടെ നേതാവും നിയന്താവും എവുഡോക്സിയുസ് ആയിരുന്നു. അയാൾ അപ്പോഴും കോൺസ്റ്റാന്റിനോപ്പിൾ ഇളക്കി മറിച്ചുകൊണ്ടിരുന്നു. തദ്ഫലമായി കപ്പൽ മുമ്പോട്ട് നീങ്ങാതെ അടിത്തട്ടിലേക്ക് താണു.

## അധ്യായം 12

# മെത്രാന്മാരെ വാലൻസ് നാടുകടത്തുന്നു

വാലൻസിന്റെ സ്നാനാവസരം തന്നെ എവുഡോക്സിയുസ് ഈ ദുരന്തമനുഷ്യനെ തന്റെ പ്രബോധനത്തിൽ നിലനിർത്താനും എതിരഭിപ്രായക്കാരെ എല്ലായിടത്തു നിന്നും പുറത്താക്കാനും പ്രതിജ്ഞ ചെയ്യിച്ചു. ഇപ്രകാരം അയാൾ ശ്ലൈഹികപ്രബോധനം തിരസ്കരിക്കുകയും എതിർവിഭാഗത്തിലേക്ക് വഴുതി വീഴുകയും ചെയ്തു. അയാൾ അധികം വൈകാതെ അന്ത്യോക്യയിൽ നിന്ന് വലിയ മെലേഷ്യസിനെയും സാമസോട്ടായിൽ നിന്ന് ദിവ്യനായ എവുസേബിയസിനെയും ലവദീക്യയിൽ നിന്ന ശ്രേഷ്ഠനായ പെലാജിയുസിനെയും പുറത്താക്കി.

പെലാജിയുസ് ചെറുപ്പത്തിൽ വിവാഹിതൻ ആയിരുന്നെങ്കിലും,

വിവാഹദിവസം തന്നെ മണവറയിൽ വച്ച് ലൈംഗികബന്ധത്തേക്കാൾ ബ്രഹ്മചര്യജീവിതത്തിന് തന്റെ വധുവിനെ പ്രേരിപ്പിക്കുകയും വൈവാഹിക ബന്ധത്തേക്കാൾ ഭ്രാതൃസഹജസ്നേഹം അവളെ അഭ്യസിപ്പിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം ആത്മനിയന്ത്രണത്തെ ബഹുമാനിച്ചു. അതുമായി ചേർന്നുപോകുന്ന മറ്റുസുകൃതങ്ങളും സമ്പാദിച്ചു. ഇക്കാരണത്താൽ മെത്രാൻസ്ഥാനത്തേക്ക് ഏകയോഗമായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. എങ്കിലും അദ്ദേഹത്തിന്റെ പ്രകാശപൂരിതമായ ജീവിതവും പെരുമാറ്റവും ഒന്നും സത്യത്തിന്റെ ശത്രുവിനെ ഭയപ്പെടുത്തിയില്ല.

വാലൻസ് അദ്ദേഹത്തെ അറേബ്യയിലേക്കും മെലേഷ്യസിനെ അർമേനിയായിലേക്കും എവുസേബിയസിനെ ത്രേസിലേക്കും നാടുകടത്തി. ശ്ലൈഹിക ശുശ്രൂഷയിൽ ഒരിക്കലും തളരാത്തവനായിരുന്നു എവുസേബിയസ്. നിരവധി സഭകളിൽ ഇടയന്മാരില്ലെന്ന് മനസ്സിലാക്കി സൈനിക വേഷത്തിലും തല മൂടിക്കെട്ടിയും അദ്ദേഹം സിറിയായിലും ഫിനീഷ്യയിലും പലസ്തീനായിലും ചുറ്റിസഞ്ചരിച്ച്, പ്രെസ്ബിറ്റർമാരെയും ഡീക്കന്മാരെയും മറ്റു വൈദികസ്ഥാനികളെയും വാഴിച്ചു. തന്റെ ആശയം പകർന്നു കൊടുത്തു കൊണ്ട്, മെത്രാന്മാരില്ലാത്തിടത്ത് അധ്യക്ഷന്മാരെയും നിയമിച്ചു.

### അധ്യായം 13

## സാമസോട്ടായിലെ എവുസേബിയസ്

ത്രേസിലേക്ക് പോകാനുള്ള ഇമ്പീരിയൽ കൽപ്പന കിട്ടിയപ്പോൾ എവുസേബിയസ് ധൈര്യവും വിവേകവും കാട്ടി. കൽപ്പനയുമായി വന്നയാൾ സന്ധ്യാസമയത്താണ് മെത്രാന്റെ വസതിയിൽ എത്തിയത്. നിശ്ശബ്ദനായിരിക്കാനും താൻവന്ന കാര്യം വെളിപ്പെടുത്താതിരിക്കാനും എവുസേബിയസ് അയാളോട് പറഞ്ഞു. കാരണം, "ജനങ്ങൾ ദൈവിക തീക്ഷ്ണതയിൽ വളർന്നവരാണ്. താൻ വന്നത് എന്തിനാണെന്നറിഞ്ഞാൽ, അവർ മുക്കിക്കൊന്നുകളയും. നിന്റെ മരണത്തിന് ഞാനാണ് കാരണക്കാരനെന്ന് കരുതപ്പെടുകയും ചെയ്യും" എന്ന് മെത്രാൻ അയാളോട് പറഞ്ഞു. ഇപ്രകാരം പറഞ്ഞിട്ട് പതിവുള്ള സന്ധ്യാപ്രാർഥനയ്ക്കുശേഷം വൃദ്ധനായ മെത്രാൻ തനിയെ രാത്രിയിൽ പുറത്തേക്ക് നടന്നുപോയി. തന്നെ അനുഗമിച്ച തന്റെ ഭവനത്തിലെ ഒരു വിശ്വസ്തദാസനോടു മാത്രം യാത്രയുടെ ലക്ഷ്യം പറഞ്ഞു. നദീതീരത്ത് എത്തിയപ്പോൾ, ബോട്ടിൽ കയറി സോയിഗ്മായിലേക്ക് വിടാൻ കടത്തുകാരനോട് പറഞ്ഞു. ഏതാണ്ട് നേരം വെളുത്തപ്പോൾ അവിടെയെത്തി. സാമസോട്ടാ മുഴുവൻ കരച്ചിലും നിലവിളിയുമായി. മേൽപ്പറഞ്ഞ ദാസൻ എവുസേബിയസിന്റെ സ്നേഹിതരോട് അദ്ദേഹം നൽകിയ നിർദേശങ്ങൾ അറിയിച്ചു. തന്നോടൊത്ത് ആരൊക്കെ യാത്ര ചെയ്യണമെന്നും ഏതെല്ലാം ഗ്രന്ഥങ്ങൾ എടുക്കണമെന്നുമൊക്കെ അയാൾ

പറഞ്ഞു. തങ്ങളുടെ ഇടയനെ നീക്കിയതിൽ ജനക്കൂട്ടം കരഞ്ഞുനിലവിളിച്ചു. ആ നദി മുഴുവൻ യാത്രാവള്ളങ്ങൾ കൊണ്ട് തിങ്ങിനിറഞ്ഞു.

അദ്ദേഹം എത്തിയിടത്ത് അവരും എത്തി അദ്ദേഹത്തെ കണ്ടു. അവർ കരഞ്ഞുനിലവിളിച്ച് കണ്ണീരൊഴുക്കി. ചെന്നായ്ക്കൾക്ക് ആടുകളെ വിട്ടുകൊടുക്കാതെ, തിരികെ വരാൻ വേണ്ടി അവർ അദ്ദേഹത്തെ പ്രേരിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ ഒന്നും ഫലിച്ചില്ല. ന്യായാധിപന്മാർക്കും അധികാരികൾക്കും വിധേയരായിരിക്കാൻ വ്യക്തമായി കൽപ്പിക്കുന്ന ശ്ലൈഹികനിയമം അദ്ദേഹം അവരെ വായിച്ചുകേൾപ്പിച്ചു (തീത്തോ.3,1). അദ്ദേഹം ഏതോ അപരിചിതമായ വിദൂരനാട്ടിലേക്ക് യാത്രതിരിക്കാൻ പോകുന്നെന്ന് അവർ ഗ്രഹിച്ചു. ചിലർ സ്വർണവും മറ്റുചിലർ വെള്ളിയും ചിലർ വസ്ത്രങ്ങളും മറ്റുള്ളവർ ജോലിക്കാരെയും കൊണ്ടുവന്നു.

തന്റെ ചില അടുത്ത സ്നേഹിതരിൽ നിന്ന് വളരെ നിസ്സാര സാധനങ്ങളൊഴിച്ച് മറ്റൊന്നും അദ്ദേഹം എടുത്തില്ല. വന്നവരെയെല്ലാം ഉപദേശിച്ച് അവർക്കു വേണ്ടി പ്രാർഥിച്ചു. അദ്ദേഹം ഡാന്യൂബിലേക്കും അവർ അവരുടെ സ്വന്തം പട്ടണത്തിലേക്കും പോയി. ചെന്നായ്ക്കളുടെ ആക്രമണം ഉണ്ടാകുമ്പോൾ ഉറച്ചുനിൽക്കാൻ അവർ പരസ്പരം പ്രേരിപ്പിച്ചു. വിശ്വാസ സംബന്ധമായി അവരുടെ ആത്മാർഥതയും തീക്ഷ്ണതയും അനുസ്മരണാർഹമാണ്.

അവരുടെ ശ്രേഷ്ഠഇടയനെ നീക്കിയിട്ട്, ആരിയൻ വിഭാഗക്കാർ മറ്റൊരാളെ അദ്ദേഹത്തിന്റെ സ്ഥാനത്ത് മെത്രാനായി നിയമിച്ചു. എന്നാൽ നഗരവാസികളിൽ ആരുംതന്നെ വരികയോ, പതിവുപോലെ സഭായോഗത്തിൽ പങ്കെടുക്കുകയോ ചെയ്തില്ല. പുതിയ മെത്രാൻ തനിച്ചു താമസിക്കേണ്ടിവന്നു. ഒരാൾപോലും അയാളെ ശ്രദ്ധിച്ചില്ല. അയാളോട് വർത്തമാനം പറഞ്ഞുമില്ല. എങ്കിലും അയാൾ വളരെ മാന്യമായും മര്യാദയായും പെരുമാറിയെന്നു പറയപ്പെടുന്നു.

ഒരവസരം അയാൾ കുളിക്കടവിലെത്തി. അതുകൊണ്ട് ദാസന്മാർ കുളിക്കടവിന്റെ കതകടച്ചു. മറ്റുള്ളവരെയെല്ലാം പുറത്തുനിർത്തി. വാതിലിനടുത്ത് ജനക്കൂട്ടത്തെ കണ്ടപ്പോൾ, അയാൾ കതകുതുറന്ന് എല്ലാവരെയും കുളിക്കാൻ ക്ഷണിച്ചു. അകത്തുള്ള ഹാളിലും ഇതുപോലെ പെരുമാറി. അയാൾ കുളിച്ചുകൊണ്ടിരുന്നപ്പോൾ, ചിലർ നോക്കി നിൽക്കുന്നതു കണ്ട്, തന്നോടൊപ്പം ചൂടുവെള്ളം പങ്കിടാൻ അയാൾ അഭ്യർഥിച്ചു. എന്നാൽ അവർ നിശ്ശബ്ദരായി നിന്നതേയുള്ളു. തന്നോടുള്ള ബഹുമാനം നിമിത്തമാണ് അവർ അറച്ചുനിൽക്കുന്നതെന്നു കരുതി അയാൾ പെട്ടെന്ന് പുറത്തേക്ക് പോയി. എന്നാൽ അയാളുടെ പാഷണ്ഡതയാൽ ആ വെള്ളവും ദുഷിച്ചതാണ് എന്നായിരുന്നു ആ മനുഷ്യരുടെ അഭിപ്രായം. അതുകൊണ്ട് അതുമുഴുവൻ ഒഴുക്കിക്കളഞ്ഞ്, പുതുതായി ചൂടുവെള്ളം നിറയ്ക്കാൻ അവർ നിർദേശിച്ചു. ഇതുകേട്ടപ്പോൾ അയാൾ നഗരം വിട്ടുപോയി. തന്നെ വെറുക്കുകയും ശത്രുവിനെപ്പോലെ പരിഗണിക്കുകയും ചെയ്യുന്ന പട്ടണത്തിൽ തുടർന്നു താമസിക്കുന്നത് അർഥശൂന്യവും പരിഹാസ്യവു

 www.malankaralibrary.com

മാണെന്ന് അയാൾ വിധിച്ചു. സാമസോട്ടക്കാരൻ എവുണോമിയസ് എന്നു പേരുള്ള അയാൾ നാടുവിട്ടപ്പോൾ, തികഞ്ഞ ചെന്നായും ആടുകളുടെ ശത്രുവുമായ ഒരു ലൂഷ്യസ് അവിടെ നിയമിതനായി. എന്നാൽ ഇടയ നില്ലാത്ത അജഗണം തങ്ങളെത്തന്നെ പരിപാലിക്കുകയും ശ്ലൈഹിക പ്രബോധനം അതിന്റെ തനിമയിൽ നിരന്തരം കാത്തുസൂക്ഷിക്കുകയും ചെയ്തു. പുതിയ നുഴഞ്ഞുകയറ്റക്കാരനെ അവർ എങ്ങനെ വെറുത്തെന്ന് താഴെ പറയുന്നത് കാട്ടുന്നു.

ലൂഷ്യസ് കടന്നുപോയപ്പോൾ കുറേ കുട്ടികൾ ചന്തസ്ഥലത്ത് പന്തുകളിച്ച് രസിക്കുയായിരുന്നു. പന്ത് അയാളുടെ കാലിനിടയിലൂടെ കടന്നുപോകാനിടയായി. തങ്ങളുടെ പന്ത് മലിനമായെന്ന് ചിന്തിച്ച് കുട്ടികൾ ഉച്ചത്തിൽ നിലവിളിച്ചു. ഇതുകേട്ട്, തന്റെ കൂടെയുള്ള ഒരാളോട് നിലവിളിയുടെ കാരണം തിരക്കാൻ അയാൾ പറഞ്ഞു. കുട്ടികൾ തീ കത്തിച്ച് പന്ത് തീയുടെ മുകളിൽ തിരിച്ചും മറിച്ചും പിടിച്ചു. അപ്രകാരം അത് ശുദ്ധീകരിക്കപ്പെട്ടെന്ന് ആ കുട്ടികൾ കരുതി. ഇതൊരു കുട്ടിക്കളി മാത്രമാണെന്ന് എനിക്കറിയാം. പണ്ടു ചെയ്തിരുന്ന ഒരു രീതിയുടെ ആവർത്തനമായിരുന്നത്. എന്നാൽ ആരിയൻ വിഭാഗത്തെ എത്ര വെറുപ്പോടെ നഗരം പരിഗണിച്ചെന്ന തെളിയിക്കാൻ ഇത് മതിയായതാണ്.

മുൻഗാമിയായ എവുണോമിയസിന്റെ ശാന്തസ്വഭാവം ലൂഷ്യസിന് ഇല്ലായിരുന്നു. വൈദികഗണത്തിൽ പെട്ട നിരവധിപേരെ നാടുകടത്താൻ അയാൾ അധികാരികളെ പ്രേരിപ്പിച്ചു. ദിവ്യഡോഗ്മാകളുടെ പ്രശസ്ത വക്താക്കളെ സാമ്രാജ്യത്തിന്റെ വിദൂരഭാഗങ്ങളിലേക്ക് അയാൾ കെട്ടു കെട്ടിച്ചു. ഡീക്കനായ എവോൾചിയുസിനെ ഉപേക്ഷിക്കപ്പെട്ട ഒരു മരുപ്പച്ച ഗ്രാമത്തിലേക്കും, മഹാനായ എവുസേബിയസിന്റെ സഹോദരപുത്രനും വൈദികസ്ഥാനിയുമായ അന്തിയോക്കുസിനെ അർമേനിയായിലെ വിദൂര പ്രദേശത്തേക്കും നാടുകടത്തി. അദ്ദേഹം ഒരു ബഹുമാന്യ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു.

ദിവ്യ ഡിക്രികൾക്കു വേണ്ടി അന്ത്യോക്കുസ് എപ്രകാരം ധീരമായി നിലകൊണ്ടെന്ന് താഴെ പറയുന്നതിൽ നിന്ന് വ്യക്തമാകും. നിരവധി വിജയകരമായ പോരാട്ടങ്ങൾക്കുശേഷം എവുസേബിയസ് രക്തസാക്ഷി യായി മരിച്ചപ്പോൾ, പതിവുള്ള സിനഡുകൂടി. മറ്റുള്ളവരുടെ കൂടെ പേർഹാ മെത്രാൻ ജൊവീനൂസും സന്നിഹിതനായിരുന്നു. അയാൾ കുറേക്കാലം ആരിയന്മാരുമായി കൂട്ടായ്മ പുലർത്തിയിരുന്നു. സിനഡ് അന്ത്യോക്കുസിനെ ഏകയോഗമായി പിൻഗാമിയായി തെരഞ്ഞെടുത്തു. അയാളെ ബലിപീഠ ത്തിന്റെ മുമ്പിൽ മുട്ടുകുത്തി നിർത്തിയപ്പോൾ, അയാൾ ചുറ്റും നോക്കു കയും ജൊവീനൂസ് തന്റെ വലത്തുകൈ തന്റെ തലയിൽ വച്ചിരിക്കുന്നത് കാണുകയും ചെയ്തു. അയാൾ കൈ തട്ടിമാറ്റി. ദിവ്യരഹസ്യങ്ങൾ മ്ലേച്ഛമായി ആഘോഷിച്ച വലത്തുകൈ സഹിക്കാൻ തനിക്കാവില്ല എന്നു പറഞ്ഞുകൊണ്ട്, പട്ടം കൊടുക്കുന്നവരുടെ കൂട്ടത്തിൽ നിന്ന് മാറിപ്പോകാൻ ജൊവീനൂസിനോട് നിർദേശിച്ചു.

ഈ സംഭവങ്ങൾ കുറേക്കഴിഞ്ഞാണ് നടന്നത്. ഞാൻ രേഖപ്പെടുത്തുന്ന കാലത്ത് അയാളെ അർമേനിയായുടെ ഉൾനാടുകളിലേക്ക് നാടുകടത്തിയിരുന്നു. ദിവ്യനായ എവുസേബിയസ് ത്രേസിലായിരുന്നു. ഗോത്യർ നഗരങ്ങൾ ഉപരോധിച്ചു കൊണ്ട് ത്രേസ് ചവിട്ടിമെതിച്ചുകൊണ്ടിരുന്നു.

### അധ്യായം 14

## എഡേസ്സായിലെ വിശുദ്ധ ബാർസെസ്

സുപ്രസിദ്ധനായ ബാർസെസ് എഡേസ്സായിലും സമീപ നഗരങ്ങളിലും മാത്രമല്ല, ഫിനീഷ്യാ, ഈജിപ്ത്, തേബായ്ഡ് തുടങ്ങി അദ്ദേഹം സഞ്ചരിച്ചിടങ്ങളിൽ ഉടനീളം തന്റെ സുകൃതം നിമിത്തം മഹാകീർത്തിമാനായിരുന്നു. വാലൻസ് അദ്ദേഹത്തെ അരാദുസ് ദ്വീപിലേക്ക് നാടുകടത്തി. ബാർസെസ് ശ്ലൈഹിക കൃപയാൽ നിറഞ്ഞവനും രോഗശാന്തിവരം ഉള്ളവനും ആയിരുന്നതിനാൽ, അനേകം ആളുകൾ അവിടേക്ക് ഓടിക്കൂടി. അതറിഞ്ഞ ചക്രവർത്തി അദ്ദേഹത്തെ ഈജിപ്തിലെ ഓക്സിറിങ്കോസിലേക്ക് മാറ്റി. അവിടെയും അദ്ദേഹത്തിന്റെ ഖ്യാതി നിമിത്തം ധാരാളം ജനം ഓടിക്കൂടി. സ്വർഗത്തിന് യോഗ്യനായ ആ വൃദ്ധനെ ഉടനെ അവിടെനിന്ന് കാട്ടുജാതിക്കാരുടെ പ്രദേശത്തിനടുത്തുള്ള പ്രോവിൻസായ ഫേനോയിലെ ഒരു വിദൂരകൊട്ടാരത്തിലേക്ക് വലിച്ചിഴച്ചു കൊണ്ടുപോയി. അദ്ദേഹത്തിന്റെ ശിരസ്സ് ഇപ്പോഴും അരാദൂസിൽ വളരെ ബഹുമാനപൂർവം സൂക്ഷിക്കുന്നു. നിരവധി രോഗികൾ അതിന്മേൽ കിടക്കുകയും തങ്ങളുടെ വിശ്വാസത്താൽ സുഖം പ്രാപിക്കുകയും ചെയ്യുന്നു.

### അധ്യായം 15

## എഡേസ്സായിലെ മതപീഡനം

അജഗണത്തിന്റെ ഇടയനെ നീക്കിയശേഷം വാലൻസ് അവരുടെ മേൽ രണ്ടാമത് ഒരു ചെന്നായെ അയച്ചു. അയാൾ എഡേസ്സായിൽ എത്തിയപ്പോൾ, ജനം മുഴുവൻ നഗരം വിട്ട് നഗരത്തിനു മുമ്പിൽ ഒന്നിച്ചുകൂടി. അവരെ ചിതറിക്കാനായി സൈന്യത്തെ ഒന്നിച്ചുകൂട്ടി. വടികൊണ്ടും ഗദകൊണ്ടും, ആവശ്യമെങ്കിൽ മറ്റുയുദ്ധോപകരണങ്ങൾകൊണ്ടും മർദിക്കാൻ മൊദെസ്തൂസ് എന്ന പ്രീഫെക്ടിന് കൽപ്പന ലഭിച്ചു. അയാളുടെ കീഴിലുള്ള സൈന്യമാണ് പതിവായി കരം പിരിച്ചിരുന്നത്.

കൽപ്പന നടപ്പാക്കാൻ അതിരാവിലെ മൊദെസ്തുസ് തുടങ്ങിയപ്പോൾ, ഒരു കൈക്കുഞ്ഞുമായി ഒരു സ്ത്രീ സൈന്യനിരയുടെ ഇടയിലൂടെ വളരെ വേഗത്തിൽ നിർഭയയായി നടന്നു നീങ്ങുന്നത് ദർശിച്ചു. അവൾ സൈന്യ

ത്തെ ഒട്ടും പരിഗണിക്കാതെ, അവരുടെ ഇടയിലൂടെ ധൃതിയിൽ നീങ്ങി. ദിവ്യതീക്ഷ്ണതയാൽ ജ്വലിക്കുന്ന ആത്മാവ് മാനുഷികഭയത്തിന് അതീതയാണ്. ഇത്തരം ഭീകരതകൾ പരിഹാസ്യമായ കളിയായിട്ടേ അവർ കരുതുന്നുള്ളു. അവളെ കണ്ടപ്പോൾ, തന്റെ പക്കൽ കൊണ്ടുവരാൻ മൊദെസ്തുസ് കൽപ്പിച്ചു.

എവിടെ പോകുന്നു എന്ന് ആരാഞ്ഞപ്പോൾ, അവൾ പറഞ്ഞു: "കർതൃദാസർക്കെതിരെ ക്രൂരപീഡകൾ ഒരുക്കുന്നെന്ന് കേട്ടു. വിശ്വാസത്തിൽ എന്റെ സഖികളോടുകൂടെ ചേരാൻ ഞാൻ ആഗ്രഹിക്കുന്നു. നീ നൽകുന്ന പീഡനത്തിൽ എനിക്കും പങ്കാളിയാകണം.'' അപ്പോൾ പ്രീഫെക്ട്: "ഈ കുട്ടിയെ നീ എന്തിന് കൊണ്ടുപോകുന്നു?'' അവൾ പറഞ്ഞു: ''ഞാൻ കാംക്ഷിക്കുന്ന മരണത്തിൽ അതിന് എന്നോടൊത്ത് ഭാഗഭാഗിത്വം കിട്ടാൻ".

ഇതു കേൾക്കുകയും ഇതിലൂടെ ജനത്തിന്റെ തീക്ഷ്ണത ഗ്രഹിക്കുകയും ചെയ്തപ്പോൾ, അയാളിത് ചക്രവർത്തിയെ ധരിപ്പിക്കുകയും ജനത്തിന്റെ കൂട്ടക്കൊലയുടെ അർഥശൂന്യത ചൂണ്ടിക്കാണിക്കുകയും ചെയ്തു. "ഇതിൽ നിന്ന് നമുക്ക് അപമാനം ഉണ്ടാകുമെന്നല്ലാതെ, ജനത്തിന്റെ അരൂപിയെ തണുപ്പിക്കാൻ നമുക്കാവില്ല" എന്ന് അയാൾ അറിയിച്ചു. ജനക്കൂട്ടത്തെ പീഡിപ്പിക്കാൻ അയാൾ അനുവദിച്ചില്ല. വൈദികരും ഡീക്കന്മാരും ഉൾപ്പെടുന്ന നേതാക്കന്മാരെ തന്റെ പക്കൽ എത്തിക്കാൻ അയാൾ കൽപ്പിച്ചു. അവർക്ക് രണ്ടിലൊന്ന് തെരഞ്ഞെടുക്കാമെന്നു പറഞ്ഞു. ഒന്നുകിൽ ചെന്നായുമായി കൂട്ടായ്മ പുലർത്താൻ ജനത്തെ പ്രേരിപ്പിക്കുക, അല്ലെങ്കിൽ വിദൂരദേശത്തേക്ക് നാടുകടത്തപ്പെടാൻ ഒരുങ്ങുക. പിന്നീട് അയാൾ ജനക്കൂട്ടത്തെ തന്റെ പക്കൽ വരുത്തി. ഇമ്പീരിയൽ ഡിക്രി അനുസരിക്കാൻ അവരോട് ശാന്തമായി സംസാരിച്ചു.

വളരെ വിശാലമായ സാമ്രാജ്യത്തിന്റെ അധിപനെ എതിർക്കുന്നവരായി ഉടനെ കണക്കാക്കപ്പെടാൻ പോകുന്ന ചിലരുടെ വിഭ്രാന്തിയാണിതെന്ന് അറിയിച്ചു. ആരും ഒന്നും പറഞ്ഞില്ല. പിന്നീട് അയാൾ നേതാവും ശ്രേഷ്ഠനുമായ എവുളോഗിയുസിന്റെ നേരേ തിരിഞ്ഞ്,"ഞാൻ പറഞ്ഞത് കേട്ടിട്ട്, നീയെന്താണ് ഒരു മറുപടിയും പറയാത്തത്?''എന്നു ചോദിച്ചു. "എന്നോട് ചോദ്യം ചോദിക്കാതെ, ഞാൻ ഉത്തരം പറയണമെന്ന് ഞാൻ കരുതിയില്ല" എന്ന് എവുളോഗിയുസ് പ്രത്യുത്തരിച്ചു.

''നിനക്ക് പ്രയോജനകരമായ മാർഗത്തിന് നിന്നെ പ്രേരിപ്പിക്കാൻ ഞാൻ നിരവധി വാദങ്ങൾ ഉന്നയിച്ചു" എന്ന് പ്രീഫെക്ട് പറഞ്ഞു. ഇത് ജനക്കൂട്ടത്തോടാണല്ലോ പറഞ്ഞതെന്നും തള്ളിക്കയറി ഇതിനൊക്കെ ഉത്തരം പറയുക അസംഗതമാണെന്ന് താൻ കരുതിയെന്നും എവുളോഗിയുസ് പറഞ്ഞു. "എന്നാൽ നീ എന്റെ വ്യക്തിപരമായ അഭിപ്രായം ആരാഞ്ഞാൽ, ഞാൻ അതിന് മറുപടി പറയാം."

''കൊള്ളാം. ചക്രവർത്തിയുമായി കൂട്ടായ്മ പുലർത്തുക'' എന്ന് മൊദെസ്തുസ് പറഞ്ഞു. ഹാസ്യരസം കൂട്ടിച്ചേർത്ത് എവുളോഗിയുസ്

ചോദിച്ചു: "അദ്ദേഹത്തിന് സാമ്രാജ്യത്തോടൊപ്പം പൗരോഹിത്യവും കിട്ടിയോ?" അദ്ദേഹം ലാഘവത്തോടെ സംസാരിക്കുന്നു എന്നു തോന്നിയ പ്രീഫെക്ട് അത് അപമാനമായി കരുതി. ക്ഷുഭിതനായി ആ വൃദ്ധനെ കുറേ തെറി പറഞ്ഞിട്ട് ഇപ്രകാരം കൂട്ടിച്ചേർത്തു: "വിഡ്ഢീ, ഞാൻ അങ്ങനെ പറഞ്ഞില്ല. ചക്രവർത്തി കൂട്ടായ്മ പുലർത്തുന്നവരോട് കൂട്ടായ്മ പുലർത്താനാണ് ഞാൻ നിന്നെ ഉപദേശിച്ചത്." തങ്ങൾക്ക് ഒരിടയൻ ഉണ്ടായിരുന്നെന്നും അദ്ദേഹത്തിന്റെ നിർദേശങ്ങൾ അനുസരിച്ചിരുന്നെന്നും വൃദ്ധൻ പ്രത്യുത്തരിച്ചു. അപ്പോൾ അവരിൽ 80 പേരേ അറസ്റ്റു ചെയ്ത് ത്രേസിലേക്ക് നാടുകടത്തി. അവർക്ക് ഉടനീളം ഗംഭീരസ്വീകരണം ലഭിച്ചു. ജയാളികളായ പോരാട്ടക്കാരായി ജനങ്ങൾ ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിൽ നിന്നും അവരെ എതിരേറ്റു.

അവർക്ക് അപമാനം എന്നു കരുതപ്പെട്ടത് വലിയ ബഹുമതിയായെന്ന് അസൂയാലുക്കളായ എതിരാളികൾ ചക്രവർത്തിയെ അറിയിച്ചു. അപ്പോൾ അവരെ ഈരണ്ടു പേരായി തിരിച്ച് വിവിധ സ്ഥലങ്ങളിലേക്കയച്ചു. ചിലരെ ത്രേസിലേക്കും മറ്റുചിലരെ അറേബ്യയുടെ വിദൂരസ്ഥലങ്ങളിലേക്കും വേറേ ചിലരെ തേബായ്ഡിലെ നഗരങ്ങളിലേക്കും നാടുകടത്തി. പ്രകൃതി ഒന്നിച്ചു ചേർത്തവരെ കാട്ടാളന്മാർ വേർപെടുത്തുകയും സഹോദരനെ സഹോദരനിൽ നിന്ന് അകറ്റുകയും ചെയ്തു. എവുളോഗിയുസിനെയും പ്രൊതോജെനേസിനെയും ആന്റിനോയെയിലേക്ക് നാടുകടത്തി.

ഈ മനുഷ്യരുടെ സുകൃതങ്ങൾ വിസ്മൃതിയിൽ ആണ്ടുപോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നഗരത്തിലെ മെത്രാൻ തങ്ങളുടെ ചിന്താധാര പുലർത്തുന്നവനാണെന്ന് മനസ്സിലാക്കി, സഭായോഗങ്ങളിൽ അവർ പങ്കെടുത്തു. എന്നാൽ ആ സഭാസമൂഹം വളരെ ചെറുതായിരുന്നു. ആ നഗരവാസികൾ പേഗൻസാണെന്ന് അന്വേഷണത്തിൽ അവർക്ക് മനസ്സിലായി. സ്വാഭാവികമായി അതിലവർ ദുഃഖിതരായി, അവരുടെ വിശ്വാസരാഹിത്യത്തെ അപലപിച്ചു.

ദുഃഖിച്ചിരുന്നിട്ടു മാത്രം കാര്യമില്ലെന്നുകണ്ട്, തങ്ങളുടെ കഴിവനുസരിച്ച് ഈ മനുഷ്യരെ പൂർണരാക്കാൻ അവർ ശ്രമിച്ചു. ദിവ്യനായ എവുളോഗിയുസ് ഒരു ചെറിയ മുറിയിൽകയറി, കതകടച്ച്, രാപകൽ പ്രപഞ്ച നാഥനോട് പ്രാർഥിച്ചുകൊണ്ടിരുന്നു. ശ്രേഷ്ഠനും എഴുത്തുകല അഭ്യസിച്ചവനും നല്ല വിദ്യാഭ്യാസം ലഭിച്ചവനുമായ പ്രൊതോജെനെസ് പറ്റിയ ഒരിടത്ത് ഒരു ചെറിയ സ്കൂൾ ആരംഭിച്ച് എഴുത്തുകലയോടു കൂടി ദിവ്യവചനത്തിലുള്ള പ്രബോധനവും തുടങ്ങി. ദാവീദിന്റെ സങ്കീർത്തനങ്ങളും ശ്ലൈഹിക പ്രബോധനത്തിലെ അവശ്യസംഗതികളും അവരെ പഠിപ്പിച്ചു. കുട്ടികളിൽ ഒരാൾ രോഗിയായപ്പോൾ, പ്രൊതോജെനെസ് അവന്റെ വീട്ടിൽ ചെന്ന് കുട്ടിയുടെ കൈയിൽ പിടിച്ച് രോഗം സുഖപ്പെടുത്തി.

മറ്റു കുട്ടികളുടെ മാതാപിതാക്കൾ ഇതറിഞ്ഞപ്പോൾ, അദ്ദേഹത്തെ അവരുടെ ഭവനങ്ങളിൽ കൂട്ടിക്കൊണ്ടുപോയി രോഗസൗഖ്യം നൽകാൻ

കേണപേക്ഷിച്ചു. രോഗികൾ മാമോദീസായുടെ ദാനം സ്വീകരിക്കുന്നതിനു മുമ്പ് അവർക്കായി ദൈവത്തോട് രോഗശാന്തിക്കായി പ്രാർഥിക്കയില്ലെന്ന് അദ്ദേഹം പറഞ്ഞു. തങ്ങളുടെ കുട്ടികളുടെ സൗഖ്യം കാംക്ഷിച്ച മാതാപിതാക്കൾ അതിനു സമ്മതിക്കുകയും ആത്മാവിനും ശരീരത്തിനും സൗഖ്യം നേടുകയും ചെയ്തു.

ദിവ്യകൃപ സ്വീകരിക്കാൻ തയാറായ ആരോഗ്യമുള്ളവരെ അദ്ദേഹം എവുളോഗിയുസിന്റെ പക്കൽ എത്തിച്ചിരുന്നു. കതകിൽ മുട്ടി കർത്താവിന്റെ മുദ്ര കുത്താൻ ആവശ്യപ്പെട്ടിരുന്നു. തന്റെ പ്രാർഥന തടസ്സപ്പെടുന്നതിൽ എവുളോഗിയുസിന് സ്വൈര്യക്കേടുണ്ടായി. അലഞ്ഞു തിരിയുന്നവരെ രക്ഷപെടുത്തുന്നതാണ് അവശ്യാവശ്യമായിട്ടുള്ളതെന്ന് അപ്പോഴൊക്കെ പ്രൊതോജെനെസ് പറയുമായിരുന്നു. അദ്ദേഹത്തിന്റെ അത്ഭുതകർമങ്ങൾ, ദിവ്യജ്ഞാനത്തിന്റെ വെളിച്ചം അനേകർക്ക് പകർന്നുകൊടുക്കൽ, മറ്റെയാളിന് എല്ലാറ്റിലും ഒന്നാംസ്ഥാനം നൽകൽ, സമ്മാനമെല്ലാം അയാൾക്ക് നൽകൽ തുടങ്ങി അദ്ദേഹത്തിന്റെ പ്രവൃത്തികൾ കണ്ടവർക്കെല്ലാം പ്രൊതോജെനെസ് ഒരു ആരാധനാപാത്രമായിരുന്നു. എവുളോഗിയുസാണ് സുകൃതത്തിൽ മുന്നിട്ടു നിന്നിരുന്നതെന്ന് ശരിയാംവണ്ണം അവർ ധരിച്ചിരുന്നു.

കൊടുങ്കാറ്റു ശമിച്ചപ്പോൾ, പരിപൂർണസ്വസ്തത കൈവന്നപ്പോൾ, തിരികെ വരാൻ അവർക്ക് കൽപ്പന കിട്ടി. കരഞ്ഞു നിലവിളിച്ചു കൊണ്ട് ജനങ്ങൾ, പ്രത്യേകിച്ച്സ്ഥലത്തെ മെത്രാൻ, അവരെ അനുധാവനം ചെയ്തു. കാരണം, ഇപ്പോൾ മെത്രാന് അവരുടെ സഹായം നഷ്ടമായിരിക്കുന്നു. അവർ തിരികെ എത്തിയപ്പോൾ മഹാനായ ബാർസെസ് മരിച്ചു കഴിഞ്ഞിരുന്നു. എവുളോഗിയുസ് അദ്ദേഹത്തിന്റെ പിൻഗാമിയായി. പ്രൊതോജെനെസ് കാറെയിൽ അധ്യക്ഷനായി. വിജാതീയ മുള്ളുകൾ നിറഞ്ഞ വരണ്ട സ്ഥലമായിരുന്നു അത്. അവിടെ വളരെ അധ്വാനം ആവശ്യമായിരുന്നു. സഭകളിൽ സമാധാനം പുനഃസ്ഥാപിച്ച ശേഷമാണ് ഈ കാര്യങ്ങൾ സംഭവിച്ചത്.

### അധ്യായം 16

## കേസറിയായിലെ ബേസിൽ

വാലൻസ് എല്ലാ സഭകളിലും ഇടയന്മാർ ഇല്ലാതാക്കി എന്നു പറയാം. അയാൾ കപ്പഡോഷ്യയിലെ കേസറിയായിലേക്ക് തിരിഞ്ഞു. ലോകത്തിന്റെ പ്രകാശവും മഹാനുമായ ബേസിലാണ് അപ്പോൾ അവിടെ ഭരിച്ചിരുന്നത്. എവുഡോക്സിയുസുമായി കൂട്ടായ്മ പുലർത്താൻ പ്രേരിപ്പിക്കുക, അതിനു മനസ്സില്ലെങ്കിൽ നാടുകടത്തലാൽ ശിക്ഷിക്കുക എന്ന കൽപ്പനയോടു കൂടി വാലൻസ് ചക്രവർത്തി പ്രീഫെക്ട് മൊദെസ്തൂസിനെ ബേസിലിന്റെ

പക്കലേക്കയച്ചു. മെത്രാന്റെ ഉന്നതസ്ഥാനത്തെപ്പറ്റി അയാൾക്ക് നേരത്തെ അറിയാമായിരുന്നതിനാൽ, അദ്ദേഹത്തെ കടന്നാക്രമിക്കാൻ അയാൾക്ക് മനസ്സില്ലായിരുന്നു. അദ്ദേഹം കടന്നാക്രമണത്തെ ധൈര്യപൂർവം നേരിട്ട് മറ്റുള്ളവർക്ക് എതിർപ്പിന് വക നൽകുമെന്ന ഭയത്താൽ ആയിരുന്നിത്. ഇപ്പോഴത്തെ തന്ത്രവും എട്ടുകാലിയുടെ വലപോലെ വ്യർഥമായിപ്പോയി.

പ്രീഫെക്ട് കേസറിയായിൽ വന്നപ്പോൾ മഹാനായ ബേസിലിനെ ആളയച്ചു വിളിപ്പിക്കുകയും ബഹുമാനപൂർവം സ്വീകരിക്കുകയും മാന്യമായും സൗമ്യമായും അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തു. കാലത്തിന് അനുസൃതമായി നീങ്ങാനും ചില താത്വിക പദപ്രയോഗങ്ങളുടെ പേരിൽ നിരവധി സഭകൾ ഉപേക്ഷിക്കാൻ ഇടയാകാതിരിക്കാനും നിർദേശം വച്ചു. കൂടാതെ ചക്രവർത്തിയുടെ സൗഹൃദവും അയാൾ വാഗ്ദാനം ചെയ്തു. അതിലൂടെ അനേകർക്ക് കൂടുതൽ പ്രയോജനം ലഭിക്കാൻ ഇടയുണ്ടെന്നും പറഞ്ഞു.

അപ്പോൾ ആ ദിവ്യമനുഷ്യൻ പറഞ്ഞു:''ഇത്തരം സംഭാഷണം കൊച്ചുകുട്ടികൾക്ക് പറ്റിയതാണ്. അവരും അവരെപ്പോലെ ഉള്ളവരും ഇത്തരം പ്രലോഭനത്തിൽ എളുപ്പം വീഴും. എന്നാൽ ദിവ്യവചനത്തിൽ പരിശീലിപ്പിക്കപ്പെട്ടവർ, ദിവ്യമായ വിശ്വാസ സത്യങ്ങളുടെ ഒരക്ഷരം പോലും മാറ്റാൻ അനുവദിക്കയില്ല. അതിനുവേണ്ടി ഏതുതരം മരണത്തിനും തയാറുമാണ്. സത്യമതവുമായി ചേർന്നു പോകുന്നെങ്കിൽ, ചക്രവർത്തിയുമായുള്ള സൗഹൃദം വലിയ സംഗതിയാണ്. മറിച്ചാണെങ്കിൽ, അത് ശവത്തിനു തുല്യമായി ഞാൻ തള്ളുന്നു.'' അപ്പോൾ പ്രീഫെക്ട് രോഷാകുലനായി. ബേസിലിന് ബുദ്ധിസ്ഥിരത നഷ്ടപ്പെട്ടെന്ന് തട്ടിവിട്ടു. അപ്പോൾ ആ ദിവ്യമനുഷ്യൻ പറഞ്ഞു:''ഈ വട്ട് എനിക്ക് എപ്പോഴും ഉണ്ടായിരിക്കട്ടെ എന്നു ഞാൻ പ്രാർഥിക്കുന്നു''.

മെത്രാൻ പൊയ്ക്കൊള്ളാനും തുടർന്നുള്ള കാര്യത്തെപ്പറ്റി ചിന്തിക്കാനും എടുത്ത തീരുമാനം അടുത്തദിവസം അറിയിക്കാനും കൽപ്പിച്ചു. കൂടാതെ, ഭയപ്പെടുത്തലോടു കൂടെ വാദഗതിയും കൂട്ടിച്ചേർത്തിരുന്നു. എന്നാൽ ആ പ്രശസ്ത മെത്രാന്റെ മറുപടി ഇതായിരുന്നു: "ഇന്നു ഞാൻ ആയിരിക്കുന്നതുപോലെ നാളെ ഇതേ മനുഷ്യനായി നിന്റെ പക്കൽ വരും. നീ മാറ്റം വരുത്തരുത്. നിന്റെ ഭീഷണികൾ നടപ്പാക്കുക."

ഈ ചർച്ചകൾക്കുശേഷം പ്രീഫെക്ട് ചക്രവർത്തിയെ കണ്ട് നടന്ന സംഗതികളെല്ലാം ധരിപ്പിച്ചു. മെത്രാന്റെ സുകൃതത്തെ പറ്റിയും സ്വഭാവത്തിന്റെ ഇളക്കമില്ലാത്ത പൗരുഷത്വത്തെപ്പറ്റിയും ഒക്കെ പ്രശംസിച്ചു പറഞ്ഞു. ചക്രവർത്തി ഒന്നും പറയാതെ കടന്നുപോയി.

ഉന്നതത്തിൽ നിന്നുള്ള ബാധകൾ കൊട്ടാരത്തിൽ നിപതിച്ചെന്ന് ചക്രവർത്തി മനസ്സിലാക്കി. കാരണം, അയാളുടെ മകൻ രോഗംവന്ന് മരണാസന്നനായി കിടന്നു. ഭാര്യ നിരവധി രോഗങ്ങളാൽ അലട്ടപ്പെട്ടു. അപ്പോൾ അയാൾ ഈ ദുരന്തങ്ങളുടെ കാരണം തിരിച്ചറിഞ്ഞു. ശിക്ഷാർഹനായി

അയാൾ കണക്കാക്കിയ മെത്രാനോട് തന്റെ ഭവനത്തിലെത്താൻ അയാൾ അപേക്ഷിച്ചു. അയാളുടെ ഉദ്യോഗസ്ഥന്മാർ ഇമ്പീരിയൽ ആജ്ഞ നിർവഹിക്കുകയും ബേസിൽ കൊട്ടാരത്തിൽ എത്തുകയും ചെയ്തു. രാജകുമാരനെ മരണവക്ത്രത്തിൽ കണ്ടപ്പോൾ, ഒരു ഭക്തന്റെ കരങ്ങളിൽനിന്ന് മാമോദീസാ സ്വീകരിച്ചാൽ, അവൻ സുഖപ്പെടുമെന്ന് ഉറപ്പു പറഞ്ഞിട്ട് അദ്ദേഹം കടന്നുപോയി.

എന്നാൽ മണ്ടനായ ഹേറോദേസിനെപ്പോലെ ചക്രവർത്തി തന്റെ ശപഥം ഓർക്കുകയും സന്നിഹിതരായിരുന്ന ആരിയൻ വിഭാഗത്തിൽ പെട്ടവരെ കൊണ്ട് കുട്ടിയെ സ്നാനപ്പെടുത്തുകയും ഉടൻതന്നെ കുട്ടി മരിക്കുകയും ചെയ്തു. വാലൻസ് പിന്നീട് അനുതപിച്ചു. തന്റെ ശപഥം പാലിക്കുന്നത് എത്ര അപകടം നിറഞ്ഞതാണെന്ന് അയാൾ കണ്ടു. അയാൾ ദൈവാലയത്തിൽ ചെന്ന് മഹാനായ ബേസിലിന്റെ പ്രബോധനം സ്വീകരിക്കുകയും പതിവനുസരിച്ചുള്ള ദാനങ്ങൾ ബലിപീഠത്തിൽ അർപ്പിക്കുകയും ചെയ്തു. വിരിക്കുള്ളിലേക്ക് കടന്നുവരാൻ മെത്രാൻ അയാളെ ക്ഷണിക്കുകയും അയാളോട് ദൈവികഡിക്രികളെ പറ്റി സംസാരിക്കുകയും അയാളെ ശ്രവിക്കുകയും ചെയ്തു.

ഇമ്പീരിയൽ അടുക്കളയുടെ മേൽനോട്ടക്കാരനായ ഒരു ദെമോസ്തെനെസ് അവിടെ സന്നിഹിതനായിരുന്നു. അനൗചിത്യമായി സംസാരിക്കുന്നെന്നു പറഞ്ഞ് അയാൾ ആ ലോകഗുരുവിനെ പരുക്കൻ ഭാഷയിൽ ശകാരിച്ചു. ബേസിൽ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: “നാം ഇവിടെ പാമരനായ ഒരു ദെമോസ്തെനെസിനെ കാണുന്നു”. ദെമോസ്തെനെസിന്റെ നേരേ തിരിഞ്ഞ് രോഷാകുലനായി ഭീഷണിയുടെ സ്വരത്തിൽ ബേസിൽ തുടർന്നു: “സൂപ്പിന് രുചിയുണ്ടാക്കുകയാണ് നിന്റെ പണി. നിനക്ക് ദൈവശാസ്ത്രം മനസ്സിലാകില്ല. കാരണം, നിന്റെ കാതുകൾ അടഞ്ഞിരിക്കയാണ്.” ചക്രവർത്തി ഇതിൽ സംപ്രീതനാകുകയും തന്റെ ഫലപുഷ്ടിയുള്ള കുറേ സ്ഥലം ബേസിലിന്റെ സംരക്ഷണയിലുള്ള പാവപ്പെട്ടവർക്കുവേണ്ടി കൊടുക്കുകയും ചെയ്തു.

ഈ രീതിയിൽ മഹാനായ ബേസിൽ ചക്രവർത്തിയുടെ ആദ്യത്തെ ശല്യം ഒഴിവാക്കി. എന്നാൽ അയാൾ രണ്ടാമതു വന്നപ്പോൾ അയാളുടെ മെച്ചപ്പെട്ട തീരുമാനത്തിന് ചതിയന്മാരായ ഉപദേശകർ തടയിട്ടു. താൻ നേരത്തെ വന്നപ്പോൾ സംഭവിച്ചതൊക്കെ അയാൾ മറന്നുപോയി. ബേസിൽ എതിർവിഭാഗത്തോട് ചേരാൻ കൽപ്പിച്ചു. അദ്ദേഹത്തെ സ്വാധീനിക്കാൻ കഴിയാഞ്ഞതിനാൽ, നാടുകടത്തൽ ഡിക്രി നടപ്പാക്കാൻ കൽപ്പിച്ചു. അതിൽ ഒപ്പിടാൻ ശ്രമിച്ചപ്പോൾ, ഒറ്റയക്ഷരം പോലും എഴുതാൻ അയാൾക്കായില്ല. കാരണം, പേനാ ഒടിഞ്ഞുപോയി. പിന്നെ എടുത്ത രണ്ടു പേനാകൾക്കും ഇതുതന്നെ സംഭവിച്ചു. എന്നിട്ടും അയാൾ ആ ദുഷ്ടകൽപ്പന ഒപ്പിടാൻ ശ്രമിച്ചെങ്കിലും, അയാളുടെ കൈ വിറയ്ക്കാൻ തുടങ്ങി. അയാൾ മൊത്തത്തിൽ വിറയ്ക്കുകയും പരിഭ്രമിക്കുകയും ചെയ്തു. ഉടനെ അയാൾ ആ പേപ്പർ രണ്ടു കൈകൊണ്ടും വലിച്ചുകീറി. മറ്റുള്ളവർക്ക് ക്ലേശങ്ങൾ

ഉണ്ടാകാൻ താൻ അനുവദിച്ചതാണെന്നും ബേസിലിനെതിരെയുള്ള കെണികളേക്കാൾ അദ്ദേഹത്തെ താൻ ശക്തനാക്കിയെന്നും ബേസിലുമായി ബന്ധപ്പെട്ട കാര്യങ്ങളിലെല്ലാം തന്റെ സർവശക്തി പ്രഖ്യാപിച്ചെന്നും നല്ല മനുഷ്യരുടെ ധൈര്യം താൻ എല്ലായിടത്തും പ്രഘോഷിച്ചെന്നും ഉള്ളതിന് ലോകത്തിന്റെ ഭരണാധികാരി തെളിവു നൽകി. ഇപ്രകാരം തന്റെ കടന്നാക്രമണത്തിൽ വാലൻസ് പരാജിതനായി.

### അധ്യായം 17

## അത്തനാസ്യോസിന്റെ മരണം

അത്തനാസ്യോസ് തന്റെ എല്ലാ പോരാട്ടങ്ങളിലും വിജയശ്രീലാളിതനായി കിരീടമണിഞ്ഞശേഷം, കർത്താവിൽ നിദ്രപ്രാപിച്ചു. ശ്രേഷ്ഠനായ പീറ്റർ പിൻഗാമിയായി. അത്തനാസ്യോസ് അദ്ദേഹത്തെ തെരഞ്ഞെടുത്തിരുന്നു. വൈദികരുടെയും ജനങ്ങളുടെയും പ്രമാണികളുടെയും ഉദ്യോഗസ്ഥന്മാരുടെയും അംഗീകാരത്തോടുകൂടെ അദ്ദേഹം സ്ഥാനമേറ്റു. ജനങ്ങളെല്ലാം സന്തുഷ്ടി പ്രകടിപ്പിച്ചു. അദ്ദേഹം അത്തനാസ്യോസിന്റെ കഠിനഭാരങ്ങളിൽ പങ്കാളിയും നാട്ടിലും വിപ്രവാസത്തിലും ഒരുപോലെ സന്തതസഹചാരിയും ആയിരുന്നു. അദ്ദേഹത്തോടൊപ്പം നിരവധി അപകടങ്ങളിൽ പീറ്ററും പെട്ടിരുന്നു. അക്കാരണത്താൽ സമീപപ്രദേശങ്ങളിലെ മെത്രാന്മാരും സന്യസ്തരുമെല്ലാം അത്തനാസ്യോസിന്റെ പിൻഗാമിയായി പീറ്റർ വരണമെന്ന് ആഗ്രഹിച്ചിരുന്നു.

### അധ്യായം 18

## ആരിയൻ മെത്രാൻ ലൂഷ്യസ്

പീറ്റർ മെത്രാൻസ്ഥാനം ഏറ്റെടുത്ത ഉടനെ പ്രൊവിൻഷ്യൽ ഗവർണർ കുറേ ഗ്രീക്കുകാരെയും യഹൂദരെയും കൂട്ടി പള്ളിയുടെ മതിൽ വളയുകയും പുറത്തേക്കു വരാൻ പറയുകയും വന്നില്ലെങ്കിൽ നാടുകടത്തുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. എതിരഭിപ്രായക്കാരെ കഷ്ടപ്പാടിലേക്ക് വലിച്ചിഴച്ചുകൊണ്ട് ചക്രവർത്തിയുടെ ഹിതം നിറവേറ്റുകയാണ് എന്ന ഭാവേനയാണ് അയാൾ ഇപ്രകാരം ചെയ്തത്. എന്നാൽ വാസ്തവത്തിൽ അയാൾ തന്റെ അഭക്തവികാരങ്ങളാൽ പ്രേരിതനായിരുന്നു. അയാൾ വിഗ്രഹാരാധകനായിരുന്നു. സഭയിലെ കോളിളക്കങ്ങൾ അയാൾ ആഘോഷമായി മാറ്റിയിരുന്നു. നിനച്ചിരിയാതുള്ള ഈ കടന്നാക്രമണം കണ്ട പീറ്റർ രഹസ്യത്തിൽ പിൻവാങ്ങി റോമിലേക്ക് കപ്പൽ കയറി.

കുറച്ചു ദിവസങ്ങൾക്കുശേഷം ലൂഷ്യസുമൊത്ത് എവുസോയിയുസ്

അന്ത്യോക്യയിൽ നിന്നു വന്നു. സഭയുടെ ചുമതല ലൂഷ്യസിനെ ഏൽപ്പിച്ചു. അയാളുടെ അഭക്തിയും നിയമരാഹിത്യവും ഇതിനോടകം സാമസോട്ട അനുഭവിച്ചതാണ്. തങ്ങൾക്ക് ഇപ്പോൾ നൽകുന്ന ആത്മീയഭോജനം എത്ര വ്യത്യസ്തമാണെന്നു കണ്ട ജനം സഭായോഗങ്ങളിൽ നിന്നു വിട്ടുമാറി, അത്തനാസ്യോസിന്റെ പ്രബോധനങ്ങളിൽ ഉറച്ചുനിന്നു.

ലൂഷ്യസ് തന്റെ പരിചാരകരായി വിഗ്രഹാരാധകരെ നിയമിച്ചു. അയാൾ ചില ക്രിസ്ത്യാനികളെ മർദിച്ചു. മറ്റു ചിലരെ തടവുകാരാക്കി, വേറേ ചിലരെ ഓടിച്ചു. ക്രൂരവും പ്രാകൃതവുമായ രീതിയിൽ ചിലരുടെ ഭവനങ്ങൾ തകർത്തു. ഇവയെപ്പറ്റി ശ്രേഷ്ഠനായ പീറ്റർ ഭംഗിയായി തന്റെ കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലൂഷ്യസിന്റെ ഒരു അഭക്തപ്രവൃത്തി വിവരിച്ചശേഷം ആ കത്തു ഞാൻ ഇതിൽ ചേർക്കാം.

മാലാഖാ സദൃശ്യജീവിതം നയിച്ച കുറേ ഈജിപ്തുകാർ രാജ്യത്തിന്റെ അസ്വസ്തതയിൽ മനംമടുത്ത് മരുഭൂമിയിൽ ഏകാന്തജീവിതം നയിക്കാൻ തീരുമാനിച്ചു. അവിടെ അവർ മണൽക്കാടുകൾ ഫലഭൂയിഷ്ഠമാക്കി. അവർ ദൈവികനിയമം അനുസരിച്ച് സുകൃതജീവിതം നയിക്കുകയും ദൈവത്തിന് സ്വീകാര്യമായ ഫലം പുറപ്പെടുവിക്കുകയും ചെയ്തു. ഇതിന് നേതൃത്വം കൊടുത്ത അനേകരിൽ ശ്രേഷ്ഠനും സുപ്രസിദ്ധനുമായ അന്തോണിയോസ് സുപ്രധാനവ്യക്തി ആയിരുന്നു. സ്വയംപരിത്യാഗ പരിശീലനത്തിന്റെ മഹനീയ ഗുരുവായിരുന്നു അദ്ദേഹം. തന്റെ സന്യാസികൾക്ക് സുകൃത പരിശീലനക്കളരിയായി അദ്ദേഹം മരുഭൂമിയെ മാറ്റി. തന്റെ മഹനീയവും മഹോന്നതവുമായ അധ്വാനങ്ങൾക്കു ശേഷം ക്ലേശരഹിതമായ തുറമുഖ ത്തേക്ക് അദ്ദേഹം കരേറി. അപ്പോൾ നികൃഷ്ടനും അസന്തുഷ്ടനുമായ ലൂഷ്യസ് അദ്ദേഹത്തിന്റെ അനുയായികളെ പീഡിപ്പിച്ചു.

പ്രശസ്ത മക്കാറിയോസും അതേ പേരുള്ള മറ്റൊരാളും ഇസിദോറും ഉൾപ്പെടെ താപസ്സശ്രേഷ്ഠരെയെല്ലാം കൂടി അവരുടെ മുനിയറകളിൽ നിന്ന് വലിച്ചിറക്കി തികച്ചും അഭക്തരായ ആളുകൾ പാർത്തിരുന്നതും ഒരു ഭക്തഗുരുവും ഒരിക്കലും സന്ദർശിച്ചിട്ടില്ലാത്തതുമായ ഒരു ദ്വീപിലേക്ക് നാടുകടത്തി. കപ്പൽ കരയ്ക്കടുത്തപ്പോൾ, അവിടെ കുടിയിരുന്നതും നാട്ടുകാർ വന്ദിച്ചിരുന്നതുമായ പിശാച് പേഗൻ പുരോഹിതന്റെ മകളുടെ ഉള്ളിൽ കടന്ന് വിഭ്രാന്തി കാട്ടി. അവൾ കപ്പൽ അടുത്ത സ്ഥലത്തേക്ക് പാഞ്ഞുവന്നു. ഫിലിപ്പിയിൽ വച്ച് പിത്തോണിന്റെ അരൂപി ബാധിച്ച പെൺകുട്ടി അലറിവിളിച്ചു കൂകിയപോലെ (നട.16,16), അവളിലൂടെ പിശാച് അലറിവിളിച്ചു. അവൾ പറഞ്ഞത് എല്ലാവരും കേട്ടു:''ക്രിസ്തുവിന്റെ ദാസന്മാരേ, ഇതാ, നിങ്ങളുടെ ശക്തി ഞങ്ങളെ എല്ലായിടത്തുനിന്നും– ഗ്രാമ ങ്ങളിൽ നിന്നും മലകളിൽനിന്നും ഉയരത്തിൽ നിന്നും ആരും പാർക്കാത്ത പാഴ്ഭൂമിയിൽ നിന്നും – പുറത്താക്കുന്നു. നിങ്ങളുടെ വീശുമുറത്തിന് അപ്പുറ ത്തായി ദൂരെയുള്ള ചെറുദ്വീപിൽ പാർക്കാമെന്ന് ഞങ്ങൾ വൃഥാ കരുതി. നിങ്ങളുടെ പീഡകർ നിങ്ങളെ ഇവിടേക്കയച്ചു. നിങ്ങളെ ശിക്ഷിക്കാനല്ല, ഞങ്ങളെ പുറത്താക്കാൻ. ഞങ്ങൾ ഈ ദ്വീപു വിട്ടുപോകുന്നു. നിങ്ങളുടെ

സുകൃതത്തിന്റെ കുത്തിത്തുളയ്ക്കുന്ന രശ്മികൾ ഞങ്ങളെ മുറിവേൽപ്പിച്ചു." ഇവയും തത്തുല്യമായ മറ്റു വാക്കുകളും കൊണ്ട് അവളെ തള്ളി തറയിൽ ഇട്ടിട്ട് പിശാചുക്കൾ പറപറന്നു. ആ സന്യാസികൾ അവൾക്കു വേണ്ടി പ്രാർഥിച്ച്, ആരോഗ്യവതിയും ശാന്തയും സൗമ്യയുമായി അവളുടെ പിതാവിന് ഏൽപ്പിച്ചു കൊടുത്തു.

ഇതു കണ്ടവരെല്ലാം സന്യസ്തരുടെ കാൽക്കൽ വീണ് രക്ഷയുടെ മാർഗത്തിൽ തങ്ങളെയും ഭാഗഭാക്കുകൾ ആക്കണമെന്ന് അപേക്ഷിച്ചു. അവർ വിഗ്രഹങ്ങൾ തട്ടിത്തകർത്തു. സന്യാസികൾ അവർക്ക് പ്രബോധനം നൽകി പ്രകാശിപ്പിക്കുകയും അവർ സ്നാനകൃപ പ്രാപിക്കുകയും ചെയ്തു. ഇതറിഞ്ഞ അലക്സാണ്ഡ്രിയാക്കാർ ഒത്തുകൂടി ലൂഷ്യസിനെ കുറ്റപ്പെടുത്തി. ഈ വിശുദ്ധ സമൂഹത്തെ സ്വതന്ത്രരാക്കിയില്ലെങ്കിൽ, ദൈവകോപം തങ്ങളുടെമേൽ നിപതിക്കുമെന്ന് പറഞ്ഞു. നഗരത്തിൽ ലഹള ഉണ്ടാകുമെന്നു ഭയന്ന ലൂഷ്യസ്, സന്യാസികൾ തിരികെ പോകുന്നതിന് അനുവദിച്ചു. ലൂഷ്യസിന്റെ ദുഷ്ടതയ്ക്ക് ഇതു മതിയാകും. അയാളുടെ ദുഷ്കർമങ്ങളെപ്പറ്റി പീറ്ററിന്റെ കത്തിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്. അതു മുഴുവൻ പകർത്താൻ ഞാൻ മടിക്കുന്നു. അതിൽ നിന്ന് ചില ഭാഗങ്ങൾ മാത്രം പകർത്താം.

### അധ്യായം 19

## പീറ്ററിന്റെ കത്ത്

"പ്രൊവിൻഷ്യൽ ഗവർണറും വിജാതിയനും പതിവായി വിഗ്രഹങ്ങളുടെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നവനുമായ പല്ലാഡിയുസ്, ക്രിസ്തുവിനെതിരെ പോരാടുന്നതിന് കൂടെക്കൂടെ ചിന്തിച്ചിരുന്നു. നേരത്തെ പേരെഴുതപ്പെട്ട സൈന്യത്തെ ശേഖരിച്ചുകൊണ്ട്, ഒരു വൈദേശിക ശത്രുവിനെ കീഴ്പ്പെടുത്താൻ മുന്നേറുന്നതുപോലെ, അയാൾ സഭയ്ക്കെ തിരെ പുറപ്പെട്ടു. തുടർന്ന് കുപ്രസിദ്ധവും ഭീകരവുമായ സംഗതികൾ നടന്നു. ഇതിന്റെ ഓർമ തന്നെ എന്നെ ദുഃഖപൂരിതനാക്കുന്നു. ഞാൻ ധാരധാരയായി കണ്ണീരൊഴുക്കി. ദിവ്യധ്യാനത്തിൽ മുഴുകി എന്റെ ദുഃഖം ലഘൂകരിച്ചില്ലായിരുന്നെങ്കിൽ, അതെന്നെ കഠിനമായി ബാധിക്കുമായിരുന്നു.

തെയോണാസ് എന്ന ദൈവാലയത്തിലേക്ക് അവർ കടന്നാക്രമിച്ച് ഇരച്ചു കയറി. വിശുദ്ധ വാക്കുകൾക്കു പകരം അവർ അവിടെ വിഗ്രഹങ്ങളുടെ സ്തുതിപ്പുകളും ദുഷിപ്പുകളും കൊണ്ട് ആർത്തട്ടഹസിച്ചു. തിരുലിഖിതം വായിക്കുന്നിടത്തു നിന്ന് അനുചിത കൈയടികളും വഷളത്തം നിറഞ്ഞതും മനുഷ്യോചിതമല്ലാത്തതുമായ സംസാരങ്ങളും കേൾക്കാമായിരുന്നു. അവരുടെ ക്രോധം ക്രിസ്തുവിന്റെ കന്യകകളുടെ നേർക്ക്

തിരിഞ്ഞു. അത് പറയാൻ നാവ് വിസമ്മതിക്കുന്നു. “അവയേപ്പറ്റി സംസാരിക്കുന്നതു തന്നെ ലജ്ജാകരമാണ്” (എഫേ.5,12). ഇതുകേട്ട മാത്രയിൽ തന്നെ സുമനസ്സുള്ള ഒരാൾ ചെവി പൊത്തുകയും അവരുടെ ദുഷിച്ച സംസാരം കേൾക്കുന്നതിനേക്കാൾ ചെകിടനായി തീരാൻ പ്രാർഥിക്കുകയും ചെയ്തു. അവർ വാക്കിൽ മാത്രം തിന്മ മതിയാക്കിയിരുന്നെങ്കിൽ, വാക്കിലെ ദുഷ്ടത പ്രവൃത്തികളിലേക്ക് കടക്കാതിരുന്നെങ്കിൽ, അധിക്ഷേപം എത്ര ദുഷിച്ചതാണെങ്കിലും, ക്രിസ്തുവിന്റെ വിജ്ഞാനവും വിശുദ്ധ പാഠങ്ങളും തങ്ങളുടെ ഉള്ളിലുള്ളവർ സഹിക്കുമായിരുന്നു.

എന്നാൽ നാശത്തിനു വേണ്ടിയുള്ള ക്രോധപാത്രങ്ങളായ ഈ നീചന്മാർ (റോമ.9,22) തങ്ങളുടെ മൂക്ക് ഞെക്കിപ്പിടിച്ച്, കിണറ്റിനുറവയിൽ നിന്നെന്നവണ്ണം തങ്ങളുടെ മൂക്കിൽ നിന്ന് ദുഷിച്ചസ്വരം പുറത്തേക്ക് ഒഴുക്കിക്കൊണ്ട്, വിശുദ്ധർക്ക് സമാനമായ പെരുമാറ്റമുള്ള, ക്രിസ്തുവിന്റെ കന്യകകളുടെ തിരുവസ്ത്രം വലിച്ചുകീറി. ആ നീചന്മാർ അവരെ നഗ്നരാക്കി ആരവം മുഴക്കി നഗരത്തിൽ ഉടനീളം വലിച്ചിഴച്ചു. അവരോട് ക്രൂരമായും പൈശാചികമായും നിന്ദ്യമായും പെരുമാറി. ആരെങ്കിലും കരളലിഞ്ഞ് ഇടപെട്ട് കരുണയ്ക്ക് യാചിച്ചാൽ, അയാളെ മുറിവേൽപ്പിച്ച് ഓടിക്കുമായിരുന്നു. ഹാ, എനിക്ക് ഹാ,കഷ്ടം.

അനേകം കന്യകകൾ മൃഗീയമായി ബലാൽസംഗവിധേയരായി. ഗദകൊണ്ട് തലയ്ക്ക് അടികിട്ടിയ അനേകം യുവതികൾ നിശ്ശബ്ദരായി നിലത്തുവീണുകിടന്നു. അവരുടെ ജഡം പോലും സംസ്ക്കരിക്കാൻ വിട്ടുകൊടുത്തില്ല. ഇന്നുവരെ അവരുടെ ജഡം കാണാൻ മാതാപിതാക്കൾക്ക് കഴിഞ്ഞില്ല.

ഇതിനേക്കാൾ ഭീകരമായവ ഉള്ളപ്പോൾ ഈ ദുരന്തം ഞാൻ എന്തുകൊണ്ട് പറഞ്ഞുകൊണ്ടിരിക്കണം? കൂടുതൽ ഗൗരവമായവയിലേക്ക് കടക്കാതെ ഞാനെന്തിന് ഇത് വലിച്ചുനീട്ടുന്നു? അതു കേൾക്കുമ്പോൾ നിങ്ങൾ അത്ഭുതസ്തബ്ധരാകുകയും മൂകരാകുകയും ചെയ്യും. കർത്താവ് സമസ്തവും പൂർണമായി അവസാനിപ്പിക്കാതിരിക്കുന്ന തന്റെ കരുണയിൽ നിങ്ങൾ ആശ്ചര്യഭരിതരാകുമെന്ന് എനിക്കറിയാം.

എഴുതപ്പെട്ടിരിക്കുന്നതുപോലെ, മുമ്പ് സംഭവിക്കാത്തതും പിതാക്കന്മാരുടെ നാളുകളിൽ കേട്ടിട്ടു പോലുമില്ലാത്തതുമായ സംഗതികൾ (ജോയേൽ, 1,2) ആ അഭക്തർ ബലിപീഠത്തിൽ ചെയ്തുകൂട്ടി. ഒരാൺകുട്ടി സ്ത്രീവേഷം കെട്ടി കണ്ണെഴുതി കവിളിൽ ചുവന്ന ചായം തേച്ചുപിടിപ്പിച്ച്, ഡാൻസു ചെയ്തു. നാം പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കുന്ന ബലിപീഠത്തിൽ തന്നെ, താൻ കുറേ വഷളന്മാരുടെ മുമ്പിലാണെന്നവണ്ണം അവൻ അംഗവിക്ഷേപം നടത്തി. കാഴ്ചക്കാർ അട്ടഹസിക്കുകയും അരുതാത്ത ശബ്ദം വഷളായി ഉച്ചത്തിൽ പുറപ്പെടുവിക്കുകയും ചെയ്തു. ഇത് അരുതായ്ക ആണെന്ന് കരുതാതെ, അവർ അഭികാമ്യയായി കരുതി. തങ്ങളുടെ മര്യാദരാഹിത്യത്തിന് അനുസൃതമായ കാര്യങ്ങളിലേക്ക് അവർ നീങ്ങി.

തുടർന്ന് അവർ ആ അറുവഷളനെ പിടിച്ച് തുണി ഉരിഞ്ഞ് നഗ്നനായി മെത്രാന്റെ സിംഹാസനത്തിൽ ഇരുത്തി, ക്രിസ്തുവിനെതിരെ നികൃഷ്ട വക്കീലായി അവനെ അവതരിപ്പിച്ചു. ദിവ്യവചനങ്ങൾക്കു പകരം നാണംകെട്ട ദുഷ്ടത അവൻ ജൽപ്പിച്ചു. ഭയജനക പ്രബോധനങ്ങൾക്കു പകരം അടക്ക മില്ലാത്ത വിഷയലമ്പടത്വവും ഭക്തിക്കു പകരം അഭക്തിയും മിതത്വത്തിനു പകരം വ്യഭിചാരവും വേശ്യാസംഗമവും നാറുന്ന ഭോഗേച്ഛയും മോഷണവും അവൻ തട്ടിവിട്ടു. മനുഷ്യജീവിതത്തിന് ഭോജനപ്രിയവും മദ്യപാനവും അവയോടു ചേർന്നു പോകുന്നവയും നല്ലതാണെന്ന് പറഞ്ഞുകൊണ്ടി രുന്നു. ഈ സാഹചര്യത്തിൽ ഞാൻ അവിടെനിന്ന് പിന്മാറി. പട്ടാളക്കാർ കടന്നു വന്നിടത്ത്, ജനക്കൂട്ടത്തെ അക്രമത്തിന് ഇളക്കി വിട്ടിടത്ത്, വിജാതീയക്കൂട്ടം വലിയ വാഗ്ദാനങ്ങൾ ചെയ്യുന്നിടത്ത്, എനിക്കെങ്ങനെ നിൽക്കാനാകും?

അവർ ഉടൻതന്നെ എന്റെ സ്ഥാനത്ത് ലൂഷ്യസ് എന്നയാളിനെ നിയമിച്ചു. ഒരു ലൗകികസ്ഥാനം പോലെ മെത്രാൻസ്ഥാനം അയാൾ വിലയ്ക്കു വാങ്ങി. അയാൾക്ക് ചെന്നായുടെ സ്വഭാവവും രീതികളും ആയിരുന്നു. സഭാനിയമം അനുശാസ്സിക്കുന്നതുപോലെ സത്യവിശ്വാസി കളായ മെത്രാന്മാരുടെ സിനഡ് അയാളെ തെരഞ്ഞെടുത്തതല്ല. അയാൾക്ക് വൈദികരുടെ വോട്ടും കിട്ടിയില്ല. അൽമായരാരും അയാളെ ആവശ്യപ്പെട്ടില്ല.

അയാൾക്ക് സൈന്യത്തെ കൂടാതെ നഗരത്തിൽ കടക്കാനായില്ല. അയാളെ ഉചിതമാംവിധം മെത്രാന്മാരോ വൈദികരോ ഡീക്കന്മാരോ അജഗണങ്ങളോ അനുഗമിച്ചില്ല. തിരുലിഖിതത്തിൽ നിന്നുള്ള സങ്കീർത്തന ങ്ങൾ ആലപിച്ചുകൊണ്ട് സന്യാസികൾ അയാൾക്കു മുമ്പേ പോയില്ല. അവിടെ എവുസോയിയുസ് ഉണ്ടായിരുന്നു. അയാൾ മുമ്പ് നമ്മുടെ അലക്സാണ്ഡ്രിയൻ നഗരത്തിൽ ഡീക്കനായിരുന്നു. വിശുദ്ധവും മഹനീയവുമായ നിഖ്യാസിനഡിൽവച്ച് ആരിയസിനോടൊപ്പം അയാൾ വളരെ നേരത്തെ തന്നെ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടിരുന്നു. അന്ത്യോക്യൻ സഭയെ ഭരിച്ചു നശിപ്പിക്കാൻ അടുത്തിട അയാൾ ഉയർത്തപ്പെട്ടു. എല്ലാത്തരം അഭക്തിയുടെയും മൂർത്തീഭാവമായ മാഗ്നൂസ് എന്ന ട്രഷറാർ വലിയൊരു സൈന്യത്തെ നയിച്ചുകൊണ്ട് സന്നിഹിതനായിരുന്നു. ജൂലിയന്റെ കാലത്ത് ഈ മാഗ്നൂസ് ഫിനീഷ്യയിലെ പ്രശസ്തനഗരമായ ബെറിത്തൂസിലെ ഒരു പള്ളി കത്തിച്ചുകളഞ്ഞു. എന്നാൽ ജോവിയന്റെ ഭരണകാലത്ത് നിരവധി മാപ്പപേക്ഷകളുടെ ഫലമായി ശിരച്ഛേദം ചെയ്യപ്പെടുന്നതിൽ നിന്ന് അയാൾ കഷ്ടിച്ച് രക്ഷപെട്ടു. അയാൾ സ്വന്തം ചെലവിൽ ആ പള്ളി പണിതു നൽകാൻ നിർബന്ധിതനായി.

നമ്മുടെ ന്യായം തെളിയിക്കാൻ എഴുന്നേൽക്കുക എന്ന് നിങ്ങളുടെ തീക്ഷ്ണതയോട് ഞാൻ അഭ്യർഥിക്കുന്നു. ഈ ലൂഷ്യസ് നമ്മെ എതിർ ക്കാൻ തുടങ്ങിയതിലൂടെ ദൈവത്തിന്റെ സഭയ്ക്കെതിരായി ചെയ്ത തെറ്റുകളുടെ വ്യാപ്തിയും സ്വഭാവവും ഞാൻ എഴുതിയതിൽ നിന്ന് നിങ്ങൾക്ക് ഗ്രഹിക്കാനാകും. അയാളെ നിങ്ങളും സത്യവിശ്വാസികളായ

മെത്രാന്മാരും പല പ്രാവശ്യം തള്ളിക്കളഞ്ഞതാണ്. എന്നാൽ അയാൾ ഒരു നഗരം കവർന്നെടുത്തു. അയാളെ ഒരു ശത്രുവിനെപ്പോലെ പരിഗണിക്കാൻ കാരണമുണ്ട്. സങ്കീർത്തനങ്ങളിൽ പറയപ്പെടുന്ന വിഡ്ഢിയെപ്പോലെ, ക്രിസ്തു സത്യദൈവമല്ലെന്ന് അയാൾ വെറുതെ പറയുക മാത്രമല്ല, അയാൾ സ്വയം ദുഷിച്ചവനും മറ്റുള്ളവരെ ദുഷിപ്പിച്ചവനുമാണ്.

അവർ സ്രഷ്ടാവിനു പകരം സൃഷ്ടിയെ ആരാധിക്കുന്നു. നമ്മുടെ രക്ഷകനെതിരെ തുടർച്ചയായി ദൈവദൂഷണം പറയുന്നതിൽ സന്തോഷിക്കുന്നു. ഈ റൗഡികളുടെ അഭിപ്രായങ്ങൾ തികച്ചും വിജാതീയരുടേതിനു തുല്യമാണ്. അപ്പോൾ അവർ പുതുതായി ഉണ്ടാക്കിയ ദൈവത്തെ പിന്നെ എന്തുകൊണ്ട് ആരാധിക്കാൻ മടിക്കുന്നു? കാരണം, താഴെപ്പറയുന്ന വാക്കുകളിലൂടെ അവർ അയാളെ പരസ്യമായി സ്വീകരിക്കുന്നു:

"മെത്രാനേ, താങ്കൾ പുത്രനെ തള്ളിപ്പറയുന്നതിനാൽ, സ്വാഗതം. സെറാപ്പീസ് താങ്കളെ സ്നേഹിക്കുകയും ഞങ്ങളുടെ പക്കലേക്ക് എത്തിക്കുകയും ചെയ്തു."- അവർ അവരുടെ വിഗ്രഹത്തെ സെറാപ്പീസ് എന്നാണ് വിളിക്കുന്നത്.

മാഗ്നുസ് തന്റെ കീഴിലുള്ള ജനക്കൂട്ടത്തെ ഒന്നിച്ചുകൂട്ടി 19 വൈദികരെയും ഡീക്കന്മാരെയും അറസ്റ്റു ചെയ്തു. അവരിൽ ചിലർക്ക് 80 വയസ്സ് പ്രായമുണ്ടായിരുന്നു. ഏതോ റോമൻനിയമം ലംഘിച്ചു എന്ന് ആരോപിച്ചായിരുന്നു അറസ്റ്റ്. ലൂഷ്യസിന്റെ നീചത്വത്തിന്റെ വേർപിരിയാത്ത സഹചാരിയും ക്രൂരനായ അംഗരക്ഷകനും നിഷ്ഠൂരനായ ഉപസേനാപതിയും ആയിരുന്നു മാഗ്നുസ്. അയാളൊരു പൊതുകുറ്റവിചാരണ നടത്തി. സുകൃതസംരക്ഷണാർഥം ക്രിസ്ത്യാനികൾക്കുള്ള നിയമങ്ങളെപ്പറ്റി അയാൾ അജ്ഞനായിരുന്നു. ശ്ലീഹന്മാരിൽ നിന്ന് പിതാക്കന്മാരിലൂടെ നമുക്ക് നൽകപ്പെട്ട പിതാക്കന്മാരുടെ വിശ്വാസം തള്ളിക്കളയുന്നതിന് അയാൾ നിർബന്ധിക്കാൻ തുടങ്ങി. ഇത് "അതിദയാലുവും സൗമ്യനുമായ" അഗസ്റ്റസ് വാലൻസിന് സന്തുഷ്ടി പകരുന്നതായിരിക്കും എന്നുപോലും അയാൾ കരുതി.

അയാൾ ഇപ്രകാരം അലറി: "നീചമനുഷ്യാ, ആരിയൻ പ്രബോധനം സ്വീകരിക്കുക. സ്വന്ത ഇഷ്ടത്താലല്ല, നിർബന്ധത്താലാണ് ഇപ്രകാരം ചെയ്യുന്നതെങ്കിൽ, നിങ്ങൾ സത്യാരാധകർ ആണെങ്കിൽ പോലും ദൈവം നിങ്ങളോട് ക്ഷമിക്കും. നിരുത്തരപരമായ നിർബന്ധത്തിന് എപ്പോഴും ന്യായീകരണമുണ്ട്. എന്നാൽ സ്വതന്ത്രപ്രവൃത്തി ചുമതലാബോധത്തോടു കൂടിയുള്ളതും കുറ്റപ്പെടുത്തലിന് സാധ്യത ഉള്ളതുമാണ്. അതുകൊണ്ട് ഈ വാദഗതികൾ പരിഗണിക്കുക: സ്വമേധയാ കടന്നുവരിക. കാലതാമസം ഒഴിവാക്കുക. ഇപ്പോൾ ലൂഷ്യസ് പ്രസംഗിക്കുന്ന ആരിയൻ പ്രബോധനം സ്വീകരിക്കുക.-അയാളെ ഇവിടെ പേരു ചൊല്ലി അവതരിപ്പിച്ചിരിക്കുന്നു- അനുസരിച്ചാൽ നിങ്ങൾക്ക് ദാനവും ബഹുമാനവും നിങ്ങളുടെ ചക്രവർത്തിയിൽ നിന്നു ലഭിക്കുമെന്ന് ഉറപ്പുണ്ട്. നിഷേധിച്ചാൽ ഇരുമ്പുപാളം കൊണ്ടും പീഡനങ്ങൾ കൊണ്ടും അടികൾ കൊണ്ടും നിങ്ങൾ കഠിനമായി

മർദിക്കപ്പെടും. നിങ്ങൾക്ക് നിങ്ങളുടെ വസ്തുവകകളും സമ്പാദ്യങ്ങളും നഷ്ടപ്പെടും. നിങ്ങൾ നാടുകടത്തപ്പെടും. നിങ്ങൾ കാട്ടാളന്മാരുടെ നാടുകളിൽ പാർക്കേണ്ടിവരും.

ഇപ്രകാരം ഈ "ശ്രേഷ്ഠവ്യക്തി" വഞ്ചനയോടുകൂടി ഭീഷണിയും ചേർത്തുകൊണ്ട് സത്യദൈവത്തിൽ നിന്നകന്ന് വിശ്വാസധ്വംസനം നടത്താൻ ആളുകളെ പ്രേരിപ്പിക്കാനും നിർബന്ധിക്കാനും തുടങ്ങി. ഏതു പീഡനത്തേക്കാളും മൂർച്ചയുള്ളതാണ് സത്യമതത്തെ ഒറ്റു കൊടുക്കുന്നതിന്റെ വേദനയെന്ന് അവർ നന്നായി അറിഞ്ഞിരുന്നു. ഈ കാപട്യത്തിനും ഭീഷണിക്കും തങ്ങളുടെ സുകൃതവും ശ്രേഷ്ഠമനസ്സും താഴ്ത്തിക്കൊടുക്കാൻ അവർ വിസമ്മതിച്ചു. അവർ ഇപ്രകാരം പറഞ്ഞു: "നിർത്ത്. ഈ വാക്കുകൾ കൊണ്ട് ഞങ്ങളെ ഭയപ്പെടുത്താൻ ശ്രമിക്കുന്നത് നിർത്ത്. ഇനി വ്യർഥവാക്കുകൾ ഉച്ചരിക്കരുത്. പിന്നീട് കടന്നുവന്നതോ, പുതുതായി കണ്ടുപിടിച്ചതോ ആയ ദൈവത്തെ ഞങ്ങൾ ആരാധിക്കുകയില്ല. നിനക്ക് വേണമെങ്കിൽ നിന്റെ ക്രോധത്തിന്റെ വ്യർഥ കൊടുങ്കാറ്റ് ഞങ്ങളുടെ നേരേ തിരിച്ച് ചുഴലിക്കാറ്റു പോലെ ഞങ്ങൾക്കെതിരെ ആഞ്ഞടിക്കാം. മരണം വരെ സത്യപ്രബോധനം ഞങ്ങൾ മുറുകെപ്പിടിക്കും. ദൈവം കഴിവില്ലാത്തവനോ, ബുദ്ധിഹീനനോ, അസത്യവാനോ ആണെന്ന് ഞങ്ങൾ ഒരിക്കലും കരുതിയിട്ടില്ല. അഭക്തരായ ആരിയന്മാർ പഠിപ്പിക്കുന്നതുപോലെ അവിടുന്ന് ഒരിക്കൽ പിതാവായും പിന്നൊരിക്കൽ പിതാവല്ലാതെയും ഇരിക്കുന്നില്ല." അവർ പുത്രനെ സമയത്തിലുള്ള യാഥാർഥ്യമായും കാലികമായും കരുതുന്നു.

ആരിയൻ വിഭ്രാന്തിക്കാർ പറയുന്നതുപോലെ, പുത്രൻ സ്വഭാവത്താലേ പിതാവുമായി ഏകസത്തയല്ലാതെ ഒരു സൃഷ്ടിയാണെങ്കിൽ, പുത്രന്റെ അസ്തിത്വരാഹിത്യത്താൽ പിതാവും അസ്തിത്വരഹിതനാകും. അവർ പറയുന്നതുപോലെ, ഒരിക്കൽ പിതാവ് പിതാവായിരിക്കയില്ല. എന്നാൽ അവിടുന്ന് എപ്പോഴും പിതാവാണെങ്കിൽ, അവന്റെ പുത്രൻ സത്യമായും അവനിൽ നിന്നാകയാൽ, എപ്പോഴു പുത്രനായിരിക്കണം.

"അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു"എന്ന് പുത്രനെപ്പറ്റി പറയുന്നത് എത്ര മണ്ടത്തരവും അപസ്മാരവുമായിരിക്കും. അവനിലൂടെ സമസ്ത വസ്തുക്കളും അസ്തിത്വത്തിൽ എത്തിച്ചേർന്നു.

ഈ മനുഷ്യർ യഥാർഥത്തിൽ പിതൃരഹിതർ ആയിത്തീർന്നിരിക്കുന്നു. നിഖ്യായിൽ കൂടിയ ലോകം മുഴുവനുമുള്ള പിതാക്കന്മാരിൽ നിന്ന് അവർ അന്യരായിത്തീർന്നു. ആ പിതാക്കന്മാർ ആരിയസിന്റെ തെറ്റായ പ്രബോധനങ്ങളെ ശപിച്ചു. എന്നാൽ ഇപ്പോൾ ഈ പിൽക്കാല നേതാവ് അവയെ ന്യായീകരിക്കുന്നു. പുത്രൻ പിതാവിൽ നിന്ന് വ്യത്യസ്തമായ സത്തയിൽ നിന്നാണെന്ന് പറയാൻ അവൻ നമ്മെ നിർബന്ധിക്കുന്നതു പോലെയല്ല, പിന്നെയോ, ഒരേ ഒരു സത്ത എന്നാണ് അവർ തീർപ്പു കൽപ്പിച്ചത്. ഇത് അവർ വ്യക്തമായി കാണുകയും സമസത്ത എന്ന പദം ഉചിതമായി പ്രയോഗിക്കുകയും ചെയ്തു."

4:19

ഇവയും ഇതുപോലുള്ള വാദങ്ങളും അവർ ഉന്നയിച്ചു. അവരെ മാഗ്നുസ് അനേകദിവസം ജയിലിൽ അടച്ചു. അവരുടെ ശരിയായ ചിന്തയിൽ നിന്ന് അവരെ വ്യതിചലിപ്പിക്കാമെന്ന വ്യമോഹത്താലത്രേ അയാൾ ഇപ്രകാരം ചെയ്തത്. എന്നാൽ കളിക്കളത്തിലെ ശ്രേഷ്ഠമല്ലന്മാരെപ്പോലെ അവർ നിർഭയരായി നിലകൊണ്ടു. അവരുടെ പിതാക്കന്മാർ ചെയ്ത കർമങ്ങൾ ഇടയ്ക്കിടെ അനുസ്മരിച്ചുകൊണ്ട് അവർ തങ്ങളെത്തന്നെ ഉത്തേജിപ്പിച്ചു. സത്ചിന്തകളോടുകൂടെ അവർ വിശ്വാസത്തിൽ ഉറച്ചുനിന്നു. പീഡനയന്ത്രം സുകൃതാഭ്യാസനക്കളരിയായി അവർ കണക്കാക്കുകയും ചെയ്തു.

ഭാഗ്യവാനായ പൗലോസ് എഴുതുന്നതുപോലെ, അവർ ഇപ്രകാരം പോരാട്ടം നടത്തുമ്പോൾ, മനുഷ്യർക്കും മാലാഖമാർക്കും വിനോദക്കാഴ്ച യായി തീർന്നു. ക്രിസ്തുവിന്റെ പോരാളികളെ കാണാൻ നഗരം മുഴുവൻ ഓടിക്കൂടി. പീഡകരായ ന്യായാധിപന്മാരുടെ അടികളെ ധീരസഹനത്തി ലൂടെ അവർ പരാജയപ്പെടുത്തി. അവർ അഭക്തിക്കെതിരെ ക്ഷമയാൽ ട്രോഫികൾ കരസ്ഥമാക്കി. ആരിയന്മാർക്കെതിരെ വിജയമകുടം കാഴ്ചവച്ചു. ഭീഷണിയും പീഡനവും കൊണ്ട് അവരെ കീഴടക്കാനാകുമെന്നും ക്രിസ്തു വിന്റെ ശത്രുക്കൾക്ക് അവരെ കൈയാളിക്കാൻ പറ്റുമെന്നും മൃഗീയനും മനുഷ്യത്വരഹിതനുമായ സ്വേച്ഛാധിപതി, താൻ കണ്ടുപിടിച്ച പീഡനമുറകൾ ഏൽപ്പിച്ചുകൊണ്ട് ദുഷ്ടലാക്കോടെ അവരോട് അഭ്യർഥിച്ചു. ജനമെല്ലാം കരഞ്ഞുനിലവിളിച്ചുകൊണ്ടും വിവിധ രീതികളിൽ സങ്കടം പ്രകടിപ്പിച്ചു കൊണ്ടും നിലകൊണ്ടു.

മാഗ്നുസ് ഒരിക്കൽ കൂടി തന്റെ താന്തോന്നികളായ പട്ടാളക്കാരെ ഒന്നിച്ചുകൂട്ടി. രക്തസാക്ഷികളെ വിസ്താരത്തിനായി കടൽത്തീരത്ത് എത്തിച്ചു. യഹൂദരെയും വിഗ്രഹാരാധകരെയും അയാൾ കൂലിക്കെടുത്ത് അവർക്കെതിരെ, പതിവുപോല സാക്ഷ്യത്തിനും അപവാദത്തിനും അപകീർത്തിക്കും സജ്ജരാക്കി. ആര്യൻ വിഭ്രാന്തരുടെ പാഷണ്ഡതയെ അവർ സ്പഷ്ടമായി തിരസ്കരിച്ചതിനാൽ, അവരെ അലക്സാണ്ഡ്രിയാ യിൽ നിന്ന് ഫിനീഷ്യയിലെ ഹേലിയോപ്പൊളീസിലേക്ക് കപ്പൽ കയറ്റാൻ വിധിച്ചു. ജനമെല്ലാം കോടതി മുമ്പാകെ കരഞ്ഞുകൊണ്ടുനിന്നു. - ഹേലിയോപ്പൊളീസ് ഒരു വിഗ്രഹാരാധനാകേന്ദ്രമായിരുന്നു. ക്രിസ്തുനാമം അവർക്ക് മറ്റെന്തിനേക്കാളും അസഹനീയമായിരുന്നു.

കപ്പലിൽ കയറാൻ കൽപ്പന കൊടുത്തശേഷം മാഗ്നുസ് തുറമുഖത്തു തന്നെ നിലകൊണ്ടു. അയാൾ വിധിവാചകം വായിച്ചത് സമീപത്തുള്ള പൊതുകുളിസ്ഥലത്തു വച്ചായിരുന്നു. ദുഷ്ടപിശാചുക്കളെ തങ്ങളുടെ ഇരുവായ്ത്തല വാളുകൊണ്ട് വീണ്ടും വീണ്ടും തറപറ്റിച്ച ജനത്തെ ഭയപ്പെടുത്താമെന്നു കരുതി അയാൾ തന്റെ വാൾ ഊരിപ്പിടിച്ചിരുന്നു. കപ്പലിൽ യാത്രയ്ക്ക് യാതൊന്നും കരുതാതെയും വിപ്രവാസത്തിനുള്ള യാതൊന്നും എടുക്കാതെയും അയാൾ അവരെ കടലിൽ ഇറക്കി. അസാധാരണവും അവിശ്വസനീയവുമായി കടൽ ശാന്തമായിരുന്നു. അതിന്റെ

മുകളിൽ ഈ നല്ല മനുഷ്യരെ സ്വീകരിക്കുന്നതിനും നീതിരഹിതമായ വിധിവാചകത്തിൽ പങ്കുകൊള്ളാൻ മനസ്സില്ല എന്നവണ്ണവും കടൽ ദുഃഖിതയായിരുന്നു. ജഡ്ജിയുടെ മൃഗീയലക്ഷ്യം പാമരന്മാർക്കുപോലും സുവ്യക്തമായിരുന്നു."ഇതിൽ സ്വർഗം സ്തംഭിച്ചുനിന്നു" എന്ന് സത്യമായി പറയാവുന്നതാണ് (ജറ.2,12).

നഗരം മുഴുവൻ നെടുവീർപ്പിട്ട് ഇന്നുവരെ കരയുന്നു. ചിലർ നെഞ്ചത്തടിച്ചു കൊണ്ട് ഉറക്കെ നിലവിളിച്ചു. അവരുടെമേൽ നടപ്പാക്കിയ തെറ്റിന് മറ്റുചിലർ സാക്ഷ്യം വഹിച്ചുകൊണ്ട് കണ്ണുകളും കൈകളും സ്വർഗ ത്തിലേക്കുയർത്തി, "സ്വർഗമേ, കേൾക്കുക, ഭൂമിയേ, ചെവിതരിക" എന്നു പറഞ്ഞുകൊണ്ടിരുന്നു. എല്ലാവരും കരഞ്ഞ് നിലവിളിച്ചു കൊണ്ടിരുന്നു. നെടുവീർപ്പും ഗാനങ്ങളും കൊണ്ട് നഗരം ശബ്ദമുഖരിതമായി. എല്ലാവരിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകി കപ്പൽപായ് ഉയർത്താൻ മാഗ്നുസ് തുഴക്കാരോട് കൽപ്പിച്ചു. അതിഭയങ്കരമായ കൂട്ടക്കരച്ചിലുണ്ടായി. ആ രക്ത സാക്ഷികൾ ഹേലിയോപ്പൊളീസ് ലക്ഷ്യമാക്കി നീങ്ങി. അവിടെ ഉള്ള വരൊക്കെ അന്ധവിശ്വാസത്തിൽ ആണ്ടുപോയവർ ആയിരുന്നു. അവിടെ പൈശാചിക പേക്കൂത്തുകൾ നടമാടിയിരുന്നു. നഗരത്തിനു ചുറ്റും കോട്ട പോലെ മലകൾ ഉണ്ടായിരുന്നു. വന്യമൃഗങ്ങളുടെ ഭീകരതാവളങ്ങൾക്ക് പറ്റിയതായിരുന്നു അവിടം. നഗരത്തിൽ അവശേഷിച്ചവർ നെടുവീർപ്പിടു കയും ദുഃഖസൂചകപദങ്ങൾ ഉരുവിടുകയും ചെയ്തുകൊണ്ടിരുന്നു.

കരയുന്നതുപോലും, നഗരത്തിലെ പ്രീഫെക്ടായ പല്ലാഡിയുസ് വിലക്കി. അവനും ഒരു കടുത്ത അന്ധവിശ്വാസി ആയിരുന്നു. കരയുന്നവരെ പിടിച്ച് ആദ്യം ജയിലിലിട്ടു. പിന്നെ തല്ലിച്ചതച്ചു. അതിനുശേഷം ശരീരം മാന്തിക്കീറി. ബഹുവിധ പീഡകളാൽ അവരെ പീഡിപ്പിച്ചു. അവസാനം സഭയുടെ ഈ ധീരയോദ്ധാക്കളെ ഫെന്നെയുസിലെയും പ്രോകൊണ്ണേ സുസിലേയും ഖനികളിലേക്കയച്ചു.

അവരിൽ മിക്കവരും ഏകാന്തവാസികളായ സന്യാസികളായിരുന്നു. അവർ 23 പേരുണ്ടായിരുന്നു. അധികം വൈകാതെ റോമിലെ നമ്മുടെ ഡമാസൂസ് മെത്രാന്റെ പക്കൽ നിന്ന് കൂട്ടായ്മക്കത്തും സമാശ്വാസ കത്തു മായി ഒരു ഡീക്കൻ അവിടെയെത്തി. പീഡകർ അയാളെ പിടികൂടി, കൈകൾ പിറകോട്ടു കെട്ടി കുപ്രസിദ്ധ കുറ്റവാളിയെപ്പോലെ നഗരത്തിലൂടെ പരസ്യമായി വലിച്ചിഴച്ചു. കൊലപാതകികൾക്കു നൽകുന്ന ശിക്ഷ പോലെ കഠിനപീഡകൾക്ക് വിധേയനാക്കി. ചാട്ടവാറുകളേക്കാൾ ഭീകരമായ പീഡനോപകരണങ്ങൾ കൊണ്ട് കഴുത്തറ്റംവരെ പുറം അടിച്ചുപറിച്ചു. നെറ്റിയിൽ കുരിശടയാളം പതിച്ച് മറ്റുള്ളവരോടൊപ്പം അയാളെയും കപ്പലിൽ കയറ്റി, ഫെനേസൂസിലെ ചെമ്പുഖനികളിലേക്ക് അയച്ചു.

കൊച്ചുകുട്ടികളുടെ മൃദുലശരീരങ്ങളും അവർ അടിച്ചു പൊട്ടിച്ചു. ചിലർ മരിച്ചുവീണു. അവരുടെ ജഡം മറവു ചെയ്യാൻ പോലും അവർ അനുവദി ച്ചില്ല. അവരെ ശവസംസ്കാരത്തിന് വിട്ടുകൊടുക്കണമെന്ന് മാതാപിതാ

ക്കളും ബന്ധുജനങ്ങളും നഗരം മുഴുവനും കേണപേക്ഷിച്ചിട്ടും അവന്റെ മനസ്സലിഞ്ഞില്ല.

ഓ, ന്യായാധിപന്റെ മനുഷ്യത്വരാഹിത്യം. വിധിക്കുക മാത്രം ചെയ്യുന്ന അയാളെ ന്യായാധിപൻ എന്നു വിളിക്കാൻ കഴിയുമെങ്കിൽ! സത്യമതത്തിനു വേണ്ടി ധീരമായി പോരാടിയവർക്ക്, കൊലപാതകികൾക്കു ലഭിക്കുന്നതിലും ഹീനമായ ശിക്ഷയാണ് അവർ നൽകിയത്. അവരുടെ ശരീരങ്ങൾ മറവു ചെയ്യാതെ നിലത്തുകിടന്നു. വന്യമൃഗങ്ങൾക്കും പറവകൾക്കും തിന്നാനായി ഈ മഹനീയ മല്ലന്മാരുടെ ശരീരങ്ങൾ വലിച്ചെറിഞ്ഞു. മാതാപിതാക്കളോട് അനുകമ്പ കാട്ടിയവരെ, ഏതോ നിയമം ലംഘിച്ചവർ എന്ന മട്ടിൽ തലവെട്ടി ശിക്ഷിച്ചു. മാതാപിതാക്കളോട് അനുകമ്പ കാട്ടുന്നതിന് ഏതു റോമൻ നിയമമാണ്, അഥവാ വൈദേശിക നിയമമാണ് ശിക്ഷ വിധിക്കുന്നത്? പ്രാചീനർ ആരെങ്കിലും ഇത്തരം നിയമരഹിത പ്രവൃത്തി ചെയ്തിട്ടുണ്ടോ?

എബ്രായരുടെ ആൺകുട്ടികളെ കൊന്നുകളയാൻ ഫറവോൻ കൽപ്പിച്ചു. എന്നാലത് അസൂയയും ഭയവും നിമിത്തമായിരുന്നു. അതിനേക്കാൾ എത്രയോ മനുഷ്യത്വരഹിതമാണ് ഇപ്പോഴത്തെ പ്രവൃത്തികൾ. നമ്മുടെ കാലത്തേക്കാൾ എത്രയോ ഭേദമായിരുന്നു ഫറവോന്റേത്. യഥാർഥത്തിൽ ദുഷ്ടത എപ്പോഴും ദുഷ്ടത തന്നെ.

അവിശ്വസനീയവും മനുഷ്യത്വരഹിതവും ഭീതിജനകവും മൃഗീയവും കാട്ടാളത്തരവും ദയാരഹിതവും ക്രൂരവുമായ സംഗതിയാണ് ഞാൻ കുറിക്കുന്നത്. നഗരം മുഴുവൻ വിലപിച്ചു കൊണ്ടിരുന്നപ്പോൾ, ആരിയൻ വിഭ്രാന്തിയുടെ വക്താക്കൾ ആർത്തട്ടഹസിച്ചുകൊണ്ട് തുള്ളിച്ചാടിയിരുന്നു. "ആരെങ്കിലും മരിക്കാത്ത ഒറ്റ ഭവനംപോലും ഉണ്ടായിരുന്നില്ല" എന്ന് പുറപ്പാടിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ആയിരുന്നു സംഭവം(12,30).

ദുഷ്ടതയ്ക്കുള്ള ആസക്തി ഒരിക്കലും തീരാത്ത മനുഷ്യർ പുതിയ പുതിയ അസ്വസ്തതകൾ ഇളക്കിവിടും. സദാ ദുഷ്പ്രവൃത്തികൾ നടപ്പാക്കുന്ന അവരുടെ ദുഷ്ടമനസ്സ്, പ്രോവിൻസിലെ മെത്രാന്മാർക്കെതിരെ പ്രത്യേക തരത്തിലുള്ള വിഷം ചീറ്റി. തങ്ങളുടെ അനീതിക്കുള്ള ഉപകരണമായി മേൽപ്പറഞ്ഞ മാഗ്നുസിനെ അവർ ഉപയോഗിച്ചു.

ചിലരെ സെനറ്റിന് കൈയാളിച്ചു. ചിലരെ തങ്ങളുടെ ഹിതാനുസൃതമുള്ള കുരുക്കിലാക്കി. എല്ലായിടത്തും അഭക്തി നടപ്പാക്കാനുള്ള വ്യഗ്രതയാൽ അവർ ഇളക്കാത്ത ഒറ്റക്കല്ലുപോലുമില്ല. പാഷണ്ഡതയുടെ പിതാവായ പിശാചിനെപ്പോലെ, ആരെ വിഴുങ്ങേണ്ടു എന്ന് അന്വേഷിച്ചുകൊണ്ട് എല്ലായിടത്തും അവർ ചുറ്റിനടന്നു (1പത്രോ. 5,8).

അനേകം നിഷ്ഫല പരിശ്രമങ്ങൾക്കുശേഷം ഈജിപ്തിലെ പതിനൊന്ന് മെത്രാന്മാരെ ദിയോചെസാറിയായിലേക്ക് നാടുകടത്തി. കർത്താവിന്റെ ഘാതകരായ യൂദന്മാർ പാർത്തിരുന്ന നഗരമായിരുന്നത്. ആ മെത്രാന്മാരെല്ലാം ബാല്യംമുതൽ വാർധക്യംവരെ മരുഭൂമിയിൽ താപസ്സജീവിതം നയിച്ചവരും സുഖാസ്വാദന തൽപ്പരതയെ ബുദ്ധികൊണ്ടും

ശിക്ഷണം കൊണ്ടും കീഴ്പ്പെടുത്തിയവരും ആയിരുന്നു. അവർ സത്യ പ്രബോധനം സ്വായത്തമാക്കി സത്യവിശ്വാസം ഭയരഹിതമായി പ്രഘോഷിച്ചു. വീണ്ടും വീണ്ടും പിശാചിന്മേൽ വിജയം വരിച്ചു. അവർ തങ്ങളുടെ സുകൃതങ്ങളാൽ ശത്രുവിനെ ആട്ടിയോടിക്കുകയും വാഗ്വാദങ്ങളിൽ ആരിയൻ പാഷണ്ഡതയെ പരസ്യമായി പരാജയപ്പെടുത്തുകയും ചെയ്തിരുന്നു.

എങ്കിലും പാതാളത്തേപ്പോലെ, തങ്ങളുടെ സഹോദരന്മാരുടെ മരണംകൊണ്ട് തൃപ്തി വരാത്ത മൂഢരും വട്ടുപിടിച്ചവരുമായ അവർ, ദുഷ്കർമം വഴി പേരെടുക്കാൻ, തങ്ങളുടെ ക്രൂരതയുടെ ഓർമ ലോകം മുഴുവൻ അവശേഷിപ്പിക്കാൻ, പരിശ്രമിച്ചു. ഇപ്പോൾ അവർ അന്ത്യോക്യയിലെ കത്തോലിക്കാ സഭയിലെ ചില വൈദികസ്ഥാനികൾക്കെതിരെയും, ദുഷ്കർമങ്ങൾക്കെതിരെ സാക്ഷ്യപ്പെടുത്താൻ മുമ്പോട്ടു വന്ന ചില ശ്രേഷ്ഠ സന്യാസികൾക്കെതിരെയും ഇമ്പീരിയൽ ക്രോധം ഇളക്കിവിട്ടു. അവർ അവരെ പിടിച്ച് പോന്തുസിലെ നെയോ ചെസാറിയായിലേക്ക് നാടുകടത്തി. സ്ഥലത്തിന്റെ പ്രാതികൂല്യം നിമിത്തം അവർ പെട്ടെന്ന് മരിച്ചുപോയി. ഇക്കാലത്ത് ഇത്തരം ദുരന്തങ്ങൾ നടമാടി. ഏകജാതനെതിരെ നാക്കിട്ടടിക്കുന്നവരുടെ ന്യായവിധിക്കായി ഞാൻ എന്റെ ചരിത്രത്തിൽ ഒരിടം നൽകിയിരിക്കുന്നു. അവർ ദൈവദൂഷണത്തിന്റെ വിഭ്രാന്തിയാൽ പിച്ചും പേയും പറയുന്നവരാണ്. പ്രപഞ്ച സ്രഷ്ടാവിനെതിരായി അമ്പെയ്യാൻ ഉന്നം വയ്ക്കുക മാത്രമല്ല, അവന്റെ വിശ്വസ്ത ദാസർക്കെതിരെയും അവിരാമം അവർ യുദ്ധം ചെയ്യുന്നു.”

**അധ്യായം 20**

## സാരസ്സൻ രാജ്ഞി മാവിയാ

ഇക്കാലത്ത് റോമൻ അതിർത്തിപ്രദേശങ്ങളിൽ ഇഷ്മായേല്യർ കടന്നാക്രമിച്ച് കൊള്ളയടിച്ചു. മാവിയാ എന്ന രാജ്ഞിയാണ് അവരെ നയിച്ചത്. അവൾ ഒരു സ്ത്രീ ആയിരുന്നെങ്കിലും, പുരുഷോചിതമായ ധൈര്യവും ചങ്കൂറ്റവും കാട്ടി. പല ഏറ്റുമുട്ടലുകൾക്കുശേഷം സമാധാന സന്ധിക്ക് അവൾ സമ്മതിച്ചു. ദിവ്യജ്ഞാനത്തിന്റെ പ്രകാശം ലഭിച്ചപ്പോൾ തങ്ങളുടെ ഗോത്രത്തിൽ പെട്ട ഒരു മോശയെ മെത്രാനായി കിട്ടണമെന്ന് അവൾ അപേക്ഷിച്ചു. അയാൾ ഈജിപ്തിന്റെയും പലസ്തീനായുടെയും അതിർത്തിയിൽ പാർത്തിരുന്ന താപസ്സനായിരുന്നു.

വാലൻസ് അത് അംഗീകരിക്കുകയും ഈ വിശുദ്ധ വ്യക്തിയെ മെത്രാഭിഷേകത്തിന് ഏറ്റവും അടുത്തുള്ള സൗകര്യപ്രദമായ ഇടം എന്ന നിലയ്ക്ക് അലക്സാണ്ഡ്രിയായിലേക്ക് ആനയിക്കുകയും ചെയ്തു. അവിടെ എത്തിയപ്പോൾ ലൂഷ്യസ് തന്റെ ശിരസ്സിൽ കൈവയ്ക്കാൻ ശ്രമിക്കുന്നതു

കണ്ട് അദ്ദേഹം പറഞ്ഞു:“ നിന്റെ കൈവയ്പ്പാൽ ഞാൻ പട്ടം സ്വീകരിക്കുന്നത് ദൈവം തടയട്ടെ. നിന്റെ വിളിച്ചപേക്ഷിക്കൽ വഴി പരിശുദ്ധാത്മാവിന്റെ കൃപ നമുക്കു ലഭിക്കില്ല”. “നീ എന്താണിങ്ങനെ അനുമാനിക്കുന്നത്?” എന്ന് ലൂഷ്യസ് ചോദിച്ചു. അദ്ദേഹം മറുപടി പറഞ്ഞു: “ഞാൻ ഊഹിച്ചു പറയുകയല്ല. വ്യക്തമായ അറിവു വച്ചുകൊണ്ടാണ് പറയുന്നത്. കാരണം, നീ ശ്ലൈഹിക ഡിക്രികൾക്കെതിരെ പോരാട്ടം നടത്തുന്നു. അവയ്ക്കെതിരെ സംസാരിക്കുന്നു. നിന്റെ ദൈവദൂഷണപരമായ വാക്കുകളോട് ചേർന്നു പോകുന്നതാണ് നിന്റെ നിയമരഹിതകർമങ്ങൾ. നീ നിമിത്തം ഏത് അഭക്തനാണ് സഭായോഗങ്ങളെ കളിയാക്കാതിരിക്കുന്നത്? ഏതു ശ്രേഷ്ഠവ്യക്തിയാണ് നാടു കടത്തപ്പെടാതിരുന്നിട്ടുള്ളത്? നിന്റെ അനുദിനകർമങ്ങളിലൂടെ ഏതു കാട്ടാളമ്ലേച്ഛതയാണ് മറച്ചു വയ്ക്കാതിരുന്നിട്ടുള്ളത്?”

ആ കൊലപാതകി അതു കേൾക്കുകയും സന്യാസിയെ കൊല്ലാൻ ആഗ്രഹിക്കുകയും ചെയ്തെങ്കിലും, വീണ്ടും ഒരു യുദ്ധത്തിന് തിരി കൊളുത്തുന്നതിൽ അയാൾ ഭയപ്പെട്ടു. അതുകൊണ്ട് മോശ ആവശ്യപ്പെട്ട മറ്റു മെത്രാന്മാരെ ലൂഷ്യസ് വരുത്തി. മെത്രാഭിഷേകം ലഭിച്ചശേഷം മോശ സാരസ്സന്മാരുടെ നാട്ടിലേക്ക് മടങ്ങി. ശ്ലൈഹികപ്രബോധനത്താലും അത്ഭുതങ്ങളാലും അദ്ദേഹം അവരെ സത്യപാതയിലേക്ക് നയിച്ചു.

## അധ്യായം 21

# കോൺസ്റ്റാന്റിനോപ്പിളിലെ അതിക്രമങ്ങൾ

ആരിയന്മാർ കോൺസ്റ്റാന്റിനോപ്പിളിൽ ഭക്തരായ വൈദികരെ ഒരു ബോട്ടിൽ നിറച്ച് കപ്പലിന്റെ അടിഭാരം കൂടാതെ കടലിലേക്കയച്ചു. കടലിൽ വച്ച് ബോട്ടിന് തീ കൊളുത്താൻ നിർദേശിച്ചുകൊണ്ട് മറ്റൊരു ബോട്ടിൽ തങ്ങളുടെ ആളുകളെ കയറ്റി. ആ മനുഷ്യർ കടലിനും അഗ്നിക്കുമിടയിൽ മല്ലടിച്ച് ആഴത്തിൽ താഴുകയും രക്തസാക്ഷിമകുടം ചൂടുകയും ചെയ്തു.

വാലൻസ് അന്ത്യോക്യയിൽ കുറേക്കാലം താമസിക്കുകയും ക്രിസ്തീയ നാമത്തിന്റെ പേരിൽ സുവിശേഷത്തിനെതിരെയുള്ള പ്രബോധനങ്ങൾ പ്രസംഗിച്ച പേഗൻസിനും യൂദർക്കും മറ്റുള്ളവർക്കും പരിപൂർണ സ്വാതന്ത്ര്യം നൽകുകയും ചെയ്തു. ഈ തെറ്റിന്റെ അടിമകൾ പേഗൻ കർമങ്ങൾ പോലും അനുഷ്ഠിക്കാൻ മുതിരുകയും, ജൂലിയനുശേഷം ജോവിയൻ കെടുത്തിയ വഞ്ചനാത്മകാഗ്നി വീണ്ടും കത്തിക്കാൻ തുടങ്ങുകയും ചെയ്തു. ഭക്തരുടെ ഭരണകാലത്ത് ഒളിച്ചും പാത്തും നടത്തിയിരുന്ന, യൂദരുടെയും ദിയണോസൂസിന്റെയും ഡെമെറ്ററിന്റെയും കർമങ്ങൾ, കുടിച്ചു മദിച്ചവർ ഫോറത്തിൽ പരസ്യമായി അനുഷ്ഠിച്ചു തുടങ്ങി. ശ്ലൈഹിക പ്രബോധനങ്ങൾ മുറുകെ പിടിച്ചവർക്കൊഴികെ മറ്റാർക്കും വാലൻസ് ശത്രുവായിരുന്നില്ല. മഹനീയനായ ജോവിയൻ അവർക്ക് പുതിയൊരു പള്ളി

പണിതു കൊടുത്തിരുന്നു. വാലൻസ് ആദ്യം അവരെ അവരുടെ പള്ളിയിൽ നിന്നു പുറത്താക്കി. അവർ ഉടനെ പ്രതികൂല കാലാവസ്ഥയെ അവഗണിച്ച്, മലയുടെ മുകളിൽ ഒത്തുകൂടി ഗാനങ്ങൾ ആലപിച്ച് തങ്ങളുടെ യജമാനനെ ബഹുമാനിക്കാനും ദൈവവചനം ശ്രവിക്കാനും തുടങ്ങി. എന്നാൽ സൈന്യം അവരെ അവിടെ നിന്നും ഓടിച്ച് ചിതറിച്ചു.

### അധ്യായം 22

## ഫ്ളാവിയനും ദിയദോറും

ഇരച്ചുവന്ന തിരമാലകളുടെ ശക്തി ഫ്ളാവിയനും ദിയദോറും അലതാങ്ങി പോലെ തകർത്തു. അവരുടെ ഇടയനായ മെലേഷ്യസ് നാടു കടത്തപ്പെട്ടിരുന്നു. ഇവരിരുവരും അജഗണത്തെ പരിപാലിച്ചു. ഇവർ ചെന്നായ്ക്കളുടെ തന്ത്രങ്ങളെ എതിർക്കുകയും അജഗണത്തെ നന്നായി കാത്തുസൂക്ഷിക്കുകയും ചെയ്തു. സൈന്യം വിശ്വാസികളെ മലമുകളിൽ നിന്ന് ആട്ടിയോടിച്ചപ്പോൾ, അവർ സമീപത്തുള്ള നദീതീരത്ത് ഒത്തുകൂടി. ബാബിലോണിൽ വച്ച് അലരിവൃക്ഷങ്ങളിൽ തങ്ങളുടെ കിന്നരങ്ങൾ തൂക്കിയിട്ട് തടവുകാർ ചെയ്തതുപോലെ, അവർ നിശ്ശബ്ദരായിരുന്നില്ല. പിന്നെയോ, തങ്ങളുടെ നിർമാതാവും ഉപകാരിയുമായവന് തന്റെ അധികാര സീമയിൽ കീർത്തനങ്ങൾ ആലപിച്ചു കൊണ്ടിരുന്നു.

കർത്താവിനെ പ്രകീർത്തിച്ച ഭക്തരായ ഇടയന്മാർക്ക് ശത്രുക്കൾ സ്വൈരം കൊടുത്തില്ല. അതുകൊണ്ട് ഈ ഇടയന്മാർ അജഗണത്തെ പട്ടാളക്കാരുടെ പരിശീലനസ്ഥലത്ത് ഒന്നിച്ചുകൂട്ടി ആത്മീയഭോജനം നൽകാൻ ശ്രമിച്ചു. തെളിഞ്ഞതും ഒഴുക്കുള്ളതുമായ നദിപോലെ ദിയദോർ തന്റെ വിജ്ഞാനത്തിലും ധൈര്യത്തിലും തന്റെ ജനത്തെ നനയ്ക്കുകയും എതിരാളികളുടെ ദൈവദൂഷണങ്ങളെ മുക്കിക്കളയുകയും തന്റെ കുലീന ജന്മം പരിഗണിക്കാതെ വിശ്വാസത്തിന്റെ പീഡകൾ സന്തോഷപൂർവം സഹിക്കുകയും ചെയ്തു.

ശ്രേഷ്ഠനും ഉന്നത നിലയിൽ ഉള്ളവനുമായ ഫ്ളാവിയനും ഭക്തി യാണ് ഏകശ്രേഷ്ഠകാര്യമെന്ന് ചിന്തിച്ചു. കളിക്കളത്തിലെ പരിശീലകനെ പ്പോലെ, അഞ്ചു പോരാട്ടങ്ങൾക്കുള്ള മല്ലൻ എന്നവിധം മഹാനായ ദിയദോറിനെ അഭിഷേകം ചെയ്യുകയും ചെയ്തു.

അക്കാലത്ത് അദ്ദേഹം സഭാശുശ്രൂഷകളിൽ നേതൃത്വം വഹിച്ചിരുന്നു. പ്രസംഗകർക്ക് വാദമുഖങ്ങളും തിരുലിഖിതചിന്തകളും സമൃദ്ധമായി നൽകിയിരുന്നു. അതുവഴി അവർക്ക് ആരിയസിന്റെ ദൈവദൂഷണങ്ങൾ ക്കെതിരെ തങ്ങളുടെ കുന്തം പായിക്കാൻ കഴിഞ്ഞു. അതേസമയം അദ്ദേഹം തന്റെ ആവനാഴിയിൽ നിന്ന് തന്റെ ബൗദ്ധിക അമ്പുകൾ അവർക്ക് കൊടുത്തു കൊണ്ടിരുന്നു. നാട്ടിലും പുറത്തും ഒരുപോലെ പ്രസംഗിച്ച്,

പാഷണ്ഡരുടെ വലകൾ കീറിമുറിക്കുകയും അവരുടെ പ്രതിരോധങ്ങൾ വെറും ചിലന്തിവലകളാണെന്ന് കാണിക്കുകയും ചെയ്തു.

ഈ പോരാട്ടത്തിൽ അഫ്രാത് അദ്ദേഹത്തെ സഹായിച്ചു. എന്റെ സന്യാസചരിത്രത്തിൽ അദ്ദേഹത്തിന്റെ ചരിത്രം ഞാൻ രേഖപ്പെടുത്തി യിട്ടുണ്ട്. അദ്ദേഹം മുനിയറ വാസത്തേക്കാൾ അജഗണത്തിന്റെ നന്മ കാംക്ഷിച്ചതിനാൽ, തന്റെ വിശ്രമമുറി വിട്ട് ഇടയന്റെ കഠിനജോലി ഏറ്റെടുത്തു. മറ്റൊരു ഗ്രന്ഥത്തിൽ ഇതേപ്പറ്റി രേഖപ്പെടുത്തിയിരി ക്കുന്നതിനാൽ, ഇവിടെ വിവരിക്കുന്നില്ല. എന്നാൽ ഒരു കാര്യം മാത്രം വിവരിക്കാം.

## അധ്യായം 23

# അഫ്രാത്

ഒറോന്തസ് നദിയുടെ വടക്കാണ് അന്ത്യോക്യയിലെ രാജകൊട്ടാരം. ഇരുവശത്തും ഉയർന്ന ഗോപുരത്തോടുകൂടി നഗരഭിത്തിയിൽ വലിയ ഒരു ഇരുനിലക്കെട്ടിടം തെക്കുവശത്തായിട്ടുണ്ട്. കൊട്ടാരത്തിനും നദിക്കും ഇടയിൽ ടൗണിൽ നിന്നുള്ള യാത്രക്കാർക്ക് ഈ ഭാഗത്തെ ഗേറ്റിൽ കൂടിക്കടന്ന് സമീപപ്രദേശങ്ങളിലേക്ക് പോകാൻ ഒരു പൊതുവഴിയുണ്ട്. തന്റെ അജഗണത്തിന്റെ ശുശ്രൂഷയ്ക്കായി ദൈവികനായ അഫ്രാത് ഒരിക്കൽ ഈ പാതയിലൂടെ പടയാളികളുടെ പരിശീലനസ്ഥലത്തേക്ക് പോകുകയായിരുന്നു. ചക്രവർത്തി കൊട്ടാരത്തിന്റെ ഗാലറിയിൽ നിന്ന് താഴേക്ക് നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. സംസ്കരിക്കാത്ത ആട്ടിൻ തുകൽ ധരിച്ച്, പ്രായാധിക്യമായിട്ടും വളരെ വേഗത്തിൽ അഫ്രാത് നടന്നുപോകുന്നത് ചക്രവർത്തി കണ്ടു. നഗരം മുഴുവൻ അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു. അത് അഫ്രാതാണെന്ന് കേട്ടപ്പോൾ, “അങ്ങ് എവിടെ പോകുന്നെന്നു പറയുക” എന്ന് ചക്രവർത്തി ഉറക്കെ ചോദിച്ചു. അപ്പോൾ അദ്ദേഹം ബുദ്ധിപൂർവം ഇപ്രകാരം മറുപടി പറഞ്ഞു: ‘‘അങ്ങയുടെ സാമ്രാജ്യത്തിനുവേണ്ടി പ്രാർഥിക്കാൻ’’. അപ്പോൾ ചക്രവർത്തി: “വീട്ടിലിരുന്ന് സന്യാസിയേപ്പോലെ തനിച്ച് പ്രാർഥിക്കരുതോ?”. ആ ദിവ്യൻ: ‘‘അതേ, രക്ഷകന്റെ അജഗണം സമാധാനത്തിൽ കഴിഞ്ഞിടത്തോളം ഇപ്പോൾവരെ ഞാൻ അപ്രകാരം ചെയ്തിരുന്നു. അങ്ങനെ ചെയ്യാൻ ഞാൻ കടപ്പെട്ടവനാണ്. എന്നാൽ ഇപ്പോൾ അവർ ദാരുണമായി അസ്വസ്ഥരും വന്യമൃഗങ്ങൾ പിടിക്കുമെന്ന വലിയ അപകടത്തിലുമാണ്. ആ ശിശുക്കളെ രക്ഷിക്കാൻ ഞാൻ എല്ലാ മാർഗവും ഉപയോഗിക്കണം. ഞാൻ എന്റെ മുറിയിലിരുന്ന് വീട്ടുകാര്യങ്ങൾ നോക്കുന്ന സ്ത്രീയാണെന്ന് സങ്കൽപ്പിക്കുക. ഒരു തീക്കനൽ വീണ് വീട് കത്തുമ്പോൾ, ഞാൻ എന്താണ് ചെയ്യേണ്ടതെന്ന് എന്നോട് പറഞ്ഞാലും. വെറുതെ അകത്തിരുന്ന് വീടു കത്തുന്നത്

പരിഗണിക്കാതെ, തീ അടുത്തു വരുന്നത് കണ്ടുകൊണ്ടിരിക്കണമോ എന്ന് എന്നോട് പറയുക. അതോ, എന്റെ സ്വകാര്യ മുറിവിട്ട്, അങ്ങോട്ടും ഇങ്ങോട്ടും ഓടി വെള്ളമെടുത്ത് തീജ്വാല അണയ്ക്കാൻ ശ്രമിക്കണമോ? നിശ്ചയമായും അങ്ങ് രണ്ടാമത്തേതു തന്നെ പറയും. ചുണയുള്ള പെൺകുട്ടി അപ്രകാരം ചെയ്യും. ഞാനിപ്പോൾ അതാണ് ചെയ്യുന്നത്. അങ്ങ് ഞങ്ങളുടെ പിതൃഭവനത്തിന് തീ കൊളുത്തി. അതു കെടുത്താൻ ഞങ്ങൾ ഓടിനടക്കുകയാണ്." ചക്രവർത്തി അദ്ദേഹത്തെ ഭീഷണിപ്പെടുത്തിയിട്ട് നീങ്ങി.

ഇമ്പീരിയൽ കിടക്കമുറിയിലെ ഒരു സാരഥി കുറേക്കൂടി ഉഗ്രമായി ദൈവമനുഷ്യനെ ഭീഷണിപ്പെടുത്തി. അയാൾക്ക് കുളിമുറിയുടെ ചുമതല ആയിരുന്നു. ചക്രവർത്തിക്ക് കുളിക്കാൻ ഒരുക്കുന്നതിന് അയാൾ താഴേക്കിറങ്ങി. തത്ക്ഷണം അയാളുടെ ബോധം മങ്ങി, തിളച്ച വെള്ളത്തിൽ വീണുമരിച്ചു. കുളിവെള്ളം തയാറായി എന്ന അറിയിപ്പു കിട്ടാൻ ചക്രവർത്തി കാത്തുനിന്നു. ചക്രവർത്തി മറ്റ് ഉദ്യോഗസ്ഥന്മാരെ അയച്ച് അയാൾ വരാത്തതിന്റെ കാരണം ആരാഞ്ഞു. അപ്പോൾ, അയാൾ മരിച്ചു കിടക്കുന്നത് കണ്ടു. അഫ്രാതിന്റെ പ്രാർഥനയുടെ ശക്തി അപ്പോൾ അവർ മനസ്സിലാക്കി. എന്നാൽ അവർ അഭക്തപ്രബോധനങ്ങളിൽ നിന്ന് പിന്മാറിയില്ല. ഫറവോനെപ്പോലെ ഹൃദയം കഠിനമാക്കി. മതിഭ്രമം വന്ന ചക്രവർത്തി ഭക്തിക്കെതിരെയുള്ള വിഭ്രാന്തി നിറഞ്ഞ ക്രോധത്തിൽ തന്നെ നിലനിന്നു.

### അധ്യായം 24

## താപസ്സനായ ജൂലിയാനൂസ്

ഞാൻ നേരത്തെ സൂചിപ്പിച്ച പ്രശസ്തനായ ജൂലിയാനൂസ് ഇക്കാലത്ത് മരുഭൂമി വിട്ട് അന്ത്യോക്യയിലേക്ക് വരാൻ നിർബന്ധിതനായി. ഈ വലിയ മനുഷ്യൻ തങ്ങളുടെ പക്ഷത്താണെന്ന് ആരിയന്മാർ കരുതി. അപ്പോൾ ഫ്ളാവിയനും ദിയദോറും അഫ്രാതും കൂടി അകാചിയുസിനെ ജൂലിയാനൂസിന്റെ പക്കലേക്ക് അയച്ചു. - അകാചിയുസ് പിന്നീട് ബേറോയാ മെത്രാനായി - ജൂലിയാനുസ് ആയിരക്കണക്കിന് മനുഷ്യരോട് അനുകമ്പ കാട്ടണമെന്നും ശത്രുവിന്റെ നുണയെ കുറ്റം വിധിക്കണമെന്നും സത്യ പ്രഘോഷണം ഉറപ്പിക്കണമെന്നും അപേക്ഷിച്ചുകൊണ്ടാണ് അവർ അകാചിയുസിനെ അയച്ചത്. ജൂലിയാനുസ് വന്ന വഴിക്കും പോയവഴിക്കും അന്ത്യോക്യയിലും ചെയ്ത അത്ഭുതങ്ങളെപ്പറ്റി ഞാൻ എന്റെ സന്യാസ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അദ്ദേഹം നഗരത്തിലെ എല്ലാ മനുഷ്യരെയും നമ്മുടെ സമ്മേളനത്തിലേക്ക് ആകർഷിച്ചു. കാരണം, അസാധാരണത്വം പൊതുവേ ജനത്തെയെല്ലാം ആകർഷിക്കും. അദ്ദേഹം വലിയ അത്ഭുതങ്ങൾ പ്രവർത്തിച്ചെന്ന് സത്യവിരോധികൾ പോലും സാക്ഷിക്കുന്നു.

മുമ്പ് കോൺസ്റ്റാൻസ്യൂസിന്റെ കാലത്ത് മഹാനായ അന്തോണിയോസ് അലക്സാണ്ഡ്രിയായിൽ ഇപ്രകാരം പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹം മരുഭൂമി വിട്ട് നഗരത്തിൽ ഉടനീളം നടന്ന് അത്തനാസ്യോസാണ് സത്യപ്രബോധക നെന്നും ആരിയൻ വിഭാഗം സത്യവിരോധികൾ ആണെന്നും എല്ലാവരോടും പറഞ്ഞു. അതുകൊണ്ട് ഓരോ പ്രത്യേക സാഹചര്യങ്ങൾക്ക് അനുസൃത മായി തങ്ങളെത്തന്നെ പൊരുത്തപ്പെടുത്തി, എപ്പോൾ വിശ്രമിക്കണമെന്നും എപ്പോൾ നഗരത്തിൽ എത്തണമെന്നും ആ ദൈവമനുഷ്യർക്ക് നന്നായി അറിയാമായിരുന്നു.

### അധ്യായം 25

## മറ്റു താപസ്സ ശ്രേഷ്ഠർ

ഏകാന്തജീവിതത്തിൽ മഹനീയരായിത്തീർന്ന മറ്റു മനുഷ്യരും ഇക്കാലത്തുണ്ടായിരുന്നു. കാൽചീദിയൻ മരുഭൂമിയിൽ അവിതുസ്, മാർസി യൻ, അബ്രാമെസ്, മറ്റനേകംപേർ. അവരെ എളുപ്പത്തിൽ എണ്ണി തിട്ടപ്പെടു ത്താനാവില്ല. അവർ തങ്ങളുടെ ശരീരത്തിൽ ശാരീരികേന്ദ്രിയങ്ങൾക്ക് ഉപരിസ്ഥമായ ജീവിതം നയിക്കാൻ ശ്രമിച്ചു. അപ്പമേയാ ജില്ലയിൽ അഗാപീറ്റസ്, ശിമെയോൻ, പൗലോസ്, മറ്റുള്ളവർ അത്യന്നത ജ്ഞാന ഫലങ്ങൾ കൊയ്തെടുത്തു.

സോയിഗ്മാതെൻസ് ജില്ലയിൽ പുബ്ലിയുസും പൗലോസും ജീവിച്ചി രുന്നു. സിരെസ്തിയൻ പ്രദേശത്ത് വിഖ്യാതനായ അചെപ്സേമാസ്, ആരെയും കാണാതെയും ആരോടും സംസാരിക്കാതെയും 60 വർഷം ഒരറയിൽ അടച്ചിട്ടിരുന്നു. കാഴ്ച നഷ്ടപ്പെട്ടെങ്കിലും ശ്രേഷ്ഠനായ സൊമാതിയുസ് അജഗണത്തെ ഉറപ്പിച്ചുകൊണ്ടും ചെന്നായ്ക്കളോട് പോരാടിക്കൊണ്ടും ചുറ്റിനടന്നു. അവർ അദ്ദേഹത്തിന്റെ മുനിയറ കത്തിച്ചു കളഞ്ഞെങ്കിലും സത്യവിശ്വാസിയായ ട്രാജാനുസ് മറ്റൊന്ന് നിർമിച്ചു നൽകുകയും ആവശ്യമുള്ളവ എത്തിക്കുകയും ചെയ്തു.

അന്ത്യോക്യയുടെ സമീപപ്രദേശത്ത് മരിയാനുസ്, എവുസേബിയസ്, അമ്മിയാനുസ്, പല്ലാഡിയുസ്, ശിമെയോൻ, അബ്രാമെസ്, മറ്റുള്ളവർ ദൈവികച്ഛായ മായിച്ചുകളയാതെ സംരക്ഷിച്ചു. ഞാൻ ഇവരുടെയെല്ലാം ജീവചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മഹാനഗരത്തിന്റെ സമീപ ത്തുള്ള മല പുൽത്തകിടിപോലെ മോടിപിടിപ്പിച്ചിരുന്നു. കാരണം, അവിടെ ഗലാത്യാക്കാരൻ പീറ്റർ, ഈജിപ്തുകാരൻ പീറ്റർ, റൊമാനുസ്, സെവേരൂസ്, സേനോ, മോശ, മാൽക്കുസ്, മറ്റനേകർ പാർത്തിരുന്നു. അവരെപ്പറ്റി മനുഷ്യർക്ക് അറിവില്ലായിരുന്നു. എന്നാൽ ദൈവത്തിന് അറിയാമായിരുന്നു.

## അധ്യായം 26

# മാർ അപ്രേമും ദിദീമൂസും

ഇക്കാലത്ത് എഡേസ്സായിൽ ശ്രേഷ്ഠനായ അപ്രേമും അലക്സാൺഡ്രിയായിൽ ദിദീമൂസും ജീവിച്ചിരുന്നു. അസത്യപ്രബോധനങ്ങൾക്കെതിരെ അവരിരുവരും തൂലിക ചലിപ്പിച്ചു. സുറിയാനിഭാഷയിലെഴുതിയ അപ്രേം ആത്മീയ കൃപാകിരണങ്ങൾ പൊഴിച്ചു. അദ്ദേഹത്തിന് ലൗകിക വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. എങ്കിലും വിജാതീയ തെറ്റുകൾ തുറന്നു കാട്ടാനും പാഷണ്ഡതാവഞ്ചനയുടെ ബലഹീനത വെളിപ്പെടുത്താനും അദ്ദേഹത്തിനു കഴിഞ്ഞു. ബർദൈസാന്റെ മകനായ ഹാർമോണിയസ് കുറേ ഗാനങ്ങൾ രചിച്ചു. അയാൾ സ്വരമാധുര്യത്തോടൊപ്പം അഭക്തി കൂട്ടിക്കലർത്തി ശ്രോതാക്കളെ വഞ്ചിക്കുകയും അവരെ നാശത്തിലേക്ക് നയിക്കുകയും ചെയ്തു. അപ്രേം ഈ പാട്ടുകളുടെ സംഗീതം എടുത്തിട്ട്, ഭക്തി കൂട്ടിക്കലർത്തി. അത് ആളുകളെ സന്തുഷ്ടരാക്കുകയും സൗഖ്യദായക മരുന്നായി തീരുകയും ചെയ്തു. നമ്മുടെ വിജയികളായ രക്തസാക്ഷികളുടെ പെരുന്നാളുകൾ സജീവമാക്കാൻ ഈ ഗാനങ്ങൾ ഇപ്പോഴും ഉപയോഗിക്കുന്നു.

ചെറുപ്പത്തിൽ തന്നെ കാഴ്ച നഷ്ടപ്പെട്ട ദിദീമൂസ് സംഗീതം, പ്രഭാഷണകല, കണക്കുശാസ്ത്രം, ഭൂമിശാസ്ത്രം, വാനശാസ്ത്രം, അരിസ്റ്റോട്ടലിന്റെ തർക്കശാസ്ത്രം പ്ലേറ്റോയുടെ വാഗ്മിത്വം എന്നിവയിൽ അഭ്യസനം നടത്തി. ഇവയെല്ലാം അദ്ദേഹം കേട്ടു പഠിച്ചതാണ്. സത്യം പകർന്നു കൊടുക്കുക മാത്രമല്ല, തെറ്റിനെതിരെ സത്യം ആയുധമായി നൽകുക കൂടി ചെയ്തു. അദ്ദേഹം തിരുലിഖിതത്തിന്റെ വാച്യാർഥവും ആന്തരികാർഥവും പഠിച്ചു. താപസ്സജീവിതത്തിലും സുകൃത സമ്പാദനത്തിലും ഈ വ്യക്തികൾ അക്കാലത്ത് ഗണരീയരായിരുന്നു.

## അധ്യായം 27

# ആസിയായിലേയും പോന്തുസിലെയും പ്രഗത്ഭ മെത്രാന്മാർ

മെത്രാന്മാരുടെ കൂട്ടത്തിൽ ഗ്രിഗറി നസ്യാൻസനും ഗ്രിഗറി നീസ്സായും പ്രശസ്തരായിരുന്നു. ഗ്രിഗറി നീസ്സാ മഹാനായ ബേസിലിന്റെ സഹോദരനും ഗ്രിഗറി നസ്യാൻസൻ സ്നേഹിതനും സഹപ്രവർത്തകനുമായിരുന്നു. ഇവർ കപ്പദോഷ്യയിലെ അതിശ്രേഷ്ഠ വ്യക്തികളായിരുന്നു. അവരോടൊപ്പം മുൻനിരയിൽ ആയിരുന്നു ബേസിലിന്റെയും ഗ്രിഗറിയുടെയും സഹോദരനായ പീറ്റർ. അദ്ദേഹത്തിന് മറ്റു രണ്ടുപേരേപ്പോലെ ലൗകികവിജ്ഞാനം ലഭിച്ചില്ലായിരുന്നെങ്കിലും, അവരേപ്പോലെ ശ്രേഷ്ഠജീവിതം നയിച്ചു.

പിസീദിയായിൽ ഒപ്തീമൂസും ലിക്കവോനിയായിൽ ആംഫിലോക്കിയുസും തങ്ങളുടെ പിതാക്കന്മാരുടെ വിശ്വാസത്തിനു വേണ്ടി മുൻനിരയിൽ നിന്നു പോരാടി, ശത്രുവിന്റെ കടന്നാക്രമണങ്ങളെ പരാജയപ്പെടുത്തി.

പടിഞ്ഞാറ് റോമിലെ ഡമാസൂസ്, മിലാനിലെ അംബ്രോസ് എന്നിവർ, ദൂരെ നിന്ന് തങ്ങളെ ആക്രമിച്ചവരെ തകർത്തു. ഇവയുമായി ബന്ധപ്പെട്ട്, വിദൂരസ്ഥലങ്ങളിൽ പാർക്കാൻ മെത്രാന്മാർ നിർബന്ധിതരായി. അവർ തങ്ങളുടെ സ്നേഹിതരെ ഉറപ്പിക്കുകയും രചനകളാൽ ശത്രുക്കളെ കീഴമർത്തുകയും ചെയ്തു. ഇപ്രകാരം കൊടുങ്കാറ്റിന്റെ ശക്തിക്കനുസൃതം പ്രപഞ്ചനിയന്താവ് കപ്പിത്താന്മാരെ ശക്തരാക്കി. ശത്രുവിന്റെ ബലാൽക്കാരത്തിനെതിരെ തന്റെ കപ്പിത്താന്മാരുടെ സുകൃതം കൊണ്ട് യുദ്ധനിര പ്രതിരോധിച്ചു. പ്രയാസമേറിയ ഈ കാലഘട്ടത്തെ അതിജീവിക്കാനുള്ള സംഗതികൾ അവിടുന്ന് അവർക്കു നൽകി. തങ്ങളുടെ സ്നേഹനിധിയായ പിതാവിൽ നിന്ന് സഭകൾക്ക് സംരക്ഷണം ലഭിച്ചതു കൂടാതെ മറ്റൊരുതരം മാർഗനിർദേശവും ലഭിച്ചു.

### അധ്യായം 28

## വാലൻസിന്റെ എടുത്തുചാട്ടം

കർത്താവ് ഗോത്യരെ ഇളക്കിവിട്ടു. ഭക്തർക്കെതിരെ മാത്രം യുദ്ധം ചെയ്യാൻ അറിയാവുന്നവനെ അവിടേക്ക് ആകർഷിച്ചു. അപ്പോൾ ഈ വ്യർഥമനുഷ്യൻ തന്റെ ബലഹീനത ആദ്യമായി മനസ്സിലാക്കി. സൈന്യസഹായത്തിനായി അയാൾ തന്റെ സഹോദരനോട് അഭ്യർഥിച്ചു. ദൈവത്തിനെതിരെ പോരാടുന്നവനെ സഹായിക്കുന്നത് അഭക്തിയാണെന്നും എടുത്തുചാട്ടം നിയന്ത്രിക്കുന്നതാണ് നല്ലതെന്നും വലന്റീനിയൻ മറുപടി പറഞ്ഞു. അത് അയാൾക്ക് വളരെ അതൃപ്തി ഉളവാക്കി. എന്നാൽ അയാൾ എടുത്തുചാട്ടത്തിൽ നിന്ന് പിന്മാറിയില്ല. സത്യത്തിനെതിരെയുള്ള പോരാട്ടം തുടർന്നു.

### അധ്യായം 29

## തെരെൻസ്യൂസ് പ്രഭുവിന്റെ ഭക്തി

ശ്രേഷ്ഠജനറലും അതിഭക്തനുമായ തെരെൻസ്യൂസ് വിജയശ്രീലാളിതനായി അർമേനിയായിൽ നിന്ന് തിരികെയെത്തി. എന്തെങ്കിലും ഒരാനുകൂല്യം ആവശ്യപ്പെടാൻ വാലൻസ് ആവശ്യപ്പെട്ടു. ഭക്തിയിൽ വളർന്നവർക്ക് ചേരുന്ന വിധമുള്ള ഒന്നാണ് അയാൾ ആവശ്യപ്പെട്ടത്. അയാൾ സ്വർണമോ, വെള്ളിയോ, ഭൂമിയോ, സ്ഥാനമോ, ഭവനമോ ഒന്നും

ചോദിച്ചില്ല. പിന്നെയോ, ശ്ലൈഹിക വിശ്വാസത്തിനു വേണ്ടി തങ്ങൾക്കുള്ള തെല്ലാം നഷ്ടപ്പെട്ടവർക്കായി ഒരുപള്ളി അനുവദിക്കണം എന്ന് അപേക്ഷിച്ചു. വാലൻസ് അപേക്ഷ വായിച്ചിട്ട് കീറിക്കളഞ്ഞു. മറ്റൊന്ന് ചോദിക്കാൻ പറഞ്ഞു. എന്നാൽ അയാൾ കീറിയ കടലാസുകഷണങ്ങൾ പെറുക്കി യെടുത്ത് ഇപ്രകാരം പറഞ്ഞു: "എനിക്കുള്ള പ്രതിഫലം ലഭിച്ചുകഴിഞ്ഞു. ഞാൻ മറ്റൊന്ന് ആവശ്യപ്പെടുകയില്ല. എല്ലാവരുടെയും ന്യായാധിപനാണ് എന്റേയും ന്യായാധിപൻ".

### അധ്യായം 30

## ജനറൽ ത്രിയാനൂസിന്റെ ധൈര്യം

വാലൻസ് ബോസ്ഫറസ് കടന്ന് ത്രേസിലെത്തി. ഏറെക്കാലം കോൺസ്റ്റാന്റിനോപ്പിളിൽ തങ്ങി. കാട്ടുവംശജർക്കെതിരെ സൈന്യസമേതം അയാൾ ത്രിയാനൂസിനെ അയച്ചിരുന്നു. പരാജിതനായി ജനറൽ തിരികെ എത്തിയപ്പോൾ, ചക്രവർത്തി അയാളെ അധിക്ഷേപിക്കാനും കളിയാക്കാ നും തുടങ്ങി. ത്രിയാനുസ് ഇപ്രകാരം മറുപടി പറഞ്ഞു:''ഞാൻ പരാജയപ്പെട്ടില്ല. ദൈവത്തിനെതിരെ യുദ്ധം ചെയ്ത് കാട്ടുവംശജർക്ക് ദൈവസഹായം ലഭിക്കാൻ ഇടയാക്കിയ നീയാണ് വിജയം നഷ്ടപ്പെടുത്തി യത്. നീ ദൈവത്തെ ആക്രമിച്ചതിനാൽ ദൈവം അവരുടെ ഭാഗം ചേർന്നു. വിജയം ദൈവത്തിന്റെ വശത്താണ്. ദൈവം നയിക്കുന്നവർ വിജയിക്കും. ആരെയാണ് പള്ളികളിൽ നിന്ന് ഇറക്കി വിടുകയും ആർക്കാണ് പള്ളിഭരണം നൽകുകയും ചെയ്തെന്ന് നിനക്കറിയാമല്ലോ.'' അവൻ പറഞ്ഞതിന്റെ സത്യാവസ്ഥ ജനറൽമാരായ അരിന്തെയുസും വിക്ടറും ഉറപ്പിച്ചു. വസ്തുതകളെ അടിസ്ഥാനമാക്കിയുള്ള കുറ്റപ്പെടുത്തലുകളാൽ പ്രകോപിത നാകരുതെന്ന് അവർ ചക്രവർത്തിയോട് അപേക്ഷിച്ചു.

### അധ്യായം 31

## ഇസഹാക്കും ബ്രെന്താനിയോയും

കോൺസ്റ്റാന്റിനോപ്പിളിലെ ഒരു ഏകാന്തവാസി ആയിരുന്നു ഇസഹാക്ക്. വാലൻസ് തന്റെ സൈന്യത്തോടൊപ്പം മാർച്ചു ചെയ്യുന്നതു കണ്ട് അയാൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "ഓ,ചക്രവർത്തീ, നീ എങ്ങോട്ടു പോകുന്നു? ദൈവത്തെ കൂട്ടുപിടിക്കാതെ നീ ദൈവത്തിനെതിരെ യുദ്ധം ചെയ്യാൻ പോകുകയാണോ? നിനക്കെതിരെ കാട്ടുവംശജരെ ഇളക്കിവിട്ടത് ദൈവം തന്നെയാണ്. കാരണം, ദൈവദൂഷണം പറയാൻ നീ അനേകം

നാവുകളെ ഉത്തേജിപ്പിച്ചു. ദൈവത്തിന്റെ ആരാധകരെ അവരുടെ വാസസ്ഥലങ്ങളിൽ നിന്ന് നീ ആട്ടിയോടിച്ചു. നിന്റെ പടയോട്ടം അവസാനിപ്പിച്ച്, യുദ്ധം നിർത്തുക. അജഗണത്തിന് അവരുടെ ശ്രേഷ്ഠഇടയന്മാരെ തിരികെ നൽകുക. ബുദ്ധിമുട്ടു കൂടാതെ നീ വിജയം വരിക്കും. ഇപ്രകാരം ചെയ്യാതെ നീ യുദ്ധത്തിനു പോയാൽ, മുള്ളിനുനേരേ ഉതയ്ക്കുന്നത് എത്ര കഠിനതരമാണെന്ന് നീ അനുഭവത്തിൽ നിന്നു പഠിക്കും. നീ ഒരിക്കലും തിരികെ വരികയില്ല. നീ നിന്റെ സൈന്യത്തെ നശിപ്പിക്കുകയും ചെയ്യും."

രോഷാകലനായ ചക്രവർത്തി ഇപ്രകാരം പറഞ്ഞു: "ഞാൻ തിരികെ വരും. ഞാൻ നിന്നെ കൊല്ലും. നിന്റെ വ്യാജപ്രവചനത്തിനുള്ള ശിക്ഷ ഞാൻ നൽകും". ഭീഷണിയെ ഭയക്കാതെ അയാൾ മറുപടി പറഞ്ഞു: "ഞാൻ പറഞ്ഞത് തെറ്റാണെങ്കിൽ, എന്നെ കൊന്നുകളയുക".

വിവിധസുകൃതങ്ങളാൽ അലംകൃതനായ ബ്രെന്താനിയോ ഷിതിയായിലെ എല്ലാ നഗരങ്ങളുടെയും മെത്രാനായിരുന്നു. അദ്ദേഹം ദൈവിക തീക്ഷ്ണതയാൽ ജ്വലിച്ചിരുന്നു. പ്രബോധനങ്ങളുടെ ദുഷിപ്പിനെതിരെയും വിശുദ്ധരെ നിയമരഹിതമായി ആക്രമിക്കുന്നതിനെതിരെയും പ്രതിഷേധിച്ച് ദൈവിക ദാവീദിന്റെ വാക്കകളിൽ അദ്ദേഹം ഇപ്രകാരം ശബ്ദമുയർത്തി പറഞ്ഞു: "രാജാക്കന്മാരുടെ മുമ്പിലും ഞാൻ നിന്റെ സാക്ഷ്യങ്ങൾ സംസാരിച്ചു. ഞാൻ ലജ്ജിച്ചില്ല."(സങ്കീ. 119,46).

## അധ്യായം 32

# വാലൻസ് ചക്രവർത്തിയുടെ ദുരന്തം

ശ്രേഷ്ഠരായ ഈ ഉപദേശകരെ നിരാകരിച്ച്, വാലൻസ് തന്റെ സൈന്യത്തെ യുദ്ധമുഖത്തേക്കയച്ചു. വിജയപ്രതീക്ഷയുമായി അയാളൊരു കുഗ്രാമത്തിൽ കാത്തിരുന്നു. കാട്ടുവംശജരുടെ ആക്രമണത്തെ ചെറുക്കാൻ അയാളുടെ സൈന്യത്തിനു കഴിഞ്ഞില്ല. അവർ പിന്തിരിഞ്ഞോടി. ഗോത്യർ അവരിൽ അനേകരെ കൊന്നൊടുക്കി. റോമൻ സൈന്യം വേഗത്തിൽ തിരിഞ്ഞു പാഞ്ഞു. ഗോത്യർ സർവശക്തിയും ഉപയോഗിച്ച് അവരെ ഓടിച്ചു. പരാജയത്തെപ്പറ്റി അറിഞ്ഞപ്പോൾ, താൻ തങ്ങിയിരുന്ന ഗ്രാമത്തിൽ ഒളിച്ചിരിക്കാൻ വാലൻസ് ശ്രമിച്ചു. എന്നാൽ അവിടെയെത്തിയ കാട്ടുവംശജർ അതിന് തീയിടുകയും ഭക്തിയുടെ ശത്രുവിനെ അതിനുള്ളിലിട്ട് കത്തിക്കുകയും ചെയ്തു. തന്റെ തെറ്റുകൾക്ക് വാലൻസ് ഈ ജീവിതത്തിൽ തന്നെ ശിക്ഷിക്കപ്പെട്ടു.

### അധ്യായം 33

# ഗോത്യർ ആരിയന്മാരാകുന്നു

ഗോത്യർക്ക് എങ്ങനെ ആരിയൻ പകർച്ചവ്യാധി പിടിപെട്ടെന്ന് ഇക്കാര്യങ്ങളിൽ അജ്ഞരായവർക്കു വേണ്ടി വിശദീകരിക്കുന്നത് പ്രയോജനകരം ആയിരിക്കും. അവർ ഡാന്യൂബ് നദി കടന്ന് വാലൻസുമായി സമാധാന സന്ധി ഉണ്ടാക്കിക്കഴിഞ്ഞപ്പോൾ, അവിടെയുണ്ടായിരുന്ന എവുഡോക്സിയുസ്, താനുമായി കൂട്ടായ്മ പുലർത്താൻ ഗോത്യരെ പ്രേരിപ്പിക്കാൻ രാജാവിനോട് നിർദേശിച്ചു.

അവർക്ക് നേരത്തെ തന്നെ ദിവ്യജ്ഞാനത്തിന്റെ കിരണങ്ങൾ ലഭിച്ചിരുന്നു. ശ്ലൈഹികപ്രബോധനങ്ങളിൽ അവർ വളർന്നുവന്നിരുന്നു. "അഭിപ്രായൈക്യം സമാധാനം കൂടുതൽ ഉറപ്പുള്ളതാക്കും" എന്ന് എവുഡോക്സിയുസ് പറഞ്ഞു. ഈ ഉപദേശം വാലൻസ് സ്വീകരിക്കുകയും തത്വങ്ങളിലുള്ള ഐക്യത്തെപ്പറ്റി ഗോത്യരാജാക്കന്മാരോട് പറയുകയും ചെയ്തു. എന്നാൽ തങ്ങളുടെ പിതാക്കന്മാരുടെ പ്രബോധനം തിരസ്കരിക്കുന്നതിന് തങ്ങൾ സമ്മതിക്കയില്ലെന്ന് അവർ മറുപടി പറഞ്ഞു.

ഈ കാലത്ത് അവരുടെ മെത്രാനായ ഉൾഫിലാസിനെ അവർ അനുസരിക്കുകയും അദ്ദേഹത്തിന്റെ വാക്കുകൾ അലംഘനീയമായി സ്വീകരിക്കുകയും ചെയ്തിരുന്നു. വാചാലത കൊണ്ടും വാഗ്ദാനം കൊണ്ടും കൈക്കൂലി കൊണ്ടും എവുഡോക്സിയുസ് അയാളെ വശത്താക്കി. ചക്രവർത്തിയുമായി കൂട്ടായ്മ പുലർത്താൻ കാട്ടാളന്മാരെ പ്രേരിപ്പിക്കാമെന്ന് ഉൾഫിലാസ് സമ്മതിച്ചു.

താത്വികവ്യത്യാസമല്ല, വ്യക്തിവൈരാഗ്യമാണ് വിവിധ ഗ്രൂപ്പുകാരുടെ വഴക്കിനു കാരണമെന്ന് ഉൾഫിലാസ് കാട്ടാളന്മാരെ പറഞ്ഞുധരിപ്പിച്ചു. തദ്ഫലമായി, പിതാവ് പുത്രനേക്കാൾ വലുതാണെന്ന് ഇന്നുവരെ ഗോത്യർ പറയുന്നു. എന്നാൽ പുത്രൻ ഒരു സൃഷ്ടിയാണെന്ന് പറയുന്നവരുമായി അവർ കൂട്ടായ്മ പുലർത്തുന്നെങ്കിലും, അവർ അങ്ങനെ പറയുന്നില്ല. അവർ അവരുടെ പിതാക്കന്മാരുടെ പ്രബോധനം പൂർണമായി ഉപേക്ഷിച്ചു എന്നു പറയാനാവില്ല. കാരണം, എവുഡോക്സിയുസിനോടും വാലൻസിനോടും കൂട്ടായ്മ പുലർത്താൻ അവരെ പ്രേരിപ്പിക്കാനുള്ള പരിശ്രമത്തിൽ, പ്രബോധനത്തിൽ വ്യത്യാസമില്ല, വെറും ശുഷ്കമായ കലഹങ്ങളാണ് വ്യത്യാസത്തിന് കാരണമെന്ന് ഉൾഫിലാസ് അവരോട് പറഞ്ഞിരുന്നു.

# പുസ്തകം-5

## അധ്യായം 1

## ഗ്രേഷ്യൻ ചക്രവർത്തി

തനിക്കെതിരെ ക്രുദ്ധരാകുന്നവരോട് കർത്താവായ ദൈവം എത്ര ദീർഘക്ഷമ ഉള്ളവനാണെന്നും അവിടുത്തെ ക്ഷമയെ ദുരുപയോഗം ചെയ്യുന്നവരെ എങ്ങനെ അടിക്കുന്നെന്നും വാലൻസിന്റെ പ്രവർത്തനത്തിലൂടെയും ദൗർഭാഗ്യത്തിലൂടെയും സ്പഷ്ടമായി പഠിപ്പിക്കുന്നു. അളവും തൂക്കവും പോലെ സ്നേഹനിധിയായ കർത്താവ് കരുണയും നീതിയും ഉപയോഗിക്കുന്നു. കാരണം, സ്നേഹനിർഭരമായ കാരുണ്യത്തിന്റെ അതിർത്തികൾ കഠിന തെറ്റുകളാൽ ലംഘിക്കപ്പെടുന്നെന്നു കാണുമ്പോൾ, അതിരു കടക്കാതിരിക്കാൻ, നീതിനിറഞ്ഞ ശിക്ഷകളാൽ ദൈവം തടയുന്നു.

വലന്റീനിയന്റെ മകനും വാലൻസിന്റെ അനന്തിരവനുമായ ഗ്രേഷ്യന് റോമൻ സാമ്രാജ്യം മുഴുവൻ ലഭിച്ചു. അവന്റെ പിതാവ് മരിച്ചപ്പോൾ, അവൻ യൂറോപ്പിന്റെ അധികാരിയായി തീർന്നിരുന്നു. വലന്റീനിയനോടുകൂടി അവൻ അധികാരം പങ്കിട്ടിരുന്നു. വാലൻസ് മക്കളില്ലാതെ മരിച്ചതിനാൽ, ഗ്രേഷ്യന് ആസിയായും ലിബിയായുടെ ഭാഗങ്ങളും കൂടി ലഭിച്ചു.

## അധ്യായം 2

## മെത്രാന്മാരുടെ തിരിച്ചുവരവ്

ഗ്രേഷ്യൻ സത്യമതത്തോടുള്ള തന്റെ ചാച്ചിലിന്റെ വ്യക്തമായ സൂചന പെട്ടെന്ന് നൽകുകയും തന്റെ സാമ്രാജ്യത്തിന്റെ ആദ്യഫലങ്ങൾ എല്ലാറ്റിന്റെയും കർത്താവിന് സമർപ്പിക്കുകയും ചെയ്തു. നാടുകടത്തപ്പെട്ട മെത്രാന്മാരെ തിരികെ വരുത്തി അജഗണത്തിന്റെ ചുമതല ഏൽപ്പിക്കുന്നതിനും ഡമാസൂസുമായി കൂട്ടായ്മയുള്ള സമൂഹങ്ങൾക്ക് വിശുദ്ധ മന്ദിരങ്ങൾ കൊടുക്കുന്നതിനുമുള്ള കൽപ്പന പുറപ്പെടുവിച്ചു.

റോമിൽ ലിബേരിയുസിന്റെ പിൻഗാമിയായ ഡമാസൂസ് സ്തുത്യർഹമായ ജീവിതത്തിന്റെ ഉടമയും വാക്കിലും പ്രവൃത്തിയിലും ശ്ലൈഹിക പ്രബോധനങ്ങളുടെ ശ്രേഷ്ഠവക്താവുമായിരുന്നു. തന്റെ കൽപ്പന നടപ്പാക്കാൻ സാപ്പോർ എന്ന ജനറലിനെ ഗ്രേഷ്യൻ നിയമിച്ചു. അയാൾ

അക്കാലത്തെ ഒരു പ്രശസ്തവ്യക്തിയായിരുന്നു. വിശുദ്ധ കൂട്ടങ്ങളിൽ നിന്ന് ആരിയൻ ദൈവദൂഷകപ്രബോധകരെ വന്യമൃഗസമാനം പുറത്താക്കുന്നതിനും ദൈവത്തിന്റെ അജഗണത്തിന് ശ്രേഷ്ഠരായ ഇടയന്മാരെ പുനഃപ്രതിഷ്ഠിക്കുന്നതിനുമാണ് അയാളെ നിയമിച്ചത്.

പൗരസ്ത്യ തലസ്ഥാനമായ അന്ത്യോക്യാ ഒഴികെ മറ്റിടങ്ങളിലെല്ലാം തർക്കംകൂടാതെ കൽപ്പന നടപ്പായി. അവിടെ ഒരു കലഹത്തിന് തീ കൊളുത്തി.

### അധ്യായം 3

## അന്ത്യോക്യയിലെ വിഭാഗീയത: പൗളീനൂസ്, അപ്പൊള്ളിനാരിയുസ്, മെലേഷ്യസ്

അന്ത്യോക്യയിൽ ശ്ലൈഹിക പ്രബോധനത്തിനുവേണ്ടി നിലകൊണ്ടവർ തന്നെ രണ്ടുഗ്രൂപ്പായി തിരിഞ്ഞിരുന്നു. മഹാനായ എവുസ്താത്യോസിനെതിരെ ഗൂഢാലോചന നടന്ന ഉടൻതന്നെ, ആരിയൻ ദൈവദൂഷണത്തോടുള്ള അറപ്പുനിമിത്തം ഒരുകൂട്ടർ പൗളീനൂസ് മെത്രാന്റെ നേതൃത്വത്തിൽ ഒന്നിച്ചുകൂടി. എവുസോയിയുസ് മെത്രാനായപ്പോൾ, വേറേ കുറേപ്പേർ അഭക്തനായ അയാളിൽ നിന്നകന്ന് ശ്രേഷ്ഠനായ മെലേഷ്യസിന്റെ കൂടെക്കൂടി. അവർക്ക് വളരെ ഞെരുക്കങ്ങൾ ഉണ്ടായി. അവരെ ബുദ്ധിമാനായ മെലേഷ്യസ് നയിച്ചു. ലവദീക്യായിലെ അപ്പൊള്ളിനാരിയുസ് മൂന്നാമതൊരു ഗ്രൂപ്പ് രൂപീകരിച്ചു. അയാൾ ഭക്തിയുടെ മുഖംമൂടി ധരിച്ച്, ശ്ലൈഹിക പ്രബോധനങ്ങൾക്കുവേണ്ടി നിലകൊള്ളുന്നു എന്ന തോന്നൽ പരത്തിയെങ്കിലും, ഒരു പരസ്യശത്രുവായി കാണപ്പെട്ടു.

അയാൾ ദൈവസ്വഭാവത്തെപ്പറ്റി തെറ്റായ വാദങ്ങൾ ഉന്നയിക്കുകയും ഏതോ അധികാരശ്രേണിയുടെ ആശയം ആവിഷ്കരിക്കുകയും ചെയ്തു. മനുഷ്യാവതാര രഹസ്യത്തെ അപൂർണമാക്കുന്ന സാഹസികത അവതരിപ്പിച്ചു. മനുഷ്യശരീരത്തെ നിയന്ത്രിക്കുന്ന മനുഷ്യാത്മാവിനെ കൂടാതെയാണ് രക്ഷ സാധിച്ചതെന്ന് അയാൾ തട്ടിവിട്ടു. അയാളുടെ വാദമനുസരിച്ച് വചനമാം ദൈവം മനുഷ്യാത്മാവിനെ എടുത്തില്ല. അതിന് വചനം തന്റെ സൗഖ്യദാനം നൽകിയില്ല. തന്റെ ഔന്നത്യത്തിന്റെ ഭാഗം അതിന് നൽകിയതുമില്ല. വചനത്തിന്റെ ഭൗമികശരീരം അദൃശ്യശക്തികൾ ഇപ്രകാരം ആരാധിക്കുന്നതായി അവതരിപ്പിച്ചു. ദൈവസാദൃശ്യത്തിൽ നിർമിതമായ ആത്മാവ്, പാപത്തിന്റെ അപമാനമേറ്റ് താഴെ സ്ഥിതി ചെയ്യുന്നത്രേ.

അയാൾ ഇത്തരത്തിൽ മറ്റനേകം മണ്ടത്തരങ്ങൾ തട്ടിവിടുകയും അനേകരെ തട്ടിവീഴ്ത്തുകയും അന്ധരാക്കുകയും ചെയ്തു. വചനമാം ദൈവം വിശുദ്ധ കന്യകയിൽ നിന്ന് ജഡമെടുത്തെന്ന് ഏറ്റുപറയാൻ അയാൾ

 www.malankaralibrary.com

തയാറായിരുന്നു. ആ ജഡം വചനമാം ദൈവത്തോടുകൂടി സ്വർഗത്തിൽ നിന്നു വന്നെന്ന് മറ്റൊരവസരം അയാൾ പറഞ്ഞു. വീണ്ടും, വചനം ജഡമായി തീർന്നെന്നും നമ്മിൽ നിന്ന് ഒന്നുമെടുത്തില്ലെന്നും പറഞ്ഞു. ദൈവത്തിന്റെ സുവിശേഷ വാഗ്ദാനങ്ങളോടു കൂടെ അയാൾ കൂട്ടിച്ചേർത്ത മറ്റു കെട്ടു കഥകളും നിസ്സാരസംഗതികളും ആവർത്തിക്കുന്നത് അധികപ്പറ്റാണെന്ന് എനിക്കു തോന്നുന്നു. ഇത്തരം വാദഗതികൾ കൊണ്ട് അയാൾ തന്റെ സ്നേഹിതരെ മാത്രമല്ല, നമ്മിൽ പലരെപ്പോലും അപകടം നിറഞ്ഞ പ്രബോധനങ്ങളാൽ നിറച്ചു. കുറേക്കഴിഞ്ഞപ്പോൾ അവയുടെ കഥയില്ലായ്മ കാണകയും സഭയുടെ ശോഭ ദർശിക്കുകയും ചെയ്ത് വളരെ കുറച്ചു പേരൊഴിച്ച് ബാക്കിയെല്ലാവരും കൂട്ടായ്മയിലേക്ക് തിരികെ വന്നു. എന്നാൽ അവർ തങ്ങളുടെ മുൻകാലചിത്തഭ്രമം പൂർണമായി ഉപേക്ഷിക്കാതെ അനേകരെ രോഗികളാക്കി. സഭയിൽ, "ദൈവത്തിന്റെയും ജഡത്തിന്റെയും ഏകസ്വഭാവം" എന്ന പ്രബോധനത്തിന്റെയും ഏകജാതന്റെ പീഡാനുഭവം ദൈവത്വത്തിൽ ആരോപിക്കുന്നതിന്റെയും വൈദികരുടെയും അൽമായ രുടെയും ഇടയിൽ അഭിപ്രായഭിന്നത ഉണ്ടാക്കിയ മറ്റു സംഗതികളുടെയും തുടക്കം ഇവിടെയാണ്.

ഞാൻ പരാമർശിക്കുന്ന കാലത്ത് ജനറൽ സാപ്പോർ വന്ന് ഇമ്പീരിയൽ ഡിക്രി കാണിച്ചപ്പോൾ, താൻ ഡമാസൂസിന്റെ പക്ഷമാണെന്ന് പൗളീനൂസ് പറഞ്ഞു. തന്റെ കാപട്യം മറച്ചുവച്ചുകൊണ്ട് അപ്പൊള്ളിനാരി യുസും അപ്രകാരം പറഞ്ഞു. ദിവ്യനായ മെലേഷ്യസ് ഒരക്ഷരവും ഉരിയാടാതെ അവരുടെ സംസാരം കേട്ടുകൊണ്ടിരുന്നു. ഫ്ളാവിയൻ അപ്പോഴും ഒരു പ്രെസ്ബിറ്റർ മാത്രമായിരുന്നു. ഓഫീസർ കേൾക്കെ പൗളീനൂസിനോട് ഫ്ളാവിയൻ ഇപ്രകാരം പറഞ്ഞു: ‘‘എന്റെ പ്രിയ സ്നേഹിതാ, നീ ഡമാസൂസുമായുള്ള കൂട്ടായ്മ അംഗീകരിക്കുന്നെങ്കിൽ, തത്വങ്ങൾ തമ്മിൽ എങ്ങനെ യോജിക്കുന്നെന്ന് ചൂണ്ടിക്കാണിക്കുക. കാരണം, ത്രിത്വം ഏകസത്തയാണെന്ന് പറയുമ്പോഴും, മൂന്ന് ഹ്യൂപ്പോസ്റ്റസി സുകളാണെന്ന് അദ്ദേഹം പ്രഘോഷിക്കുന്നു. മറിച്ച് നീയാണെങ്കിൽ ഹ്യപ്പോസ്റ്റസിസുകളുടെ ത്രിത്വം നിഷേധിക്കുന്നു. അപ്പോൾ ഈ തത്വങ്ങൾ എങ്ങനെ യോജിച്ചുപോകുമെന്ന് കാണിച്ച്, രാജകൽപ്പന നിർദേശിക്കുന്നതു പോലെ സഭകളുടെ ചുമതല ഏറ്റെടുക്കുക.’’

തന്റെ വാദങ്ങളാൽ പൗളീനൂസിനെ നിശ്ശബ്ദനാക്കിയ ശേഷം ഫ്ളാവിയൻ അപ്പൊള്ളിനാരിയുസിന്റെ നേരേ തിരിഞ്ഞു പറഞ്ഞു: "എന്റെ സ്നേഹിതാ, നീ സത്യത്തിനെതിരെ ഘോരയുദ്ധം നടത്തുന്നത് കാണുന്ന തിൽ ഞാൻ അത്ഭുതപ്പെടുന്നു. വചനമാം ദൈവം നമ്മുടെ മനുഷ്യത്വം അതിന്റെ പൂർണതയിൽ തന്നെ എടുത്തെന്ന് നിനക്ക് വളരെ വ്യക്തമായി അറിയാമല്ലോ. എന്നാൽ നീ നിരന്തരം അതിനെതിരായിട്ടുള്ളതാണ് പറയുന്നത്. നമ്മുടെ ബുദ്ധിശക്തിയെ അതിന്റെ രക്ഷയിൽ നിന്ന് നീ ഒഴിവാക്കി. ഞാൻ നിനക്കെതിരെ പറഞ്ഞ ആരോപണങ്ങൾ തെറ്റാണെങ്കിൽ, നീ തുടങ്ങിവച്ച അനൈക്യം തള്ളിപ്പറയുക. ഡമാസൂസിന്റെ പ്രബോധനം

സ്വീകരിച്ച് പൂജ്യസ്ഥലങ്ങളുടെ ചുമതല ഏറ്റെടുക്കുക. ഇപ്രകാരം തന്റെ സത്യവാദത്താൽ മഹാജ്ഞാനിയായ ഫ്‌ളാവിയൻ അവരുടെ നാവടച്ചു.

ഏറ്റവും ശാന്തനായ മെലേഷ്യസ് ശാന്തമായും സ്നേഹമായും പൗളീനൂസിനോട് ഇപ്രകാരം പറഞ്ഞു: ''ആടുകളുടെ നാഥൻ ഈ അജഗണത്തിന്റെ ചുമതല എന്നെ ഏൽപ്പിച്ചു. ശേഷിച്ചവരുടെ ചുമതല നീ സ്വീകരിച്ചു. നമ്മുടെ ചെറിയ കൂട്ടങ്ങൾ പരസ്പരം കൂട്ടായ്മയിലാണ്. അതുകൊണ്ട് എന്റെ പ്രിയ സ്നേഹിതാ, നമുക്ക് നമ്മുടെ അജഗണങ്ങളെ ഒന്നിച്ചുചേർക്കാം. അവയെ നയിക്കുന്നതു സംബന്ധിച്ചുള്ള തർക്കം അവസാനിപ്പിക്കാം. അജഗണത്തെ ഒന്നിച്ച് തീറ്റിപ്പോറ്റി നമുക്കൊന്നിച്ച് അവയെ പരിപാലിക്കാം. പ്രധാന ഇരിപ്പിടമാണ് കലഹഹേതുവെങ്കിൽ, ആ കലഹം ഞാൻ അവസാനിപ്പിക്കാം."

"പ്രധാന ഇരിപ്പിടത്തിൽ ഞാൻ തിരുലിഖിതം വയ്ക്കുന്നു. നമുക്ക് അതിന് ഇടത്തും വലത്തും ഇരിക്കാം. ഞാൻ ആദ്യം കടന്നുപോയാൽ എന്റെ സ്നേഹിതാ, നീ തനിയെ അജഗണത്തിന്റെ നേതൃത്വം ഏറ്റെടുക്കുക. എന്റേതിനേക്കാൾ മുമ്പേയാണ് നിന്റേതെങ്കിൽ, ഞാൻ എന്റെ കഴിവനുസരിച്ച്അജഗണത്തെ പരിപാലിക്കാം.''എന്നാൽ പൗളീനുസ് അതിനു സമ്മതിച്ചില്ല. ഉദ്യോഗസ്ഥൻ പള്ളികൾ മെലേഷ്യസിനു നൽകി. നേരത്തെ മാറിനിന്ന കൂട്ടത്തിന്റെ തലവനായി പൗളീനൂസ് അപ്പോഴും തുടർന്നു.

## അധ്യായം 4

# സാമസോട്ടയിലെ എവുസേബിയസ്

സഭാഭരണം ലഭിക്കുന്നതിൽ പരാജയപ്പെട്ട അപ്പൊള്ളിനാരിയുസ് വിഷലിപ്തമായ തന്റെ പ്രബോധനം തുടർന്ന്, പരസ്യമായി പഠിപ്പിക്കുകയും പാഷണ്ഡതയുടെ തലവനാകുകയും ചെയ്തു. അയാൾ കൂടുതൽ കാലവും ലവദീക്യായിൽ പാർത്തു. എന്നാൽ അന്ത്യോക്യയിൽ വിത്താലിയൂസിനെ അയാൾ വാഴിച്ചിരുന്നു. അയാൾ ശ്ലൈഹികപ്രബോധനങ്ങളിൽ പരിശീലനം ലഭിച്ച ശ്രേഷ്ഠവ്യക്തി ആയിരുന്നെങ്കിലും, പിന്നീട് പാഷണ്ഡതയാൽ കളങ്കപ്പെട്ടു.

ദിയദോറിനെ മെലേഷ്യസ് തർസോസിലെ മെത്രാനായി നിയമിച്ചു. സിലീഷ്യാക്കാരുടെ ചുമതല അദ്ദേഹത്തിനു ലഭിച്ചു. വലിയ കൊടുങ്കാറ്റിൽ സഭാനൗക താണുപോകാതെ അദ്ദേഹം സംരക്ഷിച്ചു. അപ്പമേയായിൽ ജോണിനെ മെലേഷ്യസ് നിയമിച്ചു. അദ്ദേഹം കുലീനകുടുംബത്തിൽ പിറക്കുകയും തന്റെ പൂർവികരേക്കാൾ വിശിഷ്ടഗുണങ്ങളാൽ പ്രശോഭിക്കുകയും ചെയ്തു. അദ്ദേഹം തന്റെ ജീവിതത്തിന്റെയും പ്രബോധനത്തിന്റെയും ശ്രേഷ്ഠതയാൽ പ്രത്യേകം ശ്രദ്ധാർഹനായിരുന്നു. കൊടുങ്കാറ്റിന്റെ കാലത്ത്, യോഗ്യനായ സ്റ്റീഫന്റെ പിന്തുണയോടുകൂടെ അദ്ദേഹം തന്റെ സമൂഹത്തെ നയിച്ചു.

മറ്റൊരു പോരാട്ടത്തിനായി സ്റ്റീഫനെ മെലേഷ്യസ് അവിടെ നിന്നുമാറ്റി. ജർമനീഷ്യായിൽ എവുഡോക്സിയൻ പകർച്ചവ്യാധി പിടിപെട്ടെന്നറിഞ്ഞപ്പോൾ ആ രോഗം നിശ്ശേഷം ഇല്ലാതാക്കാൻ അദ്ദേഹം വൈദ്യനായി അയക്കപ്പെട്ടു. അദ്ദേഹത്തിന് ലൗകികവിജ്ഞാനവും ദിവ്യപ്രബോധന വിജ്ഞാനവും ഉണ്ടായിരുന്നു. അദ്ദേഹം പ്രതീക്ഷയ്ക്കൊത്ത് ഉയരുകയും ആത്മീയോപദേശത്താൽ ചെന്നായ്ക്കളെ കുഞ്ഞാടുകൾ ആക്കുകയും ചെയ്തു.

വലിയ എവുസേബിയസ് വിപ്രവാസത്തിൽ നിന്നു തിരികെ എത്തിയപ്പോൾ പ്രസിദ്ധനായ അകാചിയുസിനെ ബേറോയായിൽ മെത്രാനായി വാഴിച്ചു. വലിയ താപസ്സനായിരുന്ന തിയഡോട്ടസിനെ ഹിയെരാപ്പൊളീസിൽ വാഴിച്ചു. ഒരു എവുസേബിയസിനെ കാൽചിസിലും ഇസിദോറിനെ സൈറസിലും നിയമിച്ചു. അവർ ഇരുവരും ശ്രേഷ്ഠരും ദൈവികതീക്ഷ്ണത നിറഞ്ഞവരും ആയിരുന്നു. ബാർസെസ് മരിച്ചതിനാൽ എവുളോഗിയുസിനെ മെലേഷ്യസ് എഡേസ്സായിൽ വാഴിച്ചു. അദ്ദേഹം ശ്ലൈഹിക പ്രബോധനങ്ങളുടെ ശ്രേഷ്ഠ വക്താവായിരുന്നു. പ്രൊതോജെനെസിന്റെ കൂടെ അദ്ദേഹം ആന്റിനോയെയിലേക്ക് നാടുകടത്തപ്പെട്ടിരുന്നു. തന്റെ സ്നേഹിതനായ പ്രൊതോജെനേസിന് രോഗഗ്രസ്തമായ കാറെയെ സൗഖ്യമാക്കാനുള്ള കഠിനമായ ചുമതല എവുളോഗിയുസ് നൽകി.

അവസാനമായി, ദിവ്യനായ എവുസേബിയസ് ദോളിക്കേയുടെ മെത്രാനായി മാരിയെ നിയമിച്ചു. അത് അക്കാലത്ത് ആരിയൻ പകർച്ചവ്യാധി ബാധിച്ച ചെറിയ നഗരമായിരുന്നു. യോഗ്യനും സുകൃതസമ്പന്നനുമായ മാരിയെ വാഴിക്കാൻ എവുസേബിയസ് ദോളിക്കേയിലേക്ക് പോയി. അദ്ദേഹം പട്ടണത്തിൽ പ്രവേശിച്ചുകൊണ്ടിരുന്നപ്പോൾ ആരിയൻ പക്ഷപാതിയായ ഒരു സ്ത്രീ ഓടിളക്കി താഴേക്കിട്ടു. അത് അദ്ദേഹത്തിന്റെ തലയിൽ വീണ് പൊട്ടുകയും അധികം വൈകാതെ അദ്ദേഹം മരിക്കുകയും ചെയ്തു. ആ സ്ത്രീയെ അൽപ്പം പോലും ശിക്ഷിക്കരുതെന്ന് ചുറ്റും നിന്നവരെക്കൊണ്ട് അദ്ദേഹം ശപഥം ചെയ്യിച്ചു. “പിതാവേ, ഇവർ ചെയ്യുന്നത് എന്താണെന്ന് ഇവർ അറിയാത്തതിനാൽ ഇവരോട് ക്ഷമിക്കണമെ” എന്നു പ്രാർഥിച്ച തന്റെ നാഥനെ അദ്ദേഹം ഇതിലും അനുകരിച്ചു. “കർത്താവേ, ഈ പാപം ഇവരുടെമേൽ ചുമത്തരുതേ” എന്നു പ്രാർഥിച്ച സ്തേഫാനോസിന്റെ മാതൃകയും അദ്ദേഹം അനുകരിക്കുകയായിരുന്നു. വിവിധങ്ങളായ പോരാട്ടങ്ങൾക്കു ശേഷം എവുസേബിയസ് ഇപ്രകാരം മരിച്ചു. ത്രേസിലെ കാട്ടുവർഗക്കാരിൽ നിന്ന് അദ്ദേഹം രക്ഷപെട്ടു. എന്നാൽ അഭക്തരായ പാഷണ്ഡരുടെ ക്രൂരതകളിൽ നിന്ന് രക്ഷപെട്ടില്ല. അവരിലൂടെ രക്തസാക്ഷി മകുടം ചൂടി. വാലൻസിനെ ചുട്ടുകരിച്ച ഗോത്യർ ത്രേസ് ചവിട്ടിമെതിച്ചു എന്നറിഞ്ഞ ഗ്രേഷ്യൻ ഇറ്റലി വിട്ട് പന്നോണിയായിലേക്ക് പോയി.

## അധ്യായം 5

# തിയഡോഷ്യസിന്റെ പടയോട്ടം

കുലമഹിമകൊണ്ടും സ്വന്തം കഴിവുകൊണ്ടും ഇക്കാലത്ത് വിഖ്യാതനായിരുന്ന തിയോഡോഷ്യസ് എതിരാളികളുടെ അസൂയ നിമിത്തം, ജനിച്ചു വളർന്ന സ്പെയിനിൽ താമസിച്ചിരുന്നു. തങ്ങളുടെ വിജയത്തിൽ മതിമറന്ന കാട്ടുജാതിക്കാർ അപരാജിതരെന്ന് കണക്കുകൂട്ടിയിരുന്നു. എന്തു ചെയ്യണമെന്ന് അറിയാതിരുന്ന ഗ്രേഷ്യൻ തിയഡോഷ്യസിനെ ഉന്നത സൈനികോദ്യോഗസ്ഥനായി നിയമിച്ചു. അദ്ദേഹത്തെ സ്പെയിനിൽ നിന്നു വരുത്തി സർവസൈന്യാധിപനായി സൈന്യത്തിന്റെ തലപ്പത്താക്കി കാട്ടുവംശജർക്കെതിരെ അയച്ചു.

തന്റെ വിശ്വാസത്താൽ സംരക്ഷിതനായി, ആത്മവിശ്വാസത്തോടുകൂടെ തിയഡോഷ്യസ് നീങ്ങി. ത്രേസിൽ പ്രവേശിച്ചപ്പോൾ കാട്ടുവംശജർ പാഞ്ഞടുക്കുന്നതു കണ്ടു. അദ്ദേഹം സൈന്യത്തെ അണിനിരത്തി ശത്രുനിര തകർത്തു. അവർ നാലുപാടും ചിതറിയോടി. തിയഡോഷ്യസിന്റെ സൈന്യം അവരെ പിന്തുടർന്ന് വളരെപ്പേരെ വധിച്ചു. റോമാക്കാർ കൊന്നതിനു പുറമേ, അവർ തമ്മിൽ തമ്മിലും വെട്ടിക്കൊന്നു. അവശേഷിച്ച കാട്ടുവംശജർ ഡാന്യൂബ് നദി കടന്ന് ജീവനുംകൊണ്ട് ഓടി. തിയഡോഷ്യസ് തന്റെ സൈന്യത്തെ സമീപനഗരങ്ങളിൽ നിർത്തി.

വിജയവാർത്ത അറിയിക്കാൻ വളരെ വേഗത്തിൽ ഗ്രേഷ്യന്റെ പക്കലേക്ക് പാഞ്ഞു. അത്ഭുതപരതന്ത്രനായ ചക്രവർത്തിക്കുപോലും ഈ വിജയം അവിശ്വസനീയമായി തോന്നി. യുദ്ധം പരാജയപ്പെട്ട് റോമൻ സൈന്യം ചിതറി നശിച്ചെന്ന് അസൂയാലുക്കൾ പറഞ്ഞു കൊണ്ടിരുന്നു. അവിടെപോയി, മരിച്ച കാട്ടുജാതിക്കാരുടെ എണ്ണമെടുക്കാൻ തിയഡോഷ്യസ് ആവശ്യപ്പെട്ടു. "കൊള്ളമുതലിൽ നിന്നുതന്നെ മരിച്ചവരുടെ എണ്ണം തിട്ടപ്പെടുത്താം" എന്ന് അദ്ദേഹം പറഞ്ഞു. ഇതിൽ ചക്രവർത്തി സംപ്രീതനായി, ദൂതരെ അയച്ച് ഉറപ്പുവരുത്താൻ കൽപ്പിച്ചു.

## അധ്യായം 6

# തിയഡോഷ്യസിന്റെ ഭരണം

ഈ വലിയ ജനറൽ അവിടെത്തന്നെ തങ്ങി. പ്രപഞ്ചനാഥനായ ദൈവം അയാളെ വിസ്മയാവഹമായ ഒരു ദർശനം വ്യക്തമായി കാണിച്ചു. അന്ത്യോക്യൻ സഭാധ്യക്ഷനായ മെലേഷ്യസ് തന്നെ രാജകീയാങ്കിയും കിരീടവും ധരിപ്പിക്കുന്നതായിട്ടാണ് അയാൾ കണ്ട ദർശനം. അടുത്ത പ്രഭാതത്തിൽ തന്റെ ഒരുറ്റ സുഹൃത്തിനോട് ഇതേപ്പറ്റി പറഞ്ഞു. സ്വപ്നം

സുവ്യക്തമാണ്. അതിൽ മറഞ്ഞിരിക്കുന്നതോ, സംശയാസ്പദമോ ആയ ഒന്നുമില്ല. അധികദിവസം കഴിയുന്നതിനുമുമ്പ്, യുദ്ധവിവരം അറിയാൻ അയക്കപ്പെട്ടവർ വന്ന് തിയഡോഷ്യസ് പറഞ്ഞതിന്റെ നിജസ്ഥിതി സ്ഥിരപ്പെടുത്തി. അനേകമടങ്ങ് കാട്ടുവംശജർ ചത്തുകിടക്കുന്നെന്ന് റിപ്പോർട്ടു ചെയ്തു. അപ്പോൾ ചക്രവർത്തിക്ക് ബോധ്യമായി. തിയഡോഷ്യസിനെ സർവസൈന്യാധിപനായി തെരഞ്ഞെടുത്തതിൽ താൻ നന്നായി പ്രവർത്തിച്ചെന്ന് ഉറപ്പായി. അയാളെ ചക്രവർത്തിയായി പ്രഖ്യാപിക്കുകയും വാലൻസിന്റെ അധികാരസീമ മുഴുവൻ അയാളെ ഏൽപ്പിക്കുകയും ചെയ്തു.

അതിനുശേഷം ഗ്രേഷ്യൻ ഇറ്റലിയിലേക്കും തിയഡോഷ്യസ് തനിക്കു ലഭിച്ച നാടുകളിലേക്കും പോയി. ഇമ്പീരിയൽ ഔന്നത്യം സ്വീകരിച്ച്, മറ്റെല്ലാറ്റിനും മുമ്പേ, സഭാസമാധാനത്തിൽ തിയഡോഷ്യസ് ശ്രദ്ധിച്ചു. തന്റെ ഭരണസീമയിൽ പെട്ട മെത്രാന്മാരെല്ലാം കോൺസ്റ്റാന്റിനോപ്പിളിലേക്ക് ചെല്ലാൻ അദ്ദേഹം നിർദേശിച്ചു. സാമ്രാജ്യത്തിന്റെ ആ ഭാഗം മാത്രമാണ് അപ്പോൾ ആരിയൻ വ്യാധിയാൽ മലീമസമായിരുന്നത്. പടിഞ്ഞാറ് അതിൽ നിന്ന് രക്ഷപെട്ടിരുന്നു. മഹാനായ കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ മകനായ കോൺസ്റ്റൻടൈൻ രണ്ടാമനും ഇളയമകനായ കോൺസ്റ്റൻസും തങ്ങളുടെ പിതാവിന്റെ വിശ്വാസം അഭംഗുരം കാത്തുസൂക്ഷിച്ചു. അതുപോലെ വലന്റീനിയനും സത്യമതം മലിനമാകാതെ സംരക്ഷിച്ചു.

## അധ്യായം 7

# ആരിയൻ നേതാക്കന്മാർ

സാമ്രാജ്യത്തിന്റെ പൗരസ്ത്യഭാഗത്തിന് പലയിടങ്ങളിൽ നിന്നും മാലിന്യമേറ്റു. ഈജിപ്തിലെ അലക്സാണ്ഡ്രിയൻ വൈദികൻ ദൈവദൂഷണം ജനിപ്പിച്ചു. എവുസേബിയസ്, പത്രോഫീലൂസ്, പലസ്തീനായിലെ ഏസ്യൂസ്, പൗളീനൂസ്, ഫിനീഷ്യയിലെ ഗ്രിഗറി, ലവദീക്യായിലെ തെയൊഡോട്ടസ്, അയാളുടെ പിൻഗാമിയായ ജോർജ്, അയാൾക്കുശേഷം അത്തനാസ്യോസ്, സിലീഷ്യയിലെ നർചീസൂസ് എന്നിവർ ഈ ദുഷ്ടവിത്ത് വളർത്തി.

ബിഥീനിയായിലെ തെയോഗ്നീസും എവുസേബിയസും എഫേസോസിലെ മെനോഫാന്തെസ്, പെരിന്തൂസിലെ തിയഡോർ, കൽക്കദോനിയായിലെ മാരി, ദുഷ്ടതയാൽ കുപ്രസിദ്ധരായ ത്രേസിലെ മറ്റു ചിലർ എന്നിവർ ദീർഘകാലം ഈ കളയ്ക്ക് വെള്ളമൊഴിച്ച് വളർത്തി. കോൺസ്റ്റാൻസ്യൂസിന്റെ അനാസ്ഥയും വാലൻസിന്റെ ദുഷ്ടതയും ഈ ദുഷ്ടപണിക്കാരെ സഹായിച്ചു.

ഇക്കാരണത്താൽ തന്റെ കീഴിലുള്ള ഭൂപ്രദേശത്തെ മെത്രാന്മാരെ മാത്രമേ തിയഡോഷ്യസ് വിളിച്ചുകൂട്ടിയുള്ളു. 150 മെത്രാന്മാർ വന്നുചേർന്നു.

മഹാനായ മെലേഷ്യസ് ആരാണെന്ന് പറയരുതെന്ന് തിയഡോഷ്യസ് വിലക്കി. കാരണം, തന്റെ സ്വപ്നത്താൽ അദ്ദേഹത്തെ തിരിച്ചറിയണമെന്ന് ചക്രവർത്തി ആഗ്രഹിച്ചു. മെത്രാന്മാരെല്ലാം ഇമ്പീരിയൽ കൊട്ടാരത്തിൽ പ്രവേശിച്ചു. അപ്പോൾ തിയഡോഷ്യസ് മെലേഷ്യസിന്റെ പക്കലേക്ക് ഓടിയെത്തി, പിതാവിനെ സ്നേഹിക്കുന്ന കുട്ടിയെപ്പോലെ, പുത്രസഹജമായ സന്തോഷത്താൽ ദീർഘനേരം അദ്ദേഹത്തെ തന്നെ നോക്കിക്കൊണ്ടിരുന്നു. എന്നിട്ട് തനിക്ക് കിരീടം നൽകിയ അദ്ദേഹത്തെ കെട്ടിപ്പിടിച്ച് സർവാംഗം ചുംബിച്ചു. അദ്ദേഹത്തെ തന്റെ സ്വപ്നം അറിയിച്ചു. അതിനുശേഷം എല്ലാ മെത്രാന്മാരെയും ആദരപൂർവം സ്വാഗതം ചെയ്തു. അവരുടെ മുമ്പിൽ അവതരിപ്പിച്ച വിഷയങ്ങൾ ചർച്ച ചെയ്യാൻ അവരോട് ആവശ്യപ്പെട്ടു

## അധ്യായം 8

# കോൺസ്റ്റാന്റിനോപ്പിൾ സിനഡ്

ഇക്കാലത്ത് നസ്യാൻസസിലെ പുതിയ ഇടയനായ ഗ്രിഗറി ആരിയൻ ദൈവദൂഷണത്തെ തുടർച്ചയായി പ്രതിരോധിച്ചുകൊണ്ടും, സുവിശേഷ പ്രബോധനത്താൽ വിശുദ്ധ ജനത്തെ നനച്ചുകൊണ്ടും, ആലയത്തിനു പുറത്ത് അലഞ്ഞുനടക്കുന്നവരെ അകത്താക്കിക്കൊണ്ടും, അവരെ വിഷലിപ്ത മേച്ചിൽ പുറങ്ങളിൽ നിന്ന് അകറ്റിക്കൊണ്ടും, കോൺസ്റ്റാന്റിനോപ്പിളിൽ പാർക്കുകയായിരുന്നു. ചെറിയൊരു സമൂഹത്തെ അദ്ദേഹം വലിയൊരു കൂട്ടമാക്കി മാറ്റി. അദ്ദേഹത്തെ കണ്ടപ്പോൾ മെലേഷ്യസ് അദ്ദേഹത്തെ കോൺസ്റ്റാന്റിനോപ്പിൾ മെത്രാനായി ഉറപ്പിച്ചു. അതിമോഹികളായ വ്യക്തികളെ തടയുന്നതിനായി, മെത്രാന്മാരെ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് മാറ്റുന്നത് നിരോധിച്ച കാനനും അതിന്റെ ഉദ്ദേശ്യവും മെലേഷ്യസിന് നന്നായി അറിയാമായിരുന്നു. അധികം വൈകാതെ മെലേഷ്യസ് മരിച്ചു. ഗംഭീരമായ ഒരു ശവസംസ്ക്കാരം അവർ അദ്ദേഹത്തിന് നൽകി.

അലക്സാണ്ഡ്രിയായിലെ തിമോതി ഗ്രിഗറിക്കു പകരം മാക്സിമുസ് എന്ന സിനിക്കിനെ മെത്രാനാക്കി. അടുത്തിടയാണ് അയാൾ സിനിക്കിന്റെ രീതിയിൽ മുടിമുറിച്ചതും അപ്പൊള്ളിനാരിയുസിന്റെ വാചകമടിയിൽ വീണതും. ശ്രേഷ്ഠരും ദിവ്യതീക്ഷ്ണതയും വിജ്ഞാനവും നിറഞ്ഞവരുമായ മെത്രാന്മാർക്ക് ഈ പരിഹാസ്യകർമം സഹിക്കാനായില്ല. അക്കൂട്ടത്തിൽ പെട്ടവരാണ് താഴെ പറയുന്നവർ: ബേസിലിന്റെ പിൻഗാമിയായ ഹെല്ലാഡിയുസ്, ബേസിലിന്റെ സഹോദരനായ ഗ്രിഗറി നീസ്സാ, പീറ്റർ, ആംഫിലോക്കിയുസ്, പിസീദിയായിലെ ഒപ്തീമൂസ്, തർസോസിലെ ദിയദോർ, ലവദീക്യയിലെ പെലാജിയുസ്, എഡേസ്സായിലെ എവുളോഗിയുസ്, സൈറസിലെ ഇസിദോർ, ജറുസലേമിലെ സിറിൽ, കേസറിയായിലെ ജലാസിയുസ്, ജീവിതവിശുദ്ധിയിൽ വിഖ്യാതരായ മറ്റനേകം സുകൃതസമ്പന്നർ.

 www.malankaralibrary.com

മേൽപ്പറഞ്ഞവരെല്ലാം ഈജിപ്തുകാരിൽ നിന്നു പിന്മാറി ഗ്രിഗറിയോടൊത്ത് ദിവ്യശുശ്രൂഷകളിൽ പങ്കെടുത്തു. ഹൃദയൈക്യം വളർത്താൻ ഒത്തുകൂടിയ അവർ ഒരു വ്യക്തിയോടു ചെയ്ത തെറ്റിനെ സംബന്ധിച്ച പ്രശ്നങ്ങളെല്ലാം പൊതുധാരണയ്ക്ക് താഴെയാക്കാൻ അവരോടപേക്ഷിച്ചു. അപ്പോൾ ഗ്രിഗറി ഇപ്രകാരം പറഞ്ഞു: "അനേകം പര്യാകുലതകളിൽ നിന്ന് ഞാൻ വിമുക്തനായിരിക്കും. എനിക്ക് ഒരിക്കൽ കൂടി എനിക്കേറ്റം പ്രിയങ്കരമായ ശാന്തമായ ജീവിതം നയിക്കാം. നിങ്ങൾക്കാകട്ടെ നിങ്ങളുടെ നീണ്ടതും വേദനിപ്പിച്ചതുമായ പോരാട്ടങ്ങൾക്കു ശേഷം നിങ്ങൾ ആഗ്രഹിച്ച സമാധാനം ലഭിക്കുകയും ചെയ്യും. ശത്രുക്കളുടെ ആയുധങ്ങളിൽ നിന്നു രക്ഷപെട്ടവർ പരസ്പരം മുറിവേൽപ്പിച്ച് തങ്ങളുടെ ശക്തി ചോർത്തിക്കളയുന്നതിനേക്കാൾ വലിയ മണ്ടത്തരം എന്താണ്? അപ്രകാരം ചെയ്താൽ നാം നമ്മുടെ ശത്രുക്കളുടെ മുമ്പിൽ അവഹേളനാപാത്രമാകും. അതുകൊണ്ട് യോഗ്യനും വലിയ ചുമതല വഹിക്കാനും കടമ നന്നായി നിർവഹിക്കാനും കഴിവുള്ള ഒരാളെ കണ്ടുപിടിച്ച് മെത്രാനാക്കുക."

ശ്രേഷ്ഠരായ ഇടയന്മാർ ഈ ഉപദേശം സ്വീകരിച്ചുകൊണ്ട് ആ മഹാനഗരത്തിനു വേണ്ടി കുലീനകുടുംബത്തിൽ പെട്ടവനും സുകൃതസമ്പന്നനും കുടുംബമഹിമ ഉള്ളവനുമായ നെക്താരിയുസിനെ തെരഞ്ഞെടുത്തു. അപ്പൊള്ളിനാരിയുസിന്റെ ബുദ്ധിഭ്രമത്തിൽ പങ്കാളിയായതിനാൽ, മാക്സിമൂസിന്റെ മെത്രാൻസ്ഥാനം എടുത്തുകളഞ്ഞ് പുറംതള്ളി.

അവർ പിന്നീട് സഭാഭരണസംബന്ധമായ നിയമങ്ങൾ രൂപീകരിക്കുകയും നിഖ്യായിൽ രൂപീകരിച്ച വിശ്വാസം ഉറപ്പിക്കുകയും ചെയ്തു. പിന്നീട് എല്ലാവരും താന്താങ്ങളുടെ നാടുകളിലേക്ക് പോയി. അടുത്തവർഷം വേനൽക്കാലത്ത് അവരിൽ ഭൂരിഭാഗം മെത്രാന്മാരും അവിടെത്തന്നെ ഒത്തുകൂടി സഭാകാര്യങ്ങൾ ചർച്ച ചെയ്തു. റോമിൽ വച്ചുള്ള വലിയ സിനഡിൽ പങ്കെടുക്കാൻ ക്ഷണിച്ചുകൊണ്ടുള്ള ഒരു കത്ത് പടിഞ്ഞാറു നിന്ന് അവർക്കു ലഭിച്ചു.

ഇത്രയും ദൂരം യാത്ര ചെയ്യുന്നതിൽ നിന്ന് തങ്ങളെ ഒഴിവാക്കണമെന്ന് അവർ അപേക്ഷിച്ചു. തങ്ങളുടെ യാത്ര അധികപ്പറ്റായിരിക്കുമെന്നും അവർ പറഞ്ഞു. സഭകൾക്കെതിരെ ഉയർന്ന കൊടുങ്കാറ്റും അതിൽ പാശ്ചാത്യ മെത്രാന്മാർ കാണിച്ച നിസ്സംഗതയും അവർ തങ്ങളുടെ കത്തിൽ ചൂണ്ടിക്കാട്ടി. ശ്ലൈഹികപ്രബോധനത്തിന്റെ ചുരുക്കവും അവർ തങ്ങളുടെ കത്തിൽ ചേർത്തു.

### അധ്യായം 9

## കോൺസ്റ്റാന്റിനോപ്പിൾ സിനഡിന്റെ കത്ത്

ഞങ്ങളുടെ ബഹുമാന്യസഹോദരരും സഹപ്രവർത്തകരുമായ ഡമാസൂസ്, അംബ്രോസ്, ബ്രിട്ടോൺ, വലേറിയൻ, അസ്കോളിയുസ്,

www.malankaralibrary.com 

അനേമിയുസ്, ബേസിൽ, റോമാനഗരത്തിൽ ഒന്നിച്ചുകൂടിയിരിക്കുന്ന ബാക്കിയുള്ള മെത്രാന്മാർ എന്നിവർക്ക്.

കോൺസ്റ്റാന്റിനോപ്പിൾ മഹാനഗരത്തിൽ ഒന്നിച്ച് സിനഡ് കൂടിയിരിക്കുന്ന ഓർത്തഡോക്സ് മെത്രാന്മാർ കർത്താവിൽ ആശംസകൾ അയക്കുന്നു.

ആരിയൻ കടന്നാക്രമണത്താൽ ഞങ്ങൾക്കുണ്ടായ പീഡനങ്ങളെല്ലാം വിശദീകരിക്കുന്നതും നിങ്ങൾക്ക് അതേപ്പറ്റി അറിവില്ലായിരുന്നു എന്ന മട്ടിൽ അവ നിങ്ങളെ അറിയിക്കുന്നതും അധികപ്പറ്റാണെന്ന് തോന്നുന്നു. ഞങ്ങൾക്ക് സംഭവിച്ചത് ഏതാണ്ട് രണ്ടാംതരം കാര്യമായി കരുതുന്നെന്ന് ഞങ്ങൾ വിചാരിക്കുന്നില്ല. സഭയുടെ അനുകമ്പ ഉണർത്തുന്ന കാര്യത്തിന് അങ്ങയെ വിവരം അറിയിക്കേണ്ട കാര്യമില്ലല്ലോ. ഞങ്ങൾക്കെതിരെ ഉണ്ടായ കൊടുങ്കാറ്റ് അങ്ങയുടെ ശ്രദ്ധയിൽ പെടാതെ പോകത്തക്കവണ്ണം നിസ്സാരവുമല്ല. ഞങ്ങളുടെ പീഡനങ്ങൾ ഇന്നലെ നടന്നവയാണ്.

സഹിച്ചവരുടെയും ആ സഹനം തങ്ങളുടേത് ആക്കിയവരുടേയും കാതുകളിൽ അവയുടെ ശബ്ദം ഇപ്പോഴും മുഴങ്ങുന്നു. വിദേശനാടുകളിൽ ചങ്ങലകളിൽ നിന്നു വിമോചിതരായവർ നിരവധി ക്ലേശങ്ങൾ സഹിച്ച് തങ്ങളുടെ സ്വന്തം സഭകളിൽ ഒന്നോ രണ്ടോ ദിവസം മുമ്പ് എത്തിച്ചേർന്നിട്ടുണ്ട്. വിപ്രവാസത്തിൽ മരിച്ചവരുടെ ശരീരം നാട്ടിൽ എത്തിച്ചിട്ടുണ്ട്. വിപ്രവാസത്തിനു ശേഷം തിരിച്ചെത്തിയ മറ്റു ചിലരുടെ നേർക്ക് പാഷണ്ഡികളുടെ ക്രോധം ഇപ്പോഴും ഉജ്ജ്വലിക്കുകയും ഭാഗ്യവാനായ സ്തേഫാനോസിനെ പോലെ കല്ലേറിയപ്പെട്ട് കൊല്ലപ്പെടുകയും ചെയ്തിട്ടുണ്ട്. മറുനാട്ടിലേക്കാൾ സ്വന്തം നാട്ടിൽ ദുഃഖകരമായ അന്ത്യം അവർക്കു സംഭവിച്ചു. മറ്റു ചിലർ നിരവധി ക്രൂരതകളാൽ ക്ഷീണിച്ച് അവശരായി ക്രിസ്തുവിന്റെ മുറിവുകളും പാടുകളും തങ്ങളുടെ ശരീരത്തിൽ ഇപ്പോഴും വഹിക്കുന്നു (ഗലാ.6,17).

പിഴശിക്ഷകളുടെയും പൗരാവകാശം ഇല്ലാതാകലിന്റെയും കണ്ടുകെട്ടലുകളുടെയും ഉപജാപങ്ങളുടെയും ബലാൽക്കാരത്തിന്റെയും കാരാഗൃഹത്തിന്റെയും കഥകൾ ആർക്കു പറയാൻ കഴിയും?വാസ്തവത്തിൽ എല്ലാത്തരം ദുരിതങ്ങളും സംഖ്യാതീതമായി ഞങ്ങൾക്കുണ്ടായി. ഒരുപക്ഷേ ഇവ ഞങ്ങളുടെ പാപഫലമായിരിക്കാം. അഥവാ, വേദനകളുടെ കൂമ്പാരത്താൽ കരുണ നിറഞ്ഞ ദൈവം ഞങ്ങളെ പരീക്ഷിക്കുക ആയിരുന്നിരിക്കാം. ഇവയ്ക്കെല്ലാം ദൈവത്തിനു നന്ദി. അവിടുന്ന് ഇത്തരം ക്ലേശങ്ങളിലൂടെ തന്റെ ദാസരെ പരിശീലിപ്പിക്കുന്നു. തന്റെ കരുണാബാഹുല്യത്തിന് അനുസൃതമായി, ഞങ്ങൾക്ക് നവജീവൻ പ്രദാനം ചെയ്തു. സഭയെ പുനരുദ്ധരിക്കാൻ ഞങ്ങൾക്ക് വളരെ സാവകാശവും സമയവും കഠിനാധ്വാനവും വേണ്ടിയിരിക്കുന്നു.

നീണ്ട രോഗത്തിനുശേഷം സഹനത്തിലുള്ള ചികിത്സയിലൂടെ വൈദ്യന്മാർ രോഗികളെ സുഖപ്പെടുത്തുന്നതു പോലെ സത്യമതത്തിന്റെ

പുരാതനാരോഗ്യം വീണ്ടെടുക്കാൻ ഞങ്ങൾക്ക് കഴിഞ്ഞേക്കും. പൊതുവെ മതപീഡനത്തിന്റെ ക്രൂരതയിൽ നിന്ന് ഞങ്ങൾ വിമുക്തരായെന്നു തോന്നുന്നു. ദീർഘകാലം പാഷണ്ഡരുടെ ഇരയായിരുന്ന സഭകൾ ഇപ്പോൾ വീണ്ടെടുക്കപ്പെട്ടു കൊണ്ടിരിക്കുന്നു. എന്നാൽ ഇപ്പോഴും ചെന്നായ്ക്കൾ ഞങ്ങളെ ശല്യപ്പെടുത്തുന്നു. അവരെ തൊഴുത്തിൽ നിന്ന് ആട്ടിയോടിച്ചെങ്കിലും, അവർ വഴികളിൽ അവിടെയും ഇവിടെയും അജഗണങ്ങളെ ഉപദ്രവിക്കുന്നു. ബദൽ സഭായോഗം കൂടുന്നു. ജനങ്ങളുടെ ഇടയിൽ ലഹള ഇളക്കിവിടുന്നു. സഭകൾക്ക് ഉപദ്രവം വരുത്തുന്നതിൽ നിന്നു പിന്മാറുന്നുമില്ല.

അതുകൊണ്ട് ഞങ്ങൾക്ക് നീണ്ടകാലം കൂടുതൽ അധ്വാനം ആവശ്യമായിരിക്കുന്നു. റോമിൽ ദിവ്യാനുവാദത്താൽ നിങ്ങൾ കൂടുന്ന സിനഡിലേക്ക് ചക്രവർത്തിയുടെ കത്തുകളിലൂടെ നിങ്ങൾ ഞങ്ങളെ ക്ഷണിച്ചതു വഴി നിങ്ങൾ നിങ്ങളുടെ സഹോദരസ്നേഹം കാട്ടിയിരിക്കുന്നു. ഞങ്ങൾ മാത്രം പീഡനവിധേയർ ആയിരുന്നു. സത്യമതത്തിനുവേണ്ടി ഇപ്പോൾ നമ്മുടെ ചക്രവർത്തിമാർ നിലകൊള്ളുമ്പോൾ, ഇപ്പോൾ ഞങ്ങളെ കൂടാതെ നിങ്ങൾ ഭരിക്കരുത്. ശ്ലീഹാ പറയുന്നതുപോലെ, "ഞങ്ങൾ നിങ്ങളോടൊപ്പം ഭരണം നടത്തണം" (1കൊറി 4,8). സാധ്യമായിരുന്നെങ്കിൽ ഞങ്ങളുടെ സഭകൾ വിട്ടിട്ട്, ഞങ്ങൾ ഒന്നടങ്കം നിങ്ങളെ കാണാനുള്ള ഞങ്ങളുടെ തീവ്രമായ ആഗ്രഹം സാധിക്കണം എന്നതായിരുന്നു ഞങ്ങളുടെ പ്രാർഥന. "ഞങ്ങൾ പറന്നു വിശ്രമിക്കാൻ ആര് ഞങ്ങൾക്ക് പ്രാവിന്റെ ചിറകുകൾ തരും?"(സങ്കീ.55,6).

വിമുക്തമായ സഭകളെ സംരക്ഷണമില്ലാതെ വിട്ടുപോകുവാൻ ഇടയാകാനാണ് സാധ്യത. ഞങ്ങളിൽ അനേകർക്ക് അത് അസാധ്യവുമാണ്. ഒരു വർഷം മുമ്പ് അക്വിലേയാ സിനഡിനുശേഷം നിങ്ങൾ ചക്രവർത്തിക്ക് അയച്ച കത്തുകൾ അനുസരിച്ച് ഞങ്ങൾ കോൺസ്റ്റാന്റിനോപ്പിൾ വരെ വന്നു. അവിടെ വരെയുള്ള യാത്രയ്ക്കു മാത്രമേ ഒരുക്കങ്ങൾ ചെയ്തിരുന്നുള്ളു. ഈ സിനഡിനുവേണ്ടി മാത്രമുള്ള സമ്മതമേ പ്രോവിൻസുകളിൽ അവശേഷിക്കുന്ന മെത്രാന്മാരിൽ നിന്ന് ഞങ്ങൾക്ക് ലഭിച്ചുള്ളു. സുദീർഘമായ മറ്റൊരു യാത്രയേപ്പറ്റി ഞങ്ങൾക്ക് ഉദ്ദേശമില്ലായിരുന്നു. കോൺസ്റ്റാന്റിനോപ്പിളിൽ വരുന്നതുവരെ അതേപ്പറ്റി കേട്ടിരുന്നുമില്ല.

ഇവയ്ക്കെല്ലാം പുറമേ, നീണ്ട യാത്രയ്ക്കുള്ള തയാറെടുപ്പിന് ഈ ചുരുങ്ങിയ സമയം മതിയാകയില്ല. ഞങ്ങളുടെ പ്രോവിൻസിലെ മെത്രാന്മാരെ അറിയിച്ച് റോമിലേക്കുള്ള യാത്രയ്ക്ക് അവരുടെ സമ്മതം വാങ്ങാനും ഞങ്ങളിൽ ഭൂരിഭാഗത്തിനും അസാധ്യമാണ്. അതുകൊണ്ട് ഈ സാഹചര്യത്തിൽ സഭാകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും നിങ്ങളോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നതിനും അടുത്ത മെച്ചപ്പെട്ട നടപടി ഞങ്ങൾ സ്വീകരിച്ചു. അതിശ്രേഷ്ഠരും ബഹുമാന്യ സഹപ്രവർത്തകരുമായ സിറിയാക്കൂസ്, എവുസേബിയസ്, പ്രിഷിയാനുസ് എന്നിവരെ ഞങ്ങൾ നിങ്ങളുടെ പക്കലേക്ക് യാത്ര ചെയ്യുന്നതിന് സമ്മതിക്കാൻ ഞങ്ങൾ നിർബന്ധിച്ചു. ഐക്യത്തോടു കൂടിയുള്ള സമാധാനമാണ് ഞങ്ങളുടെ ഏകലക്ഷ്യം.

സത്യവിശ്വാസത്തിന് ഞങ്ങൾ തീക്ഷ്ണരുമാണ്. ഞങ്ങളുടെ ഈ മനോഭാവം വ്യക്തമാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ബിഥീനിയായിലെ നിഖ്യായിൽ വച്ച് 318 പിതാക്കന്മാർ അംഗീകരിച്ചുറപ്പിച്ച സുവിശേഷ സത്യത്തിനു വേണ്ടിയാണ് ഞങ്ങൾ പീഡനങ്ങളും ക്ലേശങ്ങളും രാജാക്കന്മാരുടെ ഭീഷണികളും രാജകുമാരന്മാരുടെ ക്രൂരതകളും മറ്റു ദണ്ഡനങ്ങളും സഹിച്ചത്. ഈ വിശ്വാസം നിങ്ങൾക്കും ഞങ്ങൾക്കും, സത്യവിശ്വാസത്തിൽ നിന്നകലാത്ത എല്ലാവർക്കും മതിയായതായി കരുതേണ്ടതാണ്. കാരണം, ഇതാണ് പുരാതന വിശ്വാസം. ഇതാണ് നമ്മുടെ ജ്ഞാനസ്നാന വിശ്വാസം. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വിശ്വസിക്കാൻ നമ്മെ പഠിപ്പിക്കുന്ന വിശ്വാസം ഇതാണ്.

ഈ വിശ്വാസമനുസരിച്ച് പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഏകദൈവത്വവും ഏകാധികാരവും ഏകസത്തയുമാണുള്ളത്. മൂന്നു പരിപൂർണ ഹ്യൂപ്പോസ്റ്റാസിസുകളിലും മൂന്നു പരിപൂർണ പർസോപ്പാകളിലും ഔന്നത്യവും മഹത്വവും തുല്യമാണ്. ഇങ്ങനെ സബെല്ലിയുസിന്റെ പാഷണ്ഡതാനുസൃതമുള്ള, ഹ്യുപ്പോസ്റ്റസിസുകളുടെ കൂടിക്കുഴച്ചിലിനും വ്യക്തിത്വങ്ങളുടെ നാശത്തിനും സ്ഥാനമില്ല. ഇപ്രകാരം ആരിയന്മാരുടെയും എവുണോമിയരുടെയും പ്നെവുമാതോമാക്കിയരുടെയും ദൈവദൂഷണം വ്യർഥമായിത്തീരുന്നു. അവർ സത്തയെയും സ്വഭാവത്തെയും ദൈവത്വത്തെയും വിഭജിക്കുകയും അസൃഷ്ടവും സമസത്തയും സമനിത്യവുമായ ത്രിത്വത്തിന്മേൽ, പിന്നീടുണ്ടായതും സൃഷ്ടവും വ്യത്യസ്ത സത്തയുമായ ഒരു സ്വഭാവം ആരോപിക്കുന്നു.

കൂടാതെ ഞങ്ങൾ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ പ്രബോധനം മാറ്റിമറിക്കാതെ സംരക്ഷിക്കുന്നു. ജഡത്തിന്റെ വ്യാപാരം ആത്മാവോ മനസ്സോ ഇല്ലാത്തതോ, അപൂർണമോ അല്ലെന്നുള്ള പാരമ്പര്യം ഞങ്ങൾ മുറുകെ പിടിക്കുന്നു. വചനമാംദൈവം യുഗങ്ങൾക്കുമുമ്പേ പരിപൂർണനാണെന്നും നമ്മുടെ രക്ഷയ്ക്കുവേണ്ടി അവസാന നാളുകളിൽ പരിപൂർണ മനുഷ്യനായി തീർന്നെന്നും ഞങ്ങൾക്ക് നന്നായറിയാം. ഇതാണ് ഞങ്ങൾ നിർഭയമായും സത്യസന്ധമായും പ്രഘോഷിക്കുന്ന പ്രബോധനത്തിന്റെ ചുരുക്കം.

അന്ത്യോക്യൻ സിനഡിന്റെ റിപ്പോർട്ടും കഴിഞ്ഞവർഷത്തെ കോൺസ്റ്റാന്റിനോപ്പിൾ എക്യുമേനിക്കൽ കൗൺസിലിന്റെ റിപ്പോർട്ടും നിങ്ങൾ കനിഞ്ഞ് വായിച്ചാൽ, നിങ്ങൾ കൂടുതൽ തൃപ്തരാകും. അവയിൽ ഞങ്ങൾ ഞങ്ങളുടെ വിശ്വാസപ്രഖ്യാപനം വിശദമായി അവതരിപ്പിക്കുകയും അടുത്ത കാലത്ത് ഉടലെടുത്ത പാഷണ്ഡതകൾക്കെതിരെയുള്ള ശാപങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്.

വ്യക്തിഗത സഭകളുടെ പ്രത്യേക ഭരണത്തെ സംബന്ധിച്ച് നിങ്ങൾക്ക് അറിയാവുന്നതു പോലെ, നിഖ്യായിലെ പിതാക്കന്മാർ ഉറപ്പിച്ചത് ഞങ്ങൾക്ക്

ലഭിച്ചിട്ടുണ്ട്. അതായത്, ഓരോ പ്രോവിൻസിലും അവിടുത്തെ മെത്രാന്മാർ അവരുടെ സമ്മതത്തോടുകൂടി സമീപപ്രദേശങ്ങളിലെ മെത്രാന്മാരോടൊത്ത് ആവശ്യാനുസൃതം മെത്രാന്മാരെ വാഴിക്കണം. തദനുസൃതം ഞങ്ങൾ മറ്റു സഭകളെയും ഭരിക്കുകയും പ്രശസ്തസഭകൾക്ക് പരസ്യമായി വൈദികരെ വാഴിക്കുകയും ചെയ്തു. അങ്ങനെ കോൺസ്റ്റാന്റിനോപ്പിളിലെ സഭയ്ക്ക് അതിഭക്തനും ഭാഗ്യവാനുമായ നെക്താരിയുസിനെ എക്യുമേനിക്കൽ കൗൺസിലിൽ വച്ച് പൊതുസമ്മതത്തോടെ, ചക്രവർത്തിയുടെ സാന്നിധ്യ ത്തിൽ, വൈദികരുടെയും ജനം മുഴുവന്റെയും സമ്മതത്തോടെ മെത്രാനായി വാഴിച്ചു. ഈ സഭയെ ദൈവകൃപയാൽ അടുത്തിടയാണ് പാഷണ്ഡരുടെ ദൈവദൂഷണത്തിൽ നിന്ന് പിടിച്ചെടുത്തത്.

സിറിയായിലെ അതിപുരാതനവും ശ്ലൈഹികവുമായ സഭയ്ക്ക് അതിഭക്തനും വന്ദ്യനുമായ ഫ്ളാവിയനെ സഭ മുഴുവന്റെയും സമ്മത ത്തോടെ പ്രോവിൻസിലെ മെത്രാന്മാരും പൗരസ്ത്യ പ്രവിശ്യയിലെ മെത്രാന്മാരും ഒത്തുകൂടി കാനോനികമായി മെത്രാനായി വാഴിച്ചു. ക്രിസ്ത്യാനിയെന്ന നാമം അവിടെയാണല്ലോ ആദ്യമായി ഉപയോഗിച്ചത് (നട.11,26). ഏകസ്വരത്തിൽ അവർ ഒത്തുചേർന്ന് അദ്ദേഹത്തിന് ആദരവ് അർപ്പിച്ചു. ഈ പട്ടത്തിനും പൊതുസിനഡിന്റെ അംഗീകാരം ഉണ്ടായിരുന്നു.

എല്ലാ സഭകളുടെയും മാതാവായ ജറുസലേം സഭയിൽ അതിഭക്തനും ബഹുമാന്യനുമായ സിറിലാണ് മെത്രാൻ. പ്രോവിൻസിലെ മെത്രാന്മാർ കുറേക്കാലത്തിനു മുമ്പ് അദ്ദേഹത്തെ കാനോനികമായി വാഴിച്ചതാണ്. അദ്ദേഹം ആരിയന്മാർക്കെതിരെ നിരവധി പോരാട്ടം നടത്തി. മനുഷ്യ വികാരങ്ങളെ മാനിച്ചും, വ്യക്തിപരമായ പരിഗണനയ്ക്കും നേട്ടത്തിനും ഉപരിയായി സഭാവളർച്ചയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിയും, ആത്മീയ സ്നേഹത്താലും കർതൃഭയത്താലും, ഞങ്ങൾ കാനോനികമായും ശരിയായും ഇപ്രകാരം ചെയ്തവയെപ്പറ്റി നിങ്ങൾ സന്തോഷിക്കാൻ ഞങ്ങൾ അപേക്ഷിക്കുന്നു.

ഇപ്രകാരം ഞങ്ങളുടെ ഇടയിൽ വിശ്വാസത്തിൽ യോജിപ്പും ക്രിസ്തീയ സ്നേഹവും നടമാടുന്നതിനാൽ, ശ്ലീഹന്മാർ ശപിച്ചു തള്ളിയ,''ഞാൻ പൗലോസിന്റേതാണ്, ഞാൻ അപ്പൊള്ളോസിന്റേതാണ്, ഞാൻ കേപ്പായുടേതാണ്'' എന്ന വാക്കുകൾ ഞങ്ങൾ പ്രയോഗിക്കുന്നില്ല. എല്ലാവരും ക്രിസ്തുവിന്റേതാണ്. നമ്മിലുള്ള അവൻ വിഭജിതനല്ല. ദൈവകൃപയാൽ ഞങ്ങൾ സഭാഗാത്രം കീറിമുറിക്കാതെ സൂക്ഷിക്കും. ധൈര്യപൂർവം ന്യായവിധിദിവസം കർതൃസിംഹാസനത്തിൻ മുമ്പാകെ നിൽക്കുകയും ചെയ്യും.

ആരിയസ്, ഏസ്യൂസ്, എവുണോമിയുസ്, സബെല്ലിയുസ്, ഫൊതീനൂസ്, മർസെല്ലുസ്, സാമസോട്ടക്കാരൻ പൗലോസ്, മാസിഡോണിയുസ് എന്നിവർക്കെതിരെ അവർ ഈ സംഗതികൾ രേഖപ്പെടുത്തി. അതുപോലെ, താഴെപ്പറയുന്ന വാക്കുകളിലൂടെ അപ്പൊള്ളിനാരിയുസിന്റെ നവീനത്വം

ഞങ്ങൾ പരസ്യമായി ശപിച്ചു. "ജഡത്തിന്റെ വ്യാപാരം ആത്മാവില്ലാത്തതും മനസ്സില്ലാത്തതും അപൂർണമായതും അല്ലെന്നുള്ള പാരമ്പര്യം മുറുകെ പിടിച്ചുകൊണ്ട്, കർത്താവിന്റെ മനുഷ്യാവതാരപ്രബോധനം ഞങ്ങൾ സംരക്ഷിക്കുന്നു."

## അധ്യായം 10

# ഡമാസൂസിന്റെ സിനഡിക്കൽ ലേഖനം

ഈ പാഷണ്ഡതയുടെ ഉദയത്തെപ്പറ്റി കേട്ടപ്പോൾ സ്തുത്യർഹനായ ഡമാസൂസ് അപ്പൊള്ളിനാരിയുസിനെ മാത്രമല്ല, അനുയായിയായ തിമോതിയേയും ശപിച്ചു. ഇക്കാര്യം അറിയിച്ചുകൊണ്ട് അദ്ദേഹം പൗരസ്ത്യ മെത്രാന്മാർക്ക് അയച്ച കത്ത് താഴെ ചേർക്കുന്നു.

### ഡമാസൂസിന്റെ കത്ത്

"അതിബഹുമാന്യ മക്കളേ, ശ്ലൈഹികസിഹാസനത്തിന് അർഹമായ ബഹുമാനം നിങ്ങൾ നൽകുന്നതുപോലെ, ഒട്ടും കുറയാതെ നിങ്ങൾക്ക് ഞങ്ങളും നൽകുന്നു. വിശുദ്ധ ശ്ലീഹന്മാർ ആരൂഢരായിരുന്ന് നമ്മെ പഠിപ്പിച്ച സഭയിൽ, നമ്മെ ഭരമേൽപ്പിച്ച സഭാദൗത്യം നിർവഹിക്കാൻ നാം നിയുക്തനായെങ്കിലും, ഈ ബഹുമാനത്തിന് നാം അയോഗ്യനാണെന്ന് ഏറ്റുപറയുന്നു. ഇക്കാരണത്താൽ ആ സൗഭാഗ്യത്തിന്റെ മഹത്വം പ്രാപിക്കാൻ നമ്മുടെ കഴിവിൽ പെട്ടതെല്ലാം നാം ചെയ്യുന്നു. പാഷണ്ഡിയായ അപ്പൊള്ളിനാരിയുസിന്റെ ശിഷ്യനും അശുദ്ധനുമായ തിമോതിയെ ഞങ്ങൾ അയാളുടെ അബദ്ധപ്രബോധനങ്ങളോടൊപ്പം ശപിച്ചെന്നറിഞ്ഞുകൊള്ളുക. ഭാവിയിൽ അയാളുടെ പ്രബോധനത്തിന് യാതൊരു സ്വാധീനവും ഉണ്ടാകുകയില്ലെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.

എന്നാൽ ആ പഴയ സർപ്പം ഒരിക്കൽ തകർക്കപ്പെട്ടെങ്കിലും, തന്റെ തന്നെ നാശത്തിനായി വീണ്ടും ജീവൻ പ്രാപിച്ചാൽ, അവന് പള്ളിയൊന്നും ഇല്ലെങ്കിലും ചില അവിശ്വസ്തരെ തകിടം മറിക്കാൻ, തന്റെ മാരകവിഷം കൊണ്ട് പരിശ്രമിക്കുന്നതിൽ നിന്ന് പിന്തിരിയുന്നില്ല. ഒരു പകർച്ചവ്യാധിയിൽ നിന്നെന്നവണ്ണം അതിൽനിന്ന് ഒഴിഞ്ഞുമാറുക. നിഖ്യായിലെ പിതാക്കന്മാർ നിശ്ചയിച്ചുറപ്പിച്ച് എഴുതിയുണ്ടാക്കിയ ശ്ലൈഹികപ്രബോധനം സദാ അനുസ്മരിക്കുക.നിങ്ങൾ ഉറപ്പുള്ള തറയിൽ ചവിട്ടി നിൽക്കുക. വിശ്വാസത്തിൽ ഉറപ്പുള്ളവരും മാറ്റമില്ലാത്തവരും ആയിരിക്കുവിൻ. മേലിൽ നിങ്ങളുടെ വൈദികരും അൽമായരും വ്യർഥവാക്കുകൾക്കോ, കഥയില്ലാത്ത ചോദ്യങ്ങൾക്കോ ചെവികൊടുക്കാതിരിക്കുക. കാരണം, ഞങ്ങൾ ഇതിനോടകം ശ്ലീഹന്മാർ തന്ന ഒരു നിബന്ധന നൽകിയിട്ടുണ്ട്. ക്രിസ്ത്യാനി എന്ന് അഭിമാനിക്കുന്നവൻ അത് പാലിക്കണം. "നിങ്ങൾ സ്വീകരിച്ചതിൽ നിന്ന്

വ്യത്യസ്തമായ മറ്റൊരു സുവിശേഷം ആരെങ്കിലും പ്രസംഗിച്ചാൽ, അവൻ ശപിക്കപ്പെട്ടവനാകട്ടെ"(ഗലാ.1,8).

ദൈവപുത്രനും നമ്മുടെ കർത്താവുമായ ക്രിസ്തു തന്റെ പീഡാനുഭവത്താൽ പാപപങ്കിലമായ സമ്പൂർണ മനുഷ്യനെ സ്വതന്ത്രനാക്കാൻ മനുഷ്യകുലത്തിന് സമൃദ്ധമായ രക്ഷ നൽകിയിരിക്കുന്നു. ക്രിസ്തുവിന്റെ ദൈവത്വമോ മനുഷ്യത്വമോ കുറവുള്ളതായി ആരെങ്കിലും പറഞ്ഞാൽ അവൻ പൈശാചികാരൂപിയാൽ നിറഞ്ഞവനും നരകസന്തതിയായി സ്വയം പ്രഖ്യാപിക്കുന്നവനുമാണ്.

അപ്പോൾ എന്തിനാണ് തിമോതിയെ വീണ്ടും ശപിക്കണമെന്ന് നിങ്ങൾ ആവശ്യപ്പെടുന്നത്? അലക്സാണ്ഡ്രിയൻ മെത്രാനായ പീറ്ററിന്റെ സാന്നിധ്യത്തിൽ, ഇവിടെ ശ്ലൈഹികസിംഹാസനത്തിന്റെ വിധിയാൽ അപ്പൊള്ളിനാരിയുസ് എന്ന തന്റെ ഗുരുവിന്റെ കൂടെ അയാൾ ശപിക്കപ്പെട്ടിരിക്കുന്നു. അയാളും ന്യായവിധിദിവസം അർഹിക്കുന്ന ശിക്ഷയും പീഡനവും സഹിക്കേണ്ടിവരും. എന്നാൽ ഉറപ്പില്ലാത്ത ചില മനുഷ്യരെ പ്രേരിപ്പിക്കാൻ അയാൾ വിജയിക്കുകയും എന്തോ പ്രയോജനം ഉണ്ടെന്ന മട്ടിൽ ക്രിസ്തുവിലുള്ള സത്യപ്രത്യാശ മാറ്റി, ഏറ്റുപറച്ചിൽ നടത്തുകയും ചെയ്താൽ, ക്രിസ്തുവിന്റെ സഭയുടെ ക്രമീകരണത്തെ എതിർക്കുന്നവർ എന്ന നിലയിൽ അയാളോടൊപ്പം അവരും നശിക്കും. അതിബഹുമാന്യ മക്കളേ, ദൈവം നിങ്ങളെ സുരക്ഷിതരായി കാത്തുസൂക്ഷിക്കട്ടെ."

മറ്റു പാഷണ്ഡികൾക്കെതിരെ വലിയ റോമായിൽ കൂടിയ മെത്രാന്മാർ മറ്റുകാര്യങ്ങൾ എഴുതി. അതും എന്റെ ചരിത്രത്തിൽ ചേർക്കുന്നത് ഉചിതമെന്നു ഞാൻ കരുതുന്നു.

### അധ്യായം 11

## ഡമാസൂസ് പാപ്പാ മാസിഡോണിയായിലെ പൗളീനൂസിന് അയച്ച കത്തോലിക്കാ വിശ്വാസപ്രഖ്യാപനം

നിഖ്യായ്ക്കുശേഷം ഈ തെറ്റ് മുളച്ചുവന്നു."പരിശുദ്ധാത്മാവ് പുത്രനിലൂടെ നിർമിതനായി" എന്ന് അശുദ്ധവായ്കൾ കൊണ്ട് പറയാൻ അവർ തുനിഞ്ഞു. അതുകൊണ്ട്, പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടുംകൂടെ ഒരേ ഒരുസത്തയും ഒരേ ഒരുശക്തിയും ആണെന്ന് സർവ സ്വാതന്ത്ര്യത്തോടു കൂടി പ്രഘോഷിക്കാത്തവരെ ശാപത്തിൻ കീഴിലാക്കി.

അതുപോലെ, സബെല്ലിയൂസിന്റെ തെറ്റിനെ പിൻചെന്ന്, "പിതാവു തന്നെയാണ് പുത്രൻ" എന്നു പറയുന്നവരെ ഞങ്ങൾ ശപിക്കുന്നു.

"പുത്രനും പരിശുദ്ധാത്മാവും സൃഷ്ടികളാണ്" എന്ന് തുല്യ അഭക്തിയോടുകൂടി, വ്യത്യസ്ത വാക്കുകളിൽ പറയുന്ന ആരിയസിനെയും എവുണോമിയുസിനെയും ഞങ്ങൾ ശപിക്കുന്നു.

ആരിയസിന്റെ വേരിൽ നിന്നുത്ഭവിച്ച മാസിഡോണിയരെ ഞങ്ങൾ ശപിക്കുന്നു. അവർ പേരു മാറ്റി, അഭക്തി മാറ്റിയില്ല.

എബിയോണിന്റെ പാഷണ്ഡത പുതുക്കിക്കൊണ്ട്, "നമ്മുടെ കർത്താവായ യേശുക്രിസ്തു മറിയത്തിൽ നിന്നു മാത്രമാണ്" എന്ന് പറഞ്ഞ ഫൊതീനൂസിനെ ഞങ്ങൾ ശപിക്കുന്നു.

"യുഗങ്ങൾക്കുമുമ്പ് ഒരു പുത്രനും മറിയത്തിൽ നിന്നുള്ള ശരീരം എടുത്തതിനുശേഷം മറ്റൊരു പുത്രനും" എന്ന് ഇരുപുത്രന്മാരെന്ന് കരുതുന്നവരെ ഞങ്ങൾ ശപിക്കുന്നു.

"ബൗദ്ധികാത്മാവിന്റെ സ്ഥാനത്ത് മാനുഷികജഡത്തിൽ വചനമാം ദൈവം പ്രവർത്തിച്ചു" എന്നു കരുതുന്നവരെ ഞങ്ങൾ ശപിക്കുന്നു. കാരണം, വചനമാം ദൈവം തന്റെ സ്വന്തശരീരത്തിൽ ബൗദ്ധികാത്മാവിനു പകരം നിലകൊണ്ടില്ല. പിന്നെയോ, പാപം കൂടാതെ നമ്മുടെ ബൗദ്ധികാത്മാവിനെ സ്വീകരിച്ച് രക്ഷിച്ചു.

വലിച്ചുനീട്ടലും സങ്കോചവും വഴി വചനമാം ദൈവം പിതാവിൽ നിന്ന് വേർപെട്ടിരിക്കുന്നു എന്നു പറയുകയും അവൻ സത്താപരമായ അസ്തിത്വം ഇല്ലാത്തവനോ, മരണത്തിന് നിശ്ചയിക്കപ്പെട്ടവനോ ആണെന്ന് ദൈവദൂഷണപരമായി പറയുകയും ചെയ്യുന്നവരെ ഞങ്ങൾ ശപിക്കുന്നു.

സഭകളിൽ നിന്ന് സഭകളിലേക്ക് മാറിപ്പോയവരെ ഏതു നഗരത്തിനു വേണ്ടി ആദ്യം പട്ടം കിട്ടിയോ, അവിടേക്ക് തിരികെ വരുന്നതുവരെ ഞങ്ങളുടെ കൂട്ടായ്മയിൽ നിന്ന് അന്യരായി ഞങ്ങൾ കരുതുന്നു. ഒരിടത്തുനിന്ന് ഒരാൾ മറ്റൊരിടത്തേക്ക് മാറിപ്പോകുകയും തൽസ്ഥാനത്ത് വേറൊരാൾ നിയമിക്കപ്പെടുകയും ചെയ്താൽ, മാറിപ്പോയ ആൾക്ക് തന്റെ പിൻഗാമി മരിക്കുന്നതുവരെ മെത്രാന്റെ സ്ഥാനം നഷ്ടപ്പെടും.

പിതാവ് നിത്യനാണ്, പുത്രൻ നിത്യനാണ്, പരിശുദ്ധാത്മാവ് നിത്യനാണ് എന്നത് നിഷ്ധിക്കുന്നവൻ ശപിക്കപ്പെടട്ടെ.

പുത്രൻ പിതാവിന്റെ ദിവ്യസത്തയിൽ നിന്ന് ജനിച്ചവനാണെന്നത് നിഷേധിക്കുന്നവൻ ശപിക്കപ്പെടട്ടെ.

ദൈവപുത്രൻ സത്യദൈവവും സർവശക്തനും സർവജ്ഞാനിയും പിതാവിന് തുല്യനുമാണ് എന്നത് നിഷേധിക്കുന്നവൻ ശപിക്കപ്പെടട്ടെ.

കുരിശിലെ പീഡാനുഭവത്തിൽ തന്റെ ദൈവത്വത്തിൽ ദൈവപുത്രൻ പീഡ സഹിച്ചു എന്നു പറയുകയും തിരുലിഖിതം പറയുന്നതുപോലെ ദാസന്റെ രൂപത്തിൽ താൻ എടുത്ത ബൗദ്ധികാത്മാവിലും ജഡത്തിലുമല്ല പീഡയേറ്റത് എന്നു പറയുകയും ചെയ്യുന്നവൻ ശപിക്കപ്പെടട്ടെ.

 www.malankaralibrary.com

പുത്രൻ ജീവനും ജീവദാതാവുമാകയാൽ, വചനമാം ദൈവം ജഡത്തിൽ പീഡയനുഭവിക്കുകയും ജഡത്തിൽ മരിക്കുകയും മരണത്തിൽ നിന്നുള്ള ആദ്യജാതനായി തീരുകയും ചെയ്തു എന്നത് നിഷേധിക്കുന്നവൻ ശപിക്കപ്പെടട്ടെ.

താനെടുത്ത ജഡത്തിൽ അവൻ പിതൃവലഭാഗത്ത് ഇരിക്കുന്നെന്നതും ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അതിൽ അവൻ വരുമെന്നുള്ളതും നിഷേധിക്കുന്നവൻ ശപിക്കപ്പെടട്ടെ.

പരിശുദ്ധാത്മാവ് സത്യമായും പരമമായും പിതാവിൽ നിന്നാണെന്നും പുത്രൻ പിതാവിന്റെ ദിവ്യസത്തയിൽ നിന്നാണെന്നും ദൈവത്തിൽ നിന്നുള്ള ദൈവമാണെന്നുമുള്ള യാഥാർഥ്യം നിഷേധിക്കുന്നവൻ ശപിക്കപ്പെടട്ടെ.

പരിശുദ്ധാത്മാവ് സൃഷ്ടിയാണെന്നോ, പുത്രനിലൂടെ നിർമിതനാണെന്നോ പറയുന്നവർ ശപിക്കപ്പെടട്ടെ.

ജഡമെടുത്ത പുത്രനിലൂടെയും, പരിശുദ്ധാത്മാവിലൂടെയും ദൃശ്യാദൃശ്യവസ്തുക്കളെല്ലാം പിതാവ് നിർമിച്ചു എന്നത് നിഷേധിക്കുന്നവൻ ശപിക്കപ്പെടട്ടെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഏകദൈവത്വവും ഏക അധികാരവും ഏകആധിപത്യവും ഏകമഹത്വവും ഏകകർതൃത്വവും ഏകഇച്ഛയും ഏകസത്യവും ആണെന്നത് നിഷേധിക്കുന്നവൻ ശപിക്കപ്പെടട്ടെ.

എന്നേക്കും ജീവിക്കുന്നതും ദൃശ്യാദൃശ്യവസ്തുക്കളെല്ലാം ഉൾക്കൊള്ളുന്നതും സർവശക്തിയുള്ളതും എല്ലാറ്റിനെയും വിധിക്കുന്നതും എല്ലാറ്റിനും ജീവൻ നൽകുന്നതും എല്ലാറ്റിനെയും സൃഷ്ടിക്കുന്നതും എല്ലാറ്റിനെയും സംരക്ഷിക്കുന്നതുമായ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്നാളുകളെ നിഷേധിക്കുന്നവൻ ശപിക്കപ്പെടട്ടെ.

പിതാവിനെയും പുത്രനെയും പോലെ പരിശുദ്ധാത്മാവിനെ ആരാധിക്കേണ്ടതാണ് എന്നത് നിഷേധിക്കുന്നവൻ ശപിക്കപ്പെടട്ടെ.

പിതാവിനെയും പുത്രനെയും പറ്റി ശരിയായി ചിന്തിക്കുകയും പരിശുദ്ധാത്മവിനെപ്പറ്റി ശരിയായി ചിന്തിക്കാതിരിക്കുകയും ചെയ്യുന്നവൻ ശപിക്കപ്പെടട്ടെ. കാരണം അവൻ പാഷണ്ഡിയാണ്. പുത്രനായ ദൈവത്തെയും പരിശുദ്ധാത്മാവിനെയും പറ്റി ശരിയായി ചിന്തിക്കാത്ത പാഷണ്ഡികളെല്ലാം യൂദരുടെയും അവിശ്വാസികളുടെയും വിശ്വാസത്തിൽ ഭാഗഭാക്കുകളാകുന്നു എന്ന് കുറ്റം വിധിക്കപ്പെടുന്നു.

പിതാവ് തനിയെ ദൈവമാണെന്ന് പറയുകയും പുത്രനാം ദൈവവും പരിശുദ്ധാത്മാവും ദൈവമെന്നല്ല, ദൈവങ്ങൾ എന്നു പറയുന്നതിൽ ഉറച്ചുനിൽക്കുകയും ചെയ്ത് ദൈവത്വത്തെ വിഭജിക്കുന്നവർ ശപിക്കപ്പെടട്ടെ.

ഏകദൈവത്വവും ഉന്നതാധികാരവും നിമിത്തം നാം വിശ്വസിക്കുന്ന, പിതാവും പുത്രനും പരിശുദ്ധാത്മാവുമായി മൂന്നു ഹ്യപ്പോസ്റ്റാസിസുകളി

ലുള്ള ഏകദൈവത്തിൽ നിന്ന് പുത്രനെയും പരിശുദ്ധാത്മാവിനെയും മാറ്റി പിതാവു മാത്രം ദൈവമെന്ന് വിളിക്കപ്പെടുകയും ഏകദൈവമായി വിശ്വസിക്കുകയും ചെയ്യുന്നവൻ ശപിക്കപ്പെടട്ടെ.

ദൈവങ്ങൾ എന്ന നാമം മാലാഖമാരെയും വിശുദ്ധരെയും കുറിക്കാൻ ദൈവം തന്നിരിക്കുന്നു. എന്നാൽ ഏകവും തുല്യവുമായ ദൈവത്വം നിമിത്തം പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും കുറിക്കാൻ ദൈവങ്ങൾ എന്ന നാമമല്ല, നമ്മുടെ ദൈവം എന്ന നാമമാണ് നാം ഉപയോഗിക്കുന്നതും പ്രഘോഷിക്കുന്നതും. നാം സ്നാനപ്പെട്ടത് പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലുമാണ്. അല്ലാതെ പാഷണ്ഡികളും യൂദന്മാരും വിഡ്ഢികളായ വിജാതിയരും പറയുന്നതുപോലെ, പ്രധാന മാലാഖമാരുടെയോ മാലാഖമാരുടെയോ നാമത്തിൽ അല്ലെന്ന് നാം വിശ്വസിക്കേണ്ടതിനാണിത്.

ഇതാണ് ക്രിസ്ത്യാനികളുടെ രക്ഷ. അതായത്, ത്രിത്വത്തിൽ, പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും, വിശ്വസിച്ചുകൊണ്ടും ഏകദൈവത്വവും അധികാരവും ദിവ്യത്വവും സത്തയും ഉള്ള അതേ ഏകദൈവത്വത്തിൽ സ്നാനപ്പെട്ടുകൊണ്ടും അവനിൽ നാം വിശ്വാസം അർപ്പിക്കുന്നു."

### അധ്യായം 12

## ഗ്രേഷ്യന്റെ മരണം

യുദ്ധവിജയങ്ങളുടെയും വിവേകപൂർണമായ ഭരണത്തിന്റെയും ഇടയിൽ ഗൂഢാലോചനാഫലമായി ഗ്രേഷ്യൻ മരിച്ചു. സാമ്രാജ്യാധിപനാകാൻ അയാൾക്ക് മക്കളില്ലായിരുന്നു. വലന്റീനിയൻ എന്ന തന്റെ പിതാവിന്റെ നാമധാരിയായ ഒരു സഹോദരൻ ഉണ്ടായിരുന്നു. അവൻ വളരെ ചെറുപ്പമായിരുന്നു. അതുകൊണ്ട് മാക്സിമുസ് എന്നയാൾ പടിഞ്ഞാറിന്റെ ഭരണം പിടിച്ചെടുത്തു.

### അധ്യായം 13

## ജുസ്തീനാ രാജ്ഞിയും അംബ്രോസും

വലിയ വലന്റീനിയന്റെ ഭാര്യയും യുവരാജകുമാരന്റെ അമ്മയുമായ ജുസ്തീനാ തനിക്ക് പണ്ടേ കിട്ടിയ ആരിയൻ പ്രബോധനവിത്തുകൾ തന്റെ മകന് മനസ്സിലാക്കി കൊടുത്തു. തന്റെ ഭർത്താവിന്റെ ഉറച്ച സത്യവിശ്വാസം മനസ്സിലാക്കി അയാളുടെ ജീവിതകാലത്ത് അവൾ തന്റെ ചിന്തകൾ മറച്ചു വച്ചു. എന്നാൽ തന്റെ മകൻ ശാന്തനും അനുസരണമുള്ളവനുമാണെന്ന്

കണ്ട് തന്റെ വഞ്ചനാത്മക പ്രബോധനം അവൾ പുറത്തെടുക്കാൻ തുടങ്ങി. തന്റെ അമ്മയുടെ ഉപദേശങ്ങൾ പ്രയോജനപ്രദവും ബുദ്ധിപൂർവകവു മാണെന്ന് കുട്ടി കരുതി. പ്രകൃതി അത്തരത്തിൽ ഇര ഒരുക്കി. താഴെയുള്ള മാരകമായ ചൂണ്ട കാണാൻ അവനു കഴിഞ്ഞില്ല.

ഇതേപ്പറ്റി അവൻ ആദ്യം അംബ്രോസുമായി സംസാരിച്ചു. മെത്രാനെ സ്വാധീനിച്ചാൽ പ്രയാസം കൂടാതെ മറ്റുള്ളവരെ വശത്താക്കാൻ കഴിയുമെന്നു കരുതി. എന്നാൽ അവന്റെ പിതാവിന്റെ ഭക്തി അവനെ ഓർമിപ്പിക്കാൻ അംബ്രോസ് ശ്രമിച്ചു. അവനു കിട്ടിയ പൈതൃകം അഭംഗുരം കാത്തുസൂക്ഷിക്കാൻ ഉപദേശിക്കുകയും ചെയ്തു. ഒരു പ്രബോധനം മറ്റൊന്നിൽ നിന്ന് എപ്രകാരം വ്യത്യസ്തമായിരിക്കുന്നെന്നും ഒന്ന് എപ്രകാരം നമ്മുടെ കർത്താവിന്റെയും തന്റെ ശ്ലീഹന്മാരുടെയും പ്രബോധനവുമായി ഒത്തുപോകുന്നെന്നും മറ്റത് പൂർണമായി അതിനെ എതിർക്കുന്നതാണെന്നും ആത്മാവിന്റെ നിയമസംഹിതയോട് പോരാടുന്നതാണെന്നും അംബ്രോസ് അവനോട് പറഞ്ഞു.

### അധ്യായം 14

## മാക്സിമൂസിന്റെ കടന്നാക്രമണം; വലന്റീനിയന്റെ ഒളിച്ചോട്ടം

കുറേക്കാലം കഴിഞ്ഞ്, സത്യത്തിന്റെ കാഹളധ്വനിക്കെതിരെയുള്ള കടന്നാക്രമണത്തെപ്പറ്റി മാക്സിമൂസിന് അറിവുകിട്ടി. സത്യമതത്തിനെതിരെയുള്ള പോരാട്ടം അവസാനിപ്പിക്കാൻ നിർദേശിച്ചുകൊണ്ടും തന്റെ പിതാവിന്റെ വിശ്വാസം ഉപേക്ഷിക്കരുതെന്ന് ഉപദേശിച്ചുകൊണ്ടും അയാൾ വലന്റീനിയന് എഴുതി. അയാൾ അത് അവഗണിച്ചപ്പോൾ, അയാൾക്കെതിരെ യുദ്ധം ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും യുദ്ധത്തിന് ഇറങ്ങി പുറപ്പെടുകയും ചെയ്തു. അയാൾ സൈന്യശേഖരണം നടത്തി, വലന്റീനിയൻ അപ്പോൾ താമസിച്ചിരുന്ന മിലാനിലേക്ക് മാർച്ചു ചെയ്തു. അതേപ്പറ്റി കേട്ടപ്പോൾ വലന്റീനിയൻ ഇല്ലീറിയായിലേക്ക് ഓടിപ്പോയി. തന്റെ അമ്മയുടെ ഉപദേശം കേട്ടതുകൊണ്ട് നന്മയുണ്ടായില്ല എന്ന് അനുഭവത്തിൽ നിന്ന് അയാൾ പഠിച്ചു.

### അധ്യായം 15

## തിയഡോഷ്യസിന്റെ കത്ത്

വലന്റീനിയന്റെ ചെയ്തികളെ പറ്റിയും സ്വേച്ഛാധിപതിയായ മാക്സിമുസ് അയാൾക്ക് എഴുതിയതിനെ പറ്റിയും തിയഡോഷ്യസ് അറിഞ്ഞപ്പോൾ,

www.malankaralibrary.com

ഒളിച്ചോടി അഭയാർഥി ആയിത്തീർന്ന യുവാവിന് ഇപ്രകാരം എഴുതി: "നിനക്ക് ഉൾക്കിടിലവും നിന്റെ ശത്രുവിന് വിജയവും ഉണ്ടായതിൽ അത്ഭുതപ്പെടേണ്ട. കാരണം, നീ ഭക്തിക്കെതിരെയാണ് യുദ്ധം ചെയ്തു കൊണ്ടിരുന്നത്. അയാൾ മറ്റേവശത്തും. നീ ഭക്തി ഉപേക്ഷിച്ച് നഗ്നനായി ഓടിപ്പോയി. അവൻ നിന്റെമേൽ വിജയം വരിച്ചു. നിന്നിൽ നിന്ന് അത് ഉരിഞ്ഞു കളഞ്ഞു. സത്യമതത്തിന്റെ നിയമം നമുക്കു തന്നവൻ, സദാ അതിന്റെ പക്ഷത്തു തന്നെയാണ്."

വിദൂരത്തിൽ ആയിരിക്കുമ്പോൾ തന്നെ തിയഡോഷ്യസ് ഇപ്രകാരം എഴുതി. എന്നാൽ വലന്റീനിയന്റെ ഒളിച്ചോട്ടത്തെപ്പറ്റി കേട്ടപ്പോൾ, അവന്റെ സഹായത്തിനെത്തി. അവൻ വിപ്രവാസത്തിലാണെന്നും സ്വന്തം സാമ്രാജ്യത്തിൽ തന്നെ അഭയാർഥി ആണെന്നും കണ്ടപ്പോൾ അവന് സഹായം എത്തിക്കുകയും അഭക്തിയുടെ പകർച്ചവ്യാധി അകറ്റുകയും അയാളുടെ പിതാക്കന്മാരുടെ സത്യമതത്തിലേക്ക് അവനെ തിരികെ കൊണ്ടുവരികയും ചെയ്യണമെന്നതായിരുന്നു തിയഡോഷ്യസിന്റെ ആദ്യചിന്ത. സന്തുഷ്ടനായിരിക്കാൻ പറഞ്ഞിട്ട്, സ്വേച്ഛാധിപതിക്കെതിരെ അയാൾ സൈന്യത്തെ നയിച്ചു. വലിയ രക്തച്ചൊരിച്ചിൽ കൂടാതെ യുവാവിന് സാമ്രാജ്യം തിരികെ കൊടുക്കുകയു മാക്സിമൂസിനെ വധിക്കുകയും ചെയ്തു. തന്റെ സുഹൃത്തിന്റെ മരണത്തിന് ഇടയാക്കിയവനോട് പ്രതികാരം ചെയ്തില്ലെങ്കിൽ, താൻ കുറ്റക്കാരൻ ആകുമെന്നും ഗ്രേഷ്യനുമായുണ്ടാക്കിയ ഉടമ്പടി ലംഘിക്കുന്നവനാകുമെന്നും അയാൾ ചിന്തിച്ചു.

### അധ്യായം 16

## ഇക്കോണിയത്തിലെ ആംഫിലോക്കിയൂസ്

ചക്രവർത്തി തിരികെ എത്തിയപ്പോൾ, ആംഫിലോക്കിയൂസ് അദ്ദേഹത്തെ സമീപിച്ച്, നഗരത്തിൽ നിന്ന് ആരിയന്മാരെ പുറത്താക്കണമെന്ന് അപേക്ഷിച്ചു. ഇത് കഠിനതരമാണെന്ന് കരുതിയ ചക്രവർത്തി അത് നിരസിച്ചു. ബുദ്ധിമാനായ ആംഫിലോക്കിയൂസ് അപ്പോൾ ഒന്നും പറഞ്ഞില്ല. അദ്ദേഹം അനുസ്മരണീയമായ തന്ത്രമാണ് പ്രയോഗിച്ചത്. അദ്ദേഹം കൊട്ടാരത്തിലെത്തിയ അടുത്ത അവസരം ചക്രവർത്തിയുടെ മകൻ അർക്കേഡിയസ് സമീപത്തു നിൽക്കുന്നത് കണ്ടു. അയാളെ അടുത്ത കാലത്ത് ചക്രവർത്തിയായി നിയമിച്ചിരുന്നു. പതിവുപോലെ ആംഫിലോക്കിയൂസ് ചക്രവർത്തിയെ വണങ്ങി. എന്നാൽ മകന് ഒരു ബഹുമാനവും കൊടുത്തില്ല. ഇത് മറവി കൊണ്ടാണെന്ന് ചിന്തിച്ച് അവനെ സമീപിച്ച് അഭിവാദനം ചെയ്യാൻ ആംഫിലോക്കിയൂസിനോട് കൽപ്പിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു:"നിനക്ക് ഞാൻ നൽകിയ ആദരവ് മതിയാകും". ഈ മര്യാദരാഹിത്യത്തിൽ രോഷാകുലനായി തിയഡോഷ്യസ് പറഞ്ഞു:"എന്റെ

മകനോട് കാട്ടുന്ന അനാദരം എന്നോട് കാട്ടുന്ന കാടത്തമാണ്". തന്റെ ഉദ്ദേശമെന്താണെന്ന് വെളിപ്പെടുത്തി ആംഫിലോക്കിയുസ് ഉച്ചത്തിൽ പറഞ്ഞു: "നിന്റെ മകനോട് കാട്ടിയ അനാദരം നീ സഹിക്കുന്നില്ല. അവനോട് പരുഷമായി പെരുമാറിയവരോട് നീ കഠിനമായി കോപിക്കുന്നു. അപ്പോൾ ഏകജാതനാം പുത്രനെ ദുഷിക്കുന്നവരെ പ്രപഞ്ചനാഥൻ വെറുക്കുകയും രക്ഷകനും ഉപകാരിയുമായവനോട് നന്ദിയില്ലാത്തവരായി അവരെ പരിഗണിക്കുകയും ചെയ്യുമെന്ന് വിശ്വസിക്കുക".

അപ്പോൾ ചക്രവർത്തിക്ക് സംഗതി പിടികിട്ടി. അദ്ദേഹം പറഞ്ഞതിനെയും പ്രവർത്തിച്ചതിനെയും പ്രതി അദ്ദേഹത്തെ അഭിനന്ദിച്ചു. താമസം വിനാ പാഷണ്ഡ സമൂഹങ്ങളെ നിരോധിച്ചുകൊണ്ട് ചക്രവർത്തി കൽപ്പന പുറപ്പെടുവിച്ചു. എന്നാൽ മനുഷ്യകുലത്തിന്റെ പൊതുശത്രുവിന്റെ കെണികളിൽ നിന്ന് രക്ഷപെടുക അത്ര എളുപ്പമല്ല. ഭോഗാസക്തിയിൽ നിന്നു വിമുക്തനായവൻ ദ്രവ്യാഗ്രഹത്തിൽ നിപതിക്കാം.അത്യാഗ്രഹത്തിൽ നിന്ന് വിമക്തനായവൻ ഒരുപക്ഷേ അസൂയയിൽ നിപതിച്ചേക്കാം. ഇതിൽ നിന്ന് വിമുക്തനാണെങ്കിൽ, ഒരു വികാരവല മറുവശത്ത് കാണപ്പെടും. മനുഷ്യരെ തകർക്കാൻ മററസംഖ്യം ഇടർച്ചക്കല്ലുകൾ അവരുടെ വഴിയിൽ പിശാച് നിരത്തുന്നു.

ആത്മാവിനെതിരെ നിരത്തുന്ന കൗശലങ്ങളെ സഹായിക്കാൻ ശാരീരികവികാരങ്ങൾ അവന്റെ ആവനാഴിയിലുണ്ട്. ഉണർവുള്ള മനസ്സിനു മാത്രമേ അവനെ പരാജയപ്പെടുത്താനാവൂ. ദൈവികമായവയിലേക്കുള്ള ചാച്ചിലിലൂടെ പിശാചിന്റെ കടന്നാക്രമണങ്ങളെ തകർക്കാൻ സാധിക്കും. ഈ ചക്രവർത്തി മനുഷ്യൻ ആയതിനാൽ, അതിന്റെ വികാരങ്ങളിൽ നിന്നു വിമുക്തനായിരുന്നില്ല. അദ്ദേഹത്തിന്റെ നീതിപൂർവകമായ കോപം മിതത്വത്തിന്റെ അതിരു കടന്നു. കാട്ടാളത്തരവും നിയമരഹിതവുമായ കർമങ്ങൾ ചെയ്യാൻ അത് ഇടയാക്കി. അതിന് വിധേയരാകാൻ ഇടയുള്ള വർക്കു വേണ്ടി ഞാൻ ഇത് അവതരിപ്പിക്കുന്നു. ഇത് ചക്രവർത്തിയെ കുറ്റപ്പെടുത്തുകയും അനുസ്മരണാർഹമാക്കുകയും ചെയ്യുന്നു.

### അധ്യായം 17

## തെസ്സലോനിക്യയിലെ കൂട്ടക്കൊല

മാസിഡോണിയായിലെ തെസ്സലോനിക്കാ വലിയ, ജനനിബിഡമായ നഗരമാണ്. തെസ്സാലിയായുടെയും അക്കായിയായുടെയും ഇല്ലീറിയായിലെ പ്രീഫെക്ട് ഭരിക്കുന്ന മറ്റു പല പ്രോവിൻസുകളുടെയും തലസ്ഥാനമാണത്. അവിടെ വലിയൊരു ലഹളയുണ്ടായി. നിരവധി മജിസ്ട്രേറ്റുമാർ കല്ലെറിയപ്പെടുകയും ക്രൂരമായി പീഡിപ്പിക്കപ്പെടുകയും ചെയ്തു.

ഇതുകേട്ട ചക്രവർത്തി ക്രുദ്ധനായി. തന്റെ വികാരം നിയന്ത്രിക്കാൻ

അയാൾക്ക് കഴിഞ്ഞില്ല. അയാളുടെ കോപം പ്രതികാരത്തിലേക്ക് കടന്നു. ഇമ്പീരിയൽ ക്രോധവികാരം സടകുടഞ്ഞ് എഴുന്നേറ്റപ്പോൾ, അയാൾ മറ്റൊരു വ്യക്തിയായി മാറുകയും ബുദ്ധിയുടെ നുകവും കെട്ടും തകർക്കുകയും ചെയ്തു. ഇടംവലം നോക്കാതെ നീതിരഹിതമായി ജനത്തെ വെട്ടിവീഴ്ത്തി. തെറ്റുകാരെയും നിഷ്ക്കളങ്കരെയും ഒരുപോലെ അരിഞ്ഞു വീഴ്ത്തി. യാതൊരു വിചാരണയും കൂടാതെയാണ് ഇപ്രകാരം ചെയ്തത്. തെറ്റു ചെയ്തവരുടെ മേൽ വിധിവാചകം ഉണ്ടായില്ല. കൊയ്ത്തുകാലത്ത് ഗോതമ്പ് കൊഴിയുന്നതു പോലെ ജനക്കൂട്ടത്തെ വെട്ടിവീഴ്ത്തി.

ഈ ദുരന്തവാർത്ത അംബ്രോസിന്റെ കാതുകളിലെത്തി. ചക്രവർത്തി മിലാനിലെത്തിയപ്പോൾ പതിവനുസരിച്ച് പള്ളിയിൽ കയറാൻ ആഗ്രഹിച്ചു. പള്ളിക്ക് പുറത്തുവച്ച് അംബ്രോസ് അയാളെ തടഞ്ഞു. അദ്ദേഹം പറഞ്ഞു: “ചെയ്ത ക്രൂരകൃത്യത്തിന്റെ ഗൗരവം നിനക്ക് അറിയില്ലെന്നു തോന്നുന്നു. നിന്റെ കോപം തണുത്തു. എന്നാൽ ചെയ്തതിന്റെ ഗൗരവം നിന്റെ ബുദ്ധി തിരിച്ചറിഞ്ഞില്ല. ഒരുപക്ഷേ നിന്റെ ഇമ്പീരിയൽ അധികാരം നിന്റെ പാപം തിരിച്ചറിയുന്നത് തടയുകയാകാം. ബുദ്ധിയുടെ മുമ്പിൽ അധികാരം ചേർന്നു നിൽക്കണം. നമ്മുടെ പ്രകൃതി എങ്ങനെ കടന്നു പോകുന്നെന്നും നാം മരണവിധേയരാണെന്നും നാം അറിയണം. നമ്മെ മെനഞ്ഞെടുത്ത പൊടി നാം തിരിച്ചറിയണം. അതിലേക്ക് നാം തിരികെ പോകുമെന്നും ഓർക്കണം. പട്ടിന്റെ പളുപളപ്പു നിമിത്തം അതു പൊതിയുന്ന ശരീരത്തിന്റെ ബലഹീനത മറക്കരുത്. നിന്നെപ്പോലെ ഉള്ളവരുടെ ചക്രവർത്തിയാണു നീ. അവർ നിന്റെ സഹഅടിമകളാണ്. പ്രപഞ്ച സ്രഷ്ടാവും മനുഷ്യകുലത്തിന്റെ ഉന്നതാധിപനുമായ ഒരു കർത്താവേയുള്ളൂ. പിന്നെ ഏതു കണ്ണുകൊണ്ട് നീ നമ്മുടെ പൊതുനാഥന്റെ ആലയത്തെ ദർശിക്കും? ഏതു കാലുകൊണ്ട് വിശുദ്ധ സ്ഥലത്തു ചവിട്ടും? നീതിരഹിതമായ കൂട്ടക്കൊലയാൽ ഇറ്റിറ്റു വീഴുന്ന രക്തംകൊണ്ട് കറപുരണ്ട നിന്റെ കരങ്ങൾ നീയെങ്ങനെ ഉയർത്തും? അത്തരം കൈകളിൽ നീയെങ്ങനെ കർത്താവിന്റെ വിശുദ്ധ ശരീരം സ്വീകരിക്കും? നിന്റെ ക്രോധത്തിൽ നീതിരഹിതമായി ഇത്രയധികം രക്തമൊഴുക്കിയ നിന്റെ കൈകൾ എങ്ങനെ ഈ അമൂല്യരക്തം നിന്റെ ചുണ്ടോട് അടുപ്പിക്കും? ഇറങ്ങിപോകൂ. നീ ചെയ്ത ക്രൂരകൃത്യത്തോട് മറ്റൊന്ന് കൂട്ടിച്ചേർക്കാതിരിക്കൂ. എല്ലാറ്റിന്റെയും ദൈവം അംഗീകരിക്കുന്ന ഈ വിധിവാചകത്തിന് കീഴ്പ്പെടുക. അവനാണ് നിന്റെ വൈദ്യൻ. അവൻ നിന്നെ സുഖപ്പെടുത്തും.”

വിശുദ്ധ സംഗതികളിൽ പരിശീലനം ലഭിച്ചവനാകയാൽ വൈദികരുടെയും ചക്രവർത്തിമാരുടെയും തലങ്ങളെപ്പറ്റി തിയഡോഷ്യസിന് വ്യക്തമായ അറിവുണ്ടായിരുന്നു. അതുകൊണ്ട് അംബ്രോസിന്റെ കുറ്റപ്പെടുത്തലുകൾക്ക് അയാൾ തലകുനിക്കുകയും കരഞ്ഞു നെടുവീർപ്പിട്ടു കൊണ്ട് കൊട്ടാരത്തിലേക്ക് തിരികെ പോകുകയും ചെയ്തു. ഏഴുമാസം കഴിഞ്ഞപ്പോൾ ക്രിസ്മസ് കാലത്ത് ചക്രവർത്തി കണ്ണീർ വാർത്തുകൊണ്ട് കൊട്ടാരത്തിൽ ഇരിക്കയായിരുന്നു.

ഭവനവിചാരിപ്പുകാരനായ റുഫീനസ് ചക്രവർത്തിയോടുള്ള അടുപ്പം നിമിത്തം സംസാരസ്വാതന്ത്ര്യം ഉപയോഗിച്ച് വിഷാദകാരണം ആരാഞ്ഞു. നെടുവീർപ്പോടും കണ്ണുനീരോടും കൂടി ചക്രവർത്തി പറഞ്ഞു: "റുഫീനസ്, നീ നിസ്സാരമായി കരുതുന്നു. നിനക്കെന്റെ ക്ലേശം മനസ്സിലാകയില്ല. എന്റെ സ്വന്തം നാശത്തെപ്പറ്റി ചിന്തിച്ച് ഞാൻ കരഞ്ഞു നിലവിളിക്കുന്നു. സാധാരണക്കാർക്കും ഭിക്ഷക്കാർക്കും പള്ളിയിലേക്കുള്ള പാത തുറന്നു കിടക്കുന്നു. ഭയരഹിതമായി അവർക്ക് ഉള്ളിൽ കടന്ന് അവരുടെ അപേക്ഷ തങ്ങളുടെ നാഥന് സമർപ്പിക്കാം. അവിടെ കാലുകുത്താൻ എനിക്കാവുന്നില്ല. കൂടാതെ എനിക്കെതിരെ സ്വർഗകവാടം അടച്ചിരിക്കുന്നു. കർത്താവ് സ്പഷ്ടമായി പറഞ്ഞ സ്വരം ഞാൻ കേൾക്കുന്നു. 'നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെല്ലാം സ്വർഗത്തിലും ബന്ധിക്കപ്പെട്ടിരിക്കും' "(മത്താ. 18,18).

റുഫീനസ് പറഞ്ഞു: "അങ്ങയുടെ അനുവാദത്തോടെ ഞാൻ മെത്രാനെ സമീപിച്ച്, അങ്ങയുടെ ശിക്ഷ ഇളവു ചെയ്യാൻ അപേക്ഷിക്കാം."

ചക്രവർത്തി: "അദ്ദേഹം വഴങ്ങുകയില്ല. അംബ്രോസ് പുറപ്പെടുവിച്ച വിധിയുടെ ന്യായാവസ്ഥ എനിക്കറിയാം. ദൈവികനിയമം ലംഘിക്കാൻ ഇമ്പീരിയൽ അധികാരത്തോടുള്ള ബഹുമാനത്താൽ അദ്ദേഹം ഒന്നും ചെയ്യുകയില്ല".

അംബ്രോസിനെ സ്വാധീനിക്കാമെന്നു വാഗ്ദാനം ചെയ്ത് റുഫീനസ് വീണ്ടും വീണ്ടും ചക്രവർത്തിയെ സമീപിച്ചു. അവസാനം പോകാൻ അനുവാദം നൽകി. റുഫീനസിന്റെ വാഗ്ദാനത്തിൽ വിശ്വസിച്ച് തിയഡോഷ്യസ് പിന്നാലെ പോയി.

റുഫീനസിനെ കണ്ടയുടനെ അംബ്രോസ് പറഞ്ഞു:"റുഫീനസ്, നിന്റെ മര്യാദരാഹിത്യം പട്ടിക്ക് ചേരുന്നതാണ്. കാരണം, ഈ ഭീകരകൂട്ടക്കൊല യ്ക്ക് നീയാണ് ഉപദേശം നൽകിയത്. നീ നിന്റെ നെറ്റിയിൽ നിന്ന് ലജ്ജ തുടച്ചു നീക്കി. ദൈവച്ഛായയിന്മേൽ നടത്തിയ ഈ വിഭ്രാന്തി പിടിച്ച ക്രൂരതയ്ക്ക് നീയും കുറ്റക്കാരനാണ്. നീ ഭയരഹിതനായി നിർലജ്ജം ഇവിടെ നിൽക്കുന്നുവോ?"

അപ്പോൾ റുഫീനസ് യാചനാരൂപത്തിൽ അപേക്ഷിക്കുകയും ചക്രവർത്തി പെട്ടെന്ന് എത്തുമെന്ന് അറിയിക്കുകയും ചെയ്തു.

ദൈവികതീക്ഷ്ണതയാൽ ജ്വലിച്ച് അംബ്രോസ് പറഞ്ഞു: "റുഫീനസ്, നിന്നോട് ഞാൻ മുൻകൂട്ടി പറയുന്നു. പള്ളിയുടെ പടി കടക്കാൻ ഞാൻ അയാളെ അനുവദിക്കുകയില്ല. ഉന്നതാധികാരം ഏകാധിപത്യത്തിന് അയാൾ ഉപയോഗിച്ചാൽ, ക്രൂരമരണത്തിന് ഞാൻ സന്തോഷപൂർവം തയാറാണ്."

ഉടനെ, മെത്രാന്റെ മനസ്സെന്താണെന്ന് അറിയിക്കാൻ അയാൾ ഒരു ദൂതനെ അയച്ചു. ചക്രവർത്തി കൊട്ടാരത്തിൽ തന്നെ തങ്ങാൻ ഉപദേശിച്ചു. സന്ദേശകൻ എത്തിയപ്പോൾ തിയഡോഷ്യസ് ഫോറത്തിന്റെ മധ്യഭാഗത്ത് എത്തിയിരുന്നു. "ഞാൻ പോയി ഞാൻ അർഹിക്കുന്ന നിന്ദനം സ്വീകരിക്കും"

എന്ന് ചക്രവർത്തി പറഞ്ഞു. അയാൾ പള്ളിക്കടുത്തേക്ക് നടന്നെങ്കിലും, അകത്തേക്ക് കടന്നില്ല. അംബ്രോസ് സ്വീകരണമുറിയിൽ ഇരിക്കയായിരുന്നു. ചക്രവർത്തി അദ്ദേഹത്തെ സമീപിച്ച് തന്റെ ബന്ധനം അഴിക്കണമെന്ന് അപേക്ഷിച്ചു.

അംബ്രോസ് പറഞ്ഞു: "നിന്റെ വരവ് ഒരു സ്വേച്ഛാധിപതിയുടെ വരവാണ്. നീ ദൈവത്തിനെതിരെ ക്രുദ്ധനായിരിക്കുന്നു. നീ നിയമങ്ങൾ ചവിട്ടിമെതിക്കുന്നു."

തിയഡോഷ്യസ്: "ഇല്ല, നിയതനിയമങ്ങളെ ഞാൻ കടന്നാക്രമിക്കുകയില്ല. വിശുദ്ധകവാടം തെറ്റായി കടക്കാൻ ഞാൻ ശ്രമിക്കുന്നില്ല. പിന്നെയോ, എന്റെ ബന്ധനം അഴിച്ച് കാരുണ്യം കാട്ടണമെന്ന് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. നമ്മുടെ പൊതുനാഥന്റെ കാരുണ്യം പരിഗണിച്ച്, അനുതപിക്കുന്ന സകലർക്കും നമ്മുടെ ഗുരു തുറന്നിട്ടിരിക്കുന്ന വാതിൽ എനിക്കെതിരെ അടയ്ക്കരുതെന്ന് ഞാൻ യാചിക്കുന്നു."

അംബ്രോസ്: "നിന്റെ ഘോരപാതകത്തിനുശേഷം നീ എന്ത് അനുതാപമാണ് കാണിച്ചിട്ടുള്ളത്? സുഖപ്പെടുത്താൻ അസാധ്യമായ മുറവുകളാണ് നീ വരുത്തി വച്ചിരിക്കുന്നത്. നീയെന്തു മരുന്നു പുരട്ടി?

തിഡോഷ്യസ്:"മരുന്ന് എന്താണെന്ന് ചൂണ്ടിക്കാട്ടി പുരട്ടുന്നത് അങ്ങയുടെ കടമയാണ്. എനിക്ക് തരുന്നത് ഞാൻ സ്വീകരിക്കും."

അംബ്രോസ്:"നിന്റെ വികാരവിക്ഷോഭം നീതിപൂർവകം ആയിരിക്കട്ടെ. നിന്റെ വികാരമല്ല, നിന്റെ ബുദ്ധിയാണ് വിധി പ്രസ്താവിക്കേണ്ടത്. അതുകൊണ്ട് നിന്റെ വികാരത്തള്ളലിൽ ഉടലെടുത്ത ഡിക്രി നിഷ്ഫലമാകാൻ ഒരു ഡിക്രി പുറപ്പെടുവിച്ചാലും. മരണത്തിനോ കണ്ടുകെട്ടലിനോ പുറപ്പെടുവിക്കുന്ന ഡിക്രികൾ, ബുദ്ധിയുടെ വിധിക്കായി കാത്തിരിക്കാൻ മുപ്പതു ദിവസത്തേക്ക് നടപ്പാക്കാതിരിക്കുക. മുപ്പതു ദിവസം കഴിയുമ്പോൾ, വിധിയെഴുതിയവർ തങ്ങളുടെ ഓർഡർ എടുക്കുക. എന്നിട്ട്, വികാരവിക്ഷോഭം കെട്ടടങ്ങിയിട്ട്-അതിനു മുമ്പാകരുത്- ബുദ്ധിമാത്രം ന്യായാധിപനായി വിധിവാചകം പരിശോധിച്ച്, ശരിയാണോ, തെറ്റാണോയെന്ന് പരിചിന്തനം നടത്തുക. അതു തെറ്റാണെന്നു കണ്ടാൽ റദ്ദു ചെയ്യുക. ശരിയായിട്ടുള്ളതാണെങ്കിൽ, ഉറപ്പിക്കുക. ഇടക്കാലത്ത് ശിക്ഷ നടപ്പാക്കാതിരിക്കുക".

ചക്രവർത്തി ഈ നിർദേശം ശ്രേഷ്ഠമാണെന്ന് കരുതി അംഗീകരിച്ചു. ഈ ഓർഡർ ഉടൻ തയാറാക്കാൻ കൽപ്പിച്ചു. അതിന് തന്റെ കൈയൊപ്പും നൽകി. ഉടനെ അംബ്രോസ് അയാളുടെ ബന്ധനം നീക്കി.

അപ്പോൾ ചക്രവർത്തി ധൈര്യപൂർവം വിശുദ്ധ ആലയത്തിൽ കടന്നു. നിന്നുകൊണ്ടോ, മുട്ടുകുത്തിയോ അല്ല, സാഷ്ടാംഗപ്രണാമം ചെയ്ത് ദാവീദിന്റെ നിലവിളി ആവർത്തിച്ചു:"എന്റെ പ്രാണൻ പൊടിയോട് പറ്റിച്ചേർന്നിരിക്കുന്നു. അങ്ങയുടെ വാഗ്ദാനം അനുസരിച്ച് എന്നെ ഉജ്ജീവിപ്പിക്കണമെ"(സങ്കീ. 119,25).

അദ്ദേഹം തന്റെ മുടി വലിച്ചുപറിച്ചു. തന്റെ തലയ്ക്കിടിച്ചു. തറ കണ്ണുനീരു കൊണ്ട് നനയ്ക്കുകയും ക്ഷമയ്ക്കായി അപേക്ഷിക്കുകയും ചെയ്തു. കാഴ്ചകൾ വിശുദ്ധ ബലിപീഠത്തിലേക്ക് കൊണ്ടുവരാനുള്ള സമയമായപ്പോൾ, അദ്ദേഹം എഴുന്നേറ്റുനിന്ന് കരഞ്ഞുകൊണ്ട് മദ്ബഹായെ സമീപിച്ചു. കാഴ്ചയർപ്പണം നടത്തിയിട്ട്,പതിവുപോലെ അഴിക്കകത്തു നിന്നു. എന്നാൽ ഒരിക്കൽ കൂടി അംബ്രോസ് നിശ്ശബ്ദനാകാതെ, സ്ഥലങ്ങളുടെ വ്യത്യാസത്തെപ്പറ്റി പഠിപ്പിച്ചു.

"എന്തെങ്കിലും ആവശ്യമുണ്ടോ?"എന്ന് ആദ്യം ചോദിച്ചു. താൻ ദിവ്യരഹസ്യങ്ങളിൽ പങ്കെടുക്കാൻ കാത്തുനിൽക്കുകയാണെന്ന് പറഞ്ഞപ്പോൾ, പ്രധാന ഡീക്കൻവഴി അംബ്രോസ് ഇപ്രകാരം പറഞ്ഞു:"അകത്തെ സ്ഥലം വൈദികർക്കുള്ളതാണ്. മറ്റാർക്കും അവിടെ ഇടമില്ല. അതുകൊണ്ട് പുറത്തുപോയി മറ്റുള്ളവർ നിൽക്കുന്നിടത്ത് നിൽക്കുക. പട്ടുവസ്ത്രത്തിന് ചക്രവർത്തിയെ ഉണ്ടാക്കാം, എന്നാൽ വൈദികരെ ഉണ്ടാക്കാനാകില്ല."

ഈ നിർദേശവും ചക്രവർത്തി സന്തോഷത്തോടെ സ്വീകരിക്കുകയും, ധിക്കാരം കൊണ്ടല്ല, അവിടെ നിന്നതെന്നും ഇത് കോൺസ്റ്റാന്റിനോപ്പിളിലെ നടപടി ആയതു കൊണ്ടാണെന്നും മറുപടിയായി പറയുകയും ചെയ്തു. "ഈ തെറ്റിൽ നിന്നുകൂടി എന്നെ സുഖപ്പെടുത്തിയതിന് ഞാൻ നന്ദി പറയുന്നു" എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആർച്ചുബിഷപ്പും ചക്രവർത്തിയും സുകൃതത്തിന്റെ ഉജ്ജ്വലപ്രകാശം കാണിച്ചു.അവർ ഇരുവരും ആദരണീയരാണ്. അംബ്രോസ് തന്റെ ധൈര്യപൂർണമായ വാക്കു നിമിത്തവും ചക്രവർത്തി തന്റെ അനുസരണം നിമിത്തവും. ആർച്ചുബിഷപ്പ് തന്റെ അതീവതീക്ഷ്ണത നിമിത്തവും ചക്രവർത്തി തന്റെ വിശ്വാസത്തിന്റെ പരിശുദ്ധി നിമിത്തവും.

വലിയ ആർച്ചുബിഷപ്പിൽ നിന്നു പഠിച്ച പാഠമനുസരിച്ച്, ചക്രവർത്തി കോൺസ്റ്റാന്റിനോപ്പിളിൽ എത്തിയപ്പോൾ, ഭക്തിയുടെ പരിധിക്കുള്ളിൽ നിന്നു. ഒരു പെരുന്നാളിന് അദ്ദേഹം ദൈവാലയത്തിൽ എത്തിയപ്പോൾ, തന്റെ കാഴ്ചകൾ വിശുദ്ധ ബലിപീഠത്തിൽ വച്ചിട്ട് താഴേക്കിറങ്ങിനിന്നു. അപ്പോൾ നെക്താരിയുസ് ആയിരുന്നു അവിടുത്തെ മെത്രാൻ. അഴിക്കുള്ളിൽ നിൽക്കാത്തതെന്തെന്ന് അദ്ദേഹം ആരാഞ്ഞു. ഒരു നെടുവീർപ്പോടുകൂടെ തിയഡോഷ്യസ് ഇപ്രകാരം പറഞ്ഞു: "ചക്രവർത്തിയും വൈദികനും തമ്മിലുള്ള വ്യത്യാസം ഞാൻ വളരെ പ്രയാസപ്പെട്ടാണ് മനസ്സിലാക്കിയത്. എന്നെ സത്യം പഠിപ്പിക്കാൻ കഴിവുള്ള ഒരാളെ കണ്ടെത്തുക എളുപ്പമല്ല. മെത്രാൻ എന്ന പേരിന് അംബ്രോസ് മാത്രമേ അർഹനായിട്ടുള്ളു. - നന്മയാൽ പ്രശോഭിതനായ ഒരാൾ ഭവനത്തിൽ എത്തിയത് ഇത്ര വലിയ ബോധ്യത്തോടു കൂടിയാണ്.

## അധ്യായം 18

# ഫ്ളാച്ചില്ലാ രാജ്ഞി

എങ്കിലും ചക്രവർത്തിക്ക് മെച്ചമാകാൻ മറ്റവസരങ്ങളും ഉണ്ടായിരുന്നു. താൻ ശ്രദ്ധാപൂർവം പഠിച്ച ദൈവികനിയമങ്ങളെപ്പറ്റി അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തെ നിരന്തരം ഓർമിപ്പിച്ചുകൊണ്ടിരുന്നു. തന്റെ ഇമ്പീരിയൽ നില സംബന്ധിച്ച് ഉദ്ധിതയാകാതെ, ദൈവിക കാര്യങ്ങളിൽ അവൾ വളരെ തീക്ഷ്ണമതിയായി വർത്തിച്ചു. അവൾക്കു ലഭിച്ച നല്ല വസ്തുക്കളുടെ വലിപ്പം ദൈവത്തെ കൂടുതലായി സ്നേഹിക്കാൻ ഇടയാക്കി. അപ്പോൾ അവൾക്ക് കൂടുതൽ അനുഗ്രഹം ലഭിച്ചു. വികലാംഗരോടും മുടന്തരോടും അവൾ വളരെ പരിഗണന കാട്ടി. ക്ലേശം അനുഭവിക്കുന്നവരെ തന്റെ ജോലിക്കാരുടെയും പരിചാരികമാരുടെയും സഹായം കൂടാതെ, അവൾ സന്ദർശിക്കുകയും ആവശ്യക്കാർക്ക് വേണ്ടതെല്ലാം നൽകുകയും ചെയ്തു.

പള്ളികളുടെ അഗതിമന്ദിരങ്ങളിൽ ചുറ്റിനടന്ന് അവൾ രോഗികളെ ശുശ്രൂഷിച്ചു. അവൾ തന്നെ പാത്രങ്ങൾ എടുത്തുകൊണ്ടു പോയിരുന്നു. അവൾ തന്നെ ഭക്ഷണപദാർഥങ്ങൾ കൊണ്ടുപോയി കൊടുക്കുകയും പാത്രങ്ങൾ കഴുകുകയും തുടയ്ക്കുകയും ജോലിക്കാരും വേലക്കാരും ദാസികളും ചെയ്യുന്ന ജോലികളെല്ലാം ചെയ്യുകയും ചെയ്തിരുന്നു. അവളെ പിന്തിരിപ്പിക്കാൻ ശ്രമിച്ചവരോട് അവൾ ഇപ്രകാരം പറഞ്ഞിരുന്നു: "സ്വർണം വിതരണം ചെയ്യുന്നത് പരമാധികാരിക്ക് ചേർന്നതാണ്. എനിക്കു തന്ന പരമാധികാരത്തിനു പകരം ഞാൻ ദാതാവിന് എന്റെ സേവനം നൽകുന്നു." തന്റെ ഭർത്താവിനോടും അവൾ ഇപ്രകാരം പറയുക പതിവായിരുന്നു: ''ഭർത്താവേ, നീ പണ്ട് എന്തായിരുന്നെന്നും ഇപ്പോൾ എന്തായി തീർന്നെന്നും എപ്പോഴും ഓർക്കണം. ഇത് നിരന്തരം മനസ്സിൽ ഓർത്താൽ നീ നിന്റെ ഉപകാരിയോട് ഒരിക്കലും നന്ദികേട് കാണിക്കുകയില്ല. പിന്നെയോ, സാമ്രാജ്യം നിന്നെ ഭരമേൽപ്പിച്ച നിയമം അനുസരിച്ച് ഭരിക്കും. ഇപ്രകാരം ഇതു നിനക്ക് തന്നവനെ നീ ആരാധിക്കും."

ഇത്തരം ഭാഷ ഉപയോഗിച്ച് വളരെ കരുതലോടെ തന്റെ ഭർത്താവിന്റെ ഉള്ളിൽ വിതയ്ക്കപ്പെട്ട സുകൃതങ്ങൾ അവൾ നനച്ചുകൊണ്ടിരുന്നു. അവൾ തന്റെ ഭർത്താവിനു മുമ്പേ മരിച്ചുപോയി. അദ്ദേഹം അവളെ എങ്ങനെ സ്നേഹിച്ചിരുന്നെന്ന്, അവളുടെ മരണത്തിനുശേഷം നടന്ന ചില സംഭവങ്ങൾ കാണിക്കുന്നു.

## അധ്യായം 19

# അന്ത്യോകൃയിലെ ലഹള

തുടർച്ചയായുള്ള യുദ്ധം മൂലം സാമ്രാജ്യത്തിലെ നഗരങ്ങളുടെമേൽ ഭാരിച്ച നികുതി ചുമത്താൻ ചക്രവർത്തി നിർബന്ധിതനായി. അത് നൽകാൻ അന്ത്യോക്യൻ നഗരം വിസമ്മതിച്ചു. കൊടുക്കാത്തവരെ പീഡിപ്പിക്കുകയും അപമാനിക്കുകയും ചെയ്യുന്നു എന്നുകണ്ട നഗരവാസികൾ, ക്രമരാഹിത്യം ഉണ്ടാകുമ്പോൾ സാധാരണ ചെയ്യുന്നവയ്ക്കു പുറമേ, ഫ്ളാച്ചില്ലാ രാജ്ഞി യുടെ രൂപം തട്ടിത്താഴെയിട്ട് നഗരത്തിൽ ഉടനീളം വലിച്ചിഴച്ച് കൊണ്ടു നടന്നു. ഇതറിഞ്ഞ ചക്രവർത്തി ക്ഷുഭിതനായി. നഗരത്തിന്റെ പ്രത്യേകാ വകാശങ്ങൾ എടുത്തുമാറ്റി മറ്റൊരു നഗരത്തിനു കൊടുത്തു. അങ്ങനെ അവരെ പാഠം പഠിപ്പിക്കാമെന്ന് അദ്ദേഹം കരുതി. കാരണം, പുരാതനകാലം മുതൽ ലവദീക്യാനഗരം അന്ത്യോകൃയ്ക്ക് എതിരായിരുന്നു. നഗരം കത്തി നശിപ്പിച്ച് അതിനെ ഗ്രാമം ആക്കുമെന്ന് ചക്രവർത്തി ഭീഷണിപ്പെടുത്തി. ചക്രവർത്തി അറിയുന്നതിനു മുമ്പ് ജഡ്ജിമാർ കുറേപ്പേരെ അറസ്റ്റുചെയ്ത് കൊലപ്പെടുത്തി. ചക്രവർത്തി മേൽപ്പറഞ്ഞ ഓർഡറുകൾ നൽകിയെങ്കിലും, ഒന്നും നടപ്പാക്കിയില്ല. അംബ്രോസിന്റെ ഉപദേശത്താൽ പുറപ്പെടുവിച്ച കൽപ്പന നിമിത്തമുള്ള നിയന്ത്രണം ഉള്ളതിനാലാണ് നടപ്പാക്കാതിരുന്നത്.

ചക്രവർത്തിയുടെ ഭീഷണി ജനത്തെ അറിയിക്കാനെത്തിയ എലെബി ക്കുസ് എന്ന മിലിറ്ററി കമാൻഡറും സീസർ എന്ന കൊട്ടാര പ്രീഫെക്ടും എത്തിയപ്പോൾ, ജനങ്ങൾ പരിഭ്രാന്തരായി നടുങ്ങി. എന്നാൽ മലയുടെ അടിവാരത്തിൽ പാർത്തിരുന്ന താപസ്സർ ഇമ്പീരിയൽ ഉദ്യോഗസ്ഥന്മാരോട് കേണപേക്ഷിച്ചു. അക്കാലത്ത് അവിടെ വളരെയധികം താപസ്സർ ഉണ്ടായിരുന്നു.

ലൗകികവിജ്ഞാനവും ദൈവികവിജ്ഞാനവും ഇല്ലാത്തവനാണെ ങ്കിലും എല്ലാറ്റിന്റെയും കർത്താവിന് രാപകൽ പ്രാർഥനകൾ അർപ്പിച്ചു കൊണ്ട് മലമുകളിൽ അതിപരിശുദ്ധനായ മാസിഡോണിയുസ് എന്ന താപസ്സൻ പാർത്തിരുന്നു. അദ്ദേഹം ഇമ്പീരിയൽ അക്രമത്താൽ ആശ്ചര്യ പ്പെടുകയോ, ഉദ്യോഗസ്ഥന്മാരുടെ അധികാരത്താൽ ഭ്രമിക്കുകയോ ചെയ്തില്ല. ഉദ്യോഗസ്ഥന്മാർ നഗരമധ്യത്തിൽ എത്തിയപ്പോൾ അദ്ദേഹം അവരിൽ ഒരാളുടെ വസ്ത്രത്തിൽ പിടിച്ച് ഇരുവരും താഴെയിറങ്ങാൻ പറഞ്ഞു. കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ച് വൃദ്ധനായ കൊച്ചുമനുഷ്യനെ കണ്ടപ്പോൾ അവർ ആദ്യം രോഷാകുലരായി. എന്നാൽ അവരെ നയിച്ച ചിലർ മാസിഡോണിയുസിന്റെ വിശിഷ്ട ഗുണങ്ങളെപ്പറ്റി അറിയിച്ചപ്പോൾ, അവർ കുതിരപ്പുറത്തു നിന്നിറങ്ങി, അദ്ദേഹത്തിന്റെ കാലിൽ പിടിച്ച് ക്ഷമ ചോദിച്ചു.

ദൈവികജ്ഞാനത്താൽ പ്രേരിതനായി ആ വൃദ്ധൻ താഴെ വരുവിധം അവരോട് സംസാരിച്ചു: “ചക്രവർത്തിയോട് ഇപ്രകാരം പറയുക. അങ്ങ്

ചക്രവർത്തി മാത്രമല്ല, ഒരു മനുഷ്യൻ കൂടിയാണ്. അതുകൊണ്ട് അങ്ങയുടെ പരമാധികാരത്തെപ്പറ്റി മാത്രം ചിന്തിക്കാതെ, അങ്ങയുടെ മനുഷ്യ പ്രകൃതി യെപ്പറ്റിക്കൂടി ചിന്തിക്കുക. നീയൊരു മനുഷ്യനാണ്. നീ സഹമനുഷ്യരുടെ മേൽ ഭരണം നടത്തുന്നു. മനുഷ്യൻ ദൈവച്ഛായയിലും സാദൃശ്യത്തിലും നിർമിതനാണ്. അതുകൊണ്ട് ക്രൂരമായും മൃഗീയമായും ദൈവച്ഛായയെ കൂട്ടക്കൊല ചെയ്യരുത്. കാരണം അവിടുത്തെ ച്ഛായയെ ശിക്ഷിച്ചാൽ, നീ സ്രഷ്ടാവിന്റെ കോപത്തിന് ഇരയാകും. ഒരു ചെമ്പുരൂപത്തിനു വേണ്ടി നീ എപ്രകാരം പ്രവർത്തിക്കുന്നെന്ന് ചിന്തിക്കുക. ജീവനും ആത്മാവും മനസ്സു മുള്ള മനുഷ്യൻ ജീവനില്ലാത്ത പ്രതിമയേക്കാൾ എത്രയോ ഉന്നതമാണെന്ന് സുബുദ്ധിയുള്ള സകലർക്കുമറിയാം. ഒരു ചെമ്പുപ്രതിമയ്ക്കു പകരം അനേകം പ്രതിമകൾ വേഗത്തിൽ ഉണ്ടാക്കാൻ നമുക്കു കഴിയും എന്നത് പരിഗണിക്കുക." ആ നല്ല മനുഷ്യർ ഇതുകേട്ട് ചക്രവർത്തിയെ വിവരം അറിയിക്കുകയും കോപം തണുപ്പിക്കുകയും ചെയ്തു. ഭീഷണിക്കു പകരം ചക്രവർത്തി ഒരു ന്യായീകരണമെഴുതി, തന്റെ കോപത്തിന്റെ കാരണം വിശദീകരിച്ചു.

ചക്രവർത്തി ഇപ്രകാരം പറഞ്ഞു: "ഞാൻ തെറ്റുചെയ്തു എന്നതിന്റെ പേരിൽ ഏറ്റവും ഉന്നതമായ സ്തുതിക്ക് അർഹയായ സ്ത്രീയെ അവളുടെ മരണശേഷം അപമാനിച്ചത് ശരിയായില്ല. വ്രണിതരായവർ എനിക്കെതിരെ ആയിരുന്നു അവരുടെ കോപം പ്രകടിപ്പിക്കേണ്ടിയിരുന്നത്." ന്യായാധിപന്മാർ ചിലരെ കൊന്നെന്നു കേട്ടതിൽ താൻ ദുഃഖിതനും അസന്തുഷ്ടനുമായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. - ഈ സംഭവം വിവരിക്കുന്നതിൽ എനിക്ക് രണ്ടു ദ്ദേശങ്ങളുണ്ട്: ആ മഹനീയ താപസ്സന്റെ ധൈര്യം വിസ്മൃതിയിൽ ആണ്ടു പോകുന്നത് ശരിയല്ലെന്ന് എനിക്കു തോന്നി. മഹാനായ അംബ്രോസിന്റെ ഉപദേശത്താൽ പുറപ്പെടുവിച്ച കൽപ്പനയുടെ പ്രയോജനം ചൂണ്ടി ക്കാണിക്കാനും ഞാൻ ആഗ്രഹിച്ചു.

### അധ്യായം 20

## വിഗ്രഹാലയങ്ങൾ തകർക്കൽ

സത്യവിശ്വാസിയായ ചക്രവർത്തി പേഗനിസത്തിന് തടയിടുന്നതിന് തന്റെ ശക്തി തിരിച്ചുവിട്ടു. വിഗ്രഹാലയങ്ങൾ തകർക്കുന്നതിനുള്ള കൽപ്പന അദ്ദേഹം പുറപ്പെടുവിച്ചു. സ്തുത്യർഹനായ കോൺസ്റ്റൻടൈനാണ് സാമ്രാജ്യത്തിൽ സത്യമതം ആദ്യമായി പ്രോത്സാഹിപ്പിച്ചത്. ലോകം മുഴുവൻ അപ്പോഴും മണ്ടത്തരത്തിൽ പൂണ്ടിരിക്കുന്നെന്നു കണ്ടപ്പോൾ, വിഗ്രഹങ്ങൾക്ക് ബലി അർപ്പിക്കുന്നത് പൊതുവായി തടഞ്ഞു. വിഗ്രഹാലയ ങ്ങൾ അടച്ചിടാൻ കൽപ്പിച്ചതല്ലാതെ അവ തകർത്തില്ല. അദ്ദേഹത്തിന്റെ മക്കൾ അദ്ദേഹത്തിന്റെ കാലടികൾ പിന്തുടർന്നു. ജൂലിയൻ കപടമതം

പുനരുദ്ധരിക്കുകയും പുരാതനവഞ്ചനയുടെ അഗ്നി ഊതിക്കത്തിക്കുകയും ചെയ്തു. ജോവിയൻ അധികാരത്തിൽ എത്തിയപ്പോൾ വിഗ്രഹാരാധന ഒരിക്കൽ കൂടി തടഞ്ഞു. മഹാനായ വലന്റീനിയൻ യൂറോപ്പിൽ തത്തുല്യ നിയമങ്ങളാൽ ഭരണം നടത്തി. എന്നാൽ വാലൻസ്, തങ്ങൾക്ക് ഇഷ്ടമുള്ള തരത്തിൽ ആരാധിക്കാനും തങ്ങളുടെ ആരാധനാമൂർത്തികളെ ബഹുമാനിക്കാനും അനുവദിച്ചു. ശ്ലൈഹിക പ്രബോധനങ്ങൾക്കനുസൃതം ജീവിച്ച പോരാളികൾക്കെതിരായി മാത്രം അയാൾ യുദ്ധം ചെയതുകൊണ്ടിരുന്നു. അങ്ങനെ അയാളുടെ ഭരണകാലം മുഴുവൻ വിഗ്രഹാരാധകരുടെ ബലിപീഠത്തിൽ തീയും വിഗ്രഹാരാധനയും ബലികളും ഉണ്ടായിരുന്നു. ഫോറങ്ങളിൽ പരസ്യമായി ആഘോഷങ്ങളും മറ്റു വിജാതീയ വിഭ്രാന്തികളും നടമാടി. ഈ ദുഷ്ടതകളെല്ലാം കണ്ട തിയഡോഷ്യസ് അവയൊക്കെ വേരോടെ പിഴുത് വിസ്മൃതിയിലാഴ്ത്തി.

### അധ്യായം 21

## അപ്പമെയായിലെ മർസെല്ലുസ്

ഈ നിയമം ആദ്യമായി പ്രാബല്യത്തിൽ വരുത്തി നഗരത്തിലെ പേഗൻ വിഗ്രഹാലയങ്ങൾ തകർത്തത് മർസെല്ലൂസാണ്. ജനക്കൂട്ടത്തിന്റെ കൈകളിൽ എന്നതിനേക്കാൾ അദ്ദേഹം ദൈവത്തിൽ ആശ്രയിച്ചു. സംഭവം ഗണനീയമായതിനാൽ, അതേപ്പറ്റി വിവരിക്കാം. അപ്പമെയായിലെ യോഹന്നാൻ മരിച്ചപ്പോൾ, മർസെല്ലൂസ് ശ്ലൈഹികനിയമാനുസൃതം അവിടെ മെത്രാനായി.

സൈന്യത്തോടൊപ്പം പൗരസ്ത്യത്തിലെ പ്രീഫെക്ടും രണ്ട് ന്യായാധിപന്മാരും അപ്പമെയായിലെത്തി. സൈന്യത്തെ ഭയന്ന് ജനം കതകുകൾ അടച്ചിരുന്നു. ജൂപ്പിറ്ററിന്റെ മനോഹരവും വിശാലവുമായ വിഗ്രഹാലയം തകർക്കാൻ ശ്രമം നടന്നു. എന്നാൽ വളരെ അടുക്കിക്കെട്ടിയ വലിയ കല്ലുകൾക്ക് മനുഷ്യശക്തിക്ക് അതീതമായ ബലവും ഉറപ്പും ഉണ്ടായിരുന്നതിനാൽ, കെട്ടിടം വളരെ ബലവത്തായിരുന്നു. കല്ലുകൾ വളരെ വലുതും ലോഹക്കമ്പികളാൽ ബന്ധിതവും ആയിരുന്നു.

അതിന്റെ തകർച്ചയ്ക്ക് തുടക്കം കുറിക്കാൻ പ്രീഫെക്ട് ഭയപ്പെട്ടതായി മർസെല്ലൂസ് മനസ്സിലാക്കി. അപ്പോൾ അയാളെ മറ്റിടങ്ങളിലേക്ക് പറഞ്ഞുവിട്ടു. അതു തകർക്കാൻ തന്നെ സഹായിക്കണമെന്ന് മെത്രാൻ ദൈവത്തോടപേക്ഷിച്ചു. അടുത്തദിവസം രാവിലെ ക്ഷണിക്കാതെ തന്നെ ഒരാൾ വന്നു. അയാൾ കെട്ടിടം പണിക്കാരനോ, കൽപ്പണിക്കാരനോ, അത്തരം എന്തെങ്കിലും തൊഴിൽക്കാരനോ അല്ലായിരുന്നു. പിന്നെയോ, തന്റെ ചുമലിൽ കല്ലും തടിയും ചുമക്കുന്ന വെറുമൊരു സാധാരണ ജോലിക്കാരൻ ആയിരുന്നു. അയാൾ പറഞ്ഞു: “എനിക്ക് രണ്ടു ജോലിക്കാരുടെ ശമ്പളം

www.malankaralibrary.com 

തരണം. ഞാൻ കെട്ടിടം തകർക്കാമെന്ന് വാഗ്ദാനം ചെയ്യുന്നു." അത് മെത്രാൻ സമ്മതിച്ചു. താഴെ പറയുംവിധം അയാൾ പണി തുടങ്ങി.

അമ്പലത്തിന്റെ നാലുവശത്തിനു ചുറ്റും അതിനോട് ചേർന്ന് ഒരു പോർട്ടിക്കോ ഉണ്ടായിരുന്നു. അതിന്മേലാണ് മുകളിലത്തേ നില നിന്നത്. തൂണുകൾ വിഗ്രഹാലയത്തിന്റെ അളവനുസരിച്ച് വളരെ വലിപ്പമുള്ളവ യായിരുന്നു. അവയ്ക്ക് പതിനാറ് കുബിറ്റ്സ് ചുറ്റളവുണ്ടായിരുന്നു. വളരെ കട്ടിയുള്ള കല്ലാണ് ഉപയോഗിച്ചിരുന്നത്. പണിയായുധങ്ങൾക്ക് അവ എളുപ്പത്തിൽ വഴങ്ങിയിരുന്നില്ല. അയാൾ ഓരോ തൂണിന്റെയും ചുറ്റിലും ദ്വാരമുണ്ടാക്കി. ഒലിവുതടികൊണ്ട് മേൽക്കെട്ടിടത്തിന് ഊന്നുകൊടുത്തു. മൂന്നു തൂണുകൾ തുളച്ചശേഷം തടിക്ക് തീ കൊടുത്തു. എന്നാൽ ഒരു കറുത്ത പിശാച് കാണപ്പെട്ട്, തടി കത്താൻ സമ്മതിച്ചില്ല. അത് തീയുടെ ശക്തി തടഞ്ഞു. അയാൾ കത്തിക്കാൻ പല പ്രാവശ്യം ശ്രമിച്ചു. എന്നാൽ ഒന്നും ഫലിച്ചില്ല. അത് മെത്രാന്റെ ചെവിയിലെത്തി. അദ്ദേഹം ഉച്ചസമയത്ത് അൽപം വിശ്രമിക്കുകയായിരുന്നു. അദ്ദേഹം ഉടനെ പള്ളിയിലേക്ക് ധൃതിയിൽ പോയി പാത്രത്തിൽ വെള്ളം വരുത്തി ബലിപീഠത്തിന്മേൽ വച്ചു. പിശാചിന്റെ ശക്തിക്ക് വിട്ടുകൊടുക്കരുതെന്നും അവന്റെ കഴിവില്ലായ്മ വെളിപ്പെടുത്തണമെന്നും ദൈവികശക്തി കാണിക്കണമെന്നും അല്ലെങ്കിൽ അവിശ്വാസികൾ കൂടുതൽ ഉപദ്രവം ചെയ്യാൻ ഇടയാകുമെന്നും അദ്ദേഹം തലകുനിച്ച് പ്രാർഥിച്ചു. ഇപ്രകാരം പ്രാർഥിച്ചുകൊണ്ട് വെള്ളത്തിന്മേൽ കുരിശടയാളം വരച്ചു. വിശ്വാസവും തീക്ഷ്ണതയുമുള്ള എക്വീസിയുസ് എന്ന ഡീക്കൻവശം വെള്ളം കൊടുത്തുവിട്ടു. വിശ്വാസത്തോടുകൂടി വെള്ളം തളിച്ചിട്ട് തീ കൊളുത്താൻ പറഞ്ഞു. അയാൾ അപ്രകാരം ചെയ്തു. നിൽക്ക ക്കള്ളി ഇല്ലാതെ പിശാച് പറപറന്നു. എണ്ണ എന്നവണ്ണം വെള്ളം കത്തി തീപിടിക്കുകയും നിമിഷനേരം കൊണ്ട് താങ്ങ് കത്തിയമരുകയും ചെയ്തു. അതോടുകൂടി തൂണുകൾ നിലംപതിച്ചു. ബാക്കിയുള്ളവയും അവയോ ടൊപ്പം തറപറ്റി. തൂണുകളിൽ ബന്ധിച്ചിരുന്ന വിഗ്രഹാലയത്തിന്റെ ഭാഗം തൂണുകളോടൊപ്പം നിലംപതിച്ചു. അതിന്റെ ശബ്ദം നഗരം മുഴുവൻ കേൾ ക്കുകയും ജനമെല്ലാം ഓടിക്കൂടുകയും ചെയ്തു. ദുഷ്ടപിശാച് ഓടിപ്പോയി എന്നു കേട്ടപ്പോൾ അവർ ദൈവത്തിന് കീർത്തനം ആലപിച്ചു.

ഈ വിശുദ്ധ മെത്രാൻ ഇതുപോലെ മറ്റു വിഗ്രഹാലയങ്ങളും നശിപ്പിച്ചു. ഈ വിശുദ്ധന്റെ മറ്റനേകം ശ്രേഷ്ഠകാര്യങ്ങൾ പറയാൻ ഉണ്ടെങ്കിലും, ഇതു വായിക്കാൻ ഇടവരുന്നവർക്ക് മടുപ്പു തോന്നാതിരിക്കാൻ ഞാൻ നിർത്തിയിട്ട് മറ്റു വിഷയത്തിലേക്ക് കടക്കുന്നു.

ജയാളികളായ രക്തസാക്ഷികൾക്ക് അദ്ദേഹം കത്തുകൾ എഴുതു കയും അവരുടെ മറുപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം തന്നെയും രക്തസാക്ഷിമകുടം ചൂടി.

### അധ്യായം 22

## അലക്സാണ്ഡ്രിയായിലെ തെയോഫിലസ്

മഹനീയനായ അത്തനാസ്യോസിന്റെ പിൻഗാമികളായിരുന്നത് പീറ്ററും തിമോതിയും തെയോഫിലസും ആയിരുന്നു. തെയോഫിലസ് വിജ്ഞാനിയും ധൈര്യശാലിയുമായിരുന്നു. അദ്ദേഹം അലക്സാണ്ഡ്രിയായെ വിഗ്രഹാരാധനയിൽ നിന്നു വിമുക്തമാക്കി. അവരുടെ വിഗ്രഹാലയങ്ങൾ തകർക്കുക മാത്രമല്ല, പുരോഹിതന്മാരുടെ ജാലവിദ്യകൾ അവരുടെ ക്രൂരതയ്ക്ക് ഇരയായവരെ തുറന്നുകാട്ടുക കൂടി ചെയ്തു. വിജാതിയർ തടികൊണ്ടും ഓടുകൊണ്ടും ഉള്ളു പൊള്ളയായ വിഗ്രഹങ്ങൾ ഉണ്ടാക്കിയിരുന്നു. അവയുടെ പിൻഭാഗം ഭിത്തിയോട് ചേർത്തുവച്ചിരുന്നു. ആ ഭാഗത്ത് ചില കവാടങ്ങൾ ഉണ്ടാക്കിയിരുന്നു. അവരുടെ രഹസ്യ മുറികളിൽ കൂടി വിഗ്രത്തിനുള്ളിൽ കടന്ന് അവയിലൂടെ തങ്ങൾക്ക് ഇഷ്ടമുള്ളവ പറഞ്ഞുകൊണ്ടിരുന്നു. ഇങ്ങനെ അവർ ശ്രോതാക്കളെ കബളിപ്പിക്കുകയും വഞ്ചിക്കുകയും അനുസരിപ്പിക്കുകയും ചെയ്തു കൊണ്ടിരുന്നു. ബുദ്ധിമാനായ തെയോഫിലസ്  ഇത് ജനങ്ങളുടെ മുമ്പിൽ തുറന്നുകാട്ടി.

കൂടാതെ, അദ്ദേഹം സെറാപീസിന്റെ വിഗ്രഹാലയത്തിന്റെ ഉള്ളിലേക്ക് കടന്നുചെന്നു. അത് ലോകത്തിലുള്ള എല്ലാ വിഗ്രഹാലയങ്ങളേക്കാളും വലുതും മനോഹരവും ആയിരുന്നെന്ന് പറയപ്പെടുന്നു. അതിനുള്ളിൽ അദ്ദേഹം ഒരു വലിയ വിഗ്രഹം കണ്ടു. അതിന്റെ വലിപ്പം കാഴ്ചക്കാരെ ഭയചകിതർ ആക്കുന്നതായിരുന്നു. ആരെങ്കിലും അതിനെ സമീപിച്ചാൽ വലിയ ഭൂകമ്പം ഉണ്ടാകുമെന്നും ജനങ്ങളെല്ലാം നശിക്കുമെന്നും നുണ പ്രചരണം വിദേശത്തൊക്കെ പ്രചരിച്ചിരുന്നു. അതും ഭയം വർധിപ്പിച്ചു. തുപ്പലൊഴുക്കുന്ന ലഹരിപിടിച്ച വൃദ്ധകളുടെ പൊട്ടക്കഥയായി മാത്രമേ മെത്രാൻ ഇതൊക്കെ ഗണിച്ചിരുന്നുള്ളു. ജീവനില്ലാത്ത ഈ ഭീകര വിഗ്രഹത്തിന് ഒരു തട്ടുകൊടുക്കാൻ കോടാലിയുള്ള ഒരാളോട് അദ്ദേഹം നിന്ദാപൂർവം പറഞ്ഞു. അവൻ അടിച്ചപ്പോൾ ഭീഷണിപ്പെടുത്തിയിരുന്ന മഹാവിപത്തു നിമിത്തം ജനം മുഴുവൻ കൂട്ടനിലവിളിയായി. തട്ടുകൊണ്ട സെറാപ്പീസിന് വേദന തോന്നിയില്ല. കാരണം അത് തടികൊണ്ട് ഉണ്ടാക്കിയതായിരുന്നു. അത് ഒരു വാക്കും ഉരിയാടിയില്ല. കാരണം അത് ജീവനില്ലാത്ത വസ്തുവായിരുന്നു. അതിന്റെ തല മുറിച്ചുമാറ്റി. അതിനുള്ളിൽ ഉണ്ടായിരുന്ന എലിക്കൂട്ടം നാലുപാടും ചിതറിയോടി. ആ ഈജിപ്ഷ്യൻ ദൈവത്തിന്റെ ഉള്ളിലായിരുന്നു എലികളുടെ വാസം. സെറാപ്പീസിനെ അവർ വെട്ടിനുറുക്കി. ചില കഷണങ്ങൾ തീയിലിട്ടു. അതിന്റെ ആരാധകരുടെ ഇടയിലൂടെ അതിന്റെ തല നഗരത്തിൽ ഉടനീളം കൊണ്ടുനടന്നു. അതിന്റെ ബലഹീനതയെ അവർ കളിയാക്കി. അതിന്റെ ആരാധകർ അതിന്റെ മുമ്പിലായിരുന്നു മുട്ടുകുത്തിയിരുന്നത്.–ഇങ്ങനെ സാമ്രാജ്യത്തിൽ ഉടനീളം വിഗ്രഹാലയങ്ങൾ  തകർക്കപ്പെട്ടു.

## അധ്യായം 23

# അന്ത്യോക്യയിലെ ഫ്ളാവിയൻ

അന്ത്യോക്യയിൽ മെലേഷ്യസിന്റെ പിൻഗാമി ഫ്ളാവിയനായിരുന്നു. അജഗണങ്ങളെ രക്ഷിക്കാൻ ദിയദോറുമൊത്ത് അദ്ദേഹം വലിയ പോരാട്ടം നടത്തി. മെത്രാൻസ്ഥാനം കിട്ടാൻ പൗളീനൂസ് ആഗ്രഹിച്ചു. എന്നാൽ വൈദികഗണം അതിനെ എതിർത്തു. മെലേഷ്യസിന്റെ അഭിപ്രായഗതികൾ ഇല്ലാത്തയാൾ പിൻഗാമിയാകാൻ പാടില്ലെന്നും, നിരവധി കഠിനാധ്വാനം ചെയ്കയും അജഗണത്തിനുവേണ്ടി പലവിധ കഷ്ടനഷ്ടങ്ങൾ സഹിക്കുകയും ചെയ്ത ആളായിരിക്കണം പിൻഗാമിയെന്നും അവർ വാദിച്ചു. ഇതിന്റെ പേരിൽ പൗരസ്ത്യരോട് റോമാക്കാർക്കും ഈജിപ്തുകാർക്കു നീണ്ടുനിന്ന നീരസം ഉണ്ടായി. പൗളീനൂസ് മരിച്ചിട്ടും അത് കെട്ടടങ്ങിയില്ല. പൗളീനൂസിനു ശേഷം എവാഗ്രിയസ് മെത്രാനായപ്പോഴും ഫ്ളാവിയനോട് വിദ്വേഷം പുലർത്തി. എവാഗ്രിയസിനെ മെത്രാനാക്കിയത് സഭാനിയമങ്ങൾക്ക് വിരുദ്ധമായിട്ടായിരുന്നു. നിരവധി കാനോനാകൾ അവഗണിച്ചുകൊണ്ട് പൗളീനൂസ് തനിച്ചാണ് അയാളെ മെത്രാനാക്കിയത്. മരണാസന്നനായ മെത്രാന് തന്റെ പിൻഗാമിയെ വാഴിക്കാൻ അനുവാദമില്ല. പിന്നെയോ, പ്രോവിൻസിലെ മെത്രാന്മാരെല്ലാം കൂടിയാണ് അതു ചെയ്യേണ്ടത്. അതിനും പുറമേ, മൂന്നു മെത്രാന്മാരെ കൂടാതെ ആരെയും മെത്രാനാക്കാൻ പാടില്ല. ഈ നിയമങ്ങളൊന്നും അദ്ദേഹം പരിഗണിച്ചില്ല. എവാഗ്രിയസുമായി കൂട്ടായ്മ പുലർത്തിയവർ ചക്രവർത്തിയുടെ പക്കൽ ഫ്ളാവിയനെതിരെ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടിരുന്നു. അവരുടെ കൂടെക്കൂടെയുള്ള അപേക്ഷയാൽ ചക്രവർത്തി ഫ്ളാവിയനെ കോൺസ്റ്റാന്റിനോപ്പിളിലേക്ക് വിളിക്കുകയും റോമിലേക്ക് പോകാൻ കൽപ്പിക്കുകയും ചെയ്തു.

എന്നാൽ അപ്പോൾ തണപ്പുകാലമായിതിനാൽ വസന്തകാലത്ത് റോമിലേക്ക് പോകാമെന്ന് ഫ്ളാവിയൻ വാഗ്ദാനം ചെയ്തു. ചക്രവർത്തി അത് അംഗീകരിക്കുകയും അദ്ദേഹം നാട്ടിലേക്ക് മടങ്ങുകയും ചെയ്തു. റോം ഫ്ളാവിയനെയല്ല, പൗളീനൂസിനെയാണ് അംഗീകരിച്ചിരുന്നത്. തന്റെ സ്വന്തം അധികാരത്തിനെതിരെ നിന്നവരെ അദ്ദേഹം അമർച്ച ചെയ്തെന്നും പിടിച്ചു പറ്റിയ അധികാരം നിലനിർത്താൻ ക്രിസ്തുവിന്റെ നിയമങ്ങൾക്കെതിരെ തന്റേടികളായ മത്സരക്കാരെ രംഗത്തിറക്കിയെന്നും മറ്റും റോമിലെ ഡമാസൂസും പിന്നെ സിറീചിയൂസും അതിനുശേഷം അനസ്താസ്യൂസും വളരെ ശക്തിയായി അറിയിച്ചപ്പോൾ, ചക്രവർത്തി ഫ്ളാവിയനെ വീണ്ടും വിളിച്ചുവരുത്തി റോമിലേക്ക് യാത്രയാകാൻ നിർബന്ധിച്ചു.

അപ്പോൾ ഫ്ളാവിയൻ തന്റെ മഹാജ്ഞാനത്തിൽ ഇപ്രകാരം മറുപടി പറഞ്ഞു: "എന്റെ വിശ്വാസം സംബന്ധിച്ചോ, ജീവിതവും പെരുമാറ്റവും സംബന്ധിച്ചോ പൗരോഹിത്യത്തിന് ചേരാത്ത എന്തെങ്കിലും ഉണ്ടെന്ന് ആരെങ്കിലും ആരോപണം ഉന്നയിച്ചാൽ, ആരോപകർ തന്നെ ന്യായാധിപ

ന്മാർ ആയിരിക്കട്ടെ. അവരുടെ വിധിതീർപ്പ് ഞാൻ അംഗീകരിക്കുന്നതാണ്. എന്നാൽ അവർ സിംഹാസനവും പ്രൈമസിയും സംബന്ധിച്ചാണ് തർക്കിക്കുന്നതെങ്കിൽ, ഞാൻ അതിനെ എതിർക്കുന്നില്ല. ഞാൻ മെത്രാൻ സ്ഥാനത്തു നിന്നുമാറി രാജിവച്ചേക്കാം. അങ്ങേയ്ക്ക് ഇഷ്ടമുള്ള ആളിന് അന്ത്യോക്യയിലെ എപ്പിസ്കോപ്പൽ സിംഹാസനം നൽകിയാലും."

അദ്ദേഹത്തിന്റെ വിജ്ഞാനത്തിലും പൗരുഷത്തിലും ചക്രവർത്തി സംപ്രീതനായി അദ്ദേഹത്തെ അഭിനന്ദിച്ചു. തിരികെ പോയി അദ്ദേഹത്തിന്റെ സംരക്ഷണത്തിന് ഏൽപ്പിക്കപ്പെട്ട സഭയെ പരിപാലിക്കാൻ ചക്രവർത്തി അനുവദിച്ചു.

കുറേക്കാലത്തിനുശേഷം ചക്രവർത്തി റോമിൽ വന്നു. ഫ്ളാവിയന്റെ നിഷ്ഠൂര രീതികൾ അവസാനിപ്പിക്കുന്നതിന് ചക്രവർത്തി ഒരു നടപടിയും സ്വീകരിക്കുന്നില്ലെന്നു പറഞ്ഞ് മെത്രാന്മാർ ഒരിക്കൽ കൂടി ആരോപണം ഉന്നയിച്ചു. താൻ തന്നെ ഫ്ളാവിയൻ ആണെന്നും ഫ്ളാവിയൻ മെത്രാന്റെ സംരക്ഷകൻ ആയിത്തീർന്നെന്നും പറഞ്ഞുകൊണ്ട്, എന്തൊക്കെയാണ് ആരോപിക്കാനുള്ളതെന്ന് ആരാഞ്ഞു. ചക്രവർത്തിയുമായി തർക്കിക്കുക അസാധ്യമാണെന്ന് മെത്രാന്മാർ കൂട്ടിച്ചേർത്തു. ഭാവിയിൽ സഭകൾ യോജിച്ച് മുന്നോട്ട് പോകാനും കലഹവും കഥയില്ലാത്ത തർക്കവും അവസാനിപ്പിക്കാനും ചക്രവർത്തി അവരെ ഉപദേശിച്ചു. "പൗളീനൂസ് നേരത്തേ ഈ ലോകത്തിൽ നിന്ന് കടന്നുപോയി. എവാഗ്രിയസിനെ ക്രമരഹിതമായാണ് ഉയർത്തിയത്. പൗരസ്ത്യസഭകൾ തങ്ങളുടെ മെത്രാനായി ഫ്ളാവിയനെ അംഗീകരിച്ചതാണ്. പൗരസ്ത്യം മാത്രമല്ല, ആസിയാ മുഴുവനും പോന്തുസും ത്രേസും അദ്ദേഹവുമായി കൂട്ടായ്മയിലാണ്. പൗരസ്ത്യ മെത്രാന്മാരുടെ മേൽ അദ്ദേഹത്തിനുള്ള അധികാരം ഇല്ലീറിയാ മുഴുവൻ അംഗീകരിച്ചിട്ടുള്ളതാണ്" എന്ന് ചക്രവർത്തി ചൂണ്ടിക്കാട്ടി.

ഈ ഉപദേശം സ്വീകരിച്ച് പാശ്ചാത്യമെത്രാന്മാർ തങ്ങളുടെ പിണക്കം അവസാനിപ്പിക്കാനും അവരുടെ പക്കലേക്കു വരുന്ന പ്രതിനിധികളെ സ്വീകരിക്കാനും സമ്മതം മൂളി. ഈ തീരുമാനം അറിഞ്ഞ ഉടൻ തന്നെ ഫ്ളാവിയൻ പ്രശസ്തനായ ബേറോയാ മെത്രാന്റെ നേതൃത്വത്തിൽ അന്ത്യോക്യയിലെ യോഗ്യരായ ചില മെത്രാന്മാരെയും വൈദികരെയും ഡീക്കന്മാരെയും റോമിലേക്കയച്ചു. അകാചിയുസും സംഘവും റോമിൽ എത്തിയപ്പോൾ, ദീർഘകാലമായി ഉണ്ടായിരുന്ന അഭിപ്രായഭിന്നത അവസാനിച്ചു. അങ്ങനെ പതിനേഴു വർഷത്തെ അകൽച്ചയ്ക്കു ശേഷം സഭയ്ക്ക് സമാധാനം കൈവന്നു. ഈ അനുരഞ്ജനത്തെപ്പറ്റി അറിഞ്ഞ ഈജിപ്തുകാരും അവരുടെ എതിർപ്പ് അവസാനിപ്പിക്കുകയും ഒത്തുതീർപ്പ് സന്തോഷപൂർവം അംഗീകരിക്കുകയും ചെയ്തു.

### അധ്യായം 24

## എവുജേനിയൂസിന്റെ മേൽ തിയഡോഷ്യസിന്റെ വിജയം

ഈ രീതിയിൽ സഭകളുടെ സമാധാനം ചക്രവർത്തി ഉറപ്പാക്കി. അതിനുമുമ്പ്, വലന്റീനിയന്റെ മരണത്തെ പറ്റിയും എവുജേനിയൂസിന്റെ കടന്നുയറ്റത്തെ പറ്റിയും അദ്ദേഹം അറിഞ്ഞിരുന്നു. അതുകൊണ്ട് അദ്ദേഹം യൂറോപ്പിലേക്ക് തിരിച്ചു.

ഇക്കാലത്ത് ജോൺ എന്നു പേരുള്ള ഒരു താപസ്സൻ ഈജിപ്തിൽ ജീവിച്ചിരുന്നു. ആത്മീയകൃപയാൽ നിറഞ്ഞ അദ്ദേഹം ഇടയ്ക്കിടെ തന്നെ സന്ദർശിച്ചവരുടെ ഭാവികാര്യങ്ങൾ പ്രവചിച്ചിരുന്നു. സ്വേച്ഛാധിപതികൾക്കെതിരെ താൻ പോരാടണമോ എന്നറിയാനുള്ള ആകാംക്ഷയാൽ ക്രിസ്തുസ്നേഹിതനായ ചക്രവർത്തി അദ്ദേഹത്തിന്റെ പക്കലേക്ക് ആളയച്ചു. നേരത്തേയുള്ള യുദ്ധത്തിൽ രക്തരഹിതവിജയം പ്രവചിച്ചിരുന്നു. ഇതിലാകട്ടെ, ഒരു വലിയ നരഹത്യയ്ക്കു ശേഷമേ വിജയിക്കൂ എന്ന് അയാൾ പറഞ്ഞു. ഈ പ്രതീക്ഷയോടെ ചക്രവർത്തി പുറപ്പെടുകയും അനേകം എതിരാളികളെ തറപറ്റിക്കുകയും ചെയ്തു. എന്നാൽ തന്റെ സഹായികളായ കാട്ടുവംശജരുടെ നിരവധി ആളുകളും മരിച്ചു.

തങ്ങളുടെ ഭാഗത്ത് ആൾനാശം കുറവാണെന്ന് ജനറൽമാർ ചക്രവർത്തിയെ അറിയിച്ചു. യുദ്ധത്തിന് അൽപം സാവകാശം അനുവദിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. വസന്തകാലത്തിന്റെ ആരംഭത്തിൽ സൈന്യശേഖരണം നടത്തി ശത്രുക്കളേക്കാൾ സംഖ്യാബലത്തിൽ മുന്തിനിൽക്കാം എന്നുള്ള അവരുടെ അപേക്ഷ തിയഡോഷ്യസ് തള്ളിക്കളഞ്ഞു. അദ്ദേഹം ഇപ്രകാരം പറഞ്ഞു: “നമ്മുടെ സൈന്യത്തെ നയിക്കുന്ന രക്ഷയുടെ കുരിശിന്മേൽ അത്തരം ബലഹീനത ആരോപിക്കുന്നതും ശത്രുക്കളുടെ സൈന്യത്തിന്റെ തലപ്പത്തുള്ള ഹെർക്കുലീസിന്റെ പടത്തിന് അത്തരം ശക്തി ആരോപിക്കുന്നതും തെറ്റാണ്.” ഇപ്രകാരം സത്യവിശ്വാസത്തിൽ അദ്ദേഹം സംസാരിച്ചു. നഷ്ടധൈര്യരായി വിട്ടുപോയവർ എണ്ണത്തിൽ വളരെ കുറവായിരുന്നു. അദ്ദേഹത്തിന്റെ സൈന്യം കൂടാരമടിച്ചിരുന്ന മലമുകളിൽ ഒരു ചെറിയ ചാപ്പൽ ഉണ്ടായിരുന്നു. അദ്ദേഹം അവിടെ എല്ലാറ്റിന്റെയും ദൈവത്തോട് രാത്രി മുഴുവൻ പ്രാർഥിച്ചു.

കോഴി കൂകിയപ്പോൾ അദ്ദേഹം നിദ്രാവിവശനായി ഉറങ്ങി. നിലത്തു കിടന്ന് ഉറങ്ങുമ്പോൾ, വെള്ള കുതിരപ്പുറത്ത് രണ്ടുപേർ വെള്ളവസ്ത്രത്തിൽ കാണപ്പെട്ടതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. ധൈര്യമായിരിക്കാൻ പറഞ്ഞ്, ഭയം ദൂരെയകറ്റി. പ്രഭാതത്തിൽ യുദ്ധസന്നദ്ധരായി പോകാൻ നിർദേശിച്ചു. അവർ ഇപ്രകാരം പറഞ്ഞു: “നിനക്കുവേണ്ടി യുദ്ധം ചെയ്യാൻ ഞങ്ങൾ അയക്കപ്പെട്ടിരിക്കുന്നു.” അപ്പോൾ ഒരാൾ പറഞ്ഞു: “ഞാൻ സുവിശേഷകനായ യോഹന്നാൻ ആണ്.” മറ്റയാൾ പറഞ്ഞു: “ഞാൻ ഫീലിപ്പോസ് ശ്ലീഹായാണ്”.

ഈ ദർശനം കണ്ട ശേഷവും ചക്രവർത്തി പ്രാർഥന നിർത്തിയില്ല. കൂടുതൽ തീക്ഷ്ണമായി തന്റെ അപേക്ഷ തുടർന്നു. ഈ ദർശനം ഒരു

പടയാളിക്കും ഉണ്ടായി. അയാൾ അത് ശതാധിപനോടും അയാൾ ന്യായാധിപനോടും അയാൾ ജനറലിനോടും പറഞ്ഞു. അയാൾ ഏതോ പുതിയ കാര്യം പറയുകയാണെന്ന് ജനറൽ ധരിച്ചു. അയാൾ അത് ചക്രവർത്തിയോട് പറഞ്ഞു. അപ്പോൾ ചക്രവർത്തി പറഞ്ഞു: ഇയാൾക്ക് ഈ ദർശനം ഉണ്ടായത് എനിക്കു വേണ്ടിയല്ല. കാരണം, എനിക്ക് വിജയം വാഗ്ദാനം ചെയ്ത ആളിൽ ഞാൻ വിശ്വാസം അർപ്പിച്ചു. യുദ്ധത്തിനുള്ള എന്റെ താൽപര്യത്താൽ ഞാൻ ആ ദർശനം കണ്ടുപിടിച്ചു എന്ന് ആരും കരുതാതിരിക്കാൻ എന്റെ സാമ്രാജ്യത്തിന്റെ സംരക്ഷകൻ ഈ വിവരം ഈ മനുഷ്യനു കൂടി നൽകി.

നമ്മുടെ കർത്താവ് ഈ ദർശനം എനിക്കു നൽകിയെന്ന് ഞാൻ പറയുമ്പോൾ, ഞാൻ പറയുന്ന സത്യത്തിന് ഇയാൾ സാക്ഷിയാകാൻ വേണ്ടിയാണിത്. അതുകൊണ്ട് നമുക്ക് ഭയം ദൂരെയകറ്റാം. നമുക്ക് നമ്മുടെ മുൻനിരയേയും ജനറൽമാരെയു പിന്തുടരാം. യുദ്ധത്തിൽ പങ്കെടുക്കുന്ന വരുടെ എണ്ണംനോക്കി വിജയം നിശ്ചയിക്കേണ്ട. പിന്നെയോ, നേതാക്കന്മാ രുടെ കഴിവിനെപ്പറ്റി ചിന്തിക്കുക. ഈ രീതിയിൽ അദ്ദേഹം തന്റെ ആളുകളോട് സംസാരിച്ചു. വലിയ പ്രതീക്ഷ നൽകി അവരെ ഉത്തേജിത രാക്കിയ ശേഷം മലമുകളിൽ നിന്ന് അവരെ താഴേക്ക് നയിച്ചു. തങ്ങളെ ആക്രമിക്കാൻ വരുന്ന സൈന്യത്തെ താഴെയുള്ള സ്വേച്ഛാധിപതി ദൂരെ നിന്നു കണ്ടു. അയാൾ തന്റെ സൈന്യത്തെ അണിനിരത്തി. അയാൾ ഒരുയർന്ന സ്ഥലത്ത് മാറിനിന്നു. “ചക്രവർത്തി മരണം ആഗ്രഹിക്കുന്നു. ഈ ജീവിതത്തിൽ നിന്ന് വിമോചിതനാകാൻ ആഗ്രഹിക്കുന്നതു കൊണ്ടാണ് അയാൾ യുദ്ധക്കളത്തിലേക്ക് കടന്നുവരുന്നത്” എന്ന് അയാൾ വീമ്പിളക്കി. ചക്രവർത്തിയെ ചങ്ങലയിട്ട് ജീവനോടെ കൊണ്ടുവരാൻ അയാൾ തന്റെ ജനറൽമാരോട് കൽപ്പിച്ചു.

ഇരുസൈന്യങ്ങളും മുഖാമുഖം നിന്നപ്പോൾ, ശത്രുസൈന്യം എണ്ണത്തിൽ വളരെ കൂടുതലായി കാണപ്പെട്ടു. ചക്രവർത്തിയുടെ സൈന്യ ത്തിന്റെ അവസാനഭാഗം എണ്ണിത്തീർക്കാമായിരുന്നു. സൈന്യം ഏറ്റുമുട്ടിയ പ്പോൾ, തങ്ങൾക്കു ലഭിച്ച വാഗ്ദാനം സത്യമെന്ന് മുൻനിരയ്ക്ക് ബോധ്യ പ്പെട്ടു. ശത്രുവിന്മേൽ ഒരു കൊടുങ്കാറ്റടിച്ച്, അവരുടെ അമ്പും വില്ലും മറ്റു യുദ്ധോപകരണങ്ങളും തിരിച്ചടിച്ചു. അവരുടെ ഒരായുധവും അവർക്ക് പ്രയോജനപ്പെട്ടില്ല. ചക്രവർത്തിയുടെ സൈന്യത്തെ തൊടാൻ അവർക്കാ യില്ല. ഒരു പൊടിക്കാറ്റ്, ശത്രുസൈന്യത്തിന്മേൽ ആഞ്ഞടിച്ചു. അതിനെ പ്രതിരോധിക്കാൻ അവർ നിർബന്ധിതരായി. എന്നാൽ ആ കൊടുങ്കാറ്റ് ഇമ്പീരിയൽ സൈന്യത്തിന് യാതൊരുപദ്രവവും ചെയ്തില്ല. അപ്പോൾ അവർ ശത്രുക്കളെ ഇടംവലം നോക്കാതെ വെട്ടിവീഴ്ത്തി. പരാജയപ്പെട്ടവർ ദൈവത്തിന്റെ സഹായം അപ്പോൾ തിരിച്ചറിയുകയും ആയുധം താഴെവച്ച് കീഴടങ്ങുകയും ചെയ്തു. തിയഡോഷ്യസിന് അവരോട് സഹതാപം തോന്നി അവരുടെ അപേക്ഷ സ്വീകരിച്ചു. സ്വേച്ഛാധിപതിയെ ഉടൻ തന്റെ പക്കൽ കൊണ്ടുവരാൻ കൽപ്പിച്ചു.

ദിവസം എങ്ങനെ കടന്നുപോയെന്ന് എവുജേനിയൂസ് അറിഞ്ഞിരു ന്നില്ല. അയാൾ ഇരുന്നിടത്തേക്ക് പടയാളികൾ ഓടിക്കയറി വരുന്നതുകണ്ട് അവർ വിജയം അറിയിക്കാൻ വരുന്ന ദൗത്യവാഹകർ ആണെന്നു കരുതി,

താൻ കൽപ്പിച്ചതുപോലെ തിയഡോഷ്യസിനെ ചങ്ങലയിട്ട് കൊണ്ടു വന്നിട്ടുണ്ടോ എന്നാരാഞ്ഞു. "ഇല്ല. ഞങ്ങൾ അയാളെ നിന്റെ അടുക്കൽ കൊണ്ടുവരികയല്ല, നിന്നെ അയാളുടെ പക്കൽ കൊണ്ടുപോകാനാണ് എത്തിയിരിക്കുന്നത്. മഹാഭരണാധികാരി ഇപ്രകാരം ക്രമീകരിച്ചിരിക്കുന്നു" എന്ന് അവർ പറഞ്ഞു. അതു പറഞ്ഞുകൊണ്ടു അവർ അയാളെ രഥത്തിൽ നിന്നു പൊക്കി ചങ്ങലയിട്ട് ബന്ധിച്ച് യുദ്ധത്തടവുകാരനായി കൊണ്ടുപോയി.

അയാൾ വലന്റീനിയന്റെ അധികാരം കവർന്നെടുത്ത ദ്രോഹവും നൈയാമിക ചക്രവർത്തിക്കെതിരെ നടത്തിയ യുദ്ധങ്ങളും ചക്രവർത്തി അയാളെ ഓർമിപ്പിച്ചു. ഹെർക്കുലീസിന്റെ പ്രതിച്ഛായയെയും അതിൽ അയാൾ സമർപ്പിച്ച വിശ്വാസത്തേയും അദ്ദേഹം കളിയാക്കി. അവസാനം അയാൾക്ക് നിയമാനുസൃത ശിക്ഷയും വിധിച്ചു. സദാ ദൈവസഹായം അപേക്ഷിച്ചകൊണ്ടും ലഭിച്ചുകൊണ്ടും യുദ്ധത്തിലും സമാധാനത്തിലും തിയഡോഷ്യസ് ഇപ്രകാരമായിരുന്നു.

### അധ്യായം 25

## തിയഡോഷ്യസ് ചക്രവർത്തിയുടെ മരണം

ഈ യുദ്ധാനന്തരം തിയഡോഷ്യസ് രോഗാതുരനായി. അദ്ദേഹം സാമ്രാജ്യം തന്റെ രണ്ടു മക്കൾക്കായി വിഭജിച്ചു നൽകി. മൂത്തവന് പൗരസ്ത്യദേശവും ഇളയവന് പാശ്ചാത്യദേശവും കൊടുത്തു. സത്യവിശ്വാസം മുറുകെ പിടിക്കാൻ അദ്ദേഹം അവരെ ഉപദേശിച്ചു. "അതുവഴി സമാധാനം നിലനിൽക്കുന്നു. യുദ്ധം അവസാനിക്കുന്നു. ശത്രുക്കൾ പരാജിതരാകുന്നു. ട്രോഫികൾ സ്ഥാപിക്കപ്പെടുന്നു. വിജയം ആഘോഷിക്കപ്പെടുന്നു." – അതിനുശേഷം അദ്ദേഹം മരിച്ചു. അനശ്വര കീർത്തി അവശേഷിപ്പിച്ച് അദ്ദേഹം കടന്നുപോയി. സാമ്രാജ്യത്തിൽ അദ്ദേഹത്തിന്റെ പിൻഗാമികളായവരും ഈ ഭക്തി നിലനിർത്തി.

### അധ്യായം 26

## ഹൊണോറിയുസും തെലെമാക്കുസും

പാശ്ചാത്യറോമാസാമ്രാജ്യാധിപനായി തീർന്ന ഹോണോറിയുസ് റോമിൽ ദീർഘനാളായി നടമാടിയിരുന്ന മല്ലയുദ്ധം അവസാനിപ്പിച്ചു. താഴെ പറയുന്നതാണ് അതിനുണ്ടായ സാഹചര്യം. തെലെമാക്കുസ് എന്ന സന്യാസി കിഴക്കുനിന്ന് പുറപ്പെട്ട് റോമിലെത്തി. അപ്പോൾ മല്ലയുദ്ധത്തിന്റെ മ്ലേച്ഛമായ കളിസമയമായിരുന്നു. അദ്ദേഹം സ്റ്റേഡിയത്തിൽ കടന്ന് മല്ലയുദ്ധ രംഗത്തേക്കു ചെന്നു. പരസ്പരം പോരടിക്കാൻ ആയുധം വീശിക്കൊണ്ടിരുന്ന രണ്ടു മനുഷ്യരോടും നിർത്താൻ പറഞ്ഞു. പൈശാചിക പ്രേരണയാൽ കാഴ്ചക്കാർ ക്ഷുഭിതരായി. അദ്ദേഹത്തെ അവർ കല്ലെറിഞ്ഞു കൊന്നു. ഇത്തരം രക്തരൂക്ഷിത കളികളിൽ പിശാച് മോദിച്ചിരുന്നു. ഇതറിഞ്ഞ

ചക്രവർത്തി തെലെമാക്കുസിനെ രക്തസാക്ഷികളുടെ ഗണത്തിൽ ഉൾപ്പെടുത്തുകയും ഈ ആഭാസക്കളി അവസാനിപ്പിക്കുകയും ചെയ്തു.

### അധ്യായം 27

## അർക്കേഡിയുസിന്റെ ഭക്തി

കോൺസ്റ്റാന്റിനോപ്പിളിൽ നെക്താരിയുസ് മരിച്ചപ്പോൾ മഹാപ്രകാശ സ്തംഭമായ ജോണിനെ അർക്കേഡിയുസ് ചക്രവർത്തി വിളിച്ചുവരുത്തി. ജോൺ വൈദികഗണത്തിൽ പെട്ട ആളാണെന്ന് ചക്രവർത്തി അറിഞ്ഞിരുന്നു. ജോണിനു പട്ടം കൊടുത്ത് മഹാനഗരത്തിലെ മെത്രാനായി നിയമിക്കാൻ സന്നിഹിതരായ മെത്രാന്മാരോട് അദ്ദേഹം കൽപ്പിച്ചു. ദൈവിക കാര്യങ്ങളിൽ ചക്രവർത്തിക്കുള്ള പരിഗണനയ്ക്ക് ദൃഷ്ടാന്തമായി ഇതുമാത്രം മതിയാകും. അതേസമയം അന്ത്യോക്യയിൽ ഫ്ളാവിയനും ലവദീക്യായിൽ എൽപീദിയുസും അധ്യക്ഷന്മാരായിരുന്നു. മഹാനായ മെലേഷ്യസിന്റെ സഹചാരി ആയിരുന്നു ജോൺ. മുദ്രമോതിരം മെഴുകിൽ പതിയുന്നതിനേക്കാൾ ആഴത്തിൽ മെലേഷ്യസ് അദ്ദേഹത്തെ സ്വാധീനിച്ചിരുന്നു. മഹാനായ പെലാജിയുസിന്റെ പിൻഗാമി ആയിരുന്നു എൽപീദിയുസ്. ദിവ്യനായ മർസെല്ലൂസിന്റെ പിൻഗാമിയായി അഗാപീറ്റസ് അപ്പമെയായിൽ മെത്രാനായി. അദ്ദേഹം മഹാതാപസ്സനായിരുന്നു. പാഷണ്ഡതാ കൊടുങ്കാറ്റ് ആഞ്ഞടിച്ചപ്പോൾ, സെലൂഷ്യയിൽ ജോണിന്റെ സ്നേഹിതനായ മാക്സിമുസും മൊപ്സുവെസ്ത്യായിൽ തിയഡോറും മെത്രാന്മാരായിരുന്നു. അവർ ഇരുവരും മഹനീയ പ്രബോധകർ ആയിരുന്നു. ബേറോയാ മെത്രാനായ അകാചിയുസ് വിജ്ഞാനത്തിലും ജീവിത വിശുദ്ധിയിലും ഗണനീയനായിരുന്നു. സുകൃതങ്ങളുടെ വിളനിലമായിരുന്ന ലെയോൺഷ്യൂസ് ഗലാത്യയിലെ അജഗണത്തെ പരിപാലിച്ചു.

### അധ്യായം 28

## ജോൺ ക്രിസൊസ്തോമിന്റെ നടപടികൾ

മഹാനായ ജോൺ സഭാനേതൃസ്ഥാനത്ത് എത്തിയപ്പോൾ ചില തെറ്റായ നടപടികളെ ധൈര്യപൂർവം കുറ്റപ്പെടുത്തി. ചക്രവർത്തിക്കും രാജ്ഞിക്കും ഉചിതമായ ഉപദേശം നൽകി. നിശ്ചയിക്കപ്പെട്ട നിയമങ്ങൾക്ക് അനുസൃതമായി ജീവിക്കാൻ വൈദികരെ ഗുണദോഷിച്ചു. യഥാർഥ വൈദികർക്കു യോജിച്ചവിധം ജീവിക്കാൻ ആഗ്രഹമില്ലാത്തവർ വൈദിക സ്ഥാനത്തിന്റെ ബഹുമാനത്തിന് അർഹരല്ലെന്നു പറഞ്ഞുകൊണ്ട് ഈ നിയമങ്ങൾ ലംഘിക്കുന്നവർ പള്ളികളിൽ കയറുന്നത് അദ്ദേഹം നിരോധിച്ചു. ഈ ശിക്ഷണക്രമം കോൺസ്റ്റാന്റിനോപ്പിളിൽ മാത്രമല്ല, ത്രേസിലും ആസിയായിലും പോന്തുസിലും അദ്ദേഹം നടപ്പാക്കി.

www.malankaralibrary.com 

### അധ്യായം 29

## ഫിനീഷ്യയിലെ വിഗ്രഹങ്ങൾ

ഫിനീഷ്യയിൽ അപ്പോഴും പൈശാചിക വിഗ്രഹാരാധനയുടെ വിഭ്രാന്തി നിലനിൽക്കുന്നെന്ന് അറിഞ്ഞ ജോൺ തീക്ഷ്ണമതികളായ കുറേ സന്യാസികളെ ഇമ്പീരിയൽ ഡിക്രികളോടുകൂടെ അവിടെക്കയച്ചു. വിഗ്രഹങ്ങൾ തകർക്കുന്നതിന് ആവശ്യമായ പണം ഇമ്പീരിയൽ ട്രഷറിയിൽ നിന്ന് എടുക്കാതെ, ധനാഢ്യരും വിശ്വാസികളുമായ വനിതകളെ കൊണ്ട് അദ്ദേഹം കൊടുപ്പിച്ചു. അവരുടെ മഹാമനസ്ക്കതയ്ക്ക് വലിയ പ്രതിഫലം ലഭിക്കുമെന്ന് അദ്ദേഹം ബോധ്യപ്പെടുത്തി. ഇപ്രകാരം, അവശേഷിച്ച പൈശാചികമന്ദിരങ്ങൾ പൂർണമായി തകർക്കപ്പെട്ടു.

### അധ്യായം 30

## ഷിത്യരുടെ പള്ളി

ഷിത്യർ ആരിയൻ വലയിൽ കുടുങ്ങി കിടക്കുന്നതായി ജോൺ കണ്ടു. അദ്ദേഹം ബദൽ പദ്ധതികൾ ആവിഷ്ക്കരിക്കുകയും അവരെ വീണ്ടെടുക്കാൻ വഴി കാണുകയും ചെയ്തു. ഷിത്യൻ ഭാഷ സംസാരിക്കുന്ന വൈദികരെയും ഡീക്കന്മാരെയും നിയമിക്കുകയും അവർക്കായി ഒരു പള്ളി നൽകുകയും ചെയ്തു. അവരിലൂടെ അനേകരെ തെറ്റിൽ നിന്ന് അദ്ദേഹം വീണ്ടെടുത്തു. അദ്ദേഹം കൂടെക്കൂടെ അവിടം സന്ദർശിച്ച് ഒരു ദ്വിഭാഷിയുടെ സഹായത്തോടെ അവരോട് പ്രസംഗിക്കുകയും അപ്രകാരം ചെയ്യാൻ നല്ല പ്രസംഗകരെ അയക്കുകയും ചെയ്തു. നഗരത്തിൽ ഇത് സ്ഥിരപരിപാടി ആയിരുന്നു. ശ്ലൈഹികപ്രബോധനത്തിന്റെ സത്യാവസ്ഥ ചൂണ്ടിക്കാണിച്ചു കൊണ്ട്, വഞ്ചിതരായ അനേകരെ അദ്ദേഹം രക്ഷപെടുത്തി.

### അധ്യായം 31

## ഡാന്യൂബ് തീരത്തെ ഷിത്യർ

രക്ഷയ്ക്കായി ദാഹിച്ച, ഡാന്യൂബ് തീരത്തുള്ള ചില നാടോടികൾക്ക് അരുവി ഒഴുക്കിക്കൊടുക്കാൻ ആരുമില്ലെന്ന് അറിഞ്ഞതിനാൽ, ശ്ലീഹന്മാരെപ്പോലെ തീക്ഷ്ണത നിറഞ്ഞവരും കഠിനാധ്വാന തൽപ്പരരുമായ ആളുകളെ തെരഞ്ഞുപിടിച്ച് ഈ ദൗത്യം ഏൽപ്പിച്ചു. അൻസീറാ മെത്രാനായ ലെയോൺഷ്യൂസിന് തത്സംബന്ധമായി അദ്ദേഹം അയച്ച ഒരു കത്ത് ഞാൻ കണ്ടിട്ടുണ്ട്. ഷിത്യരുടെ മാനസ്സാന്തരത്തെ പറ്റിയും അവരെ പഠിപ്പിക്കാൻ പറ്റിയ മനുഷ്യരെ അയക്കുന്നതിനെ പറ്റിയും അതിൽ എഴുതിയിരുന്നു.

നമ്മുടെ സൈറസ് ജില്ലയിൽ ചിലർ മാർസിയന്റെ പകർച്ചവ്യാധിയിൽ ഉൾപ്പെട്ടെന്നു കേട്ട് അതിനെ ഓടിക്കാൻ അദ്ദേഹം ചിലരെ ചുമതല

പ്പെടുത്തി. അതിന് ആവശ്യമായ ഇമ്പീരിയൽ ഡിക്രികൾ സമ്പാദിച്ചു കൊടുക്കുകയും ചെയ്തു. "എല്ലാ സഭകളെ പറ്റിയുമുള്ള കരുതൽ" എന്ന് ദിവ്യശ്ലീഹാ പറഞ്ഞത് അദ്ദേഹം എപ്രകാരം ഹൃദയത്തിൽ വഹിച്ചു എന്നു കാട്ടാൻ ഞാൻ ആവശ്യത്തിനു പറഞ്ഞു. അദ്ദേഹത്തിന്റെ ധൈര്യത്തെപ്പറ്റി മറ്റുള്ളവരിൽ നിന്നുകൂടി ഗ്രഹിക്കാവുന്നതാണ്.

## അധ്യായം 32

## ഗയ്നാസും ജോണും

ഷിത്യനായ ഗയ്നാസ് ഒരു മിലിറ്ററി കമാൻഡർ ആയിരുന്നു. സ്വഭാവത്തിൽ കാട്ടാളനും ക്രൂരനും അക്രമാസക്തനുമായിരുന്നു. അയാളുടെ കീഴിൽ അയാളുടെ നാട്ടുകാരായ നിരവധി പേരുണ്ടായിരുന്നു. അവരോടൊപ്പം അയാൾ കുതിരപ്പടയേയും കാലാൾപ്പടയേയും നയിച്ചിരുന്നു. മറ്റെല്ലാവർക്കും മാത്രമല്ല, ചക്രവർത്തിക്കുപോലും അയാൾ ഉൾഭയം ഉണ്ടാക്കിയിരുന്നു. കടന്നാക്രമണത്തിന് അയാൾ കോപ്പു കൂട്ടുന്നെന്ന് അയാളെപ്പറ്റി സംശയിച്ചിരുന്നു.

അയാൾ ഒരു ആരിയൻ വിശ്വാസി ആയിരുന്നു. അയാളുടെ ഉപയോഗത്തിന് ഒരു പള്ളി നൽകണമെന്ന് അയാൾ ചക്രവർത്തിയോട് അപേക്ഷിച്ചു. ചക്രവർത്തി അതിന് സമ്മതിച്ചു. അദ്ദേഹം ജോണിനെ വരുത്തി ഇക്കാര്യം അറിയിച്ചു. ഗയ്നാസിന്റെ ശക്തി ചക്രവർത്തി ഓർമിപ്പിച്ചു. അധികാരം കവർന്നെടുക്കാനുള്ള ഉദ്ദേശത്തെപ്പറ്റി സൂചിപ്പിച്ചു. പള്ളി കൊടുത്ത് ഈ കാട്ടുവംശജന്റെ കോപം നിയന്ത്രിക്കാമെന്നും പറഞ്ഞു. അപ്പോൾ ജോൺ ഇപ്രകാരം പറഞ്ഞു: "അത്തരം ഒരു വാഗ്ദാനവും നൽകാൻ മുതിരരുത്. 'വിശുദ്ധമായത് നായ്ക്കൾക്ക് കൊടുക്കരുത്' (മത്താ.7,6). ദിവ്യവചനത്തിന്റെ സ്തുതിപാഠകരെയും ആരാധകരെയും ഇറക്കിവിട്ടിട്ട് അവരുടെ പള്ളി അവനെ അവഹേളിക്കുന്നവർക്ക് നൽകാൻ ഞാൻ ഒരിക്കലും സമ്മതിക്കുകയില്ല. ആ കാട്ടുവംശജനെ ഭയപ്പെടേണ്ടാ. എന്നെയും അവനെയും നിന്റെ മുമ്പിൽ ഒന്നിച്ചു വിളിച്ചുവരുത്തുക. എന്താണ് പറയുന്നതെന്ന് നിശ്ശബ്ദമായി കേൾക്കുക. ഞാൻ അയാളുടെ നാവ് നിയന്ത്രിക്കും. തെറ്റായ ഒന്ന് അനുവദിക്കുന്നതിന് ചോദിക്കാതിരിക്കാൻ ഞാൻ അവനെ പ്രേരിപ്പിച്ചുകൊള്ളാം."

ജോൺ പറഞ്ഞതിൽ ചക്രവർത്തി സന്തുഷ്ടനാകുകയും അടുത്ത ദിവസം ഇരുവരെയും വിളിപ്പിക്കുകയും ചെയ്തു. വാഗ്ദാനം നടപ്പാക്കാൻ ഗയ്നാസ് ആവശ്യപ്പെടാൻ തുടങ്ങി. സത്യമതം ഏറ്റുപറഞ്ഞ ചക്രവർത്തിക്ക് അതിനെതിരെ ഒന്നും ചെയ്യാൻ അവകാശമില്ലെന്ന് ജോൺ മറുപടി പറഞ്ഞു. തനിക്ക് പ്രാർഥിക്കാൻ ഒരിടം വേണമെന്ന് ഗയനാസ് കൂട്ടിച്ചേർത്തു. അപ്പോൾ ജോൺ പറഞ്ഞു: "എന്ത്? എല്ലാ പള്ളികളും നിനക്ക് തുറക്കപ്പെട്ടിരിക്കുന്നു. അവിടെ പ്രാർഥിക്കണമെന്ന് നിനക്ക് തോന്നുമ്പോൾ, അപ്രകാരം ചെയ്യുന്നതിന് ആരും നിന്നെ തടസ്സപ്പെടുത്തുന്നില്ല."

ഗയ്നാസ്: "എന്നാൽ ഞാൻ മറ്റൊരു വിഭാഗത്തിൽ പെട്ടവനാണ്. അവരോടൊപ്പം പ്രാർഥിക്കാൻ എനിക്കൊരു പള്ളി വേണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. റോമാക്കാർക്കുവേണ്ടി യുദ്ധത്തിൽ വളരെയധികം കഠിനാധ്വാനം ചെയ്യുന്ന ഞാൻ നിശ്ചയമായും ഈ അപേക്ഷ സമർപ്പിക്കുന്നത് ഉചിതമാണ്."

ജോൺ: "നിനക്ക് നിന്റെ അധ്വാനങ്ങൾക്ക് കൂടുതൽ ഉന്നതമായ പ്രതിഫലം ലഭിച്ചിട്ടുണ്ടല്ലോ. നീ ജനറലാണ്. നീ കോൺസുളാർ വസ്ത്രം ധരിക്കുന്നു. നീ മുമ്പ് എന്തായിരുന്നെന്നും ഇപ്പോൾ എന്താണെന്നും നീ ചിന്തിക്കണം. കഴിഞ്ഞ കാലത്തുള്ള നിന്റെ ദാരിദ്ര്യവും ഇപ്പോഴത്തെ നിന്റെ സമ്പദ്സമൃദ്ധിയും. നീ ഇസ്താർ കടന്നപ്പോൾ ധരിച്ച വസ്ത്രവും ഇപ്പോൾ നീ ധരിക്കുന്നതും നിന്റെ അധ്വാനത്തിന്റെ നിസ്സാരതയും നിന്റെ പ്രതിഫലത്തിന്റെ വലിപ്പവും പരിഗണിക്കുക. നിന്നെ ബഹുമാനച്ചവനോട് നന്ദികേട് കാട്ടരുത്."

ഈ വാക്കുകളാൽ ആ ലോകഗുരു ഗയ്നാസിനെ നിശ്ശബ്ദനാക്കി. വായടയ്ക്കാൻ അയാൾ നിർബന്ധിതനായി. തന്റെ മനസ്സിൽ അടക്കി വച്ചിരുന്ന മത്സരം അവൻ പിന്നീട് വെളിച്ചത്തെടുത്തു. അവൻ തന്റെ സൈന്യത്തെ ഒന്നിച്ചുകൂട്ടി, ത്രേസിൽ ഉടനീളം കൊലയും കൊള്ളിവയ്പും നടത്തി. ഇതുകേട്ട ചക്രവർത്തിയും പ്രജകളും ഭയചകിതരായി. അവനെ തിരെ യുദ്ധത്തിന് പുറപ്പെടാൻ ആരും ധൈര്യപ്പെട്ടില്ല. സന്ദേശവാഹകനായി അവന്റെ അടുത്തു പോകുന്നത് സുരക്ഷിതമായി ആരും കണ്ടില്ല. കാരണം, അയാളുടെ കാട്ടാളത്തം ഏവർക്കും അറിയാമായിരുന്നു.

## അധ്യായം 33

# ദൗത്യവാഹകനായ ജോൺ

ഭയം നിമിത്തം ഗയ്നാസിന്റെ പക്കലേക്ക് പോകാൻ എല്ലാവരും മടിച്ചപ്പോൾ, ജോൺ ഈ ദൗത്യം ഏറ്റെടുത്തു. മേൽപ്പറഞ്ഞ തർക്കത്തെ പറ്റിയോ അതുമൂലമുള്ള രോഷത്തെ പറ്റിയോ അദ്ദേഹം ചിന്തിച്ചില്ല. അദ്ദേഹം ത്രേസിലേക്ക് യാത്ര തിരിച്ചു. അദ്ദേഹത്തിന്റെ വരവിനെ പറ്റി കേട്ട ഗയ്നാസ്, സത്യമതത്തെ കുറിച്ചുള്ള അദ്ദേഹത്തിന്റെ ധൈര്യം നിറഞ്ഞ വാക്കുകൾ ഓർത്തു. മെത്രാനെ സ്വീകരിക്കാൻ വളരെ ദൂരത്തേക്ക് അയാളെത്തുകയും വലത്തുകൈ കണ്ണുകളിൽ വയ്ക്കുകയും തന്റെ മക്കളെ അദ്ദേഹത്തിന്റെ പാവന പാദങ്ങളിൽ ഇരുത്തുകയും ചെയ്തു. ഏറ്റവും എതിരുള്ളവരെപ്പോലും വിവർണരാക്കുകയും ജയിച്ചടക്കുകയും ചെയ്യുന്നത് നന്മയുടെ പ്രകൃതമാണ്.

എന്നാൽ അസൂയക്ക് അദ്ദേഹത്തിന്റെ തത്വശാസ്ത്രത്തിന്റെ ശോഭയുള്ള രശ്മികൾ സഹിക്കാൻ കഴിഞ്ഞില്ല. അത് അതിനു പതിവായ ദുഷ്ടത പ്രയോഗത്തിൽ വരുത്തി. അദ്ദേഹത്തിന്റെ വാചാലതയും വിജ്ഞാനവും ഇമ്പീരിയൽ നഗരത്തിനും ലോകത്തിനു മുഴുവനും നഷ്ടപ്പെടുത്തി.

### അധ്യായം 34

## ജോണിനെതിരെയുള്ള നീക്കങ്ങളും അനന്തരഫലങ്ങളും

എന്റെ ചരിത്രത്തിന്റെ ഈ ഭാഗത്ത് എന്തു വികാരമാണ് ഞാൻ പുലർത്തേണ്ടതെന്ന് എനിക്കറിയില്ല. ജോണിനെതിരെ നടന്ന ഗൂഢാലോചനകൾ കുറിക്കാൻ എനിക്ക് ആഗ്രഹമുണ്ട്. എന്നാൽ അദ്ദേഹത്തോട് ദ്രോഹം ചെയ്തവരുടെ ഉന്നതനിലയും ഞാൻ പരിഗണിക്കേണ്ടതുണ്ട്. അവരുടെ പേരുകൾ പോലും മറച്ചുവയ്ക്കാൻ എന്റെ കഴിവനുസരിച്ച് ഞാൻ പരിശ്രമിക്കും. ഈ ആളുകൾക്ക് അവരുടെ വൈരത്തിന് വിവിധ കാരണങ്ങൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഉജ്ജ്വലസുകൃതങ്ങളെ പറ്റി ചിന്തിക്കാൻ അവർക്കു കഴിഞ്ഞില്ല. അദ്ദേഹത്തെ കുറ്റപ്പെടുത്തിയ കുറേ നികൃഷ്ടരെ അവർ കണ്ടെത്തി. ഈ പരദൂഷണത്തിന്റെ സ്പഷ്ടത കണ്ട്, നഗരത്തിൽ നിന്ന് അകലെയുള്ള ഒരിടത്ത് ഒന്നിച്ചുകൂടി അവർ വിധി പ്രസ്താവിച്ചു.

വൈദികരിൽ വിശ്വാസം അർപ്പിച്ചിരുന്ന ചക്രവർത്തി, അദ്ദേഹത്തെ നാടുകടത്താൻ കൽപ്പിച്ചു. അദ്ദേഹത്തിനെതിരെയുള്ള ആരോപണങ്ങൾ എന്തെന്ന് കേൾക്കാതെയും ന്യായീകരണത്തിന് അവസരം ലഭിക്കാതെയും, ഉന്നയിക്കപ്പെട്ട ദുരാരോപണത്തിന്റെ വെളിച്ചത്തിൽ കോൺസ്റ്റാന്റിനോപ്പിൾ വിട്ട് ഹിയെരോണിലേക്ക് പോകാനും അദ്ദേഹം നിർബന്ധിതനായി. എവുക്സിന്റെ തീരത്തെ നേവൽ സ്റ്റേഷനായിരുന്നു അത്.

രാത്രിയിൽ ഒരു വലിയ ഭൂമികുലുക്കം ഉണ്ടായി. രാജ്ഞി ഭയചകിതയായി. നാടുകടത്തപ്പെട്ട മെത്രാന്റെ പക്കലേക്ക് പ്രഭാതത്തിൽ ദൂതന്മാരെ അയച്ച്, ഒട്ടും വൈകാതെ കോൺസ്റ്റാന്റിനോപ്പിളിലേക്ക് വരണമെന്നും നഗരത്തിന്റെ നാശം തടയണമെന്നും അദ്ദേഹത്തോട് അപേക്ഷിച്ചു. പിന്നീട് ഒന്നിനു പിറകെ ഒന്നായി ദൂതന്മാരെ അയച്ചു. ബോസ്ഫറസ് മുഴുവൻ സന്ദേശവാഹകരെ കൊണ്ടുനിറഞ്ഞു. സംഭവിച്ചതറിഞ്ഞ വിശ്വസ്തജനം തങ്ങളുടെ വള്ളങ്ങൾകൊണ്ട് പ്രൊപ്പോന്തീസിന്റെ കവാടം മൂടി.കത്തുന്ന പന്തങ്ങളുമായി ജനം മുഴുവൻ അദ്ദേഹത്തെ കാണാനെത്തി. തൽക്കാലത്തേക്ക് അദ്ദേഹത്തിന്റെ ശത്രുക്കൾ പരാജിതരായി.

കുറച്ചുമാസങ്ങൾ കഴിഞ്ഞപ്പോൾ മേൽപ്പറഞ്ഞ ശത്രുക്കൾ ശിക്ഷ നടപ്പാക്കാൻ ശ്രമം തുടങ്ങി. അവർ മെനഞ്ഞുണ്ടാക്കിയ കുറ്റാരോപണത്താലല്ല, പിന്നെയോ, സ്ഥാനഭ്രഷ്ടനാക്കപ്പെട്ടശേഷം ദിവ്യശുശ്രൂഷകളിൽ പങ്കെടുത്തു എന്നതിനാലാണ്. കുറ്റാരോപണം അദ്ദേഹം കേട്ടില്ല. അദ്ദേഹം ഒരു ന്യായീകരണവും നടത്തിയില്ല. അദ്ദേഹത്തിന്റെ അസാന്നിധ്യത്തിലാണ് വിധിച്ചത്. ചക്രവർത്തിയാണ് നാടുകടത്തിയത്. ചക്രവർത്തി തന്നെ തിരികെ വിളിച്ചു എന്ന് മെത്രാൻ പ്രതികരിച്ചു.

അപ്പോൾ എതിരാളികൾ മറ്റൊരു സിനഡുകൂടി. അവർ വിചാരണ ആവശ്യപ്പെട്ടില്ല. പിന്നെയോ, തങ്ങളുടെ വിധിവാചകം നിയമാനുസൃതവും ശരിയായിട്ടുള്ളതുമാണെന്ന് ചക്രവർത്തിയെ ബോധ്യപ്പെടുത്തി. അപ്പോൾ ജോണിനെ വെറുതെ നാടുകടത്തുകയല്ല ചെയ്തത്, പിന്നെയോ, കൗക്കാസുസ് എന്ന പേരുള്ള, അർമേനിയായിലെ ഒരു കുഗ്രാമത്തിലേക്കാണ് നാടുകടത്തിയത്. അത് ഒരു ഒഴിഞ്ഞ ചെറിയ സ്ഥലമായിരുന്നു. അവിടെ നിന്നുപോലും അദ്ദേഹത്തെ പിന്നീട് മാറ്റി പിത്യൂസ് എന്ന വിദൂര സ്ഥലത്തേക്കു കൊണ്ടുപോയി. എവുക്സിന്റെ അങ്ങേയറ്റവും റോമൻ സാമ്രാജ്യത്തിന്റെ അതിർത്തിയിൽ ഏറ്റവും ക്രൂരരായ മനുഷ്യരുടെ വളരെ സമീപവുമായിരുന്നത്. എന്നാൽ ഈ ജേതാവിനെ ഈ ചെറുദ്വീപിലെത്തിക്കാൻ സ്നേഹനിധിയായ കർത്താവ് അനുവദിച്ചില്ല. കാരണം, കൊമാനായിൽ എത്തിയപ്പോൾ അദ്ദേഹം മരിച്ചു. ധീരമായി പോരാടിയ ശരീരം ബസിലിസ്കുസ് എന്ന രക്തസാക്ഷിയുടെ സമീപത്ത് സംസ്കരിച്ചു. അപ്രകാരം രക്തസാക്ഷി സ്വപ്നത്തിൽ ക്രമീകരിച്ചിരുന്നു.

ജോണിന്റെ പേരിൽ എത്രയെത്ര മെത്രാന്മാർ സഭയിൽ നിന്ന് പുറത്താക്കപ്പെട്ട് ലോകാതിർത്തികളിൽ പാർക്കാൻ നാടുകടത്തപ്പെട്ടെന്നും, ഈ ദുരന്തത്തിൽ എത്രയെത്ര താപസ്സർ ഉൾപ്പെട്ടെന്നും പറഞ്ഞ്, എന്റെ വിവരണം നീട്ടിക്കൊണ്ടുപോകുന്നത് പ്രയോജനപ്രദമല്ലെന്ന് ഞാൻ കരുതുന്നു. പ്രത്യേകിച്ച്, ഈ നിന്ദ്യവിശദീകരണങ്ങൾ അവസാനിപ്പിച്ച്, വിശ്വാസത്തിൽ നമ്മുടെ പങ്കാളികളായവരുടെ ദുഷ്പ്രവൃത്തികളുടെമേൽ ഒരു പുതപ്പിട്ട് മൂടുന്നത് ആവശ്യമാണെന്ന് എനിക്കു തോന്നുന്നു. എന്നാൽ കുറ്റക്കാരായ മിക്കവർക്കും ശിക്ഷ കിട്ടി. അത്, ശേഷിച്ചവർക്ക് നന്മയ്ക്കുള്ള വഴിയുമായി. യൂറോപ്പിലെ പിതാക്കന്മാർ ഈ മഹാപരാധം വെറുപ്പോടെയാണ് വീക്ഷിച്ചത്. കുറ്റക്കാർ ആയവരോടുള്ള കൂട്ടായ്മയിൽ നിന്ന് അവർ വിട്ടുനിന്നു. ഇല്ലീറിയൻ മെത്രാന്മാരും അവരോട് യോജിച്ചു. കിഴക്കുള്ള മിക്ക നഗരങ്ങളും ഈ തെറ്റിൽ ഭാഗഭാക്കാകാതെ ഒഴിഞ്ഞുനിന്നു. എന്നാൽ അവർ സഭാഗാത്രം കീറിമുറിച്ചില്ല.

ഈ ലോകഗുരു മരിച്ചപ്പോൾ, അനുസ്മരണ പട്ടികയിൽ അദ്ദേഹത്തിന്റെ പേരു ചേർക്കുന്നതുവരെ പാശ്ചാത്യമെത്രാന്മാർ, ഈജിപ്ത്, പൗരസ്ത്യം, ബോസ്ഫറസ്, ത്രേസ്, എന്നിവിടങ്ങളിലെ മെത്രാന്മാരുമായി കൂട്ടായ്മ പുലർത്തിയില്ല. ജോണിന്റെ പിൻഗാമിയായ അർസാചിയുസിനെ അവർ അംഗീകരിച്ചില്ല. എന്നാൽ പിന്നെ വന്ന അറ്റിക്കൂസ് കൂടെക്കൂടെ കൂട്ടായ്മക്കത്തിന് അപേക്ഷിക്കുകയും ജോണിന്റെ പേര് അനുസ്മരണ പട്ടികയിൽ ചേർക്കുകയും ചെയ്തപ്പോൾ, കുറേക്കഴിഞ്ഞ് കൂട്ടായ്മയിൽ സ്വീകരിച്ചു.

## അധ്യായം 35

# അന്ത്യോക്യയിലെ അലക്സാണ്ഡർ

അക്കാലത്ത് അലക്സാണ്ഡ്രിയായിൽ തെയോഫിലസിന്റെ അനന്തിരവനായ സിറിലും, ജറുസലേമിൽ സിറിലിന്റെ പിൻഗാമിയായി യോഹന്നാനും, അന്ത്യോക്യയിൽ അലക്സാണ്ഡറും മെത്രാന്മാരായി. മെത്രാനടുത്ത ജീവിതവും നടപടികളും അലക്സാണ്ഡർക്ക് ഉണ്ടായിരുന്നു. മെത്രാനാകുന്നതിനു മുമ്പ് അദ്ദേഹം കഠിനതാപസ്സകർമങ്ങൾ അനുഷ്ഠിച്ചി രുന്നു. വാക്കുകൊണ്ട് പഠിപ്പിച്ചും പ്രവൃത്തികൊണ്ട് വാക്കുകൾ ഉറപ്പിച്ചും പ്രശസ്ത സഭാനേതാവായി അദ്ദേഹം അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ മുൻഗാമി പൊർഫീരിയും അതിനുമുമ്പ് ഫ്ളാവിയനും ആയിരുന്നു.

അദ്ദേഹം സ്നേഹം നിറഞ്ഞ പെരുമാറ്റത്തിന്റെ വിശിഷ്ട ഓർമകൾ അവശേഷിപ്പിച്ചു. അതിബുദ്ധിമാനായിരുന്ന അദ്ദേഹം പ്രത്യേകമായി സ്വയംശിക്ഷണത്തിലും താപസ്സകർമങ്ങളിലും സമ്പന്നനായിരുന്നു. അദ്ദേഹം ദരിദ്രജീവിതം നയിക്കുകയും സ്വയംനിഗ്രഹം പാലിക്കുകയും ചെയ്തു. നല്ലൊരു പ്രസംഗകൻ ആയിരുന്ന അദ്ദേഹത്തിൽ മറ്റനേകം സദ്ഗുണങ്ങൾ വിളങ്ങിയിരുന്നു.

അദ്ദേഹത്തിന്റെ ഉപദേശത്താലും പ്രേരണയാലും എവുസ്താത്യോസിന്റെ അനുയായികൾ സഭാഗാത്രത്തോട് പുനരൈക്യപ്പെട്ടു. അതുല്യമായ ഒരു ഗംഭീര പെരുന്നാളാഘോഷവും അന്ത്യോക്യയിൽ നടന്നു. പൗളീനൂസും എവാഗ്രിയുസും ഈ പുനരൈക്യത്തിന് സമ്മതിച്ചിരുന്നില്ല. വൈദികരും ജനങ്ങളും ഉൾപ്പെടെ വിശ്വാസികൾ എല്ലാവരെയും മെത്രാൻ ഒന്നിച്ചുകൂട്ടി. അവരോടൊപ്പം യോഗസ്ഥലത്തേക്ക് നടന്നു. പാട്ടുകാർ ഈ റാലിക്ക് കൊഴുപ്പുകൂട്ടി. എല്ലാവരും ഒന്നിച്ച് കീർത്തനങ്ങൾ ആലപിച്ചു. പടിഞ്ഞാറേ പുറംവാതിൽക്കൽ നിന്ന് വലിയ പള്ളിയിലേക്ക് റാലിയായി അദ്ദേഹവും കൂടെയുള്ളവരും നടന്നു. ജനത്തെക്കൊണ്ട് അവിടം നിറഞ്ഞു. ഒറോന്തസ് നദി ഒഴുകുന്നതുപോല മനുഷ്യരുടെ ഒരു മഹാനദി അവിടേക്ക് ഒഴുകിയെത്തി. യഹൂദരും ആരിയൻ ഇരകളും പേഗനിസത്തിന്റെ ചെറിയ കൂട്ടവും ഇതു കണ്ടപ്പോൾ നെടുവീർപ്പിട്ടു കരഞ്ഞു. ശേഷിച്ചവരും സഭയിലേക്ക് തിരികെ എത്തുന്നതു കണ്ട് അവർ ദുഃഖിതരായി. ജോണിന്റെ പേര് അലക്സാണ്ഡർ അനുസ്മരണ പട്ടികയിൽ ചേർത്തു.

## അധ്യായം 36

# ജോണിന്റെ തിരുശേഷിപ്പ് കോൺസ്റ്റാന്റിനോപ്പിളിൽ

പിൽക്കാലത്ത് ജോണിന്റെ തിരുശേഷിപ്പ് ഇമ്പീരിയൽ തലസ്ഥാനത്തു കൊണ്ടുവന്നു. അടുപ്പിച്ചിട്ട വള്ളങ്ങൾകൊണ്ട് വിശ്വാസികളുടെ സമൂഹം

കടലിനെ കരപോലെയാക്കി. കത്തുന്ന പന്തങ്ങളുമായി ബോസ്ഫറസിന്റെ വായ്ഭാഗത്ത് പ്രൊപോന്തിസിനു നേരേ അവർ നിലയുറപ്പിച്ചു. തിയഡോഷ്യസ് രണ്ടാമൻ ചക്രവർത്തി റാലിയായി തിരുശേഷിപ്പ് കോൺസ്റ്റാന്റിനോപ്പിളിൽ കൊണ്ടുവന്നു. അയാൾ തിയഡോഷ്യസ് ഒന്നാമന്റെ ഭക്തി അഭംഗുരം പാലിച്ചു. അദ്ദേഹം ശവമഞ്ചത്തെ നോക്കിയിട്ട്, അതിന്മേൽ തലവച്ച് തന്റെ മാതാപിതാക്കൾക്കുവേണ്ടി ക്ഷമായാചന ചെയ്തു പ്രാർഥിച്ചു. അവർ അജ്ഞതയാൽ പാപം ചെയ്തതാണെന്ന് വിളിച്ചു പറഞ്ഞു.

ആ ചക്രവർത്തിയുടെ മാതാപിതാക്കൾ വളരെ നേരത്ത തന്നെ മരിച്ചുപോയിരുന്നു. വളരെ ചെറുപ്പത്തിലേ അയാൾ അനാഥനായിരുന്നു. എന്നാൽ അവന്റെ പിതാക്കന്മാരുടെയും മുൻഗാമികളുടെയും ദൈവം അനാഥാവസ്ഥയിൽ ക്ലേശിക്കാൻ അവന് ഇടവരുത്തിയില്ല. ഭക്തിയിൽ വളരുന്നതിന് സൗകര്യമൊരുക്കി, കടന്നാക്രമണത്തിൽ നിന്ന് സാമ്രാജ്യത്തെ സംരക്ഷിച്ചു. മത്സരക്കാരെ നിയന്ത്രിച്ചു. ഈ അനുഗ്രഹങ്ങളെല്ലാം അനുസ്മരിച്ചുകൊണ്ട് സ്തുതിഗീതങ്ങളാൽ തന്റെ ഉപകാരിയെ അവൻ ബഹുമാനിച്ചു. ഈ ദിവ്യാരാധനയിൽ അവന്റെ സഹോദരിമാർ അവനോട് ചേർന്നുനിന്നു. ജീവിതകാലം മുഴുവൻ അവർ കന്യകകളായിരുന്നു. ദിവ്യവചസ്സുകളുടെ പഠനം ഏറ്റവും സന്തോഷമുള്ള കാര്യമായി അവർ കരുതി. ദരിദ്രർക്ക് ശുശ്രൂഷ ചെയ്യുന്നതാണ് യഥാർഥ ധനമെന്ന് അവർ മനസ്സിലാക്കി. ചക്രവർത്തിക്ക് ധാരാളം കൃപകൾ ലഭിച്ചിരുന്നു. അയാൾ ദയാലുവും കുലീനനും ആയിരുന്നു. നിരന്തരം മനശ്ശാന്തത പുലർത്തി. കളങ്കലേശമേശാത്ത വിശ്വാസം നിലനിർത്തി. എതിർക്കാനാകാത്ത ഒരു തെളിവ് ഞാൻ നൽകാം.

പരുക്കനായ ഒരു താപസ്സൻ ഒരപേക്ഷയുമായി കൊട്ടാരത്തിലെത്തി. പലപ്രാവശ്യം അയാൾ ചെന്നെങ്കിലും ചക്രവർത്തയെ കാണാൻ കഴിഞ്ഞില്ല. അവസാനം ചക്രവർത്തിയെ സഭാഭ്രഷ്ടനാക്കി നിരോധനത്തിൻ കീഴിൽ നിർത്തിയിട്ട് അയാൾ സ്ഥലം വിട്ടു. വിശ്വാസിയായ ചക്രവർത്തി കൊട്ടാരത്തിൽ എത്തിയപ്പോൾ, സദ്യയുടെ സമയമായിരുന്നു. അതിഥികൾ വന്നുചേർന്നപ്പോൾ, തന്റെ മേലുള്ള നിരോധനം നീക്കാതെ തനിക്ക് സദ്യയ്ക്ക് ഇരിക്കാനാകില്ലെന്ന് അദ്ദേഹം പറഞ്ഞു. നിരോധനം നൽകിയ ആളോട് അതു നീക്കാൻ കൽപ്പിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് തന്റെ ഏറ്റവും വിശ്വസ്തനായ ദാസനെ മെത്രാന്റെ പക്കലേക്കയച്ചു. എല്ലാവർക്കും നിരോധിക്കാൻ അവകാശമില്ല, അയാളുടെ നിരോധനം കണക്കാക്കേണ്ടതില്ലെന്നു മെത്രാൻ പറഞ്ഞു. എന്നാൽ വളരെ പ്രയാസപ്പെട്ട് അയാളെ കണ്ടെത്തി മുടക്കു തീർക്കുന്നതുവരെ ചക്രവർത്തി വിഷമിച്ചിരുന്നു. ദിവ്യനിയമങ്ങളോട് ചക്രവർത്തി അത്രമാത്രം വിധേയത്വമുള്ളവനായിരുന്നു.

വിഗ്രഹാരാധനയുടെ അവശേഷിക്കുന്ന വിഗ്രഹാലയങ്ങളെല്ലാം പാടേ തകർക്കാൻ ചക്രവർത്തി കൽപ്പിച്ചു. നമ്മുടെ പിൻതലമുറ തെറ്റിന്റെ അടയാളക്കാഴ്ചയിൽ നിന്നുപോലും രക്ഷപെടുന്നതിന് ആയിരുന്നത്. ഈ വിഷയം സംബന്ധിച്ച് അദ്ദേഹം പുറപ്പെടുവിച്ച കൽപ്പനയുടെ ലക്ഷ്യം

ഇതായിരുന്നു. വിതച്ച ഈ നല്ല വിത്തിൽ നിന്ന് അദ്ദേഹം ധാരാളം സദ്ഫലങ്ങൾ കൊയ്തെടുത്തു. അദ്ദേഹത്തിന് എല്ലായിടത്തും കർതൃ സഹായം ഉണ്ടായിരുന്നു.

ഷിത്യരുടെ രാജാവായ രൊയ്ലാസ് ഒരുവലിയ സൈന്യവുമായി ഡാന്യൂബ് കടന്ന് ത്രേസ് ചവിട്ടിമെതിച്ച് കൊള്ളയടിച്ചു. ഇമ്പീരിയൽ നഗരം ഉപരോധിക്കുകയും പിടിച്ചെടുത്ത് തകർക്കുകയും ചെയ്യുമെന്ന് ഭീഷണിപ്പെടുത്തി. ദൈവം ഉന്നതത്തിൽ നിന്ന് ഇടിമിന്നലും കൊടുങ്കാറ്റുമയച്ച് ആ ആക്രമണകാരിയെ കത്തിക്കുകയും സൈന്യത്തെ മുഴുവൻ നശിപ്പിക്കുകയും ചെയ്തു. പേർഷ്യൻ യുദ്ധത്തിലും തത്തുല്യമായ ദൈവികപരിപാലന ഉണ്ടായി.

റോമാക്കാർ മറ്റിടങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു എന്നറിഞ്ഞ പേർഷ്യൻ സൈന്യം സമാധാന സന്ധി ലംഘിച്ചു കൊണ്ട് റോമൻപ്രദേശം ലക്ഷ്യമാക്കി നീങ്ങി. അവിടെ റോമാക്കാർക്ക് സഹായത്തിന് ആരുമില്ലായിരുന്നു. സമാധാന സന്ധിയുടെ വെളിച്ചത്തിൽ ചക്രവർത്തി ജനറൽമാരെയും സൈന്യത്തെയും മറ്റിടങ്ങളിലേക്ക് അയച്ചിരുന്നു. വളരെ ശക്തിമത്തായ കാറ്റും മഴയും നിമിത്തം പേർഷ്യൻ മുന്നേറ്റം തടസ്സപ്പെട്ടു. മുന്നോട്ടു പോകാൻ അവരുടെ കുതിരകൾ വിസമ്മതിച്ചു. അവർക്ക് ഒട്ടും മുന്നേറാനായില്ല. ഇതിനിടെ റോമൻ ജനറൽമാരെത്തി സൈന്യത്തെ സജ്ജമാക്കി.

മുമ്പുള്ള യുദ്ധങ്ങളിലും ഒഷ്റേനിലെ തിയഡോഷ്യോപ്പൊളീസ് പേർഷ്യാക്കാർ ഉപരോധിച്ചപ്പോഴും ദൈവപരിപാലനയാൽ ശത്രുക്കൾ നിന്ദ്യരായിത്തീർന്നു. തന്റെ സർവസൈന്യത്തോടുകൂടെ വറാഹ്രൻ 30 ദിവസം ആ നഗരം ഉപരോധിച്ചു. നിരവധി യുദ്ധോപകരണങ്ങൾ കൊണ്ടുവന്നു. കോട്ടയ്ക്കുചുറ്റും മൺകൂനകൾ ഉയർത്തി. എന്നാൽ എവുണോമിയുസ് എന്ന ഒറ്റമെത്രാൻ നിമിത്തം അവർക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ശത്രുവിനെതിരെ പോരാടാൻ റോമൻ സൈന്യം മടിച്ചു. എന്നാൽ മെത്രാൻ തനിച്ച് നഗരം സംരക്ഷിച്ചു. കാട്ടുവർഗക്കാരനായ ഒരു നേതാവ് തനിക്ക് പതിവുള്ള ദൈവദൂഷണം നടത്തി. റബ്ഷാക്കെയുടെയും സെന്നാക്കെറീബിന്റെയും വാക്കുകൾ പോലെ, ദൈവാലയം കത്തിച്ചാമ്പലാക്കുമെന്ന് അവൻ തന്റെ വിഭ്രാന്തിയിൽ ഭീഷണിപ്പെടുത്തി. അവന്റെ ദുർഭാഷണം വിശുദ്ധ മെത്രാനു പിടിച്ചില്ല. മാർതോമായുടെ പേരിലുള്ള ഒരു *ബാലിസ്താ* കൊണ്ടുവരാൻ നിർദേശിച്ചു. ഒരു വലിയ കല്ല് അതിനടുത്തു വച്ചു. ദൈവനാമത്തിൽ ആ വലിയ കല്ലുരുട്ടി താഴേക്കിട്ടു. അത് ആ ദുഷ്ടനേതാവിന്റെ തല തകർത്തു. സംഭവം കണ്ട സൈന്യാധിപൻ പരാജയം സമ്മതിച്ച് പിൻവാങ്ങുകയും സമാധാനം പുനഃസ്ഥാപിക്കുകയും ചെയ്തു. ഇപ്രകാരം സാർവത്രിക ഭരണാധികാരി വിശ്വാസിയായ ചക്രവർത്തിയെ സംരക്ഷിച്ചു. താൻ ആരുടെ ദാസനാണെന്ന് ചക്രവർത്തിക്ക് വ്യക്തമായി അറിയുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. ദൈവത്തിന് ഉചിതമായ സേവനം ചെയ്യുന്നതിൽ ചക്രവർത്തി അതീവതൽപ്പരനായിരുന്നു.

## അധ്യായം 37

# പ്രധാന നഗരങ്ങളിലെ മെത്രാന്മാർ

ലോകത്തിന്റെ മഹാപ്രകാശമായ ജോണിന്റെ തിരുശേഷിപ്പ് തിയഡോഷ്യസ് ചക്രവർത്തി നഗരത്തിൽ എത്തിച്ചു. ജോണിനെ നഷ്ടപ്പെട്ടതിൽ നഗരം ദുഃഖപൂരിതമായിരുന്നു.

റോമിൽ ശ്രേഷ്ഠനായ ഇന്നസെന്റിന്റെ പിൻഗാമികളായി ബോനിഫസും സോസിമൂസും സെലെസ്റ്റിനും മെത്രാന്മാരായി. ജറുസലേമിൽ യോഹന്നാനു ശേഷം പ്രൈയ്‌ലിയുസ് മെത്രാനായി. അന്ത്യോക്യയിൽ അലക്സാണ്ഡറിനു ശേഷം ശുദ്ധമുത്തായ തിയഡോട്ടസ് മെത്രാനായി. അദ്ദേഹം വളരെ വിനയാന്വിതനും കൃത്യമായ ജീവിതക്രമം ഉള്ളവനും ആയിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് അപ്പൊള്ളിനാരിയൻ അനുഭാവികളിൽ അനേകർ സഭയോടുചേർന്ന് പിളർപ്പ് അവസാനിപ്പിച്ചു. എന്നാൽ മറ്റനേകർ തങ്ങളുടെ തെറ്റായ മുൻനിലപാടുകൾ നിലനിർത്തി.

## അധ്യായം 38

# പേർഷ്യയിലെ മതമർദനം

അക്കാലത്ത് പേർഷ്യൻ രാജാവായ യസ്ദഗേർദ് ഒന്നാമൻ(399–420) സഭയ്ക്കെതിരെ പോരാടാൻ തുടങ്ങി. താഴെ പറയുന്നതാണ് അതിന്റെ സാഹചര്യം. സുകൃതസമ്പന്നനായ അബ്ദാസ് മെത്രാൻ അനാവശ്യ തീക്ഷ്ണതയാൽ ഒരു *പീറെവും (*അതായത് അവരുടെ അഗ്നിദേവന്റെ അമ്പലം) നശിപ്പിച്ചു. ഇക്കാര്യം മാഗിയർ രാജാവിനെ അറിയിച്ചു. അത് പുതുക്കി പണിയണമെന്ന് അവർ ആദ്യം മര്യാദഭാഷയിൽ ആവശ്യപ്പെട്ടു. അതു പറ്റില്ലെന്ന് മെത്രാൻ നേരെയങ്ങു പറഞ്ഞു. അപ്പോൾ എല്ലാ പള്ളികളും നശിപ്പിക്കുമെന്ന് രാജാവ് ഭീഷണിപ്പെടുത്തുകയും തുടർന്ന് നടപ്പാക്കുകയും ചെയ്തു. ആദ്യം ആ മെത്രാനെ കൊന്നു. പിന്നെ പള്ളികൾ തകർക്കാൻ ഓർഡറിട്ടു. ആ പീറെവും തകർത്തത് തെറ്റായിപ്പോയി, അനാവശ്യവുമായിരുന്നു. കാരണം, ദിവ്യശ്ലീഹാ ആഥൻസിൽ ചെന്നപ്പോൾ, നഗരം മുഴുവൻ വിഗ്രഹങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നതു കണ്ടെങ്കിലും അവരുടെ അജ്ഞതയെ തന്റെ വാദത്താൽ കുറ്റപ്പെടുത്തി സത്യം തുറന്നു കാട്ടിയതല്ലാതെ അവർ ബഹുമാനിച്ചിരുന്ന അവരുടെ ബലിപീഠം തകർത്തില്ല. എന്നാൽ തകർന്ന അമ്പലം പുതുക്കി പണിയാതിരുന്നതും പകരം മരണം തെരഞ്ഞെടുത്തതും ഞാൻ ബഹുമാനിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നു. അത് രക്തസാക്ഷിമകുടത്തിന് യോഗ്യമായ കർമമായി ഞാൻ കരുതുന്നു. കാരണം, അഗ്നിക്കുവേണ്ടി അമ്പലം തീർക്കുന്നത്, അഗ്നിയെ ആരാധിക്കുന്നതിനു തുല്യമാണ്.

ആരംഭം മുതൽ ഒരു കൊടുങ്കാറ്റ് ഉയർന്നിരുന്നു. സത്യവിശ്വാസ സന്തതികൾക്കെതിരെ അതിന്റെ ക്രൂരവും ഭയാനകവുമായ തിരമാലകൾ ആഞ്ഞടിച്ചു. ഉഗ്രമായ കാറ്റിനാൽ കടലിൽ തിരമാലകൾ തുടർച്ചയായി അടിച്ചുകൊണ്ടിരിക്കുന്നതു പോലെ, മുപ്പതു വർഷം കഴിഞ്ഞിട്ടും മാഗ്യർ മതപീഡനം സജീവമായി നിലനിർത്തി. സൂര്യനേയും ചന്ദ്രനേയും ആരാധിക്കുന്നവർക്ക് പേർഷ്യാക്കാർ കൊടുത്ത പേരാണ് മാഗ്യർ. ഞാൻ മറ്റൊരു കൃതിയിൽ അവരുടെ പൊട്ടക്കഥാസിസ്റ്റം തുറന്നു കാട്ടുകയും അവയെ ഖണ്ഡിക്കുകയും ചെയ്തിട്ടുണ്ട്.

യസ്ദഗേർദ് മരിച്ചപ്പോൾ അയാളുടെ മകൻ വഹ്രാം രാജാവാകുകയും വിശ്വാസത്തിനെതിരെയുള്ള പോരാട്ടം തുടരുകയും ചെയ്തു. അയാൾ മരിച്ചപ്പോൾ യസ്ദഗേർദ് രണ്ടാമൻ(440-457) രാജാവായി. ഇക്കാലത്ത് വിശുദ്ധരുടെ മേൽ നടത്തിയ പീഡനങ്ങളും ക്രൂരതകളും വിവരണാതീത മാണ്. ചിലരുടെ കൈകളും മറ്റു ചിലരുടെ പുറവും അടിച്ചുപൊട്ടിച്ചു. വേറേ ചിലരുടെ തലയോട്ടിയിലെ തൊലി വലിച്ചുരിഞ്ഞു. കീറിയ ഈറയുടെ ഉൾവശം ദേഹത്തോടു ചേർത്ത് തലമുതൽ പാദം പരെ വരിഞ്ഞു കെട്ടിയിട്ട്. ഈറ ബലമായി വലിച്ചൂരിയിരുന്നു. തൊലിയും മാംസവും ഉരിഞ്ഞ് കഠിനവേദന അനഭവിപ്പിക്കുമായിരുന്നു. ചിലരെ ദേഹത്ത് കൊഴുപ്പു പുരട്ടി കാലും കൈയും കെട്ടി ഒന്നും ചെയ്യാനാകാതെ കുഴിക്കകത്തിറക്കി, വിശന്നു വലഞ്ഞ എലികളെക്കൊണ്ട് തീറ്റിക്കുമായിരുന്നു. അത് നീണ്ടുനിൽക്കുന്ന ഭയങ്കരവേദന ഉളവാക്കിയിരുന്നു. മറ്റുചിലർ ഇതിലും കഠിനമായ പീഡനമേറ്റു. സത്യവിരുദ്ധരും മനുഷ്യകുലശത്രുക്കളും കണ്ടുപിടിച്ച കൊടിയ ക്രൂരതകളായിരുന്നു അവയെല്ലാം. എന്നാൽ ധീരരക്തസാക്ഷികൾ ഇവയെല്ലാം സഹിച്ചു. നാശരഹിത ജീവിതത്തിൽ എത്തിക്കുന്ന ആ മരണം ലഭിക്കാനുള്ള താൽപ്പര്യത്താൽ അവർ ഓടിക്കൂടി.

മറ്റുള്ളവരുടെ ധൈര്യത്തിന് ദൃഷ്ടാന്തമായി ഒന്നുരണ്ടെണ്ണം ഉദ്ധരിക്കാം. പേർഷ്യാക്കാരുടെ ഇടയിൽ ഉന്നതകുലജാതനായി ഹൊർമിസ് ദാസ് എന്നൊരാൾ ഉണ്ടായിരുന്നു. ആർക്കെമെനിഡ് വംശത്തിൽ പെട്ടവനാ യിരുന്നു അയാൾ. അയാളുടെ പിതാവ് ഒരു പ്രീഫെക്ട് ആയിരുന്നു. അദ്ദേഹം ക്രിസ്ത്യാനിയാണെന്ന് അറിഞ്ഞപ്പോൾ രാജാവ് അയാളെ വിളിപ്പിച്ച്, രക്ഷകനായ ദൈവത്തെ തള്ളിപ്പറയാൻ കൽപ്പിച്ചു. രാജകൽപ്പന ശരിയും ബുദ്ധിപൂർവകവുമല്ലെന്ന്അയാൾ മറുപടി പറഞ്ഞു. "എല്ലാറ്റി ന്റെയും ദൈവത്തെ നിന്ദിച്ച് തള്ളിപ്പറയാൻ പ്രയാസമില്ലെന്ന് പഠിപ്പിക്കുന്ന വന് മർത്യനായ രാജാവിനെ വളരെ എളുപ്പത്തിൽ നിന്ദിക്കാൻ കഴിയും. അങ്ങയുടെ അധികാരത്തെ തള്ളിപ്പറയുന്നവൻ കഠിനശിക്ഷയ്ക്ക് അർഹനാണെങ്കിൽ, ലോകസ്രഷ്ടാവിനെ തള്ളിപ്പറയുന്നവനുള്ള ശിക്ഷ എത്ര കഠിനതരമായിരിക്കും!" അയാൾ പറഞ്ഞതിലെ വിജ്ഞാനം രാജാവ് അംഗീകരിക്കേണ്ടതായിരുന്നു. അതിനുപകരം അയാൾ ആ ധീരനായ പോരാളിയുടെ സ്വത്തും സ്ഥാനവും അപഹരിക്കുകയും അരയിലെ വസ്ത്രം മാത്രം ധരിച്ച് സൈന്യത്തിലെ ഒട്ടകത്തെ ഓടിക്കുന്ന ജോലിക്ക് അയക്കുകയും ചെയ്തു.

കുറേ ദിവസങ്ങൾക്കുശേഷം രാജാവ് തന്റെ മുറിയിൽ നിന്നു

നോക്കിയപ്പോൾ, സൂര്യപ്രകാശത്താൽ കരുവാളിച്ച്, ദേഹമാസകലം പൊടിപിടിച്ച് ആ ശ്രേഷ്ഠവ്യക്തിയെ കാണാനിടയായി. അയാളുടെ പിതാവിന്റെ ഉന്നതസ്ഥാനത്തെപ്പറ്റി രാജാവ് ഓർക്കുകയും ഒരു നല്ല ലിനൻവസ്ത്രം ധരിക്കാൻ അനുവദിക്കുകയും ചെയ്തു. അയാളുടെ കഷ്ടപ്പാടുകളെപ്പറ്റി ചിന്തിച്ചും അയാളോടുള്ള അനുകമ്പ എന്നവിധവും ഇപ്രകാരം പറഞ്ഞു: "ഇപ്പോൾ നിന്റെ എതിർപ്പ് അവസാനിപ്പിച്ച് ആശാരിയുടെ മകനെ തള്ളിപ്പറയുക."തീക്ഷ്ണതയാൽ നിറഞ്ഞ ഹൊർമിസ്ദാസ് ലിനൻ വസ്ത്രം വലിച്ചുകീറി എറിഞ്ഞുകൊണ്ട് പറഞ്ഞു:"ഇതുനിമിത്തം സത്യവിശ്വാസം ഉപേക്ഷിക്കുമെന്ന് നീ കരുതുന്നെങ്കിൽ, നിന്റെ തെറ്റായ വിശ്വാസത്തിനായി ഇത് വച്ചുകൊള്ളുക.''അയാളുടെ ധൈര്യകണ്ട് രാജാവ് അയാളെ നഗ്നനാക്കി കൊട്ടാരത്തിൽ നിന്ന് ഓടിച്ചുകളഞ്ഞു.

ഒരായിരം അടിമകൾ ഉണ്ടായിരുന്ന സുവെനെസ് എന്നയാൾ രാജാവിനെ എതിർക്കുകയും തന്റെ നാഥനെ തള്ളിപ്പറയാൻ വിസമ്മതിക്കുകയും ചെയ്തു. അയാളുടെ അടിമകളിൽ ഏറ്റവും നിചനായിട്ടുള്ളവൻ ആരാണെന്ന് രാജാവ് അയാളോട് ചോദിച്ചു. രാജാവ് ആ നീചന് എല്ലാ അടിമകളുടെയും മേലുള്ള ഉടമസ്ഥാവകാശം നൽകുകയും സുവെനെസിനെ അവന്റെ അടിമയാക്കുകയും ചെയ്തു. ഈ സത്യപോരാളിയെ പിന്തിരിപ്പിക്കാമെന്നു കരുതി അയാളുടെ ഭാര്യയെ ഈ ദുഷ്ടനായ അടിമയ്ക്ക് നൽകി. എന്നാൽ രാജാവിന് നിരാശപ്പെടേണ്ടിവന്നു. കാരണം അയാൾ തന്റെ ഭവനം പാറമേലാണ് പണിതിരുന്നത് (മത്താ.7,24).

ബന്യാമിൻ എന്നു പേരുള്ള ഒരു ഡീക്കനെ രാജാവ് പിടിച്ച് ജയിലിൽ അടച്ച. ഏതോ കാര്യത്തിന് രണ്ടു വർഷത്തിനുശേഷം റോമിൽ നിന്നുവന്ന ഒരു സന്ദേശവാഹകൻ ഇതേപ്പറ്റി അറിഞ്ഞപ്പോൾ ഡീക്കനെ സ്വതന്ത്രനാക്കാൻ രാജാവിനോട് അപേക്ഷിച്ചു. മാഗൃരിൽ ആരെയും ക്രിസ്തീയ തത്വങ്ങൾ പഠിപ്പിക്കയില്ലെന്ന് വാഗ്ദാനം ചെയ്യാൻ രാജാവ് ആവശ്യപ്പെട്ടു. അതനുസരിക്കാൻ സന്ദേശവാഹകൻ ആവശ്യപ്പെട്ടു. അപ്പോൾ അയാൾ ഇപ്രകാരം പറഞ്ഞു:"എനിക്കു ലഭിച്ച പ്രകാശം പകർന്നു കൊടുക്കാതിരിക്കാൻ എനിക്കാവില്ല. താലന്ത് കുഴിച്ചിട്ടാൽ എന്തു വലിയ ശിക്ഷയാണ് ലഭിക്കാനിരിക്കുന്നതെന്ന് വിശുദ്ധ സുവിശേഷം പഠിപ്പിക്കുന്നു"(മത്താ. 25,25).

രാജാവ് ഈ നിഷേധമറുപടി അറിയാഞ്ഞതിനാൽ അയാളെ സ്വതന്ത്രനാക്കി. അജ്ഞാനാന്ധകാരത്തിൽ കഴിയുന്നവരെ അറിവിന്റെ പ്രകാശത്തിലേക്ക് കൊണ്ടുവരാൻ ബന്യാമിൻ പതിവനുസരിച്ച് പരിശ്രമിച്ചു. ഒരു വർഷത്തിനുശേഷം രാജാവ് ഇതറിഞ്ഞ് അയാളെ വരുത്തി, അയാൾ ആരാധിക്കുന്നവനെ തള്ളിപ്പറയാൻ ആവശ്യപ്പെട്ടു. അപ്പോൾ അയാൾ രാജാവിനോടു പറഞ്ഞു: "തന്റെ കൂറുവിട്ട് മറ്റൊരാളോട് അടുക്കുന്നവനുള്ള ശിക്ഷ എന്തായിരിക്കും?" പീഡനവും മരണവും എന്ന് രാജാവ് പറഞ്ഞു. അപ്പോൾ ബുദ്ധിമാനായ ഡീക്കൻ പറഞ്ഞു: തന്റെ നാഥനും സ്രഷ്ടാവുമായവനെ ഉപേക്ഷിച്ചിട്ട് തന്റെ സഹദാസനെ ദൈവമാക്കി, കർത്താവിനുള്ള ബഹുമാനം കൊടുക്കുന്നവനോട് എങ്ങനെ പെരുമാറണം?

അപ്പോൾ രാജാവ് രോഷാകുലനായി. ഇരുപത് ഈറക്കഷണങ്ങൾ അയാളുടെ കൈകാലുകളിലെ നഖങ്ങൾക്കിടയിൽ കുത്തിക്കയറ്റി. അത് പിള്ളേരു കളിയായി കണക്കാക്കിയ ബന്യാമിന്റെ ഗുഹ്യഭാഗങ്ങൾ മറ്റൊരീറകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും വലിച്ചുകീറി. ഈ ക്രൂരകൃത്യങ്ങൾ ക്കുശേഷം ആ മൃഗീയൻ ബലവത്തായ ഒരു തൂണിൽ കെട്ടി അയാളെ ശൂലം എറിഞ്ഞ് കൊന്നുകളഞ്ഞു. അങ്ങനെ ഈ ശ്രേഷ്ഠൻ തന്റെ ആത്മാവിനെ വെടിഞ്ഞു.

ഈ അഭക്തർ ഇത്തരം എണ്ണമറ്റ ക്രൂരകൃത്യങ്ങൾ ചെയ്തുകൂട്ടി. എന്നാൽ എല്ലാറ്റിന്റെയും കർത്താവ് ഈ മൃഗീയത്വവും അഭക്തിയും സഹിച്ചതിൽ നാം അത്ഭുതപ്പെടേണ്ടതില്ല.കാരണം, മഹാനായ കോൺസ്റ്റൻ ടൈന്റെ ഭരണത്തിനു മുമ്പ് എല്ലാ റോമൻ ചക്രവർത്തിമാരും സത്യസ്നേഹി കൾക്കെതിരെ തങ്ങളുടെ ക്രോധം ചൊരിഞ്ഞു. ഡയക്ലീഷൻ നമ്മുടെ കർത്താവിന്റെ പീഡാനുഭവദിവസം റോമാസാമ്രാജ്യത്തിൽ ഉടനീളം പള്ളികൾ തകർത്തു. എന്നാൽ ഒൻപതു വർഷം കഴിഞ്ഞപ്പോൾ ക്രിസ്ത്യാനികൾ കൂടുതൽ സുന്ദരമായും വ്യാപകമായും ഉയർന്നുവന്നു. അവനും അവന്റെ ദുഷ്ടതയും നശിച്ചുപോയി.

സഭയുടെ നേർക്കുള്ള പോരാട്ടവും സഭയുടെ വിജയവും കർത്താവ് പ്രവചിച്ചിട്ടുള്ളതാണ്. സമാധാനത്തേക്കാൾ യുദ്ധം നമുക്ക് കൂടുതൽ അനുഗ്രഹം എത്തിക്കുന്നെന്ന് സംഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. സമാധാനം നമ്മെ മൃദുലഭാവം ഉള്ളവരും ഭയചകിതരും സുഖലോലുപരും ആക്കുന്നു. യുദ്ധം നമ്മുടെ ധൈര്യം ഉത്തേജിപ്പിക്കുന്നു. കടന്നുപോകുന്ന ഈ ലോകത്തെ നിന്ദിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. മറ്റു കൃതികളിലും നാം ഈ നിരീക്ഷണങ്ങൾ നടത്തിയിട്ടുള്ളതാണ്.

## അധ്യായം 39

# മൊപ്സുവെസ്ത്യായിലെ തിയഡോർ

ദിവ്യനായ തിയഡോർ അന്ത്യോക്യൻ സഭ ഭരിക്കുമ്പോൾ, മൊപ്സു വെസ്ത്യാ മെത്രാനും സഭ മുഴുവന്റെയും മൽപ്പാനും എല്ലാ പാഷണ്ഡത കൾക്കും എതിരെയുള്ള പോരാളിയുമായ തിയഡോർ മരിച്ചു. അദ്ദേഹം വലിയ ദിയദോറിന്റെ ശിഷ്യനും വിശുദ്ധ ജോണിന്റെ സഹപാഠിയും സഹപ്രവർത്തകനുമായിരുന്നു. ദിയദോറിന്റെ ആധ്യാത്മിക ഉറവയിൽ നിന്ന്അവർ ഇരുവരും വേണ്ടുവോളം പാനം ചെയ്തു. തിയഡോർ മുപ്പത്താറുവർഷം മെത്രാനായിരുന്നു. ആരിയസിനും എവുണോമിയസിനു മെതിരെ പോരാടി. അപ്പൊള്ളിനാരിയുസിന്റെ കൊള്ളസംഘത്തിനെതിരെ ഉത്തമ മേച്ചിൽപ്പുറങ്ങൾ കാട്ടിക്കൊടുത്തു. അദ്ദേഹത്തിന്റെ സഹോദരൻ പോളിക്രോണിയുസ് അപ്പമേയായിലെ ശ്രേഷ്ഠമെത്രാനായിരുന്നു. അദ്ദേഹം വാചാലനും ശ്രേഷ്ഠസ്വഭാവം ഉള്ളവനുമായിരുന്നു.

ഞാൻ എന്റെ ചരിത്രം അവസാനിപ്പിക്കുന്നു. ഇതു വായിക്കാൻ ഇടവരുന്നവർ എനിക്കുവേണ്ടി പ്രാർഥിക്കണമെന്ന് അപേക്ഷിക്കുന്നു. ഇത് 105 വർഷത്തെ ചരിത്രമാണ്. ആരിയൻ വിഭ്രാന്തി മുതൽ തിയഡോറിന്റെയും (+428) തിയഡോട്ടസിന്റെയും (+429) മരണംവരെയുള്ള ചരിത്രമാണിത്.

## അവലോകനം

സിറിയായിൽ സൈറസ്സിലെ മെത്രാനായിരുന്ന മാർ തിയഡൊറേറ്റിന്റെ ഈ ഗ്രന്ഥം ക്രി,വ. 323 മുതൽ 428 വരെയുള്ള 105 വർഷത്തെ പുരാതന സഭാചരിത്രം മനസ്സിലാക്കാൻ സഹായകമാണ്. അദ്ദേഹം തന്റെ സഭാചരിത്രത്തിൽ കൂടുതലും രാഷ്ട്രീയകാര്യങ്ങളിലല്ല, സഭാസംബന്ധമായ സംഗതികളിലാണ് ശ്രദ്ധിക്കുന്നത്. താൻ പറയുന്നവ രേഖകളിലൂടെ തെളിയിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ കൃതി സൊക്രാട്ടസിന്റെയും സൊസോമെന്റെയും ചരിത്രത്തേക്കാൾ മികച്ചതാണ്.

ദൈവപുത്രന്റെ ദൈവത്വം നിഷേധിച്ച പാഷണ്ഡത ആയിരുന്നു ആരിയനിസം. ദൈവശാസ്ത്ര റാഷണലിസമാണ് ആരിയസിനെയും അയാളെ അനുഗമിച്ചവരെയും വഴിതെറ്റിച്ചത്. ആരിയസിനുശേഷം ഈ പാഷണ്ഡതയ്ക്ക് പല അവാന്തരവിഭാഗങ്ങൾ ഉണ്ടായി. പിതാവും പുത്രനും ഒരേ സത്തയാണ് എന്ന ആശയം ഉൾക്കൊള്ളുന്ന *ഹോമോഉസിയോസ് (സമസത്ത)* എന്ന് നിഖ്യാവിശ്വാസപ്രമാണത്തിൽ ഉൾപ്പെടുത്തിയത് ആരിയൻ പക്ഷപാതികൾ അംഗീകരിച്ചില്ല. നിഖ്യായുടെ പദപ്രയോഗം കൂടാതെ ഒന്നിനുപിറകെ ഒന്നായി നിരവധി വിശ്വാസഫോർമുലകൾ തങ്ങളുടെ യോഗങ്ങളിൽ അവർ എഴുതിയുണ്ടാക്കി. എന്നാൽ അവയൊന്നും കത്തോലിക്കാസഭയിൽ സ്വീകാര്യമായില്ല.

"പിതാവിനും പുത്രനും *തുല്യസത്ത*യാണ്" എന്ന് ഒരു കൂട്ടരും പിതാവും പുത്രനും തമ്മിൽ സാമ്യവും വ്യത്യാസവുമുണ്ടെന്ന് *ഹൊമൊയ്ഉസിയരും,* വിശുദ്ധ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നതുപോലെ പുത്രന് പിതാവുമായി സാമ്യമുണ്ടെന്ന് *ഹൊമൊയരും,* സത്താപരമായി സമത്വമില്ലെന്ന് കടുത്ത ആരിയൻ പക്ഷക്കാരായ *അനോമയരും* പഠിപ്പിച്ചു. ഈ വികല നേതാക്കന്മാർ സാമാന്യജനത്തെ വഴിതെറ്റിച്ച് സഭാഗാത്രത്തിൽ വിള്ളലുണ്ടാക്കി.

അപൂർവമായിട്ടെങ്കിലും തത്വദീക്ഷയില്ലാത്തവരും കലഹപ്രിയരും മൂല്യബോധമില്ലാത്തവരും ചക്രവർത്തിമാരുടെ പക്ഷം ചേർന്ന് എതിരാളികളെ അടിച്ചിരുത്തുന്നവരുമായ ആളുകൾ സഭാനേതൃത്വത്തിൽ കടന്നുകയറി, സത്യവിശ്വാസികളായ മെത്രാന്മാർക്കെതിരെ കാട്ടിക്കൂട്ടിയ അരുതായ്കകൾ ഈ സഭാചരിത്രത്തിലും കാണാം. സത്യവിശ്വാസത്തിനു വേണ്ടി നിലകൊണ്ട പിതാക്കന്മാർക്കെല്ലാം ഉണ്ടായ ക്ലേശങ്ങൾ ദിവ്യനായ തിയഡൊറേറ്റും തന്റെ ജീവിതകാലത്തും മരണശേഷവും അനുഭവിച്ചു.

കോൺസ്റ്റൻടൈന്റെ കാലത്താണല്ലോ നിഖ്യാവിശ്വാസപ്രമാണം

രൂപീകൃതമായത്. എന്നാൽ അദ്ദേഹത്തിന്റെ മകനായ കോൺസ്റ്റാൻസ്യൂസ് ആരിയൻ പക്ഷപാതികളുടെ സ്വാധീനത്തിൽ വന്ന് നിഖ്യാവിശ്വാസ പ്രമാണത്തിൽ മായം ചേർക്കാൻ പരിശ്രമിച്ചു. നിഖ്യാവിശ്വാസികളായ മെത്രാന്മാരെ രൂപതകളിൽ നിന്നിറക്കി വിട്ട് പള്ളികൾ പിടിച്ചെടുത്ത് ആരിയൻ അനുഭാവികൾക്ക് നൽകി.

ജൂലിയൻ ചക്രവർത്തി ക്രിസ്ത്യാനി ആയിരുന്നെങ്കിലും, വിശ്വാസം ഉപേക്ഷിച്ച് വിഗ്രഹാരാധകനായി. കോൺസ്റ്റൻടൈൻ നിർത്തലാക്കിയ വിഗ്രഹാരാധന അയാൾ പുനഃസ്ഥാപിച്ചു. വിഗ്രഹാലയങ്ങൾ തുറന്നു. ഇക്കാലത്ത് ക്രിസ്ത്യാനികൾക്ക് ബഹുവിധ പീഡനങ്ങൾ സഹിക്കേണ്ടി വന്നു. വിഗ്രഹാരാധകർ ഇക്കാലത്ത് സടകുടഞ്ഞെഴുന്നേറ്റു.

പൗരസ്ത്യറോമാസാമ്രാജ്യം ഭരിച്ച വാലൻസും ആരിയനിസത്തെ പിൻതുണയ്ക്കുകയും നിഖ്യാവിശ്വാസികളെ പീഡിപ്പിക്കുകയും ചെയ്തു. കഠിനമായ മതമർദനങ്ങളും പള്ളി പിടിച്ചെടുക്കലുകളും നാടുകടത്തലുകളും ഇക്കാലത്ത് നടന്നു. വലിയ സഭാപിതാക്കന്മാരെയൊക്കെ അവരുടെ രൂപതകളിൽ നിന്ന് നാടുകടത്തി.

സഭയെ പീഡിപ്പിച്ചവർക്കെല്ലാം ദാരുണാന്ത്യമുണ്ടായി. തന്റെ പിതാവിന്റെ സത്യവിശ്വാസം പാലിക്കാതെ ആരിയൻ പക്ഷത്തേക്ക് ചാഞ്ഞതിനാൽ തനിക്ക് ദുരന്തം സംഭവിച്ചെന്ന് മരണസമയത്ത് കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി കരഞ്ഞു നിലവിളിച്ചു. വിശ്വാസധ്വംസകനായ ജൂലിയൻ പേർഷ്യൻ മണ്ണിൽവച്ച് ദാരുണമായി മരിച്ചു.വി.ബാബിലാസിന്റെ തിരുശേഷിപ്പ് അന്ത്യോക്യയ്ക്ക് സമീപത്തുള്ള ഡഫ്നെയിൽനിന്ന് അയാൾ നീക്കിയപ്പോൾ അവിടുത്തെ പേഗൻ അമ്പലം ഉന്നതത്തിൽ നിന്നുള്ള അഗ്നിയാൽ കത്തിച്ചാമ്പലായി. അന്ത്യോക്യയിലെ ദൈവാലയങ്ങളിലെ തിരുപ്പാത്രങ്ങൾ കവർന്നെടുത്ത് അവയുടെമേൽ മ്ലേച്ഛത പ്രവർത്തിച്ചവർ ദാരുണാന്ത്യത്തിന് വിധേയരായി. ആരിയൻപക്ഷത്തേക്കു ചാഞ്ഞ വാലൻസ് വെന്തുമരിക്കേണ്ടി വന്നു.

അവസാനം നിഖ്യാപ്രബോധനം തന്നെ സ്ഥിരീകരിക്കപ്പെട്ടു. മനുഷ്യനായ യേശുവിനെ സഭ ദൈവമാക്കുകയല്ല ചെയ്തത്. ദൈവവും മനുഷ്യനുമായ യേശുക്രിസ്തുവിനെ യഥാർഥമായി വരച്ചുകാട്ടിയ ശ്ലീഹന്മാരുടെ കാലടികൾ പിന്തുടരുക മാത്രമാണ് സഭ ചെയ്തത്. അതിനെതിരെ നിരന്തരമായി കടന്നാക്രമണം ഉണ്ടായി. എന്നാൽ ദൈവപരിപാലന സഭയുടെ സംരക്ഷണമായിരുന്നു. കത്തോലിക്കാ സഭ മായം ചേർക്കാതെ സത്യവിശ്വാസം സംരക്ഷിച്ചു.


ഈ കൃതി ആദ്യമായാണ് മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.താഴെ പറയുന്ന ഗ്രന്ഥമാണ് വിവർത്തനത്തിന് ഉപയോഗിച്ചിട്ടുള്ളത്:

**The Ecclesiastical History of Theodoret** : *A Select Library of Nicene and Post -Nicene Fathers of the Christian Church*,Second Series,Grand Rapids-Michigan,1975, vol. viii, p.33-159.

# OIRSI RECENT PUBLICATIONS

440. V. Palathingal, ed., *Temporal Goods of the Church*, 2018.
441. സേവ്യർ കൂടപ്പുഴ, *ഭാരതസഭാചരിത്രം*,(അഞ്ചാംപതിപ്പ്), കോട്ടയം, 2018.
442. James Puliurumpil, *Jurisdiction of the Syro-Malabar Church*: *A Historical Perspective*, Kottayam 2018.
443. സ്കറിയ കന്യാകോണിൽ, *സ്വവർഗ ലൈംഗികത*: *ക്രൈസ്തവ ധാർമ്മിക ദർശനം*, കോട്ടയം 2018.
444. James Puliurumpil, *Theology of Acts of Thomas*: *A Textual Analysis*, Kottayam 2018.
445. മാർ ജോർജ് പുന്നക്കോട്ടിൽ, *വി. പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനം*, കോട്ടയം 2019.
446. Anto Cheranthuruthy, ed., *Quest for Truth: A Spectrum of Certitude*, Kottayam 2019.
447. Joseph Kaduppil, (ed.), *Clerical Formation: Challenges in a Changing World*, Kottayam 2019.
448. James Puliurumpil, *Glimpses of Syro-Malabar History*, 2019.
449. Mar Jose Pulickal, *Pilgrim Perspectives of Eastern Ecclesiology*, Kottayam 2019.
450. ജി. ചേടിയത്ത്, *സൊസോമെൻ – സഭാചരിത്രം*, കോട്ടയം 2019.
451. Lonappan Arangassery, *Introduction to Patrology*, Ujjain 2019.
452. സ്കറിയ കന്യാകോണിൽ – റോസിലിൻ MTS (ed.) , *സ്ത്രീ മഹത്ത്വം സുറിയാനി പാരമ്പര്യത്തിൽ,* കോട്ടയം, 2019.
453. ജി. ചേടിയത്ത്, ed. , *സൈറസിലെ തിയഡൊറേറ്റ് : സഭാചരിത്രം,* 2020.

 www.malankaralibrary.com



# സൈറസിലെ തിയഡോറെറ്റ്
## സഭാചരിത്രം

[illegible]

OIRSI
PUBLICATIONS
Vadavathoor
P.B. No. 10,
Kottayam